

# ചാവറ:

# പ്രതിഭയും പ്രഭയും

# ചാവറ

# പ്രതിഭയും പ്രഭയും

പ്രസാധനം

സി.എം.ഐ. — സി.എം.സി. പ്രവർത്തക സമിതി

1996

## പ്രസാധകസമിതി

ഫാ. ജോസഫ് ആവുരെവുസ്, സി.എം.ഐ.

ഫാ. ഡൊമീഷ്യൻ മാണിക്കത്താൻ, സി.എം.ഐ.

ഫാ. ചെറിയാൻ കുനിയന്തോടത്ത്, സി.എം.ഐ.

സി. സ്റ്റെല്ല മരിയ, സി.എം.സി,

സി. റീജ ജോസ്, സി.എം.സി.

# മുഖപ്രസാദം

വാഴ്ത്തപ്പെട്ട ചാവറയച്ചനെ അടുത്തറിയുവാൻ ആ പാവന ചരിതന്റെ കൃതികളും കത്തുകളും എത്രമാത്രം സഹായകമാണെന്നു പറയേണ്ടതില്ലല്ലോ. സി.എം.ഐ. , സി.എം.സി. സഭാംഗങ്ങൾ തങ്ങളുടെ സ്ഥാപകന്റെ ബഹുമുഖപ്രതിഭയെപ്പറ്റി നടത്തിയ പഠനങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. 1991-ലെ സമ്മേളനത്തിൽ ചാവറപ്പിതാവിന്റെ ആദ്ധ്യാത്മിക ദർശനത്തിനു പ്രാമുഖ്യം നൽകി. 1992-ൽ നടന്ന സമ്മേളനമാകട്ടെ, ചാവറ കൃതികൾക്കാണ് ഊന്നൽ നൽകിയത്. ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന സമാഹാരത്തിൽ ആത്മാനുതാപം, മരണവീട്ടിൽ പാടാനുള്ള പാന, അനസ്താസ്യായുടെ രക്തസാക്ഷ്യം എന്നീ രചനകളുടെ പഠനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രബന്ധങ്ങൾ സമാഹരിച്ച്, ആവർത്തനങ്ങൾ ഒഴിവാക്കി, എഡിറ്റു ചെയ്ത പ്രസിദ്ധപ്പെടുത്തുമ്പോൾ പ്രബന്ധങ്ങളുടെ ഉള്ളടക്കത്തിന്റെ ഉത്തരവാദിത്വം പ്രബന്ധകർത്താക്കൾക്കു തന്നെയാണെന്നു സൂചിപ്പിക്കുകയാണ്.

— പ്രസാധകസമിതി

# ഇതളുകളിൽ


| അദ്ധ്യായം | | പേജ് |
|---|---|---|
| 1 | ആത്മാനുതാപം – കാവ്യപരിചയം<br>— ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ സി. എം. ഐ. | ... 1 |
| 2 | ആത്മാനുതാപം – തിരിയലിന്റെയും ഒന്നായിത്തിരലിന്റെയും കഥ<br>— സി. ഹാരിയറ്റ് സി. എം. സി. | ... 7 |
| 3 | ആത്മാനുതാപവും മരിയഅഗദായുടെ ദൈവത്തിന്റെ നഗരവും<br>— ഫാ. ജി. അരഞ്ഞാണിയിൽ സി. എം. ഐ. | ... 29 |
| 4 | ആത്മാനുതാപത്തിലെ ക്രിസ്തുനുഭവം<br>— സി. സോഫി റോസ് സി. എം. സി. | ... 51 |
| 5 | മാതൃദർശനം ആത്മാനുതാപത്തിൽ<br>— സി. ലിസ്യു തെരേസ് സി. എം. സി. | ... 66 |
| 6 | ചാവറയച്ചന്റെ വിശുദർശനം ആത്മാനുതാപത്തിൽ<br>— ഫാ. ജോസഫ് കാഞ്ഞിരമറ്റം സി. എം. ഐ. | ... 84 |
| 7 | സ്വർഗ്ഗീയ സീമകളെ പുൽകിയ കവി വിശുദ്ധൻ<br>— സി. ടോംസ് മരിയ സി. എം. സി. | ... 90 |

| അദ്ധ്യായം | | പേജ് |
|---|---|---|
| 8 | നാളാഗമങ്ങളിൽ ചാവറയെന്ന മനുഷ്യൻ ... — സി. സാലി സി. എം. സി. | 111 |
| 9 | ചാവറക്കത്തുകളിലെ ആദ്ധ്യാത്മിക ദർശനം ... — ഫാ. കുരിയാക്കോസ് ഏലിയാസ് സി. എം. ഐ. | 120 |
| 10 | ചാവറക്കത്തുകളിലെ മനുഷ്യഭാവങ്ങൾ ... — സി. ശാന്തി സി. എം. സി. | 152 |
| 11 | ചാവറക്കത്തുകളിലെ സന്യാസ ദർശനം ... — സി. ലിസ്യു തെരേസ് സി. എം. സി. | 173 |
| 12 | സഭാദർശനം ചാവറക്കത്തുകളിൽ ... — ഫാ. ജോൺ വടക്കേൽ സി. എം. ഐ. | 188 |
| 13 | മരണവീട്ടിൽ പാടാനുള്ള പാന ... — ഫാ. ഗബ്രിയേൽ സി. എം. ഐ. | 203 |
| 14 | അനസ്താസ്യായുടെ രക്തസാക്ഷ്യത്തിലെ ദൈവശാസ്ത്രലോകം ... — ഫാ. പോൾ കല്ലുവീട്ടിൽ സി. എം. ഐ. | 213 |

അദ്ധ്യായം 1

# ആത്മാനുതാപം – കാവ്യപരിചയം

ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ, സി.എം.ഐ.

ഭാരതീയ സാഹിത്യാചാര്യന്മാർ കവിതയെ നിർവചിക്കുന്നത് താഴെക്കാണും വിധമാണ്; രസാത്മകമായ വാക്യം കാവ്യമാണ്. രമണീയമായ അർത്ഥത്തെ പ്രതിപാദിക്കുന്ന ശബ്ദമാണ കാവ്യം. രസാത്മകവും രമണീയവുമായ പദസഞ്ചയത്തെ കൃതികളെയാണവർ കവിതകളായി കണ്ടിരുന്നത്. മേൽപറഞ്ഞ വയുണ്ടെങ്കിലേ ഗദ്യപദ്യവിവേചനം കൂടാതെ എല്ലാം കാവ്യമായിത്തന്നെ അവർ കരുതിയിരുന്നു. കേവലമായ വസ്തുകഥനം കവിതയല്ല. ധ്വനിയാണ് കവിതയുടെ ആത്മാവ് എന്നും അവർ വിശ്വസിച്ചിരുന്നു.

ഒരു കൃതിമുഴുവൻ പദ്യത്തിലായതുകൊണ്ട് അതു കാവ്യമാവുന്നില്ല. അഷ്ടാംഗഹൃദയം, മനുസ്മൃതി തുടങ്ങിയ പദ്യകൃതികളും കാവ്യങ്ങളല്ല, ശാസ്ത്രമോ ധർമ്മസംഹിതയോ ഒക്കെയാണ്. കാവ്യത്തിന്, സാഹിത്യത്തിന് മൂന്നു ലക്ഷ്യങ്ങളുണ്ടെന്നും പൂർവികർ വിശ്വസിച്ചിരുന്നു. പ്രബോധനം, പ്രചോദനം, പ്രസാദനം. ഇവയിൽ മൂന്നാമത്തേതായ പ്രസാദിപ്പിക്കലാണ് – രസദായകത്വത്തിന് – മുൻതൂക്കമുണ്ടാകണമെന്നും സാഹിത്യ നിരൂപകർ സിദ്ധാന്തിച്ചിരുന്നു.

'ആത്മാനുതാപ'ത്തെ വിലയിരുത്തുമ്പോൾ മേൽ കാണിച്ച സാഹിത്യചിന്തകൾക്ക് പ്രസക്തിയുണ്ട്. പക്ഷേ, ഇവിടെ ഒരു ചോദ്യമുദിക്കുന്നു. ചാവറയച്ചൻ 'ആത്മാനുതാപം' രചിച്ചത് ഒരു സാഹിത്യകൃതിയെന്ന നിലയിലാണോ? അതോ തന്റെ മനസ്സിൽ തിങ്ങി നിറഞ്ഞിരുന്ന ആദ്ധ്യാത്മികാനുഭവങ്ങൾക്ക് ലിഖിതരൂപം നല്കുക മാത്രമായിരുന്നോ? മരണത്തിന് ഒരു വർഷം മുമ്പാണ് (1870) 'ആത്മാനുതാപത്തിന്റെ' രചന പൂർത്തിയായ

തെന്നാണ കരുതപ്പെടുന്നത്. ശ്രവണ, മനന, തപസ്യകളിലൂടെ തന്റെ ഉള്ളിന്റെയുള്ളിൽ ഉറവപൊട്ടിയ വികാരങ്ങൾക്ക് ആവിഷ്കാരം തേടുകയായിരുന്ന ചാവറയച്ചൻ 'ആത്മനുതാപ'ത്തിലൂടെ എന്ന കരുതുകയാവും കൂടുതൽ യുക്തിസഹം.

മിസ്റ്റിക്കുകൾ രണ്ടുതരത്തിൽ പ്രതികരിക്കാറുണ്ടെന്നു പറയപ്പെടുന്നു. ചിലർ മൗനികളാവും; വേറെചിലർ വാചാലരാവും. 'ആത്മാനുതാപ'ത്തിൽ ചാവറയച്ചൻ ഈ രണ്ടാമത്തെ തരത്തിൽ പ്രതികരിക്കുന്നു എന്നു കരുതാം. തന്റെ ജനനം, ബാല്യം, ദൈവവിളി, ജീവിതാനുഭവങ്ങൾ, സന്യാസസഭ, ലോകോപകാരകൃത്യങ്ങൾ തുടങ്ങിയവയെല്ലാം തനതായ ദർശനത്തിലൂടെ അനുസ്മരിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ചാവറയച്ചൻ എപ്പോഴും നന്ദിനിറഞ്ഞ ഹൃദയത്തിന്റെ ഉടമയാണ്. എല്ലാം ദൈവകൃപയാണെന്നുദ്ദേഹം ഏറ്റുപറയുന്നു. അതോടൊപ്പം ഒന്നുകൂടി പറയുന്നു: ഞാൻ വേണ്ടിടത്തോളം സഹകരിച്ചില്ല; ദൈവകൃപയ്ക്കു മുമ്പിൽ ഞാൻ കുറ്റക്കാരനാണ്. 'ആത്മാനുതാപ'ത്തിന്റെ ആത്മാവ് ഇവിടെയാണു നാം കണ്ടെത്തുക.

പ്രസാദിപ്പിക്കുക എന്നതിനേക്കാൾ പ്രബോധിപ്പിക്കാനും നന്മചെയ്യാൻ മനുഷ്യമനുനസുകളെ പ്രചോദിപ്പിക്കാനുമാണ് ചാവറയച്ചൻ തന്റെ ഈ കൃതിയിൽ ശ്രമിച്ചത് എന്നതു വ്യക്തം.

## ഉള്ളടക്കം ഒറ്റനോട്ടത്തിൽ

പന്ത്രണ്ടു ഭാഗങ്ങളും അനുപാദവും കടശ്ശിയപേക്ഷയും ചേർന്ന ഈ കൃതി ഒരർത്ഥത്തിൽ ഒരു 'ക്രിസ്തുഗാഥ'യാണെന്നു പറയാം. ക്രിസ്തുവിന്റെ ജീവചരിത്രവും സാരോപദേശങ്ങളും അവസരോചിതമായും അർത്ഥഗർഭമായും സന്നിവേശിപ്പിച്ചിരിക്കുന്ന ക്രിസ്തുവിന്റെ–മനുഷ്യകുലത്തിന്റെയും– അമ്മയായ പ. കന്യകാമറിയത്തിന്റെ അപദാനങ്ങളും സന്ദർഭോചിതമായി തുന്നിച്ചേർത്തിരിക്കുന്നു. അവസാന ഭാഗങ്ങളിലാണ് ഇതധികവും.

ഒന്നും രണ്ടും ഭാഗങ്ങൾ രചയിതാവിന്റെ ആത്മകഥാപരമായ വിവരണങ്ങളാണ്. വിശേഷബുദ്ധിയുള്ള മനുഷ്യനായിത്തന്നെ സൃഷ്ടിക്കുകയും സന്ന്യാസ – പൗരോഹിത്യ ജീവിതത്തി

ലേക്ക വിളിക്കുകയും ചെയ്ത സ്നേഹധനനായ ദൈവത്തോടുള്ള നന്ദി ഈ പുറങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. ഒപ്പം, ദൈവകാരുണ്യത്തോടു വേണ്ടത്ര സഹകരിക്കാതെ പോയതിലുള്ള അനുതാപവും. 'ആത്മാനുതാപ'ത്തിന്റെ കേന്ദ്രബിന്ദു ഇവയത്രെ. പശ്ചാത്താപജന്യമായ ഹൃദയനുറുക്കം കൊണ്ടു മാത്രമേ ഒരുവനു സമഗ്ര മനുഷ്യത്വത്തിന്റെ ഉടമയാവാനാവൂ എന്ന ചിന്താധാര ഈ കൃതിയിൽ നിറഞ്ഞുനില്ക്കുന്നതായി കാണാം.

തനിക്കുണ്ടായ ക്രിസ്തുനുഭവവും ഈശ്വരസ്പർശനവും കവിതകളിലൂടെയും കർമ്മപദ്ധതികളിലൂടെയും സഹജീവികളുമായി പങ്കുവച്ചനുഭവിക്കാനാഗ്രഹിച്ച ഒരു യോഗിയായിരുന്നു ചാവറയച്ചൻ. സ്നേഹാദാരമായ ആ പങ്കുവയ്ക്കലിന്റെ ഒരു മാധ്യമം മാത്രമാണ് ഈ കൃതി.

ബൈബിളിനു പുറമേ മറ്റു പലപ്രശസ്ത കൃതികളും ഇതിന്റെ രചനയ്ക്കു സഹായകമായിട്ടുണ്ട്. പ്രത്യേകിച്ച്, മരിയ ദെ അഗ്രാദ സ്പാനിഷ് ഭാഷയിൽ രചിച്ച 'ദൈവനഗരം' എന്നകൃതി. 10, 11, 12 അദ്ധ്യായ(സർഗ)ങ്ങളിൽ ഈ കൃതിയുടെ സ്വാധീനം വളരെ സ്പഷ്ടമാണ്.

മറ്റു കൃതികളെ ഉപജീവിക്കുമ്പോഴും തനതായ ശൈലിയിലും ആത്മകഥാംശം അലിയിച്ചുചേർത്തുമാണ് ചാവറയച്ചൻ അവതരിപ്പിക്കുക. കൃതിയുടെ കേന്ദ്രബിന്ദുവിനിണങ്ങിയവിധം കഥകളും സംഭവങ്ങളും ആഗിരണം ചെയ്യാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ആറാം ഭാഗത്തു കന്യകാമാതാവും ശാന്തിയെന്ന ഇടച്ചിയുമായുള്ള ഒരു സങ്കല്പസംഭാഷണം കാണാം (VI: 37–264). മിശിഹായുടെ രണ്ടാമത്തെ ആഗമനം, ലോകാവസാനം, പൊതുവിധി തുടങ്ങിയവയെപ്പറ്റിയുള്ള ക്രൈസ്തവധാരണകളും സ്വകീയ ഭാഷയിലവതരിപ്പിക്കാൻ ഈ സംഭാഷണം വേദിയൊരുക്കുന്നു. അനുതാപചിന്തകളും ഇവിടേയും കാണാം.

കാവ്യപരിചയത്തിനു സഹായിക്കുന്ന ചില ലഘുപരാമർശങ്ങൾ അക്കമിട്ടു കാണിക്കട്ടെ. 'ആത്മാനുതാപ'ത്തിന്റെ സവിശേഷതകളും ഗ്രഹിക്കാൻ ഇവ സഹായിച്ചേക്കും.

## സവിശേഷതകൾ

1. ഗ്രാമീണകേരളത്തിന്റെ വികാരധാരകളാവഹിക്കുന്ന ഗാനവൃത്തങ്ങളിൽ രചിക്കപ്പെട്ട രണ്ടായിരത്തിലേറെ ഈരടികളും ഈ കൃതിയിലുണ്ട്. ഹൈന്ദവസങ്കീർത്തനങ്ങളിൽ കാണാറുള്ള സ്തുവാത്മക വൃത്തങ്ങളാണ മൂന്ന്, ഒൻപതു പാദങ്ങളിൽ. പാന, തരംഗിണി, കേക, വഞ്ചിപാട്ട് തുടങ്ങിയ നാടൻശീലുകൾക്കാണ് സംസ്കൃതവൃത്തപ്രചുരമായ അക്കാലത്തുപോലും ചാവറയച്ചൻ മുൻതൂക്കം കൊടുത്തത്.

2. ഒന്നേകാൽ നൂറ്റാണ്ടു മുമ്പ് കാവ്യഭാഷയിൽ സാർവ്വത്രികമായി നിലവിലിരുന്ന സംസ്കൃതപദങ്ങൾക്കു പുറമേ, തമിഴ്, ലത്തീൻ, പോർട്ടുഗീസ് പദങ്ങളും തത്ഭവമായോ തത്സമമായോ പ്രയോഗിച്ചിരിക്കുന്നു. വിദേശഭാഷാപദങ്ങൾ മലയാളഭാഷയുടെ ജീനിയസിനു ചേർന്നവിധം ചെത്തിമിനുസപ്പെടുത്തിയിട്ടുണ്ട്.

3. മലയാളഭാഷയിലെ മതസാഹിത്യത്തിന്റെ പുരസ്കർത്താക്കളായ തുഞ്ചൻ, പൂന്താനം, ചെറുശ്ശേരി തുടങ്ങിയവരിൽ തുഞ്ചത്തെഴുത്തച്ഛനോടാണ ശൈലിയിലും ഭാവനയിലും ആത്മാനുതാപത്തിനു കൂടുതൽ സാമ്യം (ആത്മാനുതാപം 2/158–162, 5/24–28). കുഞ്ചന്റെ ജനകീയശൈലിയോ ചെറുശ്ശേരിയുടെ ഗാനാത്മകതയോ വിരളമാണെന്നു പറയാം (സുകുമാർ അഴീക്കോട്).[1]

4. പുരാണേതിഹാസങ്ങളെ ഉപജീവിച്ചെഴുതിയ കൃതികൾക്കു മുൻതൂക്കമുണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ, ആത്മാംശത്തിനു—ആത്മകഥയ്ക്കും—പ്രാമുഖ്യം നൽകിയെന്നതു ശ്രദ്ധാർഹമാണ്. ആദ്യഭാഗങ്ങളിൽ മാത്രമല്ല കൃതിയിലൊന്നാകെ ആത്മാംശം തുടിച്ചുനില്ക്കുന്നു. ബാല്യകഥ പൂർണ്ണമായിത്തന്നെയുണ്ട്.

5. കവിതയുടെ രൂപസൗന്ദര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന, രതിപദങ്ങളും രസപ്രദങ്ങളായിരുന്ന അക്കാലത്തു് ആത്മസൗന്ദര്യത്തിന്റെയും ആത്മീയവിശുദ്ധിയുടെയും കവിതയുമായി ചാവറയച്ചൻ കടന്നുവന്നു. വിരതിപദങ്ങളും രസോത്തരങ്ങളാ

---

1. ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ — സെഡ് എം. മുഴർ, തേവര, 1989 പേജ് 62.

ണെന്ന കാണിച്ചുകൊടുത്തു (സി.പി. ശ്രീധരൻ, ചാവറ ചരമ ശതാബ്ദി, പ്രകാശം).

6. **അലങ്കാരങ്ങൾ**: ചമൽക്കാരനിർഭരവും അലങ്കാരപോഷിതവുമായ വാഗ്മയചിത്രങ്ങളാൽ ധാരാളമുണ്ട്, ആത്മാനുതാപത്തിൽ.

1. കന്യാജനനത്തെ അവതരിപ്പിച്ചിരിക്കുന്നതു നോക്കുക;
   ''സൂര്യാഭപോളകിനെ കടക്കുമെന്നപോലെ
   നാര്യാര്യ കന്നിക്ഷയം വരാതെ പെറ്റു നൂനം'' (5/50).
2. മാതാവിന്റെ കരങ്ങളിലിരിക്കുന്ന ഉണ്ണിയേശു:
   ''ആമ്പൽ പൂവതിൻ മീതെ താമരപൂവെച്ചപോൽ
   അംബുധിതാരാനാഥതൻകരേ സുതൻനാഥൻ
   താമരമെത്തതൻമേൽ അന്നക്കുഞ്ഞതിൻ വണ്ണം
   താരസമൂഹകൈയിൽ നിദ്രയും മനോഹരം (6/32–36).
3. പ്രാസപ്രയോഗം:
   ''ഋഷികൾക്കൊക്കെയുമീശൻ നീയാകിലും
   ഋഷഭവേസരി മധ്യനായി
   ഋഷം മുതൽ വെട്ടം നാണിപ്പിച്ചിടുന്ന
   ഋതധിനാഥനെ കാണാകേണം''(3അനുബന്ധം/50–54).
4. ചിന്താബന്ധുരമായ ആഖ്യാനം:
   ''മന്നിലുള്ളവയൊക്കെ സ്ഥൂലവുമസ്ഥൂലവും
   മിന്നൽപോൽ കടന്നിടുമെന്നു ഞാനോർത്തിടാതെ
   ഭൂമിയുമതിൻ മീതെ കാണുന്ന സമസ്തവും
   ഭേദംകൂടാതെ മാറി, നീങ്ങുന്നു ക്ഷണേക്ഷണേ
   ഇന്നു കാണുന്ന പച്ചപ്പുല്ലുതു നാളെത്തന്നെ
   മന്ദിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
   മെച്ചമായി കണ്ടിടുന്ന പുഷ്പങ്ങൾ ബഹുവിധം
   ഇഹമായതിനുള്ള ശോഭയും സുഗന്ധവും
   എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണിടുന്നു
   ചിത്രമായതിനുള്ളൊരഴകുമൊക്കെപ്പോകും (2/304–316).

7. മുന്നോട്ടു പോകുന്തോറും കവിതാത്മകത കുറഞ്ഞും കേവലാഖ്യാനം കൂടിയും വരുന്നതായി കാണുന്നു. അവസാനഭാഗത്തു ഗദ്യച്ചുവ കൂടുന്നു എന്ന തോന്നലുണ്ടാവുന്നു.

8. ദേശീയപാരമ്പര്യത്തെ എന്നപോലെ വൈദേശികപാരമ്പര്യത്തെയും കവികൾ സ്വീകരിക്കണമെന്ന ചാവറയച്ചൻ തെളിയിച്ചു. ആത്മാംശത്തിനു് ഊന്നൽ കൊടുക്കുന്ന പ്രവണത വൈദേശിക സാഹിത്യത്തിലെ പ്രവണതയാണല്ലോ. സമകാലീന കേരളസാഹിത്യത്തിൽ ആത്മാംശം നിഴലിക്കുന്നവ വിരളമത്രെ.

9. കാവ്യസിദ്ധിയുടെ ഉടമയാണു ചാവറയച്ചൻ, തീർച്ച. പക്ഷേ, സമകാലീനസാഹിത്യത്തോടു തുലനം ചെയ്യു്, ആത്മാനുതാപത്തിലെ സാഹിത്യത്തെ മാത്രം ഉന്നംവച്ചു സമീപിക്കുന്ന ആസ്വാദകൻ നിരാശനായേക്കാം. ആത്മാനുതാപത്തിന്റെ സമ്പത്തന്വേഷിക്കേണ്ടതു പ്രധാനമായും അതിന്റെ ഉള്ളടക്കത്തിലത്രെ. ജനങ്ങളെ ക്രിസ്തുമതത്തിലേക്കു കൊണ്ടുവരുന്നതിനുപകരം ക്രിസ്തുവിനെ ജനങ്ങളിലേക്കു കൊണ്ടുവരിക—ഇതാണു നാടൻവൃത്തങ്ങളിലൂടെ അദ്ദേഹം സാധിച്ച മൗലികമായ ലക്ഷ്യം...'' എന്ന സി.പി. ശ്രീധരന്റെ പരാമർശം ശ്രദ്ധേയമാണു്. 2

ആദിമധ്യാന്തങ്ങളും തെച്ചുമിനുക്കി, ലക്ഷണമൊത്ത ഒരു സാഹിത്യകൃതി രചിക്കുകയായിരുന്നില്ല ചാവറയച്ചന്റെ ലക്ഷ്യം. അത്തരത്തിൽ 'ആത്മാനുതാപ'ത്തെ നോക്കിക്കാണുന്നവർ ഇരുട്ടിൽ തപ്പുന്നവരത്രെ. തന്റെ അന്തരാത്മാവിൽ നിറഞ്ഞുനിന്ന ആദ്ധ്യാത്മികാനുഭവം സഹജീവികളുമായി പങ്കുവയ്ക്കാനദ്ദേഹം ആഗ്രഹിച്ചു. അതിനുതകിയ വാഗ്മയങ്ങളും രൂപകങ്ങളും സംഭവങ്ങളും ശൈലികളും അദ്ദേഹം സ്വീകരിച്ചു. ഈ കൃതി പഠിക്കാൻ നാമൊക്കെ കാണിക്കുന്ന താല്പര്യം അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെ സഫലമാക്കുകയാണു ചെയ്യുക.

---

2. ചാവറചരമശതാബ്ദ്യാഘോഷസ്മാരകം, ക്നനമ്മാവു്, പേജു് 73.

അദ്ധ്യായം 2

# ആത്മാനുതാപം: തിരിയലിന്റെയും ഒന്നായിത്തീരലിന്റെയും കഥ

സി. ഹാരിയറ്റ് സി.എം.സി.

ആത്മാനുതാപം ഒരു കഥയോ? തീർത്തും അസംബന്ധം എന്ന് ആദ്യവായനയിൽ പറഞ്ഞുപോയേക്കാം. പക്ഷേ, വാ. ചാവറപിതാവിന്റെ ഹൃദയം സദാ ദൈവത്തിലേക്ക് തിരിഞ്ഞിരുന്നുവെന്ന കഥയുടെ വിവരണമാണ് ആത്മാനുതാപത്തിലെ പദ്യസമാഹാരമെന്ന സൂക്ഷ്മമായി വായിച്ചുനോക്കിയാലറിയാം. അതെ; സ്നേഹം തന്നെയായ ദൈവത്തിൽ ഒന്നുചേരുന്നതുവരെ തപിച്ചുകൊണ്ടിരിക്കുന്ന ഒരാത്മാവിന്റെ കഥയാണത്. മൂന്നുഘട്ടങ്ങളിലായി തിരിയലിന്റെ ഈ ചരിത്രം വിവരിക്കാം.

1. ദൈവപിതാവു തന്റെ അനന്തനന്മയാൽ ചാവറപ്പിതാവിലേക്ക് തിരിഞ്ഞിരിക്കുന്നതായി കാണുന്നു. കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ദൈവപിതാവിലേക്ക് തിരിയുന്ന വാ. ചാവറയുടെ ദൃശ്യം.

2. ഈശോയിൽ ആയിത്തീരുന്നതിന്റെ ചരിത്രം.

3. മാതാവിൽ ഒന്നായിത്തീരുന്ന വാ.ചാവറ ഇല്ലാതായി മാതാവിന്റെ മുഖം മാത്രം തന്നിൽ പ്രതിഫലിപ്പിക്കുന്നു.

**ഒന്നാംഘട്ടം**: (ഒന്നും രണ്ടും പാദങ്ങൾ)

സ്വർഗ്ഗീയകുടുംബം മുഴുവനും തന്നിലേക്ക് തിരിഞ്ഞിരിക്കുന്നതായി വിശ്വാസമാകുന്ന ഉൾക്കണ്ണാൽ ചാവറപ്പിതാവു കാണുന്നു. (Metanoia അതായത് തരിച്ചുവരിക; ദൈവത്തിലേക്ക് തിരിയുക; ഈ തിരിയൽ ആത്മാനുതാപത്തിൽ എങ്ങനെയെന്നതാണ് പ്രതിപാ

ദ്യവിഷയം. അതിതീക്ഷ്ണതയോടെയുള്ള ഈ തിരിയൽ ഏറെറവും പൂണ്ണമായി വാ. ചാവറപ്പിതാവു ചെയ്തതുകൊണ്ട് ഈശോയിൽ ആയിത്തീരുന്നു; മാതാവിൽ ഒന്നായിത്തീരുന്നു...). അതോടെ അ ത്ഭുതം, നന്ദി, സ്നേഹം, അനുതാപം എന്നീ വിവിധ വികാരങ്ങളോ ടെ ചാവറപ്പിതാവു ദൈവത്തിലേക്കു തിരിയുന്നു. സ്തുതിയും സന്തോഷവും കൃതജ്ഞതയും നിറഞ്ഞ ഒരു ഹൃദയത്തിന്റെ ഉടമയാ യിത്തീരുന്നു. അങ്ങനെ ചാവറപ്പിതാവിന്റെ ജീവിതം സല്ലാപ ത്തിന്റെയും ആഘോഷത്തിന്റെയും ജീവിതമായി മാറുന്നു.

ഒന്നാംഘട്ടത്തെ രണ്ടുഭാഗമായി കാണാം.

a) സ്വർഗ്ഗീയകുടുംബം മുഴുവൻ തന്നിലേക്കു തിരിഞ്ഞിരിക്കു ന്നതായി ചാവറപ്പിതാവു കാണുന്നു.

b) തന്നിലേക്കു തിരിഞ്ഞിരിക്കുന്ന ആ അനന്തദയാവായ്പി ലേക്കു ചാവറപ്പിതാവു തിരിയുന്നു.

a) ഈ തിരിയലിന്റെ കഥയിൽ ദൈവമാണ് ആരംഭം കുറി ക്കുക. ദൈവം തന്നിലേക്കു പൂണ്ണമായി തിരിഞ്ഞിരിക്കു ന്നതുകണ്ട് അതിന്റെ വിശദാംശങ്ങളോടുകൂടിത്തന്നെ ആ തിരിയലിന്റെ ചരിത്രം വിവരിക്കുന്നു.

ആദത്തിന്റെ സുതനായി തന്നെ സൃഷ്ടിച്ചതിലൂടെയുള്ള ദൈവ ത്തിന്റെ തിരിയലാണ് ആത്മാനുതാപത്തിന്റെ തുടക്കം.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായി ചമച്ചെന്നെയും

ദൈവത്തിന്റെ അനന്തനന്മയും സ്നേഹവും തന്നിലേക്കു തിരി ച്ചിരിക്കുന്നു. കൃതജ്ഞതയുടെ പാരമ്യത്തിൽ തനിക്കു കിട്ടിയ ഈ മഹാദാനത്തെ ആവർത്തിച്ചുറപ്പിക്കുകയാണ് (Ref. I/2, 11, 14, 18). തന്നെ മനുഷ്യനായി സൃഷ്ടിക്കുകയും തനിക്ക് ഒരുപകടവും വരാതി രിക്കുവാൻ ഒരു കാവൽമാലാഖയെ കല്പിച്ചാക്കുകയും ചെയ്തിരിക്കുന്നു (I/20). സ്വർഗ്ഗത്തിൽ അവിടുത്തെ പരമോന്നത സന്നിധിയിലേക്കു തന്നെ ഉയർത്തും എന്ന ഉറപ്പു നൽകിക്കൊണ്ടാണു ദൈവം തന്നിലേ ക്കു തിരിയുന്നത് (I/15–16). അവിടുത്തെ മഹത്വമേറിയ കരു ണയിൽ സൃഷ്ടിക്കുവാൻമാത്രം അനന്തസ്നേഹത്തോടെയാണു അവിടുന്നു തിരിഞ്ഞിരിക്കുന്നത് (I/12).

തന്നിലേക്ക പൂർണ്ണമായി തിരിഞ്ഞിരിക്കുന്ന അനന്തനന്മയായ ദൈവം തന്റെമേൽ വാരിവിതറുന്ന ആത്മീയവും ശാരീരികവുമായ വരദാനങ്ങളെ വർണ്ണിക്കുന്നതിലാണു ചാവറയുടെ സംതൃപ്തി. ജ്ഞാനസ്നാനം വഴി സത്യവിശ്വാസിയാക്കി. അവിടത്തെ നന്മയും സുകൃതങ്ങളും സ്വർഗ്ഗലോകത്തിന്റെ അനുഗ്രഹവും ഓഹരിയുമെല്ലാം ലഭ്യമാക്കി. നഷ്ടപ്പെട്ട ദൈവപുത്രസ്ഥാനം വീണ്ടുകിട്ടി. നന്മയുടെ വസ്ത്രമണിയിച്ചു. ജീവന്റെ പുസ്തകത്തിൽ പേരെഴുതി. ഈ ഗുണങ്ങളും നശിച്ചുപോകാതിരിക്കുവാൻ നാമം ജപിച്ച ലവണം തന്നു. മറ്റുള്ളവർക്കു പ്രകാശം പരത്തുവാൻ പ്രകാശം കത്തിച്ചു തന്നു (I/33–36; 41–44. II/105–114; 135; 152–158).

പെറ്റമ്മ തന്നെ ഉറക്കി കിടത്തിയിട്ടു മറ്റു ജോലികൾക്കായി പോയപ്പോൾ ഉറക്കംകൂടാതെ തന്നിലേക്കുതന്നെ തിരിഞ്ഞിരുന്നവനാണവിടുന്നു് (I/32). ശാരീരികമായ എല്ലാ അവയവങ്ങളും അതിന്റെ എല്ലാ കഴിവുകളോടുംകൂടി തരുവാനും അവിടുന്നു തിരുമനസ്സായി (I/291––299). പൈതലായിരിക്കെ തന്നെ സ്നേഹപൂർവ്വം വളർത്തുവാനായി ഒരു നല്ല അമ്മയെ തന്നു (I/45).

അമ്മയുടെ ഉദരത്തിലായിരിക്കുമ്പോഴും അതിനുശേഷവും ശത്രുവായ പിശാചു തന്നെ കൊല്ലുവാൻ ശ്രമിച്ചു: പക്ഷേ ജ്ഞാനസ്നാനം സ്വീകരിക്കാതെ മരിക്കുവാൻ അവിടുന്നു് ഇടയാക്കിയില്ല (II/197–204). വളരെയധികം ആളുകളും ആ കാലഘട്ടത്തിൽ സാംക്രമികരോഗത്താൽ മരിക്കാനിടയായ സംഭവം ചാവറയച്ചൻ ഓർക്കുന്നു. തന്നിലേക്കു തിരിഞ്ഞിരിക്കുന്ന നല്ല ദൈവം ഈ അപകടങ്ങളിൽനിന്നെല്ലാം തന്നെയും തന്റെ കുടുംബാംഗങ്ങളെയും ഒഴിവാക്കി (I/44–58).

ഇങ്ങനെ, വിശ്വാസവരത്തിലും പ്രതീക്ഷാവരത്തിലും വളർന്ന ചാവറയച്ചൻ തീരെ ചെറിയ അനുഭവങ്ങളിലും ദൈവപരിപാലന കാണുവാനും പിതൃസ്നേഹാനുഭവത്തിൽ നിറയുവാനും സാധിച്ചു.

b) ചാവറപ്പിതാവു ദൈവത്തിലേക്കു തിരിയുന്നു.

വിസ്മയം, നന്ദി, സ്നേഹം, അനുതാപം എന്നീ വികാരങ്ങളും പ്രകടിപ്പിച്ചുകൊണ്ടാണു ദൈവത്തിലേക്കു തിരിയുന്നതു്.

**വിസ്മയം:** തനിക്കു നരജന്മം നൽകുവാൻ തക്കവിധം ആദിനായകനായ സർവ്വേശ്വരൻ തന്നിലേക്കു തിരിഞ്ഞിരിക്കുന്നു. എന്താണിതിനു കാരണം? 'ആയതിനെന്തു കാരണം ദൈവമേ' എന്നു് അത്ഭുതപരതന്ത്രനായി സ്വയം ചോദിച്ചുപോകുന്നു. ഉത്തരവും സ്വയം പറയുന്നുണ്ടു്. ''ആദ്യഹീനനാം നിന്റെ ദയതന്നെ''. ഒരു കൃമിയായോ ഒരു മൃഗമായോ സൃഷ്ടിച്ചാലും അവിടുത്തോടു ചോദ്യം ചെയ്യുവാൻ അവകാശമില്ലാതിരിക്കെ, അവിടുത്തെ ഛായയിൽതന്നെ സൃഷ്ടിച്ചിരിക്കുന്നു. ഉന്നതനായ അവിടുത്തെ സാന്നിധ്യം അനുഭവിക്കുവാനുള്ള അവകാശവും തന്നിരിക്കുന്നു. വീണ്ടും വിസ്മയപൂർവ്വം ചോദിക്കുന്നു, ദൈവജനത്തിലെ ഒരംഗമായി ജനിക്കുവാൻ എന്താണു കാരണം? ദാരിദ്ര്യദുഃഖത്തിൽനിന്നും അധികസമ്പത്തിന്റെ വിനാശങ്ങളിൽനിന്നും തന്നെ രക്ഷിക്കുവാൻ കാരണമെന്തു്? അവിടുത്തെ ദയമാത്രം (II/75, 87–88).

യേശുവിലേക്കു തിരിഞ്ഞു ചാവറപ്പിതാവു ചോദിക്കുന്നു: ''രാജാധിരാജാ, നിന്റെ ഒരു തുള്ളി സ്വേദകണത്താൽ രക്ഷാകർമ്മം ചെയ്യാമെന്നിരിക്കെ, എന്തിനു മുപ്പത്തിമൂന്നു വർഷം ഭൂമിയിൽ ജീവിച്ചു? അവിടുന്നു് ഒരു തൊഴുത്തിൽ തണുത്തുവിറച്ചു കിടക്കുന്നതു കണ്ടു ദൈവദൂതരിലേക്കു തിരിഞ്ഞു ചോദിക്കുന്നു: ''അല്ലയോ ദൈവദൂതന്മാരെ, ആകാശസൈന്യങ്ങളെ ദേവന്മാക്കും ദേവനായ നിങ്ങളുടെ രാജാവിനെ കാണുന്നില്ലേ? ബത്‌ലേഹം ഗ്രഹയിൽ വേദനയോടുകൂടി കോവർകഴുതയ്ക്കും കാളയ്ക്കും സമീപം അവിടുന്നു കിടക്കുന്നതു നിങ്ങൾ കാണുന്നില്ലേ?'' (II/213–216) ഒരർഹതയുമില്ലാതിരുന്നിട്ടും തന്നിലേക്കുതന്നെ തിരിഞ്ഞിരിക്കുന്ന ദൈവത്തിലേക്കു വിസ്മയത്തോടെ തിരിഞ്ഞിരിക്കുന്ന ചാവറപ്പിതാവിന്റെ ചിത്രമാണു് ഇവിടെ കാണുക.

**നന്ദി:** തന്റെമേൽ വർഷിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദി പ്രകടിപ്പിക്കുവാൻ സാധിക്കാതെ വിളിച്ചുപറയുന്നു:

''ഇച്ചെയ്ത ഗുണ മഹത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തു നാഥാ'' (I/25–28).

ഒരു പെറ്റമ്മയെക്കാളധികം മാതൃസ്നേഹം തന്നോടു കാണിക്കുന്ന ദൈവത്തിങ്കലേക്കു കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെയാണു തിരിഞ്ഞിരിക്കുന്നതു് (I/25–28).

സ്നേഹം നിറഞ്ഞ തന്റെ അമ്മയിലൂടെ തനിക്ക് ലഭിച്ചിട്ടുള്ള നന്മകൾ തന്റെ ആദ്ധ്യാത്മിക ജീവിതത്തിന് അടിത്തറ പാകുവാൻ സഹായകമായിട്ടുണ്ടെന്നുള്ള വസ്തുത അനുസ്മരിക്കുന്നു. രാത്രി അമ്മയോടൊപ്പം എഴുന്നേറ്റിരുന്ന് പ്രാർത്ഥിക്കാറുള്ളതും ഈശോയിലേയ്ക്കും പരി. മാതാവിലേയ്ക്കും യൗസേപ്പിതാവിലേയ്ക്കും അമ്മതന്നെ തിരിയിച്ചതും വെച്ചൂർ പള്ളിയിൽ മാതാവിന് അടിമവെച്ചതുമെല്ലാം ഓർത്ത് നന്ദിയർപ്പിക്കുന്നു (I/45–70). ശിശുക്കളോടേതുപോലെ നിഷ്കളങ്കഹൃദയമുള്ള ചാവറപിതാവിന് ഏറ്റവും നിസ്സാരമായ നന്മകളും ദൈവത്തിലേയ്ക്ക് തിരിയുന്നതിനു പ്രചോദകമായിരുന്നു. പത്തുവയസ്സുള്ളപ്പോൾ തന്നെ വി. യൗസേപ്പിതാവിന്റെ ഭവനത്തിലേയ്ക്ക് ആനയിച്ചതിനാൽ, അജ്ഞാനികളോടൊക്കെയുള്ള തിന്മ നിറഞ്ഞ ജീവിതം പെട്ടെന്നവസാനിപ്പിക്കുവാൻ സാധിച്ചതിൽ നന്ദിരേഖപ്പെടുത്തുന്നു (I/129–130) നല്ല ദൈവം സദാ അവിടുത്തെ നന്മകളാൽ നിറക്കുന്നതിനെ ഓർത്ത് കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ അങ്ങയിലേക്കു തിരിഞ്ഞു ചോദിക്കുന്നു. ''ഞാനിതിനെന്തു കൃതോത്തരത്തെയണക്കേണ്ടു'' (II/76).

*സ്നേഹം, അനുതാപം* : നല്ല ദൈവത്തെ അപ്പനെപ്പോലെ സ്നേഹിക്കുന്ന ചാവറക്ക് അപ്പനിൽനിന്നു പിൻതിരിയുവാനിടയായിട്ടുള്ള ചില സന്ദർഭങ്ങൾ – അവ ഏറ്റവും ചെറുപ്പകാലത്തിൽ സംഭവിച്ചിട്ടുള്ളവയാണെങ്കിൽ തന്നെയും വളരെയേറെ ദുഃഖം ഉളവാക്കിയിരുന്നു. അപ്പനോടുള്ള സ്നേഹം കൂടുന്തോറും ഈ താപത്തിന്റെ തീവ്രത വായിക്കുമ്പോൾ മനസ്സിലാകും, ഈശോയിൽ ആയിത്തീരുന്നതുവരെ ഈ കരച്ചിൽ കേൾക്കാം.

അഞ്ചാം വയസ്സിൽ അജ്ഞാനികളുടെ കൂടെ വിദ്യ അഭ്യസിച്ച കാലത്ത് കണ്ണുകൊണ്ടും കാതുകൊണ്ടും ചെയ്യ എന്നു പറയുന്ന തെറ്റുകളെയോർത്ത് വിലപിക്കുന്ന രംഗങ്ങൾ ഏറെയുണ്ട് (I/95–112; II/361–364; IV/204; V/175–178; 181–182; VII/73–74) അഞ്ചാം വയസ്സിൽ ചെയ്യുന്ന തെറ്റുകൾക്ക് എത്രമാത്രം ഗൗരവമുണ്ടെന്ന് നമുക്കറിയാം. പിന്നെ എന്തുകൊണ്ട് ഇങ്ങനെ തപിച്ച് കരയുന്നു? നിരാശകൊണ്ടോ, സംശയപ്രകൃതികൊണ്ടോ അല്ല എന്നു ആത്മാനുതാപത്തിലെ വരികൾതന്നെ തെളിവ്...

"അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യംകൊണ്ടടിയന്റെ കണ്ണുകം താഴ്ന്നയ്യോ.
മമ പിതാവു നീയെ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ, മറെന്തു ഗ്രണം നാഥാ"
(II/139–142)

ഇത്ര ഉറച്ച ആശ്രയബോധത്തോടെ ദൈവത്തിലേക്കു തിരിയുന്ന ഈ വ്യക്തിത്വത്തിൽ നിരാശയുണ്ടോ? സന്ദേഹമുണ്ടോ? പൂർണ്ണമായി തന്നിലേക്ക് തിരിഞ്ഞിരിക്കുന്ന ദൈവത്തിലേക്ക് തിരിയുന്നതിൽ അല്പമെങ്കിലും കുറവു വന്നുപോയിട്ടുണ്ടെങ്കിൽ അതു് മർമ്മഭേദകമായി ചാവറപിതാവിനു് തോന്നുന്നു. അപ്പനിൽ ആയിത്തീരുന്നതിനുവേണ്ടിയുള്ള ദാഹത്തിന്റെ കുരച്ചിലാണ് വാ. ചാവറയിൽനിന്നുയർന്നിരുന്നത് എന്നതാണ് യാഥാർത്ഥ്യം.

അപ്പനോടുള്ള സ്നേഹം നദിപോലെ ഒഴുകി വരുന്ന ചില നിമിഷങ്ങളുണ്ട്. അപ്പോഴും അപ്പനെ വിളിക്കുന്ന പേരുകഠം നിരവധിയാണു്.

"അനന്യഗ്രണനിധെ, സർവ്വേശാ, പരാപരാ
അനന്തദയാനവിതാ, സർവ്വമംഗലദേവാ" (II/159-160)

വാ. ചാവറയുടെ ഹൃദയത്തിൽ വഴിഞ്ഞൊഴുകുന്ന ഈ സ്നേഹം അനുതാപമായും അനുതാപം സ്നേഹമായും മാറിമാറി പ്രകടമാക്കുന്ന ഈരടികളാണ് ആത്മാനുതാപം ഉൾക്കൊള്ളുന്നത്.

സ്നേഹവും നന്ദിയും അനുതാപവും വിസ്മയവും നിറഞ്ഞുനില്ക്കുന്ന ചാവറപ്പിതാവിന്റെ ഹൃദയം സദാ ദൈവസ്തുതിഗീതങ്ങളാലപിക്കുകയായിരുന്നു. പ്രപഞ്ചത്തിലെ സർവ്വവസ്തുക്കളും – ആകാശത്തിലെ സൂര്യചന്ദ്രനക്ഷത്രാദികഠം മുതൽ ഭൂമിയിലെ പുല്ലുപുഷ്പാദികഠം വരെ – ഈ സ്തുതിഗീതാലാപത്തിനു് പ്രചോദനമാകുന്നുണ്ട് (II/ ). എന്നാനവൽ ആയിത്തീർന്ന ദൈവത്തെ അന്നാനചൊല്ലി സ്തുതിച്ചുകൊണ്ട് (II/364–365) തന്റെയും ലോകം മുഴുവന്റെയും ജീവിതം ഒരു ആഘോഷമാക്കി മാറ്റുവാൻ ചാവറയച്ചൻ അക്ഷീണം പരിശ്രമിച്ചതിന്റെ കഥയാണു് ആത്മാനുതാപത്തിൽ നമുക്കു് കാണുവാൻ സാധിക്കുക. അല്പസ്വല്പ കാരണങ്ങളാൽ അസംതൃപ്തരായിക്കഴിയുന്നവർക്കെല്ലാം ചാവറപിതാവിന്റെ ജീവിതം ഒരു വശ്യശക്തിയായി മാറട്ടെ.

## രണ്ടാം ഘട്ടം : ആയിത്തീരലിന്റെ ചരിത്രം

[III–VIII പാദങ്ങൾ]

ചെറുപ്പത്തിലെ സ്വന്തം അമ്മയിൽനിന്നും സ്വത്തായി കിട്ടിയ തിരുക്കുട്ടുംബഭക്തി വാ. ചാവറയിൽ വളർന്നുവന്നു. ചാവറപ്പിതാവു് രണ്ടാം പേരായി സ്വീകരിച്ചിരിക്കുന്നതും 'തിരുക്കുട്ടുംബ'മെന്നാണല്ലോ. തിരുക്കുട്ടുംബത്തിൽ ജീവിച്ചുകൊണ്ടാണു് ഈശോയിലേക്കു് തിരിഞ്ഞിരിക്കുന്നത്. മാതാവും യൗസേപ്പുപിതാവും ഈശോയിലേക്കു് തിരിഞ്ഞിരുന്നതു് ചാവറപ്പിതാവു് മാതൃകയായി സ്വീകരിച്ചു. അതുപോലെ ഈശോ യൗസേപ്പുപിതാവിലേക്കും മാതാവിലേക്കും തിരിയുന്നതായും അതിലൂടെ അവർ ആനന്ദസാഗരത്തിൽ മുഴുകുന്നതായും III, V എന്നീ പാദങ്ങളിൽ ചാവറപ്പിതാവു് വ്യക്തമാക്കുന്നുണ്ടു്.

## രണ്ടാം ഘട്ടത്തിലെ തിരിയലിന്റെ പ്രത്യേകതകൾ

ചാവറപ്പിതാവിന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ എന്തിനോ വേണ്ടിയുള്ള തീരാത്ത ദാഹമുണ്ടു്. എന്തോ ആയിത്തീരുവാനുള്ള ദാഹം. താൻ മാത്രം ആയിത്തീർന്നാൽ പോരാ – ലോകത്തിലെ എല്ലാ മക്കളും, പ്രപഞ്ചം മുഴുവനും ആയിത്തീരണം. തന്നിലെ തെറ്റുകുറ്റങ്ങളും ഈ ആയിത്തീരലിനു് ഒരു തടസ്സമാകരുതു്. ഈ അന്തർദാഹം അദ്ദേഹത്തെ പ്രാർത്ഥനയുടെ ഉന്നത പദവികളിലേക്കു് വലിച്ചുടിപ്പിക്കുന്നുണ്ടു്. ഉണ്ണിയേശുവിനെ കണ്ടുകൊണ്ടിരിക്കണം, പിതാവുമായി സംഭാഷിച്ചുകൊണ്ടിരിക്കണം, ഉത്തമഗീതത്തിലെ മണവാട്ടിയെപോലെ മണവാളനെ അന്വേഷിച്ചുകൊണ്ടിരിക്കണം, മണവാളന്റെ മണവറയായ കുരിശിൽ വിശ്രമിക്കണം. ഇങ്ങനെ വലിയ ദാഹത്തോടുകൂടിയുള്ള തിരിയൽ അതിന്റെ എല്ലാ സവിശേഷതകളോടും കൂടി കാണുവാൻ ശ്രമിക്കാം.

### 1. യേശുദർശനാനുഭവത്തിനുവേണ്ടിയുള്ള തിരിയലാണ്

യേശുവിനെ കണ്ടുകൊണ്ടിരിക്കലാണു് തിരിയലിന്റെ കേന്ദ്രബിന്ദു. യേശുദർശനം എന്നതല്ലാതെ വേറൊരാഗ്രഹവും വാ. ചാവറക്കില്ലെന്നു് തോന്നുന്നു. 3–ാം പാദത്തിലെ 'കാണാകേണം' എന്ന വാക്കിന്റെ ആവർത്തനം അതാണു് വിളിച്ചറിയിക്കുക. അവിടത്തെ പുഞ്ചിരിയും ചെഞ്ചുണ്ടുകളും അമ്മയെ കെട്ടിപ്പിടി

ക്കുന്ന കൊച്ചുകരങ്ങളും മാത്രമല്ല മാതാവു് ഉണ്ണിയുടെ കവിളിൽ മുത്തുന്നതും പാലൂട്ടുന്നതും കാണാകേണം. താൻ മാത്രമല്ല കേരളമൊക്കെയും കാണാകേണം. തങ്ങൾ കണ്ട യേശുവിനെ എല്ലാവർക്കും കാണിച്ചുകൊടുക്കുവാനുള്ള ദാഹം ഈശോയിലേക്കു് തിരിഞ്ഞിരിക്കുന്നവരുടെ പൊതുസവിശേഷതയാണല്ലൊ (ഉദാ: സമറായ സ്ത്രീ, മറിയം മഗ്ദലേന, അപ്പസ്തോലന്മാർ). ഒരു കൊച്ചു കുട്ടിയെപ്പോലെ അത്ഭുതമൂറുന്ന കണ്ണുകളോടെ യേശുദർശനാനുഭവത്തിൽ മുഴുകിയിരിക്കുകയാണു് ചാവറപ്പിതാവു്. കൂട്ടത്തിൽ യേശുവുമായി ബന്ധപ്പെട്ട എല്ലാവരേയും കാണുന്നുണ്ടു്: ആട്ടിടയർ' ശെമയോൻ, മൂന്നു് രാജാക്കന്മാർ, ഈജിപ്തിലെ ജനങ്ങൾ, യേശുവുമായി തർക്കിച്ച വേദശാസ്ത്രികൾ...

ഹൃദയത്തിൽ യേശുവിനെ വിളിച്ചു കരയുന്ന ആത്മാവിന്റെ നിസ്വനമാണു് ഈ കാണാകേണം കേഴൽ. പരിശുദ്ധാത്മാവിയിലേക്കു് സദാ തിരിഞ്ഞിരിക്കുന്ന വ്യക്തികൾക്കേ 'കാണാകേണം' വലിയൊരു അനുഭവമാകൂ. ഇവിടെ ചാവറയച്ചന്റെ വ്യക്തിത്വം തന്നെ ഒരു 'കാണാകേണം' ആയി മാറി. ഈ വലിയ കാഴ്ചപ്പാടു് വാ. ചാവറയെ വലിയ ദർശനക്കാരനും വലിയ ഹൃദയത്തിനുടമയും ദീർഘവീക്ഷണമുള്ളവനുമാക്കി മാറ്റി. കാൽവരിയിലെ യേശുവിനോടൊപ്പം കുരിശിൽ മരിക്കുന്നതിൽ മഹത്വം കണ്ടെത്തുവാനും ഈ 'കാണാകേണം' കേഴൽ സഹായിച്ചു. യേശുവിന്റെ ദർശനങ്ങളും സ്വപ്നങ്ങളും സ്വജീവിതത്തിലൂടെ സാക്ഷാൽക്കരിക്കുക വഴി കറയും ചുളിവുമില്ലാത്ത ഒരു സഭയെ കേരളത്തിനുവേണ്ടി – ഭാരതത്തിനുവേണ്ടി വാർത്തെടുക്കുവാൻ സാധിച്ചു. ചാവറയെപ്പോലെ ദർശനക്കാരായി മാറണമെന്നാഗ്രഹമുള്ളവർക്കു് ദർശനഭവനങ്ങൾ പണിതുയർത്തി. അങ്ങനെ 'കാണാകേണം' എന്ന തന്റെ വ്യക്തിത്വം പിൻതലമുറക്കാർക്കും ഒരു 'കാണാകേണം' ആയി മാറി.

## 2. പാപബോധം ആഴപ്പെട്ടപ്പോഴുണ്ടായ മഹാദുഃഖത്തോടെയുള്ള തിരിയലാണ്

ദൈവത്തിലേയ്ക്കു് തിരിഞ്ഞിരിക്കേണ്ടവൻ സ്വാർത്ഥലാഭത്തോടെ അഥവാ ദൈവത്തെ കൂടാതെ തന്നിലേയ്ക്കും മറ്റു് വ്യക്തികളിലേയ്ക്കും വസ്തുക്കളിലേയ്ക്കും തിരിയുന്നതാണു് പാപം – ദൈവത്തിൽ നിന്നുള്ള പിൻതിരിയലാണത്.

ദൈവത്തിലേയ്ക്ക് തിരിയുന്നതിനായി തന്നിട്ടുള്ള പഞ്ചേന്ദ്രിയങ്ങളുടെ വ്യാപാരങ്ങളെ സ്വാർത്ഥ ഉദ്ദേശ്യങ്ങൾക്കായി വിനിയോഗിച്ചതിന്റെ വേദന ആത്മാനുതാപത്തിന്റെ വിവിധ പേജുകളിൽ നമുക്ക് കാണുവാൻ കഴിയും (II/299–311, 337–348, VII/221–240, 457–480, 525–539). കണ്ണുകളുടെ ദുർവ്വിനിയോഗത്തെക്കുറിച്ച് എഴുതിയിരിക്കുന്ന ഒരു ഭാഗം ശ്രദ്ധിക്കുക "അയ്യയ്യൊ, സ്നേഹപിതാവെ, നീ എനിക്ക് കണ്ണുകൾ തന്നു. എന്നാൽ അതുവഴിയായി മുഴുമന നിന്റെ കണ്ണിൽ തറയ്ക്കുവാൻ സത്യമായും ഞാനിടയാക്കി. ഞാൻ ജനിച്ച നിമിഷത്തിൽ തന്നെ മരിച്ചു പോയിരുന്നെങ്കിൽ, ഞാൻ ആദ്യപാപം ചെയ്ത ക്ഷണത്തിൽ തന്നെ എന്നെ നീ ശിക്ഷിച്ചിരുന്നെങ്കിൽ ഇന്ന് ആ മുള്ളുകൾ മൂലം നിന്റെ ശിരസ്സിനുണ്ടായ മുറിവുകൾ ഇത്ര തീവ്രതരമാകുമായിരുന്നില്ല (VI/532–537).

ഏശയ്യാ പ്രവാചകന്റെ ദൈവദർശനശേഷം തന്റെ പാപബോധം ആഴപ്പെട്ടതുപോലെ ചാവറപ്പിതാവിന് വലിയ ദർശനമുണ്ടായപ്പോൾ – ദൈവത്തിന്റെ മഹത്വവും പരിശുദ്ധിയും അനുഭവവേദ്യമായപ്പോൾ – 'അയ്യയ്യൊ', 'മഹാകഷ്ടം' തുടങ്ങിയ വാക്കുകളാൽ തന്റെ പാപത്തിന്റെ ഭീകരതയും അതുമൂലമുള്ള ഭയപ്പാടും കൂടുതലായി വിവരിക്കുന്നുണ്ട്. ഈ രണ്ടാം ഘട്ടത്തിലെ പാദങ്ങളിൽ തന്നെ 'അയ്യൊ', 'അയ്യയ്യൊ' എന്നീ വാക്കുകൾ ഏകദേശം അറുപത് പ്രാവശ്യവും 'ദുഃഖം' 'മഹാദുഃഖം' എന്നീ വാക്കുകൾ 25 പ്രാവശ്യവും കാണുന്നുണ്ട്. ഉദാഹരണങ്ങൾ:

'അയ്യയ്യൊ! മഹാദുഃഖമയ്യയ്യൊ! മഹാകഷ്ടം!
അയ്യയ്യൊ ദുർഭാഗ്യരേ! തീർന്നുപോയെന്നെന്നേയ്ക്കും"
(VI/197–198)

"അയ്യയ്യൊ മമ നാഥാ, അയ്യയ്യൊ മമ സ്നേഹ
അയ്യയ്യൊ മമ പാപം കാരണമിതിനയ്യൊ'ം (VI/322–323)

### 3. അഗതി മനോഭാവത്തോടെയുള്ള തിരിയലാണ്:

അഗതിയായ തന്നെ സ്വയം വിശേഷിപ്പിക്കുന്നത് 'ദുഷ്ടനാമടിയൻ', 'പാപിയാമടിയൻ', 'ദുർബലൻ', 'തപോഹീനൻ' 'നന്ദിഹീനൻ', 'മഹാദുഷ്ടൻ', എന്നീ വാക്കുകളാലാണ്.

തന്റെ മഹാപാപങ്ങളും പരിഹരിക്കുവാൻ തപസ്സനുഷ്ഠിക്കുവാൻ സാധിക്കാത്തതിന്റെ മനോവ്യഥ വ്യക്തമാക്കുന്നതിപ്രകാരമാണ്. ''എന്റെ ദേഹം തളർന്ന് പഴത്തിരിക്കുന്നു. ഞാൻ യോഗ്യനായിരുന്നപ്പോഴും വേണ്ടതു ചെയ്തില്ല. ഇപ്പോഴും അയോഗ്യനായിരിക്കുന്നു. (VII/153-162)

അഗതികൾക്കും അയോഗ്യർക്കും ഗതിയുണ്ടാക്കുന്നതും ഭാഗ്യമുണ്ടാക്കുന്നതും കർത്താവാണല്ലൊ. അങ്ങിലേയ്ക്ക് വിനീത ഭാവത്തോടെ തിരിയുക എന്നത് മാത്രമാണ് ഇനി പോംവഴിയായിട്ടുള്ളത്. (V/148-150)

അഗതിയായ തന്റെ അയോഗ്യത കർത്താവിന്റെ മുമ്പിൽ ശിശുതുല്യം പ്രകാശിപ്പിക്കുന്നു. 'നാഥാ, നിന്റെ മുമ്പിൽ നിലകൊള്ളുവാൻ ഞാൻ യോഗ്യനല്ല. നിന്നെ നോക്കുവാൻ പോലും എനിക്ക് യോഗ്യതയില്ല. എങ്കിലും ദയയ്ക്കിരിപ്പിടമായ എന്റെ നാഥാ, നിന്റെ പക്കലല്ലാതെ എവിടെയാണ് എനിക്ക് പോകാൻ കഴിയുന്നത്? അല്ലയോ നാഥാ, നിന്റെ പവിത്രമായ ശരീരം, മനോഹരമായ വദനം, ഒളിമിന്നുന്ന നയനങ്ങൾ, കാന്തി വഴിയുന്ന നാസിക, കുങ്കുമച്ചുവിയാർന്ന അധരങ്ങൾ, ശംഖുപോലെ വെണ്മയാർന്ന ദന്തനിര, തേൻതുള്ളി പോലെ നിന്റെ ചുണ്ടിൽ നിന്നിറ്റിറ്റു വീഴുന്ന മധുരസ്വരം എന്നിവയെല്ലാം കാണുവാനും കേൾക്കുവാനും ഉല്ക്കടമായി ഞാൻ അഭിലഷിക്കുന്നു. എങ്കിലും, അയ്യോ നാഥാ, നിന്നെ വീക്ഷിക്കുവാൻ എന്റെ മിഴികൾക്ക് യോഗ്യത ഒന്നുമില്ലല്ലോ. (V/151-158)

## 4. പ്രതീക്ഷയോടെയുള്ള തിരിയലാണ്.

കർത്താവ് കരുണയുടെ നികേതനമാണെന്നും, കർത്താവിലേയ്ക്ക് തിരിഞ്ഞാൽ കൈവിടുകയില്ലെന്നുമുള്ള ഉറപ്പ് ചാവറയ്ക്കുണ്ടായിരുന്നു. ദൈവപിതാവിനെ കരുണക്കടലെന്നും, പരിശുദ്ധാത്മാവിനെ കരുണാനാഥനെന്നും, അവിടുത്തെ കനിവാൽ ജനിപ്പിച്ച തിരുപുത്രനെ കാരുണ്യമെന്നും പേരിട്ടുന്നുണ്ട്. (V/43-44). അതായത് ദൈവപിതാവിന്റെ കാരുണ്യം നിറഞ്ഞുകവിയുന്ന തങ്കക്കുടമാണ് തിരുപുത്രൻ. ആ കാരുണ്യം നമ്മിലേയ്ക്കൊഴുക്കുവാൻ ആ തങ്കക്കുടത്തെ അനുവദിക്കണം. ആ കാരുണ്യം മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും വേണം. ഈ തങ്കക്കുടത്തിലേയ്ക്ക് തിരിഞ്ഞിരിക്കുന്നവരിൽ പ്രതീക്ഷ വളർന്നുവരും, പ്രതീക്ഷയെന്ന ദിവ്യദാനം ആ കാരുണ്യ കുംഭത്തിന്റെ ആഴത്തിലേയ്ക്കിറങ്ങിച്ചെല്ലുവാൻ സഹായിക്കുകയും ചെയ്യും.

''പാർക്കുവാൻ കൊതിക്കുന്നു., കേറുവാനാശിക്കുന്നു'' (V/157) എന്നാണ് കവിഹൃദയം പാടിക്കൊണ്ടിരിക്കുന്നത്. തങ്കക്കൂടത്തിന്റെ കാരുണ്യത്തിലുള്ള പ്രതീക്ഷയാൽ ഈ ആഗ്രഹം പെട്ടന്ന് സാധിതമാകുന്നു; പാപം ഒരിക്കലും തടസ്സമാകുന്നില്ല. ശിക്ഷിപ്പാനല്ല, രക്ഷിപ്പാനാണ് അവിടുന്ന് വന്നിരിക്കുന്നതെന്ന് അവിടുത്തെ തിരുവദനവും തിരുനയനങ്ങളും തെളിയിക്കുന്നുണ്ട്. തപിച്ചുവരുന്ന മകനെ ഒരിക്കലും ഉപേക്ഷിച്ചുകളയാത്ത നല്ല പിതാവാണവിടുന്ന്. തൊണ്ണൂറ്റൊമ്പത് ആടിനേയും ഉപേക്ഷിച്ച് നഷ്ടപ്പെട്ട ഏകനായ ആടിനെ അന്വേഷിച്ചുവരുന്ന നല്ല ഇടയനാണവിടുന്ന്. (V/159,182; VII/357-360)

## 5. മനസിനും ആത്മാവിനും തെളിവ് ലഭിക്കുന്ന തിരിയലാണ്.

തിരുക്കുടുംബത്തിലേയ്ക്ക് തിരിഞ്ഞിരിക്കുന്ന ചാവറപ്പിതാവു കാണുന്നത് നല്ല തെളിവുള്ള മനസ്സുകളും ആത്മാവുകളുമാണ്. അവിടെ സങ്കടമെന്നത് സന്തോഷവും സഹനമെന്നത് മഹത്വവുമാണ്. പുഞ്ചിരികാട്ടിക്കൊണ്ട് ഉണ്ണിയേശു തങ്ങളിലേയ്ക്ക് തിരിഞ്ഞപ്പോൾ മാതാവിന്റെയും യൗസേപ്പുപിതാവിന്റെയും മനോദുഃഖങ്ങളെല്ലാം ഉരുകിയൊലിച്ചുപോയി. ഇടയന്മാർക്കും രാജാക്കന്മാർക്കുമെല്ലാം ഉണ്ണിയേശു തെളിവും സന്തോഷവും നല്കുന്നു. ചെറുകരങ്ങളുയർത്തി ആശീർവദിച്ചുകൊണ്ട് തെളിവും മറ്റ് വരമാരികളും കോരിച്ചൊരിയുന്നു.

പരി. ത്രിത്വത്തിലും തിരുക്കുടുംബത്തിലും എവിടേയും തെളിവിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നത് ഈശോയാണ്. തിരുക്കുടുംബത്തിൽ മാതാവും യൗസേപ്പുപിതാവും ഈശോയിലേക്ക് തിരിഞ്ഞിരിക്കുന്നു. പരി. ത്രിത്വത്തിൽ പിതാവും പരിശുദ്ധാത്മാവും ഈശോയിലേയ്ക്ക് – മനുഷ്യനായി അവതരിച്ച് കാളകാൽവരിയും കഴുതകാൽവരിയും മദ്ധ്യേകിടക്കുന്ന ദൈവമനുഷ്യനിലേയ്ക്ക്– തിരിഞ്ഞിരിക്കുന്നു. വാനാരൂപികൾ തങ്ങളുടെ സ്തുതികീർത്തനങ്ങളാലും ആട്ടവും പാട്ടും പുഷ്പവൃഷ്ടികളാലും (V/67–68) സ്വർഗ്ഗീയ കുടുംബത്തോടൊപ്പം തെളിവുള്ളവരാകുവാൻ ആഹ്വാനം ചെയ്യുന്നു; പ്രപഞ്ചത്തെ മുഴുവൻ തെളിവുള്ളതാക്കുകയും ചെയ്യുന്നു.

തിരുക്കുടുംബത്തിൽ അംഗത്വം ലഭിക്കണമെങ്കിൽ ആത്മാവിലും മനസ്സിലും തെളിവുള്ളവരാകണം. ഉണ്ണിയേശുവിലേയ്ക്ക് തിരിഞ്ഞിരുന്നാലെ തെളിവുലഭിക്കൂ. ദാരിദ്ര്യത്തിന്റെയും, സഹനങ്ങളുടേയും തിരസ്കരണങ്ങളുടേയും മദ്ധ്യത്തിലും തെളിവുള്ളവരാകുവാൻ ഉണ്ണിയേശുവിന്റെ മുഖദർശനം കിട്ടണം. അങ്ങനെ തിരുക്കുടുംബത്തിൽ അംഗത്വം ലഭിച്ചാൽ പരി. ത്രിത്വത്തിൽ നമുക്ക് ജീവിക്കാനാകും.

കർത്താവിന്റെ വലതുവശത്തു നില്ക്കുന്നവർ (IV/251–252) ജീവിതകാലത്ത് വെള്ളവും ഭക്ഷണവും വസ്ത്രവും പാർപ്പിടവും മറ്റും പാവപ്പെട്ടവർക്കു നൽകി; പാവപ്പെട്ടവരിലേയ്ക്കു തിരിഞ്ഞു അവരുടെ ഉള്ളം തെളിയിച്ചവരാണ്. അവരിലേയ്ക്ക് തിരിയുമ്പോഴാം കർത്താവിന്റെ ഉള്ളം തെളിയുകയും ആശീർവ്വാദാനുഗ്രഹങ്ങൾ നല്കുകയും ചെയ്യുന്നു. കൂടപ്പിറപ്പുകളുടെ കൂടെ ആഘോഷത്തിന്റെയും മനം തെളിവിന്റെയും ജീവിതം നയിക്കുന്നവരാണ് ഈ മനം തെളിവിനു് അർഹരാകുക. കർത്താവിൽ ആഴപ്പെട്ട പ്രതീക്ഷയും ശരണവും വച്ചുപുലർത്തുന്നവക്കാണ്, കർത്താവിനെ അള്ളിപ്പിടിക്കുകയും കർത്താവിൽ മാത്രം സുരക്ഷിതത്വം അർപ്പിക്കുകയും ചെയ്യുന്നവർക്കാണ് തെളിവു് ലഭിക്കുക.

തെളിവിന്റെ സുവാർത്തയുമായിട്ടാണ് മറ്റുള്ളവരിലേയ്ക്ക് നമുക്ക് തിരിയുവാനുള്ളത്. (V/63, Lk 2/8–20) ദൈവം നമ്മുടെ സ്നേഹപിതാവാണെന്നുള്ള സുവാർത്ത അറിയിയ്ക്കുവാൻ യേശുവിലേയ്ക്ക് തിരിഞ്ഞിരിക്കണം, അവിടുത്തെത്തന്നെ നോക്കിയിരിക്കണം, അവിടുത്തെ അടുത്തനുകരിക്കണം. ഇങ്ങനെ അങ്ങയുടെകൂടെ വസിക്കുക എത്ര മഹാഭാഗ്യമാണ്. അഞ്ചാംപാദം 79–82 വരികളിൽ ഉണ്ണിയേശു തന്റെ അമ്മയ്ക്ക് നല്കുന്ന ആഹ്വാനം ശ്രവിക്കുക. ''അല്ലയൊ അമ്മെ എന്നെ നോക്കിയും പിൻപെ നടന്നും അങ്ങെന്റെ മാതാവാണെന്ന് എല്ലാവർക്കും കാണിച്ചുകൊടുക്കുക.'' ഇത് നമുക്കോരോരുത്തർക്കുമുള്ള ഉത്തരവാദിത്വമായിട്ടെടുക്കാം. അങ്ങനെ ജീവിച്ച്, ഇഹത്തിൽവച്ചുതന്നെ മനസ്സിന്റെയും ആത്മാവിന്റെയും തെളിവനുഭവിക്കുന്നവർക്ക് തെളിവിന്റെ പൂർണ്ണതയായ സ്വർഗ്ഗഭാഗ്യം കൈവരിക്കാം.

## 6. മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി മാറുവാൻ വേണ്ടിയുള്ള തിരിയലാണ്:

"യേശുവാകുന്ന കാരുണ്യത്തെ മറ്റുള്ളവക്കു കാണിച്ചു കൊടുക്കുവാൻ വേണ്ടി എന്റെ കരങ്ങളിലേയ്ക്ക് നല്കുവാൻ കൃപയുണ്ടാകണമെ" (V/43–44) എന്ന മാതാവിന്റെ പ്രാർത്ഥനയിലൂടെ ചാവറപ്പിതാവ് തന്റെ ആഗ്രഹം യേശുവിനെ അറിയിക്കുന്നു. അതായത് ദൈവപിതാവിൽ നിന്നും യേശുവിലൂടെ ലഭിക്കുന്ന കാരുണ്യം തന്റെ സഹജരിലേയ്ക്ക് ഒഴുക്കിക്കൊടുത്തുകൊണ്ട് അവക്ക് ചാവറപിതാവ് ഒരനുഗ്രഹമായി മാറണം.

മറ്റുള്ളവക്ക് കൊടുക്കേണ്ട വെട്ടം തമസ്സാക്കി മാറ്റിയതിലുള്ള കഠിനവേദനയ്ക്ക് അടിസ്ഥാനമായി നില്ക്കുന്നത് മറ്റുള്ളവർക്ക് അനുഗ്രഹമായി മാറുവാനുള്ള ആഗ്രഹമാണെന്നുള്ളത് സ്പഷ്ടമാണല്ലൊ. ദൈവത്തിന് പ്രതിഷ്ഠിതരായവരെല്ലാം ദൈവമക്കൾക്കെല്ലാവക്കും അനുഗ്രഹമാകണം. അവരുടെ സുഖ ദുഃഖങ്ങൾ തങ്ങളുടേതായിത്തീരണം.

എങ്ങനെയാണ് അനുഗ്രഹമായി മാറേണ്ടതെന്ന് ശാന്തിയെന്ന ഇടയസ്ത്രീക്ക് കൊടുക്കുന്ന ഉപദേശത്തിൽ കാണാം. യേശു തന്റെ ജീവിതത്തിൽ അപമാനവും, ദാരിദ്ര്യവും ഏറ്റെടുത്തുകൊണ്ട് മറ്റുള്ളവരുടെമേൽ അനുഗ്രഹമാരി വർഷിച്ചു. യേശുവിന്റെ മാതൃകയനുകരിക്കുവാൻ യേശുശിഷ്യരെല്ലാവരും ബാധ്യസ്ഥന്മാരാണല്ലോ. ഇവിടെ ഒരു കാര്യം വ്യക്തമാണ്. യേശുവിലേയ്ക്കുള്ള തിരിയൽ പൂർണ്ണമാകുന്നതോടെ മറ്റുള്ളവരിലേയ്ക്കുള്ള നമ്മുടെ തിരിയൽ പൂർണ്ണമാകും. മറ്റുള്ളവക്കുവേണ്ടിയുള്ള മാദ്ധ്യസ്ഥം വഹിക്കൽ നമ്മെത്തന്നെ വിലയായി നല്കിക്കൊണ്ടായിരിക്കുകയും വേണം. (VI/89–98) അവിടുത്തെ ജീവിത മാതൃകയിലൂടെ നല്കുന്ന ഈ കല്പന നമുക്ക് നിരസിക്കുവാൻ സാധിക്കുമോ?

## 7. യേശുവുമായുള്ള സംഭാഷണത്തിലേയ്ക്കാണ് ചാവറപ്പിതാവ് തിരിയുന്നത്:

കർമ്മലീത്ത ആദ്ധ്യാത്മികതയിൽ അടിയുറച്ചതാണ് വാ. ചാവറയുടെ പ്രാർത്ഥനാരീതി. ചില അവസരങ്ങളിൽ ഇടതടവില്ലാതെ യാചനാ പ്രാർത്ഥനകളും, അനുതാപം, ദുഃഖം, പ്രതീക്ഷ, ആശ്വാസം തുടങ്ങിയവയുടെ പ്രകടനങ്ങളും കാണാം. കുറച്ചുകൂടി

കഴിയുമ്പോൾ ചാവറപിതാവും യേശുവും തമ്മിലുള്ള സംഭാഷണം കേൾക്കാം. സ്നേഹത്തിൽ മുക്കിയെടുത്ത തേശുവിന്റെ തന്മൊഴികളിൽ ലയിച്ചിരിക്കുന്ന ചാവറയച്ചന് കാലങ്ങൾ കഴിയുമ്പോൾ സഹനം സന്തോഷകാരണവും മഹത്വവുമായി മാറുന്നുണ്ട് അവിടെയാണ് മണവാളനായ യേശുവും മണവാട്ടിയായ ആത്മാവും തമ്മിലുള്ള വിവാഹം നടക്കുക. വി. അമ്മത്രേസ്യയുടെ ഭാഷയിൽ ഏഴാം സദനത്തിലെത്തിയ ആത്മാവിന്റെ അവസ്ഥയാണിത്.

ഇപ്പോൾ വാ. ചാവറയും യേശുവും തമ്മിലുള്ള ഒരു സംഭാഷണം നമുക്ക് ശ്രവിക്കാം:

ചാവറ: ''ഈശ്വരനായ അങ്ങ് എന്താണന്വേഷിക്കുന്നത്''?

യേശു: ''എന്റെ സ്നേഹമേറിയ ആട്ടിൻകുട്ടിയായ നിന്നെത്തന്നെ ഞാൻ അന്വേഷിക്കുന്നു. അതിനായി ഞാൻ ഈ ഭൂമിയിൽ വന്നു. നിന്നോടുള്ള സ്നേഹംകൊണ്ട് എന്റെ ഹൃദയം നിറഞ്ഞിരിക്കുന്നു. മുപ്പത്തിമൂന്നു വർഷം നിന്നെത്തേടി ഞാൻ വലഞ്ഞു. ആഴിയും മലയും കാടുകളും തെരുവീഥികളും താണ്ടി ഞാൻ അലഞ്ഞു. എന്റെ കുഞ്ഞേ, നിന്നോടുള്ള സ്നേഹത്താൽ ദുഃഖപരവശനായി കല്ലുകളും മുള്ളുകളും നിറഞ്ഞ വഴി ചവിട്ടി നടന്നു. തെല്ലുനേരംപോലും ഞാൻ സന്തോഷത്തിനുവേണ്ടി ചെലവഴിച്ചില്ല. കാണാതെപോയ നിന്നെത്തേടി തൊണ്ണൂറ്റൊമ്പതു ആടുകളെയും മാറിനിറുത്തിയിട്ട് എണ്ണത്തിൽ ഒന്നുമാത്രമായ നിന്നെ അന്വേഷിച്ചു വലഞ്ഞു. എന്റെ താതനായ സർവ്വേശ്വരന്റെ മടിയിൽനിന്നു ഞാനിറങ്ങി. നീ വേഗം എന്റെ പക്കൽ വന്നാലും. ഞാനാണു നിന്റെ പിതാവ്. നീ ഒട്ടും സംശയിക്കേണ്ട.

ചാവറ: അയ്യയ്യോ! സ്നേഹപിതാവായ സർവ്വേശ്വരാ, ദൈവമെ, എന്റെ കണ്ണുകൾ നിന്റെ പക്കലേക്കുയർത്തുവാൻ ഞാൻ ഭയപ്പെടുന്നു. നിന്റെ തിരുമുഖം ദർശിക്കുവാൻ എനിക്കു ദാഹിക്കുന്നുണ്ട്. എന്നാൽ എന്റെ പാപങ്ങളെക്കുറിച്ചോർക്കുമ്പോൾ അടുത്തു വരുവാൻ ശങ്കിക്കുന്നു.

**യേശു:** ഞാൻ എല്ലാം നിന്നോട് ക്ഷമിച്ചിരിക്കുന്നു. എന്റെ അടുക്കലേക്കു നീ വന്നാലും. മകനെ, ഞാനുയർത്തിയിട്ടുള്ള എന്റെ കരങ്ങളാൽ നിന്നെ ആശ്ലേഷിക്കട്ടെ. ഞാൻ നിന്റെ കാരുണ്യവാനായ പിതാവാണെന്നു കരുതിക്കൊണ്ട് എന്റെ അടുത്തുവരിക. നിന്നെ ചുംബിക്കുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു (VII/265–288).

ഇങ്ങനെ യേശുവും ചാവറയും തമ്മിലുള്ള സംഭാഷണം നീണ്ടു പോകുന്നു. മണിക്കൂറുകളും ദിവ്യകാരുണ്യസന്നിധിയിൽ നിന്നാലും അതിനൊരു അവസാനമുണ്ടാകില്ല. മണവാളന്റെ മണവറയിലേക്കു പ്രവേശിക്കുക എന്നതല്ലാതെ വേറൊരാഗ്രഹവും ഈ ആത്മാവിനു് ഉണ്ടാകാനില്ല.

## 8. ഉത്തമഗീതങ്ങളിലെ മണവാട്ടിയെപ്പോലെയാണ് ഈശോയിലേക്ക് തിരിഞ്ഞിരിക്കുന്നത്:

''അല്ലയോ മണവാട്ടിയായ എന്റെ ആത്മാവെ'' (VIII/99, ''സ്നേഹമെ, എന്റെ ദേവാ, എന്റെ നാഥനായവനെ'' (VIII/1), തിരുമണവാളൻ (VIII/105) തുടങ്ങിയ പേരുകളും വിളികളും 8–ാം പാദത്തിൽ സർവ്വത്ര കാണാം. 'ഏകേശനാഥനെ ഏകാന്തപ്രേമത്താൽ' കാണുവാനാഗ്രഹിച്ചു കാത്തിരിക്കുന്ന ആത്മാവു തിരുമണവാളന്റെ മണിയറയോടടുത്തു കഴിഞ്ഞു. അവിടുത്തെ പവിത്രമായ ശരീരവും മനോഹരമായ വദനവും ഒളിമിന്നുന്ന നയനങ്ങളും കാന്തിവഴിയുന്ന നാസികയും കുങ്കുമച്ചുവപ്പിയാന്ന അധരങ്ങളും ശംഖുപോലെ വെണ്മയാന്ന ദന്തനിരയും തേൻതുള്ളികണ്ടപോലെ ഇറ്റിറു വീഴുന്ന മധുരസ്വരവും (V/153–156) ഇനി അകലെയല്ല. കൂടെ പാർക്കുവാൻ കൊതിച്ചിട്ടും കേൾക്കുവാനാശിച്ചിട്ടും പാപഭാരത്താൽ നീങ്ങിനിന്ന ആത്മാവു് ഇപ്പോഴും ഉത്തമമണവാട്ടിയായി മാറിയിരിക്കുന്നു.

മണവാട്ടിയായ ആത്മാവു പറയുന്നതു ശ്രവിക്കുക. സുന്ദരാംഗിയായ ആത്മാവെ, സുന്ദരനായ മണവാളന്റെ കിരീടത്തെ സൂക്ഷിച്ചുനോക്കുക. നിന്നോടുള്ള സ്നേഹം ഒന്നുകൊണ്ടുമാത്രമാണ് ഇതു സ്വന്തം ശിരസ്സിലണിയുവാൻ അവിടുന്നു തയ്യാറായതു്. ഇന്നുവരെ ഈ ഭൂമിയിൽ ജീവിച്ചിട്ടുള്ള രാജാക്കന്മാരിലൊരുവനും ഇതുപോലൊരു കിരീടം ഉണ്ടായിട്ടില്ല (VIII/84–89).

ഉത്തമഗീതം (5/1–16) മണവാട്ടി പ്രിയനെക്കുറിച്ചു പറയുന്നതിപ്രകാരണ്ണ്. എന്റെ പ്രിയൻ അരുണനെപ്പോലെ തേജസുറ്റവൻ; പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ... ... അവന്റെ കവിളുകൾ സുഗന്ധദ്രവ്യങ്ങളുടെ തടങ്ങൾപോലെയാണ്ണ്. അവിടെനിന്നു പരിമളം പൊഴിയുന്നു..... അവന്റെ ഭുജങ്ങൾ രത്നം പതിച്ച സുവർണ്ണദണ്ഡുകൾ. അവന്റെ ശരീരം ഇന്ദ്രനീലം പതിച്ച ദന്തനിർമ്മിതിയാണ്ണ്... അവന്റെ മൊഴികൾ അതിമധുരമാണ്ണ്. എല്ലാംകൊണ്ടും അഭികാമ്യനാണ്ണ് അവൻ. ജറുസലെം പുത്രിമാരെ ഇതാണ്ണ് എന്റെ പ്രിയൻ. മണവാളൻ പല്ലക്കിലാണ്ണ വരുന്നതെന്നും അറുപതുപേർ അകമ്പടി സേവിക്കാനുണ്ടെന്നും മനോഹരമായ രക്താംബരം ധരിച്ചിരിക്കുന്നുവെന്നും മറ്റും ഉത്തമഗീതം 3/6–11–ൽ വായിക്കുന്നുണ്ട്.

ഇവിടെ ചാവറയച്ചന്റെ കല്യാണമണ്ഡപം ഗാഗ്രത്താമലയാണ്ണ്. കല്യാണപ്പന്തൽവരെയുള്ള യാത്രയ്ക്കു രാജപരിചാരകന്മാരുണ്ട്ണ്. മഹാജനങ്ങൾ കൗതുകത്തോടെ നില്ക്കുന്നുണ്ട്ണ്. കല്യാണവസ്ത്രത്തിൽ രക്തബിന്ദുക്കൾകൊണ്ടുള്ള മണിമുത്തുകളുറപ്പിച്ചിരിക്കുന്നു. കിരീടത്തിലെ മുത്തുമണികൾ സൂര്യപ്രകാശത്തിൽ കണ്ണഞ്ചിക്കുംവിധമുറുന്നു.

ഇതൊക്കെകണ്ട ധ്യാനലീനനായി ചാവറപ്പിതാവു സ്വയം പറയുന്നു: ''അല്ലയോ, മണവാട്ടിയായ ആത്മാവേ, നിനക്ക് ഇതു് എത്ര ഉചിതമായിരിക്കുന്നു'' (VIII/90–107).

## 9. കുരിശിലേക്കാണ് ചാവറപ്പിതാവ് തിരിയുന്നത്

തിരുമണവാളൻ വിവാഹമണ്ഡപത്തിൽ എത്തിക്കഴിഞ്ഞു. ഏഴാംസദനത്തിൽ വിവാഹാഘോഷം നടക്കുന്നു. യേശുവും കുരിശുമായി ബന്ധിതമായിരിക്കുന്നു. മൂന്നാണികൾ യേശുവിന്റെ കൈകാലുകളിൽ അടിച്ചുതറച്ചപ്പോൾ യേശു ഒരുവിധത്തിൽ കുരിശായി മാറി. ആ കുരിശിലേക്കാണ ചാവറപ്പിതാവിന്റെ ആത്മാവു തിരിയുന്നതു്. ക്രൂശിതനായ ഈശോയിൽ, ദിവ്യമണവാളനിൽ മണവാട്ടി ലയിച്ചുചേരുന്നു. അവിടെ സഹനം ഹരമായി മാറിയിരിക്കുന്നു.

പീലാത്തോസിന്റെ കല്പനപ്രകാരം കുരിശു യേശുവിനെ ഏല്പിച്ച ക്ഷണത്തിൽ വളരെ സന്തോഷത്തോടെയാണ് കുരിശിനെ തഴുകി മുത്തി വാങ്ങിയത്. ''ഓ എന്റെ സ്നേഹധാമമായ

കുരിശെ, വേഗം വന്ന് എന്നെ നിന്റെ കൈകളിൽ സ്വീകരിച്ചാലും'' VIII/13–14).

അഹങ്കാരയിൽ നിലകൊള്ളുന്ന കുരിശിൽ തന്നെത്തന്നെ അർച്ചനയായി സമർപ്പിക്കുന്നതിനും സ്നേഹത്തോടും സന്തോഷത്തോടും കൂടെ അതിന്മേൽ കിടന്ന് സുഖനിദ്ര ചെയ്യുന്നതിനും ഈ മണവാട്ടി ദാഹിച്ചു കാത്തിരിക്കുന്നു. (VIII/15-24).

ഇനി മണവാട്ടിക്ക് ഒരു ജോലിയെ ഉള്ളു. കുരിശിനെ വണങ്ങുക. തന്റെ മണവാളന്റെ മണവറയാണത്.

''അല്ലയൊ കുരിശെ, എന്റെ വിജയത്തിനുള്ള വീര്യായുധം നീ തന്നെയാണ്. മോക്ഷകവാടം തുറക്കുവാനുള്ള താക്കോലും നീ തന്നെ. മനുജകുലത്തിന് മുക്തി നല്കുന്ന, മഹത്തായ പൂജ നിന്നിൽത്തന്നെയാണ്. നിദ്ധനനായ മനുഷ്യനു സമ്പാദ്യം നേടുവാനുള്ള വഴിയും കുരിശെ നീ തന്നെയാണ്. കുരിശെ, നീ വഴിയായുള്ള അപമാനവും നിന്ദയും, കാഠിന്യവും നീ വഴിതന്നെ പരിഹരിച്ച് മാധുര്യം വരുത്തിയിരിക്കുന്നു. പിന്നാലെ വരുന്ന മനുഷ്യമക്കളെ നിന്നെ സ്നേഹപൂവ്വം ആലിംഗനം ചെയ്യട്ടെ'' (VIII/25–36).

പിതാവായ ദൈവം സ്നേഹമാണ്. കരുണാർദ്ര സ്നേഹം. തന്റെ തിരുപ്പുത്രനിലൂടെ ആ കരുണാർദ്ര സ്നേഹം നമ്മിലേക്കൊഴുക്കുന്നതിന്റെ പൂർണ്ണതയാണു കുരിശിൽ നാം കാണുക. അതായത്, കുരിശു സ്നേഹത്തിന്റെ പൂർണ്ണതയായി മാറി. അവിടെ ശത്രുക്കളാരുമില്ല. എല്ലാവരിലേക്കും ക്ഷമിക്കുന്ന സ്നേഹം ഒഴുകുന്നു. ഈശോയ്ക്കു സ്വന്തമായി ശേഷിച്ച പരി. അമ്മയെ നമുക്കു തന്നു. ജീവിതകാലം മുഴുവൻ തിന്മയിൽ ജീവിച്ചിട്ടും അനുതാപത്തോടെ കടന്നു വന്ന നല്ല കള്ളനു സ്വർഗ്ഗം വാഗ്ദാനം ചെയ്തു. ആ കരുണാർദ്രസ്നേഹത്തിൽ ഏതു വലിയ പാപവും ഇല്ലാതാകും. പാപികളും ഈ സ്നേഹത്തിലേക്കു തിരിഞ്ഞാൽ മതി. സ്നേഹംതന്നെയായ പരിശുദ്ധാത്മാവിനെ ലോകത്തിനു പ്രദാനം ചെയ്തുകൊണ്ടു അവിടുന്നു പിതാവിൻ പക്കലേക്കു യാത്രയായി.

വിജയമാർന്ന കുരിശ് എല്ലാറ്റിനും സാക്ഷിയായി നിലകൊണ്ടു. യേശു സ്വീകരിച്ച അതേ കുരിശിൽ ജീവൻ ഹോമിക്കുവാൻ ആഗ്രഹിച്ച ചാവറപ്പിതാവിന്റെ ആത്മാവു കുരിശിലേ

ക്കുതന്നെ തിരിയുന്നു. സ്നേഹമണവാളന്റെ ഈ മണവറയിലാണ് ഇനി ആശ്വാസവും ആനന്ദവും കണ്ടെത്തുവാനുള്ളത്.

പ്രിയന്റെ തണലിൽ പ്രിയനിലേക്കു തിരിഞ്ഞിരിക്കുക. പച്ചയായ പുൽത്തകിടിയും പ്രശാന്തമായ ജലാശയവും അവിടെയുണ്ട്. യേശുവും കുരിശും ഒന്നായിക്കണ്ട ചാവറപ്പിതാവിന് യേശുവിൽ ആയിത്തീരുവാൻ വേറെ വഴിയൊന്നുമില്ല–കുരിശുമാത്രം.

ദൈവകുഞ്ഞാടായ യേശു നമ്മുടെ സമാധാനമായി മാറിയത് [എഫെ. 2/14] കുരിശിൽ സ്വയം ഹോമബലിയായർപ്പിച്ചുകൊണ്ടാണ്. യേശു ലോകത്തിന് സമാധാനവും അനുഗ്രഹവുമായി മാറി. എല്ലാവർക്കും തെളിവും സന്തോഷവും നൽകി. അതേ കുരിശിൽ മരിച്ചുകൊണ്ട് ലോകത്തിന് ഒരനുഗ്രഹമാകുവാനും തെളിവും സമാധാനവും നല്കുവാനും ചാവറപ്പിതാവ് ആഗ്രഹിക്കുന്നു. അതിനാണ് യേശുവിലേക്ക് തിരിയുന്നതും യേശു ആയിത്തീരുന്നതും.

യാഹ്വെയുടെ – ആയിരിക്കുന്നവന്റെ – പ്രതിരൂപമായ യേശു എന്നിലും ആയിത്തീരണം. എന്റെ രക്ഷകനും പരിപാലകനും ആയിത്തീരണം. അപ്പോഴും യേശുവിന്റെ വിശപ്പും ദാഹവും എന്നിലും ആയിത്തീരും. ദൈവമക്കളുടെയെല്ലാം വിശപ്പും ദാഹവും എന്റേതായിത്തീരും. അവരുടെ വിശപ്പും ദാഹവും മാറി അവരുടെ ഉള്ളം തെളിച്ച് പ്രതീക്ഷയുടെ പാതയിലേക്ക് അവരെ ഞാൻ നയിക്കണം. അപ്പോഴും അവരും യേശുവിൽ ആയിത്തീരും; രക്ഷയുടെ പാത സ്വീകരിക്കുകയും ചെയ്യും

'ഞാൻ' ഇല്ലാതായാലേ, യേശുവിന് എന്നിൽ ആയിത്തീരാൻ സാധിക്കൂ. ശൂന്യവൽക്കരണത്തിന്റെ പടികയറിച്ചെല്ലുന്ന വ്യക്തിയിൽ യേശു ആയിത്തീരും.

എളിമ നാലാം വ്രതമായി സ്വീകരിച്ച വാ. ചാവറക്കച്ചൻ ഇടുങ്ങിയ പാതയിലൂടെ എളുപ്പം നടന്നുനീങ്ങുവാൻ സാധിച്ചു. കുരിശിലേക്ക് തിരിഞ്ഞിരിക്കുവാനും ഈശോയിൽ ലയിച്ചിരിക്കുവാനും ചാവറപ്പിതാവ് നമുക്ക് മാതൃകയും മധ്യസ്ഥനുമാകട്ടെ.

## മൂന്നാം ഘട്ടം : ഒന്നായിത്തീരലിന്റെ ചരിത്രം

[9–ാം പാദം മുതൽ അവസാനം വരെ]

കർത്താവിലേക്കുള്ള തിരിയൽ അതിന്റെ പൂർണ്ണതയിലെത്തുമ്പോഴാണ് ഒന്നായിത്തീരലാകുക. ''ഞാനും പിതാവും ഒന്നാകുന്നു'' [ജോൺ. 10/30] എന്നു് കർത്താവിനു് തന്റെ ഭൗതികജീവിതത്തിലും പറയുവാൻ സാധിച്ചു. പിതാവിന്റെ പിതൃത്വത്തിനു് വിധേയപ്പെട്ടു്, പിതാവിലേക്കു് സമ്പൂർണ്ണമായും തിരിഞ്ഞിരുന്നതുകൊണ്ടാണു് ഈ ഒന്നിപ്പു് അനുഭവപ്പെട്ടതു്. ഈ ഒന്നാകൽ നമ്മിലുണ്ടാകുവാൻ വേണ്ടിയാണു് യേശു അന്ത്യ അത്താഴശേഷം പിതാവിനോടു് പ്രാർത്ഥിക്കുന്നതു് [ജോൺ. 17, 21]

കാൽവരിയിലെ മണവറയിൽ കയറിയതു മുതൽ ചാവറയാകുന്ന 'കൊച്ചുഞാൻ' ഇല്ലാതായി. ഈശോയിൽ ലയിച്ചു ചേന്നു; 'ഞാൻ' വിസ്മൃതിയിലായി. ഒമ്പതാം പാദം മുതൽ മാതാവിലേക്കു് തിരിഞ്ഞിരുന്നു, മാതാവിന്റെ ദുഃഖത്തിലും സന്തോഷത്തിലും പൂർണ്ണമായും ലയിച്ചിരിക്കുന്ന ചാവറപ്പിതാവിനെയാണു് നാം കാണുക. ഇവിടെ കൊച്ചുഞാൻ–ന്റെ വിലാപസ്വരങ്ങൾ– 'അയ്യയ്യോ', 'മഹാകഷ്ടം', 'മഹാദുഃഖം'–കേൾക്കാനില്ല. യേശു മാതാവിലേക്കും, മാതാവു് യേശുവിലേക്കും തിരിയുന്നുണ്ടു്. എന്നാൽ ചാവറപിതാവു് തന്നിലേക്കു് തിരിഞ്ഞു സ്വന്തം പാപങ്ങളോർത്തുള്ള കരച്ചിൽ തീർത്തും നിന്നുപോയിരിക്കുന്നു. ചാവറപ്പിതാവിന്റെ കഥ യേശുവിന്റേയും മാതാവിന്റേയും കഥയായി മാറിയിരിക്കുന്നു. ചാവറപ്പിതാവു് ഈശോയിലും മാതാവിലും ഒന്നായിത്തീർന്നിരിക്കുന്നു. 'കൊച്ചുഞാൻ' ഇല്ലാതായി വലിയ ഞാനായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഈ വലിയ 'ഞാനാ'യിത്തീർന്നാൽ അവിടെ ഉപമയോ, ഉൽപ്രേക്ഷയോ ഇല്ലാത്ത രൂപകാലങ്കാരത്തിന്റെ ലോകമാണതു്. യേശുവിനെപ്പോലെ എന്നല്ല യേശു ആയി, മാതാവായി ജീവിക്കും. പ്രാർത്ഥനാമുറി സെഹിയോൻ മാളികയും കാൽവരിയുമാകും. അവിടെ പുതിയ ദർശനങ്ങളുണ്ടാകും. ദർശന ഭവനം വേദകാര്യങ്ങളും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന പുണ്യസങ്കേതമാകും. അവിടെ സേവനം സന്തോഷമാകും; സഹനം മഹത്വമാകും. അതൊരു മൗതികാനുഭൂതിയായി മാറും.

ഈ മൗതികാനുഭവ വിവരണം അസാദ്ധ്യമാണെന്ന് പത്താം പാദത്തിൽ നാല് പ്രാവശ്യം ആവർത്തിച്ചു പറയുന്നുണ്ട്. [X/33–36 38, 120, 129–130]. ലൗകീകവും മാനുഷികവുമായ വാക്കുകളാൽ ദൈവാനുഭൂതി വിവരിക്കുക സാദ്ധ്യമല്ലല്ലോ. ചാവറപ്പിതാവ് തന്നിലേക്കുതന്നെ തിരിയുന്നില്ല എന്ന വസ്തുതക്ക് അപവാദമായി നില്ക്കുന്നത് ഈ ഭാഗങ്ങൾ മാത്രമാണ്. യഥാർത്ഥത്തിൽ, ചാവറപ്പിതാവ് തന്റെ വ്യക്തിപരമായ ബലഹീനതയിലേക്കല്ല, മറിച്ച് അലൗകീക കാര്യങ്ങൾ ലൗകീക ഭാഷയിൽ വിവരിക്കുക സാദ്ധ്യമല്ല എന്നാണ് അർത്ഥമാക്കുന്നത്.

വി. യോഹന്നാൻ തനിക്കുണ്ടായ വെളിപാടുകൾ വിവരിക്കുന്നത് 'ഞാൻ കണ്ടു; ഞാൻ കേട്ടു' എന്നീ രൂപങ്ങളിലാണ്. പക്ഷെ ചാവറപ്പിതാവ് മാതാവിൽ ഒന്നായിത്തീർന്നപ്പോൾ മാതാവിനുണ്ടായ ദർശനങ്ങൾ തന്റേതായിത്തീർന്നപോലെയുള്ള അനുഭവങ്ങളാണ് ആത്മാനുതാപത്തിൽ പകർത്തിയിരിക്കുന്നത്. മാതാവിന്റേതായ ഓരോ വികാരവും ചലനവും തന്റേതായി മാറിക്കഴിഞ്ഞ പ്രതീതിയാണ് വായനക്കാർക്ക് ലഭിക്കുക. സ്വർഗ്ഗത്തിൽ ത്രിയേകദൈവവും, വിശുദ്ധരും, മാലാഖമാരും, ഭൂമിയിൽ ശ്ലീഹന്മാരും, ജറൂസലേം നിവാസികളും പക്ഷിമൃഗാദികളുമെല്ലാം ഈ ദർശനത്തിലെ അംഗങ്ങളാണ്. ഭൂസ്വർഗ്ഗപാതാളങ്ങളുടെ അമ്മയായ പരി. മറിയത്തിൽ ലയിച്ചുചേർന്നപ്പോൾ, അമ്മയുടെ ചരിത്രം തന്റേതായി മാറിയപ്പോൾ അവയെല്ലാം തന്റെ മൗതികാനുഭൂതിയിലെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകങ്ങളായി മാറി.

വേറൊരു വീക്ഷണത്തിൽ നോക്കിയാൽ ചാവറപിതാവിന്റെ ചരിത്രം മാതാവിന്റെ ചരിത്രമായി മാറിയിരിക്കുന്നതായി നമുക്കനുഭവപ്പെടും. ഈ മൗതികാനുഭൂതിയിലെ ചില സവിശേഷതകൾ അതായത് - റോമാക്കത്തോലിക്കപ്പള്ളിയോടുള്ള വിധേയത്വവും ബഹുമാനവും (XI/397–416) സന്ന്യാസോചിതമായ താപസികതയും, ദാരിദ്ര്യവും (XI/125–130), കൃതജ്ഞതാനിർഭരമായ ജീവിതവും (XII/113–118), ആവശ്യക്കാരായവരിലേയ്ക്കും ലൗകീകദുഷ്ടിയിൽ സിസ്സാരരായവരിലേയ്ക്കുമുള്ള ദയാദൃഷ്ടിയും (XI,131–136, 457–460) മറ്റും ഈ മൂന്നാംഘട്ടത്തിൽ വളരെ വ്യക്തമായി മാതാവിൽ ആരോപിച്ചിരിക്കുന്നു. തിരുസഭയെ സ്നേഹ

ക്കുകയും സേവിക്കുകയും ബഹുമാനിക്കുകയും ചെയ്ത വീരസന്താനം, തപസ്സിലും പ്രായശ്ചിത്തത്തിലും ജീവിച്ച മുനിവാര്യൻ, പരോന്മുഖ പ്രവൃത്തികളിൽ അഗ്രഗണ്യൻ എന്നീ നിലകളിൽ പ്രശസ്തവും പരിപാവനവുമായ ഒരു ജീവിതം നയിച്ച ചാവറപ്പിതാവിനെ നമുക്കിവിടെ കാണാം. എല്ലാറ്റിലുമുപരിയായി മാതാവു് പരി. ത്രിത്വവുമായി ചെയ്യുന്ന ഉടമ്പടി (XI/437–484) ചാവറപിതാവിന്റെ പരി. ത്രിത്വത്തിലുള്ള ജീവിതത്തിന്റെ ഒരു പ്രകടനമാണു്.

ചാവറപിതാവു് മാതാവിൽ ഒന്നായി തീർന്നതിന്റെ പ്രത്യക്ഷലക്ഷണമാണു് തന്നെത്തന്നെ 'ദാസി'യായി കടശിയപേക്ഷയിൽ ചിത്രീകരിച്ചിരിക്കുന്നതു് (Ref.1,3,54,70,75) പരി. അമ്മയോടൊപ്പം ദൈവത്തിൽ ലയിച്ചുചേർന്ന ഒരാത്മാവിന്റെ കഥയാണു് ഇവിടെ നമുക്കു് കാണുവാൻ കഴിയുക. വേറെ വാക്കുകളിൽ പറഞ്ഞാൽ ചാവറപിതാവിന്റെ കഥ മാതാവിന്റെ കഥയായും മാതാവിന്റെ കഥ ചാവറപിതാവിന്റെ കഥയായും മാറിയതിന്റെ ചരിത്രം. യേശുവിൽ ഒന്നായിത്തീർന്ന ചാവറപിതാവു് മാതാവിൽ ഒന്നായിത്തീർന്നു.

**ചുരുക്കത്തിൽ.....**

ആത്മാനുതാപം ചാവറയുടെ ജീവിതയാത്രയായിട്ടെടുത്താൽ അതിന്റെ ആദ്യഘട്ടത്തിൽ ചാവറപിതാവു് ഒരു ശിശുവിനെപ്പോലെ അപ്പനോടു തോന്നുന്ന സ്നേഹത്തിന്റേയും, അനുതാപത്തിന്റേയും, കൃതജ്ഞതയുടേയും വിസ്മയത്തിന്റേയും... എല്ലാത്തരം വികാരങ്ങളും സ്തുതിപ്പുകളുമാക്കി അപ്പനു സമർപ്പിക്കുന്നു. തന്റെ ജീവിതത്തെ സ്തുതിയുടെ കീർത്തനവും, ആഘോഷവുമാക്കിമാറ്റുന്നു. അതുപോലെ, പ്രപഞ്ചം മുഴുവനേയും സ്തുതിയുടെ ആഘോഷമാക്കിത്തീർക്കുവാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി തന്റെ ജീവിതം മുഴുവനും നീക്കിവയ്ക്കുകയും ചെയ്യുന്നു.

രണ്ടാംഘട്ടമാകുമ്പോഴേയ്ക്കും പാപബോധവും തപിക്കലും യേശുവിൽ ആയിത്തീരുന്നതിനുള്ള ദാഹമായിമാറുന്നു. ഈ ദാഹത്തിന്റേയും ആഗ്രഹത്തിന്റേയും ഭാഗമായി യേശുവിനെ സദാസമയവും കണ്ടുകൊണ്ടിരിക്കണമെന്നാഗ്രഹിക്കുന്നു. തന്നിലെ പാപം അതിനു് തടസ്സമായി നിൽക്കുന്നതു കാണുമ്പോഴും പരി. അമ്മയുടെ പക്കലേയ്ക്കു് മദ്ധ്യസ്ഥംതേടി ഓടിച്ചെല്ലുന്നു. അമ്മയോടൊപ്പം

തിരുഅവതാരത്തിലെ ഉണ്ണിയേശുവിനേയും ഗാഗുൽത്താമല കയറി തനിക്കുവേണ്ടി അവണ്ണനീയ പീഡകളും സഹിച്ച യേശുവിനേയും കണ്ടുകൊണ്ടിരിക്കുന്നു. ഈ യാത്രയിൽ യേശുവിന്റെ കുരിശിലാണ് ചാവറപിതാവു് അഭയവും ആശ്രയവും കണ്ടെത്തുന്നതു്. ഗാഗുൽത്തായാകുന്ന വിവാഹപ്പന്തലിൽ, കുരിശാകുന്ന മണവറയിൽ, യേശുവിനോടൊപ്പം യേശുവിൽ ആയിത്തീരുമ്പോഴാണ് പാപത്തെക്കുറിച്ചുള്ള തപിക്കൽ സ്നേഹത്തിന്റെ ജ്വലനം തന്നെയായി മാറുന്നതു്.

ചാവറപിതാവിന്റെ ജീവിതയാത്രയുടെ മൂന്നാംഘട്ടത്തിൽ യേശുവിന്റേയും, മാതാവിന്റേയും വികാരവിചാരങ്ങളും ജീവിതശൈലിയുമുള്ള ഒരു വ്യക്തിത്വമായിമാറുന്നു എന്നുകാണം. അവിടെയാണ് തിരിയലിന്റെ പൂർണ്ണത നാം കാണുക. ഈശോയും, മാതാവുമായും ഒന്നായിതീർന്ന ഒരു ജീവിതം. മൗതികാനുഭവത്തിന്റെ ഒരു ജീവിതം. രണ്ടായിരം വർഷങ്ങൾക്കുമുമ്പു് ഉണ്ടായ രക്ഷാകരസംഭവങ്ങളെല്ലാം ഇന്നിന്റേതായി മാറിയ ഒരു ജീവിതം.

അപ്പോൾ, ചാവറപിതാവിന്റെ ജീവിതം തിരിയലിന്റെയും ആയിതീരലിന്റേയും ഒന്നാകലിന്റേയും ഒരു കഥയാണെന്നു വരുന്നു. അതാണ് ആത്മാനുതാപം, അവിടെ അപ്പന്റെ തിരുവുള്ളം മാത്രമാണ് എവിടേയും ഏതു കായ്ത്തിനും മാനദണ്ഡം. അങ്ങനെ തെളിവിന്റേയും തെളിയിക്കലിന്റേതുമായ ഒരു ജീവിതം സമസ്തസൃഷ്ടികൾക്കും കാഴ്ചവെച്ച ധന്യാത്മാവാണ് ചാവറപിതാവു്. അതാണ് ആത്മാനുതാപം

അദ്ധ്യായം 3

# ആത്മാനുതാപവും മരിയ അഗ്രദായുടെ ദൈവത്തിന്റെ നഗരവും

ഫാ. ജി. അരഞ്ഞാണിയിൽ സി.എം.ഐ.

1602 ഏപ്രിൽ 2-ാംതീയതി സ്പെയിനിലെ അഗ്രദായിൽ മരിയ ജനിച്ചു. 1617-ൽ അഗ്രദായിലെ ഫ്രൻസിസ്കോസ് മഠത്തിൽ അവം ചേരുകയും 1625-ൽ മാധിപയായിത്തീരുകയും ചെയ്തു. അവളുടെ മരണംവരെ (1665) ആ സ്ഥാനം അലങ്കരിച്ചു. അവളുടെ വിവേകവും വിജ്ഞാനവും പുറംലോകത്തിലും അറിയപ്പെടുകയും രാജാക്കന്മാർ അവളുടെ ഉപദേശം തേടുകയും ചെയ്തിരുന്നു.

ദൈവമാതാവിനെപ്പറ്റി ലഭിച്ചുകൊണ്ടിരുന്ന വെളിപാടുകളും എഴുതണമെന്നുള്ള ആന്തരികവും ബാഹ്യവുമായ പ്രേരണകളെ കുറെ വർഷത്തോളം ചെറുത്തുനിന്നശേഷം അധികാരികളുടെ നിർബന്ധപൂർവ്വമായ കല്പനയനുസരിച്ച് അവം മറിയത്തിന്റെ ചരിത്രം പഠിച്ചുകൊല്ലാഞ്ഞ പരിശ്രമഫലമായി 1645-ൽ പൂർത്തിയാക്കിയെങ്കിലും ഒരു കമ്പസാരക്കാരന്റെ അവിവേകമായ നിർദ്ദേശമനുസരിച്ചു അതു ചുട്ടുകളഞ്ഞു. അതു് ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ വീണ്ടും അവർ നിർബന്ധിച്ചെങ്കിലും 10 വർഷത്തേക്ക് അതു നീട്ടിക്കൊണ്ടുപോയശേഷം കർശനമായ കല്പന കിട്ടിയപ്പോൾ 1655-ൽ ആരംഭിക്കുകയും 10 വർഷംകൊണ്ടു പൂർത്തിയാക്കുകയും ചെയ്തു. ഗ്രന്ഥം സ്പാനിഷിൽ ചിയൂദാദ് ദെ ദീയോസ് എന്നറിയപ്പെടുന്നു (ദൈവത്തിന്റെ നഗരം).

ദൈവത്തിന്റെ നഗരം പുറത്തുവന്നയുടനെ അതു മെത്രാന്മാരുടെയും കലാശാലകളുടെയും അംഗീകാരം പിടിച്ചുപറ്റി. ശക്തിയായ എതിർപ്പും ഉണ്ടായി. മാർപാപ്പാമാരുടെ കല്പനപ്രകാരം അതു വീണ്ടും വീണ്ടും പരിശോധിക്കപ്പെടുകയും തെറ്റിൽനിന്നു വിമുക്ത

മാണെന്നും ആദ്ധ്യാത്മികപാരായണത്തിനു പറ്റിയതാണെന്നും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണു്. പെട്ടെന്നു വിവിധ ഭാഷകളിലായി 60-ൽപരം പതിപ്പുകളുണ്ടായി. ഇംഗ്ലീഷു് തർജ്ജമയുണ്ടായതു 1912-ൽ ആണു്. അതുകൊണ്ടു ചാവറപിതാവു വായിച്ചതു് ഇറ്റാലിയനാകാനേ വഴിയുള്ള. ആത്മാനുതാപത്തിൽ കാണുന്ന പല ഇറ്റാലിയൻ പദങ്ങളും അതു സൂചിപ്പിക്കുന്നു.

1686-ൽ ഇന്നസെൻറു് മാർപാപ്പാ ദൈവത്തിൻറെ നഗരം പ്രസിദ്ധീകരിക്കുവാൻ അനുവാദം കൊടുത്തു. പിന്നീടു് അലക്സാണ്ടർ എട്ടു്, ക്ലെമൻറു് ഒമ്പതു്, ബനഡിക്ടു് 13, ബനഡിക്ടു് 14 എന്നീ മാർപാപ്പാമാരും അംഗീകാരം നൽകുകയുണ്ടായി. ഇംഗ്ലീഷു് പതിപ്പു്:- City of God *

Vol. I The Conception pp. 610
Vol. II The Incarnation pp. 608
Vol. III The Transfixion (Tra.) pp. 790
Vol. IV The Coronation (Cor.) pp. 668
Popular Abridgment (Abr.) PP. 794

**ദൈവത്തിൻറെ നഗരത്തിനു മരിയ എഴുതിയ ആമുഖം**

പരി. കന്യകാമറിയം പലപ്പോഴും പ്രത്യക്ഷപ്പെട്ടു മരിയയെ സഹായിക്കുകയും ശക്തിപ്പെടുത്തുകയുംചെയ്തിരുന്നു. മറിയത്തിൻറെ തിരുനാളുകളിൽ അവളുടെ ജീവിതം സംബന്ധിച്ചുള്ള ദർശനങ്ങളുണ്ടായിക്കൊണ്ടിരുന്നു. ഒരു തിരുനാളിൽ അത്യുന്നതൻ അവളെ അറിയിച്ചു. മറിയത്തിൻറെ ജീവിതരഹസ്യങ്ങളും എഴുതുവാൻ അവ അവരുടെ വെളിപ്പെടുത്തുവാൻ അവിടുന്നു് ആഗ്രഹിക്കുന്നുവെന്നു്. മാലാഖമാർ പ്രത്യേകിച്ചു രക്ഷാകരസംഭവങ്ങളുടെ സാക്ഷിയായ മിഖായേൽ അവളെ സഹായിച്ചു. മാതാവിൻറെ ദേവാലയപ്രവേശനത്തിരുനാളിൽ ഈശോ പ്രത്യക്ഷപ്പെട്ടു് അവളോടു പറഞ്ഞു തൻറെ അമ്മയായ മറിയത്തിൻറെ രഹസ്യങ്ങളും ആന്തരികപ്രവൃത്തികളും വെളിപ്പെടുത്തുവാനുള്ള സമയം അവിടുത്തെ നിഗൂഢ പദ്ധതിയനുസരിച്ചു സമാഗതമായി എന്നു്. അവരുടെ വെളിപ്പെടുത്ത

---

* ലേഖനത്തിൻറെ ആധാരം ഇംഗ്ലീഷുപതിപ്പാണു്.
Trl. by Friscar Marison, The Theopolitan, S. Chicago 1912

പ്പെടുന്നവ എഴുതുവാൻ ആജ്ഞാപിച്ചു. എങ്കിലും അധികാരികളുടെ നിർബന്ധപൂർവ്വമായ കല്പനയാണു് അതിനു് അവളെ പ്രേരിപ്പിച്ചതു്. അനുസരണത്തിന്റെ ശക്തിയിലാശ്രയിച്ചു് അവൾ തന്റെ വൈമനസ്യത്തെ ജയിച്ചു. മാതാവു് പ്രത്യക്ഷപ്പെട്ടു് അവിടുത്തെ നിയന്ത്രണത്തിൽ ചരിത്രമെഴുതുവാനുള്ള ശക്തി അവൾക്കു പ്രദാനം ചെയ്തു. 1655 ഡിസം. 8 അമലോത്ഭവ തിരുനാളിൽ ചരിത്രമെഴുതുവാൻ ആരംഭിച്ചു.

ദൈവദൂതന്മാർ വഴി ദൈവം മറിയയെ ശക്തിപ്പെടുത്തുകയും ശ്രദ്ധീകരിക്കുകയും ചെയ്തു. വ്യർത്ഥാഭിലാഷങ്ങളും ആസക്തികളും മാറുവാൻ ഹൃദയപൂർവ്വം പ്രാർത്ഥിച്ചപ്പോൾ യോഹന്നാൻ കണ്ട ദൃശ്യം – സ്ത്രീയുടെ രൂപം – അവൾക്കു പ്രത്യക്ഷയായി. പാപങ്ങളിൽനിന്നു ശുദ്ധീകരിക്കുവാൻ കുറെദിവസം അവൾ പരിശ്രമിച്ചപ്പോൾ യാക്കോബിന്റെ ഗോവണി അവൾ കണ്ടു. അതിന്റെ മുകളിൽ കർത്താവും മാതാവും. കാഴ്ചകൾ എഴുതുവാനുള്ള കല്പന അവൾക്കു കിട്ടി. പിതാവായ ദൈവം അരുളിച്ചെയ്തു: രക്ഷകൻ വഴി ദൈവികവെളിപാടും കാരുണ്യവും ലോകത്തിൽ വർഷിക്കപ്പെട്ടിട്ടും എല്ലാം വിസ്മരിച്ച പാപാന്ധകാരത്തിലാണ്ടിരിക്കുന്ന മനുഷ്യർക്കു ഈ നാളുകളിൽ രക്ഷയുടെ കവാടം തുറക്കുകയാണു്. അതു കണ്ടെത്തുന്നവർ, രഹസ്യങ്ങൾ മനസ്സിലാക്കുന്നവർ ഭാഗ്യവാന്മാർ. ആദിമസഭയിൽ ഈ രഹസ്യങ്ങൾ വെളിപ്പെടുത്തപ്പെട്ടില്ല. കാരണം സുവിശേഷത്തിന്റെ പുതിയ ജീവിതം ആരംഭദശയിലായിരുന്നു. മാംസമായ വചനത്തിന്റെ മാതാവിന്റെ വെളിപാടു് അന്നു സ്വീകരിക്കുവാനുള്ള കഴിവു മനുഷ്യർക്കില്ലായിരുന്നു. ഇന്നു് ഈ വെളിപാടിന്റെ കൂടുതൽ ആവശ്യമുള്ളതുകൊണ്ടു മനുഷ്യന്റെ ദുഷ്ടമനഃസ്ഥിതി അവഗണിക്കുവാൻ ഞാൻ പ്രേരിതനാകുന്നു. ജീവജലത്തിനായി ദാഹിക്കുന്നവർ, വെളിച്ചം തേടുന്നവർ, അതു സ്വീകരിക്കട്ടെ.

## ആത്മാനുതാപവും ദൈവത്തിന്റെ നഗരവുമായുള്ള ബന്ധം – പൊതുപരാമർശം

ദൈവത്തിന്റെ നഗരവുമായുള്ള ബന്ധത്തെപ്പറ്റി ആത്മാനുതാപത്തിന്റെ അന്ത്യപാദത്തിൽ (25–27) പ്രത്യക്ഷമായി പറയുന്നുണ്ടു്:–

മംഗലൻസുതനമ്മേ തോപ്പിപ്പാനായിച്ചെയ്തു
എന്നതിലിതു മുഖ്യം താൻതന്നെ ''മാര്യാഗ്രതാ''
എന്നവംക്കറിയിച്ചു നാം മൃത്യു കൈക്കൊണ്ടതാൻ.....

ആത്മാനുതാപത്തിന്റെ ആദ്യത്തെ രണ്ടു പാദങ്ങളിൽ ചാവറയച്ചന്റെ ജീവിതത്തെപ്പറ്റിയുള്ള വിചിന്തനമാണെന്നു പറയാം. മൂന്നാംപാദത്തിൽ മിശിഹായുടെ ജീവിതമാധാരമാക്കിയുള്ള ചാവറയച്ചന്റെ ധ്യാനമാണു്. മാതാവിനെപ്പറ്റി പ്രതിപാദിച്ചുകൊണ്ടു നാലാംപാദം ആരംഭിക്കുകയും മാതാവിനോടു ദീർഘമായി അപേക്ഷിച്ചുകൊണ്ടു് ആത്മാനുതാപം അവസാനിപ്പിക്കുകയും ചെയ്യുന്നു. ഒമ്പതാംപാദത്തിലെ മാതൃദുഃഖംതൊട്ടു പന്ത്രണ്ടാം പാദത്തിന്റെ അവസാനംവരെയുള്ള ഭാഗങ്ങളും മാതാവിന്റെ ചരിത്രമാണു വർണ്ണിക്കുന്നതു്. നലുമുതൽ എട്ടുവരെയുള്ള പാദങ്ങളിലും മാതാവിനു വളരെ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. നാലാംപാദം കന്യകാമാതാവിന്റെ ബത്ലേഹം യാത്രയും അഞ്ചാംപാദം തിരുപ്പിറവിയും മാതാവിന്റെയും യൗസപ്പുപിതാവിന്റെയും ആരാധനാഭാവങ്ങളും വർണ്ണിക്കുന്നു. ആറാംപാദത്തിൽ മിശിഹായുടെ രണ്ടാമാഗമനത്തെപ്പറ്റി മാതാവിന്റെ വാക്കുകളിൽ ദീർഘമായി വർണ്ണിക്കുന്നു. തന്റെ പാപങ്ങളെപ്പറ്റി ഓർക്കുമ്പോഴും കവി പലപ്പോഴും മാതാവിൽ അഭയം പ്രാപിക്കുന്നതായി കാണാം. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാതൃവീക്ഷണത്തിനു ''ദൈവത്തിന്റെ നഗരം'' സഹായിച്ചിട്ടുണ്ടെന്നു ന്യായമായി അനുമാനിക്കാം.

മൂന്നാംപാദത്തിൽ ഒരു ഭാഗത്തുമാത്രം അഗ്രദായുമായി ബന്ധം കാണുന്നുള്ളു. അഞ്ചു മുതൽ ഏഴുവരെയുള്ള പാദങ്ങളിൽ പലസ്ഥലങ്ങളിൽ അഗ്രദായുടെ സ്വാധീനം കാണുന്നു. എട്ടാംപാദം മുതൽ ആത്മാനുതാപത്തിന്റെ അവസാനം വരെയുള്ള ഭാഗങ്ങളും മറിയ അഗ്രദായെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു്. ഇതിൽ മാതൃദുഃഖംമാത്രം ചാവറയച്ചന്റെ ഭാവനാസൃഷ്ടിയാണു്.

**വിശദാംശങ്ങളിലേക്കു കടന്നാൽ**

**മൂന്നാംപാദം** മാലാഖ മാതാവിന്റെ കൈകളിൽ നൽകിയ അലാഹാപുത്രൻ VV. 29-30 Ab. p. 310

**അഞ്ചാംപാദം** മാതാവും യൗസപ്പും കാലിത്തൊഴുത്തിലേക്കു പോയപ്പോൾ ദൈവദൂതർ വെളിച്ചം തുകി.
VV. 9-10 Ab. p. 300

രാത്രി ഏറെയായതുകൊണ്ട് വിശ്രമിക്കണമെന്ന് മാതാവ് യൗസേപ്പിതാവിനോട് അപേക്ഷിക്കുന്നു. VV. 13-16 Ab. 305

'സൂര്യാഭ പളുങ്കിനെ കടക്കുന്നതുപോലെ' എന്ന് പിറവിയെപ്പറ്റി പറയുന്നു. VV. 49-50 Ab. P. 309

വി. മിഖായേലും വി. ഗബ്രിയേലും ഈശോ മറിയത്തിന്റെ ഉദരത്തിൽനിന്നും പുറത്തുവന്നപ്പോൾ തങ്ങളുടെ കരങ്ങളിൽ സ്വീകരിച്ച് മാതാവിന്റെ കരങ്ങളിൽ കൊടുത്തു. ഉണ്ണീശോ മാതാവിനെ നോക്കി പറഞ്ഞു – 'എന്നെ അനുഗമിക്കുക'

VV. 68-80 Ab. 310

ആനന്ദപാരവശ്യത്തിൽ മുഴുകിയിരുന്ന യൗസേപ്പിനെ മാതാവു വിളിച്ചപ്പോൾ അടുത്തുവന്ന് മാതൃകരങ്ങളിലിരിക്കുന്ന ദൈവശിശുവിനെ ആരാധിച്ചു. സന്തോഷാധിക്യത്തിൽ ഉണ്ണീശോയുടെ പാദങ്ങൾ ചുംബിച്ചു.* VV. 105-126 Ab. P. 314

**ആറാം പാദം**

ഉണ്ണീശോയെ കാണാൻ വന്ന ശാന്തിയെന്ന ഇടയസ്ത്രീയുടെ ചോദ്യത്തിനുത്തരമായി മാതാവ് മിശിഹായുടെ രണ്ടുതരത്തിലുള്ള ആഗമനത്തെപ്പറ്റി വിവരിച്ചുപറയുന്നു. മനുഷ്യരക്ഷക്കുവേണ്ടി എളിമയിലും ബലഹീനതയിലും ആദ്യം വരുന്നു. പിന്നീട് മനുഷ്യരെ വിധിക്കുവാൻ അവസാന നാളുകളിൽ മഹിമയോടും ശക്തിയോടും കൂടി വരുന്നു. ചാവറയച്ചൻ തന്റെ ഭാവനയുപയോഗിച്ച് വി. ലിഖിതങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ മഹത്പൂർണ്ണമായ ആഗമനം വിവരിക്കുന്നു മാതാവിന്റെ വാക്കുകളിൽ.

'ദൈവത്തിന്റെ നഗര'ത്തിൽ, ബാലനായ ഈശോ ദേവാലയത്തിൽവച്ച് മിശിഹായുടെ എളിമയിലും സഹനത്തിലുമുള്ള ആദ്യത്തെ ആഗമനത്തെപ്പറ്റിയും മഹത്പൂർണ്ണമായ രണ്ടാമത്തെ ആഗമനത്തെപ്പറ്റിയും വേദപണ്ഡിതരോട് പറയുന്നുണ്ട്. ചാവറയച്ചന്റെ വിവരണത്തിനു് അത് ആധാരമായെന്നു് ന്യായമായി അനുമാനിക്കാം. VV. 37-262 Tra. PP. 49-52

---

* ആത്മാനുതാപത്തിൽ, മാതാവ് ഉണ്ണിയെ യൗസേപ്പിന്റെ കരങ്ങളിൽ കൊടുക്കുന്നു.

ഛേദനാചാരത്തിനു മുമ്പ് മാലാഖമാരുടെ ഗണങ്ങൾ വന്നു. അവരിൽ ചിലരുടെ മാറിടത്തിൽ 'ഈശോ' എന്ന നാമം എഴുതപ്പെട്ടിരുന്നു. 'ഈശോ' എന്ന നാമം കൈകളിൽ വഹിച്ചുകൊണ്ട് മീഖായേലും ഗബ്രിയേലും ആ പ്രദക്ഷിണം നയിച്ചിരുന്നു.
VV. 264-288 Ab. PP. 326-327

**ഏഴാം പാദം**

'രക്തപ്പിയനാം വ്യാഘ്രമെന്നപോൽ' കർത്താവിനെ ബന്ധിക്കാനായി പടയാളികൾ ഒരുമ്പെട്ടു V. 372

അപ്പോൾ അവർ ഭയങ്കര വ്യാഘ്രങ്ങളെപ്പോലെ ശാന്തമായ കുഞ്ഞാടിന്റെ മേൽ ചാടിവീണു. Tra. 501

മാതാവ് ഈജിപ്തിൽവച്ച് ഈശോയെ ധരിപ്പിച്ച, ഈശോയോടൊത്ത് വളർന്ന ഉടുപ്പ് ഊരി അവർ അവിടുത്തെ തൂണിനോട് ബന്ധിച്ചു. VV. 440-454 Tra. P. 605

പിന്നെയുമടിയതിലടിക്കാ നിമിത്തമായ്
സുന്ദരദേഹഖണ്ഡം ചിതറി വീഴുന്നയ്യോ! VV. 461-2

ചമ്മട്ടിയടികൊണ്ട് മാംസക്ഷണങ്ങൾ തെറിച്ചു നിലത്തു വീണു. Tra. 607

ഇതാ മനുഷ്യനെന്നു പറഞ്ഞുകൊണ്ട് പീലാത്തോസ് ഈശോയെ ജനങ്ങൾക്കു കാണിച്ചുകൊടുത്തപ്പോൾ മാതാവ് ഭക്തിയോടെ തന്റെ സുതന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു.
VV. 507-19 Tra. 613

കാഴ്ചക്കാർ കാണുമ്പോൾ ഈശോയാണെന്നു മനസ്സിലാക്കുവാൻ യഹൂദ പ്രമാണികളുടെ പ്രേരണയനുസരിച്ച് ഈശോയെ അവിടുത്തെ വസ്ത്രം ധരിപ്പിച്ച് കുരിശ് അവിടുത്തെ തോളിൽ വച്ചുകൊടുത്തു. VV. 580-82 Tra. P. 620

560–609 ഈരടികൾ അഗ്രിമായിൽ കൊടുത്തിരിക്കുന്ന പീലാത്തോസിന്റെ നീണ്ട വിധി വാചകത്തെ അടിസ്ഥാനപ്പെടുത്തി (Tra. 624-25), വലിയ മാറ്റമില്ലാതെ രചിച്ചിരിക്കുന്നതാണ്. അവാസനിക്കുന്നത് ശ്രദ്ധേയമാണ് :–

സുവർണ്ണലോകസൃഷ്ടിക്കയാകം സഹസ്രവും
രണ്ടുനൂർമുപ്പതുംമൂന്നുമാം കാലമിതിൽ

വീണമാസമാം മീനമിരുപത്തഞ്ചും വെള്ളി
എന്നയീദിവസത്തിൽ ചെയ്തിതുതീർപ്പു നാമും
മന്നഹാസനാൽ റോമ എബ്രുദോറിന്റെ പേർക്കായ്
യേല്പട്ട ഗലീലായിൽ ഗോവണ്ണത്തോരും തഥാ
യൊല്പെട്ട നീതികരൻ പൊന്തിയോസ് പീലാത്തോന്റെ നാം

VV. 605-9 Tra. 624-625

**എട്ടാം പാദം**

കുരിശിന്റെ നീളം 15 അടി.

ഈശോ കുരിശിനെ അഭിസംബോധന ചെയ്യുന്നു :–
ഏറാം പ്രിയ കുരിശേ, നിന്റെ കൈകളിൽ എന്നെ സ്വീകരിച്ചാലും. മനുഷ്യരെ പിതാവിങ്കലേക്കു നയിക്കുവാൻ, നീയാകുന്ന അംഗത്താരയിൽ എന്നെത്തന്നെ ബലിയർപ്പിക്കാൻ ഞാൻ എത്രയോ ആഗ്രഹിച്ചു. നിന്നിൽ മരിക്കുവാനായി ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങുകയും സഹനശരീരം സ്വീകരിക്കുകയും ചെയ്തു. എന്റെ വിജയത്തിന്റെ ആയുധമാണു നീ, മോക്ഷം തുറക്കാനുള്ള താക്കോലാണു നീ. എന്നെ അനുഗമിക്കുന്നവർ നിന്നെ തേടുന്നതിനായി അപമാനവും നിന്ദനവും ഞാൻ ആകർഷകമാക്കും നീ വഴിയായി. VV. 13-34 Tra. 627

ഈശോ പിതാവിനോടു പ്രാർത്ഥിക്കുന്നു :–
പ്രിയ പിതാവേ, നിത്യനായ ദൈവമേ, അങ്ങ് ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവാണ് (അഗ്രദായിൽ–നാഥൻ). നിന്റെ ഹിതത്തിനു വിധേയനായി ബലിയർപ്പണത്തിനുള്ള വീറ് ഞാൻ തോളിലേറ്റുന്നു. അതുവഴി മനുഷ്യർ ഇനിമേൽ ദാസരല്ല പ്രത്യുത പുത്രരും എന്നോടൊത്ത് നിന്റെ രാജ്യത്തിനു് അവകാശികളുമാകുന്നതിനായി. VV. 35-43 Tra. P. 627

ഈശോ കുരിശു സ്വീകരിച്ചു ഉടനെ കാവൽ മാലാഖമാർ നാഥന്റെ മുമ്പിൽ പ്രണമിച്ചു. ഉടനെ തന്നെ മറിയം കുമ്പിട്ട് നാഥനെ വന്ദിച്ചു (അഗ്രദായിൽ, മറിയം കുരിശിനെ വന്ദിച്ചുവെന്നാണ്).

VV. 46-48 Tra. 627

കുരിശുവഹിച്ചുകൊണ്ടുപോകുന്ന നാഥനോട് മറിയ അഗ്രാ
പ്രാർത്ഥിക്കുന്ന പാട്ടുകളുടെ പാട്ട് 1, 3 ഉദ്ധരിച്ചുകൊണ്ട് :

'നിന്റെ മധുരപൂണ്ണമായ പരിമളത്തിന്റെ
പിന്നാലെ ഓടുവാൻ എന്നെ ആകർഷിക്കണമെ'

ചാവറയച്ചൻ, ഈശോയുടെ, കുരിശും വഹിച്ചുകൊണ്ടുള്ള
ഗാഗുൽത്തായിലേക്കുള്ള യാത്ര മണവറയിലേക്കുള്ള വിവാഹ
ഘോഷയാത്രയായി കാണുന്നു. VV. 70-100 Tra. 632

കുരിശിന്റെ ഭാരം കുറക്കാൻ ആരെയെങ്കിലും സഹായത്തി
ന വിളിക്കണമെന്നു മാതാവു പ്രാർത്ഥിച്ചതനുസരിച്ച്, ശിമ
യോൻ കുരിശുവഹിക്കുവാൻ ഈശോ ഇടയാക്കി. മറിയം നി
ത്യപിതാവിനോട പ്രാർത്ഥിക്കുകയും അവളുടെ താല്പര്യമനുസരി
ച്ച് ഈശോയെ അടുത്തുകാണുവാൻ മാലാഖമാർ മാതാവിനെ
സഹായിക്കുകയും ചെയ്തു (ആത്മാനുതാപത്തിൽ, ഈശോ മാലാഖ
മാരോട് കല്പിക്കുന്നു). VV. 115-125 Tra. 634

പുതിയ, സാക്ഷാൽ, ഇസഹാക്ക് ബലിയുടെ മലയിൽ എ
ത്തിച്ചേർന്നു (Tra. 642). രണ്ടാം ഇസഹാക്ക് ഗാഗുൽത്തായിൽ
ചെന്നു. V. 130

കുരിശിൽ തറക്കുവാനായി പടയാളികൾ ഈശോയുടെ വ
സ്ത്രങ്ങൾ നീക്കുന്ന സമയത്ത് മറിയം സ്വപുത്രനെ മനുഷ്യരക്ഷ
ക്കായി നിത്യപിതാവിനു സമർപ്പിച്ചു. കയ്പു കലർത്തിയ പാ
നീയം കുടിക്കരുതെന്നുള്ള മാതാവിന്റെ പ്രാർത്ഥന കേട്ട് ഈശോ
രുചിക്കുകമാത്രം ചെയ്തു. VV. 131-141 Tra. 643-44

ഒന്നായ് നെയ്ത തിരുവസ്ത്രം മുറിമുടിയെടുക്കാതെ നീക്കിയ
പ്പോൾ, വസ്ത്രത്തോടുകൂടി മുടിയും പോരുകയും ചിലമുള്ളുകൾ ത
ലയിൽ ഒടിഞ്ഞിരിക്കുകയും ചെയ്തു. പീഡാനുഭവസമയത്ത് നാ
ലുപ്രാവശ്യം തിരുവസ്ത്രം ഊരുകയുണ്ടായി. നാലാം പ്രാവശ്യ
ത്തേത് ഏറ്റവും വേദനാജനകമായിരുന്നു. അപ്പോൾ യേശുയ
കുളിർക്കാറ് അവിടത്തെ വേദന വർദ്ധിപ്പിച്ചു. മാതാവു ആ
ഗ്രഹിച്ചതുകൊണ്ട്, മാതാവിനെ അനുസരിക്കുന്നതിനായി അ
യിലെ വസ്ത്രം മാറുവാൻ ഈശോ പടയാളികളെ അനുവദിച്ചില്ല.
VV. 142-159 Tra. 645-46

പടയാളികൾ കുരിശിൽ തറക്കുന്നതിനായി ഒരുങ്ങുമ്പോൾ, ഈശോ തന്റെ മാതാവിനെ നിത്യപിതാവിനു് സമർപ്പിച്ചു് ശിഷ്യർക്കും തന്നെ അനുഗമിക്കുന്ന തിരഞ്ഞെടുക്കപ്പെട്ടവർക്കും സകല പാപികൾക്കും ഘാതകർക്കും വേണ്ടി പ്രാർത്ഥിച്ചു. മാതാവും അതുപോലെയപേക്ഷിച്ചു. (അഗ്രിദായിൽ, എല്ലാവരെയും ഈശോ പിതാവിനു സമർപ്പിച്ചു് ഘാതകർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.)

VV.160-166 Tra. 646-47

ഈശോയെ കുരിശിൽ കിടത്തി ആണിപഴുതുകൾ പടയാളികൾ അടയാളപ്പെടുത്തി. അപ്പോൾ മാതാവു് ചെന്നു് അവിടുത്തെ കരം ചുംബിച്ചു. അവിടുത്തെ ദുഃഖം വർദ്ധിപ്പിക്കുന്നതിനായി പടയാളികൾ അതുതടഞ്ഞില്ല. ഒരു കരം തറച്ചശേഷം മറേറകരം ആണിപഴുതിലെത്താതിരുന്നതിനാൽ കരംകെട്ടി ക്രൂരമായി വലിച്ചു തറച്ചു. പിന്നെ ആണികളുടെമുന മടക്കുന്നതിനായി കുരിശു മറിച്ചിടുന്നതിനായി കൊലയാളികൾ ഒരുങ്ങിയപ്പോൾ മാതാവു് പിതാവായ ദൈവത്തോടു പ്രാർത്ഥിച്ചതനുസരിച്ചു്, ഈശോയുടെ ശരീരം നിലത്തുമുട്ടാതെ മാലാഖമാർതാങ്ങി വായുവിൽ നിറുത്തി.

VV. 167-197 Tra. 648-52

കുരിശുയുയർത്തുന്നതിനുവേണ്ടി ചിലർ കന്തംകൊണ്ടും മറും അവിടുത്തെ കക്ഷത്തിലും മറുഭാഗത്തും കുത്തിപൊക്കി. ഈ മ്ലേഛത കണ്ട ജനങ്ങളിൽ നിന്നും പ്രതിഷേധം ഉയർന്നു. ചിലർ ഇശോ നിതിമാനാണെന്നു പറയുകയും ചിലർ കരയുകയും ചെയ്തു.

VV.200-216 Tra. 653

കുരിശിൽനിന്നും പ്രവഹിച്ച രക്തം, രക്ഷകന്റെ നീച്ചാലിനെപ്പററി ഏശയ്യാ പറഞ്ഞ പ്രവചനം പൂർത്തിയാക്കി. യൂദാജനത്തിന്റെ ദുഷ്ടതകണ്ടു്, അവർ വിശ്വസിക്കുന്നതിനായി അടയാളം കാണിക്കണമെന്നു് മറിയം പിതാവിനോടു് പ്രാർത്ഥിച്ചതനുസരിച്ചു് സൂര്യൻ മറയുകയും ഭൂമികുലുങ്ങുകയും മറടയാളങ്ങളുണ്ടാകുകയുംചെയ്തു. (അഗ്രദായിൽ, പ്രാർത്ഥനയ്ക്കുശേഷം മറിയം പ്രകൃതി ശക്തികളോടു് ആജ്ഞാപിക്കുന്നു.)

പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നുവെന്നു് ഈശോ അരുളിച്ചെയ്തപ്പോൾ ലൂസിഫറും കൂട്ടരും നരകത്തിൽവീണു. VV. 224-255 Tra. 654-63

**ഒമ്പതാം പാദം**

തന്റെ സുതന്റെ ശരീരം എങ്ങനെ സംസ്കരിക്കണമെന്ന് മാതാവ് മാലാഖാമാരുമായി ആലോചിക്കുന്നസമയം ലോങ്കിനസ് ഈശോയുടെ തിരുവിലാവ് കുത്തിത്തുളച്ചു. അപ്പോഴം അവന്റെ കണ്ണിൽവീണ രക്തം അവന്റെ നയനങ്ങൾക്കും ആത്മാവിനും കാഴ്ചനൽകി. മാതാവിന്റെ പ്രാർത്ഥനകേട്ട് ദൈവം സ്നേഹിതരെ അയച്ചു. കുരിശിൽ നിന്ന് ശരീരം ഇറക്കുന്നതിനേരം അല്പം മാറിനില്ക്കണമെന്ന് യൗസേപ്പ് അഭ്യർത്ഥിച്ചെങ്കിലും പുത്രതായുണ്ടാകുന്ന വേദന ആശ്വാസം പകരുമെന്നു പറഞ്ഞുകൊണ്ട് മാതാവ് കുരിശിൻ ചുവട്ടിൽ നിന്നു. VV. 5-82 Tra. 700-703

അവർകൊടുത്ത മുഖംമൂടി മറിയം ഭക്തിപൂർവ്വം ചുംബിച്ച് കണ്ണുനീരുകൊണ്ട് നനച്ചു. തിരുശരീരം കുരിശിൽനിന്നിറക്കിയപ്പോൾ യോഹന്നാൻ ശിരസും മഗ്ദലേന കാലുകളും താങ്ങി മുട്ടുകുത്തിനില്ക്കുന്ന മാതാവിന്റെ കരങ്ങളിൽ ഏല്പിച്ചു. ആരാധനാപൂർവ്വം രക്തക്കണ്ണുനീർ ചിന്തിക്കൊണ്ട് മറിയം കീറിമുറിഞ്ഞ തന്റെ സുതന്റെ ശരീരം വീക്ഷിച്ചുകൊണ്ട് കുറെസമയം ചിലവഴിച്ചപ്പോൾ ശരീരം സംസ്കരിക്കുവാൻ തിരുമനസ്സാകണമെന്ന് യോഹന്നാനും യൗസേപ്പും അപേക്ഷിച്ചു. VV. 86-124 Tra. 707-709

തിരുശരീരം സംസ്കരിക്കുമ്പോൾ സ്വർഗ്ഗത്തിൽനിന്നും മാലാഖമാരുടെ ഗണങ്ങളിറങ്ങി. സംസ്കാരശേഷം വീണ്ടും കുരിശിൻ ചുവട്ടിൽവന്ന് വന്ദിച്ചശേഷം മാതാവും മറും സെഹിയോൻശാലയിലേയ്ക്കുപോയി. VV. 129-30; 151-154 Tra. 708-10

**മാതൃ ദുഃഖം**

സെഹിയോൻശാലയിലെ ഭക്തസമൂഹം ഭക്ഷണംകഴിക്കണമെന്ന് മറിയത്തോടപേക്ഷിച്ചെങ്കിലും അവളുടെ ആശ്വാസം ഉയർത്ത നാഥനെ കാണുകയാണെന്നും അവനോട് ആശ്വസിക്കുവാൻ പറയുകയുംചെയ്തു. പിന്നീട് ഭക്തസ്ത്രീകൾക്കും ഭക്ഷണംകൊടുക്കുവാൻ യോഹന്നാനോടും ആവശ്യപ്പെട്ടു VV. 5-16 Tra. 714-16

ആ രാത്രിയിൽ മാതാവ് തന്റെ പുത്രന്റെ പീഡാനുഭവങ്ങളെപ്പറ്റിയും മനുഷ്യരക്ഷാരഹസ്യങ്ങളെപ്പറ്റിയും അതീവ ദുഃഖത്തോടെ കരഞ്ഞുകൊണ്ടും ദൈവത്തെ സ്തുതിച്ചുകൊണ്ടും ചിലവഴിച്ചു

വെന്നതു ഒരു പൊതു പ്രസ്താവനമാത്രം മറിയ അഗ്രോയിൽ (Tra. 716-17) കാണുന്നു.

ആത്മാനുതാപത്തിലാകട്ടെ, കുറെസമയത്തെ പീഡാനുഭവചിന്തകൾക്കുശേഷം, മാതാവു് മംഗലവാർത്തതൊട്ടു് തന്റെ സുതന്റെ ജീവിതത്തിലെ ഓരോ സംഭവവും ഓർത്തുകൊണ്ടു് ദുഃഖിക്കുന്നതായി കാണുന്നു. മാതൃദുഃഖം 22–176. ആശീർവാദമപേക്ഷിച്ചു. ഈശോ ആശീർവാദം നൽകി, തന്റെ കാൽപ്പാദങ്ങളുടെ അടയാളം കല്ലിൽ പതിച്ചു് മുകളിലേയ്ക്കുയർന്നു.

VV. 10,96-118 Tra. 770-72

വിശ്വാസികളെ മർദ്ദിച്ചിരുന്ന സാവോളിനെ ലൂസിഫറുംകൂട്ടരും സഹായിക്കുന്നതു മനസ്സിലാക്കിയ മറിയം അയാളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രാർത്ഥനകേട്ടു് കർത്താവു് സാവൂളിനെ മാനസാന്തരപ്പെടുത്തുകയുംചെയ്തു.

VV. 141-156 Cor. 239-47

മാതാവു് യോഹന്നാനോടുകൂടി എഫേസോസിലേക്കുപോകുവാനൊരുങ്ങുമ്പോൾ ഈശോ പ്രത്യക്ഷപ്പെട്ടു് സ്ലെയിനിലുള്ള സരഗോസായിൽ താമസിക്കുന്ന യാക്കോബു്ശ്ലീഹായെ സന്ദർശിച്ചു് ഓർശ്ലത്തുവന്നു് തനിക്കുവേണ്ടി രക്തസാക്ഷിയായി മരിക്കണമെന്നുള്ളകാര്യം അറിയിക്കണമെന്നു് നിർദ്ദേശിച്ചരുൾചെയ്തു. മാതാവു് മേഘത്തേരിൽ മാലാഖമാരുടെ അകമ്പടിയോടുകൂടി അവിടെ എത്തി ശ്ലീഹായെ സന്ദർശിച്ചു. മാലാഖമാർ മറിയത്തിന്റെ ഒരു രൂപം വണക്കത്തിനായി അവിടെ സ്ഥാപിച്ചശേഷം മറിയത്തെ മേഘത്തേരിൽ തിരിച്ചു് ഓർശ്ലത്തു കൊണ്ടുവന്നു.

VV. 192-214 Cor. 319-26

മാതാവു് സ്ലെയിനിൽനിന്നു വന്നയുടനെ യോഹന്നാനോടുകൂടി എഫേസോസിലേക്കു് ജലമാർഗ്ഗം യാത്രയായി. സൃഷ്ടികളുടെ രാജ്ഞിയെ കാണാൻ ജലജീവികളും കപ്പലിനുചുറ്റും തിങ്ങിക്കൂടിയതിനാൽ മാർഗ്ഗതടസ്സമുണ്ടായപ്പോൾ, അവളുടെ വാഴ്വു് കിട്ടാൻ കാത്തുനില്ക്കുന്ന മത്സ്യങ്ങളെ ആശീർവദിക്കണമെന്നു് യോഹന്നാൻ മറിയത്തോടപേക്ഷിച്ചു. അതുകേട്ടു് മറിയം കടൽജീവികളെ ആശീർവദിച്ചപ്പോൾ അവയെല്ലാം പിരിഞ്ഞുപോയി.

VV. 216-250 Cor. 339-343

എഫേസോസിലെ വിശ്വാസികൾ കൊടുത്ത ഒരു പാവപ്പെട്ട വീട്ടിൽ മറിയം താമസിച്ചു. സ്പെയിനിൽ നിന്നും തിരിച്ചുവന്ന യാക്കോബ് ശ്ലീഹാ മറിയത്തെ സന്ദർശിക്കുകയും തന്റെ മരണസമയത്ത് സഹായിക്കണമെന്ന് മാതാവിനോട് അപേക്ഷിക്കുകയുംചെയ്തു. ഒർശ്ലേമിലെത്തിയ യാക്കോബിനെ ഹേറോദോസ് ബന്ധനസ്ഥനാക്കി. ദൈവനിർദ്ദേശമനുസരിച്ച് മാതാവ് മാലാഖമാരുടെ സഹായത്തോടെ ഓർശ്ലേമിലെത്തി മരണസമയത്ത് യാക്കോബിനെ ധൈര്യപ്പെടുത്തി.

പിറെദിവസം രാവിലെ യോഹന്നാൻ വന്നപ്പോൾ പത്രോസിനെയും മറ്റു ശ്ലീഹന്മാരെയും അന്വേഷിക്കാൻ മാതാവ് ആവശ്യപ്പെട്ടു. ആദ്യം പത്രോസ് മാതാവിന്റെ പക്കൽവന്ന് തന്റെ കുറ്റം ഏറ്റുപറഞ്ഞു. അപ്പോൾ മാതാവ് ഈശോയുടെ ക്ഷമ വാഗ്ദാനം ചെയ്തു. (ആത്മാനുതാപത്തിൽ മറ്റുള്ളവരുടെ മുമ്പിൽവച്ചാണ് പത്രോസ് കുറ്റം ഏറ്റുപറഞ്ഞത്.) മാതൃദുഃഖം 189–232 Tra. 717

**പത്താം പാദം**

ഞായറാഴ്ച രാവിലെ മാലാഖമാരോടും വിശുദ്ധരോടുംകൂടെ ഈശോ കല്ലറയിലെത്തി. മാലാഖമാർ രക്തവും ശരീരത്തിന്റെ വേർപെട്ടുപോയ എല്ലാഭാഗങ്ങളുമായി വന്നുനിന്നു. പിതാക്കന്മാരും വിശുദ്ധരുമെല്ലാം അവിടത്തെ കീറിമുറിഞ്ഞ ശരീരംകണ്ടു. പൂർണ്ണമാക്കിയ ശരീരത്തിൽ ഈശോയുടെ ആത്മാവ് പ്രവേശിക്കുകയും മഹത്വത്തോടെ അവിടുന്ന് ഉയർക്കുകയുംചെയ്തു. എല്ലാവരോടുംകൂടെ മാതാവിന്റെ പക്കലെത്തി. ഈശോ മാതാവിനെ ആലിംഗനംചെയ്തപ്പോൾ അവൾ ദൈവദർശനത്തിലേക്കുയർത്തപ്പെട്ടു. അതിനുശേഷം മാതാവ് തന്റെ മാതാപിതാക്കളോടും വി. യൗസേപ്പിനോടുംസന്തോഷിച്ചു. VV. 1-56 Tra. 727-34

വേറെ ദിവസം പരി. ത്രിത്വം പ്രാർത്ഥിച്ചിരുന്ന സ്ഥലത്തു പ്രത്യക്ഷപ്പെട്ട് മറിയത്തെ സിംഹാസനത്തിലിരുത്തി. പിതാവ് സഭയെ അവളുടെ സംരക്ഷണയിലേല്പിച്ചു. പരിശുദ്ധാത്മാവ് ദാനങ്ങൾ നല്കുകയും സുതൻ തന്റെ അമ്മയുടെ കരങ്ങളിൽ സഭയെ ഏല്പിച്ചുകൊടുക്കുകയുംചെയ്തു. മറിയം സൃഷ്ടികളുടെ രാജ്ഞിയും*

*''സൃഷ്ടിപ്പിൻരാജ്യം'' എന്ന് ആത്മാനുതാപത്തിൽ കാണുന്നത് 'രാജ്ഞി' യായിരിക്കണം 10,91

എന്നും സഭയുടെ സംരക്ഷകയും പാപികളുടെ മദ്ധ്യസ്ഥയുമാണെന്ന പിതാവു് പ്രഖ്യാപനംചെയ്തു. VV. 65-92 Tra. 760-61

സ്വർഗ്ഗാരോഹണത്തിനുമുമ്പു് മാതാവും ശ്ലീഹന്മാരുമടങ്ങിയ 120 വിശ്വാസികളും സെഹിയോൻശാലയിൽ ഒരുമിച്ചുകൂടുകയും അവരോടൊത്തു് ഈശോ ഒലിവുമലയിലേക്കുപോയി. ഈശോയോടുചേർന്നു് മാതാവു് നടന്നു. മാലാഖമാരുടെയും പിതാക്കന്മാരുടെയും ഗണം അദൃശ്യരായി അവരെ അനുഗമിച്ചു. മലമുകളിലെത്തിയപ്പോൾ മാതാവു് സുതന്റെ മുമ്പിൽ പ്രണമിച്ചു് രക്തസാക്ഷിമകുടം ചൂടിയ യാക്കോബു്ശ്ലീഹായുടെ ആതു്മാവിനെ മറിയം തന്നെ സ്വർഗ്ഗത്തിൽ തന്റെ സുതനു് സമർപ്പിച്ചു.

TV. 252-86 Cor. 344-62

പിന്നീടു് മാതാവു് എഫേസോസിൽ തിരിച്ചെത്തി. തന്റെ സുതനോടു പ്രാർത്ഥിച്ചു് സഭക്കെതിരെ ശക്തമായി പോരാടിക്കൊണ്ടിരുന്ന ലൂസിഫറിനെയും ദൂതന്മാരെയും പാതാളത്തിലാഴ്ത്തി. കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്ന പത്രോസിനെ മാലാഖാ വഴി മറിയം സ്വതന്ത്രനാക്കി. എഫേസോസിലെ ഡയാനാ ക്ഷേത്രത്തിലുണ്ടായിരുന്ന കുപ്രസിദ്ധ കന്യകമാരെയും ക്ഷേത്രത്തെയും മാതാവു് സുതനോടു് പ്രാർത്ഥിച്ചു് മാലാഖാ വഴി നശിപ്പിച്ചു.* അവിടെയുണ്ടായിരുന്ന നിഷ്കളങ്കരായ ഒമ്പതു കന്യകകളെ രക്ഷിക്കുകയും അവരെയും മറ്റു 64 പെൺകുട്ടികളെയും മറിയം സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.

VV. 297-324 Cor. 364-410

ശ്ലീഹന്മാരുടെ സമ്മേളനത്തിൽ സംബന്ധിക്കാൻ വി. പത്രോസു് എഴുത്തു മൂലം മറിയത്തോടപേക്ഷിച്ചു. മാതാവിന്റെ സാന്നിദ്ധ്യം പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമാണെന്നു ശ്ലീഹാ ചൂണ്ടിക്കാണിച്ചിരുന്നു. മറിയവും യോഹന്നാനും കടൽമാർഗ്ഗം ഓർശ്ലേമിലേക്കു പുറപ്പെട്ടു. അവിടെയുള്ള കന്യകാലയത്തിന്റെ ചുമതല മറിയ എന്ന കന്യകയെ മാതാവേല്പിച്ചു. യുദ്ധവേഷമണിഞ്ഞു് മാലാഖാമാർ അവരെ അനുഗമിച്ചു. കപ്പൽ കടലിലേക്കു നീങ്ങിയപ്പോൾ ലൂസിഫർ അനുയായികളോടുകൂടി ജലത്തിൽ പ്രവേശിച്ചു് ഒരു വലിയ കോളിളക്കമുണ്ടാക്കി.

---

* ഡയാനാ ക്ഷേത്രം സാത്താന്റെ വാസസ്ഥലമായിരുന്നുവെന്നു് മറിയ അഗ്രീദായിൽ കാണുന്നു. Cor. 391-393

അപകടത്തിൽ നിന്നു രക്ഷപെടുവാൻ തന്റെ സുതനോട് പ്രാർത്ഥിക്കണമെന്ന് യോഹന്നാൻ മറിയത്തോടപേക്ഷിച്ചു. ആർക്കും ജീവാപായം ഉണ്ടാകാതിരിക്കാൻ പ്രാർത്ഥിക്കുന്നതാണെന്ന് മറിയം പറഞ്ഞു. 14 ദിവസം കഴിഞ്ഞപ്പോൾ ഈശോ മാതാവിനു പ്രത്യക്ഷപ്പെട്ട് കടലിനോടും പിശാചുക്കളോടും ആജ്ഞാപിക്കാൻ കല്പിച്ചു. മറിയം ആജ്ഞാപിച്ചയുടനെ എല്ലാം ശാന്തമായി. കപ്പൽ വേഗം തുറമുഖത്തിലെത്തുകയും ചെയ്തു.

VV. 328-412 Cor. 407-417

ഓർശ്ലേമിൽ എത്തിയ ഉടനെ മാതാവ്, സെഹിയോനിൽ താമസിച്ചിരുന്ന പത്രോസിന്റെ പക്കലെത്തി സഭയുടെ അധിപനായിരുന്ന അദ്ദേഹത്തിന്റെ കരങ്ങൾ ചുംബിച്ചു. പിന്നീട് മാതാവ് പീഡാനുഭവ സ്ഥലങ്ങളെല്ലാം സന്ദർശിച്ച് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്ത ഒലിവു മലയിലെത്തിയപ്പോൾ ഈശോ മഹിമയോടുകൂടി അദ്ദേഹത്തിനു പ്രത്യക്ഷനായി. ശിഷ്യരോടൊത്ത് 10 ദിവസം പ്രാർത്ഥനയിൽ ചിലവഴിച്ച് സഭാപ്രശ്നങ്ങൾ പരിഹരിക്കാൻ മാതാവ് സഹായിച്ചു.*

VV. 1-22 Cor. 418-37

ശ്ലീഹന്മാരെല്ലാവരും തന്റെ പുത്രനെപ്പോലെ ഒരേ രീതിയിലും നിറത്തിലുമുള്ള വസ്ത്രം ധരിക്കുവാൻ ആഗ്രഹിക്കുകയും മാലാഖാമാരുടെ സഹായത്തോടെ വസ്ത്രങ്ങളുണ്ടാക്കി ശ്ലീഹന്മാർക്ക് അവരവരുടെ സ്ഥലങ്ങളിൽ മാതാവ് എത്തിച്ചു കൊടുക്കുകയും ചെയ്തിരുന്നു. സഭാ തലവനായ പത്രോസിന്റെ കാര്യത്തിൽ മറിയത്തിന് പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. റോമായിൽ പത്രോസ് ഒരിക്കൽ വിഷമഘട്ടത്തിലായിരിക്കുമ്പോൾ പ്രാർത്ഥന കേട്ട അവിടെ എഴുന്നള്ളി മാതാവ് അദ്ദേഹത്തെ ധൈര്യപ്പെടുത്തി. കർത്താവിന്റെ ചില തിരുനാളുകൾ കൊണ്ടാടുന്നതിന് തീരുമാനിച്ചു. വേറൊരവസരത്തിൽ വിഷമിച്ചിരുന്ന പത്രോസിന്റെ പ്രാർത്ഥന കേട്ട് മാലാഖാമാർ വഴി പത്രോസിനെ തന്റെപക്കൽ വരുത്തി ഉപദേശങ്ങൾ നൽകി അനുഗ്രഹിച്ചു.

VV. 27-54 Cor. 488-92

---

* മാതാവ് ആദ്യദിവസം സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടതും സമ്മേളനം കഴിഞ്ഞുള്ള ലൂസിഫറുമായുള്ള മറിയത്തിന്റെ സമരവും ആത്മാനുതാപത്തിൽ കാണുന്നില്ല.

മാതാവ് എപ്പോഴും തന്റെ പുത്രന്റെ പാടുപീഡകളും കാണുകയും കേൾക്കുകയും ധ്യാനിക്കുകയും തന്റെ ആത്മാവിലും ശരീരത്തിലും ആ വേദനകളും അനുഭവിക്കുകയും ചെയ്തിരുന്നു. മാതാവിന്റെ വേദനകളുടെ ആധിക്യത്തിൽ ഈശോ പ്രത്യക്ഷപ്പെട്ട് ശക്തിയും ആശ്വാസവും പകർന്നിരുന്നു. ആഴ്ചതോറും വെള്ളിയാഴ്ച വൈകുന്നേരം മുതൽ ഞായറാഴ്ച രാവിലെ വരെ മറിയം ഏകാന്തതയിൽ ചെലവഴിച്ചുകൊണ്ട് തന്റെ മകന്റെ മരണവും സംസ്കാരവും ഓർമ്മിച്ച് ആചരിച്ചിരുന്നു. ആ സമയത്ത് മാതാവ് ചെയ്യേണ്ട കാര്യങ്ങളും ഒരു മാലാഖാ ചെയ്തിരുന്നു. (സഭാസംബന്ധമായ കാര്യങ്ങളും).

കുർബാന സ്വീകരണത്തിന്റെ തലെ ദിവസം വളരെ ഭക്തിയോടെ ഒരുങ്ങുകയും മാലാഖാമാരുടെ സഹായമപേക്ഷിക്കുകയും ചെയ്തിരുന്നു. മൂന്നു പ്രാവശ്യം സാഷ്ടാംഗം പ്രണമിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും അതു കഴിഞ്ഞ് മൂന്നു പ്രാവശ്യം കമ്പിട്ട് ആരാധിക്കുകയും ചെയ്തിരുന്നു. (കുർബാന സ്വീകരിച്ചു കഴിഞ്ഞുള്ള ആചാരം അഗ്രിദായിലില്ല.

VV. 57-96 Cor. 498-503

കുർബാനക്കുള്ള തിരുവസ്ത്രങ്ങളും മാതാവുതന്നെ ഉണ്ടാക്കുകയും അതിനായുള്ള ഒരുക്കങ്ങളെല്ലാം ഭക്തിപൂർവ്വം ചെയ്യുകയും ചെയ്തിരുന്നു. VV. 104–112 Cor. 503–4

മാനസാന്തരപ്പെട്ട നാലു സമ്പന്നർ മാതാവിനെ കാണാൻ വന്നപ്പോഴും വിലയേറിയ കാഴ്ചകളും സമർപ്പിച്ചെങ്കിലും മാതാവ് കുറച്ച് മാത്രം സ്വീകരിക്കുകയും അവയിൽ കുറെ ദിവ്യ ശുശ്രൂഷയ്ക്കായി ഉപയോഗിച്ചിട്ട് ബാക്കി ദരിദ്രർക്കു ദാനം ചെയ്തു.

VV. 113-124

അവസാന നാളുകളിൽ മാതാവ് അല്പം മാത്രം ഭക്ഷിക്കുകയും ഉറങ്ങുകയും ചെയ്തിരുന്നുള്ളൂ. യോഹന്നാന്റെ നിർബന്ധം കൊണ്ടാണ് അതുപോലും ചെയ്തിരുന്നത്. ആ കാലങ്ങളിൽ ചിലപ്പോഴും അമ്മയെ ആശ്വസിപ്പിക്കുന്നതിന് ഈശോ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നിരുന്നു, ചിലപ്പോഴും മാലാഖമാർ സ്വർഗ്ഗത്തിലേക്ക് മറിയത്തെ കൊണ്ടുപോയിരുന്നു. ഞായറാഴ്ചതോറും അതു സംഭവിച്ചിരുന്നു.

VV. 125-148 Cor. 506-17

അനുദിനം ദിവ്യകാരുണ്യം സ്വീകരിക്കണമെന്ന് ഈശോ മറിയത്തോട് പറഞ്ഞുവെങ്കിലും യോഹന്നാന്റെ അനുമതി കിട്ടുന്നതുവരെ മാതാവ് കാത്തിരുന്നു. അനുദിനം ദിവ്യകാരുണ്യം നൽകുവാനുള്ള നാഥന്റെ കല്പന ലഭിച്ചകാര്യം യോഹന്നാൻ പറഞ്ഞപ്പോഴും തനിക്കുകിട്ടിയ നിർദ്ദേശവും മാതാവ് സൂചിപ്പിച്ചു.

VV. 153-175 Cor. 517-18

മാതാവ് തന്റെ അമലോത്ഭവവും പിറവിയും അനുസ്മരിച്ചിരുന്ന ദൈവം തന്നിൽ വഷ്ചിച്ച നന്മകൾക്കായി അവിടുത്തെ സ്തുതിച്ചുകൊണ്ട്. അങ്ങനെ അമലോത്ഭവദിനം ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നപ്പോഴും ഈശോ ഇറങ്ങിവന്ന് അമ്മയെ പിതാവിന്റെ സന്നിധിയിലേയ്ക്കു കരേറ്റുകയും അപ്പോഴും മറിയം പിതാവിന്റെ സന്നിധിയിൽ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. തന്റെ അമലോത്ഭവത്തിനായി മറിയം നന്ദി പ്രകടിപ്പിച്ചപ്പോഴും അമലയായ മറിയത്തെ മാതാവായി നൽകിയ പ. ത്രീത്വത്തിന്റെ നന്മയെ (അഗ്രദായിൽ, പിതാവിന്റെ നന്മ) പുത്രനും ഏറ്റുപറയുകയും ചെയ്തു. പിതാവും പുത്രനും പരിശുദ്ധാത്മാവും അവളുടെ അമലോത്ഭവം സ്വർഗ്ഗവാസികളുടെ സമക്ഷം പ്രഖ്യപനം ചെയ്യുറപ്പിച്ചു. മാലഖമാരുടെ ഗണങ്ങളും വിശുദ്ധരും ഗാനമാലപിച്ചു "പരിശുദ്ധമറിയമേ, ജന്മപാപമില്ലാതെ ഉത്ഭവിച്ചവളേ..." അപ്പോഴും മറിയം ദൈവീകാളകളെ നേരിട്ടുദർശിച്ചു.

VV. 185-260 Cor. 524-27

മാതാവിന് 67 വയസ്സായപ്പോഴും, സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ ഇനി 3 വർഷമേയുള്ളുവെന്ന് ഗബ്രിയേൽ മാലാഖ വഴി ഈശോ മറിയത്തെ അറിയിച്ചു (അഗ്രദായിൽ പരി. ത്രീത്വമാണ് അറിയിക്കുന്നത്). "ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനം പോലെ സംഭവിക്കട്ടെ." എന്ന് മറിയം പറഞ്ഞു ദൈവത്തിനു കൃതജ്ഞതാഗീതം ആലപിക്കാൻ മറിയം മാലാഖമാരെ ആഹ്വാനം ചെയ്തതനുസരിച്ച് അവർ മറിയത്തോടുചേർന്ന് സ്തുതിഗീതങ്ങൾ ആലപിച്ചു.

ഉടനെ തന്നെ ശ്രീഹന്മാരെ പ്രോത്സാഹിപ്പിക്കാൻ അവൾ എഴുത്തുകളയച്ചു. യോഹന്നാനോട് തന്റെ വേർപാടിന്റെ സമയമായെന്നറിയിച്ചു.

VV. 263-298 Cor. 590-95

മറിയത്തിന്റെ വേർപാട് ആസന്നമായെന്ന് ദൈവിക പ്രേരണയാൽ അറിഞ്ഞ ശിഷ്യരും ഓർശ്ലേം നിവാസികളായ വിശ്വാസികളും ദുഃഖിതരായി. എന്നുതന്നെയുമല്ല പക്ഷി മൃഗാദികളും പ്രകൃതിയും അവസ്സ സാധ്യമായവിധത്തിൽ തങ്ങളുടെ രാജ്ഞിയുടെ ആസന്നമായ വേർപാടിൽ ദുഃഖം പ്രകടിപ്പിച്ചു. ഒരിക്കൽ മറിയം ഗാഗ്രൽത്തായിൽ ചെന്നപ്പോഴും വന്യമൃഗങ്ങൾ അവളുടെ മുമ്പിൽ കമ്പിട്ട് ദുഃഖ സ്വരങ്ങൾ പുറപ്പെടുവിച്ചു .

VV. 299-332 Cor. 595-96

മരണത്തിനു മുമ്പ് മാതാവ് ഗാഗ്രൽത്താമലയിൽ ധ്യാനിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ പ്രത്യക്ഷനായി അമ്മയോടു പറഞ്ഞു നിന്റെ സങ്കേതം തേടുന്ന പാപികൾക്ക് നീ മാദ്ധ്യസ്ഥയായിരിക്കും എന്ന്.

VV. 337-368 Cor. 608- 9

വിശുദ്ധ സ്ഥലങ്ങൾ സംരക്ഷിക്കാനും അവിടെ വരുന്ന ഭക്തജനങ്ങളെ സഹായിക്കുന്നതിനും മാലാഖമാരെ നിയോഗിച്ചശേഷം മറിയം സെഹിയോൻ പ്രാർത്ഥനാലയത്തിലേക്കു പോയി. അവിടെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും സഭയോടു യാത്ര ചോദിക്കുകയും ചെയ്തു. അനന്തരം തന്റെ വിൽപത്രമുണ്ടാക്കാൻ പുത്രനോടനുവാദം ചോദിച്ചപ്പോൾ പരി. ത്രിത്വം മാലാഖമാരുടെ അകമ്പടിയോടെ എഴുന്നെള്ളി. മാതാവു സാഷ്ടാംഗം പ്രണമിച്ചപ്പോൾ മറിയത്തിന്റെ അഭീഷ്ടമെല്ലാം നിറവേറുന്നതാണെന്നു പിതാവു് അറിയിച്ചു. ദൈവത്തിന്റെ ദാനങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ടു മറിയം അപേക്ഷിച്ചു: "ഭൂമിയിൽ സഹിച്ച ക്ലേശങ്ങളും ദുഃഖങ്ങളും വഴി എന്റെ സഹോദരരായ മനുഷ്യർ നിന്നെ അറിഞ്ഞുസ്നേഹിക്കുന്നതിനിടയാകണം. എന്റെ ഉടുപ്പും മേലങ്കിയും യോഹന്നാനു ഞാൻ നൽകുന്നു. എന്റെ ശരീരത്തെ ഭൂമിക്കും നിന്നെ നിത്യമായി സ്നേഹിക്കുന്നതിനായി എന്റെ ആത്മാവിനെ നിന്റെ കരങ്ങളിലും ഞാനേല്പിക്കുന്നു. നിന്റെ കാരുണ്യത്താൽ ഞാൻ നേടിയ യോഗ്യതകൾ സഭയെ ഏല്പിക്കുന്നു". പരി. ത്രിത്വം അതംഗീകരിച്ചു.

VV. 381-488 Cor. 610-614

**പന്തണ്ടാംപാദം**

തന്റെ വേർപാടിന്റെ സമയത്തു ശ്ലീഹന്മാരുടെയും ശിഷ്യന്മാരുടെയും സാന്നിദ്ധ്യമുണ്ടാകുന്നതിനായി മറിയം ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ സുതനായ ദൈവം അതു വാഗ്ദാനം ചെയ്തു. മറിയത്തിന്റെ വേർപാടിനു 3 ദിവസം മുമ്പു ശ്ലീഹന്മാരും ശിഷ്യരും ഓർശ്ലേമിലെത്തി. റോമിൽനിന്നും ആദ്യമെത്തിയ പത്രോസിനെ മുട്ടുകുത്തി മാതാവു സ്വീകരിച്ചു് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങി. പിന്നീടു പൗലോസും മറ്റു ശിഷ്യരുമെത്തി. മാതാവിന്റെ നിർദ്ദേശമനുസരിച്ചു യോഹന്നാനും ചെറിയ യാക്കോബും അവരെ സ്വീകരിച്ചു സൽക്കരിച്ചു. വിവിധ ദേശങ്ങളിൽനിന്നും അവരെ അവിടെ വരുത്തിയതിന്റെ ഉദ്ദേശം ദൈവം മറിയത്തെ സ്വർഗ്ഗത്തിലേക്കു കരേറുന്നതിനാണു് എന്നു സദുഃഖം പത്രോസറിയിച്ചപ്പോൾ എല്ലാവരും ദുഃഖിച്ചു. പിന്നീടു് എല്ലാവരും മാതൃസമക്ഷമണഞ്ഞപ്പോൾ മാതാവു് ആയിരം മാലാഖമാരാൽ * ചുറ്റപ്പെട്ട മുട്ടിന്മേൽ നില്ക്കുകയായിരുന്നു. VV. 17-90 Cor. 615-622

പത്രോസിന്റെ മുമ്പിൽ മുട്ടുകുത്തി മാതാവു വാഴ്വു് അപേക്ഷിച്ചു. കുറ്റമാത്രം സേവനം ചെയ്തതു ക്ഷമിക്കണമെന്നും പരലോകത്തിൽ പോകാൻ അനുവദിക്കണമെന്നും അപേക്ഷിച്ചു (അഗ്രദായിൽ, പരലോകത്തിൽ പോകാൻ അനുവാദം ചോദിക്കുന്നതു് ഇല്ല). ഉടപ്പുകാം ശുശ്രൂഷ ചെയ്തിരുന്ന പെൺകുട്ടികാംക്കും മേലങ്കി യോഹന്നാനും് കൊടുക്കാൻ അനുവാദം ചോദിച്ചു.

പിന്നെ സമൂഹത്തോടരുംചെയ്തു— "എന്റെ സുതൻ തന്ന സ്നേഹത്തിൽ ഞാൻ നിങ്ങളെ സ്നേഹിച്ചു. നിങ്ങളുടെ നാഥൻ പഠിപ്പിച്ചതുപോലെ പരസ്പരം സ്നേഹിക്കുവിൻ. സ്വർഗ്ഗരാജ്യത്തിൽ ദൈവികപ്രകാശത്തിൽ ഞാൻ നിങ്ങളെ കടാക്ഷിക്കും". മാതാവു സംസാരിച്ചപ്പോൾ കഠിനദുഃഖത്തിലാണ്ടു് അവരെല്ലാവരും കരഞ്ഞുകൊണ്ടു നിലത്തു വീണു.

കുറ്റുകഴിഞ്ഞു തന്നോടുകൂടി പ്രാർത്ഥിക്കുവാൻ മാതാവു് ആവശ്യപ്പെട്ടതനുസരിച്ചു് അവരെല്ലാവരും പ്രാർത്ഥിച്ചു. അപ്പോൾ മാ

---

* മാതാവിന്റെ കാവൽദൂതന്മാരായി 1000 മാലാഖമാർ നിയോഗിക്കപ്പെട്ടിരുന്നുവെന്നു അഗ്രദായിൽ പലയിടത്തും കാണാം.

* അഗ്രദായിൽ മേലങ്കിയും പെൺകുട്ടികാംക്കാണു്.

ലാഖമാരുടെയും വിശുദ്ധരുടെയും അകമ്പടിയോടെ ഈശോ അവിടെ പ്രത്യക്ഷനായി. മാതാവും സ്വയം വിനീതയാക്കി നിലത്തു കമ്പിട്ട പുത്രന്റെ പാദങ്ങളും ചുംബിച്ചു. VV. 100-I50 Cor. 623-625

ഈശോ മാതാവിനോടു പറഞ്ഞു – പ്രിയപ്പെട്ട അമ്മേ, എന്റെ പിതാവിന്റെയും എന്റെയും മഹിമയുടെ ലോകത്തിലേക്കു പ്രവേശിക്കുവാൻ സമയമായിരിക്കുന്നു. മരണത്തിനു നിന്നെ സ്പർശിക്കുവാൻ അവകാശമില്ലാത്തതിനാൽ അതിലൂടെ കടക്കുവാൻ നീ ആഗ്രഹിക്കുന്നില്ലെങ്കിൽ എന്റെകൂടെ വരിക''. എന്നാൽ തന്റെ പുത്രനെ അനുകരിച്ചു മരണത്തിലൂടെ കടക്കുവാൻ ആഗ്രഹിച്ചു. ഈശോ അതംഗീകരിച്ചപ്പോൾ വാനാശ്രുപികൾ പാട്ടുകളുടെ പാട്ട് ആലപിക്കുവാനാരംഭിച്ചു. അവർ പാടി – ''എന്റെ പ്രിയേ, എഴുന്നേൽക്കുക''.

അപ്പോൾ മറിയം ഈശോയെ നോക്കിക്കൊണ്ടു ''നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു''വെന്നു പറഞ്ഞുകൊണ്ട് നയനങ്ങളടച്ചു മരണമടഞ്ഞു. മരണത്തിന്റെ കാരണം ദൈവസ്നേഹമായിരുന്നു. *

സംസ്കരിക്കുന്നതിനായി മാതാവിന്റെ കന്യകാശരീരം സ്വർഗ്ഗീയപ്രദക്ഷിണത്തിന്റെ അകമ്പടിയോടെ ശ്രീഹന്മാർ കൊണ്ടുപോയപ്പോൾ അനവധി രോഗികൾക്കു സൗഖ്യം ലഭിക്കുകയും പിശാചുബാധിതർ മോചിതരാകുകയും ചെയ്തു (ആത്മാനുതാപത്തിൽ മരണത്തിനുമുമ്പു സംഭവിക്കുന്നു). ഗാനങ്ങൾ ആലപിച്ചുകൊണ്ടു മാലാഖമാർ കബറിടത്തിനു കാവലിരുന്നു. VV. 261-64 Cor. 636

മാതാവിന്റെ ആത്മാവിനെ ദൈവസന്നിധിയിലേക്ക് ഈശോ ആനയിച്ചപ്പോൾ പിതാവു പറഞ്ഞു – ''നമ്മുടെ സൃഷ്ടിക

---

* ആത്മാനുതാപത്തിൽ വ്യത്യാസം കാണുന്നുണ്ട്. മരണത്തിനു മുമ്പ്, ശരീരം പൂശുവാൻ രണ്ടു കന്യകകൾ മറിയിലേക്കു പ്രവേശിച്ചപ്പോൾ പ്രകാശധോരണിയാൽ മൂടപ്പെട്ട ശരീരം കാണുവാൻ സാധിച്ചില്ല. പ്രസവത്തിനു മുമ്പും പ്രസവത്തിലും പ്രസവത്തിനുശേഷവും കന്യകയെന്നു മാലാഖമാർ പാടുന്നതു പത്രോസും യോഹന്നാനും കേട്ടു. ശരീരത്തെ തൊടരുതെന്ന സ്വരം കേട്ടു ശിഷ്യന്മാർ മഞ്ചംകൊണ്ടുവന്നു ഉടുപ്പിന്റെ അഗ്രത്തിൽ പിടിച്ച ശരീരം മഞ്ചത്തിൽ കിടത്തി. ഇതെല്ലാം മരണത്തിനു മുമ്പാണു സംഭവിക്കുന്നതു് ആത്മാനുതാപത്തിൽ. അതേസമയം അഗ്രഭായിൽ മരണശേഷമാണു്.

ളിൽ ഉയന്നവാം, നമ്മുടെ ഇഷ്ടം പരിപൂർണ്ണമായി നിറവേറിയവ
വാം''* പുത്രനായ ദൈവം അരുളിച്ചെയ്തു – ''ജന്മപാപമില്ലാതെ
ഉത്ഭവിച്ചു് എന്നോടൊത്തു മനുഷ്യരക്ഷക്കായി എല്ലാം ചെയ്തുകൊ
ണ്ടു് എന്നോടൊത്തു സിംഹാസനത്തിലിരുത്തണം''. പിതാവും
പരിശുദ്ധാത്മാവും അതംഗീകരിക്കുകയും മറിയത്തെ പുത്രന്റെ വ
ലത്തുഭാഗത്തു സിംഹാസനത്തിലിരുത്തുകയും ചെയ്തു.

മൂന്നാംദിവസം മാതാവിന്റെ ആത്മാവു പുത്രനോടും സ്വർ
ഗ്ഗീയവാസികളോടും ചേർന്നു കബറിടത്തിലെഴുന്നള്ളി. മറിയത്തി
ന്റെ ആത്മാവു ശരീരത്തിൽ പ്രവേശിച്ച ഉടനെ സൂര്യന്റെ ശോഭ
യോടെ മാതാവു് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പ്രവേശിച്ച
പ്പോഴും സ്വർഗ്ഗവാസികളും സന്തോഷിച്ചു. പിതാവായ ദൈവം
സ്വർഗ്ഗീയസദസ്സിൽ പ്രഖ്യാപിച്ചു – ''നമ്മുടെ സൃഷ്ടികളിൽ പ്രധാ
നസൃഷ്ടി ഇവളാണല്ലോ. ഇതാ എന്നേക്കുമായി അവളെ രാജ്ഞി
യായി മുടിധരിപ്പിച്ചു നാഥയായി ഉയർത്തിയിരിക്കുന്നു''.

VV. 12, 296-316 Cor. 642-555

**അന്ത്യപാദം** †

തന്റെ എഴുപതാം വയസ്സിൽ പുത്രൻ മരിച്ച സമയത്തിലും
ദിവസത്തിലും മറിയം മരണം പ്രാപിച്ചു. അപ്പോൾ സൂര്യൻ ഇരു
ണ്ടു. ഊട്ടുശാലയുടെ ചുറ്റുംവന്ന പക്ഷികളും കരഞ്ഞു ദുഃഖം പ്രകടി
പ്പിച്ചു. അവിടെ അടുത്തു് ആ സമയം മരിച്ചു, നിത്യശിക്ഷയ്ക്കു്
അർഹരാകേണ്ട ഒരു പുരുഷനും രണ്ടു സ്ത്രീകളും മാതാവിന്റെ മാ
ദ്ധ്യസ്ഥ്യം മൂലം ശിക്ഷാവിധിക്കു വിധേയരാകാതെ ലോകത്തി
ലേക്കു വീണ്ടും അയയ്ക്കപ്പെട്ടു. അവർ മാനസാന്തരപ്പെട്ട ഒരു നല്ല
മരണം പ്രാപിച്ചു. അവിടെ വന്ന പല രോഗികളും സുഖം പ്രാപി
ച്ചു. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളും മോചിതരായി.

VV. അന്ത്യപാദം 1-24; Cor. 627-28

ഇങ്ങനെ അമ്മയെ സന്തോഷിപ്പിക്കുവാനായി മകൻ ചെയ്ത
കാര്യങ്ങളിൽ താഴെ പറയുന്നതു പ്രധാനപ്പെട്ടതാകുന്നുവെന്നു മറിയം
അഗ്രദായോടു പറഞ്ഞു – ''ഞാൻ മരണം സ്വീകരിച്ചുകൊണ്ടു മരണ
സമയത്തു് എന്റെ സഹായം പ്രാർത്ഥിക്കുന്നവരായ എന്റെ ഭക്ത
ന്മാരുടെ സംരക്ഷകയും മദ്ധ്യസ്ഥയുമായിത്തീർന്നു''.

VV. അന്ത്യപാദം 26-32; Cor. 629-31

---

* അഗ്രദായിൽ ഇല്ല.

† ഈ അന്ത്യപാദത്തിൽ ചാവറയച്ചൻ വിട്ടുപോയ ചില കാര്യങ്ങൾ
കൂട്ടിച്ചേർക്കുന്നുണ്ടു്.

[മാതാവിനെ സ്വർഗ്ഗരാജ്ഞിയായി മുടി ധരിപ്പിച്ചപ്പാം] പിതാവു പ്രഖ്യാപിച്ചു – ''നമ്മുടെ രാജ്യത്തിൽ നീ എല്ലാവർക്കും രാജ്ഞിയാണു്, നിത്യമായി ഭരിക്കുക''. പുത്രൻ അരുളിച്ചെയ്തു – ''എന്റെ മാതാവായ നീ രാജ്ഞിയാണു്''. റൂഹാ പ്രഖ്യാപിച്ചു – ''നീ എന്റെ പ്രിയ മണവാട്ടിയും രാജ്ഞിയുമാണു്''.

VV. അന്ത്യപാദം 41-54; Cor. 655

## സമാപനം

ആത്മാനുതാപത്തിലെ നാലു മുതൽ പന്ത്രണ്ടുവരെയുള്ള ഭാഗങ്ങളും മാതാവിന്റെ ചരിത്രമാണെന്നു പറയാം. 4 മുതൽ 10, 12 വരെയുള്ള ഭാഗത്തു് ഈശോയുമായി ബന്ധപ്പെട്ട മാതാവിന്റെ ചരിത്രവും പിന്നീടു് സഭയുമായി ബന്ധപ്പെട്ട ചരിത്രവും വിവരിക്കുന്നു. മാതാവിന്റെ ചരിത്രമെഴുതിയതുകൊണ്ടു് പാപത്തിൽ നിന്നു രക്ഷിച്ചു് സുതന്റെ പക്കലണയുവാനുള്ള കരുണ കാണിക്കണമെന്നു് ചാവറയച്ചൻ മാതാവിനോടപേക്ഷിക്കുന്നു.* തന്റെ പാപത്തിന്റെ ആധിക്യം കൊണ്ടു് മരണചിന്ത ഭയം ജനിപ്പിക്കുന്നെങ്കിലും മറിയത്തിന്റെ കരുണയും സുതനായ ദൈവവും പരി. ത്രീത്വവും മാതാവിനു് സ്വർഗ്ഗത്തിന്മേലും കൊടുത്തിരിക്കുന്ന അധികാരവുമോർക്കുമ്പോഴും താൻ ഭാഗ്യവാനാണെന്നു് കരുതുന്നു.† മാതാവിലുള്ള തന്റെ ആശ്രയം സാത്താന്റെ ആക്രമണത്തിൽ നിന്നു് കവി വിശ്വസിക്കുന്നു. മറിയത്തിന്റെയും ഈശോയുടെയും നാമം വിളിച്ചുകൊണ്ടു് മരണമടഞ്ഞു് രക്ഷകനായ സുതന്റെ മുഖം കാണുന്നതിനായി തന്റെ മേൽ കൃപയായിരിക്കണമെന്നു് പ്രാർത്ഥിച്ചുകൊണ്ടു് ആത്മാനുതാപം വാഴ്ത്തപ്പെട്ട ചാവറയച്ചൻ അവസാനിപ്പിക്കുന്നു.§ ആത്മാനുതാപത്തിന്റെ ആദ്യഭാഗങ്ങളിൽ തന്റെ പാപങ്ങളോർത്തു് കൂടെക്കൂടെ അനുതപിക്കുന്നു‡ ചാവറയച്ചന്റെ ശരണം പാപികളുടെ മദ്ധ്യസ്ഥയായ കരുണ നിറഞ്ഞ മറിയമാണു്.

---

* ആത്മാനുതാപം, കടശിയപേക്ഷ VV. 1-8

† Ibid. 23-32

§ Ibid. 69-76

‡ ആത്മാനുതാപത്തിൽ ഒന്നാംപാദം മുതൽ എട്ടാംപാദം 108 വരെയാണു് തന്റെ പാപങ്ങളെയോർത്തു് ചാവറയച്ചൻ അനുതപിക്കുന്നതായി കാണുന്നതു്. പിന്നീടു് കടശിയപേക്ഷക്കു മുമ്പു് ഒരു ചെറിയ പരാമർശം മാത്രമേയുള്ള (മാതൃദുഃഖം V.179) കടശിയപേക്ഷയിൽ അനുതാപം വീണ്ടും പ്രത്യക്ഷപ്പെടുന്നു.

ഈ കടശിയപേക്ഷയിൽ ചാവറയച്ചൻ അഗ്രദായിൽ നിന്ന് ഉത്തംക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട മരിയനാശയങ്ങളും കാണാം. ദൈവമാതാവായ മറിയത്തിന് പരി. ത്രിത്വം എല്ലാറ്റിന്മേലും അധികാരം നൽകി രാജ്ഞിയാക്കിയിരിക്കുന്നു. അവൾ സാത്താനുമായി നിരന്തരം സമരം ചെയ്ത് നിരന്തരമായി സാത്താനെ പരാജയപ്പെടുത്തുന്നവളാണ്. അവൾ പാപികളുടെ സങ്കേതമാണ്. കരുണനിറഞ്ഞവളാണ് എല്ലാം തന്റെ അമ്മയായ അവളെ ഏല്പിച്ചിരിക്കുന്നു.

അദ്ധ്യായം 4

# ആത്മാനുതാപത്തിലെ ക്രിസ്താനുഭവം

സി. സോഫി റോസ് സി.എം.സി.

'ദൈവത്തെ കാണുവാനുള്ള ദാഹത്താൽ
എന്റെ ആത്മാവു വേദനിക്കുന്നു
ഞാനെപ്പോൾ എന്റെ ദൈവത്തെ കാണും?' (സങ്കീ. 42)

യുഗങ്ങൾ കൊഴിഞ്ഞു വീണാലും ഋതുക്കൾ മാറിവന്നാലും ഇന്നലെയും, ഇന്നും, നാളെയും എവിടെയും വസിക്കുന്ന മനുഷ്യ മനസ്സുകളിൽ ഉയർന്നുവരുന്ന നൊമ്പരത്തിന്റെ ആവിഷ്കാരമാണ് മേല്പറഞ്ഞ സങ്കീർത്തനവാക്യങ്ങൾ. തന്നെത്തന്നെ അസ്തിത്വത്തിന്റെ, ഉണ്മയുടെ പൊരുളിനെ കാണാനും കേൾക്കാനും സ്പർശിക്കുവാനും സമീപത്തായിരിക്കുവാനും അതിൽ ലയിച്ചു നിർവൃതിയടയാനുമുള്ള ആത്മാവിന്റെ അഭിവാഞ്ഛയാണ് മനുഷ്യനോളം തന്നെ പഴക്കമുണ്ട്. പരംപൊരുളിനെ തേടിയുള്ള മനുഷ്യാത്മാവിന്റെ അന്വേഷണത്തെ തൃപ്തിപ്പെടുത്തിക്കൊണ്ട് അവന്റെ ഉള്ളിന്റെ ഉള്ളായി, ഉണ്മയുടെ ഉണ്മയായി, സത്യപ്രകാശമായി, മാർഗ്ഗദീപമായി, ശാന്തിതീരമായി, രക്ഷയായി ദൈവം മനുഷ്യന്റെ ഇടയിലേക്കു കടന്നുവന്നു. അനേകം പ്രവാചകന്മാരും നീതിമാന്മാരും കാണാൻ കാത്തിരുന്നു. എങ്കിലും കാണാൻ സാധിക്കാഞ്ഞ, കേൾക്കാൻ കൊതിച്ചിരുന്നെങ്കിലും കേൾക്കാൻ സാധിക്കാഞ്ഞ (മത്താ. 13:17) അനന്തസൗഭാഗ്യം സമയത്തിന്റെ തികവിൽ സ്ത്രീയിൽനിന്നു ജാതനായി (ഗലാ. 4:4) നമ്മോടുകൂടി ആയിത്തീർന്നിരിക്കുന്നു (മത്താ. 1:23). അതേ, ഈശോമിശിഹായിലൂടെ 'ദൈവം നമ്മോടുകൂടി' ആയിത്തീർന്നിരിക്കുന്നു: 'എമ്മാനുവേലാ'യി മാറിയിരിക്കുന്നു. ഈ മിശിഹായെ തന്റെ അകക്കാമ്പിൽ ആത്മനാ ദർശിക്കുവാൻ വാഞ്ഛിച്ച, ആ ദർശനഭാഗ്യത്തിൽ അനല്പമായ ആനന്ദമാധുരി നുകർന്ന, ഈ എമ്മാനുവേലിനെ തന്റെ ശ്വാസവും യിവനയും ഭാഗ്യവും ആശ്വാസവുമായി

കണ്ട് അനുഭവിച്ച് അവിടുന്നിൽ ജീവിതത്തികവും പൂർണ്ണതയും കണ്ടെത്തിയ ഒരു ദൈവീക മനുഷ്യനാണ് നമ്മുടെ പിതാവായ വാഴ്ത്തപ്പെട്ട ചാവറയച്ചൻ. അദ്ദേഹത്തിന്റെ ആത്മകഥയും അതേതുടർന്ന് തന്റെ ഉണ്മയായി വാഴുന്ന ക്രിസ്തുനാഥന്റെ ജീവിതകഥയും മോഹനമായി ആവിഷ്കരിച്ചിരിക്കുന്ന ആത്മാനുതാപത്തിന്റെ ഏടുകളിൽ അദ്ദേഹത്തിന്റെ ക്രിസ്ത്വാനുഭവം എപ്രകാരം പ്രകാശിതമായിരിക്കുന്നു എന്നു ഒന്നു നോക്കിക്കാണാം.

## 1. മിശിഹായിലൂടെ പിതാവിലേക്ക്

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനരഹസ്യമാണല്ലോ ദൈവം പ. ത്രിത്വമാണെന്നും, ത്രിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ദൈവീക വ്യക്തികളും ഏകമായ കൂട്ടായ്മയിൽ ഒന്നിച്ചിരിക്കുന്നുവെന്നുള്ളതും. ഈ സത്യത്തെ ലോകദൃഷ്ടിയിൽ വെളിപ്പെടുത്തിയതോ പുത്രനായ മിശിഹായും. ഈ മിശിഹായിലൂടെയാണ് ദൈവം പിതാവാണെന്നും, പിതാവു തന്റെ പുത്രനിലൂടെ ലോകത്തെ പാപത്തിന്റെ പിടിയിൽ നിന്നും രക്ഷിച്ചുവെന്നും നമ്മോടുകൂടി ആയിരിക്കുവാൻ പരിശുദ്ധാത്മാവിനെ അയച്ചു എന്നുമുള്ള സത്യങ്ങളും വെളിപ്പെട്ടത്. ചുരുക്കത്തിൽ പുത്രനായ മിശിഹായിലൂടെയല്ലാതെ ദൈവത്തിലേക്ക്, ദൈവീക രഹസ്യങ്ങളിലേക്ക് കടന്നുചെല്ലാനാവില്ല. ദൈവം പിതാവാണെന്ന് പുത്രനല്ലാതെ മറ്റാർക്കും വ്യക്തമാക്കാനാവില്ല. അങ്ങനെയെങ്കിൽ ദൈവീകതയുടെ അഗാധതലങ്ങളിലേക്ക് ഊളിയിട്ടിറങ്ങുവാനും അവിടെ ദൈവത്തെ പിതാവായി കണ്ടെത്തി അനുഭവിച്ചറിയുവാനും പുത്രനെക്കൂടാതെ ആർക്കും സാദ്ധ്യമല്ല. അതുകൊണ്ടായിരിക്കാം 'എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ല' (യോഹ. 15:5); 'പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെ അറിയുന്നില്ല' (മത്താ. 11:27) 'എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല' (യോഹ. 14:66) എന്നിങ്ങനെയുള്ള മിശിഹായുടെ തിരുവചനങ്ങളെ ഗ്രഹിച്ച നമ്മുടെ പിതാവായ ചാവറയച്ചൻ ദൈവീകതയുടെ അമോഘമേഖലകളും ചവുട്ടിക്കയറാൻ പിതാവിന്റെ സവിധത്തിലേക്കു കടന്നുചെല്ലാൻ ഈശോമിശിഹായിലേക്കുതന്നെ തിരിഞ്ഞത്. മനുഷ്യനായിത്തീർന്ന, എല്ലാ മാനുഷിക ഗുണങ്ങളും സവിശേഷതകളും നിറഞ്ഞ പരിപൂർണ്ണ മനുഷ്യനാ

യിത്തീർന്ന ദൈവപുത്രനിലേക്ക് അദ്ദേഹം ദൃഷ്ടി തിരിച്ചു. എന്തുകൊണ്ടെന്നോ? 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു; എന്നെ കേൾക്കുന്നവൻ പിതാവിനെ കേൾക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു'. അതേ, പിതാവിനെ കാണാൻ പിതാവിനെ കേൾക്കാൻ പിതാവിനെ തന്റെ സർവ്വസ്വവുമായി സ്വീകരിച്ച് അവിടുന്നിൽ ഒന്നായിത്തീരാൻ. ദൈവം തന്റെ പിതാവാണെന്ന അനുഭവമാണ് ചാവറയച്ചന്റെ ദൈവാനുഭവത്തിന്റെ ഏറ്റവും മനോജ്ഞമായ രൂപമെങ്കിൽ ആ അനുഭവത്തിന്റെ മധുരിമയിലേക്ക് അദ്ദേഹം കടന്നുവന്നത് പുത്രനായ മിശിഹായിലൂടെയാണ്. ചാവറയച്ചന്റെ മിശിഹാനുഭവമാണ് അദ്ദേഹത്തിന്റെ ആഴമായ ദൈവാനുഭവത്തിന്റെയും, സ്വയാവബോധത്തിന്റെയും തിരുസ്സഭാദർശനത്തിന്റെയും, സഹോദരാനുഭവത്തിന്റെയും അടിസ്ഥാനശില.

## 2. മിശിഹാനുഭവം – "എമ്മാനുവേല"നുഭവം

അമ്മനുവേലെന്ന നാമാർത്ഥം പോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണം |||, 15–16

ദൈവമായ വചനം മാംസം ധരിച്ചു മനുഷ്യനായപ്പോഴും മനുഷ്യത്വത്തിന്റെ പൂർണ്ണതയിൽ ദൈവീകത പ്രകാശിതമായി; ദൈവം പ്രത്യക്ഷനായി. പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും നമ്മുടെ പിതാക്കന്മാരോടു സംസാരിച്ച ദൈവമിതാ ഇപ്പോഴും തന്റെ പുത്രൻ വഴി നമ്മോടു സംസാരിക്കുന്നു (ഹെബ്രാ. 1: 1–2). അതേ, അവതീർണ്ണ വചനത്തിൽ ദൈവം നമ്മോടുകൂടെ – എമ്മാനുവേൽ – ആയിത്തീർന്നു. ഈ എമ്മാനുവേലിനെ സകല രൂപഭാവങ്ങളോടുംകൂടി ദർശിക്കുവാനാഗ്രഹിക്കുന്ന അദ്ദേഹത്തിന്റെ ദർശനവാഞ്ഛയാണ് ആത്മാനുതാപത്തിന്റെ മൂന്നാം പാദം മുഴുവൻ. തന്റെ കണ്ണുകൾ കാണാൻ കൊതിക്കുന്ന മനം അലിഞ്ഞുചേരാൻ വെമ്പുന്ന ആ പുണ്യസരിത്തിന്റെ നിർമ്മലമായ മേനി രൂപം കൊള്ളുന്ന നിമിഷം മുതൽ ഇങ്ങോട്ടുള്ള ഓരോരോ കാര്യങ്ങളെ നുണനുണക്കായി നോക്കിക്കാണുന്ന ചാവറയച്ചനിൽ മിഴിവാർന്നു നില്ക്കുന്ന സവിശേഷത മാനുഷികതയുടെ ശുദ്ധമായ ഭാവമാണ്. ഈ ഭാവത്തിന്റെ പിന്നിൽ ഒളിമിന്നി നില്ക്കുന്നതോ ദൈവദർശനവാഞ്ഛ, ദൈവാനുഭവതൃഷ്ണ, അതിരറ്റ കൃതജ്ഞത അതോടൊപ്പം ചെറുമയിൽ നിസ്സാരതയിൽ വലിമ കാണാനുള്ള അദ്ദേ

ഹത്തിന്റെ ഹൃദയവിശാലതയും, തുറവിയും, ഉൾക്കാഴ്ചയും. മാധുര്യമൂറുന്ന തേനിൽ ചാലിച്ച സ്വർണ്ണം നുണഞ്ഞിറക്കി ആസ്വദിക്കുന്ന പൈതലിനെപ്പോലെ എമ്മാനുവേലിന്റെ മാനുഷിക ഭാവഭേദങ്ങളിൽ ശാരീരിക ചലനങ്ങളിൽ എല്ലാം ദൈവീകത നുണഞ്ഞിറക്കുകയാണ്, ദൈവാനുഭവം ആസ്വദിക്കുകയാണ് ആ ഭക്തൻ.

ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം
കേസർ നിയോഗത്താൽ ഗർഭസ്ഥനായതാൻ
ബെസ്ലഹം പൂക്കുന്നും കാണാകേണം III, 10–14

നാട്ടിൽസ്ഥലം കിട്ടാതത്തൽപ്പെട്ട തൊഴു–
ക്കൂട്ടിൽ പിറന്നതും കാണാകേണം III, 19–20

തൃക്കണ്ണുകൊണ്ടു മാതാവേനോക്കുന്ന
അക്കൺമണിയെ ഞാൻ കാണാകേണം
പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊഞ്ചുണ്ടുകളെ ഞാൻ കാണാകേണം III, 29–32

അമ്മനുവേലായിത്തീർന്ന ദൈവപുത്രന്റെ മനുഷ്യാവതാരത്തേയും ജീവിതത്തേയും ഹൃദയത്തിന്റെ ഉൾക്കാമ്പിൽ ആത്മനാ ദർശിച്ചു അനുധ്യാനം ചെയ്യുന്ന അദ്ദേഹം ആ ഓരോ സംഭവവും സാഹചര്യവും ആളും എല്ലാം പണ്ടെങ്ങോ കഴിഞ്ഞുപോയ ഒരു സംഭവത്തിനേക്കാൾ ഇന്നു തന്റെമുമ്പിൽ നടക്കുന്ന ഒരു കാര്യമെന്നപോലെ സാനുഭവമാക്കി പകർത്തുകയാണ്. അതേ, ദൈവം നമ്മോടുകൂടി ആയിത്തീർന്നത് നിത്യ നൂതനമായ ഒരു അനുഭവമായിരിക്കണം. "ഇതാ ലോകാവസാനംവരെ എന്നാളും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 28:20) എന്നരുളിയവൻ ഇന്ന്, ഇപ്പോൾ, ഇവിടെ, എന്നോടുകൂടിയുണ്ട് എന്ന ആഴമായ അനുഭവം, ബോദ്ധ്യം ചാവറയച്ചന്റെ ക്രിസ്ത്വാനുഭവത്തിന്റെ മനോജ്ഞമായ ഒരു വശമാണ്. അതേ, മിശിഹാ എമ്മാനുവേലാണ് ഇന്നും, എന്നും, എന്നോടുകൂടി ജീവിക്കുന്നവനാണ്; എനിയ്ക്കായി അവിടുന്നു മാംസം ധരിക്കുന്നു. എന്നെ അവിടുന്നു തേടുന്നു, എന്നെ അവിടുന്നു കാത്തിരിക്കുന്നു, അതുകൊണ്ടായിരിക്കാം അദ്ദേഹം പാടിയത്:

അമ്മാനുവേലേ നിനക്കുത്തമസ്തോത്രമായി
അമ്മാനാപൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം II, 365–366

അമ്മാനുവേലെന്ന തമ്പുരാനെ നിന്നെ
യൻപോടു പാപിഞാൻ വന്ദിക്കുന്നേൻ
III അനുബന്ധം, 63–64

ചാവറയച്ചന്റെ എമ്മാനുവേലനുഭവത്തിന്റെ മറ്റൊരു വശം തന്റെ ഹൃദയത്തിലാണ് അവിടുന്നു വാസമുറപ്പിക്കാൻ ആഗ്രഹിക്കുന്നത് എന്ന വിചാരമാണ്.

എന്നുടെ നാഥൻ കുഞ്ഞിപ്പൈതലാമമ്മാനുവേൽ
തന്നുടെ വാസത്തിനായെൻ മനമിച്ഛിച്ചല്ലോ. IV, 190–192

എന്നാൽ താൻ അതിനിടനല്കാതെ ആ സൗഭാഗ്യത്തെ അകറ്റിക്കളഞ്ഞല്ലോ എന്ന ദുഃഖവും അദ്ദേഹത്തിൽ തളംകെട്ടി നില്ക്കുന്നുണ്ട്.

ദുഷ്ടനാമടിയന്റെ യിഷ്ടമീ ലോകേവച്ചു
ശിഷ്ടനാം തന്നെ ഞാനുമകറ്റിയയ്യോ ദുഃഖം IV, 193–194

ചാവറയച്ചന്റെ ക്രിസ്തുനുഭവത്തിൽ തെളിഞ്ഞു നില്ക്കുന്ന ഈ ചിന്താശകലം വി. യോഹന്നാൻശ്ലീഹാ പറയുന്നതുപോലെ "അവൻ സ്വജനത്തിന്റെ അടുക്കലേയ്ക്കുവന്നു. എന്നാൽ സ്വകീയർ അവനെ സ്വീകരിച്ചില്ല" (യോഹ. 1:11) എന്നുള്ളതാണ് ദൈവമനുഷ്യബന്ധത്തിലെ അതിദാരുണമായ ഈ അവസ്ഥാവിശേഷം ചാവറയച്ചൻ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. അതിമഹത്വമുള്ളവനായ ദൈവം ഏറ്റം വിനീതനായി മനുഷ്യനെ തേടി അവരിലേയ്ക്ക് കടന്നുവരുന്നു അവനുവേണ്ടി, അവന്റെ രക്ഷയ്ക്കുവേണ്ടി. എന്നാൽ ഈ ദൈവത്തെ മനസ്സിലാക്കാതെ, സ്വീകരിക്കാതെ മനുഷ്യൻ തന്റേതായ സുഖസൗകര്യങ്ങളിൽ മുഴുകിജീവിക്കുന്നു. അതേ, സ്നേഹം മനസ്സിലാക്കപ്പെടുന്നില്ല, സ്വീകരിക്കപ്പെടുന്നില്ല. പകരം അതു പരിത്യജിക്കപ്പെടുന്നു. അകറ്റിനിർത്തപ്പെടുന്നു. ഈ ദയനീയാവസ്ഥയെ അദ്ദേഹം വിവരിക്കുന്നതു കേൾക്കുക:

അയ്യയ്യോ നഗരമേ, യാരെനീയുപേക്ഷിച്ചു?
അയ്യത്തിന്നല്ലാതിനി നിനക്കു യോഗ്യമുണ്ടോ?
തന്നെ നീയുപേക്ഷിച്ചു തള്ളിനിൻ പുറമതിൽ
തന്നാലേയുപേക്ഷിക്കപ്പെട്ട നീയതും തിട്ടം.

മന്നമേയെത്ര തന്നെ പാർത്തപേക്ഷിച്ചുവന്ന
മന്നവർ പ്രസിദ്ധരും ദീഘ്ദർശകന്മാരും
ഇന്നനീയതൊക്കെവേ മറഞ്ഞ ദുർഭാഗ്യയായ്
ഇനി നീയപേക്ഷിക്കും സാധ്യമില്ലയ്യോ ദുഃഖം IV, 173–180

തന്നെ തേടിത്തേടി തന്റെ പിന്നാലെവന്ന മിശിഹായെ ഉപേക്ഷിച്ചതിന്റെ പിന്നിലെ നന്ദിഹീനത എത്രയധികമെന്ന് ഖേദപൂർവ്വം അദ്ദേഹം ഓർക്കുകയാണ്. കടന്നുവന്ന നാഥനെ ഉപേക്ഷിച്ചുവന് പിന്നീട് അവിടുത്തെ കണ്ടെത്താമെന്ന വിചാരിച്ചാലും കണ്ടെത്താൻ കഴിയാതെ വന്നേക്കാമെന്ന ചിന്തയും അദ്ദേഹത്തിൽ പ്രകടമാകുന്നുണ്ട്. ഈ അനുഭവം തന്നിലേയ്ക്കുതന്നെ തിരിയുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയാണ്.

അയ്യയ്യോയവരെ ഞാനെന്തിനു വിധിക്കുന്നു!
ഐന്ദ്രീയ സ്നേഹവശാലടിയനു മതേ ചെയ്യു
IV, 187-188

മാനവകുലം. സ്വന്തജനം വിസ്മരിച്ച് പരിത്യജിച്ച ''സ്നേഹ''ത്തെക്കുറിച്ചുള്ള ഓർമ്മ, അനുഭവം, സ്വയാവബോധത്തിലേയ്ക്ക്, ആത്മ പരിശോധനയിലേയ്ക്ക്, അനുതാപത്തിലേയ്ക്ക് അദ്ദേഹത്തെ നയിച്ചു. ഇവിടെ തന്റെ തന്നെ നന്ദിയില്ലായ്മ, ഹീനാവസ്ഥ കണ്ടെത്തുക മാത്രമല്ല പിന്നെയോ താൻ സ്നേഹമില്ലാത്തവനായി നന്ദിഹീനനായി വർത്തിച്ചിട്ടും തന്റെ പക്കലേയ്ക്കു വീണ്ടും കടന്നുവന്ന തന്റെ ഉള്ളിൽ വാസമുറപ്പിക്കാൻ ആഗ്രഹിക്കുന്ന ഈ ''എമ്മാനുവേൽ'' തന്റെ പാപമോചകനും രക്ഷകനുമാണെന്ന അനുഭവത്തിലേയ്ക്ക് എത്തിച്ചേരുകയാണദ്ദേഹം.

### 3. പാപിയെ തേടുന്ന രക്ഷകൻ

എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം
നിന്നെ ഞാനുപേക്ഷിച്ചു പിന്തിരിഞ്ഞതു നേരം
എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെ പിൻപെ
വഴക്കിയില്ലായെന്നെ പുഴക്കാം കടിപ്പാനായ്
VII, 245-248

ചാവറയച്ചന്റെ ക്രിസ്തുനുഭവത്തിൽ തെളിവാർന്നു നില്ക്കുന്ന മറ്റൊരു സവിശേഷതയാണ് താൻ ഉപേക്ഷിച്ചു പോന്നാലും തന്നെ തേടി തന്റെ പിന്നാലെ വരുന്ന മിശിഹാ തന്റേയും

ലോകമാകെയുടേയും പാപവിമോചകനാണ്, രക്ഷകനാണ് എന്ന അനുഭവം. അവിടത്തെ കണ്ണുകൾപോലും വിളിച്ചോതുന്നിതതാണ് എന്ന് അദ്ദേഹം പറയുന്നു;

ശിക്ഷിപ്പാനല്ല ചക്ഷുസ്സതിനെ പാക്കുന്നപ്പോൾ
രക്ഷിപ്പാൻ വന്നതെന്നു കാട്ടുന്നു കടാക്ഷത്താൽ

V, 165-166

വീണ്ടും അവിടത്തെ തിരുപ്പാദങ്ങളെ കണ്ടാലോ–? സകല പാപികളേയും തേടുവാനായി എന്നവണ്ണമാണതു കാണപ്പെടുന്നതുതന്നെ.

കമല തിരുപ്പാദം കാണുന്ന നേരത്തുങ്കൽ
സകല പാപികളെ തേടുവാനോടും വണ്ണം

V. 169-170

ഈശോ രക്ഷകനാണ്, പാപവിമോചകനാണ് എന്നതു തന്നെ ക്രിസ്തുനുഭവത്തിന്റെ അന്തർധാരയാണ്. ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങളുടെ, അല്ല രക്ഷാകരപദ്ധതിയുടെ മുഴുവന്റേയും കേന്ദ്രരഹസ്യം ഇതാണല്ലോ. താൻ ലോകത്തിലേയ്ക്കു വന്നത് ലോകത്തെ ശിക്ഷിക്കാനല്ല, രക്ഷിക്കാനാണ് എന്ന അവബോധം മിശിഹായ്ക്കു തന്നെയും ഉണ്ടായിരുന്നു. (യോഹ 3:17). മിശിഹാ പാപികളെ രക്ഷിക്കാൻ ലോകത്തിലേയ്ക്കു വന്നു എന്ന പ്രസ്താവന ഏറെ വിശ്വസനീയമാണെന്നും താൻ പാപികളിൽ ഒന്നാമനാണെന്നും എന്നാൽ തനിക്ക് അവിടത്തെ കൃപ ലഭിച്ചു എന്നും വി. പൗലോസും പ്രസ്താവിക്കുന്നുണ്ടല്ലോ (1തിമോ. 1:15). വി. പൗലോസിന്റെ ഈ മനോഭാവം ഉൾക്കൊള്ളുന്ന ചാവറയച്ചൻ രക്ഷകനായ മിശിഹായെക്കുറിച്ചും അവിടത്തെ രക്ഷാകര ദൗത്യത്തെക്കുറിച്ചും ഏറെ അവബോധമുള്ളവനായിരുന്നു.

സർവ്വേശാപരാപരാ സർവ്വ മംഗലനിധേ
സർവ്വരക്ഷയ്ക്കായ് തന്ന നിന്നുടെ പുത്രൻ തന്നെ

IV 27-28

ഈ ഭുവി വന്നു നീ മാനുഷജന്മമായ്
ഇജ്ജനരക്ഷയ്ക്കു കർത്തനായി

III അനുബന്ധം 43-44

മനുഷ്യകുലത്തിന്റെ രക്ഷകനായി മന്നിലവതരിച്ച മിശിഹായെ മനുഷ്യകുലത്തിന്റെ രക്ഷകൻ എന്നതിനോടൊപ്പം തന്റെ തന്നെ രക്ഷകനായി അദ്ദേഹം കണ്ടെത്തി, അനുഭവിച്ചു.

പൊയ്പോയോരജത്തിനെ തേടുവാൻ വന്ന നീയെ
കൈക്കൊണ്ട രക്ഷിക്കേണം ഞാനുമിന്നതിലൊന്നായ്
V. 173-174

ഈശോ പാപിയായ എന്നെ തേടി വന്നവനാണ് എന്ന അനുഭവം ഗത്സമേനിയിൽ പ്രാർത്ഥിക്കുന്ന മിശിഹായുടെ രൂപം ആത്മനാ ദർശിക്കുന്ന ചാവറയച്ചന്റെ ആത്മഗതങ്ങളിൽ പ്രകടമാണ്. മിശിഹായുടെ തന്നെ അന്തർഗതങ്ങൾ ഒപ്പിയെടുത്തതുപോലെ തോന്നും ആ ഈരടികൾ ശ്രവിച്ചാൽ. പരമദൈവത്തിന്റെ പുത്രനായവൻ, കാരുണ്യവാനായ ആ നാഥൻ, സമസ്ത വസ്തുക്കളുടേയും ദൈവമായവൻ, മനുഷ്യവംശത്തിന്റെ രാജാവായവൻ ദാവീദിന്റെ പുത്രനായവൻ ഒൻപതു വൃന്ദം മാലാഖമാരാൽ ആരാധിക്കപ്പെടുന്നവൻ! ഇത്രമാത്രം ഔന്നത്യമുള്ളവനായ അവിടുന്ന് എന്താണ് ഈ പാതിരാവിൽ തേടിയിറങ്ങിയത്? ആരെയാണ് അന്വേഷിക്കുന്നത്? മറ്റാരെയുമല്ല തന്റെ സ്നേഹമേറിയ ആട്ടിൻകുട്ടിയായ എന്നെത്തന്നെ. അതേ എന്നെത്തേടി അവിടുന്ന് ഈ ഭൂമിയിലേക്ക് വന്നു. 33 വർഷം എന്നെത്തേടി മലയും, ആഴിയും, കാടുകളും, തെരുവീഥികളും താണ്ടി അലഞ്ഞു. എന്നോടുള്ള സ്നേഹാധിക്യത്താൽ ദുഃഖപരവശനായി കല്ലും മുള്ളും നിറഞ്ഞ വഴിയേ നടന്നു. ആ നല്ലയിടയനിതാ എന്നെ ഈ പാതിരാവിലും തേടുന്നു. താതനായ പിതാവിന്റെ മടിയിൽ നിന്നിറങ്ങി സ്വമാതാവിനെപ്പോലും ദുഃഖത്തിൽ ആഴ്ത്തിയിട്ട് എന്നെ തേടിയിതാ അവിടുന്ന് വരുന്നു. എന്നെ തന്റെ പക്കലേക്ക് മാടി വിളിക്കുന്നു. (IV 257-276). ദുഃഖസാന്ദ്രമായി വിശേഷിപ്പിക്കപ്പെടുന്ന ഗത്സമനിയുടെ ശോകമൂകമായ അന്തരീക്ഷത്തിൽ മാനവകുലം മുഴുവനേയും അവരുടെ പാപഭാരങ്ങളേയും സ്വഹൃദയത്തിൽ വഹിച്ചുകൊണ്ട് "സ്നേഹിതർക്കു വേണ്ടി സ്വജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13) എന്നു തെളിയിക്കുവാൻ ദൈവത്തിന്റെ കുഞ്ഞാട് കാൽവരി മലയുടെ വിരിമാറിൽ കുരിശാകുന്ന ബലിപീഠത്തിൽ അർപ്പിക്കപ്പെടുവാൻ തയ്യാറെടുക്കുന്ന വികാരതീവ്രമായ നിമിഷങ്ങൾ! ഈ നിമിഷങ്ങളിലപ്പോലും സ്നേഹനാഥൻ, തന്നെയാണ് തേടുന്നതെന്നു ചിന്തിക്കു

നും ആ വലിയ സ്നേഹത്തിൽ ഹൃദയം നുറുങ്ങാനും അങ്ങനെ സ്നേഹസരിത്തായ തിരുനാഥന്റെ ഹൃദയാഭിലാഷം–മനുഷ്യരക്ഷ – തന്നിൽ അനുരൂപമാക്കി അവിടുത്തെ ഹൃദയത്തിൽ സ്ഥാനം പിടിക്കാനും സാധിച്ച ചാവറയച്ചന്റെ ക്രിസ്തുഅനുഭവം സാധാരണമെന്നതിനേക്കാൾ മൗതീകമായ ഒന്നായി വേണം കരുതാൻ. നഷ്ടപ്പെട്ടവനായിരുന്ന തന്നെ തേടിയലയുന്ന സ്നേഹധനനായ നല്ലിടയന്റെ ഹൃദയവികാരങ്ങൾ സ്വന്തമാക്കി ആവിഷ്കരിക്കുന്ന ചാവറയച്ചൻ, മിശിഹായുടെ വിശ്വാസത്തോളം വിശാലമായ ആഴിയോളം അഗാധമായ ആ ഹൃദയത്തിന്റെ സ്നേഹം സ്വജീവിതത്തിൽ ആഴമായി അനുഭവിച്ചു. അതുകൊണ്ടു തന്നെയായിരിക്കും വീണ്ടും വീണ്ടും അവിടുത്തെ പക്കലേക്കു കടന്നുചെല്ലാനും അചഞ്ചലമായ വിശ്വാസത്തോടെ പ്രത്യാശയോടെ തന്നെ കൈവിടാത്തവനായ അവിടുത്തെ മുമ്പിൽ തന്റെ ശൂന്യതയും പാപവും ഏറ്റു പറഞ്ഞ് അതിരില്ലാത്ത അളവില്ലാത്ത സ്നേഹത്തിൽ അമർന്നിരിക്കുവാനും അദ്ദേഹത്തിനു സാധിച്ചത്.

## 4. ക്രിസ്തു : താതനും തായയും

ദൈവാനുഭവത്തിന്റെ അമോഘമേഖലകളിലേക്ക് പറന്നുയർന്ന ചാവറയച്ചൻ തന്റെ ദൈവാനുഭവത്തിന്റെ ഔന്നത്യത്തിൽ ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രനെ – തന്റെ പാപമോചകനും രക്ഷകനുമായ മിശിഹായെ – പോലും 'പിതാവേ' എന്നു വിളിക്കുകയാണ്; പിതാവായി അനുഭവിക്കുകയാണ്. മിശിഹായുടെ ജീവിതാനുഭവങ്ങളിലൂടെ, പ്രത്യേകിച്ച്, പീഡാസഹനത്തിന്റെ ആഴത്തിൽ ആമഗ്നനായപ്പോഴാണ് തന്റെ നല്ലയിടയനായ മിശിഹായെ 'പിതാവേ' എന്ന തരളിതമാനസനായി വിളിക്കുക. പീലാത്തോസിന്റെ മുമ്പിൽ വിചാരണക്കായി നിർത്തപ്പെട്ടിരിക്കുന്ന ഈശോയെക്കുറിച്ചു പാടുന്ന ചാവറയച്ചന്റെ വാക്കുകളിതാ :

ദുർമ്മോഹാലിപ്തിച്ചുവൻ ചോദിച്ചു പലവിധം
നിർമ്മല ! സർവ്വേശ്വരാ നിന്നുടെ നാമം കേൾപ്പാൻ
അമ്മലഗാമി യോഗ്യനായില്ലാ ദുഷ്ടം തന്നെ
എന്നുടെ സ്നേഹപിതാ നിന്നുടെ സുതൻ ഞാനും
എന്നപോൽ നിന്റെ സ്വരം നിറുത്തീടല്ലേ താതാ !
പിന്നെയും നിന്നെയവൻ ഭ്രാന്തനായ്ച്ചമച്ചയ്യോ !

VII 413-420

കുരിശിൻചുവട്ടിലെ രംഗം വിവരിക്കുമ്പോഴും ഇതേഭാവം തന്നെ യാണ് കാണുക.

തന്നുടെ തിരുവാക്യമീവണ്ണം കേൾപ്പിച്ചയ്യോ
നിന്നുടെ താതൻ നാമേ, സ്നേഹദേവനാം നാമേ,
എന്നുടെ ചങ്കിൽ നീയീകന്തത്തെ പതിക്കുന്നൊ
അയ്യയ്യോ സ്നേഹപിതാ സൃഷ്ടിനാഥനേ മമ.
VII 331-335

മേല്പറഞ്ഞപ്രകാരം ഏകദേശം 8 പ്രാവശ്യം മിശിഹായെ പിതാ വായി ആത്മാനുതാപത്തിന്റെ 7–ാം പാദത്തിൽത്തന്നെ ഏറ്റുപ റയുന്നുണ്ട്. (VII 223, 286, 343, 345, 416, 419, 532, 548; VIII 61 63 ... etc.)

പീഡാനുഭവത്തെക്കുറിച്ചുള്ള അനുധ്യാനവേളയിൽ മിശിഹാ യെ 'അപ്പാ' എന്നു ചാവറയച്ചൻ അഭിസംബോധന ചെയ്യുന്നതു ധ്യാനസല്ലാപത്തിലും നാം വായിക്കുന്നുണ്ടല്ലോ.

ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ. കർത്താവേ! നിന്റെ തിരുത്തലയെ ഞാൻ നോക്കുന്ന എങ്കിൽ ഇതിൽ തറച്ചുവച്ചിരിക്കുന്ന മുള്ളുകളും.....

അയ്യോ! എന്റെ അപ്പാ നിന്റെ തിരുമുഖം എത്രയും അഴകുള്ളതു..... എന്റെ മനോഗ്രണമുള്ള നല്ല അപ്പാ! ഇ മുഖം..... (ആദ്ധ്യാത്മികകുതികം, P. 19)

വളരെ അസാധാരണമായി മാത്രം കാണുന്ന ഈ പ്രാർത്ഥനാരീ ലി അദ്വൈതത്തിന്റെ അജ്ഞതയെന്നതിനേക്കാളും 'ഞാനും പിതാ വും ഒന്നാകുന്നു' (യോഹ. 10:30) എന്നരുളിച്ചെയ്ത ഈശോയുടെ ഐക്യാനുഭവം വരെ അദ്ദേഹം എത്തിച്ചേർന്നു എന്നതിന്റെ ദർശനമല്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. മിശിഹായുടെ പീ ഡാസഹനങ്ങളോടു ബന്ധപ്പെട്ട അനുധ്യാനം ചെയ്യുമ്പോഴാണ് ഇത് ഏറ്റം പ്രകടമാകുന്നത് എന്നത് പ്രത്യേകം പ്രസ്താവ്യമാ ത്രേ. സ്നേഹം തന്നെയായ ദൈവത്തിന്റെ ഔന്നത്യമുള്ള സ്നേഹം അതിന്റെ തികവിലും മിഴിവിലും ആഴത്തിലും പൂർണ്ണതയിലും മിശിഹായുടെ ആത്മബലിയിൽ പ്രകാശിതമാകുന്നത് അതിന്റെ

യമായ വിധം അദ്ദേഹം അനുഭവിച്ചറിഞ്ഞുകാണും. ബുദ്ധിയുടേയും മനസ്സിന്റേയും തലങ്ങളെ മറികടന്ന് മൗതീകമായ സ്നേഹാനുഭവത്തിൽ അദ്ദേഹം നിർവൃതിയടഞ്ഞപ്പോഴും പിതാവെന്നോ, പുത്രനെന്നോ ഉള്ള വ്യത്യാസം ഒരുപക്ഷേ അദ്ദേഹത്തിന് അനുഭവപ്പെട്ടുകാണില്ല.

ചാവറയച്ചന്റെ മിശിഹാനുഭവത്തിന് മറെറാരു ഊഷ്മളഭാവം കൂടിയുണ്ട്. തന്റെ രക്ഷകനായ മിശിഹാ തനിക്കു പിതാവുമാത്രമല്ല, മാതാവുകൂടിയാണെന്ന് അദ്ദേഹം അനുഭവിച്ചറിഞ്ഞു.

പാപപന്ഥാവിൽ നടന്നയ്യയ്യോ മഹാദുഃഖം
പാതകനായിത്തണ്യപാതയിൽ നടന്നപ്പോഴും
താതനെപ്പോലെ മമ പിന്നാലെ നടന്നുനീ
ചൊല്ലി നീ മമ ചിത്തേ താതൻ ഞാൻ മമ സ്നേഹം
നല്ലൊരു മാതാവും നാം മേ സുതസ്തരിക്ക നീ
ഇങ്ങനെ ഓരോന്നുമേ മാനസേ തോന്നിച്ചു നീ

VII, 341-346

ദൈവത്തെ മാതാവായി കാണുന്ന അനുഭവവിശേഷം അത്രയധികം ആദ്ധ്യാത്മികകൃതികളിൽ വിവരിക്കപ്പെട്ട കാണുന്നില്ല. എങ്കിലും വി. ഗ്രന്ഥത്തിന്റേയും, മനുഷ്യന്റെ വളരെ വ്യക്തമായ ദൈവാനുഭവത്തിന്റേയും വെളിച്ചത്തിൽ വിലയിരുത്തിയാൽ ഇതത്ര അന്യമായ ഒരു കാര്യമാണെന്നു തോന്നുന്നില്ല. 'മുല കുടിക്കുന്ന കുഞ്ഞിനെ അമ്മസ്സ് മറക്കാനാവുമോ? പുത്രനോട് പെറമ്മ കരുണ കാണിക്കാതിരിക്കുമോ? അവർ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല (Is. 49: 15–16). വീണ്ടും, 'ജറുസലേമേ, ജറുസലേമേ പ്രവാചകന്മാരെ കൊല്ലുന്നവളേ... തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ഒരുമിച്ചു ചേർക്കും പോലെ നിന്റെ സന്താനങ്ങളെ ഒരുമിച്ചുകൂട്ടാൻ ഞാൻ എത്ര പ്രാവശ്യം ആഗ്രഹിച്ചു' (മത്താ. 23:37) എന്ന തിരുവചനങ്ങളിലൂടെ സ്നേഹത്തിന്റെ ഏറാം ഉദാത്തഭാവമായി ഒരു അമ്മയുടെ സ്നേഹത്തെയാണ് വി. ഗ്രന്ഥം – മിശിഹാ തന്നെയും – എടുത്തു കാണിക്കുക. തന്നെ തേടിത്തേടി നടന്ന് തന്റെ പാപങ്ങൾ ഏറെറടുത്ത് തന്റെ രോഗങ്ങൾ സുഖപ്പെടുത്തി തന്റെ രക്ഷയ്ക്കായി സ്വജീവനെത്തന്നെ ബലിയായി നല്കിയ, നല്കുന്ന മിശിഹായുടെ എല്ലാം മറക്കുന്ന, ക്ഷമിക്കുന്ന, കാരുണ്യം കാട്ടുന്ന, ലാളിക്കുന്ന, സ്വയം

ദാനമായി നല്കുന്ന ഊഷ്മളമായ സ്നേഹം അനുഭവിച്ചറിഞ്ഞപ്പോഴും സ്നേഹമയിയായ ഒരമ്മയായി ദൈവത്തെ അദ്ദേഹം കണ്ടെത്തിയതിൽ, അപ്രകാരം ഏറ്റുപറഞ്ഞതിൽ ഒട്ടും അതിശയിക്കാനില്ല. ഹൃദയസ്പർശിയായ, മധുരോജ്ജ്വലമായ ഈ സ്നേഹാനുഭവം തന്നെയാണ് അദ്ദേഹത്തിന്റെ ജീവിതത്തെ ഹരിതാഭ നിറഞ്ഞ പുൽത്തകിടിയും ഫലസമൃദ്ധമായ വിളനിലവും അനേകർക്ക് താങ്ങും തണലുമായ ഫലവൃക്ഷവുമാക്കിത്തീർത്തത്.

## 5. മിശിഹാ : ദൈവപുത്രനും കന്യാസുതനും

മാനുഷികതയുടെ ഊഷ്മളഭാവങ്ങളിൽ മിശിഹായെ പിതാവും മാതാവുമായി അനുഭവിച്ചറിഞ്ഞതോടൊപ്പം മിശിഹായുടെ ദൈവീകതയുടെ ഔന്നത്യം അനുഭവിച്ചറിയുവാനും അദ്ദേഹത്തിനു കഴിഞ്ഞു. കന്യാസുതനായി പിറന്ന അവിടുന്നു ദൈവപുത്രനാണെന്നും, അനന്തമഹത്വമുള്ളവനാണെന്നുമുള്ള അവബോധം അദ്ദേഹത്തിൽ ശക്തമായിട്ടുണ്ടായിരുന്നു. മിശിഹായുടെ ദൈവത്വത്തെ വെളിവാക്കുന്ന, മഹിമയെ പുകഴ്ത്തുന്ന ഗാനതല്ലജങ്ങൾ മിശിഹായുടെ വ്യക്തിത്വത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ ആഴമായ അവഗാഹത്തിന്റേയും അനുഭവത്തിന്റേയും നിദർശനങ്ങളാണ്.

മാലാഖാ മാതാവിൻ കൈകളിൽ നല്കിയ
ആലാഹാ പുത്രനെ കാണാകേണം II 27-28

പരമ പരാപരൻ സകലഗുണാന്വിത
നപരൻ രാജരാജൻ സർവ്വജ്ഞൻ സമസ്തേശൻ
പരമത്രിത്വത്തിന്റെ ദ്വിതീയൻ ദൈവസുതൻ
നരവർഗ്ഗരാജ്ഞിയാൽ പരിരക്ഷിതൻ നാഥൻ IV 28-3

ജഗത്രാതാവിൻ നാമം കേട്ടുടൻ ജഗത്രയേ
ജഗസന്തോഷം പാടിത്തെളിഞ്ഞു മോക്ഷാലയേ
ക്ഷിതിപാലന നാഥൻ തിരുനാമം കേൾവിയാൽ
ക്ഷിതിയാൽ നിശനേരം വിളങ്ങി നട്ടുച്ചപോൽ
VI 296-29

ഈശോ, മിശിഹായാണെന്നു, ദൈവപുത്രനാണെന്നു ഏറ്റുപറയുക ക്രിസ്തീയ വിശ്വാസത്തിന്റെ തന്നെ കാതലാണല്ലോ. ക്രിസ്തീയ വിശ്വാസത്തിന്റെ ഉൾക്കാമ്പു സ്വാംശീകരിച്ച ചാവറ

ച്ചന്റെ വിശ്വാസാനുഭവം എത്ര ആഴമുള്ളതെന്നും ഇത്ര വ്യക്തമാക്കുന്നു. ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു'' എന്ന ഉച്ചൈസ്വരം പ്രഖ്യാപിച്ച പത്രോസിന്റെ നിവേശിത വിശ്വാസമാകുന്ന ഉറച്ച പാറമേൽ തന്റെ സഭാസൗധത്തിനു അടിസ്ഥാനമിട്ട മിശിഹാനാഥൻ തന്റെ ജനത്തെ നയിക്കുവാനും, അവർക്കു മാർഗ്ഗദീപമായ്ത്തീരുവാനും ചാവറയച്ചനെ നിയോഗിച്ചതും മേല്പറഞ്ഞ വിധത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസത്താലാകണം. കന്യാസുതനായി പിറന്ന ഈശോനിൽ ദൈവപുത്രനെ കണ്ട ആ വിശ്വാസംകൊണ്ടു തന്നെയായിരിക്കാം ചെറിയവരായ മനുഷ്യരിൽ ദൈവസുതനെക്കണ്ടു അവർക്കു ശുശ്രൂഷ ചെയ്യുവാൻ അദ്ദേഹത്തിനു പ്രാപ്തി ലഭിച്ചത്. ഇങ്ങനെ നോക്കുമ്പോൾ ചാവറയച്ചന്റെ മിശിഹാനുഭവം ആഴമായ വിശ്വാസാനുഭവത്തിന്റേയും വിശ്വസ്നേഹാനുഭവത്തിന്റേയും സമ്മിശ്രമായിരുന്നു എന്നു വേണമെങ്കിൽ പറയാം. ഈ അനുഭവം തന്നെയായിരിക്കാം മാനുഷികതയുടെ ചട്ടക്കൂട്ടിലും, അപൂർണ്ണതകളിൽകൂടിപ്പോലും പ്രകടമാകുന്ന സഭയെന്ന ദൈവികരഹസ്യത്തെ മിശിഹായുടെ തന്നെ മൗതികശരീരമായി, ദൈവത്തിന്റെ ജനമായി കാണുവാൻ അദ്ദേഹത്തെ ശക്തനാക്കിയതും സഭാഗാത്രത്തിനുവേണ്ടി ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ സ്വജീവിതത്തെ വ്യയം ചെയ്യാൻ അദ്ദേഹം കഴിവുറ്റവനായതും.

## 6 മിശിഹാനുഭവം കുരിശിലൂടെ

ചാവറപ്പിതാവിന്റെ ക്രിസ്താനുഭവത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ കുരിശിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും അനുഭവവും കൂടി കാണുക ഉചിതമാണ്. ഈശോ തന്റെ സ്നേഹഭാജനങ്ങളായ ഈ ഭൂമിയിലെ മക്കളെ പ്രിയങ്കരനായ പിതാവിന്റെ മുമ്പിൽ നിറുത്തുന്നതിനുവേണ്ടി തന്നെത്തന്നെ അർച്ചനയായി സമർപ്പിക്കുന്നതിന് സ്നേഹത്തോടും സന്തോഷത്തോടും കൂടി ഏറെ നാളായി വാരിപ്പുണരാൻ കാത്തിരുന്ന തന്റെ കുരിശിനെക്കുറിച്ച് മിശിഹാനാഥൻ തന്നെ അരുൾചെയ്യുമ്പോലെ ആവിഷ്ക്കരിക്കുന്ന വാക്കുകൾ ചാവറയച്ചന്റെ കുരിശിനെക്കുറിച്ചുള്ള ആത്മീയാനുഭവമാണ്. കുരിശിനെ സംബന്ധിച്ച അദ്ദേഹത്തിന്റെ ഉൾക്കാഴ്ച്ച

അതിൽ പ്രകടമാണ്. കുരിശിനെ കണ്ട നിമിഷത്തിൽത്തന്നെ രക്ഷ
സ്സു വേണ്ടിയുള്ളതെന്നു മനസ്സിലാക്കി ആത്മാർത്ഥതയോടെ അവി
ടുന്നു ഹൃദയത്തിൽ ചൊല്ലുകയാണ്:

ഓ മമ മഹാസ്നേഹധാമമേ സ്ലീവായെ നീ
വേഗമായ് വന്നു നിൻറെ കൈകളിൽ കൈക്കൊൾകമാം
എന്നുടെ സ്നേഹജനു മന്നിലെ മനുക്കളെ
നമ്മുടെ സ്വന്തം പിതൃമുൻപിൽ നാം നിരത്തുവാൻ
VIII, 13-16

ഈ കുരിശിൻ മീതെ കിടന്ന് സുഖനിദ്ര ചെയ്യുന്നതിന് എത്ര
യോ ദാഹത്തോടെയാണ് അവിടുത്തെ മനസ്സ് കാത്തിരിക്കുക?
ഈ കുരിശു തന്നെയാണ് തൻറെ വിജയത്തിനുള്ള വീര്യായുധമെ
ന്നും അതു തന്നെയാണ് മോക്ഷകവാടം തുറക്കാനുള്ള താക്കോലെ
ന്നും മനുഷ്യകുലത്തിന് മുക്തി നല്കുന്ന മഹത്തായ ബലി കുരി
ശിൽ തന്നെയാണെന്നും പ്രസ്താവിക്കുമ്പോൾ കുരിശിൻറെ മാധുര്യ
വും അതു നല്കുന്ന സമ്പന്നതയും എത്രയധികമെന്ന് അദ്ദേഹം സ്വാ
നുഭവത്തിലൂടെതന്നെ പ്രഖ്യാപിക്കുകയാണ്. മാത്രമല്ല, ഈ കുരി
ശിലൂടെ മനുഷ്യകുലം മുഴുവനും മിശിഹായുടെ ഗോത്രക്കാരായി
രിക്കുന്നു. അവർ അവിടുന്നു വഴിയായി മക്കളും പിതാവിൻറെ
സമ്പത്തിന് അവകാശികളുമായിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ
കുരിശിൻറെ പാതയെ അനേകർ അനുവർത്തിക്കുമെന്നും, മിശിഹാ
യുടെ പിന്നാലെ അനേകർ ഓടിവരുമെന്നും മിശിഹാതന്നെ മന
സ്സിലാക്കുന്നതായി ചാവറയച്ചൻ വ്യക്തമാക്കുകയാണ്. വി. ഗ്ര
ന്ഥത്തിൽ അവിടെയുമിവിടെയും പ്രകടിതമാകുന്ന ആശയങ്ങളെ
കിലും ക്രിസ്തുനാഥൻറെ തന്നെ അധരങ്ങളിലൂടെ വരുന്നവ പോ
ലെ അവയെ ആവിഷ്ക്കരിച്ച് കുരിശിൻറെ ഔന്നത്യത്തെക്കു
റിച്ച് അതിൻറെ രക്ഷാദായകത്വത്തെക്കുറിച്ചു പാടുന്ന ചാവറയ
ച്ചൻറെ വീക്ഷണം വളരെ ഉദാത്തമാണ്. കുരിശാണ് രക്ഷയ്ക്കുള്ള
മാർഗ്ഗമെന്നും മിശിഹായുടെ മാർഗ്ഗം കുരിശിൻറെ മാർഗ്ഗമാണെന്നും
കുരിശിലൂടെയാണ് എല്ലാ മനുഷ്യരും ദൈവത്തിൻറെ മക്കളും അതു
വഴി പരസ്പരം സഹോദരങ്ങളും ആയിത്തീർന്നതെന്നുമൊക്കെയുള്ള
ക്രിസ്തീയമായ ഉൾക്കാഴ്ചകളും അദ്ദേഹത്തിനു ശക്തമായി ഉണ്ട
യിരുന്നു. കുരിശിൻറെ മാധുര്യം, ക്രൂശിതൻറെ മനോഭാവം, കുരി

ശിനോടുള്ള മിശിഹായുടെ സമീപനം തുടങ്ങിയവയൊക്കെ ഉൾക്കൊണ്ട ഒരു വ്യക്തിക്ക മാത്രമേ ഇപ്രകാരമൊക്കെ ചിന്തിക്കാനും എഴുതാനുമാവൂ. ബഹുമുഖങ്ങളായ കർമ്മമണ്ഡലങ്ങളിൽ ക്ലേശങ്ങളും തെറ്റിദ്ധാരണകളും പ്രശ്നങ്ങളും അഭിമുഖീകരിച്ച അദ്ദേഹം കുരിശിന്റെ മാധുര്യം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. കുരിശിനെ മാറിനിർത്തിക്കൊണ്ടുള്ള ഒരു ക്രിസ്ത്വനുഭവം അതിൽത്തന്നെ ശ്രേഷ്ഠമാണ്. മിശിഹാനുഭവത്തിന് ആഴവും മിഴിവും നല്കി മിശിഹായോട് താദാത്മ്യപ്പെടുന്നതിനു വിശുദ്ധാത്മാക്കളെ പ്രാപ്തരാക്കിയ സ്ലീവായുടെ അനുഭവം ചാവറയച്ചനെ സംബന്ധിച്ചും അർത്ഥപൂർണ്ണംതന്നെ.

**ഉപസംഹാരം**

മനുഷ്യനായവതരിച്ച നിത്യവചനമായ മിശിഹാ വഴി ദൈവീകതയുടെ ഉത്തുംഗശൃംഗത്തിലെത്തിച്ചേർന്ന ഒരു ദൈവികമനുഷ്യനാണ് നമ്മുടെ പിതാവായ ചാവറയച്ചൻ. മിശിഹായിലൂടെ പിതാവിലേയ്ക്കും പിതൃപുത്രബന്ധം വഴി സഹജരിലേക്കും വളരുകയും വികസിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ ജീവിതം ഒരേ സമയം ദൈവോന്മുഖവും അതേ സമയം പരോന്മുഖവുമായിരുന്നു. 'എന്നുടെ സ്നേഹവും, ഭാഗ്യവും, ശ്വാസവും, യാവനയും നീ തന്നെ'' എന്നു പാടിയ അദ്ദേഹത്തിന്റെ ആത്മീയ ചൈതന്യം 'ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു' എന്നു പറഞ്ഞ വി. പൗലോസിന്റേതു പോലുള്ളതാണ്. ക്രിസ്തുബന്ധമായ ജീവിതത്തിലൂടെ ഒരു കാലഘട്ടത്തെ മുഴുവൻ ധന്യമാക്കിയ അദ്ദേഹത്തിന്റെ ജീവചൈതന്യം നമുക്കേവർക്കും വരും തലമുറയ്ക്കും പ്രചോദനകരമാകട്ടെ.

---

# മാതൃദർശനം ആത്മാനുതാപത്തിൽ

സി. ലിസ്യു തെരേസ് സി.എം.സി.

**ആമുഖം:-**

ദൈവത്തിൽനിന്നുള്ള മനുഷ്യന്റെ പിൻതിരിയലിന്റേയും തിരിയലിന്റേയും ചരിത്രമാണ് ബൈബിൾ. ദൈവത്തിലേയ്ക്കു തിരിയുവാനുള്ള സ്നേഹ ക്ഷണമാണ് വി. ഗ്രന്ഥം നമുക്ക് നല്കുന്നത്. ദൈവപുത്രനായ ഈശോയാണ് തിരിയലിന്റെ പൂർണ്ണമായ മാതൃക. ഈശോയുടെ പ്രസംഗങ്ങളിടേയും, അത്ഭുതങ്ങളിടേയും സാരാംശം പിതാവിലേയ്ക്കുള്ള തിരിയലാണ്. മനുഷ്യകുടുംബം മുഴുവനോടും കൂടി, സൃഷ്ടപ്രപഞ്ചം മുഴുവനോടും കൂടിയുള്ള തിരിയിലായിരുന്നു അത്. 'തിരിയലി'ന്റെ ജീവിതമാണ് പ. ത്രിത്വത്തിൽ നാം കാണുന്നത്. പിതാവ് എപ്പോഴും പുത്രനിലേയ്ക്ക് തിരിഞ്ഞിരിക്കുന്നു; പുത്രൻ പരിശുദ്ധാത്മാവുവഴി പിതാവിലേയ്ക്കും.

ഇങ്ങനെയുള്ള ഒരു തിരിയലിന്റെ കഥയാണ് ആത്മാനുതാപം. സ്വർഗ്ഗീയ കുടുംബത്തിന്റെ മാതൃകയിൽ ചാവറപിതാവും തിരിയുന്നതിന്റെ കഥയാണിത്. ആത്മാനുതാപം ഒന്നും രണ്ടും പാദങ്ങൾ അദ്ദേഹത്തിന്റെ ബാല്യകാല വിവരണങ്ങളാണ് പിതാവായ ദൈവം തന്നിലേയ്ക്ക് തിരിഞ്ഞതിന്റെ വിവിധ രൂപങ്ങളും തലങ്ങളുമാണ് ആദ്യഭാഗത്ത് വിവരിക്കുന്നത്. സ്വർഗ്ഗീയ കുടുംബം തന്നിലേയ്ക്ക് എങ്ങനെ തിരിരിഞ്ഞിരുന്നു എന്നാണ് കാണുകയാണ്. ദൈവം തന്നിലേയ്ക്ക് തിരിഞ്ഞിരിക്കുന്നു എന്നതാണ് ദൈവത്തിലേയ്ക്കുള്ള സമ്പൂർണ്ണമായ തിരിയലിനു നിദാനം. പിതാവായ ദൈവത്തിന്റെ കാരുണ്യപൂവ്വുമുള്ള തിരിയലിന്റെ ആഴവും ഉയരവും നീളവും വീതിയും എത്രമാത്രം മനസ്സിലാകുന്നുവോ അതനുസരിച്ച് തന്റെ തിരിയലിൽ വന്നിരിക്കുന്ന അപാകതകൾ കണ്ടെത്തുകയാണ്. പിതാവ് ആദ്യം മുതൽ തന്നിലേയ്ക്ക് തിരിഞ്ഞ കഥയും വേണ്ടവിധം താൻ തിരിഞ്ഞില്ല എന്ന കഥയും ഓർക്കുമ്പോൾ പ്രതീക്ഷയോടെ തിരുകുടുംബത്തിലേയ്ക്ക് തിരിയുന്നതായും കാണാം.

ഇപ്രകാരമുള്ള 'തിരിയലി'ന്റെ ജീവിതം നയിക്കാനാണ് ചാവറപിതാവ് തപസ്സുഭവനവും, ദർശനഭവനവും പണിയുവനാ ഗ്രഹിച്ചത്. ഈ ദർശന ഭവനത്തിലൂടെയാണ് ദൈവത്തെ 'കാണാ കേണം' എന്ന ആഗ്രഹം സഫലമാകുന്നത്. 'കാണാകേണം' സാദ്ധ്യമാക്കുകയാണ് ദർശനഭവനം. കാണാകലിലൂടെ അഥവാ ദർശനത്തിലൂടെ ദർശനവിഷയവുമായി ഒന്നായിത്തീരുകയാണ് ഇങ്ങനെയുള്ള ഒരു ആദ്ധ്യാത്മികാനുഭവത്തിലേയ്ക്ക് എങ്ങനെ പ്രവേശിക്കാം എന്നുകൂടി അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

ഈശോമിശിഹായുടെ സ്നേഹത്തിൽ പാപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ. (കത്തുകൾ P. 114)

പ. ത്രിത്വത്തിന്റെ ഈ ഭൂമിയിലെ പതിപ്പായിട്ടാണ് (ആവിഷ്കാരം) തിരുക്കുടുംബത്തെ അദ്ദേഹം കണ്ടത്. തിരുക്കുടുംബത്തിന്റെ ജീവിതം തിരിയലിന്റേതായിരുന്നു. പരസ്പരം ഉന്മുഖമായിരുന്നതിന്റെ, ചേർന്നിരുന്നതിന്റെ, ഒന്നായിത്തീർന്നതിന്റെ സമ്പൂർണ്ണതയാണ് തിരുക്കുടുംബത്തിൽ ചാവറപ്പിതാവ് ദർശിച്ചത്. തിരുക്കുടുംബം തന്നിൽ അധികാരം നടത്തുവാൻ ആ നാമം തന്റെ പേരിനോടു കൂടി സ്വീകരിച്ചു. അന്ത്യ വചസ്സുകളിൽ ഈ വസ്തുത ഉറപ്പിച്ച് പ്രഖ്യാപിക്കുകയും ചെയ്തു "ഈശോ, മറിയം, യൗസേപ്പ് എന്ന മഹാകുടുംബത്തെ..... എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാണുകയും, ഓർക്കുകയും, വണങ്ങുകയും ചെയ്തിരുന്നു." (ചരമവത്സരം 11)

തിരുക്കുടുംബത്തിൽ മാതാവിനുള്ള സ്ഥാനം അതുല്യമാണ്. തിരിയലിന്റേയും, കാണാകലിന്റേയും, ഒന്നാകലിന്റേയും മാതൃക മാതാവിലും കാണാം. ഇങ്ങനെയുള്ള മാതാവിനോടുകൂടിയാണ് ചാവറപ്പിതാവ് പ. ത്രിത്വത്തെ ദർശിച്ചിരിക്കുന്നത്. അഥവാ മാതാവിന്റെ ജീവിതത്തോട് ബന്ധപ്പെട്ടാണ് ചാവറപ്പിതാവിന്റെ 'കാണാകൽ' നടക്കുന്നത്. ആത്മാനുതാപം മൂന്നാം പാദത്തിൽ "കാണാകേണം" എന്ന് ആവർത്തിച്ചു ചൊല്ലുമ്പോഴും മാതാവിനോട് മാത്രം ബന്ധപ്പെടുത്തി പറയുന്ന ഭാഗങ്ങളും ശ്രദ്ധേയമാണ്.

3/1...

''കാരുണ്യ നാഥനാം ദൈവകുമാരന്റെ
യാരുണ്യശോഭയെ കാണാകേണം.
... ... ... ... ...
ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം.
ഒമ്പതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം.
... ... ... ... ...
ചങ്കുപോൽ സ്നേഹിക്കും കാന്തനെ മാതാവ്
തങ്കൽ വിളിച്ചതും കാണാകേണം.
ചേച്ചയോടുണ്ണിയെ പള്ളിയിൽ മാതാവ്
കാഴ്ചകൊടുത്തതും കാണാകേണം.''

ആത്മാനുതാപത്തെ പ്രധാനമായും നാലായി തിരിച്ചുകൊണ്ട് ചാവറപ്പിതാവിന്റെ മരിയശാസ്ത്രത്തെ നമുക്ക് നോക്കി കാണാൻ ശ്രമിക്കാം.

1. ദൈവം ചാവറപ്പിതാവിനെ എങ്ങനെ കണ്ടുവെന്നും, ചാവറപ്പിതാവ് ദൈവത്തെ എങ്ങനെ കണ്ടുവെന്നും വിവരിക്കുന്നു. (1–2 പാദങ്ങൾ)
2. തിരുക്കുടുംബത്തിലൂടെ, ക്രിസ്തുരഹസ്യത്തിലൂടെ പ. കന്യകയെ കാണുന്നു. (4–9)
3. മാതാവിന്റെ മഹത്വപൂർണ്ണമായ ദർശനം. (10–12)
4. മാതാവിലൂടെ സ്വന്തം ചരിത്രവും, സഭാചരിത്രവും കാണുന്നു; മാതാവിന്റെ കഥ തന്റേതാക്കിത്തീർക്കുന്നു.

## 1. സ്വന്തം അമ്മയിലൂടെ മാതാവിലേയ്ക്കു തിരിയുന്നു

ഒന്നും രണ്ടും പാദങ്ങൾ ദൈവം തന്റെ വ്യക്തിപരമായ ചരിത്രത്തിൽ എങ്ങനെ ഇടപെടുന്നുവെന്നും, എത്രമാത്രം കരുണ തന്നോട് കാണിച്ചുവെന്നും പ്രതിപാദിക്കുകയാണ്. അമ്മയെ നല്കിയത് ദൈവം തന്നിലേയ്ക്ക് തിരിഞ്ഞ അനുഭവമാണ്. സ്വന്തം അമ്മയിലൂടെ മാതാവിലേക്ക് തിരിയുവാൻ ഇടയാക്കിയ സാഹചര്യങ്ങളോരോന്നും എണ്ണിയെണ്ണി പ്രതിപാദിക്കുന്നു.

"അന്നവളുടെ കാല്ക്കലിരുന്ന ഞാൻ
മന്ദം മന്ദമറിഞ്ഞു ദൈവത്തേയും...
രാജപം ദൈവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോ തൻ നാമങ്ങും" 1:53–60

1. മാതാവിനോടുള്ള ധാരാളം പ്രാർത്ഥനകൾ ചൊല്ലിക്കൊടുത്തിരുന്നു. 1:59
2. ശിശുവായിരുന്നപ്പോൾ തന്നെ കൈനകരിക്കടുത്തുള്ള വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി അടിമവച്ചു. 2:4–8
3. എല്ലാ വർഷവും കന്നിമാസം എട്ടാം തീയതി അമ്മയോടൊപ്പം നാഥയായ പ. കന്യകാമറിയത്തെ ആ ദേവാലയത്തിൽ ചെന്നു വണങ്ങിയിരുന്നു. 2:17–20
4. മരണംവരെ എല്ലാ വർഷവും ദൈവാലയത്തിൽ ദാസ്യപ്പണം ഏല്പിച്ചിരുന്നു. 2:21–22

## 2. തിരുക്കുടുംബത്തിലൂടെ മാതാവിലേയ്ക്ക് തിരിയുന്നു.

സ്വർഗ്ഗവും ഭൂമിയും സംഗമിച്ച പുണ്യസങ്കേതമാണ് തിരുക്കുടുംബം. പരസ്പരം സ്നേഹിക്കുകയും, പങ്കുവയ്ക്കുകയും, ബഹുമാനിക്കുകയും ചെയ്തുകൊണ്ട് എപ്പോഴും കണ്ടുകൊണ്ടിരിക്കുകയാണ് തിരുക്കുടുംബത്തിലുള്ളവർ. ഈശോയുടേയും, മാതാവിന്റേയും, യൗസേപ്പിന്റേയും 'തിരിയലിൽ' ചാവറപ്പിതാവും ലയിച്ചുചേരുകയാണ്. ഇങ്ങനെയുള്ള മഹത്തായ ദർശനം ആത്മാനുതാപത്തിൽ കാണാം.

ഈശോയുടെ ജനനം മുതലുള്ള കാഴ്ചകൾ ഓരോന്നായി ചാവറപിതാവ് കാണുകയാണ്. നാലാം പാദത്തിൽ പൂർണ്ണഗർഭിണിയായ മറിയം യൗസേപ്പുപിതാവുമൊത്ത് ബദ്ലഹേമിലേയ്ക്ക് യാത്രപുറപ്പെടുന്നത് വിവരിക്കുമ്പോൾ മാതാവിനു് അനുഭവപ്പെട്ട വേദനകളും ദുഃഖങ്ങളുമെല്ലാം തന്റെ പാപംമൂലമാണന്നു് കാണുകയാണു്. പിഞ്ചുപൈതലായ എമ്മാനുവേലിന്റെ ദർശനത്തിനായി മാതാവിനോടും യൗസേപ്പിതാവിനോടുമൊപ്പം ചാവറപ്പിതാവും പ്രാർത്ഥിച്ചു് കാത്തിരിക്കുകയാണ്. ഈശോയെ കേന്ദ്രീകരിച്ചാണ് തിരുക്കുടുംബം നീങ്ങുന്നത്. അഥവാ, വചനത്തിലൂടെയാണ് അവർ പരസ്പരം നോക്കിക്കാണുന്നത്. ആ വചനം

ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന സൂര്യദേവനാണ് (5/51–52). ഈ വചനത്തിന്റെ പ്രഭ ഭൂമിയിലെങ്ങും വന്നുനിറയുന്നത് കാണാനും, വചനത്തെ ലോകത്തിനു കാണിച്ചുകൊടുക്കുവാനുമാണ് പ. അമ്മയ്ക്കു താല്പര്യം. ഇതിനുവേണ്ടിയാണ് മാതാവ് പ്രാർത്ഥിക്കുന്നത്.

"കരുണക്കടലായ പിതാവെ, നിന്റെ രൂഹാ
കരുണനാഥൻ തന്റെ കനിവാൽ മമോദരെ
ജനിച്ച മണിക്കുംഭമാകിയ തിരുപ്പുത്രൻ
ജനക്കൺ പ്രത്യക്ഷമായ" തരണം മമ കയ്യിൽ." (5:43–46)

ഈ വചനത്തെ പ. അമ്മ എങ്ങനെയാണ് ലോകത്തിനു കാണിച്ചുകൊടുക്കേണ്ടതെന്നു തുടർന്നു പറയുന്നു:

"അൻപേറും മമതായേ, എന്നെ നീ നോക്കിക്കൊണ്ടു
പിൻപിനാൽ നടന്നുമേയമ്മയായ് കാട്ടീടുക." (5/79–80)

പൈതലായ ഈശോ മാതാവിനെ ക്ഷണിക്കുന്നതു ഒരു ശിഷ്യ എന്ന നിലയിൽ തന്നെ അനുഗമിക്കുവാനാണ്. പ. മറിയം ഒരേ സമയം തനിക്കു അമ്മയും ശിഷ്യയുമാണ്. പിതാവിന്റെ ഇഷ്ടം നിറവേറുന്ന ദൈവരാജ്യത്തിലെ ആദ്യ അംഗമാണവൾ. മാതാവിന്റെ ദൈവവിളി ഇതായിരുന്നു. വചനത്തെ നോക്കിയും, പിൻനടന്നും ലോകപരിത്രാതാവിന്റെ അമ്മയാണ് താനെന്ന് എല്ലാവർക്കും കാണിച്ചുകൊടുക്കുക. ഈ വചനം കേട്ടപ്പോൾ പ. അമ്മ എങ്ങനെയാണ് പ്രത്യുത്തരിച്ചതെന്നു തുടർന്നു പറയുന്നു:

"അപ്പൊഴതമ്മ തന്റെ സൃഷ്ടിതാവെന്നറിഞ്ഞു
ശില്പമായ് പൈതൽ തന്റെ തൃപ്പാദേ മുത്തി ഭക്ത്യാൽ
തന്നുടെ രക്ഷാനാഥൻ രാജരാജനെന്നുള്ള
ചിഹ്നമായ് തൃക്കൈകളും മുത്തിതൻ മഹാസ്നേഹാൽ."
(5/83–86

വചനം ഈ ഭൂമിയിലവതരിച്ചത് ഏറ്റവും നിന്ദ്യവും, പരിഹാസ്യവുമായ രൂപത്തിലാണെങ്കിലും അതു ഏറ്റവും വലിയ മനുഷ്യത്വത്തിന്റെ അനുഭവമാണ്. ഈ രഹസ്യം ഗ്രഹിച്ചവളാണ് പ. അമ്മ. രണ്ടാം പാദത്തിൽ ബദ്‌ലഹേമിലെ ശൂന്യവല്ക്കരണം വരിച്ചശേഷം ചാവറപിതാവു മാതാവിലേക്കു തിരിഞ്ഞു ഈ വലിയ രഹസ്യം ഉദ്ഘോഷിക്കുന്നതിപ്രകാരമാണ്: "നിന്റെ സൃഷ്ടാവും, സ്നേഹം നിറഞ്ഞ പുത്രനും ആണ് ഈ കുമാരൻ എന്നു

അവിടത്തെ മഹത്വം എന്തെന്നും ഗ്രഹിച്ചവളാണല്ലോ നീ.'' (2/211–224) ചുരുക്കത്തിൽ, വചനത്തെ കേന്ദ്രമാക്കി ജീവിക്കുക, ആ വചനത്തെ ലോകത്തിനു് കാണിച്ചുകൊടുക്കുക, ശിഷ്യ എന്ന നിലയിൽ അവിടത്തെ ഇഷ്ടം നിറവേറ്റുക, സ്രഷ്ടാവിനു് ആരാധനാസ്തുതികളർപ്പിക്കുക എന്നിവയാണു് പ. അമ്മ തിരുക്കുടുംബത്തിൽ നിർവ്വഹിക്കുന്നതു്. ഇതുതന്നെയാണു് തന്റെയും ദൈവവിളിയായി അദ്ദേഹം കാണുന്നതു്.

ആറാം പാദത്തിൽ മാതാവും, ശാന്തി എന്ന ഇടച്ചിയുമായുള്ള സംഭാഷണത്തിലൂടെ അവളുടെ സംശയങ്ങൾ ദൂരികരിച്ചുകൊണ്ടു് ദൈവം എങ്ങനെയാണു് മനുഷ്യനിലേക്കു് ആത്യന്തികമായി തിരിഞ്ഞതെന്നു് പഠിപ്പിക്കുന്നു. ''അവിടുന്നു് തന്റെ ക്ഷമ, അനുസരണം എന്നിവയെ രണ്ടു് ജോഡിയായിട്ടു് കലപ്പയിൽകെട്ടി ഒളിമിന്നുന്ന തന്റെ തിരുശ്ശരീരത്തിൽ ഉഴുതുകൊണ്ടു് രക്തം വാർത്തു് ദയ, കാരുണ്യം എന്നീ വിത്തുകളെ വിതയ്ക്കുന്നു.'' (6/81–88) തുടർന്നു്, കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചു് ഭീതിയോടും, വിറയലോടും കൂടി അവൾ ചോദിക്കുകയാണു്. (6/101–196) മനുഷ്യർ ഭയംകൊണ്ടു് വിറയ്ക്കുന്ന ഈ സാഹചര്യത്തിൽ പ. അമ്മയാണു് തനിക്കു് അഭയമെന്നു് ചാവറപിതാവു് കാണുകയാണു്.

''ആ നേരം മമ നാഥേ നിയുമത്തിരുമുമ്പിൽ
... ... ... ... ...
ത്രിലോകനാഥേ തവ കാപ്പയാൽ മറയ്ക്കുമാം.'' (6/215–228)

നീതിപാലകനായി ഈശോ രണ്ടാമത് പ്രത്യക്ഷനാകുന്ന അവസരത്തിൽ മാതാവു് അവിടത്തെ തിരുമുമ്പിൽ എഴുന്നള്ളും. അമ്മ കാരുണ്യം കാണിക്കും; കാപ്പയിൻ കീഴിൽ തന്നെ കാത്തുസംരക്ഷിക്കും. കാരുണ്യത്തിന്റെ ഇരിപ്പിടവും, നിറകുടവുമായിട്ടാണു് ചാവറപ്പിതാവു് മാതാവിനെ കാണുന്നതു്. ആ കാരുണ്യ നാഥയിൽ ശരണം കണ്ടെത്തുന്ന ദാസനാണു് അദ്ദേഹം.

## 3 മാതാവിന്റെ പാദ ദാസൻ

തിരുക്കുടുംബത്തിന്റെ അനുഭവങ്ങളിൽ പങ്കു പറ്റുന്ന ചാവറപിതാവു് തന്നിലേക്കു് തിരിയുമ്പോഴും സ്വയം വിശേഷിപ്പിക്കുന്നതു് മാതാവിന്റെ ദാസനായിട്ടാണു്.

1. ചെറുപ്പം മുതലെ താൻ മാതൃദാസനായിരുന്നുവെന്ന് ഏറ്റു പറയുന്നു.

"എങ്കിലുമമ്മ നീയെ മറന്നീടരുതയ്യോ
ചങ്കിതിൽ നിൻറെ യോമ്മയെപ്പോഴുണ്ടതാനും
... ... ... ... ... ... ... .. ... ...
മുന്നമേയെന്നെ ചേർത്തു നിന്നുടെ ദാസനാക്കി
യന്നനാം മുതൽ നീയും പാലിച്ചു രക്ഷിച്ചല്ലോ".
(2/247-252)

ആദ്യം മുതൽ തന്നെ താൻ ദാസനായിരുന്നുവെന്നു ചാവറപ്പിതാവ് പലപ്രാവശ്യം അനുസ്മരിക്കുന്നുണ്ട്.

"എന്നവളുണർത്തിച്ചു, ദാസനായടിയനെ
... ... ... ... ... ... ... ... ...
സാക്ഷാൽ നിൻസുതനല്ല, മാതാവിൻ ദാസൻ ദൃഢം"
(2/9-16)

2. മാതാവിൻറെ സഭയിൽ ചേർത്തത് ദാസ്യസ്ഥാനത്തിനുള്ള അംഗീകാരമായിട്ടാണ് കാണുന്നത്. "ദാസനെന്നുള്ള നാമം കൊടുത്തു" (7/189).

3. മാതാവിൻറെ ദാസനായിരിക്കുക എന്നത് പ്രത്യേകമായി ലഭിച്ച ഒരു ഭാഗ്യമായും വരമായും കാണുന്നു. (7/173-176) ഇത് പ്രത്യേകമാം വിധം അമ്മ സമ്മാനിച്ചതാണ്. വി. ഗ്ര ന്ഥത്തിൽ പ്രതിപാദിക്കുന്നതു പോലെയുള്ള ദാസ്യസ്ഥാന ത്തിൻറെ (2 സാമു 7/8, പുറ 32/13, ഏശയ്യാ 42/1-4, 49/1-6, 50/4-9, 52/13-53/12) ശ്രേഷ്ഠത, വലിപ്പം മനസ്സിലാ ക്കിയതുകൊണ്ടാണ് ചാവറപിതാവ് പലപ്പോഴും തൻറെ ഈ സ്ഥാനം വേണ്ടവിധം വിനിയോഗിച്ചില്ല എന്നു പറഞ്ഞ് വിലപിക്കുന്നത്. യജമാനൻറെ കണ്ണുകളിലെ 'ദാസൻ' താൻ ഇനിയും ആയിത്തീർന്നിട്ടില്ല.

ഉദാ:

"നിൻ തിരുവടിയുടെ ദാസൻ ഞാൻ മുന്നം ദൃഢം
നന്ദിഹീനത ചെയ്തു മന്നിലെ നിർമ്മോഹത്താൽ (7/167-168

'എങ്കിലുമമ്മേ നിന്റെ ദാസനെന്നുള്ള നാമം
... ... ... ... ... ... ... ...
മേ പാപം, മഹാപാപം മാലിന്യം മണൽ സമം''.
(7/189–192)

അതുകൊണ്ട് പുത്രസഹജമായ സ്വാതന്ത്ര്യത്തോടെ, താൻ ദാസനാണെന്നുള്ളത് മാതാവ് ഓക്കണമെന്ന് പറയുന്നു. താൻ ദാസനാണെന്ന് ഏകദേശം ഇരുപത് പ്രാവശ്യം ആത്മാനുതാപത്തിൽ എടുത്തുപറയുന്നുണ്ട്. താൻ ദാസനാണെന്ന് മാതാവിനെ ഓർമ്മിപ്പിക്കുന്ന പല ഭാഗങ്ങളും കാണാം.

1. സുന്ദരി നിന്റെ മാതൃദാസനെന്നോത്തീടുക. (2/244)
2. അന്യഭാവേന ചരിച്ചയ്യോ മമകുറ്റം
എങ്കിലുമമ്മ നീയെ മറന്നീടരുതയ്യോ.'' (2/248)
3. മങ്കയാം മനോഹരേ, യെന്നെ നീ മറക്കുമോ. (2/253)
4. രക്ഷിച്ചീടണെ, മമദാസനെന്നോർത്തിവനെ. (2/286)
5. മാതാവെ, മമനാഥെ, ദാസനെയോർത്തീടേണം. (4/205)
6. എന്നെ നീ ഓർത്തു നിന്റെ പുത്രനോടപേക്ഷിച്ചു.
നല്ലൊരു മൃത്യുതന്നു രക്ഷിക്ക മമതായെ. (4/208–209)

7/193–200 ൽ ഈ ദാസനെ എങ്ങനെയാണ് തന്നിലേക്ക് മാതാവ് ചേർത്തതെന്ന് പറയുന്നു. 'കൈകളാൽ പുണർന്ന് പാദത്തിൽ ചേർത്ത് ദാസനായി കൈക്കൊണ്ടു''. ഈ വരം ലഭിച്ചത് മഹാഭാഗ്യമായിട്ടാണ് അദ്ദേഹം കരുതുന്നത്. മാതാവിനെ തന്റെ ജീവിതത്തിന്റെ മാതൃകയാക്കുകയാണ്. പാടങ്ങളെ കെട്ടിപ്പിടിച്ചിരിക്കുന്ന ദാസനായിക്കൊണ്ട് ജീവിതം മുഴുവനും മാതാവിനു സമർപ്പിച്ചു. മരിയ ദാസനായിരുന്നുകൊണ്ടാണ് അദ്ദേഹം മരിയഭക്തനായത്. മരിയഭക്തനായ ദാസൻ ചെയ്യുവാൻ ഏറ്റവും ഇഷ്ടപ്പെടുന്നത് മാതാവിനു സ്തുതിഗീതങ്ങളും പാടുവാനാണ്; നാമങ്ങളും നല്ലുവാനാണ്. അങ്ങനെ തന്റെ യജമാനനു മഹത്വമുണ്ടാകുവാൻ വേണ്ടി ജീവിക്കുകയാണ്.

## 4. മരിയനാമങ്ങൾ

ബൈബിളിൽ നാമം എന്നത് ആളുകളെ തിരിച്ചറിയാനുള്ള ഒരടയാളം മാത്രമല്ല; അത് അയാളുടെ സ്വഭാവം വെളിവാക്കുകകൂടി ചെയ്യുന്നു. പഴയനിയമത്തിൽ അബ്രാഹത്തിനും, യാക്കോ

ബിനുമൊക്കെ ദൈവം പേരുകൾ നല്കുന്നുണ്ട്. ദൈവവുമായുള്ള വൈയക്തികബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് അവർ പുതിയ പേരുകൾ സ്വീകരിച്ചത്. ഒരാൾക്ക് നാമം ഉണ്ടാക്കിക്കൊടുക്കുക എന്നു പറഞ്ഞാൽ അയാളുടെ വ്യക്തിത്വം സ്വീകരിച്ചംഗീകരിക്കുകയും, യശസ്സ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു എന്നാണ് അർത്ഥമാക്കുന്നത്. മരിയഭക്തനായിരുന്ന ചാവറപിതാവ് മാതാവിന് വളരെയേറെ നാമങ്ങൾ നല്കുന്നുണ്ട് ഭാരതീയാദ്ധ്യാത്മികതയിലെന്നപോലെ നാമകീർത്തനം നടത്തി മാതാവിനെ സ്തുതിക്കുകയാണ്. ഈശോ പിതാവിന്റെ നാമത്തിന് മഹത്വമുണ്ടാകുന്നതിനു വേണ്ടി ജീവിച്ചു് ആ നാമത്തിൽ ലയിച്ചു ചേർന്നതുപോലെ ചാവറപിതാവും പിതാവിന്റെ നാമത്തിൽ ലയിച്ചു ചേരുകയാണ്.

### I. ദൈവത്തോട് ബന്ധപ്പെട്ട നാമങ്ങൾ

| | | |
|---|---|---|
| 1 | ദൈവമാതാവ് | 6/77–80 |
| 2. | ത്രിലോകരാജ്ഞി | 6/219–220. |
| 3. | ത്രിലോക നാഥ | 6/228. |
| 4. | വരവർണ്ണിനിശ്രേഷ്ഠ | 4/106. |
| 5. | നിർമ്മല ഗുണനാഥ | 7/141. |

### II. മനുഷ്യനോട് ബന്ധപ്പെട്ട നാമങ്ങൾ

| | | |
|---|---|---|
| 1. | കന്യകകൾക്ക് മണിമകുടം | 2/221–224. |
| 2. | സ്ത്രീകളിൽ ശ്രേഷ്ഠ | 4/1–12. |
| 3. | കന്യകകൾക്ക മണിരത്നം | 5/119–122 |
| 4. | ശക്തിദായിക | 6/428 |
| 5. | രാജേശ്വരി | 6/436 |
| 6. | കാരുണ്യമാതാവു് | 4/82 |
| 7. | സ്നേഹതായ, അമ്മ | 12/156 |

### III. പ്രപഞ്ചത്തോട് ബന്ധപ്പെട്ട നാമങ്ങൾ

| | | |
|---|---|---|
| 1. | കർമ്മലമാതൃദേവി | 7/184 |
| 2. | താരമകുടമണി | 5/13, 6/48 |
| 3. | സോമപാദിനി | 5/13, 6/47 |
| 4. | സമുദ്രതാര | 6/36, 10/224 |
| 5. | ജറുസലെംപുത്രി | 12/13, 22 |
| 6. | കാരുണ്യക്കടൽ | 12/72 |

## 5. വി. ഗ്രന്ഥത്തിൽനിന്നും ഉദ്ധരണികൾ

നാമകീർത്തനത്തിന്റെ മറ്റൊരു രൂപമാണിതു്. മറിയത്തെ ഈശോയുമായും അവിടുത്തെ രക്ഷാകരരഹസ്യങ്ങളുമായും ബന്ധിപ്പിച്ചു കാണുകയാണു്. അതിനായി വി. ഗ്രന്ഥത്തിൽ മാതാവിനെക്കുറിച്ചു പറയുന്ന പല ഭാഗങ്ങളും ആത്മാനുതാപത്തിൽ കാണാം.

1. 4/1–12-ൽ ദൈവത്തിന്റെ വാഗ്ദാനം മറിയത്തിൽ എങ്ങനെ നിറവേറിയെന്നു വ്യക്തമാക്കുന്നു. ഉല്പത്തി 3/14–15 ആണു് ഇവിടെ നിറവേറിയിരിക്കുന്നതു്.

"നിന്നിൽനിന്നുളവാകും സന്തതിയതിനാലെ
പന്നഗത്തിന്റെ തല തകർത്തുഭേദം വിനാ"

2. വാഗ്ദാനപേടകം (4/29): 1 രാജാ. 8/6-ൽ സോളമൻ രാജാവു ജറുസലെം ദേവാലയം പണിചെയ്യിപ്പിച്ചശേഷം അതിനുള്ളിൽ ദൈവം അരുളിച്ചെയ്ത വാക്യങ്ങൾ രേഖപ്പെടുത്തിയ കല്പലകകൾ സംവിധാനം ചെയ്തു് അതിൽ വാഗ്ദത്തപേടകം സ്ഥാപിച്ച കാര്യം പറയുന്നുണ്ടു്. വാഗ്ദാനപേടകത്തെ സമീപിക്കുവാനും സ്പർശിക്കുവാനും പുരോഹിതന്മാർക്കു മാത്രമേ സാധിക്കുമായിരുന്നുള്ളൂ. എന്നാൽ പുതിയ നിയമത്തിലെ സ്ഥിതി അതല്ല; അവിടുന്നു് എല്ലാവർക്കും സമീപസ്ഥനാണു്. ഇങ്ങനെയുള്ള വചനത്തെ ഉദരത്തിൽ സംവഹിച്ച ലോകത്തിനു പ്രദാനം ചെയ്തതു മറിയമാണു്.

"പെട്ടിയോടണവാനും തൊട്ടതു ചുമപ്പാനും
പട്ടക്കാരിൽ മുഖ്യശ്രേഷ്ഠന്മാർ തന്നെ വേണം.
എന്തൊരു ക്ഷമയിതു സർവ്വേശാ നിന്റെ മാതാ
തൻതിരുക്കാലാൽ തന്നെ കല്ലിലും നടക്കുന്നു" (4/64–68).

പന്ത്രണ്ടാംപാദം 13-22 ലും 197–211 ലും വാഗ്ദാനപേടകത്തെക്കുറിച്ചു പറയുന്നുണ്ടു്. സോളമൻ രാജാവു ജറുസലെം ദേവാലയത്തിൽ വാഗ്ദാനപേടകം സ്ഥാപിക്കുന്നതിനു് ഇച്ഛിച്ചു. ആ ജറുസലേമിൽ ദൈവപുത്രൻ എല്ലാ സ്തുതിബഹുമാനങ്ങൾക്കും അർഹയായ ദൈവമാതാവിനെ ആഘോഷപൂർവ്വം എഴുന്നെള്ളിക്കുവാൻ തിരുമനസ്സായി. അങ്ങനെ പരി. അമ്മ പരിശുദ്ധ ദേവാലയമാകുന്ന പേടകവും ഉടമ്പടിയുമായിത്തീരുന്നു. അതു വിശുദ്ധവും ദൈവത്തിനായി മാത്രം മാറ്റിവയ്ക്കപ്പെട്ടതുമാണു്. 12/199–211 ൽ പറയുന്നു: "പരി. ദേവാലയമാകുന്ന പേടകവും ഉടമ്പടിയും പൂജ്യമാകയാൽ

അതിൽ സ്പർശിക്കുവാൻ മനുഷ്യക്കു് അർഹതയില്ല എന്ന കാര്യം അനുസ്മരിച്ചുകൊണ്ടു പത്രോസും യോഹന്നാനും ഭവനത്തിൽ പ്രവേശിച്ചു് അല്പസമയം ധ്യാനനിമഗ്നരായി നിന്നു''.

3. 12/177 : ''എത്രയോ നീതി സൂര്യർ വാതിലാൽ കടക്കുവാൻ''.

ഉല്പത്തി 28/18 ൽ യാക്കോബു് സ്വപ്നത്തിൽ കണ്ട ഗോവണിയെക്കുറിച്ചു പറയുന്നുണ്ടു്. ഇതുപോലെ മാതാവു സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണി അഥവാ വാതിലായിത്തീരുകയാണു്; രക്ഷയുടെ കവാടമായിത്തീരുകയാണു്.

4. മാടപ്രാവു്. 11/353 ''സ്നേഹമാതാവെ, മമ സുന്ദര കപോതമെ'' (ഉത്തമഗീതം 2/14)

## 6. ക്രിസ്തുരഹസ്യത്തിൽ പരി. കന്യക

തിരുക്കുടുംബത്തിൽ വചനത്തെ കേന്ദ്രമാക്കി ജീവിക്കുന്ന പരി.കന്യക കർത്താവിന്റെ പെസഹാരഹസ്യങ്ങളിൽ പങ്കെടുക്കുന്നതും ആത്മാനുതാപത്തിൽ വളരെ വ്യക്തമായി വിവരിക്കുന്നുണ്ടു്. ഏഴാംപാദത്തിൽ ഈശോയുടെ പീഡാസഹനരംഗങ്ങൾ വിവരിച്ചിരിക്കുന്നു. എട്ടാംപാദം ഈശോയുടെ മഹത്വത്തിലേക്കുള്ള യാത്രയുടെ വിവരണമാണു്. മഹത്വത്തിന്റേതായ ഈ അനുഭവത്തിൽ മാതാവും പങ്കുചേരുന്നു. മാത്രമല്ല, മാതാവിന്റെ പ്രാർത്ഥന വഴിയായി ശിമയോൻ കുരിശു ചുമക്കാൻ സഹായിക്കുന്നതും (8/120) സ്നേഹപുത്രന്റെ തിരുമുഖം കാണാൻ ഇച്ഛിക്കുമ്പോൾ വൈരുദ്ധന്മാർ വഴിയിൽനിന്നു ആളുകളെ വകഞ്ഞുനീക്കി മാതാവിനെ പുത്രന്റെ പക്കലേക്കാനയിക്കുന്നതും കാണുന്നു (8/124–128). മഹത്വത്തിന്റേതായ ഈ പീഡാനുഭവരംഗത്തു മാതാവിനെ സൂര്യരുടെയും അമ്മയായി അഭിസംബോധന ചെയ്യുന്നു. ഒൻപതാംപാദം ഈശോയുടെ ജീവിതത്തിലെ അന്തിമനിമിഷങ്ങളുടെ വിവരണമാണു്. ഈശോയുടെ തിരുശ്ശരീരം സംസ്കരിക്കുന്നതിനെക്കുറിച്ചു മാതാവു മാലാഖമാരോടാണു് ആലോചിക്കുന്നതു് (9/6–10). അതുപോലെ പരി. അമ്മയുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണു് ഈശോയുടെ തിരുവിലാവിൽ കുന്തംകൊണ്ടു കുത്തിയ ലൊങ്കിനോസിനു കാഴ്ച ലഭിക്കുന്നതു്. തുടർന്നു മാതൃദുഃഖം എന്ന പാദത്തിൽ മാതാവിന്റെ മാനസികവ്യഥയുടെ വിവരണമാണു്. ഈശോയുടെ പീഡാനുഭവരംഗങ്ങൾ ഓരോന്നായി മാതാവിന്റെ മനസ്സിലൂടെ കടന്നുപോകുകയും വലിയ ഹൃദയവ്യഥ അനുഭവിക്കുകയും ചെയ്യുന്നു.

## 7. മാതാവിന്റെ മഹത്വപൂർണ്ണമായ ജീവിതം

ഈശോയുടെ ജീവിതമെന്നപോലെ മറിയത്തിന്റെ ജീവിതം മഹത്വീകരണത്തിന്റേതായിരുന്നു. കടശിയപേക്ഷയൊഴികെ, പത്തുമുതൽ പന്ത്രണ്ടുവരെയുള്ള പാദങ്ങളിൽ ഈശോയുടെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും വിവരിക്കുന്നതോടൊപ്പം നല്ല ഒരു ഭാഗം മാതാവിന്റെ മഹത്വപൂർണ്ണമായ ജീവിതത്തെക്കുറിച്ചുള്ള പ്രതിപാദനവുമാണ്. മാതാവ് എങ്ങനെ പരി. ത്രിത്വത്തിലേക്കു തിരിഞ്ഞു ജീവിച്ചുവെന്നും, പരി. ത്രിത്വത്തെ എങ്ങനെ മഹത്വപ്പെടുത്തി പൂർണ്ണമായ ഐക്യത്തിൽ ജീവിച്ചുവെന്നു വിവരിക്കുകയാണ്. മാതാവിനു ത്രിത്വദർശനമുണ്ടായതായി പത്താംപാദത്തിൽ വിവരിച്ചശേഷം സഭോത്ഭൂഷയിൽ മാതാവ് ഏർപ്പെടുന്നതായി ചിത്രീകരിച്ചിരിക്കുന്നു. അതിനുശേഷമാണു മഹത്വത്തിന്റെ പൂർണ്ണതയിലേക്ക് എടുക്കപ്പെടുന്നതായി പറയുന്നത്. സഭയെ ശുശ്രൂഷിച്ചുകൊണ്ട് അതിനെകൂടി മഹത്വത്തിലേക്കു ആനയിക്കുകയാണ്. മഹത്വീകരിക്കപ്പെടുന്നതിനെ അഥവാ സ്വർഗ്ഗാരോപണത്തെ സൂചിപ്പിക്കാൻ 'ഉയർത്തുക', 'ഉന്നതങ്ങളിലേക്കു കരേറുക' എന്നീ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത് (10/38). ഇങ്ങനെയുള്ള അനുഭവത്തിൽ ചാവറപിതാവു സ്വയം മറക്കുകയാണ്; സ്നേഹവിഷയവുമായി ഒന്നായിത്തീരുകയാണ്. മാതാവിന്റെ ത്രിത്വദർശനം അദ്ദേഹത്തിന്റെയും ദർശനമാകുകയാണ്. മാതാവിന്റെ മഹത്വപൂർണ്ണമായ ജീവിതത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പത്താംപാദത്തിൽ നാലു സ്ഥലങ്ങളിൽ മാത്രമേ ചാവറപിതാവു തന്നെപ്പറ്റി പറയുന്നുള്ളൂ.

1. 10/36

''സ്നേഹപുത്രനുമുടൻ അണഞ്ഞുമാതാ പക്കൽ
സ്നേഹത്താൽ ഉയർത്തിയണച്ചു തങ്കൽ അമ്മെ
അപ്പോഴമണഞ്ഞൊരു നിക്ഷേപത്തെളിവിനാൽ
നിശ്ചയം ശക്തിഹീനം പ്രത്യക്ഷം ചെയ്തില്ലെങ്കിൽ''.

അതായത് ഉത്ഥാനത്തിനുശേഷം ഈശോ വന്നു മാതാവിനെ ആശ്ലേഷിക്കുന്നതായി കാണുകയാണ്. അപ്പോഴുണ്ടായ ആത്മീയാനന്ദം എന്താണെന്നു വർണ്ണിക്കുവാൻ തനിക്കു ശക്തി പോരായെന്നു പറയുന്നു.

2. 10/37–42: ഇവിടെ മാതാവിനോടു 'സ്നേഹിതേ കരേറുക' എന്നു പരി. ത്രിത്വം പറയുന്നു. അപ്പോഴും മാതാവ് ആനന്ദപൂർണ്ണയായി സമയം ചിലവഴിച്ചു. അതു് എങ്ങനെയെന്നു വർണ്ണിക്കുവാൻ തനിക്കു വശമില്ലെന്നു പറയുന്നു.

''ഈ നേരമതിലശരീരിയാം സ്വരം കേട്ട
സ്നേഹിതെ കരേറുക മേല്പോട്ടെന്നതുനേരം
ഈശ്വരശക്തിവിശാൽ നാഥയും പകൻറടൻ
ഈശ്വരത്വത്തിൻ കാഴ്ച രസിച്ച മഹാമോദാൽ
ഇവ്വിധം കറഞ്ഞൊരു നേരമായ്പ്പാത്ത മൂലം
എവ്വിധം സൃഷ്ടിപ്പിന്നു നൽകുവാൻ വശം തഥാ''.

3. 10/120: ഈശോയുടെ സ്വർഗ്ഗാരോഹണസമയത്തു് മാതാവിനുണ്ടായ ആനന്ദം തൻറെ വാക്കുകൊണ്ടു് പറഞ്ഞറിയിക്കാൻ ശക്തിയില്ല.

4. 10/129–130: പന്തക്കുസ്താ യിൽ ആത്മാവിനാൽ മാതാവിനു് നല്കപ്പെട്ട വൗങ്ങളെക്കുറിച്ചു് പറയുമ്പോഴും അവയൊന്നും തൻറെ വാക്കുകൊണ്ടു് വർണ്ണിച്ചുകാണിക്കുവാൻ സാദ്ധ്യമല്ല എന്നു് പറയുന്നു.

## ഈ ദർശനം വിവരിക്കുന്നതെങ്ങനെ

1. 10/28–44: ഉത്ഥാനത്തിനുശേഷം ഈശോ മാതാവിനെ സന്ദർശിക്കുന്ന ഭാഗമാണിതു്; സ്നേഹത്തോടെ മാതാവിനെ പിടിച്ചുയർത്തി ആശ്ലേഷിക്കുന്നു. പുത്രൻ വന്നു് സ്നേഹത്താൽ ഉയർത്തി എന്നാണു് പറയുന്നതു്. അങ്ങനെയുള്ള അനുഭവത്തിലായിരിക്കുമ്പോഴും ''സ്നേഹിതെ, നീ ഉന്നതങ്ങളിലേയ്ക്കു് കരേറുക'' എന്നു് അശരീരി കേൾക്കുന്നു.

2. 10/65–78: പ. അമ്മയുടെ ധ്യാനമന്ദിരത്തിൽ പ്രകാശം പരത്തുന്ന ഒരു കാഴ്ച ഉണ്ടായതായി പറയുന്നു. പ. ത്രിത്വം മാതാവിനു് ദർശനം നല്കുമ്പോഴും അമ്മ കുമ്പിട്ടാരാധിക്കുന്നു. അപ്പോഴും മുൻപു് കേട്ടതുപോലുള്ള അശരീരിയുണ്ടാകുന്നു.

3. 11/224–228: പുത്രനായ ദൈവം ഉന്നതമായ തേരിൽ മാതാവിനെ ഇരുത്തി പിതാവിൻറെ സന്നിധിയിലേക്കു് ഉയർത്തുന്നതായി പറയുന്നു. അവിടെ പ. ത്രിത്വം മാതാവിൻറെ അമലോത്ഭവത്തെ പ്രകീർത്തിക്കുന്നു.

4. 11/353–375: പുത്രനായ ദൈവം മാതാവിനെ മനോഹരിയായ മാടപ്രാവെ എന്നു് വിളിക്കുന്നു. ആ സമയത്തു് പുത്രൻറെ പാദതാരിൽ വണങ്ങി അമ്മ വലിയ ആനന്ദമനുഭവിച്ചു.

5. 11/417–418: മാതാവ് പ്രാർത്ഥനാമുറിയിൽ അത്യന്നതനായ ദൈവത്തെ ധ്യാനിക്കുമ്പോഴും പ. ത്രിത്വം ഘോഷത്തോടെ എഴുന്നള്ളി മാതാവിന്റെ മരണ ഉടമ്പടിയെ അംഗീകരിക്കുന്നു.

6. 12/189: പരിശുദ്ധാത്മാവിയാൽ പ്രേരിതരായി ദൈവദൂതന്മാർ പാടുന്നു: "മമസ്നേഹിതേ എണീറ്റാലും."

7. 12/249–251: ഉത്തമഗീതത്തിലെ മണവാട്ടിയോട് മണവാളൻ പറയുന്ന അതേ വാക്കുകളും ഉദ്ധരിക്കുന്നു:

"മമ സ്നേഹിതേ! മിയാ കൊളംബാ വരിക നീ
മമ മാതൃവേ വർഷം കഴിഞ്ഞു വേനൽ വന്നു
മമ നാടതിൽ പുഷ്പം ശോഭിച്ചു കാണപ്പെട്ടു
അതു നേരത്തിൽ മാതൃ പുത്രനെ സൂക്ഷിച്ചുടൻ."

ഇപ്രകാരം മാതാവിന്റെ ജീവിതം ഈശോയുടെ ഉത്ഥാനത്തിനു ശേഷം 'മേല്പോട്ട്' സ്വർഗ്ഗോന്മുഖമായി ഉയരുന്നതായാണ് ചിത്രീകരിച്ചിരിക്കുന്നത്. അതുപിയുടെ പൂർണ്ണമായ ആവാസത്തിന്റേയും, പ. ത്രിത്വത്തിനുള്ള പൂർണ്ണമായ സമർപ്പണത്തിന്റേയും ഫലമാണിത്. മാതാവിന്റെ മരണത്തിനു കാരണം പരിശുദ്ധമായ സ്നേഹമാണ്. സ്നേഹംകൊണ്ട് വ്യാധിയും, മരണവും ഭൂമിയിൽ 'അമൃതാക്കി' മാതാവ് മാറിയിരിക്കുന്നു. (12/35–44)

മാതാവിന്റെ മഹത്വ ജീവിതത്തിൽ ഒന്നായി, ഇഴുകിച്ചേർന്ന ചാവറപിതാവ് കടശിയപേക്ഷയിലൂടെ തന്നിലേക്ക് തിരിഞ്ഞു നോക്കുകയാണ്. അപ്പോഴും കാണുന്നത് മുൻപു കണ്ടതുപോലെ മാതാവിന്റെ ദാസനെയല്ല; മറിച്ച് 'ദാസി'യെയാണ്. ചാവറപിതാവും ഇവിടെ സ്വയം വിശേഷിപ്പിക്കുന്നത് 'ദാസി'യെന്നാണ്.

### 8. പ. അമ്മ സഭാ ശുശ്രൂഷയിൽ

പ. അമ്മയും തിരുസഭയും തമ്മിലുള്ള ബന്ധം പത്താം പാദം മുതലാണ് വിവരിച്ചിരിക്കുന്നത്. ഈശോയുടെ പുനരുത്ഥാനം, മാതൃദർശനം, സ്വർഗ്ഗാരോഹണം എന്നിവ ആദ്യഭാഗത്ത് വിവരിക്കുന്നു. പിന്നീട്, സെഹിയോനിലെ പരിശുദ്ധാത്മാവാഗമനം, ആദിമസഭ എണ്ണത്തിൽ വർദ്ധിക്കുന്നത്, സാവൂളിന്റെ മാനസാന്തരത്തിൽ പ. അമ്മയുടെ പങ്ക്, മാതാവിന്റെ സാന്നിദ്ധ്യത്തിൽ ജറുസലം സമ്മേളനം എന്നിവയുടെ വിവരണമാണ്. മഹത്വത്തിന്റേതായ ദർശനമുണ്ടായ അമ്മയാണ് തിരുസ്സഭയുടെ സംരക്ഷ

കയാകുന്നത്. 10/81–84–ൽ സഭയെ മാതാവിനു് ഭരമേല്പിക്കുന്നതായി പറയുന്നു: ''അല്ലയോ മകളെ, നിന്റെ പുത്രനും എന്റെ സുതനും ആയ മിശിഹാ ഈലോകത്തു് ആയിരുന്നപ്പോഴും പുതുതായി സ്ഥാപിച്ച സഭയിലെ വിശ്വാസികളെ നീ പരിപാലിക്കണം.'' അതിനുശേഷമുള്ള വിവരണങ്ങളിലൂടെ ഉന്നതമായ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നു.

1. 10/139–140: സദാ പ്രാർത്ഥനാ നിരതയായ പരി. അമ്മ പ്രാർത്ഥനവഴി തിന്മയ്ക്കെതിരെ പോരാടി അമ്മ തന്റെ ആട്ടിൻകൂട്ടത്തെ ഭംഗിയായി പാലിക്കുന്നു.

''അമ്മയുമെന്നേരവും പുത്രന്റെയാട്ടിൻ കൂട്ടം
ഒരുമയാൽ പാലിക്കുന്നു എപ്പോഴും പ്രാർത്ഥിക്കുന്നു''.
(10/139–140)

2. തന്റെ തിരുപുത്രന്റേതുപോലെ സഭയിൽ മഹത്വത്തിന്റെതായ അഥവാ കുരിശെടുക്കുന്ന ജീവിതമാണ് നയിക്കുന്നത്
(11/56–64)

3 തീർത്തും ദരിദ്രവും, ലാളിത്യം നിറഞ്ഞതുമായ ജീവിതമാണ് അമ്മ നയിക്കുന്നത്.

''ഇങ്ങനെ മാതാ വയസറുപതാകും വരെ
തിങ്ങിന അരിഷ്ടത്താൽ ക്ലേശിച്ചുവരും കാലം''
(11/113–124, 10/216–220)

4. പത്രോസിനെ സഭാ തലവനായി സ്വീകരിക്കുന്നു.
(11/33–40. 12/23–28)

5. 10/221–404: സഭയാകുന്ന നൗക ലോക സമുദ്രത്തിൽ കൂടി യാത്ര ചെയ്യുകയാണ്. സമുദ്രത്തിന്റെ നടുവിൽ കൂടി യാത്ര ചെയ്യുന്ന സമയത്ത് അവൻ സമുദ്രതാരവും, സമസ്ത സൃഷ്ടികളുടേയും മാതാവുമാണെന്ന് മത്സ്യങ്ങൾ മനസ്സിലാക്കി. അമ്മ അവയ്ക്കെല്ലാം ആശിർവ്വാദം നല്കി. ഇങ്ങനെ കടലിൽ യാത്ര ചെയ്യുമ്പോൾ തിന്മയുടെ ശക്തി പ്രബലപ്പെടുകയും, കപ്പൽ നശിക്കുമെന്ന സ്ഥിതിയിലാവുകയും ചെയ്യുന്നു. അങ്ങനെ യുദ്ധത്തിന്റേയും, അന്ധകാരത്തിന്റേതുമായ കാലഘട്ടങ്ങളിൽ മാതാവാണ് സഭയ്ക്ക് ഏറ്റവും അടുത്ത സഹായം നല്കുന്നത്.

6. 11/397–416–ൽ സഭയുടെ പുത്രിയാണ് താനെന്ന് മാതാവ് പ്രഖ്യാപിക്കുന്നു. ആ മനോഭാവത്തോടെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്.

''തത്രസമുള്ള ലോകരക്ഷിതാവത്രംനീയെ
ശ്രുദ്ധമാം പള്ളി തന്റെ ശിരസ്സും നീയെ നാഥാ
ശ്രുദ്ധികത്താവും ദേഹിയൊക്കെയും നീയെ ദ്ധം
നിന്നുടെ ശ്രുദ്ധരക്താൽ നടപ്പെട്ടുറപ്പിച്ച
മന്നിലിപ്പള്ളിയമ്മ തന്നുടെ മകാം ഞാനെ.''

## 9. കാരുണ്യാപേക്ഷ.

ചാവറപിതാവിന്റെ വീക്ഷണത്തിൽ പ. അമ്മ മാതാവും മദ്ധ്യസ്ഥയുമാണ്. മനുഷ്യരുടെ നേക്കുള്ള മാതൃനിർവ്വിശേഷമായ സ്നേഹമാണ് മാദ്ധ്യസ്ഥത്തിന് അടിസ്ഥാനം . 11/365–ൽ മാതാവിനോട് ഈശോ പറയുന്നതായി ചാവറപ്പിതാവ് കാണുന്നു:

''അപ്പുരലോകത്തിങ്കൽ നീ കടന്നതിൻ ശേഷം
ഇപ്പുരക്കുള്ള പാപമോചനത്തിനും നിന്റെ
സങ്കേതം തേടുന്നൊരു പാപികളൊക്കെയ്ക്കും നീ
സങ്കേത മദ്ധ്യസ്ഥവും കർത്തവ്യമതും തന്നേൻ.''

ഈ വീക്ഷണത്തിൽ നിന്നും ഉയിർക്കൊള്ളുന്നതാണ് കാരുണ്യാപേക്ഷ. ആത്മാനുതാപത്തിൽ അങ്ങോളമിങ്ങോളം കാണുന്ന പദമാണ് 'കാരുണ്യം,' 'ദയ' എന്നിവ. 'പാപിയാം അടിയൻ' എന്ന്, സ്വയം കാണുമ്പോഴെല്ലാം മാതാവിന്റെ കാരുണ്യത്തിലാശ്രയിക്കുന്നു. മാതാവ് തന്നോട് കാരുണ്യം കാണിക്കണം എന്ന് ആവശ്യപ്പെടുന്നുമുണ്ട്. (6/205–212, 7/129–141) മാതാവിലൂടെ പ. ത്രിത്വത്തിലേയ്ക്കുള്ള തിരിയലിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമാണ് കാരുണ്യാപേക്ഷ. ഇതിൽ നിന്നും ഉയിർക്കൊള്ളുന്നതാണ് ശരണം അഥവാ പ്രത്യാശ.

1. തരണമടിയനു ശരണം നിന്നിൽ. 4/24
2. അമ്മേ നീയല്ലാതെ എനിക്ക് മറൊരു ശരണവുമില്ല. 6/205
3. പൈതൽ പ്രായത്തിൽ നിന്നിൽനിന്നകന്ന ഞാൻ
   ഇന്നു നിൻ തിരുമുമ്പിൽ ശരണം പ്രാപിക്കുന്നു. 5/176
4. കരുണ നല്കീടണം, ശരണം നീയെ നാഥെ 7/213–214
   കടശിയപേക്ഷ മുഴുവൻ കാരുണ്യാപേക്ഷയാണ്.

5. 9–10: കരുണയുള്ള മാതാവെ എനിക്ക് വേറെ ഒരു ശരണവുമില്ല.
6. 17–24: കാരുണ്യത്തിന്റെ വാസസ്ഥാനം എനിക്ക് തുറന്നു തരിക.
7. 48: കാരുണ്യരശ്മി എന്നിൽ തുകീട്ടുക.
8. 53: കാരുണ്യത്തിന്റെ ശക്തിയാൽ എന്റെ പാപക്കറകൾ മാറിക്കളയുക.
9. 76: കരുണ നിറഞ്ഞ മാതാവ് മരണസമയത്ത് കരുണകാണിക്കണം. കരുണനിറഞ്ഞ മാതൃപരിപാലനയിൽ ജീവിതം മുഴുവനും ചാവറപ്പിതാവിൻ ഭാഗ്യമായിത്തീരുകയാണ്. ഈ ഭാഗ്യം താൻ അനുഭവിച്ചു എന്ന് പ്രഖ്യാപിക്കുകയാണ് ആത്മാനുതാപത്തിലൂടെ.

**ഉപസംഹാരം**

ഈ വീക്ഷണത്തിലൂടെ ആത്മാനുതാപം വായിച്ചു പോകുമ്പോൾ നമ്മുടെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നത് 'മറിയത്തിലൂടെ ഈശോയിലേക്ക്' എന്ന ക്രൈസ്തവാദർശമാണ്. ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങളിൽ അവഗാഹമുണ്ടായിരുന്ന ഭാഗഭാഗിത്വമാണ് മറിയത്തിന്റെ മഹത്വത്തിന് നിദാനം. ഈ സത്യം അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കിയ മരിയഭാസനായിരുന്നു ചാവറപ്പിതാവ്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്; 'നിന്റെ കഷ്ടപ്പാടുകളിൽ ഒരു ഓഹരി കിട്ടിയാൽ എനിക്കെല്ലാം ശുഭമായിത്തീരും' 'എന്ന്. (7/161–164) കാണാകേണം' അഥവാ കണ്ടുകൊണ്ടിരിക്കലിലൂടെയാണ് ഈ പ്രക്രിയ പൂർത്തിയാകുന്നത് ഇങ്ങനെയുള്ള കാണാകലിലൂടെ പിതാവിന്റെ മരിയശാസ്ത്രം പൂത്തുലഞ്ഞു എന്നു പറയാം.

ചാവറപിതാവിന്റെ മരിയശാസ്ത്രം ബൈബിളധിഷ്ഠിതവും, സഭാത്മകവും, അനുഭവപരവുമാണ്. ഇത്രയും ഉന്നതമായ ഒരു ദർശനം ചാവറപ്പിതാവിന് ലഭിച്ചുവെങ്കിൽ അതിന്റെ പിന്നിലുള്ള അന്വേഷണതല്പരതയും, ത്യാഗബുദ്ധിയും വിസ്മരിക്കുക സാദ്ധ്യമല്ല. ആത്മാനുതാപം എഴുതുവാനുള്ള ഉൾപ്രചോദനവും, ഉൾക്കാഴ്ചയും പല വഴികളിൽ കൂടി ലഭിച്ചതാകാം. 'മരിയ ഡി ഗ്രാ

ദായുടെ' 'ദൈവത്തിന്റെ നഗരം' പോലുള്ള ഗ്രന്ഥങ്ങൾ സ്വാധീനിച്ചിട്ടുള്ളതായി കാണാം. എന്നാൽ വെറും അറിവ് നല്കുക എന്നതിലുപരി അത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ കത്തിനിന്ന ദൈവസ്നേഹത്തിന്റെ പ്രവാഹമായിരുന്നു എന്നുള്ളത് നിസ്സംശയമാണ്. സമുന്നതമായ ഒരു മിസ്റ്റിക് അനുഭവം അതുകൊള്ളുന്നുണ്ട്. ഒരു വിധത്തിൽ പറഞ്ഞാൽ തന്റെ കഥ മാതാവിന്റെ കഥയായിത്തീരുകയാണ്; മാതാവിന്റെ അനുഭവം തന്റേയും.

പരി. അമ്മസ്സ് തന്റെ ജീവിതം മുഴുവനും ഒരു കാണിക്കയായി അർപ്പിച്ചുകൊണ്ടാണ് ആത്മാനുതാപം അവസാനിപ്പിക്കുന്നത്.

'കന്നിയമ്മേ! നിന്റെ ദാസിയായ പാപി ഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയല്ലമായ്
എന്നശുദ്ധ നാവിനാലേ പാപിയെന്ന ദാസിമേ
നിന്റെ ശുദ്ധനാവിനാലേ തരികയിന്നു ശരണവും
പാപിയെന്റെ കരമിതിനെ യെഴുതി യെന്നതാകയാൽ
പാപശുദ്ധി നല്കി നിന്റെ സന്നിധിയിലണഞ്ഞിനി
നിന്റെ സ്നേഹപുത്രൻ മുൻപിലഞ്ജലിയണയ്ക്കുവാൻ
നിന്റെ കരുണയിന്നെനിക്കു തരണമെന്റെയമ്മയേ'.

(കടശിയപേക്ഷ 1–8)

മാതാവിന്റെ ചരിത്രമാണ് താനെഴുതിയത്. അതുകൊണ്ട് തനിക്ക് പാപമുക്തി തരണമെന്ന് യാചിക്കുകയാണ്. അതിനു ശേഷം തന്റെ ജീവിതം മുഴുവനും അമ്മയുടെ കൈകളിൽ സമർപ്പിക്കുകയാണ്. ഈയർത്ഥത്തിൽ, ആത്മാനുതാപം മാതാവിന് സമർപ്പണം ചെയ്തിരിക്കുന്ന കവിതയാണ്; മാതാവിനുള്ള സ്തുതിഗീതമാണത്.

അദ്ധ്യായം 6

# ചാവറയച്ചന്റെ വിശ്വദർശനം: ആത്മാനുതാപത്തിൽ

ഫാ: ജോസഫ് കാഞ്ഞിരമറ്റം, സി.എം.ഐ.

ആത്മാനുതാപത്തിലെ മറ്റു പല പ്രമേയങ്ങളോടും താരതമ്യപ്പെടുത്തുമ്പോഴും ലോകത്തെക്കുറിച്ചുള്ള പ്രതിപാദനം വളരെ ശ്രദ്ധേയമാണ്. നാലഞ്ച് ആശയങ്ങളിൽ അത് ഒതുങ്ങിനില്ക്കുന്നുവെന്നു പറയാം.

1. ദൈവം എല്ലാറ്റിന്റേയും നാഥനാണ്:
   ''എന്നപേക്ഷിച്ച സർവ്വനാഥനെ വന്ദിച്ചുടൻ'' 5:47
   നാഥൻ എന്ന പദം യേശുവിനെ വിശേഷിപ്പിക്കാനും ഉപയോഗിക്കുന്നുണ്ട്. 2:23

ആകാശത്തിൽ ചരിക്കുന്ന സൂര്യചന്ദ്രന്മാരും പ്രകാശഗ്രഹങ്ങളും നക്ഷത്രഗണങ്ങളും ഭൂമിയിൽ മുളച്ചുവളരുന്ന പുല്ലുകളും പുഷ്പജാതങ്ങളും അവിടുത്തെ സൃഷ്ടികളാണ്

ആകാശ ഗമനവുമാദിത്യ ചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രകൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ല പുഷ്പാദികളും
ഭൂതലം സമസ്തവും സൃക്ഷിച്ചു നോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തുകാരണമെന്നു 2:291–95

2. ലോകവും അതിലെ വസ്തുക്കളും ക്ഷണികങ്ങളാണ് ലോകത്തിലെ ചെറുതും വലുതുമായ വസ്തുക്കളെല്ലാം മിന്നൽ വെളിച്ചംപോലെ കടന്നുപോകുന്നവയാകുന്നു,

മന്നിലുള്ളവയൊക്കെ സ്തൂലവുമസ്തൂലവും
മിന്നൽപോൽ കടന്നീടുമെന്ന് ഞാനോർത്തിടാതെ 2:303–
ഭൂമിയുമതിന്മീതെ കാണുന്ന സമസ്തവും
ഭേദം കൂടാതെ മാറിനീങ്ങുന്ന ക്ഷണേക്ഷണേ 2:309–10

ചാവറയച്ചൻ ഇക്കാര്യം തുടന്നു വിശദീകരിക്കുന്നു.

ഇന്നുകാണുന്ന പച്ചപ്പുല്ലുതു നാളെത്തന്നെ

... ... ... ... ... ...

ചിത്രമായതിനുള്ളോരഴകുമൊക്കെപ്പോകും 2:311–316

പുല്ലുപുഷ്പാദികളുടെ ക്ഷണികതയെക്കുറിച്ചു് പ്രതിപാദിച്ചശേഷം മനുഷ്യന്റെ കാര്യവും ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു.

ഇന്നിപ്പോഴും ഗൃഹസ്ഥനായ്ക്കാണുന്ന ദ്രവ്യസ്ഥനെ

... ... ... ... ... ... ...

ഇന്നതൊക്കെയുമോത്താലെന്തൊരു വിസ്മയം 2:217–236

മേല്പറഞ്ഞവയുടെ പരാവത്തനം എത്താണ്ഭിപ്രകാരമാണു്. ഇന്നു നാം ഭൂമിയിൽക്കാണുന്ന പച്ചപ്പുല്ലു് നാളത്തെ സൂര്യന്റെ ചൂടേറ്റു് വാടിപ്പോകുന്നു. അതിമനോഹരമെന്നു് വിശേഷിപ്പിക്കാവുന്ന എത്രയെത്ര പുഷ്പങ്ങളാണു് നമുക്കു് കാണുവാൻ കഴിയുന്നതു് ഹൃദ്യമായ ശോഭയും സുഗന്ധവും അവയ്ക്കുണ്ടു്. പക്ഷേ അവയെക്കെ അടുത്ത നിമിഷത്തിൽ കൊഴിഞ്ഞുവീഴുന്നു. വൈചിത്ര്യം നല്കുന്ന അവയുടെ സൗകുമാര്യവും ഇല്ലാതാകുന്നു.

ഇന്നു് കുടുംബനാഥനായികഴിയുന്ന കോടീശ്വരനെ സ്നേഹിക്കാനും സേവിക്കാനും ബഹുജനങ്ങളും ഓടിയെത്തുന്നു. ഇയാളും ബുദ്ധിമാനാണു്, സമർത്ഥനാണു്, വലിയ ശക്തിയും ഇയാൾക്കുണ്ടു്. സമുദ്രതീരത്തെ മണൽപോലെ അളവില്ലാത്ത ധനവും ഇയാൾക്കുണ്ടു് എന്നെല്ലാം ആളുകളും പറയുന്നു. അവരുടെ വാക്കുകളും ഉചിതമാണെന്നു നമുക്കു് തോന്നിപ്പോകും. പാക്കു്, വെറ്റിലതുടങ്ങിയവകൊണ്ടു ചുവന്ന ചുണ്ടുകളും ഇയാളുടെ ശോഭയേറുന്നു. മഹാതേജസ്വിയാണെന്നു കാണുന്നവർ പറയുന്നു. സുന്ദരികളും സുന്ദരന്മാരുമായ പുത്രീപുത്രന്മാർ ഇയാൾക്കുണ്ടു്. ഇങ്ങനെ നാനാതരത്തിലുള്ള ഭാഗ്യങ്ങളോടെ ഇയാൾ ജീവിക്കുന്നു. ആപ്രകാരം കുറെ വർഷങ്ങൾ കടന്നുപോകുന്നു.

അങ്ങനെയിരിക്കെ ഒരുദിവസം അയാൾ വടിയും കൈയ്യിലൂന്നി അവശനായി വരുന്നതു് ജനങ്ങൾ കാണുന്നു. അപ്പോൾ അവർ പറയും ഓഹോ ഒരാൾ വരുന്നുണ്ടല്ലോ അദ്ദേഹം ആരാണു്? മനസ്സിലാകുന്നില്ലല്ലോ ശരി, അയാൾ കഥാപുരുഷൻ തന്നെയോ! കഷ്ടം സർവ്വേശ്വരാ, ആ മനുഷ്യനു് ഈ ഗതിവന്നല്ലോ. അയാൾ സമ്പാദി

ച്ചത് ഒന്നുമില്ല; നഷ്ടപ്പെട്ടതും ഒന്നുമില്ല. ഭൂമിയിൽ വന്നപ്പോഴും ഉണ്ടായിരുന്നതൊക്കെ അയാൾക്കിപ്പോഴും ഉണ്ട്.

ഇതെല്ലാം പരമാർത്ഥംതന്നെ. എന്നിരിക്കിലും ഇയാൾ സന്തോഷപൂർവ്വം ജീവിച്ചിരുന്നത് കണ്ടവരുണ്ടോ? അന്ന് ഇയാളുടെ ബുദ്ധിശക്തി എത്ര കേമമായിരുന്നു. ഇതെല്ലാം ഓർത്താൽ ഈലോകത്തിൽ സംഭവിക്കുന്ന കാര്യങ്ങളും എത്ര വിചിത്രങ്ങളാണ്! വിസ്മയകരമാണ്!

3. ഭൂമിയും അതിന്റെ മഹത്വവുമെല്ലാം ദൈവത്തിന്റെ മുമ്പിൽ നിസ്സാരങ്ങളാണ്. അവയെല്ലാം ദൈവത്തിനു വിധേയമായി നിലകൊള്ളുന്നവയുമാണ്.

ഭൂലോകമഹത്വവും ഭൂപതിനൃപന്മാരും
... ... ... ... ... ...
നാടകം സമസ്തവും നിന്നുടെയിഷ്ടം യഥാ 2:187–190

4. ഈ ഭൂമി വഞ്ചന നിറഞ്ഞതാണ്. അതിന്റെ അധീശത്വം ദുഷ്ടപിശാചിനാണ്.

കൈതവംകൊണ്ട് നിറഞ്ഞോരീ ഭൂതലേ
കൈകാര്യം ദുഷ്ടപിശാചിനല്ലൊ. 3:27–28

5. ദാരിദ്ര്യവും സമ്പത്തും നല്ലതല്ല എന്നാണ് ചാവറയച്ചന്റെ ചിന്താഗതി.

എന്നു തന്നെയുമല്ല വ്യാധിയെന്നൊരു ദുഃഖം
അന്നപാദത്തിന്നവർ മുട്ടിനാലിരക്കുന്നു
... ... ... ... ... ...
എന്നതിനാലല്ലയൊ ഈവണ്ണം ചരിക്കുന്നു. 2:83–96

6. പ്രപഞ്ചം മുഴുവൻ ആവസിക്കും എന്ന ആശയം സാമാന്യദീർഘമായി പ്രതിപാദിക്കുന്നുണ്ട്.

ദൈവസുതന്റെ രണ്ടാമത്തെ ആഗമനത്തോടനുബന്ധിച്ചാണ് പ്രപഞ്ചത്തിന്റെ അന്ത്യത്തെക്കുറിച്ച് പ്രസ്താവിക്കുന്നത്. ശാന്തയെന്നൊരു ഇടയസ്ത്രീയുടെ സംശയനിവാരണം വരുത്തുവാനെന്ന വിധത്തിലാണിതവതരിപ്പിച്ചിരിക്കുന്നത്. ഇടയസ്ത്രീ സംശയനിവാരണത്തിനു മാതാവിനെയാണ് സമീപിക്കുന്നത്. ലോക രക്ഷകനായ സർവ്വേശ്വരൻ പുത്രൻ വരുന്ന സമയത്ത് സർവ്വലോ

കവും അവിടത്തെ ഭയപ്പെട്ടും രാജാക്കന്മാരും രാജാവായ ദൈവപുത്രന്റെ മുമ്പിൽ ഈ ധരാതലം മുഴുവൻ വിറപൂണ്ടുനില്ക്കും. ഈ വേദവാക്യം സത്യമാണെന്നു മാതാപിതാക്കന്മാർ പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ടല്ലോ. അതു ശരിയാണോ? എന്നാണു ശാന്തിചോദിക്കുന്നതു്.

ശാന്തി പറഞ്ഞതു് ശരിതന്നെയാണു് മാതാവു് പറയുന്നു. ദൈവപുത്രനു് രണ്ടു വരവുണ്ടു്. ഒന്നു് മനുഷ്യകുലത്തെ രക്ഷിക്കാനും കാരുണ്യം കാണിക്കാനും. രണ്ടാമത്തേതു് നീതിയും പ്രതാപവും പ്രദർശിപ്പിക്കുവാനും വിധിക്കുവാനും. (ആറാമദ്ധ്യായം 97–200 വരെയുള്ള വരികൾ ലോകാവസാനത്തെയും വിധിയേയും വിവരിക്കുന്നു.)

വാ. ചാവറയച്ചന്റെ വിശ്വദർശനത്തെക്കുറിച്ചു ഏതാനും നിരീക്ഷണങ്ങൾകൂടി:

ലോകത്തെയും ലൗകികവസ്തുക്കളെയുംകുറിച്ചുള്ള ചാവറയച്ചന്റെ കാഴ്ചപ്പാടു വി. ഗ്രന്ഥാധിഷ്ഠിതമാണു്; വിശ്വാസത്തിന്റെതാണു്. തീരെ ദരിദ്രനും വലിയ സമ്പന്നനും ആകാതിരിക്കാൻ സാധിച്ചതു് ഒരു ഭാഗ്യമായി അദ്ദേഹം കരുതുന്നു. അതിന്റെ പിന്നിലെ സങ്കല്പം ഇവ രണ്ടും ദൈവവുമായുള്ള ബന്ധത്തിനു തടസ്സമായിത്തീരാം എന്നുള്ളതാണെന്നു തോന്നുന്നു. "എനിക്കു വലിയ സമ്പത്തു് തരുതു്. ഞാൻ അഹങ്കരിച്ചു ദൈവം ആരാണെന്നു ചോദിച്ചേക്കും. വലിയ ദാരിദ്ര്യവും എനിക്കു തരുതു്. ചിലപ്പോൾ ഞാൻ ദൈവത്തിന്റെ നാമം ശപിച്ചേക്കും" എന്നീ വി. ഗ്രന്ഥവചനങ്ങളും ചാവറയച്ചന്റെ മനസ്സിൽ സജീവമായി നിലനിന്നിരിക്കാം. സമ്പന്നൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമാണെന്നും, ദൈവത്തെയും മാമ്മോനേയും ഒരുമിച്ചു് സേവിക്കാൻ സാധിക്കുകയില്ലെന്നും, നശിച്ചുപോകാത്ത സമ്പത്തു് നിങ്ങൾക്കായി കരുതിക്കൊള്ളുവിൻ, എന്നുമുള്ള യേശുനാഥന്റെ ഉപദേശങ്ങളും തീർച്ചയായും ചാവറയച്ചൻ നന്നായി അറിഞ്ഞിരുന്നു; ചാവറയച്ചനു ബോധ്യമായിരുന്നു. ഇതിനു പുറമെ സമ്പത്തിന്റെ ദുഷ്യവശങ്ങളെക്കുറിച്ചു് യാക്കോബു് ശ്ലീഹായുടെ വചനങ്ങളും ലൂക്ക 1:9–11, 5:1–6, സഭാപ്രാസംഗികൻ 5:13 വാക്യങ്ങളും അദ്ദേഹത്തിനു സുപരിചിതങ്ങളായിരുന്നിരിക്കണം.

ചില സമ്പന്നരുടെയും ദരിദ്രരുടെയും ജീവിതവും ദാരിദ്ര്യാവ
സ്ഥയോടും സമ്പത്തിനോടും ഒരു ഇടനില അനുവർത്തിക്കാൻ കാ
രണമായിട്ടുണ്ടാകും.

ലോകത്തിന്റെ ക്ഷണികത ദൈവവചനാടിസ്ഥാനത്തിലൂടെ
യും ജീവിതാനുഭവങ്ങളിലൂടെയും അദ്ദേഹം മനസ്സിലാക്കിയിരുന്നു
ഒന്നുമില്ലാതെ ഭൂമിയിലേക്ക് കടന്നു വരുന്ന മനുഷ്യൻ ഒന്നുമില്ലാ
തെ കടന്നുപോകുന്നു എന്ന സത്യത്തെയാണ് ധനികനായ മനുഷ്യ
നെക്കുറിച്ചു ഈ വിവരണത്തിലൂടെ അവതരിപ്പിക്കുന്നത്. ഈ ലോ
കവും അതിലുള്ളവയുമെല്ലാം താല്ക്കാലികമാണെന്നും കടന്നുപോ
മെന്നുമുള്ള ബോധ്യം ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു പ്രധാന ഘ
ടകമാണെന്നു നമുക്കറിയാം. (അതുകൊണ്ടാണല്ലോ ഈ ലോകവസ്തു
ക്കളിലൊന്നും കണ്ണുംനട്ടിരിക്കാതെ ചെറിയൊരു വിഭാഗമെങ്കിലും
പ്രതിബദ്ധജീവിതം നയിക്കുന്നതു). മേല്പറഞ്ഞ ക്രിസ്തീയവിശ്വാ
സമാണ് ചാവറയച്ചൻ ആത്മാനുതാപത്തിൽ വ്യക്തമാക്കുന്നതു.

സൃഷ്ടവസ്തുക്കളെല്ലാം സൃഷ്ടിനാഥനിലേക്കു തിരിയാൻ മനുഷ്യ
നുള്ള വഴികളാണെന്നും അവയെ കണ്ടു പ്രപഞ്ചനാഥനെ സ്തുതിക്കു
നും ആരാധിക്കാനുംവേണ്ടിയാണു ദൈവം അവയെ സൃഷ്ടിച്ചതെന്നു
മുള്ള, വിശ്വാസത്തിന്റെ വീക്ഷണമാണു ചാവറയച്ചനുള്ളതു.

ലോകവും അതിലുള്ളവയും തിന്മയാണെന്നു ചാവറയച്ചന്റെ
വിശ്വദർശനത്തിൽ നാം കാണുന്നില്ല. മനുഷ്യനാണ് അവയെ ദു
രുപയോഗപ്പെടുത്തുന്നതു.

ആത്മാനുതാപം 2-ാംപാദം 337-40 വരെയുള്ള വരികളിൽ
ചാവറയച്ചൻ സ്വന്തം അനുഭവം വിവരിക്കുന്നുണ്ട്.

ഇതുപോലുള്ള മഹാകാഴ്ച സൂക്ഷിപ്പാനും-
മതിനാൽത്തന്നെ നിന്നെ സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മക്കതു ഞാൻ കരുവാക്കി.

പുല്ലുപഷ്പാദികളുടെയും ധനികന്റെയും നൈമിഷികതയെ ചൂ
ണ്ടിക്കാണിച്ചശേഷമാണു ചാവറയച്ചൻ ഇതു പറയുന്നതു.

ലോകാവസാനത്തെക്കുറിച്ചുള്ള വിവരണവും സുവിശേഷാ
ധിഷ്ഠിതമാണു. മത്തായിയുടെ സുവിശേഷം 24, 25, ലൂക്കായുടെ
വിശേഷം 21 എന്നീ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള യേശു
ന്റെ വചനങ്ങളാണു മേൽ സൂചിപ്പിച്ച വിവരണത്തിനാധാരം.

ലോകാവസാനത്തെയും വിധിയെയുംകുറിച്ചുള്ള വിവരണത്തിനശേഷം ചാവറയച്ചൻ സ്വന്തപാപങ്ങളെ ഓർത്തു് അനുതപിക്കുകയും ഭയപ്പെടുകയും മാതാവിനോടു യേശുവിന്റെ കോപത്തിൽനിന്നു രക്ഷിക്കണമെന്നു യാചിക്കുകയും ചെയ്യുന്നുണ്ടു് (ആത്മാ. പാഠം. 6: 201 മുതലുള്ള വരികൾ). അന്ത്യവിധിയെക്കുറിച്ചുള്ള ചിന്ത പാപത്തെക്കുറിച്ചനുതപിക്കുകയും നേർവഴിക്കു നടക്കുകയും ചെയ്യണമെന്ന ഒരു സന്ദേശമായിരിക്കും ചാവറയച്ചൻ നമുക്കു തരാനുദ്ദേശിച്ചതു്.

ദൈവത്തെയും യേശുവിനെയുമൊക്കെ സൃഷ്ടികർത്താക്കളായി കാണുന്നതു്, ക്രിസ്തീയവിശ്വാസത്തിന്റെ അവിഭാജ്യഘടകങ്ങളാണു്. വി. ഗ്രന്ഥത്തോടുള്ള ചാവറയച്ചന്റെ ആഴമായ പരിചയം ഈ വിശ്വാസത്തെ ശക്തിപ്പെടുത്തിയിട്ടുണ്ടാകണം. "സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല; അവനിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു" (യോഹ. 1:1–3; കൊളോ. 1:15–18) എന്നീ വശ്യമായ ഗ്രന്ഥാശയങ്ങൾ ഈ വിശ്വാസത്തിന്റെ ഭൂമികയായി വർത്തിക്കുന്നു.

ഇതുമാത്രമല്ല ചാവറയച്ചന്റെ വിശ്വദർശനത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ. ഈ വിശ്വദർശനത്തിന്റെ അടിസ്ഥാനഘടകങ്ങൾ ദൈവവചനവും അതിൽനിന്നു രൂപപ്പെട്ട വിശ്വാസവുമാണു്.

അദ്ധ്യായം 7

# ചാവറ : സ്വർഗ്ഗസീമകളെ പുല്കിയ കവിവിശുദ്ധൻ

സി. ടോംസ് മരിയ സി.എം.സി.

പുതിയൊരു യുഗസംക്രമത്തിന്റെ ശംഖനാദം മുഴക്കി അഭൗമവും പ്രകൃത്യതീതവുമായ ഒരു പ്രകാശത്തിന്റെ പരിവേഷവുമായി 19-ാം നൂറ്റാണ്ടിലെ കേരളസാമൂഹികാന്ധകാരത്തിലേക്ക് ഒരനുഗ്രഹപ്രഭാതമായി വന്ന വിശുദ്ധനത്രെ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹത്തിന്റെ സംശുദ്ധമായ ജീവിതാദർശങ്ങളും, ആത്മദർശനങ്ങളും, ആത്മാർത്ഥസേവനവുമെല്ലാം ഇന്ന് കേരളസഭയുടെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ആ സമുജ്ജ്വല വ്യക്തിത്വം ഇന്നും ചിന്തിക്കുന്നവരുടെയെല്ലാം ആദരം നേടിക്കൊണ്ട് കേരളസാമൂഹ്യമണ്ഡലത്തിൽ ഒരു സമുജ്ജ്വലതാരമായി ജ്വലിച്ചുനിൽക്കുന്നു.

ആ വിശുദ്ധജീവിതത്തിന്റെ പ്രഭാതപ്രഭ വിടർന്ന കാലം മുതൽ സന്ധ്യാരാഗം പരന്ന കാലം വരെ തെളിഞ്ഞും ഒളിഞ്ഞും ഒളിവിതറിയും നിന്നുപോന്ന ആദ്ധ്യാത്മസത്തയുടെ മാധുര്യം അനുഭവിക്കാൻ ഭാഗ്യം ലഭിച്ചവരാണ് കേരളീയരായ നാം. ഈ അനുഭവം അനുഭൂതിയാകണമെങ്കിൽ ചാവറയുടെ ''ആത്മാനുതാപ''ത്തിലേക്ക് നാം കടന്നുചെല്ലണം. കാരണം അത് ചാവറയിലെ ജന്മായത്തവും കർമ്മായത്തവുമായ സംസ്കാരത്തിന്റെ വെളിപാടാണ്. പ്രബോധനത്തെക്കാൾ ആത്മാവിഷ്കാരമാണ്. ജീവിതത്തിന്റെ ആത്മഭാവം അലിയിപ്പിക്കുന്ന, ഇന്നലെയുടേയും ഇന്നിന്റെയും ആത്മവാഹിനികളെ സമഞ്ജസമായി സമ്മേളിപ്പിക്കുന്ന, കാലത്തെ പരിശുദ്ധമായ അനുഭൂതികാംക്ഷകൊണ്ട് അണിയിക്കുന്ന, സ്നേഹമഹത്വത്തെ പ്രകീർത്തിക്കുന്ന അദ്ദേഹത്തിന്റെ അകൃത്രിമമായ രചനാശൈലിയും ഉദാത്തദർശനവും അദ്ഭുതാവ

ഹം തന്നെ. ദൈവസ്നേഹത്തിന്റെ ദിവ്യഭാവങ്ങളും മനുഷ്യസ്നേഹത്തിന്റെ മംഗളമരീചികളും തഴുകിത്തലോടി അതു നമ്മെ സ്വർഗ്ഗസീമയിലേക്കാനയിക്കുന്നു. വിശുദ്ധവും വിശാലവുമായ ഒരു ജീവിതത്തിന്റെ വിപുലവും വിശിഷ്ടവുമായ ഒരു ഫലമത്രെ നാമിതിൽ ദർശിക്കുക. അപാരത കണ്ടു വിസ്മയിച്ചു് ഏറെ കിതയ്ക്കുകയും അവസാനം അനശ്വരതയെ പുല്കുകയും ചെയ്യുന്ന ഒരു ഹൃദയമിവിടെ തുടിക്കുന്നു. വെളിച്ചത്തേക്കാളും വെളിച്ചമായ മഹത്വത്തിന്റെ ആ വിളി കേട്ടു പിടയ്ക്കുന്ന നെഞ്ചിനുമാത്രമേ ഇതുപോലുള്ള രത്നമാണിക്യങ്ങളെ വിളയിക്കാനാവൂ. മനുഷ്യചേതനയിൽ വിലയിച്ചുകിടക്കുന്ന ഒരു ആദിബിംബത്തെ ഉന്നിദ്രമാക്കി അതുവഴി സത്തയെ ഉദ്ബുദ്ധമാക്കുന്ന ഒരു കൃതി. പ്രകൃതിയിൽ വിശ്വഹൃദയേത്തിന്റെ മിടിപ്പും പരമാത്മാവിന്റെ മുഖവും കാണുന്ന പ്രകൃത്യുപാസകനായ കവി.

തന്റെ ഭാവങ്ങളോടു് തികഞ്ഞ ആത്മാർത്ഥത പുലർത്താനും അവയെ തനതായ രൂപത്തിൽ ആവിഷ്കരിക്കാനും ഒരു വിദഗ്ദ്ധലികയ്ക്കു കഴിയൂ. ചാവറയച്ചന്റെ ഭാവനാമണ്ഡലത്തിൽ ഉയർന്നു പൊങ്ങിയ ഏറ്റവും ദിവ്യമായ നാദം ആത്മാനുതാപമാണു്. ഇതിന്റെ സൗരഭ്യം ആത്മീയനിഗ്രഹാനുഭൂതിയിലേക്കു് നമ്മെ നയിക്കുകതന്നെ ചെയ്യും. ഈ അനുഭൂതി ആത്മാനുതാപത്തിന്റെ ആദ്യവരികളിൽ നിന്നുതന്നെ നമുക്കു് ലബ്ധമാണു്.

**അനുഗൃഹീതമായ ഉദരഫലം**

നൂറ്റാണ്ടുകൾക്കു മുമ്പേ അനേകർക്കു് ആത്മീയ ചൈതന്യം പകരാൻ ദൈവപിതാവു് അണിയിച്ചൊരുക്കിയ കൈനകരി ഗ്രാമം. അവിടെ പരിശുദ്ധി നിറഞ്ഞ ഒരു ക്രൈസ്തവ കുടുംബം. അതിൽ ഒരു പൈതൽ പിറന്നു. അതു് ഇന്നൊരു ചരിത്രവിസ്മയമാണു്. കാരണം ദൈവപിതാവാണു് അന്തരംഗത്തിനു് രൂപം നല്കി, അമ്മയുടെ ഉദരത്തിൽ മെനഞ്ഞെടുത്തതു്. ആ പൈതലിന്റെ ഭാവങ്ങളിലേക്കു് നമുക്കു കടന്നു ചെല്ലാം.

ദൈവം കനിഞ്ഞുനൽകിയ ദൈവികചായയേക്കുറിച്ചു് നന്ദിയോടെ സ്മരിക്കയാണിവിടെ.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ, | 1-4

എന്തുകൊണ്ടാണ് ഈ ഭാഗം ഇത്രമാത്രം ഹൃദയാവർജ്ജകമായിത്തോന്നുന്നത്? പദപ്രയോഗത്തിന്റെ പ്രൗഢികൊണ്ടോ? വാക്യഘടനയുടെ ധാരാവാഹിത്വം കൊണ്ടോ? ആശയത്തിന്റെ അസാധാരണത്വം കൊണ്ടോ? ഒന്നുമല്ല. ഗ്രന്ഥകർത്താവിന്റെ വികാരങ്ങളോടുള്ള തികഞ്ഞ സത്യസന്ധതകൊണ്ടാണ് അത് നമ്മെ ഭാവതരളിതരാക്കുന്നത്. മനുഷ്യനെ സൃഷ്ടിയുടെ മകുടമാക്കിയ ദൈവത്തിന്റെ ഔദാര്യമത്രെ നാം ഇവിടെ കാണുക.

ഇഹലോകത്തിൽ കാണും മൃഗത്തെപ്പോൽ
ഇകൃമിയായെന്നെയും ചെയ്കിൽ
ഇതെന്തിനെന്ന് നിന്നോടണർത്തിപ്പാൻ
ഇഹലോകെ പരലോകെയാരുള്ള!

ഈ മഹാ വലിപ്പത്തിന്റെ ചിത്തം പോൽ
ഈ മഹാപാപിയായോരടിയനെ
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻ കൃപയതിൻ മൂലം | 4–12

സങ്കീർത്തകന്റെ ആത്മദർശനമാണിവിടെ കാണുക:

"അവിടുത്തെ ചിന്തയിൽ വരാൻമാത്രം
മർത്ത്യനെന്തു മേന്മയുണ്ട്?
അവിടുത്തെ പരിഗണന ലഭിക്കാൻ
മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത്?
എന്നിട്ടും അവിടുന്ന് അവനെ ദൈവ
ദൂതൻമാരേക്കാൾ അല്പം മാത്രം താഴ്ത്തി;

മഹത്വവും ബഹുമാനവും കൊണ്ട്
അവനെ മകുടമണിയിച്ചു.
അങ്ങ് സ്വന്തം കരവേലകൾക്കുമേൽ
അവന് ആധിപത്യം നല്കി. (സങ്കീർത്തനം 8:4–6)

ശൂന്യതയിൽ നിന്നു മനുഷ്യനെ ഉരുവാക്കുകയും, എല്ലാറ്റിന്റെയും ആരംഭം ഒരുക്കുകയും ചെയ്യുന്ന ലോകസ്രഷ്ടാവ് എന്റെ അമ്മയുടെ ഉദരത്തിൽ ഞാനാകുന്ന ചൈതന്യത്തെ പ്രവേശിപ്പിച്ചുവല്ലോ? ഓ ദൈവമേ നിന്റെ ദയയും സ്നേഹവും എത്രവാഴ്ത്തിപ്പാടിയാലും അധികമാവുകയില്ല. "മനുഷ്യചേതന കർത്താവുകൊളുത്തിയ വിളക്കാണ്" എന്ന് (സുഭാ. 20:27) സോളമനോടൊപ്പം

ചാവറയച്ചനും ഏറ്റുപൊല്ലുകയാണ്. നീ എങ്ങനെ എന്റെ ഉദരത്തിൽ രൂപംകൊണ്ടുവെന്ന് എനിക്കറിയില്ല; നിനക്ക് ജീവനും ശ്വാസവും നൽകിയതും ഞാനല്ല: എന്നു പറഞ്ഞുകൊണ്ട് തന്റെ ധന്യപുത്രന്റെ ജന്മാവകാശം ദൈവത്തിനു സമർപ്പിച്ച് വിധേയപ്പെടുന്ന ഒരമ്മയെയും ന്യായമായും നമുക്കിവിടെ ദർശിക്കാവുന്നതാണ്.

## വിനയം കുമ്പിടുന്നു

ജീവവചസ്സാൽ സൃഷ്ടിക്കുകയും, ജീവചൈതന്യത്താൽ ജീവൻ നല്കുകയും ചെയ്തയയ്ക്കുക മാത്രമല്ല: അനന്തമായ സ്നേഹത്താൽ നിറയ്ക്കുകയും, അചഞ്ചലമായ വിശ്വസ്തതയാൽ കാത്തുസംരക്ഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സ്നേഹമാണിവിടെ.

ഊഴിയിൽ നരച്ചൂരുന്ന കൃമിപോൽ
ഊഴിയാലെന്നെ സൃഷ്ടിച്ചുവെങ്കിലും
ഊനമോലതി ഭൂമിയിൽ മേവുവാൻ
ഊനഹീനമാം കാവലും തന്നല്ലോ. | 16–20

ഈ ഭൂമിയിൽ ഇഴയുമ്പോഴും അത്യന്നതന്റെ സംരക്ഷണയിൽ വസിക്കുവാനും, സർവ്വശക്തന്റെ തണലിൽ കഴിയുവാനും വേണ്ടതൊക്കെ ക്രമീകരിച്ചിരുന്നു.

"നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല
ഒരനർത്ഥവും നിന്റെ കൂടാരത്തെ
സമീപിക്കുകയില്ല.

നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ
അവിടുന്നു തന്റെ ദൂതന്മാരോടു കല്പിക്കും
നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ
നിന്നെ കൈകളിൽ വഹിച്ചുകൊള്ളും" (സങ്കീർത്തനം 91:10–12)

എന്ന സ്നേഹവാഗ്ദാനത്തിൽ വിശ്വസിക്കുന്ന നന്ദിയുടെ രാഗമാണിവിടെ കാണുന്നത്. ശക്തനായവനിൽ വിശ്വസിച്ചാശ്രയിക്കുവാൻ മാത്രം വ്യക്തമായ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ബലഹീനയായ അമ്മയിലല്ല; ബലവാനായ ദൈവത്തിലാണ് അദ്ദേഹം ആശ്രയിച്ചാശ്വസിച്ചത്.

കരുണാകരനായ സർവ്വേശ്വരാ
കരകാണാത്ത കൃപയിൻ ദൈവമെ,
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായ് സ്മരിച്ച രക്ഷിച്ചല്ലോ | 18–32

അസ്തിത്വപരമായിത്തന്നെ മനുഷ്യൻ ആശ്രിതനാണ് എന്നും അനന്തനും, അസൃഷ്ടനും. അതുല്യനും അപരിമേയനുമായ പരമസത്തയുമായി സായൂജ്യം പ്രാപിക്കേണ്ടവനാണെന്നും ഈ കവിയ്ക്ക് ബോധ്യമായിരുന്നു. തന്റെ ആരംഭം കേവലം നിസ്സാരമാണെന്നും അതുല്യശക്തിയാലാണ് താൻ ജനിച്ചതെന്നും പാലിക്കപ്പെടുന്നതെന്നും അദ്ദേഹം അറിഞ്ഞു. സദാസമയം തന്നെ കാക്കുവാൻ വേണ്ടി ഒരിക്കലും മയങ്ങുകയും ഉറങ്ങുകയുമില്ലാത്ത യേശു സമീപത്തുണ്ട് എന്ന് അദ്ദേഹത്തിനു ഉറപ്പുണ്ടായിരുന്നു. കർത്താവിനെ ഓഹരിയും പാനപാത്രവുമായി സ്വീകരിച്ച ചാവറയ്ക്ക് കർത്താവ് പരിചയും കവചവുമായി മാറുന്നു. താൻ ആശ്രയിച്ച കരുണയെ പാടിസ്തുതിച്ചുകൊണ്ടതന്നെ അനന്ത വിഹായസ്സിലേയ്ക്ക് ഉയർന്നു പറക്കുകയാണ് അദ്ദേഹം.

## മാതൃസ്നേഹത്തിന്റെ മലർത്തോപ്പിൽ

ഒരുവന്റെ വ്യക്തിത്വത്തിനു രൂപം നൽകുന്നതു സ്വന്തം മാതാപിതാക്കളും കുടുംബവുമത്രെ. ബാല്യകാല ചിത്രത്തിൽ കവി തന്റെ ആത്മീയ ജീവിതത്തിന്റെ വേരുകളന്വേഷിച്ചു പോവുകയാണ്.

കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയമാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയംപോക്കി നൽകിയതുകാലം,

ഇച്ചെയ്തഗുണ മഹത്വമോർക്കുമ്പോഴും
ഇക്കരുണസ്സു കൈമാറെന്തുനാഥാ!
ഇങ്ങനെ മമയാത്മാവിൻ കേടിനെ
അങ്ങുന്നപ്പഴേ തീർത്തുഗുണം നൽകി

ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൻ മോക്ഷാനന്ദവും തന്നല്ലോ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ: | 33–43

വിശ്വാസികളായ കാരണവന്മാരിൽ നിന്നു വിശ്വാസിയായി ജനിക്കാനും ജീവിക്കാനും കളമൊരുക്കിയ ദൈവത്തോട് നന്ദി പ്രകാശിപ്പിക്കുന്നതോടൊപ്പം ജ്ഞാനസ്നാനമെന്ന വരപ്രസാദദാനത്തിലൂടെ ഇഹത്തിലും പരത്തിലും ദൈവമകനായി ജീവിക്കാൻ ഉറപ്പും ലഭിച്ചതിൽ ദൈവകാരുണ്യത്തെ വാഴ്ത്തി സ്തുതിക്കയാണിവിടെ.

സനാതന മൂല്യങ്ങളിൽ ഉറച്ചു വിശ്വസിക്കുന്ന കവിയുടെ അനുഭവങ്ങളും ജന്മാന്തര സ്നേഹബന്ധങ്ങളേയും സുകൃത ഫലങ്ങളേയും ന്യായീകരിക്കുന്നു.

"നിന്നെ അവൾ പാലൂട്ടുകയും, എളിയിൽ എടുത്തുകൊണ്ട് നടക്കുകയും, മടിയിൽ ഇരുത്തി ലാളിക്കുകയുംചെയ്യും. അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും. (ഏശ. 66:14) എന്ന വചനം ദൈവത്തിന്റെ സ്നേഹമായ് ചാവറയിലേക്ക് ഒഴുകി. കവി പാടുകയാണ്.

പൈതൽ കാലത്തിൽ തീററി വളർത്തുവാൻ
അയ്യം കൂടാതെ തന്ന മാതാവിനെ
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്ന വളർത്തുമ്പോൾ48

അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിച്ചതന്നവൾ
ദ്ധം വന്നപ്പോൾ ജപങ്ങളൊക്കെയും
ദ്ധതയോടെ പഠിപ്പിച്ചു നിശ്ചയം52

അന്നവളുടെ കാൽക്കലിരുന്നുഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും
എന്നവൾ രാത്രിപാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേററിട്ട്. 56

ഈ വരികളിൽ മാതൃഹൃദയത്തിന്റെ ആത്മഭാവ വൈവശ്യം തുടിച്ചുനിൽക്കുന്നു. മാതൃത്വത്തിന്റെ മധുരാദ്രഗീതങ്ങളാലും പ്രസാദമധുരവും നിർമ്മലവുമായ ആത്മദർശനത്താലും കരിയാക്കോയെ സുകൃതധന്യനാക്കി അമ്മ. മണ്ണിൽ നട്ട വിത്തും മനസ്സിൽ വിതച്ച ആശയങ്ങളും മുളച്ചുപൊന്തുന്നതും ഫലമണിയുന്നതും ഒരുപോലെയാണ് എന്ന് തുറന്നു സമ്മതിക്കുകയാണിവിടെ. പരിശുദ്ധമായ മാതൃചേതന, വിശുദ്ധിയിൽ ആത്മാവിനെ തീർത്ഥസ്നാനം

ചെയ്യിച്ച്, ദൈവീകശോഭകൊണ്ട് തമസ്സകറ്റി കണ്ണംകൊണ്ട് ശുഭബോധം പകർന്ന് ചാവറയെ അഭിരാമനാക്കി. ഹർഷപുളകിതമായ ബാല്യകാലത്തിന്റെ രോമന്ഥത്തിലൂടെ സ്മൃതിപഥത്തിലേക്ക് ഉയന്നയന്നവരുന്ന കാലങ്ങളെ വിശുദ്ധൻ തന്റെ ശബളാഭമായ ഭാവനയിലൂടെ സക്ഷാത്കരിക്കുകയും, ശാശ്വതീകരിക്കുകയും ചെയ്യുന്നു. സ്വമാതാവ് അനുഭവിച്ച ദൈവാനുഭവം പൈതലായിരുന്ന കവിക്ക് പകർന്നേകിയ അനഘനിമിഷങ്ങളും രാവിലും പകലിലും വിമലവികാരങ്ങളുടെ കേളീരംഗമായിരുന്ന അമ്മയോടൊത്തുള്ള സഹവാസവും തന്നിൽ സംഭവിച്ച വ്യതിയാനങ്ങളുമെല്ലാം എത്ര ഭംഗിയായിട്ടാണ് വർണ്ണിച്ചിരിക്കുന്നത്! പാതിരാവിന്റെ നിശബ്ദതയിൽ ദൈവാരാധനയുടെ ഉന്നതമേഖലകളും പുണരാൻ വെമ്പിയുണന്ന്, മുട്ടുകുത്തി അമ്മയുടെ ചാരേ നിന്ന് ദൈവ സ്നേഹതരംഗങ്ങൾക്ക് കാതോർക്കുക കൊച്ചുകുരിയാക്കോയുടെ പതിവായിരുന്നു.

തീർന്നില്ല,

മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും
രാജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങൾ 60

പരം ജ്യോതിയേ യീശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമെ ജയാജയാ
എന്നീവണ്ണമോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്നു നേരത്ത്
മന്ദമായത് കേട്ടിരുന്നും കൊണ്ടോ
സുന്ദരിയുടെ പാടേയുറങ്ങി ഞാൻ 64

അക്കാലം നാവിളക്കുവാൻ നേരത്ത്
പൊക്കികാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോ മറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും. 68

പിതൃസ്നേഹത്തിലുള്ള വിശ്വാസവും, ആശ്രയവും വളർത്തുവാനും ദൈവികമേഖലയുടെ മഹാരഹസ്യങ്ങൾ വ്യക്തമാക്കികൊടുക്കുവാനും, അതിനിഗൂഢരഹസ്യങ്ങൾ വെളിവാക്കുവാനും രാത്രിയിയിലെ ഉണർന്നിരുപ്പ് അമ്മയെ ഏറെ സഹായിച്ചിട്ടുണ്ട്.

രാത്രികാലജപങ്ങൾ, ദൈവമാതാവിനോടുള്ള പ്രാർത്ഥന, രാജാധിരാജനായ ഈശോയുടെ തിരുനാമകീർത്തനങ്ങൾ, പരമപരിശുദ്ധ സ്വർഗ്ഗീയപ്രകാശമായ ഈശോയേ രക്ഷിക്കണമെ, ഈ ഭൂമിയിൽ മനുഷ്യശിശുവായി വിരിഞ്ഞ സ്വർഗ്ഗീയ പുഷ്പമേ, ജയിച്ചാലും എന്നിങ്ങനെയുള്ള സുകൃതജപങ്ങൾ നിർത്തി ഉച്ചരിക്കുന്നതു കേട്ടുകേട്ട്, ആ പ്രാർത്ഥനയുടെ വികാരം ഉൾക്കൊണ്ട് അതേ ഇരിപ്പിൽ തന്നെ കൊച്ചു മകനും ഉറക്കത്തിലാകുന്നു. ഈശോയുടേയും പരിശുദ്ധ മറിയത്തിന്റേയും വിശുദ്ധ യൗസേപ്പിന്റെയും പാവന നാമം ഉരുക്കഴിഞ്ഞ് പരിശീലിക്കുവാൻ എന്റെ മാതാവ് എന്നെ അഭ്യസിപ്പിച്ചു എന്നു സാക്ഷ്യപ്പെടുത്തുമ്പോൾ അർത്ഥമാകുക അധരങ്ങൾ ചലിക്കുവാനാരംഭിച്ച നാൾ മുതലേ ദൈവത്തെക്കുറിച്ച് അറിഞ്ഞ് ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രാപിച്ച് വളരാൻ ഇടയായി എന്നാണ്.

'എന്റെ നാമം അനുസ്മരിക്കാൻ ഞാൻ ഇടവരുത്തുന്നിടത്തെല്ലാം ഞാൻ നിങ്ങളുടെ അടുക്കലേക്ക് വന്ന് നിങ്ങളെ അനുഗ്രഹിക്കുമെന്നരുളിയവന്റെ നാമമത്രേ ചാവറ ഉദ്ധരിച്ചത് (പുറ. 20:24)

കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ നാമം ധ്യാനിക്കുകയും ചെയ്യുന്നവരെ ഓർമ്മിക്കേണ്ടതിന് ഒരു ഗ്രന്ഥം അവിടുത്തെ മുൻപിൽ എഴുതപ്പെട്ടു. സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. അവർ എന്റേതായിരിക്കും. ഞാൻ പ്രവർത്തിക്കുന്ന ദിവസം അവർ എന്റെ പ്രത്യേക അവകാശമായിരിക്കും. പിതാവ് തന്നെ സേവിക്കുന്ന പുത്രനെയെന്നപോലെ ഞാൻ അവരെ രക്ഷിക്കും. (മലാക്കി 3:16–17) എന്നരുളിയവൻ വിളിച്ച് വിശുദ്ധീകരിച്ച് തന്റെ അവകാശമാക്കി.

ആകാശത്തിനു കീഴെ രക്ഷയ്ക്കായി മറ്റു നാമങ്ങളില്ലായെന്ന അറിവോടെ, യേശുനാമം പഠിപ്പിക്കുകയും, യേശു നാമത്തിൽ വളർത്തുകയും, യേശുവിനായ് കൊടുക്കുകയും ചെയ്ത അമ്മയേയാണ് നാമിവിടെ കാണുക. ആത്മീയഭാവം വളർത്തിയെടുക്കുന്ന ആദ്യ കളരി കുടുംബമാണ്. ഈ കുടുംബത്തെ ശാശ്വതീകരിക്കുന്ന പ്രക്രിയ മാതാവിന്റേതുമത്രെ. ദൈവസ്നേഹത്തിന്റെ അമൃതകിരണങ്ങൾ പരന്നൊഴുകുന്ന അന്തരീക്ഷത്തിൽ, അതോടിടകലർന്ന് വളരുവാൻ അമ്മയും മകനും ശ്രദ്ധിച്ചു. പരിശുദ്ധ ത്രിത്വം, മനുഷ്യാവതാരം തുടങ്ങിയ വലിയ രഹസ്യങ്ങളും കഠിനമായ പീഡാനുഭവചരിത്ര

വുമെല്ലാം ഇളംപ്രായത്തിലേ കുരിയാക്കോയുടെ ഹൃദയഭിത്തിയിൽ ആ അമ്മ ചാലിച്ചെഴുതി.

മകനെ ശിക്ഷണത്തിൽ വളർത്തുന്നവനു്
അവൻ മൂലം നന്മയുണ്ടാകും:
സ്നേഹിതരുടെ മുൻപിൽ അവനേക്കുറിച്ചു്
അഭിമാനിക്കുകയും ചെയ്യും.

മകനെ പഠിപ്പിക്കുന്നവൻ
ശത്രുക്കളെ അസൂയാലുക്കളാക്കുന്നു.
സ്നേഹിതരുടെ മുമ്പിൽ അവനു്
അഭിമാനിക്കാം.

ആ പിതാവു് മരിച്ചാലും മരിക്കുന്നില്ല;
തന്നെപ്പോലെ ഒരുവനെ അവൻ
അവശേഷിപ്പിച്ചിട്ടുണ്ടു്.
ജീവിച്ചിരുന്നപ്പോൾ അവൻ മകനെ
കണ്ടു സന്തോഷിച്ചു;
മരിക്കുമ്പോൾ അവനു ദുഃഖമില്ല. (പ്രഭാ. 30:2–5

എന്ന പ്രഭാഷക വചനങ്ങൾ ചാവറയിൽ അനുവർത്തമായി. 'ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക. വാർദ്ധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല' (സുഭാ 22:6) എന്ന സോളമന്റെ വാക്കുകൾ ആ അമ്മയെ ഏറെ സ്വാധീനിച്ചിരുന്നിരിക്കണം. അനന്തസ്നേഹത്തിന്റെ ആനന്ദലഹരിയിലിരുന്നു്, മനുഷ്യത്വത്തിന്റെ നിറവും മണവും സ്വായത്തമാക്കുവാൻ, ആ അമ്മ മകനെ സഹായിച്ചു ആ സ്നേഹശക്തിയാണു്, ദൈവാഹ്വാനമനുസരിച്ചു് ജീവിക്കുവാൻ ചാവറയച്ചനെ ശക്തനാക്കിയതു്. അങ്ങനെ ആത്മധൈര്യവും വിശ്വാസസ്ഥിരതയും നന്നേ ചെറുപ്പത്തിൽ തന്നെ നേടിയെടുത്തു. ഇരവിലും പകലിലും സ്വർഗ്ഗലോകത്തിന്റെ നിശബ്ദതയും, ദൈവികസഹവാസവും അനുഭവിച്ചറിയാൻ കൊച്ചുകുരിയാക്കോയ്ക്കു് സാധിച്ചു. ഈ ഭാഗങ്ങൾ വിശകലനം ചെയ്യുമ്പോൾ ഒരു വലിയ സത്യം നാമറിയുന്നു. ശിശുഹൃദയങ്ങളിൽ വിടർന്നുവരുന്ന ദിവ്യമായ ഭാവനയെ സ്വാംശീകരിക്കാൻ വൈഭവമുള്ള ഒരു പ്രതിഭാശാലിക്കേ ഇത്തരത്തിലൊന്നു വിരചിക്കാനാവൂ. ശിശുവായിരുന്നപ്പോൾ തന്നെ ആത്മീയ കാര്യങ്ങളിൽ ഒരു വിശപ്പു്, അടങ്ങാത്ത ഒരു ദാഹം, അടിമുടി നിറഞ്ഞ ഒരാവേശം, ഇതാണു് ദർശിക്കുവാൻ സാധിക്കുക.

ദൈവഹിതമനുസരിച്ച് വളർന്നുവന്ന കൊച്ചുകരിയാക്കോസ്സ് ഒരിക്കൽപോലും മാതാവിന്റെ ശാസനയോ ശിക്ഷയോ ലഭിച്ചിട്ടില്ല. വിശുദ്ധി തിളങ്ങിനിന്ന നയനങ്ങളും വായിച്ചറിഞ്ഞ് അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തിയിരുന്നു. ഇതേക്കുറിച്ച് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നതു നോക്കുക.

ഒരു കാലവും യാതൊരു കാരണത്താൽ
കരുവാലും കരത്താലും തൊട്ടില്ല
ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിടും
ദുഃഖിപ്പിക്കും തോപ്പിച്ചിടും ചക്ഷുസ്സാൽ I. 81–84

ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്ന യേശുവിനെ (LK.2:52) പ്പോലെ കുരിയാക്കോയും ദൈവത്തിന്റെ സ്നേഹഭാജനമായി, കുടുംബത്തിലും സമൂഹത്തിലും പ്രിയങ്കരനായി, ഏവരേയും അതിശയിക്കുന്ന ജ്ഞാനപ്രകാശത്തിൽ വളർന്നുവന്നു.

അങ്ങനെ വളർന്നീടുന്ന കാലത്തിൽ
ഭംഗമെന്യെ ദൈവത്തിനു മിഷ്ടൻ താൻ എന്നതെ
സ്വയം സമർത്ഥിക്കുന്നത്.

## ശുദ്ധതയുടെ വിളംബനം

ക്രമേണ കയ്പുകളൊന്നും അറിയാത്ത ശൈശവത്തിന്റെ സ്വർഗ്ഗം വിട്ടു പുറത്തേക്കു വന്നു. ചുറ്റും മൂടിക്കെട്ടിയ അന്തരീക്ഷം. പ്രസന്നതയുടെ വെളിച്ചം ഇടയ്ക്കിടെ മിന്നിയും പൊലിഞ്ഞും കടന്നുപോയി. അക്രൈസ്തവനായ ഒരു അദ്ധ്യാപകന്റെ സമീപം വിദ്യ അഭ്യസിക്കുവാൻ ആരംഭിച്ച ആ നാളുകൾ. ശുഭമെന്നോ അശുഭമെന്നോ നിനയ്ക്കാതെ അരിയിൽ അക്ഷരങ്ങൾ എഴുതി ആരംനോമം കുറിച്ച അനർഘ നിമിഷങ്ങൾ. അന്നാളിൽ അദ്ധ്യാപനത്തിനായി എത്തിയ അജ്ഞാനികൾ "അയ്യോ സ്നേഹശൂന്യത്തിനിരിപ്പിടമായ നാഥാ, എനിക്കു ദുഃഖം പകരുന്ന കാലം അന്നു തുടങ്ങി" എന്ന രോദനം കുരിയാക്കോയുടെ ഭിന്നഭാവങ്ങളുടെ സംഘർഷശബ്ദമല്ലേ? അഭിലാഷങ്ങൾ അനുകൂലമല്ലാത്ത കാലാവസ്ഥയിൽ കരിഞ്ഞുവീണ ഇളം മനസ്സിൽ ഇതിന്റെ ആഘാതങ്ങൾ കുറെ പാടുകൾ അവശേഷിപ്പിച്ചുകൊണ്ടിരുന്നു. വിണ്ണിനെ ലക്ഷ്യമാക്കി പറക്കുന്ന കുരിയാക്കോ മണ്ണിനെ നോക്കി ചരിക്കുന്ന മനുഷ്യരോടൊത്ത് ജീവിക്കാൻ ക്ലേശിക്കയാണിവിടെ. അങ്ങനെ ജീവിതം സങ്കീർണ്ണവും സംഘർഷപൂർണ്ണവുമായി.

അക്കളരിയിൽ കൂട്ടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയേ
അന്നവരുടെ പ്രവൃത്തികൾ കണ്ടിട്ടും
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാന ക്രിയയാകുന്ന സ്ഥാനവും
സുജ്ഞാനം വിനാ മറും ചെയ്തേനഹം.

അയ്യോ നാഥനെ സ്നേഹഗുണ നിധേ
അയ്യം തോന്നുന്ന കാലം തുടങ്ങിമേ
അക്കാലം വരെ നിന്നുടെ തൃക്കണ്ണി–
ന്നൊക്കും വണ്ണം ചരിച്ചേനഹം ശിശു I:92-100

അജ്ഞാനികളുടെ ബാലചാപല്യങ്ങൾ ഹൃദയങ്ങളെ അടുപ്പിച്ചും അകറ്റിയും, ഒളിച്ചുകളിയുടെ ഓളങ്ങളിൽ ഒഴുകിയും കരേറിയും നടക്കേണ്ടിവന്നെങ്കിലും ആത്മാന്തരാളങ്ങളിലെ താളലയസ്പന്ദനങ്ങളിൽ പരിശുദ്ധമായ ഭാവസംസ്ഫുരണങ്ങൾ വളർത്തിയെടുക്കാനും, വാങ്മയങ്ങളായി ആവിഷ്കരിക്കാനും കൊച്ചു കവിയാക്കോയ്ക്കു് സാധിച്ചു. അജ്ഞാനികൾ ആനന്ദം തേടി അലയുമ്പോൾ, അദ്ദേഹം ജീവിതായോധനത്തിനാവശ്യമായ അമ്പുകൾ സ്വന്തം ആവനാഴിയിൽ ശേഖരിക്കുന്ന തിരക്കിലായിരുന്നു.

അന്നു തൊട്ടവരോടു ചരിച്ചിട്ട
നന്ദിയൊക്കെ മറന്നേനഹം വൃഥാ
നിർഗുണമായ ജ്ഞാനിക്കുട്ടത്തിൽ
ദുർഗുണമല്ലാതെന്തു ഗുണമുള്ള

കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ
വചനത്തിലും ദൂഷിതവാക്കുകൾ
അശനത്തിലു മജ്ഞാനാചാരങ്ങൾ I:104-112

ഈ വരികൾ വായിക്കുമ്പോൾ ജീവിതത്തെ പരിരംഭണം ചെയ്തു നിന്നിട്ടുള്ള എപ്പോ പ്രതിഭാസങ്ങളുടെയും നിഴൽപ്പാടുകൾ അദ്ദേഹത്തിന്റെ കവിതകളിലും പതിഞ്ഞിട്ടുണ്ടു് എന്ന സത്യം മനസ്സിലാക്കാൻ കഴിയുന്നു. ഒഴുകുന്ന തീരങ്ങളെയെല്ലാം നദി പുണരുന്നതിനിധാനം ചെയ്യുന്നതുപോലെ തന്റെ അവിരാമമായ കാവ്യ

സരണി സഞ്ചരിച്ച കാലങ്ങളെയൊന്നും തലോടാതെ കടന്നുപോയിട്ടില്ലെന്നത്രം. പൂവ്വ്കാലങ്ങളെ ശാന്തമായി അനുസ്മരിച്ചു തേങ്ങുന്നതിന്റെ താരസ്വരങ്ങളും, ചുടുനിശ്വാസങ്ങളും നമുക്കിവിടെ കേൾക്കാം. കണ്ണുതുറന്നു കാണുന്നതും, കണ്ണുങ്ങളിൽ പതിയുന്നതും, പാപഹേതുക്കൾ മാത്രം. അടക്കവും ഒതുക്കവുമില്ലാത്ത കളിവിനോദങ്ങളും, മലിനമായ സംസാരഭാഷ, ഭക്ഷണകാര്യത്തിലും അജ്ഞാനികളുടെ മുറതന്നെ എന്നിങ്ങനെ പോകുന്ന ആവലാതികൾ. ഹൃദയാഭിലാഷങ്ങളേയും നയനദൃശ്യങ്ങളേയും പിൻചെന്നു നടന്ന അജ്ഞാനികളും അന്ധരുമായ മക്കളോടൊത്ത് വ്യാപരിച്ച കാലങ്ങളെക്കുറിച്ച്, അദ്ദേഹം ഏറെ വിലപിക്കുകയാണിവിടെ. ശിശുവായിരുന്ന കൂരിയാക്കോസിനു് നിസ്സഹായതയുടെ നെടുവീർപ്പും, വേദനയുടെ കണ്ണുനീരും, ദുഃഖത്തിന്റെ നിശബ്ദതയും സമർപ്പിക്കാനേ സാധിക്കുന്നുള്ളൂ. ആത്മാവിൽ അന്തരംഗഭീതി ജ്വലിച്ചുയരുകയാണ്. അജ്ഞാനികളുമായുള്ള സമ്പർക്കത്തിലൂടെ പിതൃസ്നേഹത്തിൽ നിന്നു് അകന്നുപോയതിനെയോർത്തു് കേഴുന്ന കവി ദൈവപിതാവിന്റെ കരുണയെ മറന്നതിനെയോർത്തു് മനസ്സാപിക്കയും ചെയ്യുന്നു.

പാപിയാമടിയനോ നിന്ദിഹീനനുമായി
പാപത്തെ വർദ്ധിപ്പിച്ചു, മേ ദുഃഖം മഹാദുഃഖം
നാഥനെ നോക്കീടണം പോക്കണം മമപാപം
നീതിയെ നോക്കുന്നെങ്കിൽ ശിക്ഷിപ്പാൻ ശക്തം ദൃഢം
VII 61-64

പരി. അമ്മയ്ക്കുണ്ടായ മനോവ്യഥകളെക്കുറിച്ചു് ധ്യാനിക്കുമ്പോഴും, തന്റെ പാപത്തിലേക്കു തിരിഞ്ഞു പരിതപിക്കുന്നു. പാപിയായ ഞാൻ കൃതഘ്നനായി. എന്റെ പാപങ്ങളെ വർദ്ധിപ്പിച്ചു. എന്റെ ദുഃഖം മഹാദുഃഖം തന്നെ. നാഥാ എന്നെ കടാക്ഷിക്കേണമെ. എന്റെ പാപങ്ങളും ക്ഷമിക്കേണമെ. കർത്താവിന്റെ കരകവിഞ്ഞൊഴുകുന്ന കാരുണ്യത്തിന്റെ കമനീയ കഥയാണല്ലോ ആത്മാനുതാപം. ആഴത്തിൽ കാരുണ്യം അനുഭവിക്കാൻ വേണ്ടി മാർഗ്ഗങ്ങളും അന്വേഷിക്കുന്ന ചാവറയെയാണു് ഇവിടെ നാം കാണുക.

അയ്യയ്യോ മമഭീതി എന്തിനു് ഫലമിതു്
അയ്യമെന്നതാകിലും പൊയ്യല്ല യാത്രദൃഢം
ഇതിനുപായമിതൊന്നല്ലാതെ എന്തുള്ളയ്യോ
ഇതിനു പലവഴി നോക്കുകിലസാദ്ധ്യമേ. VII 153-156

ചുറ്റുമുള്ള അന്ധകാരത്താൽ പ്രകാശമായ ദൈവത്തേയും, പ്ര
കാശം തരുന്ന തീരുമാനങ്ങളേയും, ദൈവിക പ്രകാശം തെളിഞ്ഞു
നിൽക്കുന്ന വ്യക്തികളേയും ഉപേക്ഷിച്ച് ഇരുട്ടിന്റെ ഉടമയായ
പിശാചിന്റെ ചിന്തകളിലേക്ക് വഴിമാറിയതിനെ ഓർത്ത് അ
നുതാപത്തോടെ കേഴുന്നത് പല ഭാഗങ്ങളിലും കാം കാണുന്നുണ്ട്.
പാപബോധത്താൽ തളർന്നും മനസ്താപത്താൽ ഉരുകിയും വിശ്വാ
സത്താൽ ജ്വലിച്ചും കരുണയിൽ ആശ്രയിച്ചും തപസിനാൽ പ
രിഹാരം ചെയ്തും സ്വന്തം ജീവിതത്തെ തിരുത്തിക്കൊണ്ട് രക്ഷ
യുടെ സന്ദേശങ്ങളും ഫലങ്ങളും അനുഭവിക്കുകയും, ആസ്വദിക്കു
യും ചെയ്യുന്ന ചാവറ ശബ്ദം ആത്മാനുതാപത്തിലൂടനീളം കാ
ണാവുന്നതാണ്.

## ഈശ്വര കാരുണ്യത്തിനു സ്തുതിയും പുകഴ്ചയും

എല്ലാറ്റിനും നിദാനം ദൈവകാരുണ്യമാണ് എന്ന് ഏറ്റ
ചൊല്ലുന്ന ചാവറ ആ കാലത്തിൽ നാടിനെ ഭീതിയിലാഴ്ത്തിയ
സാംക്രമിക രോഗത്തിൽനിന്നു തന്നെ രക്ഷിച്ചതും ദൈവകൃപ
യെന്ന് അറിയുന്നു. എങ്ങും മൃത്യുവിന്റെ വാർത്ത, എവിടെയും
ദുഃഖിതന്റെ നിലവിളി. നാടും നഗരവും ഇതിൽ നിന്ന് വിമുക്ത
മല്ലായിരുന്നു. എന്നിരിക്കിലും ദയാപരനും നീതിമാനുമായ സ
ർവ്വേശ്വരൻ എല്ലാ അപകടങ്ങളിൽ നിന്നും തന്നെ അക്കാലത്തു കാ
ത്തു സംരക്ഷിച്ചുവെന്ന് അദ്ദേഹം നന്ദിയോടെ സ്മരിക്കുന്നു.

'ദേവാലയത്തിൽ കൂടുന്നേരവും മൃത്യു കേറുക്കാം
ആബാലവൃന്ദത്തോടെ കരച്ചിൽ നിലവിളി
അക്കാലം സർവ്വേശ്വരൻ മേവിധി കല്പിച്ചെങ്കിൽ
ദുഃഖാബ്ധി വീണതാണ കിടക്കുമന്ത്യം വിനാ
സർവ്വേശ്വൻ നീതീശ്വരൻ സർവ്വദയവിൻ നാഥൻ
സർവ്വത്തിൽ നിന്നും കാത്തുരക്ഷിച്ചു മമജീവൻ 11:40–4

എന്നതന്നെയുമല്ല മന്നിലുണ്ടാകും ജനം
എന്നതിൽ ചില ജനം കാലിനും കൈക്കും കേടും
കണ്ണില്ലാ ചിലർക്കയ്യോ ചിലർക്കു കേറുവി ഹീനം
കണ്ണുവും നാവും കൊണ്ടും ഫലമില്ലാതെ ചിലർ 11:76–8

എന്നിങ്ങനെ ചൊല്ലുമ്പോഴും എല്ലാം കണ്ണു തുറന്നു കാണുകയും, അന്യരുടെ അനുഭവങ്ങളെ തന്റേതാക്കി മാറ്റുകയും സംഭവ്യമായതിനു സങ്കല്പരൂപം നൽകുകയും ചെയ്തുകൊണ്ട് തനിക്കു ലഭിച്ചിരിക്കുന്ന ആനുകൂല്യങ്ങളെ അവകാശമായല്ല, ഔദാര്യമായി കണ്ട് ദൈവത്തോട് ഏറ്റുപറയുകയാണ്. അംഗവൈകല്യങ്ങളില്ലാതെ ദാരിദ്ര്യദുഃഖമില്ലാതെ തന്നെ സൃഷ്ടിച്ചുപോറ്റുന്ന ദൈവത്തെ ഇവിടെ ഉള്ളം തുറന്നു മഹത്വപ്പെടുത്തുന്നു.

ആത്മീയവും ശാരീരികവുമായ അപകടങ്ങളിൽ നിന്ന് സംരക്ഷിച്ച്, ദൈവഭവനത്തിൽ പിതാവിനോടൊത്ത് ചിരകാലം വസിക്കാൻ യോഗ്യരാക്കുന്ന മാമ്മോദീസായിലൂടെ ദൈവത്തിന്റെ മാത്രം സവിശേഷതയായ പരിശുദ്ധിയിൽ ഭാഗഭാഗിത്വം നൽകി സ്നേഹിച്ച കാരുണ്യമെ സ്തുതി. ഐക്യത്തിന്റെ ഔന്നത്യങ്ങളിലേക്കു കരേറുംതോറും തിരുമുഖത്തു നിന്നു വരുന്ന തിരുവചനങ്ങളെ സ്വാംശീകരിക്കുവാൻ വെമ്പൽകൊള്ളുകയാണ്.

കാണുന്നവർക്കു മഹാശോഭയായ്ത്തോന്നീടുന്ന
കാരണവന്മാരുടെ കബറുകളിന്നു മഹാ
വെണ്മയായ്ത്തോന്നീടുന്നു വെള്ളക്കുമ്മായത്താലേ
ഒന്നു യിൽ പൂശി വെളുപ്പിച്ചീടുന്നതിനാലെ 11:120–124

പാപചിന്തയാൽ പരിശുദ്ധി തന്നെയായ ദൈവത്തിൽ നിന്ന് ഏറെ അകന്നുപോയെന്നും, വെള്ളയടിച്ച കുഴിമാടങ്ങളെന്ന് ഫരിസേയരെ ശാസിച്ച ദൈവം തന്നെയാണ് ശാസിക്കുന്നതെന്നും പേർത്തു കേഴുകയാണിവിടെ.

എന്നാൽ വാ. ചാവറയുടെ ആത്മവത്ത വിശദമായി ഗവേഷണം നടത്തുമ്പോഴും അന്തഃകരണത്തെ അനുതാപത്തിലേക്കു നയിക്കുന്ന ദിവ്യമായ അഭിനിവേശങ്ങൾകൊണ്ട് ആത്മാവിനെ നിറയ്ക്കുന്നുവെങ്കിലും മാമ്മോദീസായിൽ ലഭിച്ച പ്രസാദവരത്തിന് മങ്ങലേല്പിക്കാതെ മിശിഹായുടെ പടയാളി എന്ന നിലയ്ക്ക് അന്ധകാരത്തിന്റെ ശക്തികൾക്കെതിരെ പോരാടുവാൻ അതിശക്തനും അനുഗ്രഹീതനുമായിരുന്ന അദ്ദേഹം എന്നു കാണാം. മാത്രവുമല്ല. അമാനുഷശക്തിയുടെ നോക്കെത്താത്ത ആഴങ്ങൾ വാക്കുകളിലും പ്രവൃത്തികളിലും നിറഞ്ഞുനില്ക്കുന്നുമുണ്ട്.

## വിണ്ണിലേക്കു ചുവടുവച്ച പാദങ്ങൾ

തന്റെ അമ്മയുടെ പുണ്യഗർഭത്തിൽനിന്നു ജന്മംതന്ന ദൈവത്തെ അത്ഭുതപ്രഹർഷങ്ങളോടെ നോക്കിക്കാണുകയും ജീവവാസനയുടെ കുതിപ്പിനും തഴപ്പിനും നിദാനമായ ദിവ്യശക്തിയുടെ സ്മരണയാൽ ആ ജീവാങ്കുരത്തെ ആഞ്ഞുപുൽകുവാൻ കൊതിക്കുകയും കാത്തിരിക്കയുംചെയ്യുന്ന ബാലനായ കുരിയാക്കോയിലേക്ക്, ചാവറകുടുംബത്തിലെ ആദ്യഅർപ്പിതനിലേക്കു കടന്നുനോക്കാം. സ്വർഗ്ഗം വിലമതിക്കുന്ന സൗന്ദര്യസമ്പാദനത്തിലേക്ക് അറിഞ്ഞും അറിയാതെയും വഴുതി വീഴാതെ തന്നെ കാക്കുന്ന അനന്തശക്തിയുടെ കൈകളിൽ വിലയം പ്രാപിക്കുവാൻ അതുല്യസ്നേഹത്തിനു് അർപ്പിതനാകുവാൻ ആ കൊച്ചുഹൃദയം കൊതിപൂണ്ടു. നിത്യസ്നേഹം നൽകിയ വിശ്വാസവും വിശ്വാസം നൽകിയ നിശ്ചയദാർഢ്യവും ആവേശം നൽകുന്ന ആത്മധൈര്യവും ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ഒരു ഹൃദയത്തെ ഉണർത്തി ഉയർത്തിയെടുത്തു. ദൈവത്തിന്റെ അനന്തനന്മയിൽ വിശ്വാസം അർപ്പിച്ചു്, ജീവിതാന്ത്യംവരെ ദൈവത്തിനുവേണ്ടി രണാങ്കണത്തിൽ ഇറങ്ങുവാൻ ആ കൊച്ചുഹൃദയം ഒരുങ്ങിക്കഴിഞ്ഞു. ദൈവം തനിക്കു് ഉപകരിക്കുന്ന, ഉപയോഗിക്കാവുന്ന ഒരു ഉപകരണമായെന്നു കണ്ടപ്പോൾ കൊച്ചു കുര്യാക്കോയെ തന്റെ പൗരോഹിത്യധർമ്മത്തിൽ പങ്കുചേരാൻ ക്ഷണിക്കുകയാണു്.

ഇങ്ങനെ ദശവത്സരം ചെന്നപ്പോഴം
അങ്ങുതന്നെ വിളിച്ചു മഹാദയാൽ
എന്നതു മഹാ നിശ്ചയമെന്നുള്ളിൽ 1:112

അന്നല്ലെങ്കിലിങ്ങോട്ടു ഗതിയല്ലാ–
യെന്നതു മല്ലായെന്നുടെ വംശത്തിൽ
അന്നൊരു ജനമില്ലായീയന്തസ്സിൽ 1:116

അന്നുവരെയുള്ള ചാവറകുടുംബത്തിന്റെ പാരമ്പര്യങ്ങളെ ഖണ്ഡിച്ചുകൊണ്ടു് ഒരു ദിവ്യപാരമ്പര്യത്തിനു തുടക്കം കുറിക്കയാണിവിടെ. ഏകപുത്രനെദൈവത്തിനു സമർപ്പിച്ച ഹന്നായേയും മറിയത്തേയുംപോലെ സന്തോഷിക്കുകയാണു് ആ അമ്മ. കുടുംബത്തിന്റെ അഭിമാനവും അമ്മയുടെ സന്തോഷവും ജീവിതത്തിന്റെ ധന്യതയും പുരോഹിതനാണല്ലോ? തങ്ങളുടെ മകൻ കേവലം 10–ാംവയസ്സിൽ യേശുവിനായി തീരുമാനിച്ചിറങ്ങിയപ്പോഴത്തന്നെ, കൈനകരിയും ചാവറകുടുംബവും ദൈവാനുഗ്രഹങ്ങളാൽ സമ്പന്നമായിക്കൊണ്ടിരുന്നു എന്നതിനു സംശയമില്ല.

"എന്നന്നേരമൊരുത്തൻ യാദൃച്ഛയാ
യൊന്നുമേ, മഹാമാർഗ്ഗമിതേറുവാൻ". 1:120–121

ആ സമയത്തു യാദൃച്ഛികമായി ഒരു ഗുരു എന്നെ മഹോന്നതമായ ഈ മാർഗ്ഗത്തിലേക്കു നയിക്കുവാൻ ആഗതനായി എന്നു സാക്ഷീകരിക്കുന്നു: അമ്മയുടെ ഉദരത്തിലായിരുന്നപ്പോഴേ, തന്നെ അറിയുകയും വിളിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത ദൈവം തനിക്കു മുമ്പിൽ. തന്റെ പരിമിതവും പരുഷവുമായ സ്വഭാവം അപരിമേയനായ ദൈവത്തിനു മുമ്പിൽ. ചാവറയുടെ കരളിൽ സന്തോഷം ഊറിയെങ്കിലും കണ്ണുകൾക്കു് ഇതു് ഉൾക്കൊള്ളാനായില്ല. എന്നാൽ അവിടെയും അനന്തകരുണയുടെ സ്പർശനമേറുണ്ടു് വലിയ അനുഗ്രഹം അനുഭവിക്കയാണു്. ആത്മാവിന്റെ ആഗാധതകളിലെ ആഗ്രഹങ്ങൾ കുറിയാക്കോ അറിയാതെതന്നെ ദൈവം സാധിച്ചു കൊടുക്കുന്നു. ദൈവത്തിന്റെ സ്നേഹക്ഷണത്തിനു മുമ്പിൽ പാരമ്പര്യത്തിന്റെ ഗിരിശൃംഗങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ നവീനമായ അവബോധത്തിന്റെ മുകിൽ മാലകളെ മൗലിയിലേറുവാനുള്ള ധീരത പ്രകടിപ്പിക്കുന്നു. ഒരു പുഞ്ചൻശൈലിയിലേക്കു് എടുത്തുവച്ച കാലുകൾ ധീരതയോടെ മുന്നോട്ടു ചലിപ്പിച്ചു. അങ്ങനെ മല്ലാനച്ചനോടൊത്തു വസിച്ചുകൊണ്ടു്, പുതുജീവിതത്തിന്റെ കമ്മങ്ങൾ അഭ്യസിക്കാനും അനുഷ്ഠിക്കാനും ആരംഭിക്കുന്നു. എന്തിനും ഏതിനും സമർത്ഥനായ കുറിയാക്കോ അവിടെയും മല്ലാനച്ചന്റെ കണ്ണുകളെ വിസ്മയിപ്പിച്ചു. ഇതാ ആ സ്വർഗ്ഗീയവഴിയിൽ കരിങ്കൽ ചീളുകൾ വന്നു പതിക്കുന്നു. ഏറെത്താമസിയാതെ കർത്തവ്യങ്ങളുടെ കനത്തഭാരം ആ കൊച്ചുജീവിതത്തെ തളർത്തി. ബാല്യകൗമാരങ്ങളുടെ മധുരിമ വറ്റും മുൻപേ പരുപരുത്ത വഴിത്താരയിലൂടെ നീങ്ങുവാൻ വിധിക്കപ്പെട്ടു. യേശുവിനെ അനുഗമിക്കാൻ വേണ്ടതായ കുരിശുകൾ സുലഭമായി ലഭിച്ചുതുടങ്ങി. തന്റെ സൗഭാഗ്യജീവിതത്തിന്റെ കിരണങ്ങൾ മങ്ങുന്നതായി തോന്നി. ഇല്ല ചാവറ പതറിയില്ല. തന്റെ പിതാവും ജ്യേഷ്ഠനും തങ്ങളുടെ ഔദ്യോഗിക ഉത്തരവാദിത്വങ്ങളിൽനിന്നും മൺമറഞ്ഞപ്പോൾ ആ സ്ഥാനങ്ങളിലേക്കു സ്വാഭാവികമായും കടന്നുചെല്ലേണ്ടവനാണു താനെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു.

എന്നാൽ കുര്യാക്കോയുടെ ബുദ്ധിപരമായ നീക്കങ്ങൾ ഏവരേയും അമ്പരപ്പിച്ചു. തന്റെ സ്നേഹവും ഭാഗ്യവുമായ ദൈവത്തെ ഉപേക്ഷിക്കുവാൻ ആ കൊച്ചുഹൃദയത്തിനു കഴിഞ്ഞില്ല. എല്ലാറ്റിലും

എപ്പോഴും പാലിക്കുന്ന ദൈവം, തന്റെ കുടുംബത്തെയും പാലിക്കുമെന്നു് അദ്ദേഹത്തിനു് ഉറപ്പുണ്ടായിരുന്നു. ഭൗതികസമ്പത്തു വ്യർത്ഥമാണെന്നും ജീവിതസുഖങ്ങൾ മായയാണെന്നും അറിയാമായിരുന്ന ചാവറയച്ചൻ മണ്ണും വീടും ഉപേക്ഷിക്കുവാൻ സംശയിക്കേണ്ടി വന്നില്ല. വളരെ ചെറുപ്പത്തിലെ ഏറെ ധീരമായ, സാഹസികമായ ഒരു തീരുമാനം എടുക്കാൻ ഇദ്ദേഹത്തെ ശക്തിപ്പെടുത്തിയതു സർവ്വശക്തന്റെ ദിവ്യസ്വരമാണെന്നതിൽ സംശയമില്ല. അങ്ങനെ ലൗകികമായ ധർമ്മവ്യസനങ്ങളുടെ ഉഗ്രതാപത്തിൽനിന്നും മോചനം നേടി, ദൈവത്തിനുവേണ്ടി സ്വതന്ത്രനായി, തത്വശാസ്ത്ര ദൈവശാസ്ത്രങ്ങൾ പഠിച്ചു 1829 നവംബർ 24–ാം തീയതി പുരോഹിതനായി അഭിഷേകം ചെയ്തു. അന്നുമുതൽ 1871 ജനുവരി 3 വരെ തന്റെ ദിവ്യമായ ബഹുമുഖപ്രതിഭകൊണ്ടു കേരളസഭയെ മാത്രമല്ല, മലയാളക്കരയെയും പരിവേഷമണിയിച്ചു. തന്നേറയും തന്നോടൊത്തു ജീവിച്ചവരുടേയും ജീവിതങ്ങൾക്കു ശബ്ദവും ശൈലിയും നൽകിക്കൊണ്ടു് ആ ദിവ്യൻ കടന്നുപോയി. തന്നിലൂടെ ഉദിച്ചുയർന്ന സിദ്ധിയാർന്ന ചിന്താധാരകൾക്കും ദൈവികപ്രചോദനങ്ങൾക്കും വ്യക്തമായ രൂപഭാവങ്ങൾ നൽകി. കേരളസഭയുടെ ആദ്ധ്യാത്മികനേതൃത്വം വഹിച്ച ആ പാവനജീവിതം ഇങ്ങിനി വരാത്തവിധം കടന്നുപോയി എന്നു ലോകം വിചാരിച്ചു. ഇല്ല. ജനലക്ഷങ്ങളിൽ ഉൽക്കടമായ അനുഭൂതി പകർന്നുകൊണ്ടു കാലത്തിന്റെ പൂർണ്ണതയിൽ ആ ജീവചൈതന്യം സടകുടഞ്ഞെണീറ്റു.

### തനിമയുടെ പൊലിമ

ആത്മാനന്ദം നിറഞ്ഞ കാവ്യങ്ങളുടെ ദിവ്യലോകത്തിലൂടെ വ്യാപരിക്കുമ്പോൾ അസമാനനായ യോഗാത്മകകവിയുടെ പൊലിമയാണ്ട തനിമ നമ്മെ ഏതോ ഒരു ദിവ്യചൈതന്യത്തിലേക്കു നയിക്കുന്നില്ലേ? നിരുപമമായ ഒരുതരം ദിവ്യാനുഭൂതിവിശേഷം തന്റെ സിരകളിൽ തുടിക്കുന്നു എന്നതിന്റെ തെളിവാണു് വികാരദീപ്തമായ ഈ വാക്കുകൾ:

മമപിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറെന്തുഗ്രഹണം നാഥാ–
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ || 142–147
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവനപാനം നീയേ,
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.

പിതാവും മാതാവും സ്നേഹവും ഭാഗ്യവും ശ്വാസവും ആശ്വാസവും ആഹാരവും ആകൃതിയും യേശുവിൽ എന്ന ചാവറയുടെ ആത്മശബ്ദത്തോട് ഏറെ സാമ്യമുള്ള ഒരു ശബ്ദമത്രെ വി. പൗലോസിലും വി. ആഗസ്തിനോസിലും നാം കാണുക. ''എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമെന്നു'' (ഫിലി. 1:21) ഉദ്ഘോഷിച്ചുകൊണ്ടു പൗലോസ് പറയുകയാണു്: ''യേശുവിനെപ്പററിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സ്വത്തും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണു്. ഇതു ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രെ (ഫിലി. 3:8, 9). വി. ആഗസ്തിനോസ് സാക്ഷ്യപ്പെടുത്തുന്നു: 'ഒരിക്കലും വിട്ടുപിരിയാൻ മനസ്സില്ലാതിരുന്നവയെ ഞാൻ സസന്തോഷം ഉപേക്ഷിച്ചു. അല്ല, എന്റെ സൗഭാഗ്യനിധിയായ നീ തന്നെ അവയെ എന്നിൽനിന്നു വേർപെടുത്തി ദൂരെയെറിഞ്ഞു കളഞ്ഞു, നീ എന്റെ ഉള്ളിൽ പ്രവേശിച്ചതോടെ നിത്യസൗഭാഗ്യം എന്റെ സ്വന്തമായി. എന്റെ ഹൃദയം ആനന്ദത്തിന്റെ ഉറവിടമായി'. വി. പൗലോസ്, വി. ആഗസ്തീനോസ് തുടങ്ങിയ വിശുദ്ധരെപ്പോലെ ഇഹലോകത്തിൽ നിന്നുകൊണ്ടുതന്നെ ചാവറയും സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നു. ഇന്ദ്രിയങ്ങളും മനസ്സും ആത്മാവും എന്നല്ല, സമസ്തവും ഈശ്വരചൈതന്യത്തിന്റെ നേരെ കുതിച്ചുപായുന്നു. ആത്മാവിന്റെ ഏകാന്തവും നിസ്തുലവും നിരന്തരവുമായ അന്വേഷണത്തിൽനിന്നു മാത്രമേ ദിവ്യതയുടെ സാക്ഷാത്കാരം ഉണ്ടാകുകയുള്ളു വി, പൗലോസും വി. അഗസ്തിനുമൊക്കെ അവരുടെ ആത്മീയജീവിതത്തിന്റെ അന്തർപ്രക്രിയകളെക്കുറിച്ചു വിശദമായി എഴുതുകയും പറയുകയും ചെയ്തവരാണു്. മറയും മറിവും ഇല്ല അവരുടെ വീക്ഷണങ്ങളിൽ. ദൈവസായൂജ്യം സംബന്ധിച്ചു് അവർ പ്രകടിപ്പിക്കുന്ന ആശയങ്ങളും സ്വച്ഛസുന്ദരങ്ങളാണു്. ആ മിസ്റ്റിക്കുകളിൽ നിഴലിക്കുന്ന വശ്യപ്രഭാവം ചാവറയച്ചനിൽ കാണുക ഇപ്രകാരമാണു്:

''നൽഗുണ വൃത്തികളാൽ കാണുന്ന ജനങ്ങൾക്കു–
മെൻഗുണം കാട്ടിടുവാൻ കുത്തിച്ചു തന്ന പന്തം
പാപത്താൽ നശിച്ചു ഞാൻ ചീഞ്ഞിടായെന്നു കാണ്മാൻ
നാമത്താൽ ജപിച്ചുള്ള ലവണം സേവിച്ചല്ലോ'' ||: 156–160

എന്നു പാടുമ്പോഴും സംവേഗങ്ങളുടെ ഒരു തരംഗപരമ്പരയായിരുന്ന ജീവിതം എന്ന വെളിപ്പെടുത്തുന്നു. എന്നാൽ പിതാവുമായുള്ള ബന്ധത്തിന്റെ തീവ്രത ജീവിതത്തെ മഹിമയുള്ളതാക്കി. അരുതാത്തതു ചെയ്തതു് ഓർത്തു ദുഃഖിക്കുമ്പോഴും ''നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരുണ്യത്തിലും നിന്നെ ഞാൻ സ്വന്തമാക്കും (ഹോസിയ 2:19). എന്നുരുളിയ പിതാവിന്റെ സ്നേഹത്തിൽ ആമഗ്നനാവുകയാണു്. ഈ സ്വീകരണത്തെയും സ്വന്തമാക്കലിനെയുമാണു് ഏറ്റം അഭികാമ്യമായ ദാനവും വിശിഷ്ടമായ അവകാശവുമായി ജീവിതത്തിൽ ഏറ്റുപറയുന്നതു്.

തനിക്കു് അഭയം നല്കുന്ന നിത്യനായ ദൈവത്തിന്റെ ശാശ്വതഹസ്തങ്ങളിൽ, തന്നെ സഹായിക്കുന്ന പരിചയും മഹത്വമണിയിക്കുന്ന വാളും രക്ഷയുടെ കോട്ടയും കണ്ടെത്തിയവനാണു് വിശുദ്ധൻ. കരുണാമസൃണമായ ദൈവികപരിപാലനയുടെ ശക്തമായ പ്രവർത്തനം ജീവിതപശ്ചാത്തലത്തിലും സാഹചര്യത്തിലും അനുഭവിച്ചവർ. ''പിതാവിന്റെ അനുഗ്രഹങ്ങൾ നിത്യപർവ്വതങ്ങളുടെ ഔദാര്യത്തേക്കാളും, ശാശ്വതഗിരികളുടെ അനുഗ്രഹങ്ങളേക്കാളും ശക്തങ്ങളാണു്, (ഉല്പത്തി 49:26) എന്നുദ്ഘോഷിച്ചവൻ. മിസ്റ്റിക്കു് അനുഭൂതിയിലൂടെ ''എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. (യോഹ. 14/9) എന്ന വചനത്തിനു് ജീവൻ പകർന്നുകൊണ്ടു് പുത്രനിൽ അപ്പനെ ദർശിച്ചവൻ. അങ്ങനെ സകലതിലും, സകലർ ലും, സകലയിടത്തും ഈ പിതൃവബോധം വാസം ചെയ്യുന്നതായി കാണാം. നിമിഷങ്ങളുടെ സ്വരുക്കൂട്ടലുകളിൽ ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ എല്ലാം പിന്നിലെറിഞ്ഞു് അവിടുന്നിൽ മാത്രമലിഞ്ഞു്, ഒരു മലർപോലെ ഉള്ളുതുറന്നു് ഒരു തിരിപോലുള്ളമെരിഞ്ഞു് ആദ്ധ്യാത്മികാനുഭൂതിയിൽ ലയിച്ചു നില്ക്കുന്ന കാഴ്ച ഹോ! വർണ്ണനാതീതംതന്നെ. ലോകത്തിലെ മറെറാരു ശക്തിക്കും വേർപെടുത്താനാവാത്ത ആ പിതൃബന്ധത്തിൽ നിന്നു് നിലയ്ക്കാത്ത കർമ്മശക്തി ആർജ്ജിച്ചെടുത്തു. ദൈവത്തിന്റെ മനുഷ്യനും പരിശുദ്ധാത്മാവു നിറഞ്ഞവനുമെന്നു് സമകാലികരാൽ പ്രകീർത്തിതനായ ചാവറയച്ചൻ ദൈവൈക്യത്തിനുള്ള അപരിത്യാജ്യമായ ഉപാധിയാണു് പ്രാർത്ഥനയെന്നു്, ജീവിക്കാൻ തുടങ്ങിയപ്പഴേ മനസ്സിലാക്കിയിരുന്നു.

പിതാവും താനും തമ്മിലുള്ള ഐക്യത്തിന്റെ സമയങ്ങളിൽ, സ്നേഹവും കരുണയുംകൊണ്ട് തന്നെ കിരീടമണിയിക്കുന്ന അപ്പനെ തിരിച്ചറിയുകയും സ്മരിച്ചാനന്ദിക്കുകയും ചെയ്യുന്ന പുത്രൻ അനന്തഗുണനന്മസ്വരൂപിയായ സർവ്വേശ്വരൻ സർവ്വമംഗളങ്ങളും നൽകി നിത്യം തന്നെയും സ്മരിക്കുന്നുവെന്ന പ്രവചിക്കുകയാണിവിടെ.

അനാദ്യഗുണനിധേ, സർവ്വേശാ പരാപരാ!
അനന്തദയാന്വിതാ, സർവ്വമംഗലദേവാ!
അന്തമില്ലാത്ത നിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലൊ.

II:160-164

അതെ ഒരു നിലയ്ക്കാത്ത ചലനമായ് ഇന്നും ജീവിക്കുന്നില്ലെ? നിത്യം ചലിക്കുന്നവന്റെ കരങ്ങളാൽ മെനഞ്ഞെടുത്ത ശാശ്വത സൃഷ്ടി, ''ദൈവം മനുഷ്യനെ അനശ്വരതയ്ക്കുവേണ്ടി സൃഷ്ടിച്ചു. തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമ്മിച്ചു. (വിജ്ഞാനം 2:23) ആ സൃഷ്ടാവിനോട് വിശ്വസ്തത പുലർത്തിയവൻ നിലയ്ക്കാത്ത ചലനമായ് അവശേഷിക്കുന്നു.

## നിലയ്ക്കാത്ത ചലനങ്ങൾ

ഇന്നിന്റെ ആദ്ധ്യാത്മിക പരിധിയെ വെല്ലുന്ന വൈപുല്യമാർജ്ജിച്ച ശ്രദ്ധേയമായ പൂർവ്വജന്മാർജ്ജിത പുണ്യാത്മാവിനെ നാമിന്നു ഭക്തഹൃദയങ്ങളോടെ സ്മരിക്കുക തികച്ചും ഉചിതമത്രെ. ഭൂതത്തിലേയ്ക്കും ഭാവിയിലേയ്ക്കും നമ്മെ നയിക്കുന്ന ആ മഹാപുരുഷൻ ഭക്തരുടെ മാനസഭൂമിയിൽ പ്രത്യക്ഷപ്പെട്ട ആദർശവാദിയായ ഒരു ദാർശനികനാണ്. ദൈവമനുഷ്യബന്ധത്തിന്റെ ഊഷ്മളത ആസ്വദിച്ച പിതാവ് കഠിനമായ ശ്രമത്തിലൂടെ സ്വായത്തമാക്കിയ ആദ്ധ്യാത്മിക ജ്ഞാനത്തെ ഗ്രാമീണ കേരളത്തിന്റെ വികാരധാരകളാവഹിക്കുന്ന ഗാനവൃത്തങ്ങളായി, നിറവും മണവും കൊടുത്ത് വിജ്ഞാനത്തിന്റെ സ്വർണ്ണതാലത്തിൽ നമുക്കു കൈമാറി.

ക്രിസ്തുവിന്റെയും, അവിടുത്തെ മാതാവായ മറിയത്തിന്റെയും ജീവിതകഥകളോട്, തന്റെ ഉൾത്തുടിപ്പുകൾ അലിയിച്ചു ചേർത്ത ആഖ്യാനമാണ് ആത്മാനുതാപത്തിൽ. ആത്മനിഷ്ഠമായ ഈ കൃതിയിൽ ഒരു ദൈവികമനുഷ്യന്റെ ആഴമാർന്ന ഈശ്വര

വിശ്വാസത്തിന്റെ സ്പന്ദനങ്ങൾ അനുഭവിക്കുവാൻ നമുക്കു കഴിയുന്നു. ആത്മാവിന്റെ ആഴങ്ങൾ വ്യക്തിത്വത്തിന്റെ എല്ലാ തലങ്ങളേയും തഴുകി നില്ക്കുകയാണിവിടെ.

കഴിഞ്ഞ ജീവിതത്തിന്റെ പടനിലങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ചാവറയച്ചൻ അവിടത്തെ അനുഭവങ്ങൾ വർണ്ണിപ്പിക്കുകയാണ് ഇവിടെ. ദുഃഖങ്ങൾ ആത്മാവിനെ ദൃഢപ്പെടുത്തി. അങ്ങനെ ജീവിതാശയങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട്, വിജയവിശ്വാസത്തെ പ്രതീക്ഷിച്ചുകൊണ്ട് അവൻ അരങ്ങത്തേക്ക് വന്നു. ഇന്നിന്റെ ജീവിതത്തിൽ അസുലഭമായിത്തീർന്നിരിക്കുന്ന ഒരു സങ്കീർത്തന സന്ധ്യയുടെ പാവനതയും, ആന്തരചേതനയായ വിശ്രുദ്ധിയും തന്റെ ജീവിതഗാഥയിലൂടെ ഒഴുകുകയാണ്. കൊമ്പു വിളിക്കാൻ കൂട്ടുകാരോ ജോലിക്കാരോ ഇല്ലാതെ പോയ നിർഭാഗ്യവാനായ ഒരു കവി എന്ന് ലോകർക്ക് തോന്നിയേക്കാം. എന്നാൽ ആത്മീയ കേരളത്തിന് ഇദ്ദേഹം ഭാഗ്യവാൻ തന്നെ. ഊഷ്മളമായ വികാരവും, ഉന്നതമായ ചിന്തയും, പരിശുദ്ധമായ ചൈതന്യവും പ്രദാനം ചെയ്യുന്ന ഖണ്ഡകാവ്യങ്ങൾ ഈ ഭാഗ്യവാനെ മഹാകവിയും ഒപ്പം വിശ്രുദ്ധനുമാക്കി മാറ്റുന്നു. മഹാകവികളെ നിർമ്മിക്കുകയും, അരിയിട്ട വാഴ്ച നടത്തുകയും ചെയ്യുന്നവർ അനുഗ്രഹിച്ചില്ലെങ്കിൽക്കൂടിയും സന്യസ്ത കേരളം ഈ കവിയെ ഒരിക്കലും മറക്കില്ല; അവഗണിക്കുകയുമില്ല.

സമൂഹത്തിന്റെ അരുതായ്കകളോട് പൊരുത്തപ്പെടാതെ പോരാടുകയും, വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ചരിത്രം സൃഷ്ടിക്കുന്നവർ. ഹൃദയത്തിൽ യുഗപരിവർത്തനത്തിന്റെ അഗ്നിവാഹം പേറണമെങ്കിൽ, അജയ്യമായ ധാർമ്മികശക്തിയും അചഞ്ചലമായ ഈശ്വരവിശ്വാസവും, അദമ്യമായ ധീരോദാത്തതയും വേണം. നിരന്തരമായ ആന്തരികസംഘർഷത്തിന്റെയും അസ്വസ്ഥതയുടേയും നടുവിൽ, കേരളസഭയുടെ ശ്രേയസിലും നന്മയിലും വിശ്വാസമർപ്പിക്കുവാനും ഈ മനുഷ്യസ്നേഹിക്കു കഴിഞ്ഞു. അങ്ങനെ ജന്മംകൊണ്ട് കൈനകരിയെ പാവനമാക്കി, കർമ്മംകൊണ്ട് ഭാരതസഭയെ പരിശുദ്ധമാക്കി നാമംകൊണ്ട് ചാവറയെ ചരിത്രമാക്കി വിശ്രുദ്ധികൊണ്ട് ജീവിതത്തെ ധന്യമാക്കി.

---

അദ്ധ്യായം 8

# നാളാഗമങ്ങളിൽ ചാവറയെന്ന മനുഷ്യൻ

— സി. സാലി, സി.എം.സി.

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളസഭയ്ക്കു വെളിച്ചമേകിയ, ഇരുപതാം നൂറ്റാണ്ടിലെ സാമൂഹിക മാറ്റങ്ങൾക്കു തുടക്കംകുറിച്ച, പുത്തൻ സ്വപ്നങ്ങൾ വരും നൂറ്റാണ്ടിനു കൈമാറിയ വാഴ്ത്തപ്പെട്ട ചാവറയച്ചൻ താൻ ജീവിച്ച കാലഘട്ടത്തിലെ ചരിത്രമെഴുതി. 'നാളാഗമങ്ങൾ' എന്ന പേരിലറിയപ്പെടുന്ന ചാവറ സമ്പൂർണ്ണ കൃതികൾ വാല്യം ഒന്ന് 1829 മുതൽ 1870 വരെയുള്ള നാല് ദശകങ്ങളിലെ കേരളസഭാചരിത്രത്തിലെ നാഴികക്കല്ലുകളാണെന്ന് നിസ്സംശയം പറയാം. നാളാഗമങ്ങൾ എന്തിനാണ് എഴുതുന്നത് എന്ന ചോദ്യത്തിന് കന്യാസ്ത്രീകൾക്കുള്ള കത്തിൽ നമുക്കു പിതാവിന്റെ തന്നെ ആശയം ലഭ്യമാണ്. "വർത്തമാനങ്ങളൊക്കെയും എഴുതുവാൻ സഹോദരി അന്നയെ ഉണർത്തണം. ഇപ്പോൾ മടികൊണ്ടു മുടക്കാതെ സാരമില്ലെന്നു തോന്നുന്നതും എഴുതിയിരുന്നാൽ രണ്ടുകാലം കഴിയുമ്പോൾ നിങ്ങൾക്കുതന്നെ എത്രയോ സന്തോഷം തോന്നും" [കുത്തുകം VII/1]. തലമുറകളിൽ നിന്നു തലമുറകളിലേയ്ക്കു കൈമാറപ്പെടുവാനുള്ള സന്തോഷത്തിന്റെ വർത്തമാനം – അതാണ് നാളാഗമങ്ങൾ. ഇന്നലെയുടെ ചെപ്പിലെ വിലപ്പെട്ട മുത്തുകൾ – അതാണ് നാളാഗമങ്ങൾ.

## നാളാഗമങ്ങളിൽ ചാവറയെന്ന മനുഷ്യൻ

മാന്നാനം ആശ്രമസ്ഥാപനചരിത്രം, റോക്കോസ് കലാപചരിത്രം, അമ്പഴക്കാട്ടു കൊവേന്ത, കൂനമ്മാവ് കമ്മലീത്താമഠത്തിന്റെ സ്ഥാപനം തുടങ്ങിയ ചരിത്രസംഭവങ്ങൾ അടുക്കിലും ചിട്ടയിലും രേഖപ്പെടുത്തപ്പെട്ട നാളാഗമങ്ങളിൽ ചാവറയെന്ന മനുഷ്യനെ നാം കണ്ടുമുട്ടുന്നു. തന്റെ കാലത്തെ ദൈവജനത്തിന്റെ അംഗീകൃതനേതാവായിരുന്ന ചാവറയച്ചൻ മറ്റുള്ളവർക്കു മഹത്വം

നൽകിക്കൊണ്ട് നാളാഗമങ്ങൾക്കു പിന്നിൽ മറഞ്ഞുനിൽക്കുവാൻ വീരോചിതമായ ശ്രമം നടത്തുന്നു. ചാവറയെന്ന മനുഷ്യന്റെ വിനീതഭാവം, ദീർഘവീക്ഷണം, സത്യസന്ധത, ആർദ്രത, നിർഭയത്വം, സഭാസ്നേഹം, ശത്രുസ്നേഹം, വ്യക്തിത്വബഹുമാനം, കഠിനാദ്ധ്വാനം തുടങ്ങിയ നിരവധി സൽഗുണങ്ങളും നാളാഗമങ്ങളെ മനോഹരമാക്കുന്നു. ''ഈ എഴുതുവാൻ പോകുന്ന സംഗതികളും ഞാൻ കണ്ണുകൊണ്ടു കണ്ടതായിട്ടും വിശ്വാസമുള്ളവരിൽനിന്നും കേട്ടതായിട്ടും''[1] ഉള്ളവയാണെന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തുന്നു. എല്ലാം തനിക്കറിയാമെന്ന ഭാവം അദ്ദേഹത്തെ ഒരിക്കലും കീഴ്പ്പെടുത്തിയിരുന്നില്ലെന്നതു ശ്രദ്ധേയമാണ്. ''ഈ വണ്ണം ഞാൻ എഴുതുന്നുവെങ്കിലും ഞാൻ അറിയാത്തതായ മറ്റു പല വിവരങ്ങളും ഉണ്ടായിരിക്കും. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എന്റെ ഓർമ്മയിൽ വരുന്നതുമായ സംഗതികളുമാത്രം ഇവിടെ കുറിക്കുന്നു''[2] [ചാവറയച്ചന്റെ നാളാഗമം Vol. I P. 83]

വിനയത്താൽ നനയപ്പെട്ട വാക്കുകളോടെയാണ് ''ദർശനവീട്ടുപണിവക വർത്തമാനം''[3] ആരംഭിക്കുന്നത്. ബഹുമാനപ്പെട്ടഞങ്ങളുടെ പള്ളിപ്പുറത്തെ പാലയ്ക്കൽ തോമ്മായെന്ന പേരു വിളിക്കപ്പെട്ട മല്പാനച്ചനോടു കൂടെ പഠിച്ചതിൽ ഒരുത്തൻ കുറയപ്പെട്ടവൻ ചാവറ കുര്യാക്കോസ് കത്തനാരു് എഴുതിയത്'' (P. 15) എന്നാണ് തുടക്കം കുറിക്കുന്നത്. തന്റെ അറിവുകേടു്, തിരിവില്ലായ്ക, ഭോഷത്തം തുടങ്ങിയവയെക്കുറിച്ചും തികഞ്ഞ ബോദ്ധ്യമുള്ള പിതാവിനെ നാളാഗമങ്ങളിലെ കുറിപ്പുകളും നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു[4].

### ഓർമ്മയുടെ മനുഷ്യൻ

ചെറുതും വലുതുമായ നിരവധി സംഭവങ്ങളിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ തന്റെ ഉപകാരികളെ മനസ്സിൽ നിറച്ച ഓർമ്മയുടെ മനുഷ്യനാണ് നാളാഗമങ്ങളിലെ ചാവറ. ചാവറയച്ചന്റെ വൈദികവിദ്യാഭ്യാസത്തിന്റെ ചെലവു വഹിച്ച പാലയ്ക്കലച്ചനെ തികഞ്ഞ സ്നേഹത്തോടെ അദ്ദേഹം ഓർമ്മിക്കുന്നു. ''പൈതൽ പ്രായം മുതൽ ആത്മത്തിനടുത്തതും ശരീരത്തിനടുത്തതുമായ രണ്ടു സംഗതികളിലും അദ്ദേഹം തന്നെ അന്വേഷിച്ചു നടത്തി; പഠിപ്പിച്ചു വളർത്തി''[5] പാലയ്ക്കലച്ചന്റെ ജീവചരിത്രമെഴുതുമ്പോഴും ഈ ഓർമ്മ അദ്ദേഹത്തിന്റെ അരുമശിഷ്യന്റെ ഹൃദയത്തിൽ നി

റഞ്ഞുകവിയുന്നു. ആളുകളുടെ വലിപ്പമോ, ചെറുപ്പമോ ഈ ഓർമ്മയ്ക്കു തടസ്സം നിന്നില്ല. മാന്നാനം കുന്നിലെ കാട്ടുവെട്ടിത്തെളിച്ച ഇട്ടൻ, ക്ഷേണം കൊട്ടുത്ത കൊച്ചുപുരയ്ക്കൽ ഈപ്പൻ മാപ്പിള, വെമ്പോനി, തറയിൽ, മലയിൽ എന്നീ വീട്ടുകാർ നന്ദിയോടെ അനുസ്മരിക്കപ്പെടുന്നു[6]. വസൂരി രോഗം പിടിപെട്ട ചാവറയച്ചനെ ചികിത്സിച്ച വൈദ്യനും ശുശ്രൂഷികൾക്കും സമ്മാനങ്ങൾ കൊടുത്ത[7] തന്റെ ശിഷ്യന്മാരായ ശെമ്മാശന്മാരും ഓർമ്മയുടെ മനുഷ്യന്റെ ലിസ്റ്റിലുണ്ട്. ബുദ്ധികുറഞ്ഞ, പ്രായം കവിഞ്ഞ പീലിപ്പോസ് ശെമ്മാശനെ കാനോന നമസ്കാരം പഠിപ്പിക്കുന്നതിനു മണിക്കൂറുകൾ ചെലവഴിക്കുവാൻ അദ്ദേഹം സന്നദ്ധനായി[8]. "പനമ്പുമഠത്തിൽ ആദ്യദിവസം മൂപ്പച്ചനും പ്രിയോരച്ചനും കൂടെ വന്നു തെളിവും സന്തോഷവും തന്നെയോ, വിഷാദമോ, വിചാരമോ, ക്ലേശമോ ഉണ്ടോ എന്നും ഞങ്ങളെ ഇരുത്തിക്കൊണ്ടും ഉള്ളിൽ ഉള്ളതുപോലെ പറയണം"[9] എന്ന സ്നേഹത്തിന്റെ ഭാഷയിലും ഓർമ്മയുടെ മനുഷ്യൻ കടന്നു വരുന്നു.

## സത്യസന്ധനായ മനുഷ്യൻ

തനിക്കു പൂർണ്ണബോദ്ധ്യമുള്ള കാര്യങ്ങൾ മാത്രമേ എഴുതൂ എന്ന നിഷ്ഠ നാളാഗമങ്ങളിൽ മിഴിവാർന്നു നില്ക്കുന്നു. സംശയം തോന്നുന്ന അവസരങ്ങളിൽ പിന്നീടു കൃത്യമായി എഴുതാമെന്നു ചിന്തയോടുകൂടി ആളുകളുടെപേരു, വർഷം, തീയതി ഇവയ്ക്കുള്ള സ്ഥലം നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു അവസരങ്ങൾ നമുക്കു കാണാം.[10] തനിക്കു പറ്റിയ അബദ്ധങ്ങൾ ഭാവിതലമുറയെ അറിയിക്കുന്നതിനും സത്യസന്ധനായ എഴുത്തുകാരൻ മടിക്കുന്നില്ല. പട്ടമറ്റത്തെ ഉടൻതന്നെ പുളിങ്കുന്നിൽ ധ്യാനപ്രസംഗങ്ങൾ നടത്തി. ഈ താമസവും ചുറ്റിനടപ്പും മല്പാനച്ചനു പിടിച്ചില്ല. "ഇതിനാലും ഒരു പിടിത്തം അവിടുണ്ടായി."[11] മാന്നാനം ആശ്രമസ്ഥാപനത്തിനിടയിൽ പള്ളിപ്പുറം വികാരിയായി ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ ചാവറയച്ചനു സ്ഥലംമാറ്റം നൽകി. താൻ മാന്നാനത്തു നില്ക്കുണ്ടതിന്റെ ആവശ്യകത "പൈതങ്ങളുടെ സിദ്ധാന്തംപോലെ" വെളിവാക്കിയപ്പോൾ മെത്രാപ്പോലീത്താ ശാസിക്കുന്നതും താൻ ഭയപ്പെട്ടുപോയതുമെല്ലാം അദ്ദേഹം എഴുതിവച്ചു.[12] പള്ളിപ്പുറത്തെ അനിഷ്ടസംഭവം[13], ചാവറയച്ചനെതിരെ ഇടവകക്കാരന്റെ പരാതി തുടങ്ങി തനിക്കു തന്നെ അപമാനകരമായ വസ്തുതകളും സത്യസന്ധമായ ആ തൂലികയിലൂടെ ലോകം മനസ്സിലാക്കി. മാന്നാനം

കൊവേന്തയുടെ പണപ്പിരിവിനിടയ്ക്ക് ''ഒരു ബ: പ്രാപ്തിയുള്ള പട്ടക്കാരൻ ഇതര പള്ളികളിൽ നിന്നും പണം വാങ്ങിച്ചു വീട്ടുകാരെ സഹായിക്കുന്നു''വെന്ന മെത്രാപ്പോലീത്തായെ ബോധിപ്പിച്ച വിവരവും കുറിച്ചുവയ്ക്കാൻ അദ്ദേഹം സന്നദ്ധനായി.[14]

**ദർശനമുള്ള മനുഷ്യൻ:**

മാന്നാനത്തു് ദർശനഭവനം സ്ഥാപിക്കലും അതിനായി സ്ഥലംകണ്ടെത്തുന്നതിലുള്ള തീവ്രശ്രമങ്ങളും വളരെയധികം ഉൾക്കാഴ്ചയുള്ള മൂന്നു പിതാക്കന്മാരുടെ –പാലയ്ക്കൽ തോമ്മാച്ചൻ, പോരുക്കര തോമാച്ചൻ, ചാവറയച്ചൻ – ജീവിതദർശനം വ്യക്തമാക്കുന്നു. ഏതദ്ദേശീയ സന്ന്യാസ സമൂഹങ്ങൾക്കു് ഈ മണ്ണിൽ രൂപം കൊടുക്കുവാനുള്ള സാദ്ധ്യതകളെ കണ്ടറിഞ്ഞു് മേലധികാരികളുടെ അനുവാദവും ആശീർവ്വാദവും സ്വീകരിക്കുന്ന ചാവറദർശനം ഒരു ''തപസ്സുഭവന''ത്തിൽ ഒതുങ്ങിനിന്നില്ല. കേരളസഭയുടെ സമ്പന്നതകളും സാദ്ധ്യതകളും വേണ്ടവിധത്തിൽ വിനിയോഗിക്കപ്പെടാത്തതിനാൽ ''ഏറിയ നന്മകൾക്കു വീഴ്ചയായിരിക്കുന്നു''[15] എന്ന സത്യം അദ്ദേഹം കണ്ടറിഞ്ഞു. സഭാത്മക ജീവിതത്തിൽ സ്ത്രീകൾക്കു് പങ്കാളിത്തവും പ്രോത്സാഹനവും നൽകുന്നതിനായി കന്യാസ്ത്രീമഠം ആരംഭിക്കണമെന്ന ആഗ്രഹവും ഏറിയനാളുകളായി മനസ്സിന്റെ കോണിൽ സ്ഥാനംപിടിച്ചിട്ടു്. 1860 ൽ പുത്തൻപള്ളിയിൽ മഠം പണിയാനാരംഭിച്ചെങ്കിലും റോക്കോസു് ശീശ്മയെ നേരിടുന്നതിനായി പിന്നീടതു സെമിനാരിയാക്കി.[16] ചാവറയച്ചനു ധർമ്മമായി ലഭിച്ച പണംകൊണ്ടാണു് ക്നനമ്മാവുമഠം പണിതുടങ്ങുന്നതു്.[17] പുണ്യസങ്കേതമായി, പുണ്യകണ്ടുപഠിത്തത്തിനു വിശ്വാസികൾക്കു പ്രേരണ നൽകുന്ന സന്ന്യാസിനീഭവനങ്ങളിലൂടെ സ്ത്രീ വിദ്യാഭ്യാസവും സമുദായോദ്ധാരണവും സ്വപ്നംകണ്ട, അതു പ്രായോഗികമാക്കുവാൻ ലളിതമായ വഴികൾ കണ്ടെത്തിയ ക്രാന്തദർശിയായ ചാവറയെ നാളാഗമങ്ങളുടെ ഏടുകളിൽ നാം കണ്ടെത്തുന്നു.

**സഭാസ്നേഹിയായ മനുഷ്യൻ**

ഈശോമിശിഹായുടെ മണവാട്ടിയായ ശ്രുതപള്ളിയെ എപ്പോഴും ഹൃദയത്തിൽ സംവഹിച്ച ചാവറപ്പിതാവു് റോമ്മാപള്ളി എന്ന അനുഗ്രഹമുള്ളതും പ്രിയമുള്ളതുമായ നമ്മുടെ അമ്മയെ–സഭയെ– അത്യഗാധമായി സ്നേഹിച്ചു എന്നതിനു് നാളാഗമങ്ങൾ

സാക്ഷ്യംനൽകുന്നു. അമ്മയുടെ സുഖദുഃഖങ്ങളും സ്നേഹമുള്ള മകനെന്ന നിലയിൽ ഈ പുത്രനും ഏറ്റുവാങ്ങി, ''ശ്രുദ്ധ മാത്തോമ്മാ ശ്ലീഹായാൽ സത്യവേദം കൈക്കൊണ്ട ഈ മലയാളം ഇതുവരെ മച്ചിയായിരിക്കുന്നു'' [19]. എന്ന കണ്ടെത്തൽ അദ്ദേഹത്തെ ദുഃഖിപ്പിച്ചു. വിശ്വാസികളുടെ അമ്മയായി അവളെ രൂപാന്തരപ്പെടുത്തുവാനുള്ള തീക്ഷണമായ ആഗ്രഹം സ്വന്തം ജീവിതത്തിലൂടെ വെളിപ്പെടുത്തി. സ്സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ പ്രതിനിധികളിൽ അദ്ദേഹം ക്രിസ്തുവിന്റെ മുഖം കണ്ടു. തിരുസ്സഭാധികാരികളോട് സ്നേഹവും വിധേയത്വവും പ്രകടിപ്പിച്ച തിരുസ്സഭയുടെ ഈ വീരപുത്രൻ ഒൻപതാം പിയൂസ് മാപ്പാപ്പയിൽനിന്നും പ്രശംസാപത്രം നേടുകയുണ്ടായി, സത്യം കണ്ടെത്തുന്നതിനും മാപ്പാപ്പയോട് യോജിച്ചു നിന്നുകൊണ്ട് പ്രതിസന്ധിഘട്ടങ്ങളിൽ സഭാതനയരെ ഒന്നിപ്പിക്കുന്നതിനും ഏറെ ക്ലേശങ്ങളും സഹിക്കുവാൻ അദ്ദേഹം സദാ തയ്യാറായിരുന്നു [20]. 1869 ൽ ഒന്നാം വത്തിക്കാൻ സൂനഹദോസ് ഒൻപതാം പീയൂസ് മാപ്പാപ്പ വിളിച്ചുകൂട്ടി. സൂനഹദോസിൽ സംബന്ധിച്ച പിതാക്കന്മാർ, അവരുടെ പ്രായം, റീത്ത് തുടങ്ങിയ വിവരങ്ങളും ചാവറയച്ചൻ നാളാഗമത്തിൽ കുറിച്ചിട്ട [21]. സഭയെ സ്നേഹിക്കുവാൻ സഭയെക്കുറിച്ചുള്ള അറിവ് ആവശ്യമാണെന്ന ബോദ്ധ്യം ഇത്തരം കണക്കുകളും വ്യക്തമാക്കുന്നു. സൂനഹദോസിന്റെ നടത്തിപ്പിനായി പള്ളികളിൽനിന്നും കാഴ്ചപ്പണം ശേഖരിച്ച് മാപ്പാപ്പായ്ക്ക് എത്തിച്ചുകൊടുക്കുന്നതിനും സഭാസ്നേഹിയായ ചാവറയച്ചൻ മുൻകൈയെടുത്ത പ്രവർത്തിച്ചു [22].

**രമൃതയുടെ മനുഷ്യൻ**:–

മലബാർ സഭയിൽ നാട്ടുമെത്രാന്മാർതന്നെ വേണമെന്ന മാർത്തോമാ ക്രിസ്ത്യാനികളുടെ ആഗ്രഹം, വിദേശിയ മെത്രാന്മാരോടുള്ള അതൃപ്തി ഇവ പ്രബലമായിരുന്ന ഒരു കാലഘട്ടമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ട്. ഈ സാഹചര്യത്തിൽ 1861 ൽ നെസ്റ്റോറിയൻ പാത്രിയാർക്കീസായിരുന്ന ഔദോ, തോമ്മാറോക്കോസിനെ വികാരിയായി ഇങ്ങോട്ടയച്ചു. പല പള്ളികളും പട്ടക്കാരും അദ്ദേഹത്തെ അനുസരിക്കാൻ തയ്യാറായി. മാപ്പാപ്പായിൽ നിന്നോ പാത്രിയാക്കീസിൽനിന്നോ ഇവിടെ ഭരണം നടത്തുവാൻ അനുവാദം ലഭിച്ചിരുന്നില്ല ഈ സത്യാവസ്ഥ കണ്ടുപിടിച്ച് ശീശ്മയെ ഇല്ലായ്മ ചെയ്യുവാൻ ചാവറയച്ചൻ ഏറെ കഷ്ടതകളും സഹിച്ചു. റോക്കോസ് മെത്രാന്റെ തെറ്റുകളും ക്ഷമിച്ച്, സ്വന്തം നാട്ടി

ലേക്ക തിരിച്ചുപോകുന്നതിനുള്ള ഏർപ്പാടുകൾ വിവേകത്തോടെ ചെയ്തുകൊടുത്തു. രമ്യതയുടെ ഈ ശ്രുശ്രൂഷകൻ. തൊണ്ടനാട്ട് ആൻറണി നെസ്സാറിയൻ പാത്രായാക്കീസിൽനിന്ന് മെത്രാൻ പട്ടം സ്വീകരിച്ച് 'അബ്ദീശോ' എന്ന പേരോടുകൂടി വന്ന് സഭയിൽ കോളിളക്കങ്ങൾ സൃഷ്ടിച്ചപ്പോഴും [24] പ്രശ്ന പരിഹാരത്തിന് മുന്നോട്ടുവന്നത് ചാവറപ്പിതാവാണ്. സ്വരാലും പരിത്യക്തനായ അബ്ദീശോയുടെ വിഷമസന്ധിയിൽ രമ്യതയുടെ ശ്രുശ്രൂഷകൻ അദ്ദേഹത്തെ സ്വീകരിച്ചു [25]. കൊച്ചിയിൽവച്ച് പ്രിയോരച്ചനുമായി കൂടിക്കാഴ്ചയ്ക്കു വരുമ്പോൾ "തെക്കേവഴിയിൽ കൂടി ഒളിച്ച് എന്നവണ്ണം വരുന്ന" [26] ആളിനെ സ്നേഹപൂർവ്വം സ്വീകരിച്ച് സമാധാനം ആശംസിക്കുന്നു. ചികിത്സ സഹായം കടബാദ്ധ്യതകൾ തീർക്കൽ, കർബാന ചൊല്ലുന്നതിനുള്ള അനുവാദംതുടങ്ങിയ എല്ലാകാര്യങ്ങളും രമ്യതയുടെ ശ്രുശ്രൂഷകൻ നിവൃഹിക്കുന്നതായി നാളാഗമങ്ങൾ വെളിപ്പെടുത്തുന്നു [27].

## അധികാരം കൊതിക്കാത്ത മനുഷ്യൻ

കേരളസുറിയാനിസഭയുടെ മുടിചൂടാമന്നനായിരുന്ന ചാവറപിതാവ്. 1855 മുതൽ തന്റെ സന്യാസസമൂഹത്തിന്റെ പ്രിയോരായി നിയമിതനായ അദ്ദേഹം വിനീതശ്രുശ്രൂഷയിലൂടെ എവർക്കും പ്രിയങ്കരനായി മാറി. സുറിയാനിക്കാരുടെ വികാരിജനറാളായി 1861 ൽ നിയമിതനായ അദ്ദേഹത്തെ അധികാരത്തിന്റെ അപ്പക്ഷണങ്ങൾകൊണ്ട് സ്വാധീനിക്കുവാൻ പലരും വിഫലശ്രമം നടത്തി. ചാവറയച്ചനെ മെത്രാനാക്കാം എന്ന റോക്കോസിന്റെ രഹസ്യകത്ത് വായിച്ചതിന്റെ പ്രതികരണം, "എന്റെ കുഞ്ഞേ, മെത്രാംപട്ടം കിട്ടണമെന്നാഗ്രഹമില്ല. രക്ഷപെടണം എന്നുമാത്രം". [28] അപരനെ ആദരിക്കുന്നതിൽ അങ്ങേയറ്റം ശ്രദ്ധ ചെലുത്തിയ ചാവറയച്ചൻ മറ്റുള്ളവരാൽ ബഹുമാനിക്കപ്പെടുവാൻ അഭ്യുഷ്യം ആഗ്രഹിച്ചിരുന്നില്ല. "റോക്കോസിന്റെ കൈയും കാലും മുത്താം; പക്ഷേ മോതിരം മുത്തില്ല" എന്ന വാദത്തിനു പിന്നിലും തിരുസ്സഭയുടെ ദൃശ്യതലവനോടുള്ള ആദരവു പ്രകടമാകുന്നു [29]. ദൈവജനത്തിന്റെ ആവശ്യങ്ങളുമായി മേലധികാരികളുടെ പക്കലേക്ക് മടിക്കുടാതെ കടന്നുചെല്ലുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ചാവറയച്ചൻ തുടങ്ങിവച്ച പ്രസ്ഥാനങ്ങളോടു ജനങ്ങളും പൂർണ്ണമായി സഹകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ശ്രുശ്രൂഷയെ വിലമതിക്കുന്നതായി നാളാഗമങ്ങൾ വ്യക്തമാക്കുന്നു [30] (ഉദാ. പിടിയരിപ്രസ്ഥാനം P. 13).

## ശുഭാപ്തിവിശ്വാസിയായ മനുഷ്യൻ

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള സാമൂഹ്യരീക്ഷം കാറും കോളും നിറഞ്ഞു ആശങ്കാകുലമായപ്പോഴും ശുഭാപ്തിവിശ്വാസം കൈമുതലാക്കിയ ചാവറയച്ചൻ പുത്തൻസ്വപ്നങ്ങൾ കണ്ടു. "അപ്പൊഴോ തിരുമനസ്സു് നടക്കും, നടത്തും"[31] എന്ന ശക്തമായ വിശ്വാസം കഠിനാദ്ധ്വാനത്തിനു കരുത്തു നൽകി. അച്ചടിവിദ്യ കണ്ടുപഠിക്കുവാൻ, തന്റെ ജനങ്ങൾക്കു 'ജ്ഞാനപീയൂഷം' നൽകുവാൻ ദർശനവീടും മഠവും എടുക്കുന്നതിനും പണിയുവാൻ, ദീർഘയാത്രകളും ക്ലേശങ്ങളും സഹിക്കുവാൻ ഈ ശുഭാപ്തിവിശ്വാസം അദ്ദേഹത്തിനു കൂട്ടായിവന്നു. മറ്റുള്ളവരുടെ നന്മയിലുള്ള വിശ്വാസം അദ്ദേഹത്തിന്റെ സഹപ്രവർത്തകരെ സേവനനിരതരാക്കി മാറ്റി. പാലസ്സുൽ, പോത്തുക്കര തോമ്മാച്ചന്മാരും ചാവറയച്ചനും കൂട്ടായ്മയിലുള്ള ജീവിതത്തിലൂടെ ശുഭാപ്തിവിശ്വാസം കൈമാറിക്കൊണ്ടിരുന്നു. ഇറ്റാലിയൻ മിഷനറിയായ ലെയോപ്പോൾദു മുപ്പച്ചനും ചാവറയച്ചനും സഹകരിച്ചു പ്രവർത്തിച്ചു കുനമ്മാവുമഠമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കി. ഈ 'ടീംസ്പിരിറ്റ്' കാത്തുസൂക്ഷിക്കുവാനും വളർത്തുവാനും നാളാഗമങ്ങൾ നമ്മോടു് ആവശ്യപ്പെടുന്നു. തന്റെ രോഗാവസ്ഥയിലും സഹപ്രവർത്തകരുടെ മരണാവസരങ്ങളിലും സഭ വിട്ടുപോയവരുടെ തീരുമാനങ്ങളിലും തളരാത്ത ശുഭാപ്തിവിശ്വാസം കാത്തുസൂക്ഷിക്കുന്ന ഒരു പിതാവിനെ നളാഗമങ്ങൾ നമുക്കു കാട്ടിത്തരുന്നു[32].

## ചരിത്രകാരനായ മനുഷ്യൻ

കേരളസഭാചരിത്രത്തിലെ സുപ്രധാനസംഭവങ്ങൾ റോക്കോസ് ശീശ്മ[33] (1861-63) സുറിയാനിമെത്രാന്മാരെവേണ്ടി നഹായുടെയും കുടക്കച്ചിറയുടെയും പ്രവർത്തനങ്ങൾ[34], തൊണ്ടനാട്ടു് ആൻറണിയുടെ ബാബേൽയാത്ര[35] തുടങ്ങിയ ചരിത്രസംഭവങ്ങൾ കുറിക്കുന്ന ചരിത്രകാരനായ ചാവറ സന്യാസസമൂഹങ്ങളുടെ ചരിത്രവും കുറിക്കുവാൻ മറക്കുന്നില്ല. കേരളത്തിൽ എന്തുകൊണ്ടു പുണ്യവാന്മാരുണ്ടായില്ല[36] എന്ന ചോദ്യം അദ്ദേഹത്തെ കർമ്മനിരതനാക്കി. അമ്പഴക്കാട്ടു കൊവേന്തയുടെ നാളാഗമം, കുനമ്മാവു കന്യാസ്ത്രീമഠത്തിന്റെ ആരംഭം ഇവയോടു ബന്ധപ്പെട്ട വ്യക്തികൾ, സംഭവനകൾ, പ്രാരംഭപ്രശ്നങ്ങൾ, ആദ്യഅംഗങ്ങളുടെ ജീവിതരീതി, ദൈവപരിപാലനയിലുള്ള ഉറച്ച കാൽവയ്പുകൾ എല്ലാം ചരിത്രം കുറിച്ചു തുലികയുടെ വിഷയമായി. സമകാലീനരാഷ്ട്രീയസംഭവങ്ങളും (ഉദാ. ടിപ്പുവിന്റെ

ആക്രമണം[37], തിരുവിതാംകൂർ രാജാവിന്റെ എഴുന്നെള്ളത്ത്[38]) ചരിത്രകാരനായ ചാവറ എഴുതിവച്ചു. കേരളസഭാചരിത്രമായി പ്രാധാന്യമർഹിക്കുന്ന നാളാഗമങ്ങളുടെ രചനയിൽ വിശ്രമമറിയാതെ അദ്ദേഹം മുഴുകിയിരുന്നു. പിൻതലമുറയുടെ കരങ്ങളിലേക്കു തൂലിക ചേർത്തുവച്ചു് അവരുടെ അനുഭവങ്ങളും തക്കസമയത്തു കുറിച്ചിടുവാൻ ഈ പിതാവു പ്രേരിപ്പിച്ചിരുന്നു[39]. ചരിത്രത്തോടുള്ള വിശ്വസ്തത ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിന്റെ തെളിവായി അദ്ദേഹം മനസ്സിലാക്കി. ഈ വിശ്വസ്തതയാണു നാളാഗമങ്ങളും നമ്മിൽനിന്നാവശ്യപ്പെടുന്നതു്.

## ഉപസംഹാരം

ചരിത്രം പറയാനും ചരിത്രം കേൾക്കാനും താല്പര്യമുള്ള നമ്മളും പലപ്പോഴും മറന്നുപോകുന്നു, ചരിത്രമെഴുതാൻ. അക്ഷരവെളിച്ചം അകലെയായിരുന്ന കേരളമക്കൾക്കു് അപ്രാപ്യമായിരുന്ന ചരിത്രമേഖലയിലേക്കു നാളാഗമങ്ങളിലൂടെ കടന്നുചെന്നു. വിസ്മൃതിയുടെ പൊടിപടലങ്ങളും തുടച്ചുമാറ്റി തന്റെ കാലത്തെ സുപ്രധാന സംഭവങ്ങളും രേഖപ്പെടുത്തിയ ധന്യതാതനോടു നാമേറെ കടപ്പെട്ടിരിക്കുന്നു. ഒരു ചരിത്രകാരന്റെ കണ്ണും സത്യസന്ധന്റെ നാവും സാഹിത്യകാരന്റെ തൂലികയും താപസന്റെ ദർശനവും ഭരണകർത്താവിന്റെ പ്രായോഗികതയും സഭാസ്നേഹിയുടെ വിശ്വാസവും പിതാവിന്റെ ഹൃദയവും ഒരാളിൽ ഒന്നുചേർന്നപ്പോൾ ഭാവിതലമുറക്കായി ഒരനർഘനിധി – നാളാഗമങ്ങൾ – രൂപംകൊണ്ടു. ഈ നാളാഗമങ്ങൾ ചാവറപ്പിതാവിന്റെ വ്യക്തിത്വത്തിലെ മനുഷ്യത്വം നമ്മുടെ മുന്നിൽ ആവരണം ചെയ്യുന്നു. സ്ഥാപകപിതാക്കന്മാരുടെ സിദ്ധി, ആദ്യസഭാംഗങ്ങളുടെ ജീവിതശൈലി, ദൈവജനത്തോടുള്ള അവരുടെ പ്രതിബദ്ധത, ദൈവപരിപാലനയിലുള്ള ഉറച്ച വിശ്വാസം തുടങ്ങിയ സൽഗുണങ്ങളും നാളാഗമങ്ങളുടെ ആഴമായ പഠനത്തിലൂടെ നമ്മിലും നമ്മുടെ സമൂഹങ്ങളിലും പടർന്നുപന്തലിക്കട്ടെ.

## അടിക്കുറിപ്പുകൾ

1. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികളും വാല്യം ഒന്നു് P. 60
2. ,, P. 60
3. ,, P. 1
4. ,, P. 33, 36, 37
5. ,, P. 59
6. ,, P. 18, 20

| | | |
|---|---|---|
| 7. | ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികളം വാല്യം ഒന്നു് | P. 54 |
| 8. | ,, | P. 66 |
| 9. | ,, | P. 240 |
| 10. | ,, | P. 23, 26, 46, 47, 166 |
| 11. | ,, | P. 26 |
| 12. | ,, | P. 31 |
| 13. | ,, | P. 29-30 |
| 14. | ,, | P. 28 |
| 15. | ,, | P. 1 |
| 16. | ,, | P. 231-232 |
| 17. | ,, | P. 128 |
| 18. | ,, | P. 146 |
| 19. | ,, | P. 173 |
| 20. | ,, | P. 205 |
| 21. | ,, | P. 158-159 |
| 22. | ,, | P. 153, 159 |
| 23. | ,, | P. 94, 191, 202, 203, 207, 208 |
| 24. | ,, | P. 187-189, 119-123 |
| 25. | ,, | P. 126 |
| 26. | ,, | P. 122 |
| 27. | ,, | P. 126 |
| 28. | ,, | P. 191 |
| 29. | ,, | P. 207-208 |
| 30. | ,, | P. 131 |
| 31. | ധ്യാനസല്ലാപങ്ങൾ | P. 13 |
| 32. | ചാ. സ. കൃതികളം വാല്യം ഒന്നു് | P. 54-55 |
| 33. | ,, | P. 92, 192-208 |
| 34. | ,, | 1. 179-183, 186 |
| 35. | ,, | P. 187, 189, 190 |
| 36. | ,, | P. 173 |
| 37. | ,, | P. 61 |
| 38. | ,, | P. 137 |
| 39. | ചാ. സമ്പൂർണ്ണകൃതികളം വാല്യം നാലു് കത്തുകളം | VII/I |

അദ്ധ്യായം 9

# വാഴ്ത്തപ്പെട്ട ചാവറയുടെ കത്തുകളിലെ ആദ്ധ്യാത്മിക ദർശനം

ഫാ. കുരിയാക്കോസ് ഏലിയാസ് സി.എം.ഐ.

## I ആമുഖം

ദൈവത്തെ ആരാധിക്കുകയും ദൈവജനത്തെ ശ്രുശ്രൂഷിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ട ചാവറ എഴുതിയിട്ടുള്ള നിരവധി കത്തുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. വാഴ്ത്തപ്പെട്ട ചാവറയെ ഒരു കാലഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന വിധം അത്രമാത്രം സംഭവബഹുലമായിരുന്നു ആ ധന്യജീവിതം. ധന്യനായ ചാവറയുടെ ദൈവോന്മുഖതയെ പ്രകടമാക്കിയ ഒരു സാഹിത്യരചനയാണ് അദ്ദേഹത്തിന്റെ കത്തുകൾ. സഭയുടെ എല്ലാ മേഖലയിലുമുള്ളവരെ അഭിസംബോധന ചെയ്തുകൊണ്ടുള്ളവയാണ് മുകളിൽ സൂചിപ്പിച്ച എഴുത്തുകൾ. ദൈവാഭിമുഖ്യത്തിന്റെ നിദർശനം ദൈവികസന്ദേശം ദൈവജനത്തെ അറിയിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. സവ്വസാധാരണമായ കാര്യങ്ങൾ പങ്കുവയ്ക്കുമ്പോഴും ചാവറപ്പിതാവ് ദൈവാനുഭവത്തിന്റെ ചൂരുളുകൾ വിടർത്തുകയായിരുന്നു. ഈ വിധം വാഴ്ത്തപ്പെട്ട ചാവറ എഴുതിയിട്ടുള്ള കത്തുകളിലെ ആദ്ധ്യാത്മിക ദർശനമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ചില പ്രാരംഭ നിരീക്ഷണങ്ങൾക്കു ശേഷം കത്തുകളുടെ ഉള്ളിലേക്ക് കടന്ന് അപഗ്രഥനം നടത്താം. അവസാനമായി വിലയിരുത്തലോടുകൂടി ഈ വിഷയം സമാഹരിക്കാം.

## II വിഭജനം

വാഴ്ത്തപ്പെട്ട ചാവറ എഴുതിയിട്ടുള്ളതും ഇപ്പോൾ നിലവിലിരിക്കുന്നതുമായ കത്തുകൾ നിരവധിയെങ്കിലും അവയെക്കാൾ കൂടുതൽ അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നു എന്നതിനു സംശയമില്ല. ഇപ്പോൾ ഈടുവയ്പിലുള്ളവ '67' എണ്ണം മാത്രമാണ്.

'67' കത്തുകളും ഒരേസ്വഭാവമുള്ളവയല്ല. അവയുടെ ചൈതന്യവും ലക്ഷ്യവുമെല്ലാം പരിഗണിക്കുമ്പോൾ പത്തു് ഗണത്തിൽപ്പെടുന്നവയായിട്ടു് കണക്കാക്കാം.

1. മാർപാപ്പായ്ക്കുള്ളവ – 2
2. വേദപ്രചാര തിരുസംഘത്തിനുള്ളവ – 7
3. മെത്രാന്മാർക്കുള്ളവ – 10
4. കർമ്മലീത്താ ശ്രേഷ്ഠന്മാർക്കുള്ളവ – 2
5. സഭാംഗങ്ങൾക്കുള്ളവ – 17
6. സഭാസമൂഹത്തിനു് വേണ്ടിയുള്ള വിജ്ഞാപനങ്ങൾ – 4
7. കന്യാസ്ത്രീകൾക്കുള്ളവ – 11
8. ഇടവക വൈദികന്മാർക്കുള്ളവ – 4
9. പൊതുവിതരണത്തിനുവേണ്ടി – 7
10. വ്യവഹാരസംബന്ധമായവ – 3

മുകളിൽ കൊടുത്തിരിക്കുന്ന കത്തുകളുടെ ഉള്ളിലേക്കു കടക്കുമ്പോൾ കാണാവുന്ന പ്രധാനചിന്തകൾ താഴെ വരുന്നവയാണു്.

വേദപുസ്തക ചൈതന്യം
സഭാത്മക വീക്ഷണം
സുകൃതങ്ങളുടെ സമൃദ്ധി
ഐഹിക വിശ്വസ്തത
വ്യക്തി സഭാത്മകത
കൽദായ പരിഗണന
കർമ്മലീത്താ പൈതൃകം
ദൈവപരിപാലനയിലുള്ള വിശ്വാസം
ദീനാനുകമ്പ
മാതൃഭക്തി
പ്രാർത്ഥനാ ചൈതന്യം
സന്യാസാന്തസിന്റെ ശ്രേഷ്ഠത
ദൈവജനോന്മുഖത
ദൈവസ്നേഹത്തെക്കുറിച്ചുള്ള തീക്ഷ്ണത
ദൈവികപുണ്യങ്ങൾ
സാന്മാർഗ്ഗിക സുകൃതങ്ങൾ
പരിശുദ്ധാത്മാവിലുള്ള തികവ്

ഇതുപോലുള്ള നിരവധി ഘടകങ്ങൾ കത്തുകളിലൂടനീളം ദൃശ്യമാകുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിൽപ്പെട്ടവരോട് ബന്ധപ്പെടുമ്പോൾ തന്റെ ആദ്ധ്യാത്മിക ആവിഷ്കരണം ഉണ്ടാവുക എന്നത് വാഴ്ത്തപ്പെട്ട ചാവറയെ സംബന്ധിച്ചിടത്തോളം ഒരാദ്ധ്യാത്മിക അനുഭൂതിയായിരുന്നു. അദ്ദേഹം അനുചിന്തനത്തിലൂടെ സ്വായത്തമാക്കിയ ദൈവാനുഭവം ദൈവജനത്തോട് ബന്ധപ്പെടുമ്പോൾ ബഹിർഗമിക്കുക എന്നതു സന്യാസത്തിന്റെ സ്വഭാവവും കർമ്മലീത്താ ചൈതന്യത്തിന്റെ സവിശേഷതയും തിരുസഭാജീവിതത്തിന്റെ പരിശ്രുദ്ധിയും പ്രദാനം ചെയ്യുന്നവയായിരുന്നു.

## III കത്തുകളിലെ ആധ്യാത്മികത

### *1. വേദപുസ്തകാത്മകത*

IX–ാം പീയൂസ് മാർപാപ്പായ്ക്ക് വാഴ്ത്തപ്പെട്ട ചാവറ എഴുതിയപ്പോൾ, "പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നതുകൊണ്ട് നരകവാതിൽ അതിന്മേൽ പ്രബലപ്പെടുകയില്ല (മത്താ. 16: 17–20) എന്ന അടിസ്ഥാന ദൈവവചനത്തിലൂടെ അദ്ദേഹം സഭാധികാരിയെ കാണുന്നു. (കത്തുകൾ, ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം 4, മന്നാനം 1982, P. 5, 10)

'മിശിഹായുടെ വചനത്തിന്മേൽ ശരണപ്പെട്ടുകൊണ്ട്" ദൈവവിളിക്കനുസൃതം ജോലി ചെയ്യുവാൻ നിശ്ചയിച്ച ചാവറയെയാണ് നാം കാണുന്നത്. (Ibid P. 79)

"മിശിഹാ അറിയപ്പെടുന്നു എന്നതിൽ ഞാൻ തെളിയുന്നു". (ibid p. 121, റോമാ. 10: 14–15)

റോക്കോസിനെതിരായ ഇടയലേഖനത്തിൽ നിരവധി സ്ഥലങ്ങൾ പ്രത്യക്ഷപ്പെടുന്ന വി. ഗ്രന്ഥ പശ്ചാത്തലം വാഴ്ത്തപ്പെട്ട ചാവറയുടെ വേദപുസ്തകാനുഭവം വ്യക്തമാക്കുന്നു: "എന്നോടുകൂടെ ആയില്ല എന്നവൻ ഇനിക്കു വിരോധിയാകുന്നു, (കത്തുകൾ, ibid 132) ഇടയൻ അല്ലാത്തവർ എപ്രകാരം വാതിലിൽ കൂടിയല്ലാതെ തൊഴുത്തിൽ കടക്കുന്നു എന്നു് സൂചിപ്പിക്കുന്നു (കത്തുകൾ ibid 133)

വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയുള്ള നിരന്തരമായ ആശയാവതരണമാണ് കത്തുകളിലെല്ലാം ഉള്ളത്. അതുകൊണ്ട് കൂടുതലായിട്ടുള്ള തെളിവുകൾ പിന്നീട് നൽകുന്നതാണ്. വേദപുസ്തകത്തെ അടിസ്ഥാനമാക്കി വാഴ്ത്തപ്പെട്ട ചാവറയുടെ കത്തുകൾ ഊന്നിനിൽക്കുന്നത് സഭാത്മക ആദ്ധ്യാത്മികതയിലാണ.

*2. സഭാത്മകത*

''കർത്താവിന്റെ സഭയിലെ പരമാധികാരി'' എന്നാണ് വാഴ്ത്തപ്പെട്ട ചാവറ മാപ്പ്രാപ്പായെ വിശേഷിപ്പിക്കുന്നത് (ibid p.5) 1870 സെപ്തം. ൽ വലിയ ചാണ്ടിയച്ചനെഴുതിയ കത്തിൽ 1–ാം വത്തിക്കാൻ സാവ്വത്രിക സൂനഹദോസിനെക്കുറിച്ച് തികഞ്ഞ ആദരവോടെയാണ് പ്രതിപാദിക്കുന്നത്. പ്രത്യേകിച്ചും ''ശ്ര മാപ്പ്രാപ്പായുടെ വാഴ്വാ മൈവരം എന്നതിനെ വിശ്വാസരഹസ്യമായി ഉറപ്പിച്ചു'' എന്നതു് എടുത്തുപറയുന്നു. (ibid p. 77)

'ആലോചന' എന്ന പേരിൽ ചാവറയച്ചൻ കുറിച്ചിരിക്കുന്ന ഒരു രേഖയിൽ 'മിസൊണാരിമാരുടെ വിശ്വാസം, ഭക്തി, മനോധൈര്യം, ദൈവസ്തുതി വർദ്ധിപ്പിക്കുന്നതിനുള്ള ജാഗ്രത' എന്നിവയെ ശ്ലാഹിക്കുന്നു. (ibid p. 83–84)

ശീശുയെക്കുറിച്ചുള്ള വാഴ്ത്തപ്പെട്ട ചാവറയുടെ ഹൃദയവേദനയും അതു നീങ്ങുന്നതിനുള്ള സന്തോഷവും പാലാ വികാരി ഇല്ലിമുട്ടിലച്ചനും ശേഷം പേർക്കും എഴുതിയ കത്തിൽ എടുത്തുകാട്ടുന്നു. (ibid p. 121)

മാർപാപ്പായ്ക്കുള്ള കത്തിൽ വാഴ്ത്തപ്പെട്ട ചാവറയെയും മറ്റുള്ളവരെയും 'അവിടുത്തെ മക്കളും ശ്രുശ്രൂഷകരുമായിട്ടാണ് അവതരിപ്പിക്കുന്നത്'' (ibid p. 10)

സഭാത്മകചൈതന്യത്തിൽ സഭാതനയർ പ്രത്യേകിച്ചും വൈദികന്മാർ വളരേണ്ടതിനു് മാർപാപ്പ അയയ്ക്കുന്ന മറുപടി, 'ഞങ്ങളുടെ കൽദായ ഭാഷയിൽ തന്നെ ആയിരിക്കണം' എന്നു് അപേക്ഷിക്കുന്നു (ibid p. 16, 20). സഭാത്മക കാര്യങ്ങളും വാഴ്ത്തപ്പെട്ട ചാവറ കുമ്മലീത്താ നിഷ്പാദുക സഭയുടെ ജനറാളിനെഴുതിയപ്പോഴും അതു് സുറിയാനി ഭാഷയിൽ എഴുതിയത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഭാത്മക തനിമയുടെ ഒരു ഘടകമായി നിലകൊള്ളുന്ന അതിന്റെ പ്രത്യേകഭാഷ വാഴ്ത്തപ്പെട്ട ചാവറയുടെ ചിന്തയിലുണ്ടായിരുന്നു (ibid p.p. 52, 53).

മലയാളത്തിലെ സുറിയാനിക്കാരുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് 'മിസോനോരിമാരെ സുറിയാനി പേച്ചിലും ക്രമത്തിലും കുർബാന ചൊല്ലുവാനുള്ള അനുവാദത്തോടെ മലയാളത്തിലേക്കയയ്ക്കണമെന്നും ഈ മെത്രാപ്പോലീത്താച്ചന്റെ കാലം കഴിയു

മ്പോഠം മേൽ പട്ടക്കാരനായിട്ട് തിരഞ്ഞെടുക്കുന്നത് അവരിൽ ഒരുത്തൻ ആയിരിക്കണമെന്നും...'' ചാവറയച്ചന്റെ ആലോചന എന്ന കത്തിൽ കൊടുത്തിരിക്കുന്നതായി കാണാം (ibid p.p.83 85)

''ശ്രദ്ധപള്ളിയുടെ പ്രത്യേകമുള്ള കൊയ്ത്തുകാരായ ദർശനക്കാർ'' എന്നത് സഭാ ശ്രുശ്രൂഷയിലുള്ള സന്യസ്തരുടെ നിലയെയാണ് സൂചിപ്പിക്കുന്നത്. (ibid. p. 130)

*5. സുകൃതങ്ങൾ*

''വിശ്വാസത്തിൽ ഞങ്ങളം ബലഹീനർ'', ''ഉപവിയിൽ പോരായ്ക ഉള്ളവർ എന്ന് വാഴ്ത്തപ്പെട്ട ചാവറ തന്നെയും മറ്റുള്ളവരേയും കുറിച്ച് അത്യന്നത കർത്തിനാളിന് പ്രൊപ്പഗാന്ത തിരുസംഘത്തിന് എഴുതുന്നു. (ibid p. 17)

തെക്കുംഭാഗരോട് അനുകമ്പ തോന്നിയ അവർക്ക് 'കുരിശുപുര വയ്പാൻ നിർവ്വാഹമില്ലാത്തതിനാൽ അതിനുള്ള വക പള്ളിയിൽ നിന്നും കൊടുക്കണമെന്നും' വരാപ്പുഴ വികാരി അപ്പസ്തോലിക്ക, ബെർണദീനോസ് മെത്രാനച്ചനെ വാഴ്ത്തപ്പെട്ട ചാവറ അറിയിക്കുന്നു. (ibid p. 39)

കർമ്മലീത്താ നിഷ്പാദുക സഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്തിൽ വാഴ്ത്തപ്പെട്ട ചാവറയുടെ എളിമ പ്രകടമാകുന്നത് ഇപ്രകാരമാണ്: 'അങ്ങയുടെ മക്കളിൽ ഏറ്റം അയോഗ്യർ'. ...'ഞങ്ങളുടെ അനുസരണവും പ്രഖ്യാപിക്കുന്നു: (ibid p. 51)

വാഴ്ത്തപ്പെട്ട ചാവറ തന്റെ അവസാന കാലത്തിൽ ദൈവസമക്ഷം തികഞ്ഞ ഒരു അനുതാപിയായി ജീവിച്ചു എന്ന് അദ്ദേഹത്തിന്റെ അനന്തിരവനായ ഔസേപ്പച്ചൻ എഴുതിയ കത്തിൽ നിന്നും സ്പഷ്ടമാണ്: 'വേലയുടെ നാഴിക തീരാറായിരിക്കുന്നു. ഏറെയില്ല... ഫലിപ്പിക്കാതെ ഒരു കട്ടിക്കാരനെപ്പോലെ കുഴിച്ചു മൂടി സൂക്ഷിച്ചതല്ലാതെ വേലചെയ്തില്ല... എന്നെ ശക്തിപ്പെടുത്തുന്ന എന്ന മിശിഹായാലെ സർവ്വതും ഞാൻ വശമാക്കുന്നു' (ibid p. 79)

അറിവും ഭക്തിയും സഭാക്രമവും ആരാധനാഭാഷ്യവും ഒന്നിച്ചു ചേരുന്നത് മഹാഭാഗ്യമായിട്ടാണ് വാഴ്ത്തപ്പെട്ട ചാവറ കണ്ടിരുന്നത്. അങ്ങനെ വിശ്രുദ്ധരെ കണ്ടെത്തുന്നതിനും മലയാളക്കരക്കു സാധിക്കും. ചാവറയുടെ വാക്കുകളിൽ: 'ഏറോപ്പക്കാരുടെ അറിവും

ക്കേതിയും സുറിയാനി ക്രമവും പേച്ചും കൂടി ഒന്നിച്ച് മിസോണാരി മാരെക്കിട്ടിയാൽ ഈ ജാധിക്ക് ഇതിനെക്കാൾ വലിയൊരു ഭാഗ്യം വരുവാനില്ല. അവർ നമ്മുടെ പള്ളികളിൽ വികാരിമാരായും മറും ഇരിക്കുമ്പോൾ പല ഗ്രണങ്ങളും മലയാളത്തിൽ പുണ്യവാളന്മാരെ ഉണ്ടാകുമെന്നു ശരണം.' (ibid p. 85) അനുസരണം സഭാത്മകമായി അഭ്യസിക്കുന്നതിനുള്ള അദമ്യമായ അഭിലാഷമാണ് മാർപാപ്പയ്ക്ക് എഴുതിയതു വഴി ചാവറ പ്രകടമാക്കിയതു: 'അങ്ങേയ്ക്ക് കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്തമക്കളായി വ്യാപരിക്കുന്നതിന് ഞങ്ങൾക്ക് കഴിയുമാറ്' (ibid p. 7 47). മാർപാപ്പയ്ക്ക് കീഴ് വഴങ്ങുന്ന വാഴ്ത്തപ്പെട്ട ചാവറ അതേ ചൈതന്യത്തിൽ വികാരി അപ്പസ്തോലിക്കായ്ക്കും കീഴ്വഴങ്ങുന്ന രീതിയാണ് 1855-ൽ അയച്ച റിപ്പോർട്ടിൽ നിന്നും തെളിയുന്നതു. (ibid p. 47)

എന്തിനും ഫലമുണ്ടാകണമെങ്കിൽ ഒരാളിൽ നിന്നും സന്മനസ്സും ദൈവസഹായവും ആവശ്യമെന്നും വാഴ്ത്തപ്പെട്ട ചാവറ വിശ്വസിച്ചിരുന്നു. തന്റെ അനന്തരവൻ യൗസേപ്പച്ചനുള്ള ചാവറയുടെ എഴുത്തിൽ നിന്ന് ഇത് വ്യക്തമാണ്: തന്റെ എടുത്തുനിന്ന് നന്മനസും ദൈവത്തിൽ നിന്ന് സഹായവും ഈ രണ്ടും കൂട്ടപ്പെടുമ്പോൾ മുഴുവൻ ഫലം ഉണ്ടാകും നിശ്ചയം (ibid p. 80).

വാഴ്ത്തപ്പെട്ട ചാവറ കുനമ്മാവിൽ ചെന്നു പാർത്തപ്പോഴുള്ള മേൽ പറഞ്ഞ 'കീഴ്വഴക്കത്താൽ' എന്ന് ഒരു കുറിപ്പിൽ കാണുന്നു. (ibid p. 81). 'എപ്പോഴും തലവന്മാരുടെ മനസിനു കീഴ്വഴങ്ങുവാൻ കടവും ആവശ്യവും വേണ്ടിയതും' എന്ന് വാഴ്ത്തപ്പെട്ട ചാവറ പ്രകടമാക്കുന്നു (ibid p. 82).

*4. വിവേകം*

1861-ാം കാലം മേയ് 9-ാം തീയതി ബാബേൽ പാത്രിയർക്കീസായ ജോസഫ് ഔദോയുടെ കൽപനയനുസരിച്ച് കേരളത്തിൽവന്ന തോമസ് റോക്കോസിനെ അനുസരിക്കാമോ അതോ ഞങ്ങളുടെ വികാരി അപ്പസ്തോലിക്കാ ബർത്തലോമ്മെത്രാപ്പോലീത്തായെ അനുസരിക്കാമോ എന്ന പ്രശ്നം ചാവറയച്ചൻ പരിശുദ്ധപിതാവു IX-ാം പീയൂസ് മാർപ്പാപ്പയോടു ചോദിക്കുന്നതു വിവേകമാണ് ''ഈ രണ്ടുപേരിൽ ആരെ ഞങ്ങൾ അനുസരിക്കണ'' മെന്നും വാഴ്ത്തപ്പെട്ട ചാവറ എഴുതി ചോദിക്കുന്നു. ''കലഹാന്തരീക്ഷ

ത്തിലും'' സംശയസ്ഥിതിയോടെയും കഴിയുന്നവക്കു് മാഗ്ദർശമാ കേണ്ടതു് റോമാ എന്നു് വാഴ്ത്തപ്പെട്ട ചാവറ വിശ്വസിച്ചിരുന്നു. (ibid p.p,6.7) സഭയിൽ ''വഴക്കിനും പിളർപ്പിനും, ''ആത്മനാശത്തിനും'' അവസരമാകുന്നതു് ഒഴിവാക്കുവാൻ വാഴ്ത്തപ്പെട്ട ചാവറ പരിശുദ്ധപിതാവിനു് വിണ്ടും എഴുതുന്നു (!bid p. 11) സഭാത്മക വിശ്വാസം കാത്തുസൂക്ഷിക്കുന്നതിൽ ധന്യനായ ചാവറ കാണിക്കുന്ന വിവേകമാണു് ഇവിടെ പ്രകടമാകുന്നതു്.

''വിശ്വാസത്തിനു് ഇടർച്ചവരുത്തുന്ന'' വിധത്തിലാണു് കൽദായരുടെ സാന്നിധ്യം എന്നു് ധന്യനായ ചാവറ വിവരിക്കുന്നു. ഈ വിവരം പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ തലവനായ അലക്സാണ്ടർ ബർണബായെ 1861–ൽ ചാവറ അറിയിക്കുന്നു. (ibid p.p 16-17).

'ബാബേല്യം', 'ഏറോപ്പക്കാരുമായുള്ളവരുടെ ഇടപ്പെടലിൽ' വാഴ്ത്തപ്പെട്ട ചാവറ വിവേകത്തിന്റെ കൈത്തിരിയുമായി റോമിനെയാണു് സമീപിക്കുന്നതു്. വാഴ്ത്തപ്പെട്ട ചാവറ നൽകുന്ന നിർദ്ദേശം രണ്ടിനേറെയും ആധികാരിക വശങ്ങളും സമന്വയിപ്പിക്കുന്നതിന്റെ ഒരു സമീപനമാണു്. അതായതു് 'വിശ്വാസം മനോധാരാളൃം, ഭക്തി, അദ്ധ്യാനശീലം തുടങ്ങിയവ ഏറോപ്പക്കാരിൽ നിന്നും ആരാധനക്രമം ഭാഷ തുടങ്ങിയവ ബാബിലോണ്കാരിൽ നിന്നും സ്വീകരിക്കുക (ibid p.p 83-84).

പരിശുദ്ധ സിംഹാസനത്തിലുള്ള വാഴ്ത്തപ്പെട്ട ചാവറയുടെ വിശ്വാസം മാനുഷിക ദൈവിക വശങ്ങളെ വിവേകപൂർവ്വം സമ്മേളിപ്പിക്കുന്നതായി കാണാം. 1861 ൽ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന അലക്സാണ്ടർ ബർണബായ്ക്കയച്ച കത്തിൽ നിന്നും ഇവിടെ സൂചിപ്പിച്ച വസ്തുതതെളിയുന്നു. 'ഈ മറുപടി ഞങ്ങളുടെ കൽദായ ഭാഷയിൽ തന്നെ ആയിരിക്കണം, ഇതിൽ മാർപാപ്പയുടെ മുദ്രയും ഒപ്പും ഉണ്ടായിരിക്കണം ഇങ്ങനെ അവർക്കുതന്നെ വായിച്ചറിയുവാർ സാധിക്കും വസ്തുതകളുടെ യഥാർത്ഥ്യം (ibid p. 20).

ധന്യനായ ചാവറയുടെ വിവേകം എല്ലാ വശങ്ങളും അറിഞ്ഞ് ഏറ്റവും സ്വീകാര്യമായത് ചെയ്യുന്നതാണു് എന്നു് കച്ചിരമറ്റത്തിൽ തോമക്കുത്തനാക്കു് പാർപ്പിടസൗകര്യങ്ങളും കൊടുക്കുന്നതിൽ

നിന്നും വ്യക്തമാണ്. പല ന്യായങ്ങളുണ്ടെങ്കിലും 'ഇയാളുടെ കാരണവൻ പാത്തിരുന്ന എന്നുള്ള ന്യായത്താൽ ഇയാൾക്ക് പാർപ്പാൻ കൊടുക്കുവാൻ ന്യായമായിരിക്കുന്നു.' (ibid p. 35)

*5. ദൈവസഹായം*

'ദൈവസഹായത്താൽ പുളിങ്കുന്നു കൊവേന്ത നടപ്പാവാറായി' (ibid p. 69). ഇതുപോലെതന്നെ ദൈവതിരുമനസ്സ് മാന്നാനം കൊവേന്തയ്ക്ക് ഉപകാരപ്രദമായി എന്ന് വാഴ്ത്തപ്പെട്ട ചാവറ വിശ്വസിച്ചിരുന്നു. 'തേവരീരുടെ ശിത്തം അടിയനു പാക്യം' (ibid p.p. 63.80).

*6. കർമ്മലീത്താ പൈതൃകവും ക്രമാനുഷ്ഠാന ജീവിതവും.*

'അങ്ങയുടെ മക്കളായി ഞങ്ങളെ എണ്ണിയതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ് .....സ്നേഹവും ...അനുസരണവും പ്രഖ്യാപിക്കുന്നതിനു അവസരം ഞങ്ങൾ വിനിയോഗിക്കുന്നു. (idid p. 51) കർമ്മലീത്താസഭയുടെ പ്രൊക്കുറേറ്റർ ജനറാളിനും വിധേയപ്പെട്ടുന്ന ധന്യനായ ചാവറയെയാണ് നാം ഇവിടെ കാണുന്നത്. 'അങ്ങു ഞങ്ങൾക്കു നൽകുന്ന എല്ലാകല്പനകളെയും സ്നേഹപൂർവ്വം അനുസരിച്ചുകൊള്ളാമെന്നു ഞങ്ങൾ അങ്ങേയ്ക്കു വാക്കുതരുന്നു.'

(ibid p. 53

അമ്മത്രേസ്യായുടെ അഭിപ്രായത്തിൽ ദീനക്കാരോടു വാഴ്ത്തപ്പെട്ട ചാവറ വലിയ ആദരവു കാണിക്കുന്നതായി പോരുക്കര ഏലീശാച്ചനു എഴുതിയ കത്തിൽ നിന്നും വ്യക്തമാണ്: 'ദീനക്കാരില്ലാത്ത കൊവേന്തയിൽ എനിക്കു ഭയമാകുന്നു എന്നും യിടവിടാതെ തന്നെ ദീനക്കാർ ഒരു കൊവേന്തയിൽ ഉണ്ടെങ്കിൽ അവിടെ ഈശോമിശിഹാ സന്തോഷിക്കുന്നു. (ibid p. 52)

വാഴ്ത്തപ്പെട്ട ചാവറ ഏതാണ്ടു പൂർണ്ണമായും തന്റെ മതിപ്പു മിഷനറിമാരിൽ കേന്ദ്രീകരിച്ചിരുന്നു. അതുകൊണ്ടു കർമ്മലീത്താപൈതൃകം അവരിൽ നിന്നും കിട്ടിയപ്പോൾ അദ്ദേഹം അതു സ്വീകരിച്ചിരുന്നു. 'നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദേവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി വിളിക്കപ്പെട്ടു.' (ibid p. 99) കർമ്മലീത്താചൈതന്യത്തിലേക്കു കടന്നുവന്ന ചാവറയച്ചൻ സന്യാസത്തിന്റെ യാഥാർത്ഥ്യത്തെ ദർശിക്കുന്നതു 'സ്വന്തമനസ്സിനെ മുഴുവനായി ഉപേക്ഷിച്ചു കണ്ണും ചെവിയുമില്ലാത്ത പൊൻവിളിയത്രേ' എന്നുള്ള പ്രയോഗത്തിൽ

നിന്നു വ്യക്തമാണ് (cfr. ibid 99). ഈ അനുസരണം വികാരി അപ്പസ്തോലിക്കായ്ക്കും ലേഗാത്ത് മൂത്തച്ചനും അവരുടെ മനസ്സിനനുസൃതം നീങ്ങുന്നതിലെന്ന് ധന്യനായ ചാവറ വിശ്വസിച്ചിരുന്നു.

'ദൈവത്തിന്റെയും ഇവരുടേയും കൽപനകൾക്കും' വിരോധമില്ലാത്ത സകല കാര്യത്തിനും ശേഷമുള്ള പെ. ബ. മിസോണാരി മൂപ്പച്ചന്മാരുടേയും പൊൽവിളിക്കും നിങ്ങളെ തന്നെ കീഴ്വഴക്കി ഈ മുഴുവനായ പൊൽവിളിയിൽ അഭ്യസിക്കണം (ibid p. 100).

മൂപ്പച്ചന്മാരോടുള്ള ഭക്തിയും ആദരവും അവരെ തന്നെ നവസന്യാസഗുരുക്കന്മാരായി കിട്ടണമെന്നും ധന്യനായ ചാവറ അഭിലഷിച്ചിരുന്നു. വടക്കോട്ടും തെക്കോട്ടും കൊവേന്ത വികസിപ്പിക്കുന്നതിന് മൂപ്പച്ചന്മാർ വഴി സാധിക്കും എന്ന് ധന്യനായ ചാവറ കരുതിയിരുന്നു. ഇതിനും പുറമേ ഈശോസഭയിൽ നമ്മെ ചേർക്കണമായിരുന്നു എന്നും ധന്യനായ ചാവറ ചിന്തിച്ചിരുന്നു: 'എശ്രൂവിത്തരു അവരുടെ സഭയിൽ നമ്മെ ചേർക്കുകയും എവുറോപ്പാ, പേച്ചായാ, ലത്തീൻ മുതലായവ പഠിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ ബാബിലോണിയാക്കാരോടുള്ള കെട്ടപാട് നീക്കി ശുദ്ധമാന പള്ളിയോടുള്ള ഒന്നിപ്പിൽ ചേമ്മ ഉണ്ടായേനെ' (ibid p. 101)

7. *മാതൃഭക്തി.*

ചാവറയച്ചന്റെ മാതൃഭക്തി അതിസാന്ദ്രമായ ഒന്നായിരുന്നു. സഭയിൽ ചേർന്നതു വഴി ഒറപ്പാട്ടം ശിക്ഷയുമല്ല സമ്മാനമാണ് ലഭിക്കുന്നതെന്ന് വാഴ്ത്തപ്പെട്ട ചാവറ വിശ്വസിച്ചിരുന്നു. അതും 'ദൈവമാതാവിൽ ശരണപ്പെട്ടുകൊണ്ട്'' (ibid p. 80)

*8. സീറോ മലബാർ സഭ.*

വന്ദ്യനായ ചാവറയച്ചന്റെ പേരിൽ ലെയോനാർദ് മെത്രാപ്പോലീത്തായ്ക്ക് നീരസം ഉണ്ടാകുവാനും സുറിയാനിക്കാർക്ക് സ്വന്തം മെത്രാനെ ലഭിക്കുവാനും ഇടവരുത്തിയ ഒരു കത്താണ് 1869-ൽ ചാവറയച്ചൻ പ്രൊപ്പഗാന്താ തിരുസംഘത്തിന് അയച്ചുകൊടുത്തത്. നസ്രാണിസഭയിൽ ഉണ്ടായിരുന്ന വിശ്വാസമാണ് ആ കത്തിൽ പ്രകടമായിരിക്കുന്നത്: ''ഞങ്ങടെ തോമ്മാശ്ലീഹായിൽ നിന്നും മാമ്മോദീസാ സ്വീകരിച്ച മശിർത്തോമ്മാ

ക്രിസ്ത്യാനികളാണ്. അനേകം കൊല്ലങ്ങളായി ഞങ്ങൾക്ക് സ്വന്തം മെത്രാനില്ല... നല്ലതെന്ന് എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ് ഇവിടെ. രണ്ടു മെത്രാൻമാർ ഉണ്ടാകുന്നത് നല്ലതാണ് ഒന്നു ലത്തീൻ സഭയ്ക്കും മറെറത് സുറിയാനി സഭയ്ക്കും'' (ibid p. 29).

സഭയോടുള്ള സ്നേഹം വഴി സ്വന്തം മെത്രാനുണ്ടായാൽ അത് കണ്ട് യാക്കോബായ രക്തസംബന്ധികളും കത്തോലിക്കാ ഐക്യത്തിലാകും (ibid p. 29).

''പെരിയ ബഹുമാനപ്പെട്ട ബർണർദീനോസ് മെത്രാപ്പോലീത്താച്ചൻ, പീലിപ്പോസ്, മാർസെലിനോസ്, ലെയോപോൾദ് എന്നീ നാല് ആളുകളും വഴിയായി ഈ ശ്രുദ്ധമാക്കപ്പെട്ട സഭയിൽ നമ്മെ ചേർക്കുകയും പൈതങ്ങളെ ഈ പഠിത്തങ്ങൾ പഠിപ്പിക്കുകയും ചെയ്തതിനാൽ ഇനി ദൈവസഹായത്താൽ മുൻ പോലെ മറിയാൻ ഇട വരികയില്ലാത്തത് ഈ ഒടുക്കത്തെ റോക്കോസിനോൽ കണ്ട ബോധിച്ചുവല്ലോ'' (ibid p. 102), എന്നതിൽ നിന്നും ധന്യനായ ചാവറ എത്രയധികമായി മിഷനറിമാരെ വിശ്വസിച്ചിരുന്നു എന്നു വ്യക്തമാണ്.

''ചുരുക്കത്തിൽ മേൽപറഞ്ഞവരാണ് നസ്രാണികളെയും 700, 500, 300, 61 ഇതെല്ലാം ഇപ്പോഴും മിശിഹായിൽ ഒന്ന് എന്നവിധം ചേർക്കാൻ തക്കവിധം വിവേകവും കാണിച്ചുതുമല്ലാതെ'' (ibid p. 102) ഐക്യത്തിൽ നില നിൽക്കിയതെന്ന് ധന്യനായ ചാവറ ഉറച്ചു ചിന്തിച്ചിരുന്നു.

*9. മിശിഹായുടെ സഭ*

മിശിഹായുടെ സഭ ലത്തീൻവിഭാഗം എന്ന രീതിയിലാണ് പൊതുവിൽ അറിയപ്പെട്ടിരുന്നത്. അതിനുള്ള കാരണം മിഷനറിമാരുടെ സാന്നിദ്ധ്യവും അവരുടെ പ്രവർത്തനശൈലിയുമായിരുന്നു. ഇവരോടുള്ള സമീപനത്തിൽ ചാവറയച്ചൻ സ്വീകരിച്ചിരുന്ന രീതി മറുള്ളവരും അവലംബിച്ചിരുന്നുവെങ്കിൽ നസ്രാണിസമൂഹം ഒരു വ്യക്തിസഭ എന്ന നിലയിൽ നിലനിൽക്കുമായിരുന്നുവെന്ന സംശയിക്കേണ്ടിയിരിക്കുന്നു. വന്ദ്യനായ ചാവറയച്ചന്റെ മരണശാസനത്തിൽ ഇപ്രകാരം കാണുന്നു: 'ദൈവം തിരുമനസ്സാകുന്നുവെങ്കിൽ രണ്ട് എറിയെ ഒരു പ്രോവിൻസാക്കുവാൻ ഇടവരും' (Ibid P.101). മിഷനറിമാർ ഉണ്ടാവുകയും അവരുടെ അധീനതയിൽ ഒരു പ്രോ

വിൻസാക്കുകയും ചെയ്ക എന്നതു വിദേശ കമ്മലീത്തരുടെ കീഴിൽ ആക്കുക എന്നതാണു്. അവർ തികച്ചും ലത്തീൻരീതിയിൽ എല്ലാം ക്രമീകരിക്കുമായിരുന്നു എന്നു സാരം.

*10. ഭിന്നഉറവിടങ്ങൾ*

കത്തുകളിലെ ആദ്ധ്യാത്മികതയെ വസ്തുനിഷ്ഠമായി അന്വേഷിച്ചാൽ ചില സ്ഥലങ്ങളിൽ എന്തോ പൊരുത്തക്കേടുകൾ ഉള്ളതായി തോന്നും. പ്രൊപ്പഗാന്തയിലെ കർദ്ദിനാളിനു് എഴുതിയ കത്തിൽ റോക്കോസ് മെത്രാൻ പട്ടം കൊടുക്കുന്നതിനെക്കുറിച്ചു് ഇപ്രകാരം പറയുന്നു: 'ഇതു ഞങ്ങൾ ഇതുവരെയും കണ്ടിട്ടില്ലാത്ത കൽദായ റീത്തിലാണു നടത്തിയതു്" എന്നു് (Ibid P. 19). ഇതേ കത്തിൽതന്നെ ചാവറയച്ചൻ എഴുതുന്നു: 'ഈ മറുപടി ഞങ്ങളുടെ കൽദായഭാഷയിൽ തന്നെ ആയിരിക്കണം' (Ibid P. 20). കൽദായഭാഷ കൽദായ റീത്തിന്റെ ആരാധനാഭാഷയായിട്ടാണു സുറിയാനിക്കാർ സ്വീകരിച്ചിരുന്നതു്. 19 നൂറ്റാണ്ടു് പഴക്കമുള്ള ഒരു കൽദായ റീത്തിനെ ഇതുവരെ കണ്ടിട്ടില്ലാത്തതെന്നു വിശേഷിപ്പിക്കുന്നതു പൊരുത്തക്കേടായി തോന്നുകയില്ല.

മറ്റൊരു കത്തിൽ ഇപ്രകാരം കാണുന്നു: '... അയച്ചിരുന്ന സുറിയാനി കാനൻജപ പുസ്തകം പരിശോധിച്ചു് അംഗീകരിക്കുന്നതിൽ അങ്ങു കാണിക്കുന്ന വലിയ ജാഗ്രതയിൽ ഞങ്ങൾ അതീവസന്തുഷ്ടരാണു്" (Ibid P. 22). സുറിയാനിഭാഷ മാത്രമല്ല മറിച്ചു ക്രമംതന്നെ സുറിയാനി എന്നു കത്തിൽ കാണുന്നു: 'എന്തുകൊണ്ടെന്നാൽ വലിയ ശനിയാഴ്ച ദിവസം ഞങ്ങളുടെ സുറിയാനി ക്രമത്തിൽ ഇപ്പോൾ ദൈവാലയത്തിൽ പ്രത്യേക ശുശ്രൂഷകൾ ഒന്നുമില്ല' (Ibid P. 22).

*11. നന്മയുടെ പിന്നാലെ*

1869-ാം വർഷത്തിൽ സീറോ-മലബാർ സഭയിലെ വൈദികന്മാർക്കും ശെമ്മാശന്മാർക്കും അയച്ച സർക്കുലറിൽ 'നമ്മുടെ സുറിയാനിക്രമത്തിനു തക്കവണ്ണം റോമായിൽനിന്നും വാസ്തവപ്പെട്ടത്തി അടിപ്പിച്ചു തന്നിരിക്കുന്ന തക്സായിലുള്ള പെരുനാൾ ക്രമം .....' (Ibid P. 135) എന്നു കാണുന്നു. കത്തുകളിൽനിന്നും സർക്കുലറുകളിൽനിന്നും മനസ്സിലാക്കാവുന്നതു ധന്യനായ ചാവറ ദൈവജനത്തിന്റെ നന്മക്കായി എവിടെനിന്നായാലും നല്ല കാര്യങ്ങൾ കണ്ടുപിടിച്ചു നടപ്പാക്കിയിരുന്നതായാണു്. കുർബാനക്രമവും യാമപ്രാർത്ഥനയും

പൊരുത്തപ്പെട്ടുപോകണമെന്നുണ്ടായിരുന്നതുകൊണ്ടാണ് മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം ആരാധനക്രമ പരിഷ്കാരം നടത്തുന്നതിനു പരിശ്രമിച്ചിരുന്നതു്: 'കുർബാന ഒരു പുണ്യവാളന്റേതും കാനോന നമസ്കാരം ആഴ്ചയുടേതും ഇങ്ങനെ ക്രമക്കേടായി നടക്കുകയാൽ കാനോന നമസ്കാരം ചുരുക്കി. കുർബാനയും നമസ്കാരവും ഒന്നായിട്ടു നടപ്പാക്കാൻ തക്കവണ്ണം പെ. ബ. മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം ക്രമപ്പെടുത്തി (!bid P. 135).

*12. രണ്ടു പാരമ്പര്യങ്ങൾ ആരാധനയിൽ*

മുകളിൽ സൂചിപ്പിച്ച ആരാധനക്രമത്തിലെ പൊരുത്തക്കേടു വിശ്രുതരുടെ തിരുനാളിനനുസൃതം ആരാധനക്രമം രൂപപ്പെടുകയും പെസഹാരഹസ്യം ദൈവാരാധനക്രമത്തിന്റെ കേന്ദ്രമാകാതിരിക്കുകയും ചെയ്തതാണു്. കാനോനനമസ്കാരം ആണ്ടുവട്ടത്തിലെ പെസഹാരഹസ്യത്തിലെ കാലഘട്ടത്തിനനുസൃതമാണു ക്രമപ്പെടുത്തിയിരിക്കുന്നതു്. കുർബാനക്രമവും കാനോനനമസ്കാരത്തിനനുസൃതം ആക്കുകയായിരുന്നു വേണ്ടതു്. എന്നാൽ പ്രതിദിന വിശ്രുതരുടെ തിരുനാൾ ആഘോഷിക്കുന്ന ലത്തീൻ ക്രമം സുറിയാനിക്രമത്തിൽ നിന്നും വ്യത്യസ്തമാകയാൽ പരിഷ്കാരത്തിന്റെ കാര്യത്തിൽ അതൊരു പ്രശ്നമായി അവശേഷിക്കുന്നു. അതു വന്ദ്യനായ ചാവറയച്ചന്റെ കാര്യത്തിലും കടന്നുവന്നതാണു്. ഇന്നും പരിഹാരം കണ്ടെത്താത്ത ഒരു പ്രശ്നമാണിതു്.

പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷനുള്ള കത്തിൽ വലിയ ശനിയാഴ്ചക്രമം ലത്തീൻ മിസാളിനനുസൃതം ഭേദഗതി ചെയ്യുവാൻ അനുവാദം ചോദിച്ചതു മറ്റൊരു ഉദാഹരണമാണു് (!bid P. P. 22-24). വന്ദ്യനായ ചാവറയച്ചന്റെ ആദ്ധ്യാത്മികതയെ വളരെയധികം സ്വാധീനിച്ച ഒന്നാണു് രണ്ടു സഭകളുടെ സവിശേഷതകളും ഒന്നിച്ചുവന്നതു്. അതായതു് ലത്തീൻ സുറിയാനി സഭകളുടെ അതുപോലെ ഏതദ്ദേശീയ ആശ്രമശൈലിയുടെ സ്വാധീനം കർമ്മലീത്താ പാശ്ചാത്യസംസ്കാരത്തിന്റെ വിവിധ വശങ്ങളും ചാവറയച്ചന്റെ ആദ്ധ്യാത്മികതയെ സ്വാധീനിച്ചിട്ടുള്ളവയാണു്. വന്ദ്യനായ ചാവറ സന്യാസിനികൾക്കും കുടുംബജീവിതക്കാർക്കും എഴുതിയ കത്തുകളിൽനിന്നും പാഠപ്രസിദ്ധീകരണാർത്ഥം നൽകിയിട്ടുള്ള രേഖയിൽനിന്നും അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയുടെ അന്തർധാര കൂടുതൽ പ്രകാശിതമാകുന്നു. അവയിൽ ചിലതിനെക്കുറിച്ചാണു തുടന്നു പ്രതിപാദിക്കുവാനുള്ളതു്.

*13. സന്യാസദർശനം*

സഭോംഗങ്ങൾക്കായി ചാവറയച്ചനും അദ്ദേഹത്തിന്റെ ആത്മനിയന്താവായിരുന്ന ലെയോപോൾദ് മിഷനറിയും കൂടിയിരുന്ന് എഴുതുന്ന കത്തിൽ സന്യാസ ദൈവവിളിയെക്കുറിച്ച് ഇപ്രകാരം കാണുന്നു: 'ഈ നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യനുണ്ടാക്കിയതല്ല. പിന്നെയോ തമ്പുരാൻ എത്രയോ പുത്രമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നതിനെ നിങ്ങളെല്ലാവരും സാക്ഷ്യക്കാരായിരിക്കുന്നു' (Ibid P. 90). സന്യാസത്തിനു തടസ്സമാകുന്നത് മനുഷ്യരുടെ ഞെരുക്കങ്ങളും സൃഷ്ടികളുടെ വിരോധവുമല്ല മറിച്ചു ചാവറ എഴുതുന്നു: 'നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന് അതിനടുത്ത ഘടകങ്ങളെ ഉപേക്ഷിച്ചു നമ്മുടെ അന്തസ്സിനടുത്ത പുണ്യങ്ങളായിരിക്കുന്ന എളിമ, ചൊൽവിളി, ഉപവി, സന്യാസ അടക്കം, പട്ടാങ്ങയുള്ള ഭേതി ... പ്രവൃത്തിയാലെ നിറവേറാതിരിക്കുന്നതാണ്' (Ibid P. 90).

*14. പ്രതിഷ്ഠിതർ*

ആദർശവും ജീവിതവും പൊരുത്തപ്പെടുമെങ്കിൽ മാത്രമേ സന്യാസം പ്രയോഗത്തിൽ വരികയുള്ളുവെന്ന കത്തു് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു: 'പുണ്യത്തിന്റെ കണ്ണാടിയാകുന്നതിനു ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുണ്യാത്മാക്കളുടെ സങ്കേതവുമായിരിക്കേണ്ടതായ കൊവേന്തകൾ' വെറും നടത്തുകാരുടെ സങ്കേതമായിത്തീർന്നിരിക്കുന്നു (Ibid P. P. 90-91). ആദ്ധ്യാത്മിക സംഭാഷണം, സന്യാസ അടക്കം, ഭേതിപരമായ ജീവിതം തുടങ്ങിയവ ബുദ്ധിയില്ലാത്ത ഭോഷന്മാരുടെയല്ല മറിച്ചു വിവേകികളുടെ ജീവിതശൈലി എന്നു ധന്യനായ ചാവറ എടുത്തുപറയുന്നു' (Ibid P. 91).

ശാരീരിക പരിഗണന ശക്തിപ്പെടുകയും താൽക്കാലിക സുഖത്തിൽ ബദ്ധശ്രദ്ധയുള്ളവരായിരിക്കുകയും ചെയ്യുന്നത് സന്യാസ പ്രതിഷ്ഠയിൽ നിന്നുമുള്ള വ്യതിചലനം എന്നു് ധന്യനായ ചാവറ അറിയിക്കുന്നു (കാണുക ibid p. 91). ആവലാതികളെല്ലാം ശാരീരിക തലത്തിൽ കേന്ദ്രീകൃതമാകുന്നത് നല്ല ലക്ഷണമല്ലാ എന്നു് താക്കീതു നൽകുവാൻ അദ്ദേഹം മറക്കുന്നില്ല. മൗനം ലംഘിക്കുന്നതും പുറത്തിനടക്കുന്നതുമൊക്കെ വീഴ്ചകൾ തന്നെ ഈ കുറവുകൾ ശക്തിപ്പെടുമ്പോൾ എന്താണു് സംഭവിക്കുന്നതെന്നും പ്ര

സ്ഥാവിക്കുന്നു: 'സ്നേഹത്തിന്റെയും കൂട്ടത്തിന്റെയും ന്യായത്താലെ താല്പര്യമായി സൂക്ഷിക്കുന്നവർ ചുരുക്കമായിരിക്കുന്നു (ibid p. 91).

'സ്വന്തം മനസന്വേഷിക്കുന്നതിനാൽ ഒരിക്കലും സൗഖ്യവും സന്തോഷവും ആകുന്നില്ല' [ibid p. 102]. തമ്പുരാന്റെ ഇഷ്ടവും ക്രമവും നോക്കി ജീവിക്കുന്നതാണ് ദൈവവിളിയുടേയും സന്യാസ പ്രതിഷ്ഠയുടേയും കാതൽ [കാണുക ibid p. 92]. ഈശോ ഗിരിപ്രഭാഷണത്തിലൂടെ ചോദിക്കുന്ന രീതിയിൽ വന്ദ്യനായ ചാവറ കത്തിലൂടെ ചോദിക്കുന്നു: കാവ്യരുടെ ചൊൽവിളിയും നമ്മുടെ ചൊൽവിളിയും (തമ്മിൽ) എന്തുഭേദം [ibid p. 92, മത്താ. 5:43–48].

തമ്പുരാനെ മാത്രം അന്വേഷിക്കുന്നവർക്ക് സൗഖ്യവും സന്തോഷവും ഉണ്ടാകും എന്നാണ് കത്തുപറയുന്നത് [ibid p. 92]. ഈ പ്രസ്താവന ഈശോയുടെ ഗിരിപ്രഭാഷണത്തിലെ എല്ലാറ്റിനുമുപരിയായി ദൈവരാജ്യം അന്വേഷിക്കുക എന്നതിനെ ആസ്പദമാക്കിയുള്ളതാണ് [മത്താ. 6:33].

*15. ആശ്രമികത്വം*

ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കേണ്ടതിന് സദാ ഒരുക്കമുള്ളവരായിരിക്കുവാൻ ഈശോ ആഹ്വാനം ചെയ്തതിനനുസൃതം കത്തിലും ചിലത് ദൃശ്യമാകുന്നു: 'അൽമേനികളോട് സംസാരിക്കുന്നത് അനുവാദത്തോടെ' ആയിരിക്കണമെന്നു് നിർദ്ദേശിക്കുന്നു.

'ഭവനം അടിക്കുന്നതുപ്പോലെ എളിമ പ്രവർത്തികരം ചെയ്യണം,' ആശ്രമമുറിയിൽ നിന്നും പുറത്തുപോകാൻ തക്ക കാരണം ഉണ്ടാകണം. ഉപവി, എളിമ, വെടിപ്പ്, ശ്രദ്ധശ്രദ്ധപ്പ് എന്നീ നാലു പുണ്യങ്ങളും വഴി സാഭാഗ്യം കൈവരിക്കാം [കാണുക ibid p. 96]. സുവിശേഷാത്മകമായ ഒരു ആദ്ധ്യാത്മികത എന്നതിനേക്കാളും മദ്ധ്യയുഗത്തിലെ കർമ്മലീത്താ ആദ്ധ്യാത്മികതയാണ് ഇവിടെയെല്ലാം പൊന്തിനിൽക്കുന്നത്. ഈ കത്തിന്റെ പിന്നിൽ ജെരാർദ് മുപ്പച്ചനേയും ചാവറയോടൊപ്പം കാണുവാൻ സാധിക്കും.

വാഴ്ത്തപ്പെട്ട ചാവറ സഭാംഗങ്ങൾക്കായി തനിച്ചെഴുതിയ കത്തിലും പുറമെയുള്ളവരുടെ പ്രശ്നങ്ങളും ഒന്നും അറിയരുതെന്ന് മെത്രാപ്പോലീത്താ അച്ചന്റെ കൽപന അനുസരിച്ച് എഴുതുന്നു: 'എ

ന്തെല്ലാം ഉപകാരം വരുന്നതും എന്തെല്ലാം നാശം വരുന്നതുമായി തോന്നിയിരുന്നാലും പുറമെയുള്ളതും പള്ളിക്കടുത്തതുമായ വഴക്കുകളെ തീർക്കുന്നതിനും ദിവ്യസംബന്ധമായ അവകാശങ്ങളും കൊടുക്കവാങ്ങൽ മുതലായ കാര്യങ്ങളിൽ ഉൾപ്പെടരുതെന്നും കൊവേന്തക്കാരെ ആത്മകാര്യങ്ങളിൽ ഉൾപ്പെട്ട് വിശ്വാസകാര്യങ്ങളിൽ സഹായിക്കുന്നതിനല്ലാതെ ശരീരം സംബന്ധമായ കാര്യങ്ങളിൽ ഉൾപ്പെട്ടുകൂടാ എന്നും പുറമെയുള്ളവരുടെ വഴക്കുകളും വിസ്താരങ്ങളും ബന്ധിച്ച് യാതൊരു വർത്തമാനങ്ങളും തിരക്കുവാനും അറിയുവാനും തമ്മിൽ ഈ വണ്ണമുള്ള സംഗതികളെ സംസാരിപ്പാനും ഇടയാകണ്ട എന്നും തീരെ മുടക്കിയിരിക്കുന്നു' [ibid p. 97].

a. *നന്ദിനിറഞ്ഞ ഹൃദയം*

കത്തുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരണശാസനത്തിലെ ആദ്ധ്യാത്മിക ദർശനമാണ് ഇവിടെ പ്രതിപാദിക്കുന്നത്. വന്ദ്യനായ ചാവറയച്ചനാൽ ഔദ്യോഗിക സന്യാസഗണമായിതീർന്ന സമൂഹം, 'കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായി' [ibid p. 101]. കർത്താവിന്റെ ചൈതന്യം ഏതാണ്ട് മുഴവനായും കർമ്മലീത്താ മിഷനറിമാരിലൂടെ ചാവറയച്ചൻ കൈപ്പറ്റിയതായി തോന്നും കത്തിന്റെയുള്ളിലേക്കു കടന്നാൽ. മരണശാസനത്തിൽ ചാവറ പറയുന്നത് കർമ്മലീത്താ മിഷനറിമാർ വഴിയാണ് ഇവിടുത്തെ സഭയ്ക്ക് നന്മയുണ്ടായത് എന്നാണ്: 'ബെക്കാറോ കുടുംബം മുഴവനും നമ്മെ ഒന്നിപ്പിച്ചിരുന്നു എന്ന് ചാവറ വിശ്വസിച്ചിരുന്നു [ibid p. 102]. ചാവറയച്ചന്റെ മരണശാസനത്തിനു ഇന്ന് അത്ര പ്രസക്തിയുള്ളതായി ആശ്രമാംഗങ്ങളും കാണുന്നില്ല.

*16. മരണശാസനത്തിലെ ഉപകാരികൾ*

വന്ദ്യനായ ചാവറയച്ചന്റെ മരണപത്രിക ഒരു നവസന്യാസിനിയെ ഏൽപിച്ചതും ചാവറയച്ചന്റെ മരണശേഷം അത് ലെയോപോൾഡ് മൂപ്പച്ചൻ പകർത്തിയെഴുതി എല്ലാ കൊവേന്തകളിലേക്കും അയച്ചുകൊടുത്തതും എന്തുകൊണ്ട് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കൂടാതെ അതിൽ ഉൾക്കൊള്ളുന്ന ആശയങ്ങളും വേണ്ടത്ര ആദ്ധ്യാത്മിക ആഴമുള്ളവയല്ല. സഭാംഗങ്ങൾ വേണ്ടത്ര പ്രാധാന്യം അവയ്ക്ക് നൽകാതിരുന്നതും മുകളിൽ സൂചിപ്പിച്ച

പശ്ചാത്തലത്തിൽ ആയിരിക്കണം. എങ്കിലും രണ്ടും, മൂന്നും ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കൊവേന്തകളും തമ്മിലുണ്ടാകേണ്ട ഉപവിയുടെ കൂട്ടായ്മയും മിശിഹാ അനുയായികൾക്കുണ്ടാകേണ്ട നന്മയും ഇന്നും പ്രസക്തമായവ തന്നെ. കൈനകരിയിലെ ഉപവിശാലയെക്കുറിച്ചുള്ള പരിഗണനയും സ്തുത്യർഹമാണ് [ibid p. 102] അതുപോലെ കർത്താവിന്റെ ശിഷ്യർക്കുള്ള ഒന്നാമത്തെ മാതൃക [യോഹ. 13:34] മുട്ടുചിറ ഇടവകയിൽ മാഞ്ഞൂർ കളപ്പുരയ്ക്കൽ മാത്തൻ എന്നയാളിന്റെ തറവാടിനു കഴിവതും ഉപകാരം ചെയ്യണമെന്നും തെളിയുന്നു. മരണശാസനത്തിൽ എല്ലാവരോടും പൊറുതിയപേക്ഷിക്കുന്ന ചാവറയെയാണ് ദൃശ്യമാകുന്നത് [ibid p. 103]. ആദ്യം മൃതം ചെയ്ത ആളെന്ന നിലയിൽ മുഴുവൻ മാതൃക നൽകിയില്ല എന്നുള്ള ആത്മാനുതാപവും അദ്ദേഹത്തിന്റെ കത്തുകളിൽ കടന്നുവരുന്നു [ibid. p. 103].

*17. ദിവ്യമണവാളനുള്ളവർ*

തുടന്ന് വരുന്നത് കർമ്മലീത്താ സന്യാസിനികൾക്കായി ചാവറയച്ചൻ എഴുതിയ കത്തുകളുടെ ആദ്ധ്യാത്മിക സമ്പത്താണ്. പതിനൊന്നു കത്തുകളുള്ളതിൽ ചിലതു മാത്രമേ ആദ്ധ്യാത്മിക സമ്പത്തുള്ളതും പുരസ്കരിച്ചിട്ടുള്ളവയുമുള്ളൂ.

അമ്മത്രേസ്യയുടെ മക്കളാണെന്നുള്ള അവബോധം മരണത്തെക്കുറിച്ചുള്ള ഓർമ്മ, ജ്ഞാനകാര്യങ്ങളിൽ അറിവുണ്ടാകുന്നതിനുള്ള താൽപര്യം തുടങ്ങിയവയെല്ലാം കത്തിന്റെ തുടക്കത്തിലെ ദൃശ്യമാകുന്നു. ദൈവത്തിന്റെ പരിപാലന പ്രകടമാണ് (ibid p. 107).

രാജ്ഞിമാരെ പല്ലക്കിൽ ആരും കാണാതെ മറച്ചുകൊണ്ടുപോകുന്നതുപോലെ കന്യാസ്ത്രീകളും ഈശോയുടെ മണവാട്ടികളും എന്ന നിലയിൽ ആവുതിക്കുള്ളിൽ വസിച്ചുകൊണ്ട് സഭ നിശ്ചയിച്ചിരിക്കുന്ന ആരാധന നടത്തിയാൽമതി എന്ന് എഴുത്തിൽ സൂചിപ്പിക്കുന്നു. (ibid p. 108) കന്യാസ്ത്രീകളുടെ ജീവിതാന്തസ് വളരെ ശ്രേഷ്ഠമായതെന്ന് പ്രഖ്യാപിക്കുന്നതിലൂടെ അതിന്റെ ഔന്നത്യം എടുത്തുകാണിക്കുന്നു (ibid p. 109). അന്ത്യദിനങ്ങളിൽ മറ്റൊന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിലും മറ്റുള്ളവരുടെ കുറവുകൾ ഏറ്റെടുത്തു പരിഹരിക്കുകയും മറ്റുള്ളവരുടെ നന്മകളിൽ പങ്കുചേരുകയും ശ്രേഷ്ഠമായ ജീവിക വേലയാണ്. 'ആരാനും ചെയ്യുന്ന

ദോഷമോർത്ത് സന്തോഷിച്ചാലും അതിനെ പ്രതിയും ശിക്ഷിക്കും അപ്പോഴോ ആരാനും ചെയ്ത പുണ്യമോർത്ത് സന്തോഷിച്ചാൽ ഭാഗ്യവുംതരും' (ibid p.110)

*18. എല്ലാം ദൈവത്തിനേറത്.*

ചാവറയുടെ ആധ്യാത്മികതയെ സുതരാം പ്രകടമാക്കുന്ന ഒന്നാണ് താഴെവരുന്ന കത്ത്. 'ദൈവത്തോടുള്ള പറഞ്ഞൊപ്പ് ചെയ്യു' ഇതായിത് നമ്മുടെ നാഡിഞരമ്പുകളുടെ ഇളക്കങ്ങളും കണ്ണുചിമ്മുക, ശ്വാസംവിടുകായിതു മുതലായത 'പക്ഷിപറവകളുടെ സ്വരങ്ങളും ഇവയൊക്കെ നമുക്കുള്ള അപേക്ഷകളായിട്ടും തിരിച്ച് ഓരോന്നിനും ശേഷം ആകമാനമായിട്ടും' (ibid p. 110). സങ്കീർത്തനങ്ങളിൽ കാണുന്ന പ്രാത്ഥനാനുഭവങ്ങളുടെ ആകെത്തുകയാണിവിടെ ദൃശ്യമാകുന്നത്(കാണുക: സങ്കീത്തനം)

കുറവുകളുടെ നിവാരണവും സുകൃതങ്ങളുടെ അഭ്യസനവും വഴി ഓരോ ചലനത്തെയും ഓരോ നിമിഷത്തെയും ഈശോയിൽ ഒന്നിപ്പിക്കുന്ന അത്യൽകൃഷ്ടമായ ഒരാദ്ധ്യാത്മിക പാതയാണ് ചാവറയച്ചൻ ഇവിടെ തുറന്നുതരുന്നത്. ഓരോചലനത്തിൽ തന്നെ നമ്മുടെ തെറ്റായ നടപ്പും ഈശോ രക്തം ചിന്തിയതും ധ്യാനിക്കുന്നതോടൊപ്പം വിശുദ്ധർ ചെയ്തിരിക്കുന്നതെല്ലാം ആഗ്രഹിക്കുകയും ചെയ്യുന്നു. കൂടാതെ ആ ചലനം ഈശോയുടെ ചലനമായും അതുപോലെ എല്ലാം ഒന്നിച്ചുകൂടിയും നിയോഗംവെയ്ക്കുന്നതുവഴി സുകൃതങ്ങളുടെ ഇരട്ടിപ്പും വദ്ധനയും സംജാതമാകുന്നു. (ibid p. 110) ശ്രേഷ്ഠത്തിയമ്മക്കുള്ള ഈ കത്തിൽ പറഞ്ഞിരിക്കുന്നത് മൗതിക പ്രാത്ഥനാരൂപിയുടെ നിദർശനംതന്നെയാണ് ദൈവത്തോടും സഹജരോടും പ്രപഞ്ചശക്തികളോടും കൂടി പ്രാത്ഥനയിൽ ലയിച്ചിരുന്ന ഒരാളുടെ നിർദ്ദേശങ്ങളായിട്ടാണ് ഇവയെക്കാണേണ്ടത്(ibid p. 110)

*19. ദിവ്യമായ നിസംഗത*

ദൈവാനുഭവത്തിന്റെ അത്യുച്ചിയിൽ നിന്നുകൊണ്ടാണ് വാക്കുപ്പെട്ട ചാവറ കത്തു തുടങ്ങുന്നത്. ആരാധനയിലൂടെ വി. കുർബാന സ്വീകരണത്തിനു അവസരം കിട്ടാത്തതിനെ പഴിണി എന്നു വിശേഷിപ്പിക്കുന്ന അലൗകിക ചിന്തയുടെ ബഹിർസ്ഫുരണമാണ്: 'നിങ്ങളും ഞാനും നാളെ ഭാഗ്യവാന്മാരായിരിപ്പാൻ ദൈവം തിരുമനസ്സായിരിക്കുന്നു. അതായത് നാളെ വല്യപാട്ടകുർബാന ഒ

ന്നല്ലാതെ ഒറ്റക്കുർബാന ചൊല്ലിക്കൂടാ എന്നും ആ പാട്ടുകുർബാന യ്ക്ക് കുർബാന കൈക്കൊള്ളുന്നതല്ലാതെ കാലത്തും കുർബാനകൈ ക്കൊള്ളുന്നതിനും ശ്രുദ്ധപള്ളി വിലക്കിയിരിക്കുന്നു...ശ്രുദ്ധപള്ളിയു ടെ പൊൽവിളിയാൽ നാളെ ശ്രുദ്ധകുർബാന കൈക്കൊള്ളാതിരി പ്പാൻ ശ്രുദ്ധ ത്രേസ്യായുടെ മക്കൾക്ക് സങ്കടം ഉണ്ടാവുമോ എന്നു യിതില്ലാ എന്നും ഞാൻ നിങ്ങളുടെ പേർക്കു ഉദ്ധരിച്ചു.'

(ibid p.p 111-112)

*20. ആന്തരികാരാധന*

ഒരു പടികൂടിക്കടന്നു ആരാധനയുടെ ആന്തരികചൈതന്യ ത്തെ വ്യക്തമാക്കുന്നതിനുള്ള രഹസ്യമാണു താഴെവരുന്നത്. 'അ പ്പഴോ അരുചിയാലെ നിങ്ങളുടെ ഹൃദയത്തിൽതന്നെ വിരുന്നു വി ളിപ്പിൻ ഉയിർത്ത പുത്രനായിത്തന്നെ കാണുംവരെ ദൈവമാതാവി നോടും മൂന്നു മറിയാമ്മമാരോടും തന്റെ പാടുകഷ്ടം ഉയിർപ്പിന്റെ തെളിവിനും പാത്ത തന്നോടുകൂടെ ഒന്നിച്ചിരിപ്പിൻ' (ibid p.112). ഇവിടെ പറയുന്ന മറിയാമ്മമാർ, ഈശോയുടെ അമ്മയുടെ സഹോ ദരി, കലിയോപ്പായുടെ ഭാര്യയായ മറിയവും മഗ്ദലനക്കാരി മറിയവും ആണ്. (യോഹ: 19:26–26) പീഡാനുഭവ ചൈതന്യ ത്തിൽ ഉത്ഥാനാനുഭവം സമുന്വയിപ്പിക്കുന്ന ഉൽകൃഷ്ടമായ ആധ്യാ ത്മികതയാണിവിടെ ഉള്ളത്.

*21. പ്രാർത്ഥനയിൽ ഒന്നിപ്പ്*

മാതൃകളിൽ നടക്കുന്ന പ്രാർത്ഥനകളെ ചാവറയച്ചൻ 'കർത്താ വേ എന്റെ മേൽ അനുഗ്രഹിക്ക എന്ന' അപേക്ഷയോടു ചേർന്നു ഒന്നിപ്പിച്ചിരുന്നു. പ്രാർത്ഥനയിലുള്ള ഏകീകരണമാണിവിടെ കാണുന്നത് (ibid p. 111).

*22. ഉത്തരവാദിത്വം വൈയക്തിക തലത്തിൽ*

അധികാരികളും ചുമതലപ്പെട്ടവരുമൊക്കെ സന്യാസ സമൂഹ ത്തിലുണ്ടെങ്കിലും ഓരോരുത്തരുടേയും ഉത്തരവാദിത്വം കുറവല്ലാതെ നിലകൊള്ളുന്നു. അനുസരണം, എളിമ, ഉത്സാഹം എന്നീ സുകൃത ങ്ങളിലൂടെ സദാ വ്യാപരിക്കുന്നത് ഉൽകൃഷ്ടമായതാണ്.

(ibid p. 113)

*23. മിശിഹാ ജീവിതം*

മിശിഹായോടു ഒന്നുചേരുന്നതിനായി ലഭിച്ച ബന്ധുക്കളെ ക്കാൾ കൂടുതലായി ആദ്ധ്യാത്മിക കൂട്ടത്തെ കണക്കാക്കുന്നു. 'ഇ

പ്പോഴും നിങ്ങളുടെ സംബന്ധക്കാരെക്കാൾ എന്നെയും അപ്രകാരം ഞാനും സ്നേഹിപ്പാൻ എന്തുകാരണം ആ കർത്താവേ! നിന്നോടു് ഒന്നു ഞങ്ങൾ ആകും വരെ ഞങ്ങളിൽ നിന്നും അകലല്ലേ'
(ibid p. 114: Jn. 17:21, Mt: 15:5-15)

ഈശോമിശിഹായുടെ സ്നേഹത്തിൽ വ്യാപരിപ്പാൻ വാഴ്ത്തപ്പെട്ട ചാവറ ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ അരികെ വ്യാപരിച്ചുകൊണ്ടു് (ഉൽപത്തി 17:1) എപ്പോഴും ദൈവത്തെ ദർശിക്കുവാനും ആവശ്യപ്പെടുന്നു. ദർശനത്തോടുകൂടി സംഭാഷണവും നടത്തുന്ന അനുതാപ ചൈതന്യമാണു്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ കന്യാസ്ത്രീകൾക്കു പങ്കുവയ്ക്കുന്നതു് ലൗകീക വസ്തുക്കളുടെ ആകർഷണമുണ്ടാകുമ്പോൾ ഈശോ പറയുന്നതു് 'എന്നെ നീ നോക്കുക എന്നെക്കായിലധികം നിന്നെ സന്തോഷിപ്പിക്കുമോ?'' (ibid p. 114). സന്യാസ സമർപ്പണത്തിലൂടെ ഈശോയ്ക്കു നൽകിയ ഒരാത്മാവിൽ ദൈവസ്നേഹം ആളിക്കത്തുന്നതിനു് ഇടവരണം.
(ibid p. 114)

ഈശോ തന്നെത്തന്നെ മുഴുവനായി നൽകിയിരിക്കുന്നതിനാൽ ഇനി ഒന്നും തരാനില്ല. ഈശോയെ സ്നേഹിക്കണമെന്നതാണു് അവിടത്തെ ആഗ്രഹം. ആകാശത്തിന്റെ ഉടമയെ സ്നേഹിക്കുന്നവനു് ആകാശവും ഭൂമിയും എന്തുണ്ടു്? (ibid p. 114). മൗതിക പ്രാർത്ഥനയുടെ അനുഭൂതിയിൽ ലയിച്ച വാഴ്ത്തപ്പെട്ട ചാവറയുടെ വാക്കുകളാണു് ആറാമത്തെ കത്തിലുള്ളതു് (ibid p. p. 113-114).

### a ദൈവം എല്ലാറ്റിലും

മഠത്തിലെ കണക്കുകൾ എഴുതുന്നതിലൂടെ ദൈവസ്നേഹം അഭ്യസിച്ചു് സ്നേഹമനുഭവിച്ചറിയുന്നതിനുള്ള വലിയ ഭാഗ്യമാണു് ചിലർക്കു് ലഭിക്കുന്നതു്. ആശ്രമസ്ഥരുടെ ജോലി എത്ര ഉൽകൃഷ്ടമെന്നു് സാധാരണ ജോലികളെക്കുറിച്ചു് പ്രതിപാദിക്കുന്നതിലൂടെ ചാവറ പ്രകടമാക്കുന്നു (ibid p. 113-115).

### 24. വിശുദ്ധിയുടെ ഉന്നത സോപാനങ്ങൾ

'ഇന്ത്യയിൽ ഉള്ളതിൽ ഒന്നാംതരം മാങ്ങാ വാഴ്ത്തപ്പെട്ട ചാവറയച്ചൻ കന്യാസ്ത്രീകൾക്കു കൊടുത്തയക്കുന്നതോടു കൂടെ ഉന്നത പ്രാർത്ഥനയുടെ രഹസ്യങ്ങളും പങ്കുവയ്ക്കുന്നതു് അത്യുൽകൃഷ്ടമായ ഒരു സമീപനമാണു്: 'പുണ്യത്തിന്റെ മുകളിൽ കേറുവാനും കേറിയ ഇടത്തിൽ നിന്നു വീഴായ്വാനും സൂക്ഷിച്ചു നേർവഴിയായ

ത് പഴതേയുള്ള സംസാരത്തിനും മറുമല്ല നേരവും കളയാതെ മുറപോലെ ഉല്ലാസം കഴിച്ച് കിട്ടുന്ന നേരം ജ്ഞാനവായനയിൽ ചിലവഴിക്കണം. ഇതു രണ്ടു പ്രകാരം വിശേഷങ്ങളും പുതുമകളും വായ്പാനും അറിവാനും ചിലർക്കിഷ്ടം. ഭംഗപ്പാടും വ്യാകുലവും അധിക ഭക്തിയായി ജീവിച്ച ത്രേസ്യാ–റോസാ ഇങ്ങനെയുള്ളവരുടെ ചരിത്രം വായ്പാനും അറിവാനും ചിലർക്കിഷ്ടം. ഇതിൽ ഒന്നാമത്തെ ആളുകൾ അറിവും തെളിവും ആഗ്രഹിക്കുന്നു. രണ്ടാമത്തെ ആളുകൾ അറിവും ഭക്തിയും ആഗ്രഹിക്കുന്നു, ഇരുതൂ പുണ്യത്തിൽ കേറുവാനും വീഴായ്വാനും നിശ്ചയമുള്ള ക്രമം'. (ibid p.115)

അറിവും ഭക്തിയും ജനിപ്പിക്കുന്ന വായന വഴി പുണ്യത്തിൽ വ്യാപരിപ്പാൻ ഇടവരുന്നതെന്ന് തുടർന്നു വിവരിക്കുന്നു: 'ഇങ്ങനെ വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിന്മേൽ സന്തോഷമാകും ഏകാന്തത്തിന്മേൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വച്ചു കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നള്ളും. ആത്മാവിനോടുകൂടെ സംസാരിച്ചു തുടങ്ങും' (ibid p. 115).

*25. അനുധ്യാനം*

അനുധ്യാനത്തിലേക്കുള്ള പ്രവേശനമാണ് ഈശോമിശിഹായുടെ സംഭാഷണത്തെത്തുടർന്ന് ആത്മാവിന് കൈവരുന്നത്. തുടർന്ന് ഈശോയുടെ ഭാഗത്തു നിന്നുള്ള ക്രിയാത്മകതയാണ് സജീവമായിത്തീരുന്നത്. ഈശോയുടെ സജീവത്തം ആത്മാവിനുണ്ടാകുമ്പോൾ രൂപാന്തരീകരണമാണ് അനുധ്യാനകരിൽ സംഭവിക്കുന്നത്. ദൈവീകലഹരിയിൽ ലയിക്കുകയും ദൈവസ്നേഹാനുഭൂതിയിൽ ആഴപ്പെടുകയും ചെയ്യുന്നു. വി. ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിലും അമ്മത്രേസ്യായുടെ ആഭ്യന്തര ഹർമ്യമെന്ന ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിലുമാണ് അനുചിന്തകനായ ചാവറ അനുധ്യാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. പ്രവാചകനായ ഹോസിയായുടെ വിവരണങ്ങളും ഇവിടെ പ്രസക്തമാണ്: 'വിജനപ്രദേശം, ധാന്യം, വീഞ്ഞ്, ഹൃദ്യമായ സംസാരം, പ്രിയന്റെ ശൈലി തുടങ്ങിയവയെല്ലാം പ്രവചനത്തിൽ കാണുന്നുണ്ട് [ഹോസി. 2: 8–21]. ഉത്തമഗീതത്തിലെ മണവാളനും മണവാട്ടിയും തമ്മിലുള്ള അനുഭവം അനുധ്യാനവിവരണത്തിലും കടന്നുവരുന്നുണ്ട് [പാട്ടുകളുടെ പാട്ട് 1:4, 2:4,5].

*26. മൗതികാനുഭൂതി*

ദൈവാനുഭവത്തന്റെ അത്യുച്ചിയിൽ ഇരുന്നുകൊണ്ട് മാനുഷിക അവസ്ഥയെ നിരീക്ഷിക്കുന്ന ധന്യനായ ചാവറയെയാണ് സന്യാസികൾക്കുള്ള പത്താമത്തെ കത്തിൽ കാണുന്നത്: 'എന്റെ കർത്താവേ നീ ഈ വണ്ണം ഈ പുഴക്കളും ഒന്നും തിരിയാത്തവരും പശിച്ചാൽ പശിക്കുന്നുവെന്നു തള്ളയോടു പറഞ്ഞറിയിപ്പാൻ കൂടെയും വശമില്ലാത്ത കുഞ്ഞുങ്ങൾ ഉറങ്ങിക്കിടന്നാലും ഉണർത്തി മുലപ്പാൽ ഊട്ടുന്ന എന്നവണ്ണമുള്ള പൈതങ്ങളായ നമുക്ക് ഇതാ അറം' [ibid p.p. 117–118]. അതായത് സന്യാസജീവിതത്തിന്റെ പടികളിൽ കയറി ഈശോയോടു ഒന്നുചേരുവാൻ ആവശ്യമായിരിക്കുന്ന ജ്ഞാനഗ്രന്ഥം ഈശോമിശിഹാ ക്രമീകരിച്ചു തന്നു എന്നു വന്ദ്യനായ ചാവറ വിശ്വസിക്കുന്നു [ibid p. 118].

*27. ദൈവം ഹൃദയത്തിൽ*

ദൈവത്തെ സ്നേഹിപ്പാനുള്ള മനസ് നമ്മുടെ ഹൃദയത്തിലുണ്ടെന്നു വാഴ്ത്തപ്പെട്ട ചാവറ വിശ്വസിച്ചിരുന്നു. അടിസ്ഥാനപരമായ ഈ വിശ്വാസത്തിന്റെ ഉറവിടം വി. ഗ്രന്ഥത്തിലുള്ളതാണ്. അതായത് ദൈവത്തിൻ ഛായയിൽ സാദൃശ്യപ്പെട്ട മനുഷ്യഹൃദയത്തിൽ ദൈവം തന്റെ സ്നേഹം ചൊരിയുന്നു [ഉൽപത്തി 1:26, 2:7 നിയമ. 6:5 റോമാ. 5:5]. ദൈവം നമുക്ക് ആവശ്യമുള്ളതെല്ലാം ചെയ്തുതരുന്നു എന്ന അനുഭവപരമായ ബോധ്യം ആണ് വാഴ്ത്തപ്പെട്ട ചാവറയ്ക്കുണ്ടായിരുന്നത് [കാണുക ibid p. 118]. നല്ലൊരു ജ്ഞാനഗ്രന്ഥം കിട്ടിയത് ദൈവം തന്നെ നൽകിയത് എന്നുള്ള സജീവ വിശ്വാസത്തിൽ വാഴ്ത്തപ്പെട്ട ചാവറ ആഴപ്പെട്ടിരുന്നു. എല്ലാറ്റിലും ദൈവത്തെ ദർശിക്കുകയും ശ്രവിക്കുകയും അവിടത്തോടു സംഭാഷിക്കുകയും അവിടത്തെ അനുഭവിക്കുകയും അവിടന്നിൽ വ്യാപരിക്കുകയും ചെയ്തിരുന്ന വന്ദ്യനായ ചാവറ ആ അനുഭവം കത്തിലൂടെ കന്യാസ്ത്രീകളുമായി പങ്കുവയ്ക്കുന്ന ശ്രേഷ്ഠമായ രംഗമാണിവിടെ ഉള്ളത്.

*28. മരണത്തിന് ഒരുക്കം*

'നല്ലവനായ ഏകദൈവം മാത്രമേ ഉള്ളൂ' [മത്താ. 19 : 17] എന്നു ഈശോ അരുളിചെയ്തത് ഹൃദയത്തിൽ ആഴപ്പെടുത്തിയ വന്ദ്യനായ ചാവറ എഴുതുന്നു: 'സകല നന്മ നിറയപ്പെട്ട സൃഷ്ടാവിന്റെ സൃഷ്ടികളിൽ പ്രധാന സൃഷ്ടിയായ മനുഷ്യൻ ജനിക്

പ്പെട്ട എന്ന എമ പൊളിവിൽ അവനോടുകൂടെ ഒന്നുമിച്ചു ജനിക്കപ്പെട്ടിരിക്കുന്ന പ്രധാന കാരണമായിരിക്കുന്ന മരണമെന്ന യോഖ്യപ്പെട്ട കടൽ കടക്കാൻ എത്രയും വലിയ ഏറ്ററിക്കപ്പെട്ട വിഷമവും' [ibid p. 127].

മരണമാകുന്ന കടലിനെ തരണം ചെയ്യുന്നതിനു് മിശിഹായേയും യാനപാത്രമായ മാതാവിനേയും കപ്പിത്താനായ മാർ യൗസേപ്പിനേയും അഭയം ഗമിക്കുന്ന ചാവറയാണു് നൽമരണ സഖ്യത്തെക്കുറിച്ചുള്ള വിവരണത്തിൽ കാണുന്നതു്. മരണത്തെ നേരിട്ടു് അതിനുപകരിക്കുന്ന ഏറ്റവും പ്രായോഗികമായ ഒരു അദ്ധ്യയനരീതിയാണു് മാർ യൗസേപ്പിതാവിന്റെ മരണ തിരുനാളിനൊരുക്കമായി ധ്യാനിച്ചുകൊണ്ടു് പിതാവു് അമ്മ പൈതൽ എന്ന മൂന്നുപേർക്കു് ഭക്ഷണവും വസ്ത്രവും നൽകുന്നതു്. ഈ രീതി ക്ലേശമെങ്കിൽ നന്മരണ സഭയിൽ ചേർന്നു് മരണത്തെ സമാശ്ലേഷിക്കുവാൻ വന്ദ്യനായ ചാവറ നിർദ്ദേശം നൽകുന്നു. മരണത്തെ മുന്നിൽകണ്ടു് താൻ തന്നെ നീങ്ങുകയും മറ്റുള്ളവരെ പരിശീലിപ്പിക്കുകയും ചെയ്യുന്ന വാഴ്ത്തപ്പെട്ട ചാവറയുടെ ശാസ്ത്രീയമായ വീക്ഷണമാണു് ഇവിടെ നിഴലിക്കുന്നതു്.

*29. വൈദികപരിശീലനം*

1850–ൽ വന്ദ്യനായ ചാവറയച്ചൻ മാന്നാനത്തിനു ചുറ്റുമുള്ള പള്ളികാര്യക്കയച്ച കത്തിൽ സെമിനാരിയുടെ ദൈവശാസ്ത്രം എടുത്തു കാട്ടുന്നു: 'രണ്ടാമത്തെ വെളിവു് പഠിത്തം ആകുന്നു എന്നു് ശ്ര: മാർ അപ്രേം മൽപാൻ പഠിപ്പിക്കുന്നു എന്നു വരുമ്പോഴും കണ്ണിന്റെ വെളിവുകൂടാതെ ലോകത്തിലുള്ള വസ്തു കാണാൻ വശമില്ലാത്തതുപോലെ പഠിത്തം എന്ന വെളിവു കൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനേയും അറിവാൻ വശമില്ലാത്തതിനാൽ കണ്ണില്ലാത്തവർ കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്തം ഇല്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു. ഈ കുരുടത്വ കാരണത്താൽ നമ്മുടെ മലയാളത്തിനുള്ള ക്രിസ്ത്യാനികളും പൂർവ്വനസ്രാണികളും ആകുന്നുവെങ്കിലും ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതായിരിക്കുന്നു... പട്ടക്കാർ ജനങ്ങളേയും കാരണവന്മാരേയും മക്കളെയും പഠിപ്പിപ്പാൻ കടമായിരിക്കയാൽ... ദ്രവ്യചൂതുക്കത്താലും പഠിപ്പാനുള്ളവരുടെ ചൂതുക്കത്താലും വിഘ്നം വന്നിരിക്കുന്നതുകൊണ്ടു് ഈതിനെ തിരുപ്പാൻ തക്കവണ്ണം... ഒരു സെ

മിനാരി തീർപ്പിക്കേയും.... പൈതങ്ങളൊ എന്നാൽ ഇതിൽ പ ഠിച്ച് പ്രായവും തിരിവും വരുമ്പോഴം പട്ടം ഏൽക്കണമെന്ന... പട്ടസുഖത്തിനടുത്ത ദൈവശാസ്ത്രം പഠിക്കുകയും പട്ടം ഏൽക്കു യും ചെയ്യാം' [ibid p. 129-130]. പുറംലോകത്തെയും തമ്പുരാനേ യും അറിയുന്നതിനുള്ള ഉപാധിയാണ് പഠനം എന്നു ചാവറയച്ചൻ പ്രഖ്യാപിക്കുന്നു. സെമിനാരിയിൽ നിന്നും ലഭിക്കേണ്ടത് ദൈ വത്തെയും ദൈവശാസ്ത്രത്തെയും കുറിച്ചുള്ള അറിവാണ്; ഈ അ റിവാണ് പ്രായത്തിനും തിരിവിനും ഉള്ള ഉപാധികം.

### 30. *ദർശനക്കാർ സഭാശുശ്രൂഷികൾ*

ദർശനക്കാരെ ശ്രുദ്ധപള്ളിയുടെ പ്രത്യേകമായ കൊയ്ത്തുകാ രായി ചാവറ കാണുന്നു (Ibid P. 130). തിരുസ്സഭയെ ശുശ്രൂഷിക്കു ന്നവർക്കുള്ള സ്ഥലമാണു കൊവേന്തകം എന്നു ചാവറ പരോക്ഷമാ യി പ്രഖ്യാപിക്കുന്നു. മാന്നാനം കൊവേന്ത രൂപപ്പെട്ടതു ദൈവശു ശ്രൂഷക്കായി ശ്രുദ്ധപള്ളിയുടെ കൊയ്ത്തുകാരായി താമസിക്കുന്ന തിനുവേണ്ടിയായിരുന്നു (Ibid P.P. 130-131).

### 31. *സെമിനാരിപരിശീലനം*

സെമിനാരികളും കൊവേന്തകളും രൂപപ്പെട്ടതു ദൈവത്തെയും ദൈവരാജ്യത്തെയുംപറ്റി അറിയുന്നതിനും ഹൃദയം തെളിഞ്ഞു തി രുസ്സഭയുടെ യഥാർത്ഥ ശുശ്രൂഷകരാകാനുംവേണ്ടിയാണ്. ചുരുക്ക ത്തിൽ ചാവറയച്ചൻ നൽകുന്ന ആദ്ധ്യാത്മികദർശനം തികച്ചും സ ഭാത്മകമായ ഒന്നാണ്. നസ്രാണിസഭാസമൂഹത്തിൽ ഇനിയും വാ. ചാവറ വിഭാവനം ചെയ്തിരിക്കുന്ന സെമിനാരികളും കൊവേന്തക ളും ഇനിയും അതിന്റെ തനിമയിൽ രൂപപ്പെട്ടുന്നില്ല. കാരണം സ മഗ്രമായ അറിവു നൽകുന്ന സെമിനാരികളും സമുന്നതമായ അനുഭ വം പകരുന്ന കൊവേന്തകളും നിലവിലുണ്ടോ? സഭാത്മകത ആ ദ്ധ്യാത്മികത പുലർത്തുന്നതിൽ വാഴ്ത്തപ്പെട്ട ചാവറ വി. ഗ്രന്ഥവും സ ഭാധികാരത്തെയും അടിസ്ഥാനപ്പെടുത്തിയിരുന്നു. റോക്കോസിനെ തിരെ എഴുതിയപ്പോഴം ഈശോയുടെ വാക്കുകം ഉദ്ധരിച്ചുകൊണ്ടാ ണ് അതു തുടങ്ങിയതു: 'എന്നോടുകൂടെ ആയില്ല എന്നവൻ എനി ക്കു വിരോധിയാകുന്നു. എന്നോടുകൂടെ കൂടാത്തവൻ വെസ്സയായി ചിതറിക്കുന്നു' (Ibid P. 132, Luke 11:23). ഈശോയുടെ പ്രതിനിധി യായ പരി. പിതാവിനോടു ചേർന്നുനില്ക്കുന്നതാണ് ഈശോയോടു കൂടെ നിൽക്കുക എന്നതിന്റെ ആശയം. വീണ്ടും ഈശോ നല്ലിടയ

നെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ എഴുത്തു കാണിച്ചുകൊണ്ടു തൊഴുത്തിൽകൂടി പ്രവേശിക്കാത്തവരെ അകറ്റിനിറുത്തുവാൻ ആഹ്വാനം ചെയ്യുന്നു (യോഹ. 10: 1–3).

*§2. കുടുംബക്രമം*

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കത്തുകളിൽ സവിശേഷശ്രദ്ധയാകർഷിക്കുന്ന ഒന്നാണു കൈനകരിക്കാക്കെഴുതിയ കുടുംബക്രമം. ദൈവദാസന്മാർ തന്റെ അനുയായികൾക്കു സഹൃദയം തുറന്നു നൽകുന്ന സന്ദേശത്തിനനുസൃതമാണു വാ. ചാവറയുടെ ഈ കത്തു്. ദൈവരാജ്യത്തിന്റെ ഭൂമിയിലെ പതിപ്പായിട്ടാണു കുടുംബത്തെ ധന്യനായ ചാവറ ദർശിക്കുന്നതു്. ഈ കത്തിൽ അടിവരയിട്ടു കാണിക്കുന്നതു സ്നേഹത്തെയും ഉപവിയെയുമാണു്: 'നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ, സ്നേഹമായിരിപ്പിൻ, തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ ... ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും' (Ibid P. 137). ക്ഷമയുടെയും സഹനത്തിന്റെയും പാതകളാണു ധന്യനായ ചാവറ തുറന്നുകാട്ടുന്നതു്: നീരസങ്ങളെക്കുറിച്ചു പകരം വീട്ടൽ... സാരം വെയ്ക്കാതെ പൊറുക്കുന്നതു മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു' (Ibid 138).

കർത്താവിന്റെ ദിവസത്തെ പവിത്രമായി ആഘോഷിക്കണമെന്ന നിർദ്ദേശം കത്തിലൂടെ നൽകുന്നതു് ആരാധനാജീവിതത്തിൽ വന്ദ്യനായ ചാവറയ്ക്കുണ്ടായിരുന്ന സഭാത്മകവിശ്വാസത്തിന്റെ പ്രകാശനമാണു്. മാതാപിതാക്കളോടുള്ള കടപ്പാടു് അവരുടെ കടങ്ങൾ തീർക്കുന്നതിനു പ്രത്യേക താല്പര്യം കാണിക്കുന്നതിലാണു് അടങ്ങിയിരിക്കുന്നതു് (Ibid P. 139). പണത്തിൽ അഹങ്കരിക്കുന്നവനു ദാവീദിന്റെ അനുഭവം ഉണ്ടാകുമെന്നു വാഴ്ത്തപ്പെട്ട ചാവറ മുന്നറിയിപ്പു നൽകുന്നു. ദാവീദു ജനങ്ങളുടെ സ്ഥിതിവിവരകണക്കെടുത്തപ്പോൾ ഉണ്ടായ ശിക്ഷയാണു് ഇവിടെ സൂചിപ്പിക്കുന്നതു് (Ibid P. 139; 2 സാമു. 24: 1-5). ആഘോഷത്തിന്റെ കാര്യത്തിൽ പകൽ വിളക്കു കത്തിക്കരുതു് എന്നാണു് ചാവറ നിർദ്ദേശിക്കുന്നതു്. സ്വന്തം ഉത്തരവാദിത്വം സ്വയം നോക്കാതെ അയൽപക്കത്തു ചുറ്റിക്കറങ്ങുന്നതിനെ വാഴ്ത്തപ്പെട്ട ചാവറ അനുസ്മരിപ്പിക്കുന്നു (Ibid P. 140). 'ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോടു ബന്ധത്വം പാടില്ല' (Ibid P. 140). 'നല്ല മര്യാദയും ദൈവപേടിയുമുള്ളവരെ വീട്ടിൽ

സ്വീകരിക്കുക' (Ibid P. 140). കുടുംബാന്തരീക്ഷം ക്രമമുള്ള വത്തമാനവും മിശിഹാനയായികാംക്ഷ യോജിച്ച വചനവുംകൊണ്ട് അലങ്കരിക്കുന്നതിനെ വാഴ്ത്തപ്പെട്ട ചാവറ കത്തിലൂടെ ശുപാർശ ചെയ്യുന്നു. കുടുംബത്തിൽ ആരും മറ്റുള്ളവരെ കുറപ്പെടുത്തരുത്. അങ്ങനെ ചെയ്താൽ ആ കുറവ് തിരിച്ചുകിട്ടും (Ibid P. 141).

ഉള്ള വസ്തുക്കളെ മെച്ചപ്പെടുത്തുന്നതാണ് പുതിയത് സംഭരിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായത്: 'പെരുപ്പമല്ല ഗുണമാണ് കാര്യം' (Ibid P. 141). ജീവിതാന്തസിനനുസൃതം വേല ചെയ്യുന്നത് ബഹുമാനമുള്ളതാണ്. മടിയും മദ്യപാനവും ഒന്നിച്ചുപോകുന്നു. ഇത് ലോകത്തിന്റെ മുമ്പിൽ അപമാനമുള്ളതും ദൈവത്തിരുമുമ്പിൽ കുറവുള്ളതുമാണ്. മഹാസൂക്ഷ്മത്തോടും നീതിയോടുംകൂടെ മാത്രമേ നിവൃത്തിയില്ലെങ്കിൽ കച്ചവടം നടത്താവൂ (Ibid P. 142). ഒരാൾക്കെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം ജീവിതത്തിൽ ഉണ്ടാകരുത്. മിതത്വം പാലിച്ചു പുണ്യം അഭ്യസിക്കണം: 'തമ്പുരാനെ സ്നേഹിക്കാത്തവൻ സഹോദരനെയും സ്നേഹിക്കുകയില്ല. ദൈവത്തിന്റെ മുമ്പിൽ നിലവിളിക്കുന്ന പാപമായിട്ടാണ് വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുന്നത്. പാവങ്ങളുടെ കണ്ണുനീർ കണ്ടാൽ ദൈവം ചോദിക്കും. അടക്കവും വിരക്തിയും സദാ അഭ്യസിക്കണം. ഞെരുക്കവും ദീനവും ദൈവതിരുമനസ്സിനു വിധേയപ്പെട്ട ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനഗ്രന്ഥങ്ങൾ വായിക്കണം' (Ibid P. 146). അനുദിനജീവിതത്തിൽ ആദ്ധ്യാത്മിക ഉന്നമനം ഉണ്ടാകുന്നതിനാവശ്യമായ നിരവധി കാര്യങ്ങളെ നിർദ്ദേശിക്കുന്നതോടൊപ്പം ഓരോരുത്തരുടേയും ജീവിത ക്രമീകരണത്തെക്കുറിച്ചും നിർദ്ദേശം നൽകുന്നതിൽ വന്ദ്യനായ ചാവറ വിസ്മരിക്കുന്നില്ല. 'ഉറങ്ങുന്നതും എഴുന്നേല്ക്കുന്നതും കൃത്യസമയത്തു'. ഏതാണ്ട് സന്യാസക്രമത്തിനനുസൃതമാണ കുടുംബക്രമത്തേയും ചാവറ വിഭാവനം ചെയ്തിരുന്നത്. ഗൃഹനാഥൻ തന്നെ കുടുംബക്രമം കൃത്യമായി ചാലിക്കണമെന്നു നിർദ്ദേശിക്കുന്നു.

### 33. കുടുംബാരാധന

കുടുംബജീവിതത്തിൽ അനുഷ്ഠിക്കേണ്ട ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ച് പറയുന്നിടത്ത് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു. 'ഈ പുണ്യപ്രവൃത്തികളുടെ നേ

രം വരുമ്പോഠം എപ്രകാരമുള്ള പ്രധാനികളോ ലോകമനുഷ്യരോ ഉണ്ടായിരുന്നാലും നീയതു നോക്കേണ്ട. എന്തുകൊണ്ടെന്നാൽ അവർ തന്റെ പക്കലേക്കും ദൈവം തന്റെ പക്കലേക്കും നിന്നെ വിളിക്കും. എന്നാൽ നീ ആരുടെ പക്കൽ ചെല്ലും എന്നു ദൈവം നോക്കും. ആകയാൽ നീ ഈ പ്രവൃത്തിയെ ഒന്നുകൊണ്ടും മുടക്കേണ്ട' (Ibid p. 146). നസ്രാണികളുടെയിടയിൽ നിലവിലിരുന്ന കുടുംബാരാധന കുടുംബത്തിന്റെ ഭദ്രതയും ദൈവപേടിയുള്ള ഒരു സമൂഹത്തെയും നിലനിറുത്തുന്നതിനു് ഉപകരിച്ചതാണു്. ഈ ആരാധനാഭ്യാസത്തിന്റെ സമൃദ്ധിയിൽനിന്നുമാണു നസ്രാണി ആദ്ധ്യാത്മികതയും നിരവധി ദൈവവിളിയും പരിപോഷിപ്പിക്കുന്നതിനു് ഇടവന്നിട്ടുള്ളതു്.

*84. ദൈവത്തിന്റെ പ്രതിനിധികൾ*

വാഴ്ത്തപ്പെട്ട ചാവറയുടെ കുത്തിലെ മറ്റൊരു പ്രധാനമായ മറ്റൊരു ആദ്ധ്യാത്മിക ദർശനമാണു് ദൈവമക്കളെ വളർത്തുന്നതിനു് ദൈവം ഏൽപ്പിച്ചവരാണു് മാതാപിതാക്കൾ എന്നുള്ളതു്. ഈശോ തന്റെ തിരുരക്തം ചിന്തിക്കൊണ്ടു് പവിത്രീകരിച്ചവരെ മാതാപിതാക്കളാണു് കാത്തുസൂക്ഷിക്കേണ്ടതു്. മാതാപിതാക്കളുടെ രക്ഷതന്നെ മക്കളുടെ വളർത്തലിനെ ആശ്രയിച്ചായിരിക്കും: 'തങ്ങളുടെ കുറ്റം നിമിത്തം തങ്ങളുടെ മക്കളിലൊന്നു് നരകത്തിൽ നശിച്ചുപോകുമെങ്കിൽ ഇതു് കാരണവന്മാർ രക്ഷപ്പെടുന്നതിനു് എത്രയോ തടവായിരിക്കുന്നു' (ibid p. 147). മക്കളെ ദൈവസ്നേഹത്തിൽ വളർത്തിയാലെ അവർ വാർദ്ധക്യത്തിൽ മാതാപിതാക്കളെ ശുശ്രൂഷിക്കുകയും സ്നേഹിക്കുകയും ചെയ്യുകയുള്ളൂ (ibid p. 147). തിരുക്കുടുംബഭക്തിയിലും അവരെ തഴക്കണം കുട്ടികളുടെ വളർച്ചയിൽ ശാരീരികവും വൈകാരികവുമായ വളരെയധികം തഴക്കങ്ങൾ വാഴ്ത്തപ്പെട്ട ചാവറ നിർദ്ദേശിച്ചിരുന്നു. ആധുനിക കാലത്തു് മേൽപറഞ്ഞവ കാലഹരണപ്പെട്ടതായി തോന്നാമെങ്കിലും തിരുസ്സഭയുടെ വളർച്ചയും നസ്രാണി സഭയിൽനിന്നുള്ള ദൈവവിളികളും സർവ്വോപരി മനുഷ്യകുലത്തിന്റെ ആധികാരികമായ ധാർമ്മികതയും വലിയ മുതൽക്കൂട്ടായിരിക്കും. ധന്യനായ ചാവറ നിർദ്ദേശിച്ചിരിക്കുന്നവ: 'കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തുകൂടെ നടത്തരുതു്..... ക്രമമല്ലാത്ത വചനങ്ങളും ദൃഷ്ടണങ്ങളും അവരുടെ മുമ്പാകെ പറയരുതു്. ആൺപൈതങ്ങളും പെൺപൈ

തങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കുന്നതിനു് അനുവദിക്കരുതു്. അഛനമ്മമാരുടെ മുറിയിൽ അവരെ കിടത്തരുതു്..... പൈതൽപ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽ നിന്നകന്നു് കൂട്ടുകാരോടുകൂടെ പൈതങ്ങളും പുറത്തു കളിപ്പാൻ അനുവദിക്കരുതു് അവരെ സൂക്ഷിക്കാത്ത ശുശ്രൂഷകരെ വിശ്വസിക്കേണ്ട.....കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുതു്.....7 വയസ്സുള്ളപ്പോഴും അനുരഞ്ജന ക്ഷമാശക്തിയായി അയയ്ക്കണം. മാതൃഭക്തിയിൽ വളർത്തണം...വിവേകമുള്ള മഹിമയോടുകൂടി അവരെ കുറപ്പെടുത്തുക (ibid p. 148).

കുട്ടികളും പ്രായം വരുമ്പോഴും അവരുടെ പിൻഗാമികളോടു് എങ്ങനെ വർത്തിക്കണം എന്നതാണു് മാതാപിതാക്കളിൽ നിന്നും ലഭിക്കേണ്ടതു്. ആധുനിക മനഃശാസ്ത്രത്തിന്റെ എല്ലാകണ്ടുപിടുത്തങ്ങളെയും അതിശയിപ്പിക്കുന്ന ഉപദേശമാണു് വാഴ്ത്തപ്പെട്ട ചാവറ മാതാപിതാക്കൾക്കു് നൽകുന്നതു്: 'അമ്മ കാണിച്ചുകൊടുത്തുകൊണ്ടു് അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണം തന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽ തമ്മിൽ ആചാരവും, സ്നേഹവും ബഹുമാനവും കാണിക്കുകയില്ല എങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല' (ibid p. 149).

നസ്രാണി കുടുംബങ്ങളുടെ പൈതൃകമായി ഉണ്ടായിരുന്ന വലിയ നിധി ആണു് കുടുംബത്തിലെ സ്നേഹത്തിന്റെ കെട്ടുറപ്പു്. വീട്ടിലെ പ്രാർത്ഥനയും പരമാർത്ഥതയും നീതിയും നീതിയെ സ്നേഹിക്കുന്നതും കുടുംബാന്തരീക്ഷത്തിലെ ഈടുറ്റ ആദ്ധ്യാത്മികതയാണു്. പെൺപൈതങ്ങളെ ചമയിക്കുന്നതു്... നരകത്തിൽ നിന്നു വന്ന ഒരു സൂത്രവും ചട്ടവുമാകുന്നു. (ibid p. 149) പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും ഭക്തിയും മിണ്ടാടക്കവും കണ്ണടക്കവുമാകുന്നു (ibid p. 149).

*35. ദൈവവിജ്ഞാനം*

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രായോഗിക നിർദ്ദേശങ്ങളും പലതും പൊടുന്നനവെ ആകർഷണീയമായി തോന്നുകയില്ലെങ്കിലും അവയെല്ലാം ദൈവികവിജ്ഞാനത്തിന്റെ അനഘ മുത്തുകളാണു്. പ്രത്യേകിച്ചും വ്യക്തിത്വവികാസത്തിന്റെ കാര്യത്തിൽ പ്രായപൂർത്തിയായവർക്കു നൽകുന്ന സ്വാതന്ത്ര്യം അത്യാധുനികവും

ആധികാരികവുംതന്നെ: 'മക്കൾക്ക് അന്തസ് തിരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്ക് ഇതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റേയും അതിനെ തിരഞ്ഞെടുക്കുന്നത് അവരുടേയും കാര്യം ആകുന്നു' (ibid p. 150).

*36. പ്രായോഗികവിജ്ഞാനം*

എല്ലാകാലങ്ങളിലും കുടുംബ കലഹമുണ്ടാകാൻ സാധ്യതയുള്ള ഒന്നാണ് പണസംബന്ധമായ വ്യവഹാരങ്ങളും വസ്തുസംബന്ധമായ ഭാഗഉടമ്പടികളുമെല്ലാം. ഇതുസംബന്ധിച്ച് വന്ദ്യനായ ചാവറപിതാവിനു വ്യക്തമായ പ്രായോഗിക നിർദ്ദേശങ്ങളുണ്ടായിരുന്നു: 'കാരണവന്മാർ മരിക്കുന്നതിനു മുൻപിൽ തന്നെ അവരെ മാറ്റി കുടിമതിയായി പാർപ്പിക്കുക. ബോധത്തിനു ബലക്ഷയം വരുന്നതിനുമുൻപിൽ അവർക്കു വസ്തുക്കൾ ഭാഗംചെയ്തുകൊടുക്കുക. ഇതല്ലാഞ്ഞാൽ മരണത്തിനുശേഷം അവർ തമ്മിലുണ്ടാകുന്ന വഴക്ക്, തക്കം മുതലായ പാപങ്ങൾക്കു മാതാപിതാക്കന്മാർ ഉത്തരവാദികളാകും.' (ibid p. 150) തുടർന്ന് വാഴ്ത്തപ്പെട്ട ചാവറ മക്കളുടെ നേരെതിരിഞ്ഞുകൊണ്ട് അവരോടുപറയുന്ന ഉപദേശം മാതാപിതാക്കളെ ബഹുമാനിക്കുകയും അവർക്ക് മനോവേദനെ വരുത്താതിരിക്കുകയും ചെയ്യണമെന്നതാണ് (ibid p·150).

*37. കുടുംബത്തിൽ മുളയെടുക്കേണ്ട ഉപവി.*

കൈനകരിക്കാർക്കുള്ള രണ്ടാമത്തെ കത്തിൽ വന്ദ്യനായ ചാവറതന്റെ രക്തബന്ധുക്കളായ കൈനകരിക്കാരോട് നീതിയുടേയും സ്നേഹത്തിന്റേയും സുകൃതങ്ങളാൽ ബന്ധപ്പെടുന്ന നിഗൂഢമായ ഒരു രംഗമാണ് കാണുന്നത്. ദൈവാനുഗ്രഹത്താലാണ് കൈനകരിക്കാരുമായി അദ്ദേഹം ബന്ധപ്പെട്ടതും ദൈവാനുഗ്രഹത്താൽ ലഭിച്ച നന്മയുള്ള പ്രതിസ്നേഹം മരണംവരെ ദൈവം അനുഗ്രഹിക്കുകയാണ്. മരണത്തോട് ബന്ധപ്പെട്ട് ദൈവസ്നേഹത്തിന്റെ അനുഭവത്തിനായി നൽമരണത്തിന്റെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിനെ ആശ്രയിക്കണമെന്ന് വാഴ്ത്തപ്പെട്ട ചാവറ നിർദ്ദേശിക്കുന്നു. ഇക്കാര്യം ഫലപ്രദമായി നടക്കുന്നതിനു വേണ്ടി നന്മരണ സഭ ആരംഭിക്കുകയും അതിൽ ചേർന്ന് മരണത്തിനായി ഒരുങ്ങുകയും വേണം. മരണത്തിനൊരുങ്ങുന്നതിനുള്ള ആദർശം വാഴ്ത്തപ്പെട്ട ചാവറ വരച്ചു കാട്ടുന്നു: ''കപ്പായത്തിനും ശരീരത്തിനും കൂടി ഒ

ന്നിച്ച് മോശം കണ്ടാൽ ശരീരത്തെ കാത്ത് കൊപ്പായത്തെ ഉപേക്ഷിക്കുക. ശരീരത്തിനും ആത്മാവിനും കൂടി മോശം നേരിട്ടാൽ ശരീരത്തെ ഉപേക്ഷിച്ച് ആത്മാവിനെ കാർക്കുക. എന്തുകൊണ്ടന്നാൽ മറ്റു രണ്ടും ഒരിക്കൽ അഴിയാനുള്ളത്'' (ibid p. 155). മരണത്തിനുള്ള ഒരുക്കം ഒരിക്കലും നീട്ടിക്കൊണ്ടുപോകാതെ എപ്പോഴും ഒരുങ്ങിയിരിക്കണമെന്നാണ് വാഴ്ത്തപ്പെട്ട ചാവറ നിർദ്ദേശിക്കുന്നത്. ഈ നിർദ്ദേശം നന്മരണ സഖ്യത്തിന്റെ സ്ഥാപനത്തിലേക്കു വിരൽ ചൂണ്ടുന്നതാണ്. വേണ്ടത്ര വികാസവും പ്രചാരവും സിദ്ധിക്കാത്ത ഈ നിവേശനത്തെ അത്യാധുനീകരിക്കുന്നത് വളരെയധികം പ്രസക്തമായ ഒന്നാണ്.

*38. നന്മരണ സഖ്യം.*

നൽമരണ സഭക്കാരുടെ കർമ്മത്തെക്കുറിച്ച് വാഴ്ത്തപ്പെട്ട ചാവറ നൽകുന്ന ഉപദേശം മറ്റുള്ളവരെ ഒരുക്കുക എന്നതാണ്: ''ഈ മനോഹ്ലാദ പ്രവൃത്തി ചെയ്യുന്നതിനു സഭക്കാരുടെ കാതലായ തൊഴിൽ. അതായത് ഒരുത്തന്റെ ഉപദേശത്താലും ഉത്സാഹത്താലും ഹ്ലാദോഷത്താലും മറൊരാൾ മരണം ലഭിച്ചു അവരും രക്ഷപെട്ട് മോക്ഷത്തിൽ കരേറിയാൽ ഇതിന്റെ കാരണക്കാരനായവന്റെ ആത്മരക്ഷയും നിശ്ചയംതന്നെ. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ വൈശിഷ്ട്യത്തെക്കുറിച്ച് യാക്കോബ് ശ്ലീഹാ പറഞ്ഞിരിക്കുന്ന ആശയം തന്നെയാണ് വാഴ്ത്തപ്പെട്ട ചാവറ ആവർത്തിക്കുന്നത്. (യാക്കോബ് 5: 20). ''അതെന്തേ! രക്ഷപ്പെട്ട ആത്മാവ് ദൈവതിരുമുൻപിൽ എല്ലായ്പോഴും നന്ദി നിറഞ്ഞ മനസ്സോടുകൂടി അതിനു കാരണക്കാരായ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കും. എന്നതന്നെയുമല്ല രോഗിയെ ശുശ്രൂഷിക്കുന്ന പ്രവൃത്തിയാലെത്രെ സർവ്വേശ്വരൻ പുണ്യവാന്മാരെയൊക്കെയും പുണ്യപ്പെട്ടവരാക്കിയത്'' (ibid p. 158).

*39. ദീനാനുകമ്പയും വിശുദ്ധിയും.*

കൊവേന്തയിൽ ആദ്യമായി മരിച്ച വല്യാറ ചാക്കോച്ചൻ അദ്ദേഹം രോഗികളോടു കാണിച്ച വിരോചിതമായ സമീപനത്തിൽ വാഴ്ത്തപ്പെട്ട ചാവറയുടെ മുന്നിൽ ധന്യനായിത്തീർന്നു. ''കോയിൽമുക്കുകാരൻ ഗീവർഗീസ് എന്ന വാലിഭക്കാരനു അറുശ്ലസ്സിന്റെ ദീനം വന്നിച്ച് കടൽ പുറത്തിറങ്ങി ക്രിമികളു

ണ്ടായപ്പോൾ നല്ലവണ്ണം ശ്രശ്രൂഷിച്ചു. അന്നുമുതലേ വല്ല്യാറ ചാക്കോച്ചൻ ഈ പകർച്ചയും ധ്യാനക്കാരനും ആയിതീർന്നത്. (ibip p. p. 160 161).

വല്ല്യാറ ചാക്കോച്ചൻ ചെയ്ത ധീരമായ ഈ പ്രവൃത്തിപോലെ രോഗികളെയും മരണാസന്നരേയും ശ്രശ്രൂഷിക്കുക എന്നത് നൻമരണ സഭയുടെ പ്രായോഗികതയായി ഉണ്ടാകേണ്ടതാണ്. ഇപ്രകാരം ആരംഭിക്കുന്ന നന്മരണ സഖ്യത്തിന്റെ കേന്ദ്രത്തിന് ഉപവിശാല എന്ന പേരാണ് എറ്റവും യോജിച്ചത്: "ആര് പേരുമില്ലാതെയുമുള്ള പാവപ്പെട്ടവരായ ദീനക്കാക്ക് നന്മരണമെന്ന അറുതിയില്ലാത്ത ഭാഗ്യം കിട്ടുവാനായി അങ്ങനെയുള്ളവരെ പാപ്പിച്ച് രക്ഷിപ്പാൻ വേണ്ടി ഒരു ചെറിയ ഉപവിശാല സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു." ഈ അപേക്ഷ വന്ദ്യനായ ചാവറതന്നെ നിർദ്ദേശിച്ചുകൊടുത്തതാണ്. (കാണുക ibid p. 162). മനുഷ്യർ മനസ്സുവയ്ക്കുന്ന കാര്യം മുക്കാലും നടക്കും. ശേഷം ദൈവവും നിറവേറും എന്ന് വാഴ്ത്തപ്പെട്ട ചാവറ വിശ്വസിച്ചിരുന്നു. (ibid p. 102).

*40. ദൈവത്തിനും ദൈവജനത്തിനുമായി.*

ദൈവത്തിനായി ജീവിച്ച ധന്യനായ ചാവറ ദൈവജനത്തിനായി തന്റെ ജീവിതം മുഴുവൻ നീക്കിവച്ചു എന്നത് അദ്ദേഹത്തിന്റെ കണ്ടുപിടുത്തം നൽകുന്ന വലിയ ഒരു ആദ്ധ്യാത്മികദർശനം ആണ്.

## IV. അവസാനമായി.

ധന്യനായ ചാവറയുടെ കണ്ടുപിടുത്തം നമ്മുടെയിടയിൽ ഇന്നുള്ള അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യമാണ് '67' കണ്ടുപിടുത്തങ്ങളിലൂടെ വന്ദ്യനായ ചാവറ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ദൈവസുതനായിത്തീർന്നു എന്ന് വരച്ചുകാട്ടുന്നു. മാനുഷിക പരിമിതിയുടെ ചില സാങ്കേതിക കുറവുകൾ അകറ്റിനിർത്തിയാൽ വാഴ്ത്തപ്പെട്ട ചാവറയിൽ ദൈവിക ജീവൻ എത്രത്തോളം അതിന്റെ പൂർണ്ണതയിൽ വികാസം പ്രാപിച്ചിരുന്നു; ഇതിനുള്ള തെളിവുകളാണ് കണ്ടുപിടുത്തങ്ങൾ.

ദൈവവചനവും ദൈവസ്ഥാപിത സഭയും ചാവറയുടെ ജീവിതത്തിൽ വിശ്വാസം, ആരാധന, ആദ്ധ്യാത്മികത എന്നിവയ്ക്ക് ഊട്ടും പാവും നല്കി. ദൈവജനത്തിനു് സദ്വാർത്ത ആകുകയും ഏകുകയും ചെയ്ത ദൈവദാസന്റെ കരങ്ങളാണ് കണ്ടുപിടുത്തങ്ങൾ ഉടനീളം ദർശിക്കുക.

മാമ്മോദീസായിൽ പരിശുദ്ധ റൂഹായിലുള്ള ജീവിതം എപ്രകാരം മരണംവരെ വികസിപ്പിച്ചെടുക്കാം എന്നതിന്റെ ഒരു പ്രായോഗിക ജീവിതശൈലി ആണ് കത്തുകളുടെ പിന്നിലുള്ള വാഴ്ത്തപ്പെട്ട ചാവറയിൽ നിഴലിക്കുന്നത്. ദൈവത്തോടും ദൈവജനത്തോടും ഐക്യപ്പെട്ടുകൊണ്ട് സന്യാസ ആദർശത്തിലൂടെ കൗദാശിക ജീവിതം നയിക്കേണ്ടതിന്റെ മാർഗ്ഗരേഖയാണ് വാഴ്ത്തപ്പെട്ട ചാവറയുടെ കത്തിലുള്ളത്. കുടുംബത്തെ ഗാർഹിക സഭയായി അനുഭവിച്ച ചാവറ ദൈവജനത്തിന്റെ ദൈവാലയമായ കുടുംബത്തെ തന്റെ ആദ്ധ്യാത്മികതയിലൂടെ സ്വർഗ്ഗീയമാക്കുവാൻ കത്തുകൾ മുഖേന പരിശ്രമിച്ചു. ഇഹത്തിലെ അവസാന സംഭവമെന്നോണം കുടുംബാരാധനയുടെ പരിസമാപ്തിയായി നന്മരണത്തിലൂടെ സ്വർഗ്ഗീയ അനുഭൂതി കൈവരിക്കുന്നതിന് അദ്ദേഹം ഉപവിശാല മുൻകൂട്ടികണ്ടു. ചുരുക്കത്തിൽ കത്തുകൾ ധന്യനായ ചാവറയുടെ ആദ്ധ്യാത്മികതയെ പ്രഘോഷിക്കുന്ന പ്രതിഛായയായി നിലകൊള്ളുന്നു.

## ഉള്ളിലേക്കു കടക്കുമ്പോൾ

I. ആമുഖം

II. വിഭജനം

III. കത്തുകളിലെ ആത്മീയത

1. വേദപുസ്തകാത്മകത
2. സഭാത്മകത
3. സുകൃതങ്ങൾ
4. വിവേകം
5. ദൈവസഹായം
6. കർമ്മലീത്താ പൈതൃകവും ക്രമാനുഷ്ഠാന ജീവിതവും
7. മാതൃഭക്തി
8. സീറോ-മലബാർ സഭ
9. മിശിഹായുടെ സഭ
10. ഭിന്ന ഉറവിടങ്ങൾ
11. നന്മയുടെ പിന്നാലെ
12. രണ്ടു പാരമ്പര്യങ്ങൾ – ആരാധനയിൽ
13. സന്യാസദർശനം
14. പ്രതിഷ്ഠിതർ എപ്രകാരം

15. ആശ്രമികത്വം a. നന്ദിനിറഞ്ഞ ഹൃദയം
16. മരണശാസനത്തിൽ ഉപകാരികത്വം
17. ദിവ്യമണവാളനുള്ളവർ
18. എല്ലാം ദൈവത്തിൻേറത്
19. പരിശുദ്ധ നിസ്സംഗത
20. ആന്തരിക ആരാധന
21. പ്രാർത്ഥനയിൽ ഒന്നിപ്പ്
22. ഉത്തരവാദിത്വം വൈയക്തിക തലത്തിൽ
23. വിവാഹജീവിതം a. ദൈവം എല്ലാറിലും
24. വിശുദ്ധിയുടെ ഉന്നത സോപാനങ്ങൾ
25. അനുധ്യാനം
26. മൗതികാനുഭൂതിയിൽ
27. ദൈവം ഹൃദയത്തിൽ
28. മരണത്തിനു് ഒരുക്കം
29. വൈദികപരിശീലനം
30. ദർശനക്കാർ സഭാ ശുശ്രൂഷികത്വം
31. സെമിനാരി പരിശീലനം
32. കുടുംബക്രമം
33. കുടുംബാരാധന
34. ദൈവത്തിൻെറ പ്രതിനിധികത്വം
35. ദൈവികവിജ്ഞാനം
36. പ്രായോഗിക വിജ്ഞാനം
37. കുടുംബത്തിൽ മുളയെടുക്കേണ്ട ഉപവി
38. നൽമരണ സഖ്യം
39. ദീനാനുകമ്പയും വിശുദ്ധിയും
40. ദൈവത്തിനും ദൈവജനത്തിനുമായി

IV. അവസാനമായി

---

അദ്ധ്യായം 10

# ചാവറക്കത്തുകളിലെ മനുഷ്യഭാവങ്ങൾ

സി. ശാന്തി സി.എം.സി.

**ആമുഖം**

വാ. ചാവറയുടെ മനുഷ്യഭാവങ്ങളും കത്തുകളിൽ നിറഞ്ഞു നില്ക്കുകയാണ്. മാനുഷികതയെന്നാൽ അത് മനുഷ്യന്റെ നന്മയുടെ ഭാവങ്ങളാണ്. മനുഷ്യ മഹത്വത്തെ ഏറ്റവും ഉദാത്തമായി ചിത്രീകരിച്ചത് മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തന്നെയാണ്. മാനുഷികതയുടെ പൂർണ്ണതയിലെത്തിയ ദൈവപുത്രൻ ഈ സ്വയാവബോധത്തിന്റെ തലത്തിലേയ്ക്ക് ഓരോ മനുഷ്യനെയും കൈപിടിച്ചുയർത്തുകയാണ്. വചനമാണ് ദൈവമായത്. മനുഷ്യനെ പൂർണ്ണനായി കാണുവാനും ദൈവമക്കളായി ഉയർത്തുവാനും കഴിയുന്ന മനുഷ്യദർശനമാണ് ക്രിസ്തുവിൽനിന്ന് നാം നേടുന്നത്. മാനുഷികതയും വ്യക്തിത്വവും കീറിമുറിക്കാനാവാത്തവിധം ഐക്യതരമാണ്.

ദൈവം ഏകപിതാവാണെന്നും അതിനാൽത്തന്നെ സകല ജാതിമനുഷ്യരും ഏകോദരസഹോദരങ്ങളാണെന്നുമുള്ള അടിസ്ഥാന പ്രമാണം ചാവറയച്ചൻ തന്റെ ജീവിത നിയമമാക്കി. ജാതിവ്യവസ്ഥയും തീണ്ടൽ സംസ്കാരവും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ നിറമോ, ജാതിയോ, ഭാഷയോ നോക്കാതെ വിശ്വസാഹോദര്യത്തിന്റെ വക്താവാകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ധ്യാനയോഗി എവിടെയും ഈശ്വരനെ ദർശിക്കുന്നു; ധ്യാനിക്കാത്തവൻ എവിടെയും തന്നെത്തന്നെ കാണുന്നു എന്ന ഉപനിഷദാശയം ഏറെ സാർത്ഥകമാണ്. തന്നിലും തനിക്കു ചുറ്റും നിറഞ്ഞു നിൽക്കുന്ന ദൈവികത കാണാൻ അത് മനുഷ്യഭാവത്തിൽ കാണാൻ വാ. ചാവറയച്ചനു കഴിഞ്ഞു.

അദ്ദേഹത്തിന്റെ കത്തുകളെല്ലാം മനുഷ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്തമോദാഹരണങ്ങളാണ്. കത്തുകളിലൂടെ കടന്നുപോകുന്ന ഏതൊരാൾക്കും അക്ഷരങ്ങൾക്കിടയിൽ നി

റഞ്ഞുനില്ക്കുന്ന തനിമയാർന്ന മാനുഷഭാവം എളുപ്പം തിരിച്ചറിയാൻ കഴിയും.

## വ്യക്തിബന്ധങ്ങൾ

വ്യക്തിബന്ധമാണ് മനുഷ്യനെ അറിയാനുള്ള വേദി. ബന്ധത്തിന്റെ വ്യതിരിക്തതയും ഊഷ്മളതയും സ്നേഹത്തിന്റെ ആഴം വർദ്ധിപ്പിക്കും. വ്യക്തിയും വ്യക്തിയും അല്ലെങ്കിൽ വ്യക്തിയും സമൂഹവും പരസ്പരം സമ്പന്നമാക്കുന്ന ആ വേദിയാണ് ദൈവം കടന്നുവരുന്ന ദിവ്യവേദി.

വാ. ചാവറയച്ചന്റെ വ്യക്തിബന്ധങ്ങളുടെ എല്ലാ ഭാവങ്ങളും വിരിയുന്ന വേദിയാണ് അദ്ദേഹത്തിന്റെ കത്തുകൾ. സ്നേഹധനനായ പിതാവ്, ധർമ്മിഷ്ഠനായ അധികാരി, സമഭാവനാവീക്ഷണമുള്ള സഹോദരൻ, ഓരോ വ്യക്തിയെയും തനിമയിൽ മനസിലാക്കാൻ കഴിയുന്ന മനഃശാസ്ത്രജ്ഞൻ, വർഗ്ഗ വർണ്ണ വ്യത്യാസങ്ങളില്ലാത്ത വിശാലഹൃദയൻ, കേരള സഭയ്ക്കായി ജീവിതം സമർപ്പിച്ച കർമ്മയോഗി, ഏവർക്കും മുൻപിൽ ദാസനായി നിന്ന വിനീതൻ എന്നിങ്ങനെ മനുഷ്യഭാവത്തിന്റെ വ്യതിരിക്ത ഭാവങ്ങളിൽ അദ്ദേഹത്തെ കണ്ടെത്താൻ കഴിയും. എല്ലാ മാനുഷിക ബന്ധങ്ങൾക്കും ദൈവികത പകരുന്ന ദൈവിക മനുഷ്യനായിരുന്നു അദ്ദേഹം. ഈ ഭാവങ്ങളെല്ലാം കത്തുകളിൽ ഉടനീളം ഇടകലർന്ന് കിടക്കുകയാണ്. ഏതെങ്കിലും ഒരു ഭാവം പ്രത്യേകമായി ഒരു കത്തിൽ മാത്രം ഒതുക്കിനിർത്തിക്കാണാൻ സാദ്ധ്യമല്ല.

## മനുഷ്യഭാവവും കുടുംബബന്ധവും

മനുഷ്യൻ പിറക്കുന്നതും വളരുന്നതും മനുഷ്യഭാവം സ്വീകരിക്കുന്നതും പകരുന്നതും കുടുംബത്തിലാണ്. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് മറ്റു ബന്ധങ്ങളിലേക്ക് ആരും കടന്നുവരിക. തന്റെ കുടുംബത്തിന്റെ സ്നേഹസ്മരണകൾ ചാവറയച്ചനിൽ എന്നും തളിരിട്ടു നിന്നിരുന്നു. തന്റെ അമ്മയോടൊപ്പമുള്ള പ്രാർത്ഥന, അമ്മയുടെ കണ്ണുകൾ കൊണ്ടുള്ള ശാസന, ഈശോമറിയം യൗസേപ്പിന്റെ നാമം ഏറ്റുചൊല്ലൽ എല്ലാം അദ്ദേഹം ഓർമ്മിക്കുന്നുണ്ട്. തിരുക്കുടുംബത്തോട് സവിശേഷമായ ഭക്തിയുണ്ടായിരുന്ന അദ്ദേഹം എല്ലാ കുടുംബങ്ങളും തിരുക്കുടുംബമാതൃകയിൽ രൂപപ്പെടാൻ ആഗ്രഹിച്ചു. തന്നെ മനുഷ്യനാക്കിയ തന്റെ കുടുംബബന്ധം ലൗകികം മാത്രമായിരുന്നില്ല. ദൈവമാണ് ഏ

ന്റെ ഓഹരി എന്ന് ഏറ്റുപറഞ്ഞ് കുടുംബത്തിന്റെ പടിയിറങ്ങാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത് കുടുംബത്തിൽ നിന്ന് കിട്ടിയ ശിക്ഷണം തന്നെയായിരുന്നു. കുടുംബം ഗാർഹിക സഭയാണ്. സഭാസന്താനങ്ങളുടെ പിള്ളത്തൊട്ടിൽ. കുടുംബത്തിലെ അപ്പനമ്മമാരുടെയും സഹോദരങ്ങളുടെയും സ്നേഹശീതളമായ പരസ്പര ദാനത്തിന്റെ അന്തരീക്ഷം ചാവറയച്ചനെ തന്റെ ചാവരുളായ കുടുംബനിയമ നിർമ്മിതിക്ക് ഏറെ സഹായിച്ചു. 'മക്കൾ സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് കാരണവൻമാരെ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു. അവരെ തമ്പുരാന് തിരിച്ചേല്പിക്കണം. കാരണവന്മാർ വഴിയായി മക്കൾ നശിച്ചാൽ അതിന്റെ ഉത്തരവാദിത്വം കാരണവന്മാർക്കായിരിക്കും[1]. രക്തബന്ധത്തിന്റെ തരളിതമായ ശ്രുതഭാവങ്ങൾ ഏറ്റവും ദൈവികമായി കാത്തുസൂക്ഷിക്കാൻ പ്യരാപ്തമാണ് കുടുംബചട്ടം. കുടുംബബന്ധം തീർത്തും വ്യക്തിപരമായ അനുഭവമാണ്. മനുഷ്യന്റെ ആശ്രയ സങ്കേതമാണത്. താനായിരിക്കുന്ന തനിമയിൽ സ്വതന്ത്രനായിരിക്കുവാൻ ഒരുവനു കഴിയുക കുടുംബാന്തരീക്ഷത്തിന്റെ സൗഹൃദത്തിലാണ്. ഈ കുടുംബദർശനം ചാവറയച്ചന്റെ മാനുഷഭാവങ്ങളെയും സന്യാസദർശനത്തെയും ഏറെ സ്വാധീനിച്ചു.

**കുടുംബ ബന്ധം സന്യാസത്തിൽ**

താൻ അനുഭവിച്ചതും കേരളസഭയിൽ നിലനില്ലാനാഗ്രഹിച്ചതുമായ ഈ കുടുംബ ബന്ധം തന്റെ സന്യാസ സമൂഹങ്ങളിലും ഉണ്ടാകാനായി ചാവറയച്ചൻ പരിശ്രമിച്ചു. മാനുഷികഭാവങ്ങൾ നിറഞ്ഞുതുളുമ്പുന്ന കുടുംബം; അതാണ് സന്യാസഭവനം. വൈകാരികത നഷ്ടപ്പെട്ട ഒരു സമൂഹമല്ല ചുറ്റുമുള്ള വൈയക്തിക ബന്ധങ്ങളുടെ ഇരിപ്പിടമാണ് അദ്ദേഹത്തിന് സന്യാസഭവനങ്ങൾ[2]. മക്കൾ വലുതാകുമ്പോൾ മാറി താമസിക്കുന്ന വലിയ കുടുംബം പോലെ കൊവേന്തകൾ പലതായാലും ബാഹ്യമായ അകൽച്ച ഹൃദയസ്നേഹത്തിനും ഐക്യത്തിനും തടസമാകരുത്, എല്ലാവരും ഒരമ്മയുടെ മക്കൾ. കുടുംബ ബന്ധത്തിലെ മാനുഷിക ഭാവങ്ങൾ നാൾക്കുനാൾ വർദ്ധിച്ച് വരികയും വേണം[3]. ഈ മാനുഷികബന്ധത്തെ പരിപോഷിപ്പിക്കുന്ന ചാവറയച്ചൻ സ്വാഭാവിക കുടുംബത്തിന്റെ ഊഷ്മളത സന്യാസത്തിന്റെ പുതിയ കുടുംബ ബന്ധത്തിനു നല്കി. കുടുംബാരൂപി എന്ന് നാം വിളിക്കുന്ന ഈ സ്നേഹത്തിലാണ് സന്യാസി യഥാർത്ഥ മനുഷ്യനാവുക.

## ചാവറയച്ചൻ എന്ന പിതാവ്

കുടുംബത്തിൽ ഗണ്യസ്ഥാനം എപ്പോഴും പിതാവിനാണ്. മാനുഷികാനുഭവത്തിന്റെ ഏറ്റവും മഹനീയമായ ഈ ഭാവത്തിൽ ചാവറയച്ചൻ കത്തുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. വാത്സല്യം നിറഞ്ഞുനിൽക്കുന്നവനായി, ക്ഷമിക്കുന്ന സ്നേഹത്തിന്റെ ഉടമയായി, തെറ്റുതിരുത്തുന്നവനായി, മക്കൾക്ക് നേരായവഴി കാണിച്ചുകൊടുക്കുന്നവനായി അങ്ങനെ അനേകം ഭാവങ്ങളിൽ ചാവറയച്ചനിലെ പിതാവ് കത്തുകളിൽ കടന്നുവരുന്നു. തന്റെ മക്കളായ സിസ്റേറഴ്സിനുള്ള കത്തുകളിലും കൈനകരിക്കാർക്കെഴുതിയ കത്തിലും നല്ല അപ്പനെ നമുക്ക് കാണുവാൻ സാധിക്കും.

'ആ...എന്റെ പ്രിയകുഞ്ഞുങ്ങളേ' എന്നാണ് സാധാരണയായി സിസ്റേറഴ്സിനെ അഭിസംബോധന ചെയ്യുന്നത്. 1-ാം കത്തിൽ തന്റെ വണക്കമാസപുസ്തകം കന്യാസ്ത്രീകൾക്ക് കൊടുത്തുവിടുന്നു. [4] 5-ാം കത്തിൽ കാനോന നമസ്കാരത്തിന്റെ രൂപം എഴുതി കൊടുത്തുവിടുന്നു. കൂടാതെ അവരുടെ പറമ്പിലെ പണികളെല്ലാം എപ്രകാരം ചെയ്യിക്കണമെന്ന് വിശദമായി പറയുന്നു.[5]

പലരും പലപ്പോഴും ശ്രദ്ധിക്കാത്ത അതിസൂക്ഷ്മമായ കാര്യങ്ങൾപോലും ശ്രദ്ധിക്കുവാനും അവ പറഞ്ഞുകൊടുക്കുവാനുമുള്ള നിരീക്ഷണപാടവവും ആത്മജ്ഞാനവും വിവേകവും, കാര്യനിർവ്വഹണശേഷിയുമുള്ള പിതാവാണദ്ദേഹം.

7-ാമത്തെ കത്തിൽ കണക്കെഴുതുവാൻ അവരെ പഠിപ്പിക്കുകയാണ്. 8-ാമത്തെ കത്തിലാകട്ടെ പച്ചയായ മനുഷ്യന്റെ വികാരങ്ങളോടെ പ്രത്യക്ഷപ്പെടുന്ന അപ്പനെ കാണാം. ആരുംനോക്കാതെ നിന്ന് തന്റെ മുറിയുടെ വാതിൽപ്പുറത്ത് പെട്ടിയിൽ വളർത്തിയ മുളക് പറിച്ച് കൊടുത്തുവിടുന്നു. ഒപ്പം മാങ്ങയും. മക്കളെ സ്നേഹിക്കുന്ന നല്ല പിതാവ് സാഹോദര്യത്തിന്റെ പാഠങ്ങളും പറഞ്ഞുകൊടുക്കുന്നു. ഇത് പൂളിഎല്ലാവരേയും ഇതിന്റെ രുചി അറിയിക്കണം. പരി. ദേവമാതാവിന്റെ സ്തുതിക്കായിട്ടാണ് ഇത് കൊടുത്തുവിടുന്നത്. [6] കൊവേന്തയിൽ നിന്ന് എന്തെങ്കിലും സാധനം അടുത്തുള്ള മഠത്തിലേയ്ക്ക് കൊടുത്തുവിടുന്ന സാമാന്യസ്നേഹം എന്നതിനെക്കാളുപരി കൊടുക്കുന്ന വസ്തുവിനോടൊപ്പം തന്റെസ്നേഹവും വ്യക്തിത്വവും അവർക്ക് പകർന്ന് കൊടുക്കുകയാണ്. 11-ാമ

ത്തെ കത്തിൽ ഒരു ചെറിയ പുസ്തകം കിട്ടിയത് മലയാളത്തിലാക്കി പകർത്തി സിസ്റ്റേഴ്സിനു് കൊടുത്തുവിടുന്നു. എന്തുകൊടുത്താണ് തന്റെ മക്കളെ ആദ്ധ്യാത്മികവും ഭൗതികവുമായി വളർത്തേണ്ടത് എന്ന തീക്ഷ്ണത അദ്ദേഹത്തിൽ നിറഞ്ഞു നില്ക്കുന്നു. 9–ാംമത്തെ കത്തിൽ സ്ത്രീസഹജമായ വെറുതെയുള്ള സംസാരത്തിനു് അല്പം നേരംപോലും കളയാതെ ജ്ഞാനവായനയിൽ കിട്ടുന്ന സമയമെല്ലാം ഉപയോഗിക്കണം എന്നു് നിർദ്ദേശിക്കുന്നു.[7]

വീണ്ടും ചാവറയച്ചൻ തന്റെ സഭാംഗങ്ങൾക്കെഴുതിയ മരണപത്രികയിൽ അദ്ദേഹത്തിന്റെ പിതൃഭാവം വ്യക്തമായികാണുന്നുണ്ട്.[8] പ്രിയമുള്ള കുഞ്ഞുങ്ങളേ നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദൈവമാതാവിനു് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. തങ്ങൾ കർമ്മലീത്താക്കാരാകുന്നത് അത്ര തൃപ്തിയല്ലാത്ത മക്കളെ മരണശാസനയായി പിതാവിനടുത്ത സ്നേഹത്തോടെ, ദൈവപരിപാലനയാലാണിതു് എന്നു് കാണിച്ചു കൊടുക്കുകയാണു്. കണ്ണും ചെവിയും ഇല്ലാത്ത ചൊല്ലു വിളികൊണ്ടേ ഇതംഗീകരിക്കാനാവൂ എന്നു് തുടർന്നു് വിശദീകരിക്കുന്നു. വാത്സല്യവും പരിലാളനയും മുറിനില്ക്കുന്ന ഈ പിതൃഭാവം ചിലപ്പോഴൊക്കെ മാതൃഭാവത്തിന്റെ വൈകാരികതയോളം ലോലമാകുന്നതും നമുക്കനുഭവിക്കാനാവും. 8–ാം കത്തിൽ ഇതു നാം കണ്ടതാണല്ലോ.

## സഹോദരബന്ധം

സ്നേഹധനനായൊരു പിതാവായിട്ടു് മാത്രമല്ല തന്റെ സ്നേഹം ഉത്തമമായൊരു സാഹോദര്യമായും അദ്ദേഹം പകർന്നു നല്കുന്നുണ്ട്. പ്രത്യേകം തന്റെ സഭാംഗങ്ങൾക്കുള്ള കത്തിലാണു് ഈ ബന്ധം നാം കാണുക. സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ എന്നാണു് അവരെ സംബോധന ചെയ്യുന്നത്.[9] കൂടെ പിറന്നവർ എന്നാൽ കുടുംബബന്ധത്തിന്റെ, മാനുഷികസ്നേഹത്തിന്റെ വൈകാരികതയിക്കാണു് വിരൽ ചൂണ്ടുന്നത്. താൻ സ്ഥാപിച്ച തന്റെ സഭയുടെ പ്രിയോർ എന്നതിനെക്കാൾ കൂടപ്പിറപ്പുകളായി അവരെ കാണാനാണു് അദ്ദേഹത്തിനു താത്പര്യം. കൂടപ്പിറപ്പുകളുടെ മുൻപിൽ തന്റെ ബലഹീനതയും പോരായ്മകളും ഏറ്റുപറയുന്ന ഒരു ജ്യേഷ്ഠസഹോദരനായി അദ്ദേഹം സ്വയം പകരുന്നു.[10] താൻ സ്ഥാനത്തിൽ ഒന്നാമനെങ്കിലും അവരിൽ ഒരാളാണു്. നേതാവല്ല എ

ന്നതുറന്നു പറയുകയാണ്. കേരളത്തിലെ സുറിയാനിപ്പട്ടക്കാരെയും ശെമ്മാശ്ശൻമാരെയും അനിയന്മാരായിക്കാണുന്ന ജ്യേഷ്ഠസഹോദരൻ [11]താൻ തന്റെ സഭാംഗങ്ങളുടെ കൂടപ്പിറപ്പാണ്. അതുപോലെ അവർ തമ്മിൽ തമ്മിലും കൂടപ്പിറപ്പിനു തുല്യം കാക്കണം എന്ന് അദ്ദേഹം അനുശാസിക്കുന്നു.[12] അധികാരം സ്നേഹശ്രുശ്രൂഷയാണെന്നും അധികാരി ദാസനാണെന്നും ഉള്ള ക്രൈസ്തവദർശനത്തിന്റെ മഹനീയഭാവമാണ് ഇവിടെ നാം കാണുന്നത്. തന്റെ കീഴിലുള്ളവരെ കൂടപ്പിറപ്പായി കരുതാനുള്ള മനുഷ്യഭാവം ചാവറ ദർശനം നമുക്കു പ്രദാനംചെയ്യുന്നു. അധികാരഭാവത്തിനു് അധീനരെ മനസ്സിലാക്കാൻ പ്രയാസമാണ്. എന്നാൽ കൂടപ്പിറപ്പിനു് തന്റെ കൂടപ്പിറപ്പിനെ മനസ്സിലാകും. അവരുടെ കുറവുകളും പരാജയങ്ങളും കാണാനും പരിഹരിക്കാനും എളുപ്പം കഴിയും. അധികാരി അധീനബദ്ധം കൂടപ്പിറപ്പിന്റെ തലത്തിലേയ്ക്കു് വളരുമ്പോഴാണ് കൊവേന്തകളും മഠങ്ങളും മോക്ഷരാജ്യത്തിന്റെ പതിപ്പായിതീരുന്നത്. സഹോദരങ്ങൾ ഏകമനസ്സായി ഒന്നിച്ചു വസിക്കുന്ന ഹൃദ്യവും മനോഹരവുമായ അനുഭവത്തിലേക്കാണ് ദൈവം തന്റെ അനുഗ്രഹം വർഷിക്കുക എന്ന് സങ്കീർത്തകൻ സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ.

## അധികാരിയായ ചാവറയച്ചൻ

ചാവറയച്ചൻ തന്റെ ജീവിതത്തിലെ ഏറിയനാളുകളും അധികാര വേദിയിൽ ആയിരുന്നു. സഭാ സ്ഥാപകൻ പ്രിയോർ, വികാരി ജനറാൾ എന്നീ അധികാര സ്ഥാനങ്ങളിൽ അധികാരേച്ഛയില്ലാതെ വഹിച്ചപ്പോഴും, കൂടപ്പിറപ്പായി സ്വയം നല്കിയപ്പോഴും തിന്മയ്ക്കു നേരെ കണ്ണടയ്ക്കുകയും പറയേണ്ടത് പറയേണ്ട സമയത്ത് പറയാതെ തിരുത്തേണ്ടവരെ തിരുത്താതെ ഒഴിഞ്ഞുമാറുകയും ചെയ്ത ഒരു സാഹചര്യവാദി ആയിരുന്നില്ല അദ്ദേഹം. തന്റെ സൂക്ഷ്മത്തിനേൽപിക്കപ്പെട്ടവരുടെ ആത്മനാശം തെല്ലും പൊറുക്കുന്നവനായിരുന്നില്ല അദ്ദേഹം. തനിക്കു പറയാനുള്ള കാര്യങ്ങളും നിരത്തിവച്ച് അതിനു് യുക്തമെന്ന് തോന്നുന്ന പരിഹാരമാർഗ്ഗവും നിർദ്ദേശിക്കുന്നു. റോമിലേയ്ക്കും പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനും എഴുതിയ കത്തുകളിലെല്ലാം ഇതുകാണാം. റോക്കോസ് മെത്രാനെക്കുറിച്ചുള്ള സംശയം തീർക്കണം. അത് ഞങ്ങളുടെ കൽദായ ഭാഷയിൽത്തന്നെ വേണം.[13] റോക്കോസിനെ

തിരിച്ചു വിളിക്കണം ഞങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികളാണ് അനേകം കൊല്ലങ്ങളായി ഞങ്ങൾക്ക് സ്വന്തമെത്രാനില്ല, അത്യന്നത തിരുമേനി എനിക്ക് നല്ലതെന്നു തോന്നുന്ന സംഗതി ഞാനറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാൻമാർ ഉണ്ടാകുന്നത് വളരെ നല്ലതാണ് ഒന്ന് ലത്തീൻ സഭയ്ക്ക്, ഒന്നു സുറിയാനി സഭയ്ക്ക് (14) ഈ കത്ത് ലെയോനാർദ് മെത്രാപ്പോലീത്തയുടെ നീരസത്തിനു കാരണമായി. എന്നാൽ അധികാരിയുടെ നീരസനം കണക്കിലെടുക്കാതെ കേരള സഭയുടെ ഐക്യവും അകത്തോലിക്കരുടെ പുനരൈക്യവുമാണ് അദ്ദേഹം ഉന്നം വച്ചത്. തന്റെ ജനത്തിന്റെ ആവശ്യത്തിനായി നിലകൊള്ളുന്ന ഈ വ്യക്തി സമൂഹത്തിന്റെ വക്താവാണ്. അർഹമായത് നിഷേധിക്കപ്പെട്ടാൽ വേണ്ടാത്ത തെറ്റുകൾ കൂടുകയേ ഉള്ളൂ. ജനത്തിന്റെ പ്രതിനിധിയായ ഒരു അധികാരിയാണിവിടെ ചാവറയച്ചൻ. തന്റെ സഭയുടെ അധികാരി എന്ന നിലയിൽ തന്റെ സഭാംഗങ്ങളെ അദ്ദേഹം നിശിതമായി വിമർശിക്കുകയും തിരുത്തുകയും ചെയ്യുന്നുണ്ട്. ദുഃഖത്തിനടുത്ത നിലവിളിയോടെ സന്യാസ പുണ്യങ്ങൾ കുറയുന്നതിനെക്കുറിച്ചദ്ദേഹം പറയുന്നു(15) സന്യാസി മനുഷ്യനാണ്. ഭൗതികതയിലേയ്ക്ക് വീഴുവാൻ എളുപ്പമുള്ള മാനുഷികതയെ ദൈവവത്കരിക്കാൻ സാധിക്കാണം ''... കൊവേന്തകൾക്ക് നാശമായിരിക്കുന്ന ഒരു കാര്യം കീഴുള്ളവരുടെ തലവന്മാരായി സ്വന്തമനസ്സു നടപ്പായിരിക്കുന്നു.... തലവന്മാരുടെ വിവേകവും പുണ്യവും തൂക്കി... അവരെ പ്രോത്സാഹനം ചെയ്യുക... ബോധിക്കുന്നതു ചെയ്യുന്നു നൂറുകൂട്ടം ന്യായങ്ങൾ കണ്ടുപിടിച്ചു പിറുപിറുത്തു ചെയ്യുന്നു.(16) ഇവിടെ ലക്ഷ്യബോധത്തിലേക്ക് അവരെ നയിക്കുകയാണദ്ദേഹം. പ്രിയകുടപ്പിറപ്പുകളെ, പ്രിയമക്കളെ, നമ്മിൽ ഒരുത്തനും പഷ്ണിക്കേണ്ട... മടി ഉപേക്ഷയാലെ ഭ്രാന്ത് (17) കാലം കഴിയുംതോറും നവീനമായിക്കൊണ്ടിരിക്കുന്നവയാണീ ഉപദേശം. കുടപ്പിറപ്പുകളെ, ഇങ്ങനെയല്ല, ദൈവവിളിപ്പ് ഇങ്ങനെയല്ല. (18a) അധികാരികൾ തെറ്റു തിരുത്താൻ മടിക്കുന്നതുകൊണ്ടാണ് പല കുറവുകളും ഉണ്ടാകുന്നതെന്നും മുഖം നോക്കാതെ തെറ്റ് തിരുത്താനും കീഴുള്ളവരെ നയിക്കാനും അവർക്കു കഴിയണം എന്ന് ചാവറയച്ചൻ ഊന്നി പ്പറയുന്നുണ്ടിവിടെ. ''മേല്പറഞ്ഞ തിന്മകളൊക്കെയും വരുന്നതിന് ഒരു കാരണം തലവന്മാരുടെ ഭ്രമമല്ലാത്ത അനുഗ്രഹം അത്രേ... വാസ്തവമല്ലാത്ത ന്യായങ്ങളെ കണ്ടുപിടിക്കുന്ന തമ്പുരാന്റെ മുമ്പാകെ ഉത്തരവാദികൾ ആരെന്ന് അറിഞ്ഞിരിക്കണം ''(18b)

ഞങ്ങളം മിണ്ടാതിരുന്നാൽ നശിച്ചുപോയി എന്നു പറയാതിരിപ്പാനാണ് ക്രമമല്ലാത്ത കാര്യങ്ങളിൽ ശാസിക്കുന്നതും ശിക്ഷിക്കുന്നതും. ഈ കണക്കിനുപോയാൽ 20 വർഷം കഴിയുമ്പോഴം കൊവേന്തകളൊന്നും ബാക്കിയുണ്ടാവില്ലെന്നും കൊവേന്തകളുടെ ഉറപ്പ് ചുമരിന്റെ കനമല്ല; അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമാണെന്നു തിരുത്തുന്നു. മനുഷ്യനെ പൂർണ്ണതയിലേക്കു നയിക്കുന്ന തിരുത്ത് അധികാരിയുടെ കടമയാണ്. തെറ്റു തെറ്റാണെന്നു പറയുവാനുള്ള വിനയവും തെറ്റു തിരുത്താനുള്ള സ്നേഹവും തെറ്ററിയവരെ വീണ്ടെടുക്കാനുള്ള ഹൃദവിശാലതയും തെറ്റ് ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലും അധികാരിയുടെ ഭാഗത്തു നിന്നു ഉണ്ടാവണം മാനുഷിക പരിഗണനയുടേയും പുതിയ ധാർമ്മിക ദൈവശാസ്ത്രത്തിന്റേയും പേരിൽ അധികാരി തന്റെ അധികാരം ഉപയോഗിക്കാതിരിക്കുമ്പോഴം മാനുഷിക സ്നേഹത്തിന്റെ ഭാവം അവിടെ ദുർബലമാവുകയാണ്. കാർക്കശ്യം കൊണ്ടല്ല, സ്നേഹംകൊണ്ട് ഹൃദയങ്ങളെ നേടാനും ഏവരേയും പൂർണ്ണതയുടെ വഴിയിലേക്ക് നയിക്കാനും അധികാരിക്ക് കഴിയണം. ചാവറയച്ചൻ അതുകഴിഞ്ഞു.

## ധാർമ്മികനായ മനുഷ്യൻ

ധർമ്മചിന്തയിൽ കേന്ദ്രീകൃതമാകാത്ത ഒന്നിനും സനാതനമായ നിലനില്പില്ല എന്നു ചരിത്രം തന്നെ സാക്ഷി. ധർമ്മനിഷ്ഠയും നീതിബോധവും ഒത്തിണങ്ങിയതായിരുന്നു ചാവറയച്ചന്റെ ജീവിതശൈലി. ധാർമ്മികത മാനുഷികഭാവത്തിന്റെ അടിസ്ഥാനഘടകമാണ്. ധർമ്മബോധം പോയ്പോയ വ്യക്തിയെ മനുഷ്യനായി ഗണിക്കാനാവില്ല. ധാർമ്മികനായ വ്യക്തി നിർഭയനാണ്, 'നിങ്ങളിൽ ആർക്ക് എന്നിൽ കുറ്റമാരോപിക്കാൻ കഴിയും?' എന്നു വെട്ടിത്തുറന്നു ചോദിക്കാൻ ഈശോയ്ക്കു സാധിച്ചതു് ഈ ധർമ്മനിഷ്ഠയുടെ പിൻബലത്തിലാണ്. വ്യക്തിവിദ്വേഷമോ വിഭാഗീയചിന്തയോ ഒരിക്കലും ചാവറയച്ചനെ സ്വാധീനിച്ചിരുന്നില്ല. ആരെയും തേജോവധം ചെയ്യാതിരിക്കാനും എതിരാളിയെപ്പോലും മാന്യതയോടെ സ്വീകരിക്കാനും അദ്ദേഹത്തിനു സാധിച്ചു. റോക്കോസ്മെത്രാനെതിരായി തിരുസിംഹാസനത്തിലേക്ക് എഴുതുമ്പോഴും അന്തോനിസിന്റെ സഭയിൽപ്പെട്ട സന്യാസികൾക്കെതിരായി എഴുതേണ്ടിവന്നപ്പോഴും ഇതു വ്യക്തമാണ്. ഇങ്ങനെ അയയ്ക്കപ്പെടുന്നവ

രുടെ സാന്നിദ്ധ്യം ചിലരുടെ ആത്മനാശത്തിനും ക്രിസ്ത്യാനികളുടെയിടയിൽ വഴക്കിനും പിളർപ്പിനും ഇടംകൊടുത്തുകൊണ്ട് ഉതപ്പിനു കാരണമായിത്തീർന്നു[19]. കമ്മലീത്ത ബന്ധം അത്ര സുഖമുള്ളതല്ലെങ്കിലും തന്റെ പെരുമാറ്റത്തിലോ കത്തിടപാടുകളിലോ യാതൊരു സ്നേഹക്കുറവും അദ്ദേഹം കാണിച്ചിട്ടില്ല. എപ്പോഴും അവരുടെ നേതൃത്വത്തിനു് എളിമയോടെ കീഴ്വഴങ്ങിയിരുന്നു.

എന്നാൽ വാതിലിൽക്കൂടി തൊഴുത്തിൽ കയറാത്തവൻ കള്ളയിടയനാകുന്നു എന്നും ആടിന്റെ വേഷംധരിച്ച ചെന്നായ് ആകുന്നു എന്നും റോക്കോസ് മെത്രാനെപ്പറ്റി സർക്കുലർ പള്ളികളിലേക്കയക്കാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടായിരുന്നു[20]. സഭയിൽ ന്യായമായ അധികാരിക്കു കീഴ്പ്പെട്ടിരിക്കാനും അധികാരിയിലൂടെ വരുന്ന ദൈവസ്വരം പൂർണ്ണമനസ്സോടെ സ്വീകരിക്കാനും എപ്പോഴും തയ്യാറായിരുന്ന അദ്ദേഹം. മറിച്ചുള്ളതെല്ലാം അദ്ദേഹത്തിന്റെ ധർമ്മചിന്തയ്ക്കു് എതിരായിരുന്നു.

കൊവേന്തകളുടെ തുടക്കക്കാരും മൂലക്കല്ലും ആയിരുന്ന തങ്ങളെ നോക്കിയാണു വരുംതലമുറകളെല്ലാം മാതൃക സ്വീകരിച്ചിരിക്കുന്നതു്. അതിനാൽ ഉത്തമജീവിതത്തിന്റെ സാക്ഷ്യം തുടങ്ങേണ്ടതു തങ്ങളാണു്. ലാഭനഷ്ടങ്ങളുടെ കണക്കുനോക്കാതെ അത്യുത്സാഹത്തിനു് ഇടം കൊടുക്കാതെ നിർഭയനായി മുന്നോട്ടു പോകുവാൻ ഈ ധർമ്മനിഷ്ഠയാൽത്തന്നെ അദ്ദേഹത്തിനു കഴിഞ്ഞു. താൻ ഉയർത്തിപ്പിടിച്ച ജീവിതസാക്ഷ്യത്തിന്റെ പരിണിതഫലങ്ങളും അദ്ദേഹം ഏറ്റുവാങ്ങി. ഇനിയും തന്റെ കുടുംബചട്ടത്തിലേക്കു നോക്കിയാൽ ധർമ്മചിന്തയിൽ അടിയുറച്ച ഒരു മനുഷ്യനെയാണു നാം കാണുക. കുടുംബത്തിലെ അംഗങ്ങളും പുലർത്തേണ്ട ധാർമ്മികതയുടേയും അയൽപക്കധർമ്മത്തിന്റേയും ഒരു വിശ്വാസപ്രമാണംതന്നെയാണു് അതു്. വഴക്കുള്ള തറവാട്ടു വേഗം നശിക്കും, സക്കാരിനെ വഴക്കു തീർപ്പാനായി ആശ്രയിക്കാതിരിക്കുക. പണമിടപാടുകളിൽ സൂക്ഷിക്കേണ്ട ധർമ്മചിന്ത, ബന്ധുക്കാരുടെ തിരഞ്ഞെടുപ്പു്, വീട്ടിൽ പരദൂഷണം പറയാതിരിക്കേണ്ടതിന്റെ ആവശ്യകത, അദ്ധ്വാനശീലം വ്യാപാരവ്യവസായത്തിലെ നീതിനിഷ്ഠ, വേലക്കാരോടു പുലർത്തേണ്ട നീതി, നല്ല വായനകൾ, വസ്ത്രധാരണം എന്നു തുടങ്ങി ഏറ്റവും നിസ്സാരകാര്യങ്ങൾപോലും അദ്ദേഹം എടുത്തുപറയുകയാണു്. ധാർമ്മികതയിൽ അടിസ്ഥാനചിട്ട ധാർമ്മികനായൊരു മനുഷ്യന്റെ ദൃഢതയുള്ള ധർമ്മദർശനം അദ്ദേഹത്തിന്റെ കത്തുകളിൽ ഉടനീളം കാണാം.

## മനഃശാസ്ത്ര സമീപനം

ഓരോരുത്തരെയും അവരായിരിക്കുന്നവിധത്തിൽ കാണാനും അംഗീകരിക്കാനും ചാവറയച്ചൻ കഴിഞ്ഞിരുന്നു. മേലധികാരികൾക്കും തന്റെ സഭാംഗങ്ങൾക്കും കന്യാസ്ത്രീകൾക്കും എഴുതുന്ന കത്തുകളിൽ വൈയക്തികസമീപനം കാണാം. മാന്നാനം കൊവേന്തയുടെ ഭരണകാര്യങ്ങൾ എഴുതുമ്പോൾ ഇതു വ്യക്തമാണു്. '400 രൂപ ഒന്നായിട്ടു ചെലവു ചെയ്യുകൂടാ – ഒരാണ്ടിൽ – ഇതിലധികം ചെലവു ചെയ്യുകൂടാ എന്നും കല്പിച്ചിട്ടില്ല ..... 400 നമേൽ പോകരുതു്'' [21]. തന്റെ തീരുമാനം ആരെയും വേദനിപ്പിക്കാതെ കാക്ശ്യമില്ലാതെ അവരെ അറിയിക്കുകയാണു്.

കന്യാസ്ത്രീകൾക്കുള്ള 3–ാം കത്തിൽ ശ്രേഷ്ഠത്തിയമ്മ എനിക്കും നിനക്കും ഇപ്പോൾ ഒരുവക ദീനമാകയാൽ ചികിത്സയും ഒന്നുതന്നെ ... എളുപ്പവഴി ഇതത്രെ [22]. ശ്രേഷ്ഠത്തിക്കും തനിക്കും സുഖമില്ല എന്നും അതിന്റെ പരിഹാരമാർഗ്ഗവും തുടർന്നു് എഴുതുകയാണു്.

അദ്ദേഹത്തിന്റെ കുടുംബചട്ടങ്ങളിലേക്കു കടന്നാൽ കുടുംബജീവിതത്തിന്റെ വിശദാംശങ്ങളിലേക്കു് ആഴ്ന്നിറങ്ങുന്ന ഒരു മനഃശാസ്ത്രവിദഗ്ധനെ കാണാൻ കഴിയും. മാതാപിതാക്കൾ മക്കളോടു പുലർത്തേണ്ട മനഃശാസ്ത്രസമീപനം വളരെ വിശദമായി കാണാം. 'കുഞ്ഞുങ്ങൾക്കു മനസ്സിലാവില്ല എന്നു വിചാരിച്ചു് അവരുടെ മുൻപിൽവച്ചു ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും പറയരുതു് [23]. കാരണവന്മാരുടെ കാഴ്ചയിൽ നിന്നകന്നു കൂട്ടുകാരോടുകൂടെ കൂട്ടികൾ കളിക്കാൻ പോകാൻ അനുവദിക്കരുതു്. അച്ചനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുതു്. കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ പാർക്കാൻ വിടരുതു്. കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീടിനകത്തുകൂടെയും നടത്തരുതു്. പ്രായത്തിനടുത്ത തൊഴിൽ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. പിള്ളപ്പട എന്നു പറയുന്ന വഴക്കു് ഉണ്ടാവരുതു്'' [24]. ഇന്നിന്റെ സംസ്കാരത്തിൽ ഈ വഴക്കുകൾക്കു പ്രശസ്തിയില്ലെന്നു ചിലരെങ്കിലും കരുതിയേക്കാം. എന്നാൽ ഇവയൊന്നും പാലിക്കപ്പെടാതെ പോയതിന്റെ ദുഷ്യഫലങ്ങൾ ആവോളം അനുഭവിക്കുന്ന ഒരു സമൂഹത്തിലാണല്ലോ നാം ഇന്നു ജീവിക്കുന്നതു്. ഒരു സമൂഹത്തിന്റെ ധാർമ്മികാധഃപതനം ആരംഭിക്കുന്നതു കുടുംബബന്ധത്തിന്റെ തകരാറിൽനിന്നാണു്. ഇതു മുൻകൂട്ടി കണ്ട ദാർശനി

കനെപ്പോലെ അദ്ദേഹം പറയുന്നു. കാരണവന്മാർ മരിക്കുന്നതിനു മുമ്പുതന്നെ മക്കളെ മാറി പാർപ്പിക്കണം. ബോധത്തിനു ബലക്ഷയം വരുന്നതിനു മുമ്പ് അവക്കു വസ്തുക്കൾ ഭാഗം ചെയ്തുകൊടുക്കണം[25]. കുടുംബഭദ്രതയുടെ മർമ്മം കണ്ടവനാണു ചാവറയച്ചൻ. കേരളക്കരയിൽ ഇന്നും കുറെയൊക്കെ നിലനില്ക്കുന്ന കുടുംബബന്ധ പവിത്രതയ്ക്കു കുടുംബചട്ടത്തിലെ ധാർമ്മികത ഏറെ സ്വാധീനമായിരുന്നു എന്നതിനു സംശയമില്ല. തിന്മ നിറഞ്ഞ ലോകത്തിൽ അതിലേക്കു ചായാനുള്ള സാഹചര്യം ഏറെയാണ്. ആ സാഹചര്യം ഒഴിവാക്കുക. നന്മയുടെവഴിയെ തീരെ ചെറുപ്പത്തിലെതന്നെ മക്കളെ നയിക്കുക[26]. ദൈവനാമം കുഞ്ഞുങ്ങൾക്കു പറഞ്ഞുകൊടുക്കാനും അവരെ കുമ്പസാരത്തിനൊരുക്കുവാനും സന്ധ്യാപ്രാർത്ഥന മുടങ്ങാതെ ഭക്തിയോടെ നടത്തുവാനും അതിനുശേഷം അപ്പന്റെയും അമ്മയുടെയും കൈ മുത്തി അവക്കു സ്തുതി ചൊല്ലണം. കൗമാരത്തിലേക്കും, യൗവനത്തിലേക്കും കടക്കുന്ന മക്കൾക്കു അവസരോചിതമായ ശിക്ഷണം നല്കാൻ മാതാപിതാക്കളെ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. ജീവിതാന്തസിന്റെ തിരഞ്ഞെടുപ്പ് ഇവിടെ പ്രത്യേക പരിഗണനയർഹിക്കുന്നു. വൈകാരിക പക്വതയോടെ മനഃശാസ്ത്രവിദഗ്ധന്റെ പ്രായോഗികബുദ്ധിയോടെ വിവിധ പ്രായക്കാരെ കാണുന്ന, മനസ്സിലാക്കുന്നഅവക്കു നിർദ്ദേശം നൽകുന്ന ഒരു മനുഷ്യനെയാണ് ഇവിടെ ചാവറയച്ചനിൽ നാം കാണുക.

## അഗതിസ്നേഹം

മാനുഷികഭാവത്തിന്റെ ഏറ്റവും ഉദാത്തമായ ഭാവമാണ് അഗതിസ്നേഹം. അഗതികളെയും രോഗികളെയും അവഗണിക്കപ്പെട്ടവരെയും നിരാലംബരെയും സഹോദരതുല്യം കാണാനും അവക്കു തമ്പുരാനെപ്പോലെ ശുശ്രൂഷ ചെയ്യാനും കഴിയുക ഇതാണല്ലോ ദൈവസ്നേഹത്തിന്റെ മാനദണ്ഡവും. 'നിങ്ങളിലും നിങ്ങളുടെ പള്ളിയിലും കരയിലും വീടുകളിലും ദൈവവാഴ്വും തിരുവുള്ളവും ഉണ്ടാകുവാനും നിലനിൽക്കാനുമുള്ള അടിസ്ഥാനം നിങ്ങൾ തുടങ്ങിയിരിക്കുന്നു. 'നന്മരണസഭ' ആയിരിക്കുന്നു[27].

വേദനിക്കുന്നവരിലും മരിച്ചുകൊണ്ടിരിക്കുന്നവരിലും ദൈവികത ദർശിക്കുന്നതാണു ശുശ്രൂഷാജീവിതത്തിന്റെ ഉജ്ജ്വലമാതൃക. മാനുഷികതയിലൂന്നിയ ദൈവസ്നേഹത്തിന്റെയും ഹൃദയൈക്യത്തിന്റെയും ഉദാത്തമായ മാതൃകയാണു കൈനകരിക്കാക്കേഴതിയ കത്തു

കം. പ്രത്യേകമായി ഉപവിശാലയ്ക്കുവേണ്ടി എഴുതിയ കത്ത്. ഈ കത്തിലൂടനീളം അശരണരും ദരിദ്രരും കഷ്ടപ്പെടുന്നവരുമായ സഹോദരങ്ങളെക്കുറിച്ചുള്ള വാ. ചാവറയച്ചന്റെ മനോഭാവം ദൃശ്യമാണ്. രോഗികളിലും അവശരിലും ക്രിസ്തുനാഥനെ ദർശിക്കാനും അവക്കു ചെയ്യുന്നതു ദൈവത്തിനുതന്നെയെന്ന ക്രിസ്തീയസ്നേഹത്തിന്റെ അടിസ്ഥാനപ്രമാണം പ്രാവർത്തികമാക്കാനും അവരെ ഉദ്ബോധിപ്പിക്കുന്നു. ദൈവോന്മുഖനായ ഒരു മനുഷ്യസ്നേഹിയുടെ ദീനാനുകമ്പ ഇവിടെ ഇതൾ വിരിയുന്നു. 'മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഏറ്റവും വലുതു മരണനേരത്തു ചെയ്യുന്നതത്രേ. ഏറ്റവും വലിയ ഉപവിയും ഇതാണ്. അതുകൊണ്ട് ഇതു് എത്രയോ വലിയ കാര്യവും എല്ലാ മനുഷ്യക്കും ആവശ്യമുള്ളതുംതന്നെ' [28].

തന്നെത്തന്നെ സ്നേഹിക്കുകയും ഒന്നാമതായി ദൈവത്തെ സ്നേഹിക്കുകയുംചെയ്യുന്നവക്കേ പൂർണ്ണഹൃദയത്തോടെ മറ്റുള്ളവരെയുംസ്നേഹിക്കാൻ സാധിക്കൂ. തന്റെയും കുടപ്പിറപ്പിന്റെയും ആത്മാവിനുവേണ്ടി അക്ഷീണം യത്നിക്കണം. നാളെയാകട്ടെ എന്നു കരുതി മാറ്റിവയ്ക്കുന്നവനു് ഒരിക്കലും നല്ലമരണം കിട്ടുകയില്ല. മരണമെന്ന മഹാകടൽ കടന്നു മോക്ഷത്തിൽ കടക്കാൻ കാരണമായാൽ ഇതിനു കാരണക്കാരനായവന്റെ ആത്മരക്ഷയും നിശ്ചയംതന്നെ [29].

ധർമ്മം ഇരന്നും സഹായപ്പെട്ടി വച്ചും ഉപവിശാല എന്ന പേരോടുകൂടി നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തു സ്ഥാപിച്ചു് അതിൽ ആരും പോരുമില്ലാത്ത ഒന്നുരണ്ടു ദീനക്കാരെയെങ്കിലും താമസിപ്പിച്ചു ഈ പുണ്യപ്രവൃത്തിയുടെ നിഴലെങ്കിലും നിങ്ങൾ കാട്ടിയാൽ ഈ പുണ്യവും മലയാളത്തിൽ നടപ്പാൻ ഇടവരും [30]. കേരളക്കരയിലെ മഹത്തായ ഒരു സംരംഭത്തിനു് അങ്ങനെ കൈനകരിയിൽ നാന്ദി കുറിക്കപ്പെട്ടു. സ്നേഹിക്കാനാരുമില്ലാത്തവരെ സ്വന്തമായി കരുതി സ്നേഹിക്കുവാനും അവക്കു ശുശ്രൂഷ ചെയ്യുവാനുമായി ചാവറയച്ചൻ തുടക്കമിട്ട ഈ സംരംഭം അദ്ദേഹത്തിന്റെ മനുഷ്യഭാവത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനമാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യൻ പരസ്പരം വേർതിരിവു കാണിക്കുകയും തൊടീലും തീണ്ടലും നിലനിൽക്കുകയും ചെയ്ത ജാതിസംസ്കാരത്തിന്റെ മദ്ധ്യത്തിലാണു ചാവറയച്ചന്റെ ഉപവിശാലാസംരംഭം എന്നതുതന്നെ അത്ഭുതാവഹമാണ്. ഇവിടെ യാതൊരു തരംതിരിവോ ജാതിവ്യത്യാസമോ ഇല്ല. മനുഷ്യനെന്ന ഒറ്റ ജാതിയേ

അദ്ദേഹത്തിനുള്ളൂ. സകല മനുഷ്യരെയുമാണ നന്മരണത്തിനായി സഹായിക്കുന്നതു[31]. കൈനകരിക്കാരുടെ സന്മനസ്സും ഉപവിശാലയുടെ സ്ഥാപനവും തുടന്ന കേരളത്തിലങ്ങോളമിങ്ങോളം ഉയന്നവന്ന അനാഥവേനങ്ങളും ഉപവിശാലകളും ചാവറയച്ചന്റെ വിശാലഹൃദയത്തിൽ വിരിഞ്ഞുനിന്ന മാനുഷികഭാവത്തിന്റെയും ദൈവികസ്നേഹത്തിന്റെയും പ്രതിഫലനവും സാക്ഷാത്കാരവുമാണ്. ആകാശപറവകളുടെ സംരക്ഷണത്തിൽ വരെ എത്തിനില്ലുന്ന ഈ ദീനാനുകമ്പയുടെ പ്രാരംഭം കൈനകരിയിലെ ആ ചെറിയ തുടക്കം തന്നെയായിരുന്നു.

## വിശുദ്ധനായ മനുഷ്യൻ

വിശ്രുതരെല്ലാം അമാനുഷിക വ്യക്തികളല്ല. പ്രകൃത്യതീതമായ ഏതെങ്കിലും ഗുണവിശേഷമോ അല്ല ഒരുവനെ വിശ്രുതനാക്കുന്നതു്. മനുഷ്യാസ്തിത്വത്തിന്റെ എല്ലാ യാതനകളും ഭാവഭേങ്ങളും സ്വന്തം ജീവിതത്തിൽ അനുഭവിച്ചവരാണ ദൈവികമനുഷ്യർ. വാ. ചാവറയച്ചനിലെ മനുഷ്യവ്യക്തിയെ തേടുമ്പോഴും ഈ വസ്തുത തന്നെയാണ തന്റെ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നതു്. വിശക്കുന്നവനു് അപ്പം നൽകിയും കരയുന്നവരുടെ കണ്ണീരൊപ്പിയും അദ്ധ്വാനഭാരത്താൽ വലയുന്നവക്കു് അത്താണിയാവുകയും പാപത്തിന്റെ ഭാരവും രോഗത്തിന്റെ വേദനയും തളർത്തിയവക്കു സമാശ്വാസം നൽകുകയും തന്നെത്തന്നെ മനുഷ്യമക്കൾക്കുവേണ്ടി അർപ്പിക്കുകയും ചെയ്ത ദൈവപുത്രനിലാണല്ലോ മാനുഷികതയുടെ പൂർണ്ണത കാണുക. എങ്കിൽ ഏതൊരു മനുഷ്യന്റെയും മനുഷ്യഭാവത്തിന്റെ അളവുകോലും നസ്രസിലെ മനുഷ്യപുത്രൻതന്നെ. സ്വയം നൽകുകയും എല്ലാവക്കുമായി തന്നെത്തന്നെ വ്യയം ചെയ്യാനായി ഭൂമിയിലവതരിക്കുകയും ചെയ്ത ആ നിത്യസ്നേഹമാണ ചാവറയച്ചന്റെയും സ്വയംദാനത്തിന്റെ നിദാനവും ചൈതന്യസ്രോതസ്സും.

## സമർപ്പിതനായ മനുഷ്യൻ

താനും തനിക്കുള്ളതുമെല്ലാം ദൈവത്തിന്റെ ദാനമാണെന്നും തന്റെ ജീവിതം മറ്റുള്ളവരുടെ നന്മയ്ക്കായി ചെലവഴിക്കപ്പെടേണ്ടതാണെന്നും ഉള്ള അവബോധത്തിൽ ആഴപ്പെട്ടുമ്പോഴാണ് ഒരുവന്റെ ജന്മം സാക്ഷാത്കരിക്കപ്പെടുന്നത്. തനിക്കുവേണ്ടി ഒന്നും ബാക്കിവയ്ക്കാത്ത നിസ്വാർത്ഥസ്നേഹവും അപരനുവേണ്ടിയുള്ള സ്വയംദാനവുമാണ് മനുഷ്യകുലത്തെ മഹനീയമാക്കുന്നത്. ഈ അർ

പ്പണത്തിലാണ് തിരുസ്സഭയിൽ സമർപ്പണ ജീവിതത്തിന് മൂല്യ മുണ്ടാവുക. അർപ്പണത്തിന്റെ ശ്രേഷ്ഠത സ്വയംദാനവും സംലഭ്യ തയുമാണ്. അധികം കൊടുത്തവനിൽ നിന്ന് അധികം ആവ ശ്യപ്പെടും; അല്പം ലഭിച്ചവനിൽനിന്ന് അല്പവും. തന്റെ അ നന്തരവനായ യൗസേപ്പച്ചനു ചാവറയച്ചൻ ഇങ്ങനെ എഴുതുന്നു. "സർവ്വേശ്വരൻ കാരണവന്മാക്കു കൊടുത്തതിൽ അധികനേരം എ നിക്കുതന്നു. അത് ദൈവത്തിന്റെ കൃപയാലേ എനിക്കുവേണ്ടി തന്നതല്ല, പിന്നെയോ മറ്റുള്ളവർക്കു വേണ്ടിയാണ്"[32]. കന്യാ സ്ത്രീകൾക്ക് വണക്കമാസ പുസ്തകം ഇല്ലാത്തതിന്റെ സങ്കടം മാ റ്റാൻ താൻ പെരുമാറിവരുന്ന "എന്തപീയൂഷം" എന്ന പുസ്തകം കൊടുത്തുവിടുന്നു; മുഴുവൻ ധ്യാനത്തിന്റെ പുസ്തകവും. തമിഴ് പ ഠിപ്പാനോ വായിപ്പാനോ ഏതു പുസ്തകം വേണമെന്നാൽ അതു കൊടുത്തുവിടാനുള്ള സന്നദ്ധത. തന്റെ കുടുംബാവകാശം ബന്ധു ക്കൾക്കു നൽകി വീടിനോട് യാത്രപറഞ്ഞ അദ്ദേഹം എന്നുമെ ന്നും ഒരു പങ്കുവയ്ക്കലിന്റെ ജീവിതമാണ് നയിച്ചിരുന്നതു്. A life for others എന്നു പറയത്തക്കവിധം അത്ര ശ്രേഷ്ഠമായ ത്യാഗജീവിതം. തന്റെ വ്യക്തിത്വം സമയം, കഴിവുകൾ, ആ രോഗ്യം, തന്റെ വിശ്വാസചൈതന്യം, പ്രാർത്ഥനാനുഭവം, തീ ക്ഷ്ണത, തിരുസ്സഭാസ്നേഹം എല്ലാം പകർന്നു നൽകുന്നതിനു സാക്ഷ്യങ്ങളാണ് കത്തുകളെല്ലാം. മലയാളക്കരയെ വിനയപൂർ വം സ്നേഹിച്ച ഒരു വ്യക്തിയാണദ്ദേഹം. തനിക്കറിയാവുന്നതും കേട്ടുകേൾവിയുള്ളതുമായ എല്ലാം തന്റെ ആത്മീയ മക്കൾക്കാ യി പകർന്നു നൽകുന്നു.

തന്റെ അവസാന നാളുകളിൽ കന്യാസ്ത്രീകളുടെ അടുത്ത് ചെല്ലുവാനും അവരെ വിശ്രുദ്ധിയിലും വിവേകത്തിലും വളർത്താ നും ഏറെ ആഗ്രഹിച്ചു. എങ്കിലും തന്റെ അനാരോഗ്യം അതി നു തടസ്സമായി നിൽക്കുന്നു. ഇന്നലെ ഒന്നു വരണമെന്നാഗ്രഹിച്ചു, എന്നാൽ തലവേദനയും ക്ഷീണവും കാരണം അറിയാതെ ഉറങ്ങി പ്പോകുന്നു[33]. എത്രക്കൊത്ത് പൈതങ്ങളോട് ഒരു ഗുണദോഷ വും പറയുന്നില്ല എന്നതുകൊണ്ട് എനിക്ക് വലിയ ക്ലേശം ഉണ്ട്. എന്നാൽ എന്റെ ശരീരം അനുവദിക്കുന്നില്ല. വിശ്രമമറിയാത്ത അദ്ധ്വാനവും തന്റെ കടമകളോടുള്ള അതിരറ്റ വിശ്വസ്തതയും അ ദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിപ്പിച്ചിരുന്നു. സംഭവബഹുലമാ

യ ആ ജീവിതം മുഴവൻ അർപ്പണമായിരുന്നു. മനസ്സിഷ്ടവും ചോരയും നീരുമെല്ലാം ആത്മസമർപ്പണത്തിന്റെ ബലിവേദിയിൽ കൃതാർത്ഥതയോടെ എരിഞ്ഞുതീർന്നു. ആ ജീവിതബലിയാണ്, ആ സ്വയംദാനമാണ് കേരളസഭയുടെ പിള്ളാല വളർച്ചയ്ക്കെല്ലാം നിദാനം. സഭയ്ക്കുവേണ്ടി പടപൊരുതിയ ആ കർമ്മയോഗിയുടെ ഭാഗധേയം ക്രൂശിതനായ കർത്താവിന്റേതുതന്നെയായിരുന്നു.

## അലൗകികനായ വ്യക്തി

നിങ്ങളുടെ ചിന്തകളും സദാ ഉന്നതങ്ങളിലേക്കുയർത്തുവിൻ എന്ന ദൈവവചനവാക്യം അർത്ഥവത്താക്കുന്നതായി കാണാം ചാവറയച്ചന്റെ ജീവിതം. ലോകബഹുമാനം, സ്തുതി, സ്ഥാനമാനങ്ങൾ, പ്രശസ്തി എന്നിങ്ങനെ ഏതു മനുഷ്യനെയും വീഴ്ത്തുന്ന മായികബന്ധങ്ങൾ അദ്ദേഹത്തിന്റെ കർമ്മപഥങ്ങളിൽ ഒരിക്കലും ബന്ധനങ്ങളായി കടന്നുവന്നിട്ടില്ല എന്നു പറയാവുന്നതാണ്. സ്നേഹിക്കുമ്പോഴും തിരുത്തുമ്പോഴും നൽവഴി പറഞ്ഞുകൊടുക്കുമ്പോഴും ഉപദേശിക്കുമ്പോഴും കെട്ടിടം പണിയുമ്പോഴും പണം കൈകാര്യം ചെയ്യുമ്പോഴും എന്നല്ല തന്റെ യൗവനത്തിലും വാർദ്ധക്യത്തിലുമെല്ലാം അദ്ദേഹത്തെ നയിച്ചിരുന്നത് ദൈവികമായ ലക്ഷ്യം മാത്രമായിരുന്നു. ദൈവമാണ് എന്റെ ഓഹരി എന്ന ദൃഢനിശ്ചയവുമായി തറവാടിന്റെ പടിയിറങ്ങിയ അദ്ദേഹം തന്റെ അന്ത്യവിനാഴികവരെ ഈ ആദർശത്തിന്റെ കാവല്ക്കാരനായി നിലകൊണ്ടു. ഏതു കത്തിലും ആർക്കെഴുതിയാലും ദൈവികതയുടെ പരിവേഷം ആ വാക്കുകളിൽ തെളിഞ്ഞുകാണാം.

ചാവറയച്ചന്റെ ഈ ആദ്ധ്യാത്മിക ചിന്തയെ അദ്ദേഹത്തിന്റെ മനുഷ്യത്വത്തിന്റെ യുഗാന്ത്യദർശനം എന്നു വിളിക്കാം.

ലൗകികമോ, ഭൗതികമോ, മാംസബദ്ധമോ ആയ സ്നേഹമല്ല യുഗാന്ത്യത്തിലുന്നിയ ദൈവൈക്യമാണ് ഈ സ്നേഹത്തിനു നിദാനം. എല്ലാവരെയും ഒന്നായിക്കാണുന്ന ആ നിത്യസ്നേഹാനുഭവത്തിലേക്കാണ് എല്ലാവരെയും അദ്ദേഹം കൈപിടിച്ചു നടത്തുന്നത്.

മനുഷ്യസ്നേഹത്തിന്റെ ഉത്കടമായ ഭാവങ്ങളിൽ ദൈവൈക്യത്തിന്റെ മഹനീയതയാണ് അദ്ദേഹം ദർശിക്കുന്നത്. "ഇപ്പോഴും നിങ്ങളുടെ സംബന്ധക്കാരെക്കാളും എന്നെയും അപ്രകാരം

ഞാൻ നിങ്ങളെയും സ്നേഹിപ്പാൻ എന്താണ് കാരണം? ആ കർത്താവ് നിന്നോട് ഞങ്ങൾ ഒന്നാകുന്നതുവരെ ഞങ്ങളിൽനിന്ന് അകലല്ലേ[34].

നിരന്തര ദൈവസാന്നിദ്ധ്യത്തിലുള്ള ജീവിതമാണ് ദൈവൈക്യത്തിന്റെ കാതൽ. കന്യാസ്ത്രീകൾ തങ്ങളുടെ മുറിയിൽ നിരന്തരമായ പ്രാർത്ഥനയിൽ കഴിയണം, കൂടാതെ 3–ാം കത്തിൽ പുണ്യാഭ്യാസത്തിന്റെ വിവിധ പ്രായോഗികവശങ്ങൾ പറയുന്നു. അമ്മത്രേസ്യാ പുണ്യവതി 7–ാം പദവിയിലെത്തി. അമ്മയുടെ മക്കൾ 5 അല്ലെങ്കിൽ 6 വരെ എങ്കിലും ചെല്ലണം. കർമ്മലചൈതന്യത്തിന്റെ ജീവനാഡിയായ ഏകാന്തതയും മൗനവും ധ്യാനവും കർമ്മലമക്കളുടെ അവകാശവും കടമയുമാണ്. ജ്ഞാനവായനയ്ക്കു തകർന്ന ഒരു പുസ്തകം കണ്ടെത്തിയപ്പോഴും അതിന്റെ പിന്നിൽ ദൈവപരിപാലനയുടെ ശക്തിയേറിയ കരം കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. നല്ല അപ്പന്റെ ചാവരുകളിലൂടെ നീളം യുഗാന്ത്യഭാവമാണ് മുഴച്ചു നിന്നത്. പ്രത്യേകിച്ച് നല്ല മക്കളുടെ വളർത്തൽ എന്ന ഭാവം. വിശുദ്ധിയിലും വിനയത്തിലും വിവേകത്തിലും വളർന്ന് ദൈവമനുഷ്യരായി അവർ വളരണം.

നന്മരണ സഖ്യസ്ഥാപനത്തിലും കുടുംബചട്ടങ്ങളിലും എല്ലാം കാണുന്നത് ഈ ദൈവോന്മുഖതയാണ്. പരോന്മുഖതയിലൂടെ എത്തിച്ചേർന്ന ഈ ആഴമേറിയ ദൈവൈക്യമാണ് അദ്ദേഹത്തെ ആദരണീയനും വിശുദ്ധനുമാക്കിയത്.

ലൗകികതയിലും ഭൗതികനേട്ടങ്ങളിലും മുഴുകിക്കഴിയുന്ന ഒരു കാലഘട്ടത്തിന് ദൈവികസ്നേഹത്തിന്റെ ഊഷ്മളത പകർന്നു നൽകാൻ ചാവറദർശനം നമുക്ക് കരുത്തേകും.

## സമഗ്ര വ്യക്തിത്വം (Integrated Personality)

സമഗ്രമായ വ്യക്തിത്വം ഉള്ളവനാണ് പൂർണ്ണമനുഷ്യൻ. മാനസിക, വൈകാരിക, ആദ്ധ്യാത്മിക, ബൗദ്ധിക തലങ്ങളെ സമന്വയിപ്പിക്കുന്നതിന് കഴിയുക, മനുഷ്യൻ എന്തായിരിക്കുന്നുവോ അതായിരിക്കുക അതാണ് മനുഷ്യത്വത്തിന്റെ പൂർണ്ണത എന്ന് പറയുന്നത്. ഒരുവന്റെ ചിന്ത അവികലമായിരിക്കുകയും ചിന്തിക്കുന്നതു പറയുവാനും പറയുന്നതു പ്രവർത്തിക്കുവാനും കഴിയുന്ന വ്യക്തിയെ പൂർണ്ണതയുള്ളവനെന്ന് പറയാം. (straight forward Person)

ആനുകാലിക പ്രശ്നങ്ങളെയും സാംസ്കാരിക പ്രവണതകളെയും വിവേചിച്ചറിയാനും അവയോട് ക്രിയാത്മകമായി പ്രവർത്തിക്കാനും പൂർണ്ണതയുള്ള ഒരു വ്യക്തിക്കേ കഴിയൂ. ദീർഘകാല വീക്ഷണത്തോടെ വസ്തുതകളും പ്ലാൻ ചെയ്യാനും തലമുറകൾക്കപ്പുറത്തേക്ക് എത്തുന്ന വിധത്തിലുള്ള പ്രസ്ഥാനങ്ങൾക്കും സംരഭങ്ങൾക്കും രൂപം നല്കുവാനും വാഴ്ത്തപ്പെട്ട ചാവറയച്ചനെ പ്രാപ്തനാക്കിയത് ഈ വിശാല വീക്ഷണമാണ്. ആദ്ധ്യാത്മികതയിൽ അടിത്തറയിടാത്തയാതൊന്നും നിലനില്ക്കയില്ലെന്ന് അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു.

രാഷ്ട്രീയവും സാമുദായികവും സാമൂഹികവും മതപരവുമായ എല്ലാ രംഗങ്ങളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. ഒരു ശരാശരി മനുഷ്യന്റെ ചിന്താധാരയെക്കാൾ ഉയർന്നതും പരിപക്വവുമായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണഗതി. ആ സമഗ്ര വ്യക്തിത്വത്തിന്റെ അടിസ്ഥാനം അദ്ദേഹത്തിൽ ഉറച്ചിരുന്ന ഈശ്വരചിന്തയായിരുന്നു. നാം വേല എടുപ്പിക്കുക, പണം തമ്പുരാൻ തരും, ഇതെല്ലാം നമ്മുടെ വകയല്ല, പിന്നെയൊ ഈശോമിശിഹായുടെ പത്രമേനിയത്രേ.[35] കൂലി കൊടുക്കാൻ കാശില്ലാത്ത കന്യാസ്ത്രീകളെ സാന്ത്വനിപ്പിക്കുന്ന വിധമാണിത്. കേരളക്കര മുഴുവനും ഈശോമിശിഹായുടെ പത്രമേനിയായിക്കണ്ട് കൂലിയെപ്പറ്റി ചിന്തിക്കാതെ വേല ചെയ്യുവനാണദ്ദേഹം വിശക്കുമ്പോൾ വിശക്കുന്നു എന്നുപോലും തള്ളയോട് പറഞ്ഞറിയിപ്പാൻ വശമില്ലാത്ത കുഞ്ഞുങ്ങൾ ഉറങ്ങികിടന്നാലും, ഉണർന്നു മുലപ്പാൽ ഊട്ടുന്ന അമ്മയുടേതുപോലുള്ള ദൈവികസ്നേഹം അദ്ദേഹം സദാ അനുഭവിച്ചിരുന്നു, ദൈവപരിപാലനയുടെ ശക്തമായ സംരക്ഷണയിൽ തന്റെ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ അനുഭവങ്ങളിലും ദൈവത്തുക്കരം കാണുക അദ്ദേഹത്തിന് സ്വഭാവികം മാത്രമായിരുന്നു. മാതാവിന്റെ നാമത്തിൽ വല വീശിയിട്ട് ഇതുവരെയും വെറുതെ വലിച്ചുകയറിയിട്ടില്ല എന്ന തന്റെ അനുഭവം[36] അദ്ദേഹം വിവരിക്കുന്നു.

ക്രാന്തദർശിയും അനുഭവസമ്പന്നമായ അദ്ദേഹം സാധാരണക്കാരായ ജനങ്ങളുടെ മനോഗതം മനസ്സിലാക്കാൻ അതീവനിപുണനാണെന്ന് 'ആലോചന' എന്ന പേരിൽ[37] ഉള്ള കുറിപ്പ് വ്യക്തമാക്കുന്നു. മലയാളക്കാർക്ക് എന്തുകൊണ്ടാണ് ബാബേലി

നോട് സ്നേഹം എന്ന് അദ്ദേഹം കാരണസഹിതം വ്യക്തമാക്കുന്നുണ്ട്. മലയാളക്കാർക്കു സ്വന്തഭാഷയിൽ ആരാധനക്രമവിധികളും സ്വന്തം മെത്രാനും ഉണ്ടായാൽ പ്രശ്നം തീരുമെന്ന് പലപ്രാവശ്യം അദ്ദേഹം ആവർത്തിക്കുന്നുണ്ട്.

തന്റെ ചിന്തയിലും സംസാരത്തിലും അല്ല, ശരീരത്തിന്റെ ഓരോ ചലനത്തിലും ശ്വാസത്തിൽപോലും ഈശ്വരസാമീപ്യം അനുഭവിച്ചിരുന്ന ദൈവകേന്ദ്രീകൃതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ചാവറയച്ചന്റെ മറ്റെല്ലാ സിദ്ധികളേക്കാളും മഹിമയേറിയതും ഇതുതന്നെയാണ്. ഒരു യഥാർത്ഥ ദൈവമനുഷ്യനായിരുന്നു അദ്ദേഹം. ഈ ദൈവികതയുടെ അനുഭവത്തിലേയ്ക്ക് തന്നോടൊപ്പം ജീവിതയാത്ര ചെയ്തവരെ അദ്ദേഹം കൂട്ടിക്കൊണ്ടുപോയി. എല്ലാ വൈയക്തിക ബന്ധങ്ങളിലും മാനുഷികതയുടെ ഊഷ്മളഭാവത്തിൽ തന്നെ ദൈവികത പകർന്നു നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. ത്രിത്വാത്മക സ്നേഹത്തിന്റെ സ്വയംദാനമാണ് അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നത്. സ്ഥലകാലങ്ങളുടെ വേലിക്കെട്ടുകളെ അതിലംഘിച്ച് അദ്ദേഹത്തിന്റെ ചൈതന്യം പ്രഭവിതരുന്നതിന്റെ കാരണവും അതുതന്നെയാണ്. ചാവറയച്ചനെ ബാബേൽ വിരോധിയെന്നും ലത്തീനീകരണത്തിന്റെ കാരണക്കാരനെന്നും വിളിക്കുന്നവരുണ്ട്. എന്നാൽ അത് അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ കാലഘട്ടത്തിന്റെ പ്രത്യേകതയെയോ വേണ്ടവിധം ഗ്രഹിക്കാത്തതുകൊണ്ടാണ്. തനിമയുള്ള ഒരു ആരാധനാക്രമമോ പക്വതയാർന്ന സഭാവിജ്ഞാനീയമോ സ്വന്തമായി ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ഒരു ജനതയെ ബോധവത്കരിക്കുക എന്നത് തീർത്തും വൈഷമ്യമേറിയതാണ്. കേരളമക്കളെ ദൈവികതയിലേക്ക് വളർത്താനും അവർക്ക് പാരമ്പര്യമായി കിട്ടിയ വിശ്വാസവെളിച്ചം കെടാതെ സൂക്ഷിക്കുവാനുമാണ് അദ്ദേഹം എന്നും ശ്രദ്ധിച്ചത്. സ്വന്തമായിട്ടൊരു മെത്രാനെയോ സ്വന്തം ഭാഷയിലുള്ള കർമ്മവിധികളെയോ ഒന്നും പ്രദാനം ചെയ്യാത്ത ബാബേലിന്റെ ദീർഘകാല ഭരണം സാക്ഷാൽ അടിമത്തമാണെന്നും പല തിന്മകൾക്കും അത് കാരണമാക്കിയെന്നും മനസ്സിലാക്കിയ സാഹചര്യത്തിൽ പാടുള്ളിടത്തോളം സ്വയംചെയ്യാനാണ് അദ്ദേഹം മുതിർന്നത്. സഭാസ്നേഹം നിറഞ്ഞുനില്ക്കുന്നതാണ് അദ്ദേഹം സഭാധികാരികൾക്ക് എഴുതിയ ഓരോ കത്തും. അധികാരവിധേയത്വവും സമർപ്പണബോധ

വും വിനീതമാക്കിയ ആ കർമ്മപഥങ്ങളിൽ സത്യവിരുദ്ധമോ, അനീതിപരമോ ആയ യാതൊന്നും കടന്നുവന്നിട്ടില്ല. ദൈവത്തിലേക്കു തിരിഞ്ഞിരിക്കുന്ന ഒരു മനുഷ്യനെ – പൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേയ്ക്ക് വളരുന്ന ഒരു മനുഷ്യനെ – യാണ് അദ്ദേഹത്തിൽ നാം കാണുന്നത്.

## ഉപസംഹാരം

മനുഷ്യനും മനുഷ്യഭാവങ്ങൾക്കും വിലയിടിവ് സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണല്ലോ നമ്മുടേത്. വ്യക്തിബന്ധങ്ങൾക്കും സ്നേഹപ്രകടനങ്ങൾക്കും സമയം ഇല്ലാത്ത ഒരവസ്ഥ. ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള തിരക്കും ബദ്ധപ്പാടുമാണ് എവിടെയും കാണുക. തിരക്കിനിടയിൽ നഷ്ടമാകുന്ന വൈകാരികതലങ്ങളെക്കുറിച്ച് പലർക്കും ചിന്തിക്കാനാവുന്നില്ല. മക്കൾക്കായി സ്വത്ത് സമ്പാദിക്കുമ്പോൾ നഷ്ടപ്പെടുന്ന മക്കളുടെ ജീവിതങ്ങൾ, അവഗണിക്കപ്പെടുന്ന ധാർമ്മിക മൂല്യങ്ങൾ, കേട്ടുകേൾവിയാകുന്ന അയൽപക്കബന്ധം, ചരിത്രത്തിലേയ്ക്ക് തള്ളപ്പെടുന്ന കുടുംബസ്നേഹങ്ങൾ, കുടുംബപ്രാർത്ഥനകൾ ഇവയെക്കുറിച്ച് ബോദ്ധ്യമേറിയതുകൊണ്ടാണല്ലോ അന്താരാഷ്ട്ര കുടുംബവർഷവും ശ്രുതകളിൽ കുടുംബനവീകരണ വർഷവും സഭ ആചരിച്ചത്. ബാല്യത്തിന്റെയും കൗമാരത്തിന്റെയും പിള്ളത്തൊട്ടിലിൽ നഷ്ടമാകുന്ന വ്യക്തിത്വത്തെ തിരിച്ച് പിടിക്കാനും കരുത്തുറ്റ ഒരു സമൂഹത്തിന് രൂപംകൊടുക്കാനും രാഷ്ട്രവും സഭയും തീവ്രയത്നത്തിലാണ്. ഇവിടെയാണ് മനുഷ്യഭാവങ്ങൾക്ക് മാറ്റ് കൂട്ടുക. മനുഷ്യനിലെ മഹത്വം കാണാനും അംഗീകരിക്കാനും വ്യക്തിജീവിതത്തിൽ നിറവും മണവും പകരുന്ന ഊഷ്മളവികാരങ്ങൾക്ക് ഇരിപ്പിടം നൽകാനും ചാവറയച്ചന്റെ മഹനീയ വ്യക്തിത്വം നമുക്ക് സഹായകമാകും. തന്റെ കത്തുകളിലൂടെ കാലഘട്ടങ്ങളോട് സംസാരിക്കുന്ന കേരളക്കരയുടെ പിതാവാണ് അദ്ദേഹം. സ്നേഹിക്കാനും ശാസിക്കാനും തെറ്റുതിരുത്താനും നേർവഴി കാണിക്കാനുമായി തന്റെ തൂലിക ചലിപ്പിക്കുകയാണദ്ദേഹം. മറെന്തിനേക്കാളും മനുഷ്യനും വ്യക്തിബന്ധങ്ങൾക്കും ദൈവമനുഷ്യസമാഗമത്തിനും ഊന്നൽ നൽകുന്ന ഒരു ഉദാത്ത സംസ്കാരത്തിന്റെ വക്താക്കളാകാനുള്ള ആഹ്വാനം അദ്ദേഹത്തിന്റെ കത്തുകളിൽ മുഴങ്ങുന്നുണ്ട്. തിരക്കേറിയ ഔദ്യോഗിക ജീവിതത്തിനി

ടസ്റ്റ് മറന്നുപോകുവാനും അവഗണിക്കുവാനും സാദ്ധ്യതയുള്ള നിസാര സംഗതികളെപ്പോലും സ്പർശിക്കുന്നവയാണാ കത്തുകൾ. അവികലമായ ഉൾക്കാഴ്ചയും, സ്വതാര്യമായ സ്വരണകളും സ്വന്തമായി കാത്തുസൂക്ഷിച്ചുകൊണ്ട് തന്നിലെ മനുഷ്യഭാവത്തെ സമ്പന്നമാക്കുന്ന ഏതൊരാളും താനിടപെടുന്നവരുടെ മഹത്വവും ഉയർത്തിക്കാണിക്കുകയാണ്. മനുഷ്യരെല്ലാം ദൈവമക്കൾ എന്ന ആ മഹനീയദർശനം സ്വന്തമാക്കാൻ, നമ്മിലെ മാനുഷികഭാവങ്ങളെ ഉണർത്താൻ, അന്യന്റെ മാനുഷികതയെ ബഹുമാനപൂരസ്സരം അംഗീകരിക്കാൻ അങ്ങനെ ദൈവികത രുചിച്ചറിയാൻ ചാവറയച്ചന്റെ കത്തുകളിലെ മനുഷ്യഭാവങ്ങൾ നമ്മെയും പ്രാപ്തരാക്കട്ടെ. കാലഘട്ടങ്ങളുടെ പോരായ്മകളും പ്രശ്നങ്ങളും അപ്പോൾ നമ്മുടെ സ്വന്തമാകും. അവിടെ ദാർശനികദൃഷ്ടിയോടെ കർമ്മപഥങ്ങളിൽ മനുഷ്യത്വം മരവിച്ചവർക്ക് അത്താണിയാകാനും മനുഷ്യനാകാനും മനുഷ്യരാക്കാനും നമുക്കു കഴിയും.

## അടിക്കുറിപ്പുകൾ

1. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കത്തുകൾ. എഡി. റവ. ഡോ ലൂക്കാസ് വിത്തുവെട്ടിക്കൽ സി.എം.ഐ. 1982 മാന്നാനം
   P. 147
2. ,, ,, P. 100
3. ,, ,, P. 100
4. ,, ,, P. 107
5. ,, ,, P. 112, 113
6. ,, ,, P. 116
7. ,, ,, P. 116
8. ,, ,, P. 99
9. ,, ,, P. 88, 99, 100
10. ,, ,, P. 103
11. ,, ,, P. 134
12. ,, ,, P. 90, 94
13. ,, ,, P. 20
14. ,, ,, P. 29
15. ,, ,, P. 90
16. ,, ,, P. 93
17. ,, ,, P. 95

| | | | |
|---|---|---|---|
| 18. (a) | ,, | ,, | P. 94 |
| 18. (b) | ,, | ,, | P. 94 |
| 19. | ,, | ,, | P. 11 |
| 20. | ,, | ,, | P. 133 |
| 21. | ,, | ,, | P. 63 |
| 22. | ,, | ,, | P. 109, 110 |
| 23. | ,, | ,, | P. 148 |
| 24. | ,, | ,, | P. 148 – 150 |
| 25. | ,, | ,, | P. 150 |
| 26. | ,, | ,, | P. 148 – 149 |
| 27. | ,, | ,, | P. 153 |
| 28. | ,, | ,, | P. 154 |
| 29. | ,, | ,, | P. 158 |
| 30. | ,, | ,, | P. 161 |
| 31. | ,, | ,, | P. 163 |
| 32. | ,, | ,, | P. 107 |
| 33. | ,, | ,, | P. 116 |
| 34. | ,, | ,, | P. 114 |
| 35. | ,, | ,, | P. 113 |
| 36. | ,, | ,, | P. 81 |
| 37. | ,, | ,, | P. 10 |

അദ്ധ്യായം 11

# ചാവറക്കുത്തുകളിലെ സന്യാസദർശനം

സി. ലിസ്യ തെരേസ് സി.എം.സി.

**ആമുഖം**

സന്യാസജീവിതത്തെക്കുറിച്ച് തിരുസ്സഭയിലാകമാനം വലിയ ചലനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. കഴിഞ്ഞ സിനഡിന്റെ വിഷയം 'സന്യാസജീവിതം – സഭയിലും ലോകത്തിലും അതിന്റെ ധർമ്മം' എന്നതായിരുന്നു. തിരുസ്സഭ മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക് കടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പ്രതീക്ഷയോടെ സന്യാസികളിലേയ്ക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. കാരണം മറ്റൊന്നുമല്ല, സന്യസ്തർ കൂടുതൽ സ്വാതന്ത്ര്യത്തോടെ ക്രിസ്തുവിനെ പിഞ്ചെല്ലുവാനും അവിടുത്തെ അനുകരിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു. സഭയിൽ ക്രിസ്തുവിന്റെ മുഖഛായ വ്യക്തമാക്കിക്കൊടുക്കുന്നവരാണ് സന്യാസികർ.

സന്യസ്തർക്ക് സഭയിലും ലോകത്തിലുമുള്ള അവരുടെ ദൗത്യത്തെക്കുറിച്ചും അവരുടെ ദൈവവിളിയുടെ ശ്രേഷ്ഠതയെക്കുറിച്ചും ഏറ്റവും മനോഹരമായ നിർവ്വചനങ്ങളും, ഉദ്ധരണികളും രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ നല്കുന്നുണ്ട്. "സർവ്വവിശുദ്ധിയുടെയും ഉറവിടവും നിദാനവും ഏകവും അവിഭക്തവുമായ പ. ത്രിത്വത്തിന്റെ മഹത്വം ക്രിസ്തുവിലും, ക്രിസ്തുവഴിയായും പ്രാപിക്കുകയായിരിക്കണം അവരുടെ ജീവിതലക്ഷ്യം. സർവ്വോപരി തിരുസ്സഭയുടെ വിശുദ്ധിയുടെ പൂർണ്ണവികാസമായിരിക്കട്ടെ അവരുടെ ലക്ഷ്യം". ചുരുക്കത്തിൽ ത്രിത്വകേന്ദ്രീകൃതമായ അന്തരംഗജീവിതത്തിന് പ്രാധാന്യം നല്കിയതോടൊപ്പം സന്യാസജീവിതത്തിന്റെ സഭാത്മകവും പ്രേഷിതോന്മുഖവുമായ ആഭിമുഖ്യത്തിന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നൽ നൽകി. "സുവിശേഷോപദേശങ്ങളെ അവ ലക്ഷ്യമാക്കുന്ന ഉപവി വഴിയാ

യി അവയുടെ ഉപാസകരെ തിരുസ്സഭയോടും അവളുടെ പരിപാവന രഹസ്യങ്ങളോടും പ്രത്യേകവിധം യോജിപ്പിക്കുന്നു. ഇക്കാരണത്താൽ അവരുടെ ആദ്ധ്യാത്മികജീവിതം തിരുസ്സഭ മുഴുവന്റെയും ആദ്ധ്യാത്മികോന്നമനത്തിനായി പ്രതിഷ്ഠിക്കപ്പെടേണ്ടതാവശ്യമാണ്'' എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ എടുത്തു പറഞ്ഞു. രണ്ടാം വത്തിക്കാൻ കൗൺസിൽ രൂപം കൊള്ളുന്നതിനു ഒരു നൂറ്റാണ്ടു മുമ്പുതന്നെ കൗൺസിലിൽ സന്യാസജീവിതത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും നടപ്പിൽ വരുത്തിയ സന്യാസാചാര്യനാണ് വാഴ്ത്തപ്പെട്ട ചാവറപ്പിതാവു്. സി. എം.ഐ., സി.എം.സി. സമൂഹങ്ങൾക്കു് ജന്മമേകുമ്പോൾ വ്യക്തമായ സന്യാസദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സന്യാസദർശനം വ്യക്തമാക്കുന്നവയാണു് പല വകുപ്പുകളിൽപ്പെട്ടവക്കായി അദ്ദേഹം എഴുതിയിട്ടുള്ള കുത്തുകളെല്ലാം. സഭാംഗങ്ങൾക്കുള്ള കുത്തുകൾ, പൊതുസങ്കടുകൾ, കന്യാസ്ത്രീകൾക്കുള്ള കുത്തുകൾ എന്നിവയാണു് ഇതിൽ പ്രധാനപ്പെട്ടതു്.

## വാ. ചാവറപ്പിതാവിന്റെ സന്യാസദർശനം

### 1. കുടുംബദർശനം

വാ. ചാവറപിതാവിന്റെ സന്യാസദർശനത്തെക്കുറിച്ചു് ഒറ്റവാക്കിൽ പറഞ്ഞാൽ അതൊരു കുടുംബദർശനമാണെന്നു് പറയാം. ഒരു കൂട്ടായ്മയുടെ ദർശനമാണു് അദ്ദേഹത്തിന്റെ സന്യാസദർശനത്തിൽ മിഴിവാർന്നു നില്ക്കുന്നതു്. അദ്ദേഹം സഭാംഗങ്ങൾക്കെഴുതിയ ചാവരുകളിൽ പറയുന്നു: ''എത്ര കൊവേന്തകളുണ്ടായാലും ഒരു വീടു്, ഒരമ്മയുടെ ഉദരത്തിൽ നിന്നു് പിറന്നു, ആ തള്ളയുടെ പാൽകുടിച്ചു വളർന്നവർ എന്നതിൻവണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിനു് ഒരിക്കലും ഭേദം വരുത്തരുതു്'' (കുത്തുകൾ IV 4). സന്യാസജീവിതത്തിന്റെ അടിസ്ഥാനമായി അദ്ദേഹം കാണുന്നതു് ഈ ബന്ധമാണു്. ദൈവത്തോടും, സഹജരോടും, തന്നോടു തന്നെയും അഭേദ്യമായി ബന്ധപ്പെട്ടിരുന്ന ഒരു വ്യക്തിയുടെ സന്യാസജീവിതസൗഭാഗ്യത്തിന്റെ പങ്കുവയ്ക്കലാണു് അദ്ദേഹത്തിന്റെ കുത്തുകളിലെല്ലാം നാം കാണുന്നതു്. ദൈവത്തോടുള്ള അദ്ദേഹത്തിന്റെ ബന്ധത്തെക്കുറിച്ചു് പരിശോധിച്ചാൽ തന്നിൽ തന്നെ ഈ കൂട്ടായ്മയുടെ ദർശനം അദ്ദേഹം വളർത്തിയെടുത്തിരുന്നു എന്നു് കാണാം. 'തിരുക്കുടുംബത്തിന്റെ ആഹാകുറിയാക്കോസു്

ഏലിയാസച്ചൻ' എന്നാണ് ചില കത്തുകളുടെയെല്ലാം അവസാനം അദ്ദേഹം ഒപ്പിട്ടിരിക്കുന്നത് (കത്തുകം V 1). 'തിരുക്കുടുംബത്തിന്റെ.....' എന്നുള്ള തന്റെ പേരു് അദ്ദേഹം അനുചർത്ഥമാക്കിയിരുന്നു എന്നു് കാണാം. താൻ അനുഭവിച്ചിരുന്ന നിരന്തരമായ ഈ സഹവാസത്തിലേയ്ക്കു് മറ്റുള്ളവരേയും അദ്ദേഹം ക്ഷണിച്ചിരുന്നു എന്നതിൽ നിന്നു് നമുക്കിത് മനസ്സിലാക്കാം (കത്തുകം VII 8). 'എന്റെ പ്രിയ കുഞ്ഞുങ്ങളെ കുടപ്പിറപ്പുകളെ' എന്നിങ്ങനെയാണു് കത്തുകളിൽ അദ്ദേഹം സംബോധന ചെയ്യുന്നത്. പിതൃവാത്സല്യമാണു് ഈ കത്തുകളിലെല്ലാം നിറഞ്ഞുനില്ക്കുന്നത്. ഇങ്ങനെ കുടപ്പിറപ്പുകം ഒന്നിച്ചുപാർക്കുന്ന പുണ്യസങ്കേതങ്ങളും, ചെറിയ മോക്ഷങ്ങളുമാണു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സന്യാസഭവനങ്ങം (കത്തുകം VI 1, 4). ഈ പുണ്യസങ്കേതത്തിന്റെ സമാരംഭകൻ ദൈവമാണു് എന്ന യാഥാർത്ഥ്യവും അദ്ദേഹം മനസ്സിലാക്കി. ''പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുണ്യാത്മാക്കളുടെ സങ്കേതവുമായിരിക്കുന്ന ഈ കൊവേന്തകളെ''നും (കത്തുകം VI 1), സ്നേഹിക്കപ്പെട്ട കുടപ്പിറപ്പുകളെ, നാം നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യർ ഉണ്ടാക്കിയതല്ല, പിന്നെയോ തമ്പുരാൻ എത്രയോ പുരുമകളാൽ ഇതിനെ സ്ഥാപിക്കുകയും, നടത്തുകയും ചെയ്തു (കത്തുകം VI 1) എന്നും അദ്ദേഹം പറയുന്നു. തങ്ങം എളിമപ്പെട്ട കൂട്ടമാണെന്നും ദൈവമാണു് പുണ്യസങ്കേതത്തിൽ ഭരണം നടത്തുന്നതെന്നും അനുഭവിച്ചറിയുന്നതുവഴി ബന്ധങ്ങം ആത്മീയതലത്തിലേക്കുയരുന്നു. സ്വാർത്ഥത കലരാത്ത സ്നേഹത്തിന്റെ പങ്കുവയ്ക്കലാണു് ഇവിടെ നടക്കുന്നത്; സാവ്ത്രികസ്നേഹത്തിന്റെ അഥവാ അരൂപിയിൽ ഒന്നുചേർക്കപ്പെടുന്ന ഒരു കുടുംബത്തിന്റെ അനുഭവമാണു് ഈ പുണ്യസങ്കേതങ്ങളിലുള്ളത്. കന്യാസ്ത്രീകൾക്കുള്ള കത്തുകളിൽ അദ്ദേഹം പറയുന്നു: ''നമ്മം തമ്മിൽ എന്തു ബന്ധം. നിങ്ങം എവിടെ കിടക്കുന്നു. നിങ്ങളെ ഞാൻ അറിയുമോ? ഇപ്പോം നിങ്ങളുടെ സംബന്ധക്കാരേക്കാം എന്നെയും അപ്രകാരം ഞാനും സ്നേഹിപ്പാൻ എന്താ കാരണം'' (കത്തുകം VII 6) പുണ്യസങ്കേതങ്ങളിൽ ദൈവത്തോടൊത്തു് സഹവസിക്കുന്നതിന്റെ ഫലമായി ദൈവം മനുഷ്യനാകുന്ന മനുഷ്യാവതാര പ്രക്രിയ, സ്വയം ശൂന്യവല്ക്കരിക്കുന്ന സ്നേഹം മാനുഷികതയിലൂടെ പുറത്തുവരുന്നതാണു് ഇവിടെ നാം കാണുന്നത്. സ്വന്തം സഹോ

ദരങ്ങൾക്ക് അദ്ദേഹം ഒരപ്പനും, സഹോദരനുമായിരുന്നു. സന്യാസ സഹോദരിമാർ ആത്മീയമക്കളുമായിരുന്നു. മധുരമാവുകളും (കത്തുകൾ V 8) മധുരമാങ്ങയും, മുളകും (കത്തുകൾ VII 8) മറും പിതൃവാത്സല്യത്തോടെ കൊടുത്തവിടുന്ന മാനുഷികത മുറിനിറുന്ന ഒരപ്പനെയാണ് ചാവറപിതാവിൽ നാം കാണുന്നത്. ഉപവി ആറിപ്പോകാതിരിക്കാൻ പങ്കുവയ്ക്കണമെന്ന തത്വമാണ് അദ്ദേഹം പഠിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു: "ഈ സ്നേഹം എപ്പോഴും കുറഞ്ഞുപോകാതിരിക്കാനായിട്ട് ഓരോരോ കൊവേന്തയുടെ ആവശ്യങ്ങൾ അന്വേഷിച്ച് നടത്തുന്നതിലേക്കായിലും താല്പര്യമായിട്ട് മറ്റ് കൊവേന്തയുടെ വികാരിമാരും അപേക്ഷിക്കുന്ന കാര്യങ്ങളെ നടത്തിക്കൊടുക്കാൻ ശ്രമിക്കുകയും, കണക്കുകൾ തമ്മിൽ തമ്മിലുള്ള ആലോചനയിൽ കൂടുമ്പോൾ അന്യോന്യമുള്ളത് തീർക്കുവാൻ ജാഗ്രതവയ്ക്കുന്നതല്ലാതെയും ഈ ഉപവി ആറിപ്പോകായ്വാൻ ആണ്ടിനകത്ത് പലപ്പോഴും തക്ക ആവശ്യമില്ലെങ്കിലും വികാരിമാർ തമ്മിൽ എഴുത്തുകളെ അയച്ച് അതാതു കൊവേന്തകളുടെ കൂടപ്പിറപ്പുകളുടെ സൗഖ്യവർത്തമാനങ്ങളെ അറിയുകയും അറിവിക്കുകയും ആവശ്യങ്ങൾ ഉണ്ടായിരുന്നാൽ നടത്തുകയും വേണം." (കത്തുകൾ VI 4). ഇപ്രകാരം സ്വയം വിസ്മരിക്കുകയും മറ്റുള്ളവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്യുന്നവരുടെ സങ്കേതങ്ങളാണ് പുണ്യസങ്കേതങ്ങൾ. അദ്ദേഹം പറയുന്നു: 'ഞാൻ ദൈവത്തെ ഓർത്തു. എന്റെ വീടും സംബന്ധക്കാരേയും വേർപിരിഞ്ഞു. ഇന്ന് ഇതാ ഞാൻ അർണാട്ടുകര കൊവേന്തയിൽ ഇരുന്ന് എഴുതുന്നു. എന്റെ സ്വന്തം വീടും, മക്കളും എന്നതിനേക്കാൾ അധിക സ്നേഹമുള്ള കൂടപ്പിറപ്പുകൾ ഇന്ന് ഇവിടെയുണ്ട്. നാളെ കുന്നമ്മാവുകൽ ചെന്നാലും അങ്ങനെതന്നെ പിന്നെ കർമ്മലയിലും – മാന്നാനത്തിലും എവിടെ ചെന്നാലും ഒരുപോലെ സ്നേഹം കാട്ടുന്നു" (കത്തുകൾ IX 7).

തിരുക്കുടുംബം, പുണ്യസങ്കേതമായ കുടുംബം എന്നതുപോലെതന്നെ അദ്ദേഹം ബന്ധപ്പെട്ടിരുന്ന ഒരു കുടുംബമാണ് കർമ്മലകുടുംബം. താൻ സ്ഥാപിച്ച പുണ്യസങ്കേതം കർമ്മലകുടുംബത്തോട് ബന്ധപ്പെട്ടിരിക്കുന്നതിൽ അദ്ദേഹം സന്തോഷിച്ചു. തന്റെ മരണപത്രികയിൽ അദ്ദേഹം പറയുന്നു: "പ്രിയമുള്ള കുഞ്ഞുങ്ങളെ, നാം സർവ്വേശ്വരന്റെ വിശേഷ കൃപയാൽ ദൈവമാതാവിന് എത്രയും

ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ട. എന്നാൽ ഇത് ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടത്ത വിചാരത്താലല്ലായെന്ന് ഇത് കടലാസ്സ് എന്ന് കാണംവണ്ണം കണ്ടുറച്ചിരിക്കുന്നു''. (കത്തുകാം IV : 4) കർമ്മലീത്താ നിഷ്പാദുക സഭയുടെ അധികാരികാംക്കുള്ള കത്തുകളിൽ 'അമ്മയുടെ മക്കാം' എന്നാണ് തന്റെ സന്ന്യാസസമൂഹാംഗങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നത്. (കത്തുകാം : IV 1, 2)

**2. ഓർമ്മയുടെ ജീവിതം** (പുണ്യസങ്കേതത്തിൽ ദൈവം നമ്മെ ഓക്കുന്നു; നാം ദൈവത്തേയും)

ദൈവം നമ്മെ ഓക്കുന്ന അനുഭവമാണ് പുണ്യസങ്കേതത്തിൽ നിന്നും നമുക്കു ലഭിക്കുന്നത്. ആ പ്രിയമുള്ള കുഞ്ഞുങ്ങളെ, സർവ്വേശ്വരൻ നമ്മുടെ കർത്താവ് എങ്ങനെ നമ്മുടെ കാര്യങ്ങളെ വിചാരിച്ച് നടത്തുന്നു.' (കത്തുകാം VII : 11) 'ആ എന്റെ കർത്താവെ, നീ ഈ വണ്ണം പുഴക്കളം ഒന്നും തിരിയാത്തവരും പശിച്ചാൽ പശിക്കുന്ന എന്ന് തള്ളയോട് പറഞ്ഞറിയിപ്പാൻ കൂടെയും വശമില്ലാത്ത കുഞ്ഞുങ്ങാം ഉറങ്ങിക്കിടന്നാലും ഉണർത്തി മുലപ്പാൽ ഊട്ടുന്ന എന്ന വണ്ണമുള്ള പൈതങ്ങളായ നമുക്ക്'' (കത്തുകാം VII : 10) ''കൂലി കൊടുക്കാൻ പണമില്ലല്ലൊ എന്ന് നിങ്ങാം വിചാരിക്കേണ്ട'' (കത്തുകാം VII : 5) എന്നൊക്കെ പറയുമ്പോാം ദൈവം നമ്മെ നിരന്തരം ഓർത്തുകൊണ്ടിരിക്കുന്നു; അവിടുത്തെ നിരന്തരമായ ഓർമ്മയുടെ വിഷയമാണ് നാം എന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു. ഇപ്രകാരം ദൈവം നമ്മെ ഓർത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു എന്നത് അവിടുത്തെ ഏറ്റവും വലിയ ദാനമാണ്. സന്യാസ ദൈവവിളി ഏറ്റവും വലിയ ദാനമാണ് എന്ന അനുഭവമാണ് ചാവറപിതാവിനുണ്ടായിരുന്നത്. കത്തുകാം V : 14–ൽ സന്യാസത്തിൽ ആദർശപരമായി ജീവിക്കുന്നതിനും സ്വന്തം ദൈവവിളി പരിപോഷിപ്പിക്കുന്നതിനും തന്റെ അനന്തരവനായ യൗസേപ്പച്ചനെഴുതുന്ന കത്തിൽ ദൈവം തനിക്ക് നല്കിയ വിശിഷ്ട ദാനമാണ് തന്റെ ദൈവവിളി എന്ന് വ്യക്തമാക്കുന്നുണ്ട്. ദൈവം തന്നെ പ്രതിഷ്ഠിച്ച് മാറ്റി നിർത്തിയിരിക്കുന്നുവെന്നും ആ പ്രതിഷ്ഠമറ്റുള്ളവർക്കുവേണ്ടിയാണെന്നുമുള്ള ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. 'എന്നാൽ സർവ്വേശ്വരൻ കാരണവന്മാക്ക് കൊടുത്തതിൽ അധികം എനിക്ക് തന്നു. ആയത് ദൈവത്തിന്റെ അധിക കൃപ

യാലെ എനിക്കുവേണ്ടി തന്നത് തന്നെയല്ല. പിന്നെയൊ മറ്റുള്ള വർക്കു വേണ്ടിയും.' അതുകൊണ്ട് സന്യാസികൻ ദൈവത്തെയും സഹോദരങ്ങളേയും ഓർക്കണമെന്ന് പറയുന്നു: 'പ്രിയമുള്ള മക്കളെ നമ്മിൽ ഒരുത്തരും പട്ടിണികൊണ്ടും ലോകത്തിൽ പൊറുതിയില്ലാഞ്ഞിട്ടും അല്ല കൊവേന്തയിൽ കൂടിയത്..... ഇനി നമ്മുടെ മടി ഉപേക്ഷയാലെ നാം തമ്പുരാനെ ഉപേക്ഷിക്കുമെങ്കിൽ എത്രയോ അബദ്ധം, എത്രയോ ഭ്രാന്ത്.'' (കത്തുകൾ VI : 1)

ഇങ്ങനെ ദൈവം നമ്മെ ഓർക്കുന്നതിനേറയും നാം ദൈവത്തെ ഓർക്കുന്നതിനേറയും ജീവിതമാണ് സന്യാസജീവിതമെങ്കിൽ അത് അവശ്യം സഹോദരങ്ങളിലേയ്ക്കും തിരിയുന്നു. കൂടപ്പിറപ്പുകളെ ഓർക്കുന്ന ജീവിതമാണിത്. മരണപത്രികയിൽ പറയുന്നു: 'എന്നാൽ ഒന്ന് ഓർത്തുകൊള്ളുവിൻ. നമ്മുടെ കാരണവന്മാർ നെസ്റ്റോറിയസിന്റെ ഇടക്കുട്ടിൽ ആകാതിരിക്കാൻ മെനേസിസ് മെത്രാപ്പോലീത്താ അച്ചനും പോർട്ടുഗീസ് രാജധാനിയിൽ നിന്നും എശ്രുവിത്തക്കാരും നമ്മെപ്രതി ചെയ്ത ഉപകാരം നാം ഓർപ്പാൻ കടം... പെ.ബ. ബർണ്ണദീനോസ് മെത്രാപ്പോലീത്താച്ചൻ, പീലിപ്പോസ്, മർസലീനോസ്, ലെയോപ്പോൾദ് എന്നീ നാല് ആളുകളും വഴിയായി ഈ ശ്രുദ്ധമാക്കപ്പെട്ട സഭയിൽ നമ്മെ ചേർക്കുകയും പൈതങ്ങളെ ഈ പഠിത്തങ്ങൾ പഠിപ്പിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തതിനാൽ...ഈ നാലുപേരേയും പ്രത്യേകം നമ്മുടെ ജപങ്ങൾ, നന്ദിയാൽ ഓർപ്പാൻ കടമായിരിക്കുന്നു''.

പരിധികളും, പരിമിതികളും വയ്ക്കാത്ത ഓർമ്മയുടെ ജീവിതമാണ് പുണ്യസങ്കേതത്തിലുള്ളവർ നയിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ക്ഷമിക്കുന്ന സ്നേഹത്തിലൂടെ എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു കുടുംബം. അതാണ് സന്യാസഭവനങ്ങൾ. തന്നെ കള്ളക്കേസിൽ പ്രതിയാക്കിയ വ്യക്തിയെ ഓർമ്മിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: 'മാന്നാനത്ത് കൊവേന്തക്കാര് മുട്ടുചിറ ഇടവകയിൽ മാഞ്ഞൂര് കളപ്പുരയ്ക്കൽ മാത്തൻ എന്നയാളിന്റെ തറവാടിന് കഴിയുന്ന ഉപകാരം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കുള്ള ഒന്നാമത്തെ മാതൃകയാകും. രണ്ടാമത് തയ്യിൽ, പെരുമാലിൽ ഈ രണ്ട് വീട്ടുകാര് ഇതിന് ഇരിപ്പിടം തന്നവരാകയാൽ ഇവരേയും കർത്താവിങ്കൽ എന്നും അനുപക്കി

ടുത്ത ഉപവിയാൽതന്നെ കടപ്പെട്ടിരിക്കുന്നു. അപ്രകാരം തരക നേയും കല്ലുക്കാരനേയും അമ്പഴക്കാട്ടുകാർ അമ്മക്കായി തന്ന ഇട്ടപ്പിനേറയും ഓർമ്മക്കാരാകണം.'

ഇങ്ങനെയുള്ള ഓർമ്മയുടെ ജീവിതം ആഴത്തിൽ നയിക്കുവാൻ ക്രിസ്തുകേന്ദ്രീകൃതമായ സന്യാസജീവിതം നയിക്കണമെന്നു ചാവറപിതാവു പഠിപ്പിക്കുന്നു. കാരണം ക്രിസ്തുവാണു നമ്മെ ഏറ്റവുമധികമായി ഓർത്ത ദൈവമനുഷ്യൻ. അഥവാ ക്രിസ്തുവിലൂടെയാണു ദൈവം മനുഷ്യനെ ഓർത്തതു്. ദൈവം നമ്മെ ഓർമ്മിക്കുന്നതിനു നിരന്തരം പ്രത്യുത്തരമേകാൻ നാമും ക്രിസ്തുവിലേക്കു തിരിയേണ്ടിയിരിക്കുന്നു.

## 2. സന്യാസം: ക്രിസ്തുവിന്റെ സ്നേഹത്തിൽ പാർക്കലാണ്; അവിടുത്തോടുകൂടി വീഞ്ഞറയിൽ പ്രവേശിക്കലാണ്.

പുണ്യസങ്കേതത്തിലുള്ളവർ ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിൽ വളരണം. ക്രിസ്തുവിലൂടെയാണു പരി. ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്കു് അവർ വളരേണ്ടതു്. ഇങ്ങനെയുള്ള വ്യക്തിപരമായ ബന്ധത്തെക്കുറിച്ചു സിസ്റ്റേഴ്സിനുള്ള കത്തുകളിൽ ധാരാളമായി പ്രതിപാദിക്കുന്നുണ്ടു്. 'ഈശോമിശിഹായുടെ മണവാട്ടികം, മഹാരാജസ്ത്രീകം' എന്നൊക്കെയാണു സിസ്റ്റേഴ്സിനെ സംബോധന ചെയ്യുന്നതു് (കത്തുകം VII 2). ഇപ്രകാരമുള്ള ബന്ധത്തിലേക്കു വളരാനും അദ്ദേഹം ഉപദേശിച്ചു തരുന്ന മാർഗ്ഗം 'ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ; തന്റെ അരികെ നടപ്പിൻ; തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ' എന്നതാണു് (കത്തുകം VII:6). സ്നേഹത്തിൽ പാർക്കുകയും എപ്പോഴും അരികെ നടക്കുകയും സുഹൃദ്സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്യുന്നതുവഴി യേശുവുമായുള്ള സുഹൃദ്ബന്ധം വർദ്ധിക്കുകയും ആത്മാവു ദൈവവുമായുള്ള ആത്മീയവിവാഹത്തിലേക്കും ഉടമ്പടിബന്ധത്തിലേക്കുമൊക്കെ പ്രവേശിക്കുകയും ചെയ്യുന്നു. ഇതിനെക്കുറിച്ചാണു കത്തുകം VII: 6-ൽ പറഞ്ഞിരിക്കുന്നതു്: 'അപ്പോഴത്തെ ഈ മണവാട്ടിയെ വീഞ്ഞുമുറിയിൽകയറിക്കുറെ പകൽ കൊടുക്കും. തുടക്കം അല്പം. ഇതിനെ രസിക്കുമ്പോൾ മണവാളന്റെ പേച്ചു തിരിഞ്ഞുതുടങ്ങും...മണവാളൻ സന്തോഷിച്ചു മണവാട്ടിക്കു ചില ആഭരണങ്ങളും നൽകും' (കത്തുകം VII: 8).

അമ്മത്രേസ്യ പറയുന്ന ആഭ്യന്തരഹർമ്മ്യത്തിന്റെ ഏഴാംപടവി വരെ മക്കളായ നാമും എത്തണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. പുണ്യസങ്കേതത്തിലുള്ളവർ മാനസികപ്രാർത്ഥനയിലൂടെ താദാത്മ്യപ്പെടലിന്റെ ജീവിതം നയിക്കണമെന്ന വ്യക്തമാക്കുന്ന അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധേയങ്ങളാണ്.

1. 'ആ എന്റെ കുഞ്ഞുങ്ങളെ, ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം' (കത്തുകൾ VII: 6).

2. 'അപ്പോഴൊ, എപ്പോഴും തന്നെ അല്ലാതെ മറ്റു സ്നേഹം നിങ്ങൾക്കുണ്ടോ എന്നും എന്തു നിങ്ങൾക്കാവശ്യം എന്നും എപ്പോഴും നിങ്ങളുടെകൂടെ അകത്തും പുറത്തും സൂക്ഷിച്ചു നടക്കുന്ന നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോക്കുവിൻ' (കത്തുകൾ VII: 7).

3. 'ഇങ്ങനെ ഒരു ക്ഷണനേരവും നിങ്ങളുടെ സമീപെനിന്നു മാറാതെ നില്ക്കുന്ന. നിന്നെ സന്തോഷിപ്പിക്കണം., നീ തന്നെ സ്നേഹിക്കണം എന്നു മാത്രം തന്റെ ആഗ്രഹം' (കത്തുകൾ VII: 6).

4. 'ആ കർത്താവെ, നിന്നോടു ഒന്നു ഞങ്ങൾ ആകും വരെ ഞങ്ങളിൽനിന്നു് അകലല്ലെ' (കത്തുകൾ VII: 6). ഇങ്ങനെ ചാവറയച്ചൻ വ്യക്തിപരമായി എഴുതുന്ന കത്തുകൾ പരിശോധിച്ചാൽ ക്രമാനുഷ്ഠാനങ്ങൾക്കു് എന്നതിനെക്കാൾ ആദ്ധ്യാത്മികാനുഭവത്തിനും ആന്തരികതയ്ക്കുമാണു പ്രാധാന്യം നൽകുന്നതെന്നു കാണാം. നിയമങ്ങളും ക്രമങ്ങളും കാക്കുന്ന ബാഹ്യമായ ഒരു പുണ്യപരിവേഷത്തിനല്ല ദൈവസന്നിധിയിൽ നിരന്തരം വസിക്കുകയും അവിടത്തോടു സൗഹൃദസംഭാഷണം നടത്തുകയും ചെയ്യുന്നതു വഴി ഉള്ളിൽനിന്നു പുറപ്പെടേണ്ട സ്നേഹാനുഭവത്തിനാണു് അദ്ദേഹം പ്രാധാന്യം നൽകുന്നതു്.

## 4. വായന, പഠനം, ഏകാന്തം എന്നിവയ്ക്കു പ്രാധാന്യം നൽകുന്ന പുണ്യസങ്കേതം

പുണ്യത്തിന്റെ മുകളിൽ കരേറുവാനും കരേറിയിടത്തുനിന്നു വീഴായ്വാനും തന്റെ ആത്മീയമക്കൾക്കു നൽകുന്ന ഉപദേശങ്ങളിൽ വായന, പഠനം, ഏകാന്തം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചു പറയുന്നു. പഠനനിഷ്ഠയും ധ്യാനനിഷ്ഠയും പുലർത്തുന്ന സമൂഹ

ങ്ങളാണ പുണ്യസങ്കേതങ്ങം (കത്തുകം VII: 8). ഇതിന സഹായകമാണ് ഏകാന്തം. 'ഏകാന്തം എന്നതിനാൽ അല്ലാതെ നമ്മുടെ അന്തസ്സിൽ മധുരവും കടവും അറിഞ്ഞു നടത്തുവാൻ പാടില്ല. ആയതിനാൽ ആവശ്യം നിർബന്ധിക്കുന്ന എങ്കിലല്ലാതെ സ്വന്തം മുറിയിൽ നിന്ന പുറപ്പെടായ്വാൻ സൂക്ഷിക്ക' (കത്തുകം VII: 2). കൊവേന്തസ്ഥാപനത്തെക്കുറിച്ചു ചങ്ങനാശ്ശേരി വികാരി ചെറിയാൻ കത്തനാക്കു് എഴുതുന്ന കത്തിൽ അദ്ദേഹം പറയുന്നു: 'ചന്തയിൽ ഉണ്ടാകുന്ന ആരവം കേൾക്കായ്വാൻ തക്കവണ്ണം ചന്തയിൽനിന്നു് അകന്നിരിക്കണം' (കത്തുകം VIII: 2). സന്യാസഭവനങ്ങളിൽ ഏകാന്തതയുടെ അന്തരീക്ഷമുണ്ടാകുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഏകാന്തത്തിന്മേൽ സന്തോഷിക്കണം (കത്തുകം VII: 8). വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിൽ സന്തോഷമാകും. ഇതിനെതിരായി സന്യാസഭവനങ്ങളിൽ കാണുന്ന പ്രവണതയാണ പഴയതെയുള്ള സംസാരം. ഇതേക്കുറിച്ചു് അദ്ദേഹം പറയുന്നു: 'മുടക്കപ്പെട്ട നേരങ്ങളിൽ വർത്തമാനം പറയുന്നതും ഓരോരോ കൊവേന്തകളുടെ വർത്തമാനങ്ങളം അറിയുന്നതിനും രണ്ടുപേർ തമ്മിൽ കാണുമ്പോം സംസാരം തുടങ്ങുന്നതും ആകമാന നടപ്പായിരിക്കുന്നു' (കത്തുകം VI: 1).

## 5. ക്രമവും വെടിപ്പുമുള്ള പുണ്യസങ്കേതം

ഉപവി, എളിമ, വെടിപ്പ്, ശുശ്രൂഷ ഇവ നാലും സുഖമായാൽ ലോകമൊക്കെയും സുഖമായതിൻവണ്ണം ആകുകയും ചെയ്യും' (കത്തുകം VII: 2) എന്നാണ താൻ സ്വപ്നം കാണുന്ന പുണ്യസങ്കേതത്തെക്കുറിച്ചു് അദ്ദേഹം പറയുന്നതു്. 'ഓരോരുത്തരും അവനവന്റെ ഉത്തരവാദിത്വങ്ങം ഭംഗിയായി നിവ്വഹിക്കണം. യാതൊരുത്തരും അല്പനേരവും വെറുതെ കളയായ്വാൻ ഉത്സാഹിക്ക' (കത്തുകം VII: 5), കണക്കുകം, നാളാഗമങ്ങം എന്നിവ മടികൂടാതെയും മുടക്കംകൂടാതെയും ചെയ്യുക (കത്തുകം VII: 1,7). എന്നിങ്ങനെയുള്ള ഉപദേശങ്ങളിലൂടെ കൃത്യനിഷ്ഠ, വെടിപ്പ് മുതലായ പുണ്യങ്ങൾക്കു് അദ്ദേഹം പ്രാധാന്യം നൽകുന്നു. ഇവയെല്ലാം സന്യാസത്തിൽ കൂടം ബാര്യപിയെ കാത്തുസൂക്ഷിക്കാൻ സഹായകമാണ്.

## 6. എളിമ, ചൊൽവിളി, ഉപവി എന്നിവയ്ക്കായി ഉത്സാഹിക്കുന്ന സമൂഹം

ചാവറപിതാവ് പലപ്പോഴായി ആവർത്തിക്കുന്ന ഒരു കാര്യമാണ് എളിമ, ചൊൽവിളി, ഉപവി എന്നിവയ്ക്കായി ഉത്സാഹിക്കുക എന്നത് (കുത്തുകം VII : 5, VI : 2) ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നയർത്ഥത്തിലാണ് ഈ പദങ്ങളും ഉപയോഗിച്ചിരിക്കുന്നത്. ദാരിദ്ര്യത്തിന്റെ കാതലായ അംശം എളിമയാണ്; സ്വന്തം നിസ്സാരത ഏറ്റു പറഞ്ഞ് ദൈവമഹത്വം പ്രകീർത്തിക്കുന്ന അവസ്ഥാവിശേഷമാണിത്. ചൊല്ലുവിളി എന്നത് പേരുചൊല്ലി വിളിക്കലാണ്; ഉപവിയാകട്ടെ സമ്പൂർണ്ണമായ സ്നേഹത്തിന്റെ ഭാവവും. ഈ പുണ്യങ്ങളും നിരൂപണയാൽ മാത്രം വിചാരിച്ചാൽ പോരാ, പ്രവൃത്തിയിൽ നിറവേറണം എന്ന് പറയുന്നു. പുണ്യസങ്കേതത്തിലുള്ളവർ തങ്ങളുടെ ഉത്തരവാദിത്വങ്ങളും വേണ്ടതുപോലെ നിർവ്വഹിക്കാത്തപ്പോഴും പുണ്യങ്ങളും നിരൂപണയാൽ മാത്രം വിചാരിക്കുമ്പോഴും വരുന്ന പാളിച്ചകളെക്കുറിച്ച് അദ്ദേഹം പറയുന്നു: 'ഇതാ ഇപ്പോഴും കുറെക്കാലമായിട്ട് എളിമ, ചൊല്ലുവിളി, ഉപവി, സന്യാസ അടക്കം, പട്ടാംഗയുള്ള ഭക്തി എന്നിവ എല്ലാവർക്കും നിറവേറുവാനുള്ള പുണ്യങ്ങളെപ്പോലെ അല്ലപിന്നെയൊ നമുക്ക് അസാദ്ധ്യമായതും ആവശ്യമില്ലാത്തതും പുണ്യവാളന്മാർക്ക് മാത്രം കൊള്ളാവുന്നതുമായ പുണ്യങ്ങളായി വിചാരിച്ച് ഒരു ഭയം കൂടാതെയും ഹൃദയക്കടി കൂടാതെയും ആ പുണ്യങ്ങൾക്കു നേരെ വിരോധമായിട്ട കാട്ടുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് നടപ്പായി വന്നിരിക്കുന്നു.'' ഈ മൂന്ന് പുണ്യങ്ങളോടും വിശ്വസ്തത പുലർത്താതിരിക്കുമ്പോൾ സന്ന്യാസജീവിതത്തിന് വിലയിടിയുന്നതായി അദ്ദേഹം പറയുന്നു, അതുകൊണ്ട് തുടക്കക്കാരെന്ന നിലയിൽ സഭയുടെ ചൈതന്യം നിലനിർത്തുവാനാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. സഭയുടെ ആദിമചൈതന്യത്തോട് എന്നുമെന്നും വിശ്വസ്തത പുലർത്തേണ്ടതാവശ്യമാണ്. ഇത് നഷ്ടപ്പെടുമ്പോൾ ലൗകികാത്മാവ് സഭയിൽ കടന്നുകൂടുന്നു. ലൗകികകാഴ്ചപ്പാട് മൂലയിലെ നുള്ളിക്കളയണം. (അമ്മത്രേസ്യ:-.....) സാധാരണഗതിയിൽ കടന്നുവരാവുന്ന ലൗകികാത്മാവിനെക്കുറിച്ച് അദ്ദേഹം പറയുന്നു. ഏതാനും ഉദാഹരണം മാത്രമെടുത്താൽ:-

1. അത്രപിക്കടുത്ത വർത്തമാനങ്ങളെ പറയുന്നത് നാണയത്തിനടുത്ത സംഗതി ആയി സന്യാസിക്കടുത്ത അടക്കവും ഭക്തിക്കടുത്ത നടപ്പും ബുദ്ധിയില്ലാത്ത ഭോഷന്മാരുടെ നടപ്പായിത്തീർന്നു.

2. യാത്രയുടെ കാലം സ്വാതന്ത്ര്യത്തിന്റെ കാലമായി കാണുന്നു.

3. സ്വന്തം സുഖവും സ്വന്തം ആഗ്രഹങ്ങളും പൂജിക്കുന്നു.

4. കൊവേന്ത വസ്തുക്കളും, കോപ്പുകളും തലവൻ കല്പിക്കുന്നില്ലെങ്കിൽ സ്നേഹത്തിന്റേയും കൂട്ടത്തിന്റേയും ന്യായത്താലെ താല്പര്യമായി സൂക്ഷിക്കുന്നവർ ചുരുക്കമായിരിക്കുന്നു.

5. പലരും ആത്മഫലം കൂടാതെ വേലയെടുക്കുന്നു.

6. നൊവിസ്യാത്തിൽ നിന്നും പുറപ്പെട്ടപ്പോഴും തൊടൽ പൊട്ടിച്ച് സ്വാതന്ത്ര്യമായി മുൻപിലത്തെ ഗുണദോഷങ്ങളും നല്ല കണ്ട പാഠത്തവും മറന്ന് ആയിരം ദിഷ്ടതിയുള്ളവരായി ഭാവം വച്ച് കീഴ്വഴങ്ങുവാൻ മടി, എളിമപ്പെടുവാൻ അറിഞ്ഞുകൂടാ സ്വന്ത ബോധവും സ്വന്തമനസ്സും പോലെ നടപ്പാൻ പ്രയാസപ്പെട്ട വരുന്നു.

7. സ്വന്തം താല്പര്യം മാത്രം നോക്കി അനുസരിക്കുന്നു. 'ഇപ്പോഴും തലവൻ കാലദീർഘത്തോടുകൂടി ചെയ്യാനുള്ള ഒരു കാര്യം കല്പിച്ചാൽ വീണ്ടും വീണ്ടും ഓർപ്പിക്കയും കല്പിക്കയും ചെയ്യാതെ ആ കാര്യം നടക്കുന്നതല്ല.

ഇങ്ങനെ ഓരോരുത്തരും വ്രതജീവിതത്തോട് അവിശ്വസ്തത കാണിക്കുമ്പോഴാണ് പുണ്യത്തിന്റെ കണ്ണാടികളായിരിക്കേണ്ട സന്യാസഭവനങ്ങൾ നശിക്കുന്നത്. കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല, പിന്നെയൊ അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു. അതുകൊണ്ട് ഈ മൂന്നു പുണ്യങ്ങളിലും ആഴപ്പെടുന്ന തോതനുസരിച്ചേ സന്യാസജീവിതം അർത്ഥവത്താകുകയുള്ളു. എളിമ: സ്വന്തം സുഖം തേടാതിരിക്കലാണ്; ലൗകികവസ്തുക്കളോടേയും സ്വാർത്ഥാഭിലാഷങ്ങളോടേയും ഉപേക്ഷയാണ്. യഥാർത്ഥത്തിൽ എളിമയുള്ള വ്യക്തിയുടെ മനോഭാവം "എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്ക് എല്ലാം സാധിക്കും' (കൊളോ V:14) എന്നതായിരിക്കും.

## ചൊല്ലുവിളി

'സന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ മൃഗവനായി ഉപേക്ഷിച്ച് കണ്ണും ചെവിയും ഇല്ലാത്ത ചൊൽവിളിയത്രെ''. (കത്തുകാം VI : 4) വൈദികമേലദ്ധ്യക്ഷന്മാരോടും സഭയിലെ അധികാരികളോടും, സ്വന്തം സമൂഹത്തിലെ ഓരോ അംഗത്തോടും ഇങ്ങനെ മൂന്നുപദവിയിലും ഒരുപോലെ ചൊൽവിളികാക്കുന്നവർ ആരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രസിക്കും.'' ചൊല്ലുവിളി സ്നേഹത്തിന്റെ ഭാഷയാണ്. നാം പുണ്യസങ്കേതങ്ങളിലേയ്ക്ക് കടന്നുവന്നിരിക്കുന്നത് സ്വന്തം മനസ്സ് നടത്തുവാനും ബോധിക്കുന്ന തലവന്മാർക്ക് കീഴ്വഴങ്ങാനുമാണെങ്കിൽ നമ്മുടെ ചൊൽവിളിയും കാവ്യരുടെ ചൊൽവിളിയും തമ്മിൽ വലിയ അന്തരമൊന്നുമില്ല. അതുകൊണ്ട് പുണ്യസങ്കേതത്തിലുള്ളവർ തലവനെ ഈശോമിശിഹാ ആയിട്ട് വിചാരിക്കണം. (കത്തുകാം VI : 1) കൂടപ്പിറപ്പുകാം തമ്പുരാനെയും അവിടുത്തെ തിരുമനസ്സിനേയും മാത്രം അന്വേഷിക്കുമ്പോഴാണ് എല്ലായിടത്തും സൗഖ്യവും സന്തോഷവും കണ്ടെത്താൻ സാധിക്കുന്നത്. തെറ്റുകാം തിരുത്താതെ കീഴുള്ളവരുടെ ഇഷ്ടംപോലെ നടക്കട്ടെ എന്നു കരുതുമ്പോാം ദൈവതിരുമുമ്പാകെ അധികാരികാം തങ്ങളുടെ കടമകാം നിർവ്വഹിക്കുന്നില്ല. പുണ്യസങ്കേതത്തിൽ അധികാരികാംക്കുള്ള കടമകളെ അനുസ്മരിപ്പിച്ചുകൊണ്ട് ക്രമംപോലെ നടക്കാത്തവരെ ശിക്ഷിക്കുമെന്ന് ചാവറയച്ചനും ലെയാപ്പോാംദച്ചനും കൂടി എഴുതിയ കത്തിൽ പറയുന്നു.

## ഉപവി

ചൊല്ലുവിളി എന്നത് സ്നേഹമാണെങ്കിൽ ആ സ്നേഹം ശത്രുമിത്രഭേദമെന്യെ ഒഴുക്കിക്കൊടുക്കുന്ന ഉപവിയുടെ പൂർണ്ണതയാണ് ബ്രഹ്മചര്യവ്രതം. ചാവറപിതാവ് എഴുതി വച്ചിട്ടുള്ള മരണപത്രികയിൽ നിന്നും ഇക്കാര്യം ഉദ്ധരിച്ചുകഴിഞ്ഞതാണല്ലൊ.

## 7. പരസ്പരം ഉണരപ്പെട്ടവരാക്കുന്നവരുടെ സങ്കേതങ്ങൾ

ജരാർദ്ദ മൂപ്പച്ചനുമൊരുമിച്ച് എഴുതുന്ന കത്തിൽ 'നിങ്ങാം സദാ ഉണർന്നിരിക്കുവിൻ' എന്നുള്ള കർത്താവിന്റെ തിരുവചനങ്ങളെ അനുസ്മരിപ്പിക്കുന്നു. 'നമ്മുടെ ബലക്ഷയത്താൽ മന്ദിച്ചുപോകാതെ കൂടെ കൂടെ ഉണർത്തി ചൂടുപിടിപ്പിക്കുന്നു' (കത്തുകാം VI: 2). ഇതി

ന് അധികാരികളുടെ ഭോഗത്തുനിന്നും ചെയ്യുവാൻ കാണിച്ചുതരുന്നതു ഗുണദോഷവാക്കുകളാണ്. ഉണത്തുവാൻ വേണ്ടിയിട്ടാണ് അവർ ഗുണദോഷവാക്കുകൾ പറഞ്ഞിട്ടുള്ളതു്. ഉണത്തുക വാക്കാൽ മാത്രമല്ല പ്രവൃത്തിയാലുമാണ്. ഉദാ: കത്തുകൾ VI: 2:– 'എളിമകെട്ടുത്ത തൊഴിലായി കൊവേന്ത അടിച്ചു വെടിപ്പാക്കുക എന്ന ക്രമത്തിനു് എല്ലാവരും – ബ.അച്ചന്മാരു് മുൻപു നടന്നവരായി പഠിപ്പിക്ക'എന്നു പറയുന്നു. ചുരുക്കത്തിൽ 'നല്ല കണ്ടുപഠിതാവു നല്ലുക എന്നതു മറുള്ളവരെ ഉണരുപ്പെട്ടവരാക്കുവാനുള്ള മാർഗ്ഗമാണ്. സഹോദരങ്ങളും പരസ്പരം ഉണർത്തേണ്ടവരാണ്. നാളാഗമങ്ങൾ എഴുതുവാൻ സഹോദരി അന്നായെ ഉണർത്തണം (കത്തുകൾ VII: 1) എന്നു പറയുന്നു. ഇങ്ങനെ മറുള്ളവരുടെ ബലക്ഷയങ്ങളിൽ താങ്ങുന്നവരും അവരെക്കുറിച്ചു നന്മ പറയുന്നവരും വളർന്നവരുവാനിടയാകും. പരസ്പരം ഉണർത്തുമ്പോൾ സന്യാസജീവിതം കുറച്ചുകൂടി ചലനാത്മകതയും ഭാവനാത്മകതയുമുള്ളതായിത്തീരും.

## 8. തിരുസഭാത്മകത

ഒരു സന്യാസി എന്ന നിലയിൽ സഭാജീവിതത്തിൽ

തിരുസ്സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും വേണ്ടിയാണു സന്യസ്തർ തങ്ങളെത്തന്നെ സമർപ്പിക്കേണ്ടതു് എന്ന വത്തിക്കാൻ കൗൺസിലിന്റെ ആശയം സ്വന്തം ജീവിതത്തിലൂടെ വ്യക്തമാക്കിയ ഒരു മഹാത്മാവാണു വാ. ചാവറപിതാവു്. ക്രിസ്തുവിനും അവിടുത്തെ ശരീരമാകുന്ന തിരുസ്സഭയ്ക്കുംവേണ്ടി അദ്ദേഹം ജീവിച്ചു. ആരാധനാക്രമം, ഇടയധർമ്മം, വചനപ്രഘോഷണം, സാമൂഹ്യപ്രവർത്തനം എന്നിങ്ങനെ പലതുറകളിലുമുള്ള തിരുസ്സഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ അദ്ദേഹം പങ്കുചേർന്നു. പ്രൊട്ടസ്റ്റന്റ് വിപ്ലവകാലത്തു് അമ്മയുടെ പ്രാർത്ഥനയും സുകൃതങ്ങളുംകൊണ്ടു തിരുസ്സഭയെ വിപത്സന്ധിയിൽ സഹായിച്ചതുപോലെ കേരളസുറിയാനിസഭയിൽ റോക്കോസ് ശീശ്മയുടെ കാലത്തും തുടർന്നും ഐകരൂപ്യത്തിനുവേണ്ടി പ്രാർത്ഥിച്ചും കത്തുകളെഴുതിയും നേതൃത്വം നൽകിയും സഭയോടുള്ള സ്നേഹം പ്രകടിപ്പിച്ചു. മാർപാപ്പായ്ക്കും മെത്രാന്മാർക്കും അദ്ദേഹം കത്തുകളെഴുതി. സത്യവിശ്വാസത്തിന്റെ സംരക്ഷകനും ക്രിസ്തുനാഥന്റെ യഥാർത്ഥപതിപ്പുമായിട്ടാണു മാർപാപ്പാമാരെയും കുട്ടിനാളന്മാരെയുമൊക്കെ കണ്ടിരുന്നതു്. അനുരഞ്ജനത്തിന്റെ ശുശ്രൂഷയാണ് അദ്ദേഹം സ്വീകരിച്ചിരുന്നതു്. ഭിന്നിപ്പിന്റെ ഭാഷ

അദ്ദേഹത്തിനില്ലായിരുന്നു. സഭയുടെ ഐക്യമാണ് അദ്ദേഹം ആഗ്രഹിച്ചതു്. പ്രത്യേകിച്ചും റോമാസിംഹാനത്തോടുള്ള ആദരവ് അദ്ദേഹത്തിൽ പ്രകടമായിരുന്നു. റോക്കോസ് ശീശുയുടെ കാലത്തു വലിയ എളിമയോടും കണ്ണുനീരോടുംകൂടി പ്രാർത്ഥിക്കുവാൻ തിരുസ്സുഭാംഗങ്ങളെ പ്രോത്സാഹിപ്പിച്ചു. മെത്രാപ്പോലീത്തായുടെ ആജ്ഞാനുസരണം റോക്കോസിനെതിരായി അദ്ദേഹം സർക്കുലർ പുറപ്പെടുവിക്കുന്നുണ്ട്. 'ശ്രുദ്ധമാനപള്ളിയുടെ ഞെരുക്കങ്ങളെ തീർത്തു തെളിവും വർദ്ധനയും ഉണ്ടാകുവാനായിട്ട് എല്ലാവരും പ്രാർത്ഥിപ്പിൻ. ശ്രുദ്ധമാനപള്ളിക്കായി പ്രാർത്ഥിപ്പിൻ' (കത്തുകൾ VI: 3, V: 8). എന്നിങ്ങനെയുള്ള ഉദ്ബോധനങ്ങൾ പലപ്രാവശ്യം കാണാവുന്നതാണു്.

**എരിവുകാരാകണം, പ്രേഷിതതീക്ഷ്ണത:**

ചാവറപിതാവിന്റെ തിരുസ്സഭോന്മുകതയിൽനിന്നാണു ദൈവരാജ്യവിപുലീകരണത്തിനായുള്ള തീക്ഷ്ണത ഉടലെടുത്തതു്.

ചാവറപിതാവിന്റെ പ്രേഷിതതീക്ഷ്ണത വ്യക്തമാക്കുന്നവയാണു് അദ്ദേഹത്തിന്റെ കത്തുകളെല്ലാം. തിരുസ്സഭയുടെ, സമുദായത്തിന്റെ, സ്വന്തം സഭയുടെ വളർച്ചയ്ക്കാവശ്യമായ കാര്യങ്ങളാണു് അവയിൽ പ്രതിപാദിച്ചിരിക്കുന്നതു്. 'ക്രൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായി'. അപരനുവേണ്ടിയുള്ള ആത്മസമർപ്പണമാണു സന്യാസജീവിതം എന്ന ബോദ്ധ്യത്തിൽനിന്നാണു ചാവറപ്പിതാവ് ഇതു പറയുന്നതു്. 'ആത്മചൂരുക്കത്താൽ അവക്കുണ്ടാകേണ്ടുന്ന ഈ സഹായം നാം നിറവേറുന്നില്ല' എന്നതാണു് അദ്ദേഹത്തിന്റെ വേദന.

ആദ്ധ്യാത്മികോന്നമനത്തിനായുള്ള വലിയൊരന്തർദാഹം ചാവറയച്ചനുണ്ടായിരുന്നു.

'ഇതിനൊക്കെയും നിങ്ങളുടെ അല്പമായ ബുദ്ധിമുട്ടും ഉത്സാഹവും മതിയായിരിക്കുകയും ചെയ്യും'.

'നിങ്ങളും നല്ല കണ്ടുപഠിത്വം നൽകണം ;എരിവുകാരാകണം'.

സഭയുടെ വളർച്ചയിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യവും ശ്രദ്ധയുമാണു് ഇവിടെയെല്ലാം നമുക്കു കാണുവാൻ സാധിക്കുന്നതു്.

ശ്രീശൂഷാപ്രേഷിതത്വത്തിനെന്നപോലെ സഹനത്തിലൂടെയും പ്രാർത്ഥനയിലൂടെയുമുള്ള പ്രേഷിതത്വത്തിനും പിതാവു പ്രാധാന്യം കല്പിച്ചിരുന്നു.

'ദീനക്കാരില്ലാത്ത കൊവേന്തമേൽ എനിക്കു ഭയമാകുന്നു. ഇടവിടാതെ ദീനക്കാർ ഒരു കൊവേന്തയിൽ ഉണ്ടെങ്കിൽ അവിടെ ഈശോമിശിഹാ സന്തോഷമായിരിക്കുന്നു എന്നും അമ്മത്രേസ്യ പറയുന്നു. 'പുണ്യസങ്കേതത്തിലിരുന്നുകൊണ്ടു കൂടപ്പിറപ്പുകളുടെ ആത്മീയോത്കർഷത്തിനുവേണ്ടി നിരന്തരം ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്ന ദൈവമനുഷ്യനെയാണു വാ. ചാവറയിൽ നാം കാണുന്നതു്. അദ്ദേഹത്തിന്റെ ദൈവമാതൃഭക്തിയും മൂന്നു മറിയ അമ്മമാരോടുള്ള പ്രാർത്ഥനയും പ്രത്യേകം സ്മർത്തവ്യമാണു്.

**ഉപസംഹാരം**

മായം ചേർക്കാത്ത സന്യാസമായിരുന്നു വാ. ചാവറയുടേതു്. എളിമ, ചൊല്ലുവിളി, ഉപവി എന്നീ വ്രതത്രയത്തെക്കുറിച്ചു് ഉയർന്ന കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു അദ്ദേഹം. സന്യാസവ്രതങ്ങളോടുള്ള അദ്ദേഹത്തിന്റെ ഉത്തരവാദിത്വവും വിശ്വസ്തതയും എവർക്കും മാതൃകയാണു്. വാ. ചാവറപ്പിതാവിന്റെ കുടുംബാരൂപിയും തിരുസ്സഭാതാൽപര്യവും പ്രേഷിതതീക്ഷ്ണതയും നമുക്കു പ്രചോദനമാകട്ടെ.

അദ്ധ്യായം 12

# സഭാദർശനം ചാവറയുടെ കത്തുകളിൽ

ഫാ. ജോൺ വടക്കേൽ

## I ആമുഖം

സഭയുടെ പാനങ്ങാംക്കൊത്ത് ചിന്തിക്കുകയും, അവളുടെ സംപൂർണ്ണ പളർച്ചയ്ക്കായി തന്റെ ജീവിതമത്രയും നിർവ്യാജം സമർപ്പിക്കുകയും ചെയ്ത കേരളസഭയുടെ അഭിമാനപാത്രമായ ധീരതനയനായിരുന്ന വാ. ചാവറപ്പിതാവ്. ഇന്നത്തെ സഭയുടെ തുറന്ന മനഃസ്ഥിതി നൂറ്റാണ്ട് മുമ്പ് ഉൾക്കൊണ്ട് കാലാതീതമായി ചിന്തിച്ച ദീർഘദൃഷ്ടിയുള്ള വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന അദ്ദേഹം. ഇതിന് പ്രേരിപ്പിച്ച അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയം അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്ന് എടുത്തുകാണിക്കാനുള്ള ഒരെളിയ ശ്രമമാണെന്നേതേ.

വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ്, ചാവറയുടെ കാലത്തെ സഭയുടെ ചില പ്രത്യേകതകളെ സൂചിപ്പിക്കേ ആവശ്യമാണ്. ഏറെ പരിമിതികളും പരാധീനതകളും കേരളസഭയ്ക്കുണ്ടായിരുന്നു. വെണ്ണീറായ സഭയുടെ വെണ്മയെ എന്തുവില കൊടുത്തും വീണ്ടെടുക്കണം എന്ന ജീവിതലക്ഷ്യം ചാവറപിതാവിനെ കർമ്മനിരതനാക്കി. സ്വന്തമായ വൈദികരില്ലാത്ത, വൈദികപരിശീലനത്തിന് സ്വന്തമായ പാനഗൃഹമില്ലാത്ത, താളിയോലയ്ക്കപ്പുറം പാനപുസ്തകങ്ങളില്ലാത്ത, തനതായ മുഖം നഷ്ടപ്പെട്ട കേരളസഭയ്ക്കു മിഴിവാർന്ന ആധ്യാത്മികത ഉൾക്കൊണ്ട വിശ്വാസികളും, സന്യാസികളും, വൈദികരും വൈദികശ്രേഷ്ഠന്മാരും ഉൾക്കൊണ്ട തനിമയാർന്നൊരു സ്ഥാനീയ സഭയുടെ രൂപവും ഭാവവും നൽകുകയെന്നതായിരുന്നു ചാവറയച്ചന്റെ സ്വപ്നം. 18 നൂറ്റാണ്ട് പഴക്കമുള്ള കേരളസഭയുടെ ആഘാതമേറ്റ ആധ്യാത്മികതക്ക് കാരണം സ്വന്തമായ ഒരു ഭരണകൂടം ഇല്ലാത്തതായിരുന്നു എന്ന് ചാവറ മനസ്സിലാക്കി. ശാന്തമായി, സമാധാനപരമായി ഇതിനൊക്കെ പരിഹാരം കാണുകയായിരുന്നു ചാവറപിതാവിന്റെ ജീവിത തപസ്യ.

## II തികഞ്ഞ സഭാസ്നേഹി:

സഭയിലെ ഏതൊരു വ്യക്തിയുടെയും, സമൂഹത്തിന്റെയും, പ്രസ്ഥാനത്തിന്റെയും വില കല്പിക്കപ്പെടുന്നത് രണ്ടു വസ്തുതകളെ ആസ്പദമാക്കിയാണ്: (1) യേശു ദർശനം (2) സഭാദർശനം. വാ. ചാവറയച്ചനുണ്ടായിരുന്ന സഭാദർശനത്തിന് ഉന്നൽ കൊടുക്കുകയാണ് ഈ പ്രബന്ധത്തിലൂടെ. ചാവറയച്ചന്റെ എഴുത്തുകൾ അദ്ദേഹത്തിന്റെ സഭാദർശനം എടുത്തുകാണിക്കുന്നുണ്ട്. യഥാർത്ഥ സഭാസ്നേഹിയെ, സഭയിൽ ഉണ്ടാകുന്ന ഏത് മാറ്റവും ആഴമായി സ്പർശിക്കുകയും, ശക്തമായി പ്രതികരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. തന്റെ അമ്മയായ കേരളസഭയ്ക്ക് ക്ഷതം ഏൽക്കുമെന്ന് മനസ്സിലാക്കിയ ചാവറപ്പിതാവിനെ അതിന്റെ നിമിത്തമായ റോക്കോസ് ശീശ്മക്കെതിരെ പടപൊരുതുവാൻ പ്രേരിപ്പിച്ചത് അദ്ദേഹത്തിന്റെ സഭാദർശനമാണ്. സഭാധികാരങ്ങൾക്ക് കീഴ്വഴങ്ങിയും, സഭാശ്രുശ്രൂഷയ്ക്കായി താൻ സ്ഥാപിച്ച സന്യാസസമൂഹാംഗങ്ങളെ സഭാസേവനത്തിനായി വളർത്തിയും സഭയോടുള്ള തന്റെ ആത്മാർത്ഥസ്നേഹം അദ്ദേഹം എടുത്തുകാട്ടി. ആ സ്നേഹത്തിന്റെ നിത്യസ്മാരകങ്ങളാണ് ചാവറയച്ചന്റെ എഴുത്തുകൾ. ചുരുക്കത്തിൽ ചാവറയച്ചന്റെ, കേരളസഭയ്ക്കു വേണ്ടിയുള്ള മഹത്തായ സേവനങ്ങൾ അദ്ദേഹത്തെ 'മലങ്കരസഭയുടെ ഉദ്ധാരകൻ' എന്ന അപരാഭിധാനത്തിന് അർഹനാക്കി.

## III അധികാരം സഭയിൽ: വീക്ഷണവും വിധേയത്വവും

ചാവറപിതാവിന് സഭാധികാരത്തോട് അതിയായ ബഹുമാനവും, യഥാർത്ഥ വിധേയത്വവുമുണ്ടായിരുന്നു. അധികാരികളെ അവർ ആരുതന്നെയായിരുന്നാലും, ദൈവതുല്യരായിക്കാണാനും, കൊടുക്കേണ്ട ബഹുമാനം അവർക്ക് കൊടുക്കാനും അദ്ദേഹം ഉത്സുകനായിരുന്നു. ഈ സത്യം അധികാരികൾക്കുള്ള എല്ലാ എഴുത്തുകളിലും എടുത്തു കാണിച്ചിട്ടുണ്ട്.

### III 1. സഭാധികാരം ചാവറപിതാവിന്റെ ദൃഷ്ടിയിൽ

സഭയിൽ അധികാരികൾ എന്തായിരിക്കണമെന്നു ചാവറയുടെ എഴുത്തുകൾ വിശദമാക്കുന്നുണ്ട്. ഒൻപതാം പീയൂസിനെഴുതിയ എഴുത്തിൽ [1]പരി. പിതാവിനെ ചാവറയച്ചൻ സംബോധന

(1) സമ്പൂർണ്ണ കൃതികൾ, വാല്യം 4, (1986), 1/1, P. 13, 1/2, 18

ചെയ്യുന്നത് ശ്രദ്ധേയമാണ്. 'പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും..... സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ[2]..... മാർപാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേയ്ക്ക്[3]' വളരെ ആഴമായ അത്ഭുതം ധ്വനിപ്പിക്കുന്ന, ദൈവവചനാധിഷ്ഠിതമായ സംബോധനയാണിത്.

സുവിശേഷകരിൽ മത്തായി മാത്രമാണ് 'സഭ'യെപ്പറ്റി പരാമർശിക്കുന്നത്. അതും പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനു ശേഷം. (മത്താ. 16:13-23)–ചാവറപ്പിതാവ് പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായെ ഇപ്രകാരം സംബോധന ചെയ്യുമ്പോഴും ഏതടിസ്ഥാനത്തിലാണ് മാർപ്പാപ്പായുടെ (മറ്റെതൊരധികാരവും) അധികാരം അടിയുറപ്പിച്ചിരിക്കുന്നത് എന്ന് സ്പഷ്ടമാണ്. സഭാമക്കളോടുള്ള ഇടയനടുത്ത സ്നേഹമാണ് സഭയിൽ അധികാരത്തിനുള്ള വില. തുടർന്നുള്ള സംബോധനയിൽ വസ്തുതകം കൂടുതൽ വിശദമാക്കുകകൂടി ചെയ്യുന്നുണ്ട്. സഭയിലെ 'പരമാധികാരം കൈകാര്യം' ചെയ്യുന്നവനായിട്ടാണ് മാപ്പാപ്പയെ (മറ്റധികാരികളെയും) ചാവറപ്പിതാവ് കാണുക. അധികാരികളും സഭയിലെ കാര്യദർശികളും മാത്രമാണെന്നും അവർ ചെയ്യുന്ന കാര്യങ്ങളും സഭാസേവനങ്ങളും മാത്രമായിരിക്കണമെന്നും ഇതിൽനിന്നും സ്പഷ്ടമാണ്. വത്തിക്കാൻ സൂനഹദോസിനു ശേഷം സഭയിൽ വന്ന ഈ ചിന്താധാര അതിന് എത്രയോ വർഷങ്ങൾക്കു മുമ്പ് ചാവറപ്പിതാവ് മനസ്സിലാക്കുകയും, പ്രകടിപ്പിക്കുകയും ചെയ്തു. പരമാധികാരികളല്ല, ദൈവത്തിന്റെ അധികാരം കൈകാര്യം ചെയ്യുന്നവരാണ് സഭാധികാരികളും.

ഇനിയും, ഉന്നതവും മഹനീയവുമായ സിംഹാനമായാണ് മാപ്പാപ്പയുടെ അധികാരത്തെ ചാവറപ്പിതാവ് കാണുന്നത്. സ്വർഗ്ഗീയമായ ഒരു വീക്ഷണമാണ് ഇവിടെ ചാവറയച്ചൻ പ്രകടമാക്കുന്നത്. ഐസയാസ് പ്രവാചകന്റെ ദൃഷ്ടിയോടെയാണ് അദ്ദേഹം ഇത് മനസ്സിലാക്കുന്നതും. ഐസയാസ് 6-ാം അധ്യായം ഒന്നാം വാക്യത്തിൽ നാം വായിക്കുന്നു. 'കർത്താവ് ഉന്നതമായ ഒരു

(2) മത്തായി 10:13/ff

(3) ഇസ : 6:1; വെളി : 4:2, 3; I രാജാ : 22:19; Ps : 47;8–സിംഹാസനം ദൈവത്തിന്റെ മഹത്വത്തെ കാണിക്കുന്നു

സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നത് ഞാൻ കണ്ടു'. സിംഹാസനം ദൈവത്തിന്റെ മഹത്വത്തെയാണ് സൂചിപ്പിക്കുക. യേശുവിന്റെ ജീവിതം ദൈവമഹത്വത്തിന്റെ പ്രകടനമായിരുന്നു. യോഹന്നാൻ 17:5ൽ എഴുതിയിരിക്കുന്നതുപോലെ, 'പിതാവേ ലോകസൃഷ്ടിക്കു മുമ്പ് എനിക്ക് അവിടത്തോടു കൂടി ഉണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ അവിടത്തെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്തണമേ, 'സഭാധികാരികൾ പ്രകടമാക്കേണ്ടത് ദൈവത്തിന്റെ മഹത്വമാണ്. അവർ ദൈവത്തിന്റെ പ്രതിപുരുഷന്മാരാണ്.

അതുകൊണ്ടു തന്നെയാണ് മാർപ്പാപ്പയെ 'സർവ്വനന്മകളാലും അലംകൃതനായ'[4] വ്യക്തി എന്ന് അദ്ദേഹം വിളിക്കുന്നത്. മാർപാപ്പാ മാത്രമല്ലാ എല്ല അധികാരികളും അപ്രകാരം തന്നെയാകണം. ഈ സത്യം ചാവറപ്പിതാവ് സ്വന്തജീവിതത്തിലൂടെ സ്ഥാപിച്ചു. ഏതു സാഹചര്യത്തിലും സഭയുടെ അരുമ മകനായിരിക്കണമെന്ന ബോധ്യം പിതാവിനുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം മാപ്പാപ്പയോട് 'അങ്ങു തന്നെ ഞങ്ങളെ നയിക്കണമെ' എന്ന് അപേക്ഷിക്കുന്നത്. മെത്രാൻ പദവിയെപ്പറ്റിയും ചാവറപ്പിതാവ് ഈ ദർശനം തന്നെ തെളിയിക്കുന്നു. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ലുദവിക്കോസ് മെത്രാപ്പോലീത്തായ്ക്കെഴുതിയ എഴുത്ത് ഇത് സൂചിപ്പിക്കുന്നു 'മലയാളമൊക്കെയുടെയും വികാരി അപ്പസ്തോലിക്കയും മാഡബിയും ശുദ്ധമാന മാർപാപ്പായുടെ വീട്ടധികാരിയും തന്റെ സിംഹാസനത്തിന്റെ ശുശ്രൂഷകനും' എന്ന്. എത്ര മഹത്തരമായ കാഴ്ചപ്പാടായിരുന്നു അധികാരത്തെപ്പറ്റി ചാവറപ്പിതാവിനുണ്ടായിരുന്നത് എന്ന് ഇതിൽ നിന്നും വളരെ വ്യക്തമാണ്.

## III. 2. അധികാരവിധേയത്വം

ചാവറപിതാവിന്റെ എഴുത്തുകളിലേക്കു കടന്നുചെല്ലുമ്പോൾ വളരെ മഹത്തായ അധികാരവിധേയത്വത്തിന്റെ ഉത്തുംഗമാതൃക അദ്ദേഹത്തിന്റെ ജീവിതത്തിൽ കാണുവാൻ സാധിക്കും. മാർപാപ്പായ്ക്കുള്ള ഒന്നാമത്തെ എഴുത്തിൽ നാം വായിക്കുന്നു, 'അമലോത്ഭവ മറിയത്തിന്റെ നിഷ്പാദുക കർമ്മലസഭയിൽപ്പെട്ട ഏതാനും വൈ

(4) 1/1, P. 15

ദികരും അവരുടെ ശ്രേഷ്ഠനായ കൂരിയാക്കോസ് ഏലിയായും ഒരുമിച്ച് അങ്ങയുടെ മഹനീയ സാന്നിദ്ധ്യത്തിൽ മുട്ടുകുത്തി അത്രപിയിൽ തൃപ്പാദങ്ങളും ചുംബിച്ച്...സമർപ്പിക്കുന്നു' (1/1, p.14). അതേ എഴുത്ത് അവസാനിപ്പിക്കുന്നതും ശ്രദ്ധേയമാണ്. 'അവസാനമായി അങ്ങയുടെ സിംഹാസനത്തിനു മുമ്പിൽ മുട്ടുകുത്തി തൃപ്പാദങ്ങളും ചുംബിച്ചുകൊണ്ട് ഞങ്ങളും അപേക്ഷിക്കുന്നു, അങ്ങേക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്തമക്കളായി വ്യാപരിക്കുന്നതിനു ഞങ്ങൾക്കു കഴിയുമാറ് അങ്ങയുടെ പൈതൃകാശീർവ്വാദം ഞങ്ങൾക്കു നല്കണമെന്നു'. എത്ര ലാളിത്യമാർന്ന വിധേയത്വമാണ് നമ്മുടെ പിതാവു്, അവിടത്തെ മക്കളായ നമുക്കു പൈതൃകമായി നൽകുന്നത്.

മാർപാപ്പായോടു മാത്രമല്ല സഭയിലുള്ള എല്ലാ അധികാരത്തോടും ചാവറപിതാവു് അസാമാന്യമായ വിധേയത്വം പുലർത്തിയിരുന്നു. പിതാവിന്റെ എല്ലാ എഴുത്തുകളിലും ഇതു സ്പഷ്ടമാണ്. മാർപാപ്പാക്കെഴുതിയ രണ്ടാമത്തെ കത്തിൽ ഇപ്രകാരം കാണുന്നു. 'അവിടത്തെ മക്കളും സഭയിലെ ശുശ്രൂഷകരുമായ ഞങ്ങൾ...' പൂർത്തുല്യമായ അനുസരണവും വിധേയത്വവും ഇവിടെ സ്പഷ്ടമാണ്. രണ്ടാമത്തെ എഴുത്ത് അവസാനിപ്പിക്കുന്നതു് ഇപ്രകാരമാണ്, 'അങ്ങയുടെ തൃപ്പാദങ്ങളും ചുംബിച്ചുകൊണ്ടും അങ്ങയുടെയും അങ്ങയുടെ വികാരി അപ്പസ്തോലിക്കയായ ഞങ്ങളുടെ മെത്രാന്റെയും എല്ലാ കല്പനകളും അനുസരിക്കുന്നതിനുള്ള സന്നദ്ധത പ്രഖ്യാപിച്ചുകൊണ്ടും...'. ഇവിടെ വെറും കല്പനകളും മാത്രമല്ല, കലീനമായ മാറ്റങ്ങൾക്കു് അനുസരിച്ചുള്ള കല്പനകളും എന്നു കരുതുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു.

പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബെർണബാസ്സു് എഴുതുന്ന എഴുത്തിൽ തന്നെപ്പറ്റിത്തന്നെ ചാവറപിതാവു് എഴുതുന്നതു്, 'വരാപ്പുഴ...മെത്രാപ്പോലീത്തായുടെ ഭരണത്തിൻ കീഴുള്ള അങ്ങയുടെ എളിയ മകൻ' എന്നാണ്. രണ്ടാമത്തെ എഴുത്തു സഭയിലുള്ള എല്ലാവരെപ്പറ്റിയും 'അങ്ങയുടെ വിനീതമക്കൾ' എന്നുതന്നെയാണ് 11/2, p.27). അഞ്ചാമത്തെ എഴുത്തിൽ തന്നെപ്പറ്റിത്തന്നെ പറയുന്നു: 'അങ്ങയുടെ ഏറ്റവും എളിയ വിധേയത്വമുള്ള മകൻ' എന്നു് (11/5 p. 34). അതുപോലെതന്നെ അധികാരികൾക്കുള്ള അഭ്യർത്ഥനകളിൽ സാധാരണ കാണാറുള്ള പ്രയോഗങ്ങളാണു 'ശുശ്രൂഷാനാൾ' (pp. 37,38,40,41,42,47,

49,50...), ചൊൽവിളി' (pp. 42,44,48,50.51,52,99,100...), വിനീതമക്കം (p.26), വിനയപൂവ്വം (pp. 27,30,31...). 'തൃപ്പാദങ്ങം ചുംബിച്ചു', 'തൃക്കരങ്ങം ചുംബിച്ചു' എന്നൊക്കെ. ഇതെല്ലാം പാവറപ്പിതാവിന്റെ ആഴമായ അധികാരവിധേയത്വത്തെ എടുത്തു കാണിക്കുന്നു.

സഭാധികാരത്തോടുള്ള വെറും അന്ധമായ വിധേയത്വമായിരുന്നില്ല പാവറപ്പിതാവിനുണ്ടായിരുന്നത്. പ്രൊപ്പഗാന്താദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബാസ് എഴുതിയ എഴുത്തിൽ എടുത്തു പറയുന്ന കാര്യം ശ്രദ്ധേയമാണ് (11/1, p 22) 'എന്നാൽ ഇവരാകട്ടെ ഓരോദിവസവും പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു, ബർണാർദീനോസ് മെത്രാപ്പോലീത്തായുടെ കല്പനകം വളരെ ഭാരമേറിയതാണെന്നും അനുസരിക്കാൻ പ്രയാസമുള്ളതാണെന്നും'. തുടർന്നു പാവറപ്പിതാവു് എഴുതുകയാണ്, അതിനാൽ ഹൃദയം തുറന്നു ഞങ്ങം പറയുകയാണ് വേറൊരു മെത്രാനെ ... അയയ്ക്കുന്നതു നല്ലതാണു്'..... എന്നു്. തെറ്റുകം ചൂണ്ടിക്കാണിക്കാനും അതിനെതിരായി വിവേകപൂവ്വം വത്തിക്കാനുമുള്ള ധൈര്യം അദ്ദേഹം ഒരിക്കലും കൈവെടിഞ്ഞിട്ടില്ല. അതോടൊപ്പം സാമാന്യജനങ്ങളുടെ വികാരങ്ങം മനസ്സിലാക്കാനും അവരുടെ ആവശ്യങ്ങം കണ്ടറിഞ്ഞു പ്രവത്തിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവു് അപാരമായിരുന്നു.

## IV. ശീശ്മക്കെതിരെ പോരാട്ടം

തന്റെ മാതാവായ സഭയെ യാതൊരുവിധ പോരായ്കയും കൂടാതെ സംരക്ഷിക്കുക ഓരോസഭാതനയരുടെയും കത്വവ്യമാണ്. പാവറയച്ചന്റെ ജീവിതം മുഴുവൻ ഇതിനുവേണ്ടിയുള്ള സന്ധിയില്ലാസമരമായിരുന്നു എന്നു കാണാം. 9–ാം പീയുസ് മാർപാപ്പായ്ക്കെഴുതിയ ഒന്നാമത്തെ എഴുത്തിൽ റെക്കോസ്ശീശ്മയെപ്പറ്റി അദ്ദേഹം വിശദമായി എഴുതുന്നുണ്ടു് (1/1, p. 13–14, 1/2, p.18). ഇതേപ്പറ്റി പാവറപ്പിതാവു് എത്ര വേദന അനുഭവിച്ചിരുന്നു എന്നു് അതേഎഴുത്തിൽത്തന്നെ എടുത്തുപറയുന്നുണ്ടു്. 'അതിനാൽ പരി. പിതാവേ, എളിമയോടുകൂടി ഞങ്ങം കണ്ണുകളിൽ നിറഞ്ഞുനിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങേ പക്കൽ അഭ്യത്ഥിക്കുന്നു': പാവറപ്പിതാവിന്റെ മക്കളായ നമ്മം, ഇന്നു സഭ വളരെ പ്രണിതയായിക്കൊണ്ടിരിക്കുമ്പോം എത്രമനോഭാവമാണു സ്വീകരിക്കുന്നതെന്നു ചിന്തിക്കാൻ പറ്റിയ അവസരമാണിതു്. രണ്ടാമത്തെ എഴുത്തിൽ അ

ദ്ദേഹം ഇതേപ്പറ്റിയുള്ള തന്റെ കഠിനമായ വേദന പ്രകടിപ്പിക്കുന്നുണ്ട്. 'അവിടത്തെ മക്കളായ... ഞങ്ങൾ ഒരുമിച്ചു വലിയ മനോവേദനയോടെ താഴെപ്പറയുന്ന കാര്യം (റോക്കോസ് ശീശു) അങ്ങയുടെ സന്നിധിയിൽ അറിയിക്കുന്നു'. ഈ വേദനയുള്ള കാരണവും അദ്ദേഹം സ്പഷ്ടമാക്കുന്നുണ്ട്. '...ഇപ്രകാരം അയയ്ക്കപ്പെട്ടവരുടെ സാന്നിദ്ധ്യം ചിലരുടെ ആത്മനാശത്തിനും ... വഴക്കിനും പിളർപ്പിനും ഇടംകൊടുത്തുകൊണ്ട് ഉതപ്പിനും കാരണമായതുകൊണ്ടാണു'.

ചാവറപ്പിതാവിന്റെ മക്കളായ നമുക്ക് ഇന്നത്തെ തളർന്ന കേരളസഭയെ നോക്കി ഒരു തുള്ളി കണ്ണീരു പൊഴിക്കാൻ പോന്ന സഭാഭിമുഖ്യവും സ്നേഹവുമുണ്ടോ? മറിച്ചു സഭയെ താറടിക്കുന്ന കച്ചവടമനഃസ്ഥിതിയും ഉപഭോക്താസക്തിയും ഇൻസ്റ്റിട്യൂഷനലിസവും പാശ്ചാത്യമേൽക്കോയ്മയുമൊക്കെ നമ്മുടെ അന്നദിനജീവിതാംശമാക്കിക്കൊണ്ട് സഭാതനയരുടെ അന്തസ്സും അഭിമാനവുമൊക്കെ നമ്മൾ കാറിൽ പറത്തുകയല്ലേ ചെയ്യുന്നത്. പൊടിപൊടിപ്പൻ പ്രസംഗങ്ങൾ വഴി പൊക്കിക്കാട്ടാൻ വെമ്പൽകൊള്ളുന്ന ചില സഭാമൂല്യങ്ങൾ ജീവിതത്തിൽ നട്ടുവളർത്താൻ നമ്മളൊക്കെ വിമുഖർ. ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം സഭാ ശത്രുക്കൾ സഭയ്ക്കു പുറത്തായിരുന്നു. ഇന്ന് അത് അകത്തു, അധികാരികളുടെതന്നെ ഉള്ളിൽ കൊടികുത്തി വാഴുന്നു.

പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബായ്ക്കു എഴുതിയ എഴുത്തുകളിൽനിന്നും ചാവറപ്പിതാവു റോക്കോസ് ശീശുയെപ്പറ്റി എത്രയധികം വേദനയോടും സഭയോടുള്ള അതീവസ്നേഹത്തോടുംകൂടിയാണു കാര്യങ്ങൾ ചെയ്തതെന്നു വ്യക്തമാകുന്നുണ്ട്. '....ഏതാനും നാളുകളായി ഞങ്ങളുടെ ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചില വസ്തുതകളും വളരെ ഹൃദയവേദനയോടുകൂടെ അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു' (II/1, p.22). റോക്കോസിനെപ്പറ്റി പറയുമ്പോഴും അത്രമാത്രം വേദനയോടുകൂടിയാണു എഴുതുന്നത്. 'വിശ്വാസികളും ബഹുമാനപ്പെട്ട വൈദികർതന്നെയും അദ്ദേഹത്തെ.....വിശ്വസിക്കുന്നു' (II/1, p.22). തുടർന്നു എഴുതുകയാണു '... അദ്ദേഹത്തിനു മുടക്കു കല്പിക്കുന്നില്ലായെങ്കിൽ രണ്ടു മാസത്തിനുള്ളിൽ എല്ലാവരുംതന്നെ അദ്ദേഹത്തിന്റെ കാലടികളെ പിഞ്ചെല്ലുമെന്നു ഞങ്ങൾക്കു തോന്നിപ്പോകുന്നു. വളരെ വിശ്വസ്തരെന്നു ഞങ്ങൾക്കു തോന്നിയ ആളുകൾപോലും ഇപ്രകാരം വഴുതിമാ

റിയതായി കാണുന്നു'. അത്രമാത്രം ശക്തമായിരുന്നു റോക്കോസിന്റെ പ്രവർത്തനങ്ങൾ. അതു ചാവറയെ എന്തുത്യാഗം സഹിച്ചും നേരിടുന്നതിനു കർമ്മനിരതനാക്കുകയും ചെയ്തു.

പ്രൊപ്പഗാന്തയ്ക്കെഴുതിയ വേറൊരെഴുത്തിൽ (II/2, pp. 26–27) ഇപ്രകാരം കാണുന്നു, 'വേദനാജനകമായ ഒരു പ്രശ്നത്തെക്കുറിച്ച് അഞ്ചാമത്തെ പ്രാവശ്യമാണ് ഇതു് അങ്ങേക്കു ഞങ്ങൾ എഴുതുന്നതു്''. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ചാവറയച്ചൻ എത്ര ശാന്തനായി, അതേസമയം സ്ഥിരതയോടും ക്ഷമാശീലത്തോടുംകൂടി സഭാധികാരികളെ ബോധ്യപ്പെടുത്താൻ വീണ്ടും വീണ്ടും എഴുതി. മുഷിയാതെ പരിശ്രമിക്കുന്ന മാതൃക നമ്മെയൊക്കെ എന്തുമാത്രം ഇനിയും സ്വാധീനിക്കേണ്ടിയിരിക്കുന്നു'. ഇതിനുപുറമേ മെത്രാപ്പോലീത്തായുടെ പ്രത്യേക നിർദ്ദേശപ്രകാരം റോക്കോസിനെതിരായി സർക്കുലർ അയയ്ക്കുകയും (p. 129) രാപകലില്ലാതെ അദ്ധ്വാനിക്കുകയും സഭയെ ശീശ്മയിൽനിന്നു രക്ഷിക്കുകയും ചെയ്ത സഭയുടെ വീരസേനാനിയായിരുന്നു ചാവറപ്പിതാവു്.

## V ആരാധനാക്രമം

വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, ''ആരാധനാക്രമമാണ് സഭയുടെ തനിമയെ എടുത്തുകാണിക്കുന്നതും, മറ്റുള്ളവരെ അതിലേയ്ക്കാകർഷിക്കുന്നതും (Lit 2). നൂറ്റാണ്ടിനു മുമ്പ് ഈ യാഥാർത്ഥ്യം ചാവറപ്പിതാവു് മനസ്സിലാക്കിയിരുന്നു. വിശ്വാസികളുടെ ജീവിതവും ആധ്യാത്മികതയും ഉയർന്ന നിലവാരം പുലർത്തുന്നതാകണം എന്നു് ചാവറയച്ചൻ വിശ്വസിക്കുകയും അതിനുതകുന്ന വളരെക്കാര്യങ്ങൾ അദ്ദേഹം ആവിഷ്കരിക്കുകയും ചെയ്തു. ആഴമായ ആദ്ധ്യാത്മികത അനുഭവവേദ്യമാംവിധം സീറോമലബാർ സഭയുടെ ആരാധനാക്രമപരിഷ്കാരത്തിനു് ചാവറയച്ചൻ മഹത്തായ സേവനങ്ങളാണ് കാഴ്ചവച്ചതു്. ഇതിനു് സഹായകമെങ്കിൽ മറു് റീത്തുകളിൽ നിന്നും കാര്യങ്ങൾ ഉൾക്കൊള്ളാനുള്ള വിശാലഹൃദയമുണ്ടായിരുന്നു ചാവറപ്പിതാവിനു്.

## V 1. വി. കുർബാന

കഴിഞ്ഞ നൂറ്റാണ്ടു് പകുതിവരെ പലരും പലതരത്തിലാണ് കുർബാന അർപ്പിച്ചിരുന്നതു്. പുരാതനമായ സീറോമലബാർ സഭയിൽ അനുഷ്ഠിച്ചിരുന്നതു് പൗരസ്ത്യ സുറിയാനി കുർബാനക്രമമായിരുന്നു. ഉദയംപേരൂർ സൂനഹദോസിനുശേഷം കുർബാന

ക്രമത്തിൽ കാര്യമായ ലത്തീൻ അതിപ്രസരം സംഭവിച്ചു. അങ്ങനെ നൂറ്റാണ്ടുകളായി അനുവർത്തിച്ചിരുന്ന സ്വന്തമെന്നഭിമാനിച്ചിരുന്ന കർബാനക്രമത്തിൽ വികലത ഭവിച്ചു. നിജമായ ശ്രുപചട്ടങ്ങം ഇല്ലാതെ പല സ്ഥലത്തും വ്യത്യസ്തരീതിയിൽ കർബാന ചൊല്ലിയിരുന്നു (Kanjiramattam, Past vision of Kuriakose Elias Chavara, D. P. Bangalore. P. 46). കാര്യങ്ങം ഗൗരവപൂവ്വം മനസ്സിലാക്കിയ ചാവറപ്പിതാവു് കർബാനയിൽ വേണ്ടതായ പരിവർത്തനങ്ങം ആവിഷ്കരിക്കാൻ ശ്രമിച്ചു. വൈദികരും വിശ്വാസികളും സജീവമായും, ഭക്തിയോടുകൂടിയും ബലിയർപ്പിക്കാൻ വേണ്ട കാര്യങ്ങം അദ്ദേഹം ക്രമപ്പെടുത്തി.

മാർപ്പാപ്പായ്ക്കുള്ള ഒരെഴുത്തിൽ (I/2 P. 17) അന്തോനീസിന്റെ സഭയിൽപ്പെട്ട രണ്ടു് സന്യാസികളെപ്പറ്റി പറയുന്നു, ''പള്ളികളിൽ അവർ അർപ്പിക്കുന്ന കർബാന ഞങ്ങളിൽ ഭയത്തിനു് കാരണം ഉണ്ടാക്കി''. പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അധ്യക്ഷനുള്ള എഴുത്തിൽ, (II/3 p. 30) കാണുന്നു, 'കൂടാതെയും കർബാനയുടെ അവസാനത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽനിന്നും ആദിയിൽ വചനമുണ്ടായിരുന്നു..... ഇപ്പോം നടപ്പിലില്ല. ആയതു് ഞങ്ങം്ക്കനുവദിച്ചുതരണമെന്നു് അപേക്ഷിക്കുന്നു. രണ്ടാമതെഴുതുമ്പോഴും ഇക്കാര്യം തന്നെ അദ്ദേഹം ആവർത്തിച്ചെഴുതുന്നുണ്ടു് (II/4 p. 31). ഇതേ എഴുത്തിൽത്തന്നെ നാം വായിക്കുന്നു, ''കർബാനയിൽ രണ്ടാമത്തെ സുവിശേഷം വായിക്കുന്നതിനും, വിശേഷദിവസങ്ങളിൽ ആഘോഷ കർബാനയിൽ ഒഴിച്ചു് ധൂപത്തിന്റെ ഉപയോഗം ഉപേക്ഷിക്കുന്നതിനും അനുവദിച്ചുതരണമെന്നു്... അപേക്ഷിക്കുന്നു''. വെറും നൈയാമികമായിട്ടു് ചിന്തിച്ച ആശയല്ല, പ്രായോഗികമായ കാര്യങ്ങംകൂടി ചാവറപ്പിതാവു് തന്റെ കർബാന പരിഷ്കരണത്തിൽ ഉം്ക്കൊണ്ടിരുന്നു. ഇന്നത്തെ കടുംപിടുത്തക്കാരായ ലിറർജി പണ്ഡിതന്മാർക്കു് ചാവറയുടെ അശ്രുപി അല്പമെങ്കിലും കിട്ടിയിരുന്നെങ്കിൽ...!

ഞായറാഴ്ച ആചരണത്തെപ്പറ്റി തന്റെ ചാവരുളിൽ ചാവറപ്പിതാവു് ഇങ്ങനെ കുറിച്ചിരിക്കുന്നു. 'ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങം മുതലായവ നടത്തരുതെന്നും, വീട്ടിൽ മരണാവശ്യമുണ്ടായാൽപോലും കടമുള്ള ദിവസങ്ങളിൽ കർബാന മുടക്കരുതെന്നും (P. 135) കൂടാതെ 'കടമുള്ള ദിവസങ്ങളിൽ കർബാന കണ്ടതുകൊണ്ടുമാത്രമാകാതെ, ദിവസത്തി

ന്റെ വലിയപങ്കും പ്രസംഗം കേൾക്കുക, നല്ല പുസ്തകങ്ങളും വായിക്കുക മുതലായ സൽക്കർമ്മങ്ങളിലും, രോഗികളെ, പ്രത്യേകം സാധുക്കളായ ദീനക്കാരെക്കണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചിലവഴിക്കുക'' (P. 143). എത്ര മനോഹരമായ ഒരു സഭയെയാണ് ചാവറപ്പിതാവ് സ്വപ്നം കണ്ടത്.

## V 2. കാനോനനമസ്കാരം

കാനോനനമസ്കാര പരിഷ്കരണത്തിനായും ചാവറപ്പിതാവ് വളരെക്കാര്യങ്ങളും ചെയ്തു. വളരെ ദീർഘമായിരുന്ന അന്നത്തെ പ്രാർത്ഥനകളും. ഏറെ ദീർഘമായത് വെട്ടിച്ചുരുക്കി, പുതിയവ ചേർത്ത് രണ്ടു ഭാഗങ്ങളായി അദ്ദേഹം കാനോനനമസ്കാരപ്പുസ്തകം ക്രോഡീകരിച്ചു. ഉദയംപേരൂർ സൂനഹദോസിനുശേഷം ലത്തീൻ ക്രമപ്രകാരം വിശുദ്ധരുടെ തിരുനാളും കുർബാന പരിഷ്കരിക്കപ്പെട്ടു. കാനോനനമസ്കാരം ആഴ്ചപ്പടി മാത്രമായിരുന്നു. അതുകൊണ്ട് വിശുദ്ധരുടെ തിരുനാളിനുള്ള നമസ്കാരങ്ങളും പുതുതായി എഴുതി ഉണ്ടാക്കേണ്ടിവന്നു.

ഇതിനെപ്പറ്റിപ്പരാമർശിച്ചുകൊണ്ടുള്ള കാര്യങ്ങളും എഴുത്തുകളിൽ കാണാം. ''...ഞങ്ങളും തിരുസംഘത്തിലേക്ക് അയച്ചിരുന്ന സുറിയാനി കാനോൻജപപ്പുസ്തകം പരിശോധിച്ച് അംഗീകരിക്കുന്നതിൽ അങ്ങു കാണിക്കുന്ന വലിയ ജാഗ്രതയിൽ ഞങ്ങളും അതീവം സന്തുഷ്ടരാണ്... വളരെ ആകാംക്ഷയോടെ പാർത്തിരിക്കയാണ് അംഗീകരിച്ച പുതിയ കാനൻജപപ്പുസ്തകം കാണാൻ' (II/3 p. 29). അടുത്ത എഴുത്തിൽ വീണ്ടും സൂചിപ്പിക്കുന്നുണ്ട് ആണ്ടുവട്ടം മുഴുവനിലുള്ള കാനോനനമസ്കാരം ജപിക്കുന്നതിനും അനുവദിക്കണം. അങ്ങനെ ചാവറപ്പിതാവ് സഭയുടെ വളരെ പ്രാധാന്യമേറിയ കാര്യം തന്റെ നിരന്തരമായ ശ്രമംവഴി നിവർത്തിച്ചു.

## V 3. ദുഃഖശനിയാഴ്ചക്രമം

ചാവറപ്പിതാവിന്റെ കാലംവരെ കേരളസഭയിൽ സുറിയാനി ദുഃഖശനിയാഴ്ചക്രമം ഉണ്ടായിരുന്നില്ല. അതുകൊണ്ട് ചാവറയച്ചൻ തന്നെ ലത്തീൻ ക്രമത്തിൽനിന്നും തർജ്ജമചെയ്ത് അംഗീകാരത്തിനായി റോമിലേക്കയക്കുന്ന അവസരത്തിൽ കേരളത്തിലെ സ്ഥിതി വിവരിക്കുന്നുണ്ട് (II/3 p. 29). 'വലിയശനിയാഴ്ച ദിവസം ഞങ്ങളുടെ സുറിയാനിക്രമത്തിൽ ഇപ്പോഴും ദേവാലയത്തിൽ പ്രത്യേക ക്രമങ്ങളൊന്നുമില്ല. യഹൂദപ്പള്ളികൾക്കു സമാനം

ഞങ്ങളുടെ ദേവാലയങ്ങളും ആ ദിവസം പൂട്ടിക്കിടക്കുകയാണ്'. തന്റെ പേരൊരെഴുത്തിലും ഇതേപ്പറ്റി പരാമർശിക്കുന്നുണ്ട് (II/4 p. 31). അങ്ങനെ 1865 ൽ സുറിയാനിയിലേക്ക് തർജ്ജമ ചെയ്ത ക്രമം റോമിലേയ്ക്കയക്കുകയും 1870 ൽ അതിനുള്ള അനുവാദം ലഭിക്കുകയുംചെയ്തെങ്കിലും, പ്രിന്റ് ചെയ്ത് 1922 ൽ മാത്രമാണ് അത് ഉപയോഗത്തിൽ വന്നത്. അങ്ങനെ ചാവറപ്പിതാവ് വെറും അഞ്ചുകൊല്ലംകൊണ്ട് സാധിച്ച കാര്യം നടപ്പിലാവാൻ അൻപത് വർഷം വേണ്ടിവന്നു! ഇന്നത്തെ സ്ഥിതി എത്രമാത്രം വ്യത്യാസപ്പെട്ടുകാണും!!

ചുരുക്കത്തിൽ, സഭയുടെ അതിപ്രധാനമായ ആരാധനാജീവിതം സജീവമാക്കുന്നതിനാവശ്യമായ എല്ലാക്കാര്യങ്ങളും അവയുടെ പൂർണ്ണതയിൽ ചെയ്യ തീർക്കാൻ സഭാസ്നേഹിയായ ചാവറപ്പിതാവ് തന്റെ ജീവിതം സമർപ്പിച്ചു. എല്ലാ വിശദീകരണങ്ങളോടും കൂടി കുർബാനക്രമം സുറിയാനിയിൽ എഴുതിയുണ്ടാക്കി അച്ചടിപ്പിക്കുകയും, കാനോന നമസ്കാരം ക്രോഡീകരിക്കുകയും, മരിച്ചവർക്കുള്ള ക്രമങ്ങളും, ശനിയാഴ്ചക്രമം എന്നിവ തയ്യാറാക്കുകയും ചെയ്തു. ആരാധനക്രമങ്ങളെ സംബന്ധിച്ച് ചാവറപിതാവിന്റെ സംഭാവന സഭയുടെ തനിമയെ കാത്തുസൂക്ഷിക്കാൻ പോരുന്നവയായിരുന്നു.

## VI സന്യാസ സഭാസ്ഥാപനം

കേരള സുറിയാനി സഭയുടെ വളർച്ചയ്ക്ക് സന്യാസസമൂഹങ്ങളും ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. വ്യക്തികളെ ആഴമായ വിശ്വാസിയിലേയ്ക്ക് നയിക്കുന്നതിനും സുവിശേഷപ്രഘോഷണം സഫലമായി നടത്തുന്നതിനും വേണ്ടിയാണ് സന്യാസസഭകളെ അദ്ദേഹം വിഭാവനം ചെയ്തത്. തന്റെ മരണപത്രികയിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായി'. (p. 100) യഥാർത്ഥ സന്യാസി ആരായിരിക്കണമെന്നും പിതാവ് പറഞ്ഞു തന്നിട്ടുണ്ട്. മരണപത്രികയിൽ നാം ഇപ്രകാരം കാണുന്നു: 'സന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയും ഇല്ലാത്ത ചൊൽവിളിയത്രെ. (p.99) തുടർന്ന് എഴുതുന്നു, '.....ചൊൽവിളി കേൾക്കുന്നവനാരോ അവൻ

മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രസിക്കും നിശ്ചയം'. (p. 100). സ്നേഹത്തിൽ വളരേണ്ട ഒന്നാണ് സന്യാസാശ്രമങ്ങാം എന്ന് അദ്ദേഹം പഠിപ്പിച്ചു. മരണപത്രികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. '...എത്ര കൊവേന്തകളുണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽ നിന്ന് പിറന്ന് ആ തള്ളയുടെ പാൽ കുടിച്ച് വളർന്നവർ എന്നതിൻ വണ്ണമുള്ള പട്ടാങ്ങയുള്ള സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചുവരികയും വേണം'. (p. 100)

ഇതാടൊപ്പം ആഴമായ പ്രാർത്ഥനയുടെ മനുഷ്യരായിരിക്കണം സന്യാസികാം എന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. കന്യാസ്ത്രീകാംക്കുള്ള എഴുത്തിൽ (VII/8) ഇക്കാര്യം എടുത്തുപറയുന്നുണ്ട്. വി. അമ്മത്രേസ്യായെപ്പോലെ ആധ്യാത്മികതയിൽ വളരാനുള്ള മാഗ്ഗങ്ങാം ഇവിടെ നിർദ്ദേശിക്കപ്പെടുന്നു. 'വായന, ഏകാന്തം, ധ്യാനത്തിലുള്ള നമസ്കാരം, ധ്യാനം ഈ നാലാം പടവിയിൽ ചെന്നാൽ മതി നമുക്ക്; അമ്മ ഏഴാംപടവിയിലും അമ്മയോടുകൂടെ ചിലർ 5, 6, കേറി. നമുക്കിവിടെ എങ്കിലും ചെല്ലണം.'

രണ്ടാംവത്തിക്കാൻ കൗൺസിൽ പറഞ്ഞുവച്ചത് 'എല്ലാ സന്യാസ സമൂഹങ്ങളും തിരുസഭയുടെ ജീവിതത്തിൽ പങ്കുചേരണം' എന്നാണ്. (P.c. 2c) അതുപോലെതന്നെ 'തിരുസഭയുടെ വിശ്വാസത്തിയുടെ പൂർണ്ണവികാസമായിരിക്കട്ടെ അവരുടെ ലക്ഷ്യം' എന്ന് 'തിരുസഭ' എന്ന പ്രമാണരേഖയിലും പഠിപ്പിക്കുന്നു (2. 9. 47). തിരുസഭാസേവനത്തിനായിട്ടാണ് 19-ാം നൂറ്റാണ്ടിൽ ചാവറപ്പിതാവ് ഏതദ്ദേശീയ സന്യാസസമൂഹങ്ങാംക്ക് രൂപം നൽകിയത് ഈ സഭകളിലൂടെ ഇന്നും കേരളസുറിയാനി സഭകളുടെ നാനാവിധമായ വളർച്ച നിർവഹിക്കപ്പെട്ടുപോരുന്നു. ലക്ഷ്യബോധം തെറ്റാതെ ജീവിക്കാൻ നമുക്ക് ശ്രമിക്കാം.

## VII ക്രിസ്തീയ കുടുംബം:

കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാനം. അതിന്റെ സമ്പൂർണ്ണമായ നിലവാരം ഉയർന്നാലേ സമൂഹം വളരുകയുള്ളൂ. കുടുംബത്തെപ്പറ്റി വളരെ മനോഹരമായി വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. കഴിഞ്ഞവർഷം കുടുംബവർഷമായി ആചരിക്കപ്പെട്ടു. ജീവനും, സ്നേഹവും കൊടുത്ത് സ്വന്തമാക്കേണ്ട ഒന്നാണ്

കുടുംബം. ഇതിന്റെയൊക്കെ സ്വപ്നം പോലും കാണാത്ത പതിറ്റാണ്ടുകാലത്തിനപ്പുറത്ത് ചാവറപ്പിതാവ് കുടുംബജീവിതത്തെപ്പറ്റിയുള്ള ആശയങ്ങൾ ഉൾക്കൊള്ളുകയും പഠിപ്പിക്കയും ചെയ്തു.

കൈനകരിക്കാർക്കുള്ള എഴുത്തിലൂടെ ഒരു നല്ല ക്രിസ്തീയ കുടുംബം ആകാശമോക്ഷത്തിനു സദൃശ്യമാകുന്നു എന്നാണ് അദ്ദേഹം പഠിപ്പിച്ചത്. ചാവറപ്പിതാവ് അവർക്കു നൽകിയ കുടുംബചട്ടം ഒരു കുടുംബം എപ്രകാരം സുവിശേഷമൂല്യങ്ങളാൽ പൂരിതമാകണമെന്നതിന്റെ രൂപരേഖയാണ്. സ്ഥലപരിമിതി മൂലം വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ക്രിസ്തീയ കുടുംബത്തെ നന്നായി നയിക്കുന്നതിനും. കുട്ടികളെ നേരായി വളർത്തുന്നതിനും വേണ്ട കാര്യങ്ങൾ ശരിയായി മനസ്സിലാക്കി കുടുംബം എപ്രകാരം സഭയുടെ സജീവഘടകമാകണം എന്ന് ചാവറപ്പിതാവ് പറഞ്ഞുതന്നു.

## മിഷനറി പ്രവർത്തനം

സഭ എക്കാലവും മിഷനറി സമൂഹമായിരുന്നു. അതിനായിട്ടാണ് യേശു തന്റെ ശിഷ്യസമൂഹത്തിന് രൂപം നൽകിയതും (Mt. 28:19, 20). സഭയുടെ മിഷൻപ്രവർത്തനത്തെ സാധാരണയായി നാല് തലങ്ങളായിക്കാണാം: (1) സ്ഥാനീയ സഭാസ്ഥാപനം (Local church) (2) സാംസ്കാരികാനുരൂപണം (Inculturation) (3) മതാന്തര സംവാദം (dialogue) (4) അടിച്ചമർത്തപ്പെട്ടവരുടെ വിമോചനം (Liberation of the oppressed)

ചാവറയുടെ ജീവിതമന്ത്രവും സമർപ്പിച്ചത് കേരളസുറിയാനി സഭയുടെ നാനാവിധങ്ങളായ വളർച്ചക്കായിരുന്നു എന്ന് നാം കണ്ടുകഴിഞ്ഞു. ഇക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വലിയ ആഗ്രഹം സീറോമലബാർ സഭയ്ക്ക് സ്വന്തമായ ഒരു ഭരണകൂടം വേണമെന്നതായിരുന്നു. പ്രൊപ്പഗാന്താ തിരുസംഘത്തിനെഴുതിയ എഴുത്തിൽ (II/5, p. 33) ഇക്കാര്യം എടുത്തുപറയുന്നുമുണ്ട്. 'ഞങ്ങൾ തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളാണ്.....ഞങ്ങൾക്ക് സ്വന്തം മെത്രാനില്ല...ഇവിടെ രണ്ട് മെത്രാന്മാർ ഉണ്ടാകുന്നത് നല്ലതാണ്...ഒന്ന് ലത്തീൻ സഭയ്ക്കും മറേറത് സുറിയാനി സഭയ്ക്കും.' സുറിയാനി സഭ അതിന്റെ തനിമയിൽ ഇവിടെ ജീവിക്കണമെന്ന് ചാവറപ്പിതാവിനു നിർബന്ധമുണ്ടായിരുന്നു.

സാന്ത്വാരികാനന്തരുപണത്തെ സംബന്ധിച്ച് ഇന്നത്തെപ്പോലുള്ള പക്വമായ ചിന്തകളും അന്നില്ലായിരുന്നു എങ്കിലും മനുഷ്യക്കും മനസ്സിലാകുന്ന ഭാഷയിൽ, ഭാവങ്ങളിൽ സഭൈക്യത്തെ ജനങ്ങളുടെ ഇടയിൽ കൊണ്ടുവരണമെന്ന് അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു അതിനായിട്ടാണ് അദ്ദേഹം പ്രസ് തുടങ്ങിയതും, പുസ്തകങ്ങൾ രചിച്ചതും മലയാള, സംസ്കൃത പള്ളിക്കൂടങ്ങൾ തുടങ്ങിയതുമെല്ലാം. പശ്ചാത്യരീതികൾ അവലംബിച്ചിരുന്നതായി അദ്ദേഹത്തിന്റെ ജീവിതത്തിൽ നാം കാണുന്നില്ല. മാർപാപ്പായിൽ നിന്നും കിട്ടുന്ന എഴുത്തുകൾ ഇവിടത്തെ മനുഷ്യർക്ക് മനസ്സിലാകുന്ന ഭാഷ (സുറിയാനി)യിലായിരിക്കണമെന്ന് അദ്ദേഹത്തിന്റെ എഴുത്തുകളിൽ ആവർത്തിക്കുന്നുണ്ടായിരുന്നു. സാധാരണ മലയാളിയുടെ ജീവിതശൈലിയായിരുന്ന അദ്ദേഹം സ്ഥാപിച്ച സന്യാസസഭകളും അവലംബിച്ചിരുന്നത്.

മതാന്തരസംവാദത്തെപ്പറ്റി ചിന്തിക്കുമ്പോഴും ഇന്നത്തെപ്പോലുള്ള വിശാലമായ ചിന്താധാരകളും അന്നുണ്ടായിരുന്നില്ല. എങ്കിലും ഭിന്നിച്ചു നിന്നിരുന്ന യാക്കോബായ സഹോദരങ്ങളുമായി അടുത്തബന്ധം നിലനിർത്തണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. പ്രൊപ്പഗാന്ത തിരുസംഘത്തിനുള്ള എഴുത്തിൽ ഇത് പ്രത്യേകം സൂചിപ്പിക്കുന്നു. (p.35) കൂടാതെ അദ്ദേഹത്തിന്റെ എഴുത്തുകളിൽ സ്വന്തം രാജ്യത്തെയും, ജനങ്ങളെയും, രാജാവിനെയുമൊക്കെ അനുസ്മരിക്കുന്നുണ്ട്. (p. 15, 19, 24) ഇതെല്ലാം സൂചിപ്പിക്കുന്നത് ചാവറയച്ചൻ ഒരു യാഥാസ്ഥിതികനൊ, മൗലികവാദിയോ ആയിരുന്നില്ല എന്നാണ്.

സമൂഹത്തിൽ അടിച്ചമർത്തപ്പെട്ടിരുന്നവരെയും അശരണരെയും ചാവറപ്പിതാവ് സ്നേഹിച്ചിരുന്നു. ചാവരുളിൽ അദ്ദേഹം പ്രത്യേകം നിഷ്കർഷിക്കുന്നത് 'അന്തസിനു തക്കവണ്ണം വേലയെടുക്കുക' (12) വേലക്കാക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയൊ താമസിപ്പിക്കയോ ചെയ്യരുത്'' (18) എന്നതും.

ചുരുക്കിപ്പറഞ്ഞാൽ, 20–ാം നൂറ്റാണ്ടിന്റെ അവസാന കാലയളവിൽ ജീവിച്ചുകൊണ്ട്, മിഷനെപ്പറ്റി നമ്മൾ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിൽത്തന്നെ സ്വാംശീകരിച്ച, കാലാതീതമായി ജീവിച്ച, നാമൊക്കെ സ്വപ്നം കാണുന്ന

സഭോത്ഭവത്തിന് അടിത്തറയിട്ട വലിയ മിഷനറിയായിരുന്ന ചാവറപ്പിതാവ്.

## IX ഉപസംഹാരം

ചാവറയച്ചന്റെ എഴുത്തുകളിലൂടെ കണ്ണോടിച്ച് അദ്ദേഹത്തിന്റെ സഭാദർശനം തേടുകയായിരുന്നു ഇവിടെ. കേരള സുറിയാനി സഭയെ അമ്മയായി സ്നേഹിച്ച്, അവളുടെ പാദസേവ ചെയ്ത ഒരു മനസ്സാതനയനായിരുന്നു അദ്ദേഹം. ഹ്രസ്വമായ കാഴ്ചപ്പാടോ, കടിലമായ ചിന്താധാരയൊ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആഗോള സഭയെയും, സഭാധികാരികളെയും അദ്ദേഹം ആത്മതുല്യം സ്നേഹിച്ചു. എല്ലാവരെയും ഉൾക്കൊള്ളാൻ പോന്ന സ്വർഗ്ഗരാജ്യത്തിന്റെ വിശാലതയാർന്നതായിരുന്നു ചാവറയുടെ വ്യക്തിത്വം. സഭയെപ്പറ്റി വിശാലമായി ചിന്തിക്കുകയും, ഒരുമയുടെയും, സൗഹാർദ്ദത്തിന്റെയും സുവിശേഷം അദ്ദേഹം ജീവിക്കുകയും ചെയ്തു. സഭയുടെ പിതാവായ ചാവറയച്ചൻ തുടങ്ങിവച്ച സഭാസേവന ലക്ഷ്യം നമ്മിലൂടെ പരിപൂർത്തി അണിയട്ടെ.

---

അദ്ധ്യായം 13

# മരണവീട്ടിൽ പാടാനുള്ള പാന

ഫാ. ഗബ്രിയേൽ സി.എം.ഐ.

## ആമുഖം

മരണവീട്ടിൽ പാടാനുള്ള പാട്ട് എന്ന ചാവറപ്പിതാവു പേരു കൊടുത്തു. എന്നാൽ 1939-ൽ മാന്നാനത്തുനിന്നു പ്രസിദ്ധീകരിച്ചപ്പോഴും പ്രസാധകൻ പാനയെന്നു മാറ്റി. പാനയ്ക്ക് 39 വശങ്ങളും 1162 വരികളുമുണ്ട്. മൂലത്തിൽ 46 വശങ്ങളാണുള്ളതു്. തലക്കെട്ടിൽനിന്നു പുസ്തകത്തിന്റെ ഉദ്ദേശം വ്യക്തമാണു്. മരണത്തെപ്പറ്റിയുള്ള രക്ഷാകരമായ ചിന്തകളും മരണവീട്ടിൽചെല്ലുന്നവർക്കു്, ബന്ധുമിത്രാദികൾക്കു് ഉണ്ടാകണം. മരണത്തിന്റെ ദൈവശാസ്ത്രം സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം കവിതാരൂപത്തിൽ ചാവറയച്ചൻ അവതരിപ്പിക്കുന്നു. സഭാവിജ്ഞാനീയവും ക്രിസ്തീയ ആദ്ധ്യാത്മികതയും അതിനു നിറപ്പകിട്ടു നൽകുന്നു.

## അവതരണരീതി

മരിച്ചു കിടക്കുന്ന ആത്മ സന്ദർശകരെ, ബന്ധുമിത്രാദികളെ മരണയാഥാർത്ഥ്യാനുഭവ പ്രകാശത്തിൽ പഠിപ്പിക്കുന്ന രീതിയിൽ, ഉപദേശിക്കുന്ന രീതിയിൽ, അവരുടെ സഹായമപേക്ഷിക്കുന്ന വിധത്തിൽ ആണു് എഴുതിയിരിക്കുന്നതു്. തന്മൂലം അതു കേൾവിക്കാരെ ആഴമായി സ്പർശിക്കുന്നു.

### 1. മരണത്തിന്റെ ദൈവശാസ്ത്രം

മരണം യഥാർത്ഥമായ ജ്ഞാനം നൽകി സൃഷ്ടികളുടെ മായാവലയത്തിൽനിന്നു മനുഷ്യനെ മോചിപ്പിക്കുന്നു. ജന്മഘോഷത്തെക്കാളും മരണഘോഷം നല്ലതാണു്, കല്യാണപ്പന്തലിൽ പോകുന്നതിനെക്കാളും മരണവിലാപവീട്ടിൽ പോകുന്നതാണു നല്ലതെന്നുള്ള സഭാപ്രസംഗകന്റെ പ്രസ്താവന ഉദ്ധരിച്ചുകൊണ്ടാണു് ചാവറയച്ചൻ പാന ആരംഭിക്കുന്നതു്.

ആദ്യമായി

'നിങ്ങളും ഞാനുമായൊന്നിച്ചു മോദിച്ചു
ഇന്നു ഞാൻ നീങ്ങളാൽ വേർപെട്ടിതാ
.....
നിങ്ങളിലൊന്നുപോലായിരുന്നിന്നലെ
നിങ്ങളുമെന്നെപ്പോലാകും നാളെ'. (11–22)

എന്നു മരിച്ചയാൾ കാണികൾക്കു മുന്നറിയിപ്പു നല്കുന്നു. എല്ലാവരും അഭിമുഖീകരിക്കേണ്ടതും എന്നാൽ എല്ലാവരും മറക്കുന്നതുമായ അതിപ്രധാനമായ കാര്യമാണ് മരണം. പ്രതീക്ഷിക്കാത്ത സമയത്തു മരണം പെട്ടെന്നു മനുഷ്യനെ പിടികൂടുമെന്നും അതു മനുഷ്യനെ നിത്യതയുടെ ലോകത്തിലേക്കു നയിക്കുന്നു എന്നുമുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ നോക്കിക്കാണുന്നതിനു് ഇതു സഹായിക്കുന്നു.

## മനുഷ്യന്റെ കള്ളമിത്രങ്ങളും യഥാർത്ഥ സ്നേഹിതനും

മരിച്ചയാൾ, മരണസമയത്തു തന്നെ ഉപേക്ഷിച്ചു വഞ്ചകരായ സ്നേഹിതന്മാരെപ്പറ്റി ആദ്യം പറയുന്നു. അവരെ വിശ്വസിച്ചു സ്നേഹിച്ചു് അവർക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു ജീവിതകാലം മുഴുവൻ. എന്നാൽ മരണസമയത്തു മാത്രമാണു് അവരുടെ യഥാർത്ഥ സ്വഭാവം മനസ്സിലാകുന്നതു്.

ജീവിതകാലത്തിൻ സ്നേഹിതന്മാർ പലർ
ജീവൻ പിരിയുമ്പോൾ ആരുമില്ല.
.....
എത്രയും സ്നേഹത്താൽ സ്നേഹിച്ചു മൂവരെ
മിത്രരായ് ചേർത്തു ഞാൻ സവ്വ്നേരം (27–32).

ജീവിതകാലത്തു മനുഷ്യൻ ചിന്തിക്കുന്നു, ലോകം, സ്വന്തജനങ്ങൾ,ശരീരം ഇവയാണു തന്റെ യഥാർത്ഥസ്നേഹിതരെന്നു്. അവർക്കുവേണ്ടി ജീവിതം മുഴുവൻ ചെലവഴിക്കുന്നു. മരണസമയത്തു വിധിയാളന്റെ മുമ്പിൽ പ്രത്യക്ഷപ്പെടേണ്ട കല്പന കിട്ടുമ്പോൾ ഈ മിത്രങ്ങൾ അവനെ ഉപേക്ഷിക്കുന്നു, അവനുവേണ്ടി ഒന്നും ചെയ്യുവാൻ അവർക്കു കഴിയുകയില്ലെന്നു മനസ്സിലാക്കുന്നു. നാലാമത്തെ മിത്രമായ സുകൃതങ്ങൾ മാത്രമാണു് യഥാർത്ഥ സ്നേഹിതൻ. ആ മിത്രത്തെ

സ്നേഹിച്ചതുകൊണ്ട് അയാളുടെ സഹായത്താൽ മനുഷ്യന്റെ നാല് അന്ത്യങ്ങളെപ്പറ്റി ഓർത്ത് ജീവിച്ചതിനാൽ തനിക്കു നല്ലമരണം കിട്ടിയെന്നു മരിച്ചയാൾ പറയുന്നു. മനുഷ്യന്റെ അന്ത്യങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടു ജീവിക്കുവാൻ മരിച്ചയാൾ കേൾവിക്കാരെ ഓർപ്പിക്കുന്നു.

മൃത്യു വിധി മോക്ഷം ദുർഗ്ഗതിയെന്നിവ
ധീസ്മരണയതിൽ സവ്വനേരം
എന്നിതു നിങ്ങളുമോർത്തു ജപിപ്പാനായ്
ഇന്നെന്റെ കാഴ്ചയിലോർപ്പിക്കുന്നു (205–208).

## 2. ശുദ്ധീകരസ്ഥല ദൈവശാസ്ത്രം

തന്റെ ശാരീരികപീഡകളും മാറാൻ പരിശ്രമിച്ചതിനു ബന്ധുജനങ്ങളോടു നന്ദി പറഞ്ഞുകൊണ്ടു തന്റെ യഥാർത്ഥ പീഡയെന്താണെന്നു മരിച്ചയാൾ വ്യക്തമാക്കുന്നു. അതു ശുദ്ധീകരാഗ്നിയിലെ കഠിനമായ പീഡയാണു്. എത്ര പരിശുദ്ധരായി ജീവിക്കുന്നവരാണെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ കളങ്കം കാണുന്നതുകൊണ്ടു ശുദ്ധീകരാഗ്നിയിൽ അവയെല്ലാം മാറി പരിശുദ്ധരായാൽ മാത്രമെ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു. സുകൃതിനിയായ ഒരു വൃദ്ധയുടെ സംഭവംകൊണ്ടു് അതു സമർത്ഥിക്കുന്നു. അവൾ മരിക്കുമ്പോൾ ദൈവമാതാവും സ്വർഗ്ഗവാസികളും ചേർന്നു് അവളുടെ ആത്മാവിനെ സ്വീകരിച്ചെങ്കിലും അല്പസ്വല്പ മാലിന്യങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു് അവൾ ശുദ്ധീകരസ്ഥലത്തേക്കാണു് പോയതു്. അവളുടെ മകൾ കന്യാസ്ത്രീയും മറ്റുള്ളവരും അവൾക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവൾ മോചിതയായി. ആ സംഭവം കേട്ട കാണികളും തന്നെ സഹായിക്കണമെന്നു പരേതൻ യാചിക്കുന്നു (209-330).

മരിച്ചുകഴിയുമ്പോൾ ദൈവത്തിന്റെ നീതി ദയയായി മാറാൻ ആത്മാവിനു സാധിക്കുകയില്ല. എന്നാൽ ഈ ലോകത്തിലുള്ളവർക്കു തങ്ങളുടെ സൽപ്രവൃത്തികൾകൊണ്ടും പ്രാർത്ഥനകൊണ്ടും മരിച്ചയാളിനുവേണ്ടി അതു ചെയ്യുവാൻ സാധിക്കും.

തന്നുടെ നീതി ദയയായി പകർത്തുവാൻ
നിങ്ങൾക്കീനേരത്തിൽ സാധ്യമല്ലോ.

എന്നുടെ വേലയിൽ നേരം കഴിഞ്ഞുപോയ്
ഇന്നെന്റെ രോദനം കേൾക്കുന്നില്ല.
നിങ്ങളെനിക്കായ് പ്രാർത്ഥിക്കുമെങ്കിലോ
അപ്പൊടനുകൂലമുണ്ടാമെന്നിൽ (319–324)

ശ്രുദ്ധീകരസ്ഥലത്തിലെ പീഡ വളരെ കഠിനമാണ്, എന്നാൽ ഈ ലോകത്തിലെ പീഡകളം വളരെ നിസ്സാരമാണ്. തന്മൂലം ഇവിടെ സഹിക്കുകയാണ നല്ലതെന്ന കാണിക്കാൻ ഒരു സംഭവം പറയുന്നു:–

രോഗംകൊണ്ട വളരെ കഷ്ടപ്പെട്ട ഒരു സന്യാസി അതിൽനിന്ന മോചിതനാകണമെന്ന പ്രാർത്ഥിച്ചപ്പോൾ കുറേനാൾ ലോകത്തിൽ സഹിക്കുക, അല്ലെങ്കിൽ ശ്രുദ്ധീകരസ്ഥലത്തു മൂന്നദിവസം സഹിക്കുക ഇവയിലൊന്ന തിരഞ്ഞെടുക്കാമെന്ന മാലാഖ അറിയിച്ചതനുസരിച്ചു രണ്ടാമത്തേത തിരഞ്ഞെടുത്തു. അയാൾ മരിച്ചു ദിവസം വൈകുന്നേരം മാലാഖ അയാളെ സന്ദർശിച്ചപ്പോൾ അനേകവഷ്ങ്ങളായിട്ടും തനിക്കു മോചനം കിട്ടാത്തതിൽ മാലാഖയോടു പരിഭവം പറഞ്ഞു. അപ്പോൾ, ഒരു ദിവസംപോലും തികഞ്ഞിട്ടില്ലെന്നും വേണമെങ്കിൽ ഭ്രമിയിൽ പോയി അവിടെ സഹിക്കാമെന്നും മാലാഖ മറുപടി പറഞ്ഞപ്പോൾ ലോകത്തിലേക്കു തിരിച്ചുപോയി അവിടെ സഹിക്കവാൻ തിരഞ്ഞെടുത്തു ലോകത്തിൽ തപസ്സുചെയ്തു ജീവിക്കുവാൻ സഹസന്യാസികളെ ആഹ്വാനം ചെയ്കയും ചെയ്തു. ഇപ്രകാരമുള്ള കഠിനപീഡയാണ താൻ സഹിക്കുന്നതെന്ന മനസ്സിലാക്കി തന്നെ സഹായിച്ചാൽ കേവലിക്കാരും തന്റെ സ്ഥിതിയിലാകുമ്പോൾ അവക്കും സഹായം ലഭിക്കുമെന്ന പരേതൻ സന്ദർശകരെ ഓർമ്മിപ്പിക്കുന്നു (369–480).

മരിച്ചയാളെ ഓർത്തു വൃഥാ ദുഃഖിച്ചിട്ടാവശ്യമില്ല, നീണ്ട കരച്ചിൽകൊണ്ട് ഒരു ഉപകാരവുമില്ല. യഥാർത്ഥസ്നേഹം മരിച്ചയാളിന്റെ വേദന മനസ്സിലാക്കി അയാൾക്കുവേണ്ടിപ്രാർത്ഥിക്കുകയാണ്. ജുവാൻ എന്ന രാജാവു മരിച്ചയുടനെ രാജ്ഞി വളരെയധികം ഭക്തകൃത്യങ്ങളം ചെയ്തെങ്കിലും രാജാവു പ്രത്യക്ഷപ്പെട്ട താൻ വളരെ പീഡ സഹിക്കുകയാണെന്നറിയിച്ചു. അതുകേട്ട രാജ്ഞി 40 ദിവസം ഉപവസിക്കുകയും തീക്ഷ്ണമായി പ്രാർത്ഥിക്കുകയും കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തപ്പോൾ രാജാവു സ്വർഗ്ഗം പ്രാപിച്ചു (551–592).

ശ്രദ്ധീകരസ്ഥലത്തെ പീഡ അതികഠിനമായതുകൊണ്ട് പ്രാർത്ഥിക്കുവാൻ ഒട്ടും താമസിക്കാൻ പാടില്ല. രോഗിയായ ഒരു സന്യാസിക്ക് ദൈവദൂതൻവഴി അറിവു കിട്ടി, മരണശേഷം ശ്രദ്ധീകരസ്ഥലത്തു പോകുമെങ്കിലും ഒരു ദിവ്യബലി അർപ്പിക്കുന്ന നേരം വരെയെ സഹിക്കേണ്ടിവരുകയുള്ളുവെന്ന്. അതു തന്റെ സ്നേഹിതനായ സന്യാസിയെ അറിയിച്ചപ്പോൾ മരിച്ചാൽ ഉടനെതന്നെ ബലിയർപ്പിക്കുന്നതാണെന്നു വാഗ്ദാനം ചെയ്തു. രോഗിയായ സന്യാസി മരിച്ചയുടനെതന്നെ കണ്ണുകളടച്ചശേഷം സ്നേഹിതൻ ബലിയർപ്പിച്ചിട്ട് മറ്റു സഹോദരങ്ങളോടൊത്തു ധ്യാനിച്ചുനില്ക്കുമ്പോൾ മരിച്ചുപോയ സന്യാസി പ്രത്യക്ഷപ്പെട്ട് ചോദിച്ചു – 'നിന്റെ സ്നേഹം ഇതാണോ? എന്തുകൊണ്ട് എന്റെ പീഡ നീ ദീർഘിപ്പിച്ചു?' അപ്പോൾ സ്നേഹിതൻ പറഞ്ഞു, വാഗ്ദാനപ്രകാരം മരിച്ച ഉടനെതന്നെ താൻ ബലിയർപ്പിച്ചുവെന്ന്. മോക്ഷപ്രാപ്തനായ സ്നേഹിതൻ പറഞ്ഞു, അരമണിക്കൂർ ആയിരം ദിവസങ്ങൾപോലെ തനിക്കനുഭവപ്പെട്ടുവെന്ന് (601–650).

ശ്രദ്ധീകരാത്മാക്കളെ മറക്കുന്ന ആരും മരിക്കുമ്പോൾ അയാളും മറക്കപ്പെടും. മോനിക്കാ എന്ന കന്യാസ്ത്രീക്ക് ശ്രദ്ധീകരാത്മാക്കളോട് വളരെ ഭക്തിയുണ്ടായിരുന്നു. അവരും വഴി വളരെ ആത്മാക്കളും ശ്രദ്ധീകരണസ്ഥലത്തു നിന്നു മോചനം പ്രാപിച്ചിരുന്നു. എന്നാൽ അവളുടെ പിതാവ് മരിച്ചപ്പോൾ അയാൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രാർത്ഥനാലയത്തിൽ ചെല്ലുമ്പോൾ അവരും മറക്കുമായിരുന്നു, കാരണം ജീവിതകാലത്ത് അയാൾ ശ്രദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നില്ല. (657–722)

ശ്രദ്ധീകരാത്മാക്കളെ സഹായിക്കുന്നവരെ ലോകത്തിൽ ക്ലേശമുണ്ടാകുമ്പോൾ ആത്മാക്കളും സഹായിക്കും. ഒരു വൈദികൻ രോഗിക്ക് അന്ത്യകൂദാശ നൽകുവാൻ വൈകുന്നേരം പോകുമ്പോൾ സിമിത്തേരിയിൽ നിന്ന് ഒരു സ്വരം കേട്ടു:– 'നമ്മെ സഹായിച്ചവനെ സഹായിക്കുവാൻ ഇപ്പോൾ പോകണം'. രോഗിക്ക് അന്ത്യകൂദാശ നൽകുന്ന സമയത്ത് ശോഭയുള്ള വസ്ത്രം ധരിച്ചവർ ചുറ്റും നില്ക്കുന്നതും പിശാചുക്കൾ ഓടുന്നതും കണ്ടു. ശ്രദ്ധീകരാത്മാക്കളെ സഹായിച്ചിരുന്ന വ്യക്തിയാണ് രോഗിയെന്ന് വൈദികനു മനസ്സിലായി. (727–762)

പരലോകത്തിലേക്കുള്ള യാത്ര വളരെ അപകടം പിടിച്ചതാണെന്ന മനസ്സിലാക്കി അപ്പോഴും സഹായിക്കുവാനുള്ള മിത്രങ്ങളെ ഇപ്പോഴും സമ്പാദിക്കണം. ഇന്ന് ശ്രദ്ധീകരാത്മാക്കൾക്കു വേണ്ടി ചെയ്യുന്നവ അവർ മറക്കുകയില്ല. (763–794)

വേണ്ട യോഗ്യതയില്ലെങ്കിലും ശ്രദ്ധീകരാത്മാക്കൾക്കുവേണ്ടി ചെയ്യുന്ന സുകൃതങ്ങളും ദൈവം സ്വീകരിക്കും. പാപകൃത്യം ചെയ്യുന്നതിനു വേണ്ടി ഒരു മനുഷ്യൻ രാത്രിയിൽ പോകുമ്പോൾ തുക്കുമരത്തിൽ കിടക്കുന്ന കുറവാളിയുടെ ശവം കണ്ട് അയാൾക്കു വേണ്ടി മുട്ടുകുത്തി ജപമാല ചൊല്ലി കാഴ്ചവെച്ച് മാതാവിനോട് പ്രാർത്ഥിച്ചു. അപ്പോൾ ആ പ്രേതം പാപത്തിൽ നിന്ന് അയാളെ പിന്തിരിപ്പിക്കുവാൻ പരിശ്രമിക്കുകയും മാതാവിന്റെ പ്രാർത്ഥനയാൽ കാരുണ്യം കണ്ടെത്തിയെന്ന് വെളിപ്പെടുത്തുകയും ചെയ്തു. (801–950)

മരിച്ചവർക്കുവേണ്ടി ചെയ്യാനുള്ളവ ചെയ്യാതിരുന്നാൽ പല അനർത്ഥങ്ങളും ശിക്ഷയുമുണ്ടാകും. ഒരു സന്യാസി മരിച്ചാൽ അയാളുടെ ജീവിതച്ചിലവ് ഒരു മാസത്തേയ്ക്ക് പാവങ്ങൾക്കു കൊടുക്കണമെന്ന നിയമമുണ്ടായിരുന്ന ഒരു ആശ്രമത്തിൽ പകർച്ചവ്യാധി മൂലം പലർ മരിച്ചെങ്കിലും പ്രൊക്യൂറേറർ അപ്രകാരം ചെയ്തില്ല. ഒരു രാത്രിയിൽ, മരിച്ചുപോയ സന്യാസികളുടെ ആത്മാക്കൾ പ്രത്യക്ഷപ്പെട്ട് അയാളെ കുറപ്പെടുത്തി ശിക്ഷിക്കുകയും അവരോടുകൂടി 4 ദിവസത്തിനകം ചേരുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു. ആത്മാക്കൾ പറഞ്ഞതുപോലെ നാലാം ദിവസം അയാൾ മരിച്ചു. (950–1028)

മരിച്ചവർ മൂലം പല അനർത്ഥങ്ങളുണ്ടാകാം. ഒരു പ്രേത മനോഹരമായ മാളിക തീർത്തു. പക്ഷെ അയാളുടെ മരണശേഷം മക്കൾക്ക് അവിടെ താമസിക്കുവാൻ സാധിച്ചില്ല. വലിയ സ്വരങ്ങളും തീയും പ്രത്യക്ഷപ്പെട്ടിരുന്നതുകൊണ്ട്. ഒരു ഭക്തനായ ക്രിസ്ത്യാനി അതുവാങ്ങി. രാത്രിയിൽ അഗ്നിയാൽ ചുറ്റപ്പെട്ട ഒരാളെ കണ്ടപ്പോൾ അത് പ്രേതവിന്റെ ആത്മാവെന്ന മനസ്സിലാക്കി ദാനധർമ്മങ്ങൾ ചെയ്തപ്പോൾ ബാധകം ഒഴിവായി (1031–1060)

### 3. വിശുദ്ധരുടെ കൂട്ടായ്മ

വിശുദ്ധരുടെ കൂട്ടായ്മ മൂലം സ്വർഗ്ഗീയ സഭയും ലോകത്തിലെ സമരസഭയും ശുദ്ധീകരണസ്ഥലത്തിലെ സഹനസഭയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് പരസ്പര സഹായത്താൽ എല്ലാവർക്കും ഗുണം കിട്ടും. അതുകൊണ്ട് തന്നെ സഹായിച്ചാൽ കേൾവിക്കാർക്ക് നന്മയുണ്ടാകുമെന്നു പരേതൻ ഉപദേശിക്കുന്നു.

പുണ്യവാളന്മാരുടെ ഒരുമ്പാടിന്മേൽ
പുണ്യമായുള്ളൊരു വിശ്വാസത്താൽ
ജയവിരുതു ധരിച്ചുള്ളൊരു പള്ളിയും
ജഗതിയിലുള്ള യുദ്ധക്കാരും
ശുദ്ധീകരത്തിലെ ദുഃഖജനങ്ങളും
ശുദ്ധമായ് മുന്ന ജനപള്ളികവും
അനേന്യാനമായുള്ള പുണ്യസഹായത്താൽ
അങ്ങിങ്ങുമുണ്ടാകും സർവ്വം ഗുണം. (1063–72)

### 4. സഹായിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

ശുദ്ധീകരാത്മാക്കളെ സഹായിക്കുവാൻ മുന്ന വഴികളാണുള്ളത്: 1) പ്രാർത്ഥന 2) തപസ് 3) ദാനധർമ്മം.

നല്ല നിയോഗമുണ്ടായിരിക്കണം. ചെയ്യുന്നതെല്ലാം ഈശോയുടെ സുകൃതങ്ങളോട് യോജിപ്പിക്കണം. ഒരു രോഗിയെ കാണാൻ പോകുമ്പോഴും അയാളിൽ ഈശോയെ ദർശിക്കണം അവിടത്തെ വാക്കനുസരിച്ച്. ഈശോശിഷ്യന്മാരുടെ കാലുകഴുകി മാതൃക നൽകിയതോർത്തുകൊണ്ട് രോഗിയെ സ്നേഹപൂർവ്വം ശുശ്രൂഷിക്കണം. ശവം സംസ്കരിക്കുമ്പോഴും ശിഷ്യന്മാർ ഈശോയുടെ തിരുശരീരം സംസ്കരിച്ചതോർക്കണം.

ഒടുവിൽ, മരിച്ചയാളും പറയുന്നു. 'എനിക്കുവേണ്ടി ഇതെല്ലാം ചെയ്താൽ എത്രഭാഗ്യം! നിങ്ങൾക്ക് അഭിവൃദ്ധിയുണ്ടാകും. രോഗികൾക്കുവേണ്ടി ഇതുപോലെ ചെയ്താൽ ഈശോ എല്ലാം ചെയ്യും.' അങ്ങനെ ശുദ്ധീകരാത്മാക്കളെ സഹായിക്കേണ്ടതിന്റെ ആവശ്യം തന്റെ കവിതകൊണ്ട് വ്യക്തമാക്കിയശേഷം സ്നേഹപൂർവ്വം രോഗികളെ ശുശ്രൂഷിക്കുവാൻ, മരിച്ചവരെ സംസ്കരിക്കുവാൻ അനുസ്മരിപ്പിച്ചുകൊണ്ട് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പാന അവസാനിപ്പിക്കുന്നു. (1073–1162).

## 5. വിലയിരുത്തൽ

പാനയുടെ പ്രധാനസന്ദേശം നിത്യജീവിതത്തിനുവേണ്ടി മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നതാണ്. വെറുമൊരു ദൈവശാസ്ത്രസിദ്ധാന്തം അവതരിപ്പിക്കുവാൻ ചാവറയച്ചൻ മുതിരുന്നില്ല. ഇന്നത്തേതിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു ദൈവശാസ്ത്ര കാഴ്ചപ്പാടിന്റെ വെളിച്ചത്തിലാണ് അദ്ദേഹം പാന രചിച്ചിരിക്കുന്നതെങ്കിലും ഇന്നും വിലയുള്ള പല ചിന്താധാരകളും ദർശനങ്ങളും അദ്ദേഹത്തിന്റെ ഈ കവിതയിൽ ഉണ്ടെന്നു കാണിക്കുവാൻ ഒരു പരിശ്രമം നടത്തുകയാണ്.

### (1) പൗരസ്ത്യപാരമ്പര്യം

ഇന്ന് പൗരസ്ത്യപാരമ്പര്യത്തിന് സഭയിൽ പ്രാധാന്യം കുടി വരുകയാണ്. തപസ്സും പ്രായശ്ചിത്തവും നീണ്ട പ്രാർത്ഥനയും പൗരസ്ത്യർക്ക് വളരെ പ്രധാനപ്പെട്ടതാണ്. സന്യാസിനീസന്യാസികാർ ലോകം പൂർണ്ണമായുപേക്ഷിച്ച് വിജനപ്രദേശത്തുപോയി പ്രാർത്ഥനയിലും തപസ്സിലും സമയം ചിലവഴിച്ച് തങ്ങളെതന്നെ ശുദ്ധീകരിക്കുന്നു. മരണശേഷത്തേയ്ക്ക് ശുദ്ധീകരണം മാറ്റിവയ്ക്കാതെ. സാമാന്യജനങ്ങളും തപസ്സിനും പ്രായശ്ചിത്തത്തിനും കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. നേരത്തേ സൂചിപ്പിച്ചതുപോലെ പാനയിലെ പ്രധാന ആശയവും നിത്യജീവിതം മുന്നിൽ കണ്ടുകൊണ്ട് ഇന്ന് ജീവിക്കുകയെന്നതാണ്.

ഭാരതീയ പാരമ്പര്യത്തിലും പരിത്യാഗത്തിനും തപസ്സിനും വളരെ പ്രാധാന്യം കൊടുക്കുന്നു. മോചനം പ്രാപിക്കുന്നതിന് ലോകവുമായുള്ള ബന്ധം പരിപൂർണ്ണമായി ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അതിനു വളരെക്കാലത്തെ കഠിനാദ്ധ്വാനം ആവശ്യമാണ്. ഈ ലോകജീവിതം നിത്യജീവിതത്തിനുവേണ്ടിയുള്ള ഒരുക്കമായി ഈ രണ്ടു പാരമ്പര്യങ്ങളും കണക്കാക്കുന്നു.

### (2) ആധുനിക ദൈവശാസ്ത്രം

ആധുനിക യുഗാന്ത്യവിജ്ഞാനീയം രക്ഷിതനായ മനുഷ്യനെ അവൻ ആയിരിക്കുന്ന രീതിയിൽ പരിഗണിക്കുന്നു. മനുഷ്യൻ ഇന്നു നടത്തുന്ന തീരുമാനമനുസരിച്ചാണ് അവന്റെ ഭാവി. $ അപ്രകാരമുള്ള ഒരു സമീപനമാണ് പാനയുടെ ആരംഭഭാഗത്ത് മരണത്തെപ്പറ്റി പ്രതിപാദിക്കുമ്പോഴും ചാവറയച്ചൻ സ്വീകരിക്കുന്ന

ത്. മരണമെന്ന യാഥാർത്ഥ്യമാണ്, സംഭവമാണ് ആധുനികമനുഷ്യനെ പിടിച്ചു കുഴക്കുവാൻ പറ്റുന്ന കാര്യം. മറ്റെല്ലാറ്റിനും തന്നെ മനുഷ്യനു പരിഹാരമുണ്ട്, അല്ലെങ്കിൽ പ്രതീക്ഷ നൽകുന്ന താല്ക്കാലിക പോംവഴികളുണ്ട്. പരിചിതരിലൂടെ, പ്രിയപ്പെട്ടവരിലൂടെ മരണത്തിന്റെ രഹസ്യവുമായി ഏറ്റുമുട്ടുന്ന അവസരത്തിൽ മരണം നല്കുന്ന രക്ഷാകരചിന്തകളും സ്വീകരിക്കുവാൻ എപ്പോഴും തന്നെ തയ്യാറായിരിക്കും. അതുകൊണ്ടു പാവറയച്ചന്റെ പാനയ്ക്ക് ഇന്നും സാംഗത്യമുണ്ട്. മനുഷ്യജീവിതത്തിന്റെ ക്ഷണികതയെപ്പറ്റിയുള്ള കോഹലത്തിന്റെ ചിന്തകളും സ്വർഗ്ഗത്തിൽ നിക്ഷേപം കൂട്ടുവിനെന്നുള്ള ക്രിസ്തുനാഥന്റെ ഉപദേശവും സുകൃതസമ്പന്നമായ ജീവിതം മാത്രമാണ് ക്ഷണികമായ ഇഹലോകവാസത്തിനപ്പുറം മനുഷ്യനെ രക്ഷിക്കുന്നതെന്നുള്ള യാഥാർത്ഥ്യവും മാറ്റമില്ലാത്ത സനാതന സത്യങ്ങളാണ്.

ആധുനിക ദൈവശാസ്ത്രം ശുദ്ധീകരസ്ഥലത്തെ പീഡയുടെ കാഠിന്യത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും അധികം ശ്രദ്ധിക്കാറില്ല എന്നാൽ പാപവും പാപപ്രവണതകളും കാലികശിക്ഷയും ദുരാശയുടെ ഫലങ്ങളുമെല്പിക്കുന്ന ആത്മാവിലെ ആഴമായ വ്രണങ്ങളും നീക്കി ആത്മാവിലെ ദൈവികച്ഛായ ശോഭനമാക്കാൻ ഒരു സമൂലവും കർക്കശവുമായ ശുദ്ധീകരണം ആവശ്യമാണെന്ന് ആധുനിക ദൈവശാസ്ത്രം മനസ്സിലാക്കുന്നു†.

മരണം വഴി ആത്മാവ് പദാർത്ഥപരിമിതിയിൽ നിന്നും മോചനം പ്രാപിച്ച് വിശ്വതലത്തിലേക്കു കടക്കുന്നതുകൊണ്ട് അതിന്റെ പ്രവർത്തനമണ്ഡലം കൂടുതൽ വിശാലമാകുന്നു. തന്നിമിത്തം ദൈവിക രക്ഷാകരപ്രവർത്തനങ്ങളിൽ അത് കൂടുതൽ പങ്കുപറ്റുന്നു‡. ശുദ്ധീകരാത്മാക്കൾ ഈലോകത്തിലുള്ളവരെ സഹായിക്കുന്നതിനെപ്പറ്റി പാനയിൽ പറഞ്ഞിരിക്കുന്നത് ആ രീതിയിൽ മനസ്സിലാക്കാവുന്നതാണ്.

ശുദ്ധീകരാത്മാക്കളെ ഭൗമികർക്ക് സഹായിക്കുവാൻ സാധിക്കുന്നത് പുണ്യവാന്മാരുടെ കൂട്ടായ്മ കൊണ്ടാണെന്ന് പാന പ്രസ്താവിക്കുന്നു. പരിശുദ്ധാത്മാവിയിൽ വിശുദ്ധരുടെയും മാലാഖമാരുടെയും രക്ഷാകരമായ സാന്നിധ്യം ദുർബലനായ മനുഷ്യൻ അനുഭവിക്കുന്നു. ശുദ്ധീകരാത്മാക്കളെപ്പറ്റിയുള്ള സ്നേഹപൂർണ്ണമാ

യ താല്പര്യം ഇതിന്റെ ഒരു വശമാണ്*. സഭയുടെ ആന്തരികജീവിതത്തിലേക്ക്, മിശിഹായുടെ മൗതികശരീരത്തിലേക്ക് നയിക്കുന്ന ഒരു സത്യമാണ് ഇത്. 'ഒരവയവം വേദനിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരവയവത്തിനു ബഹുമാനം ലഭിക്കുമ്പോൾ അവയവങ്ങളെല്ലാം ഒരുമിച്ചു സന്തോഷിക്കുന്നു' (1 കോറി. 12, 26). പുണ്യവാന്മാരുടെ ഐക്യത്തിൽ അധിഷ്ഠിതമായ, ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിലുള്ള ഈ ബന്ധത്തിൽ സ്നേഹപ്രേരിതമായ ചെറിയ പ്രവൃത്തികളും പോലും എല്ലാവരുടെയും നന്മയ്ക്കുതകുന്നു£.

പരസ്നേഹത്തിനു നൽകുന്ന പ്രാധാന്യവും ശ്രദ്ധേയമാണ്. രോഗികളിൽ ഈശോയെ ദർശിച്ചുകൊണ്ട് അവരെ ശ്രുശ്രൂഷിക്കണം, മരിച്ചയാളിൽ ഈശോയെ കണ്ടുകൊണ്ട് ശരീരം സംസ്കരിക്കണം. ഈശോ, ശിഷ്യരുടെ പാദം കഴുകി സേവനത്തിന്റെ മാതൃക കാഴ്ചവെച്ചതും അന്ത്യദിനത്തിൽ നാഥൻ വിധിക്കുവാൻ വരുമ്പോൾ പറയുന്ന വാക്കുകളും ശിഷ്യർ ഭയഭക്തിപൂർവ്വം നാഥന്റെ തിരുമേനി സംസ്കരിച്ചതുമെല്ലാമാണ് ഈ പരസ്നേഹത്തിന്റെ അടിസ്ഥാനമായി ചാവറയച്ചൻ എടുത്തുകാണിക്കുന്നത്. മനുഷ്യസ്നേഹത്തെപ്പറ്റി ധാരാളം പറയുന്ന ഇക്കാലത്ത് ഈ കാഴ്ചപ്പാട് പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതുപോലെ രോഗീശ്രുശ്രൂഷയുടെയും വിദ്യാഭ്യാസ പ്രവർത്തനത്തിന്റെയും മറ്റ് സാമൂഹ്യപ്രവർത്തനങ്ങളുടെയും അടിസ്ഥാനമായി നില്ക്കുന്നതും ഈ ദർശനമാണ്.

---

§ സാക്രമെന്തും മുന്തി vol. 2, p. 59 (sacramentum mundi)
† New Catholic Encyclopedia vol. 11, p. 1037.
§ Sacramentum Mundi vol. 2, p. 59.
* Ibid. p. p. 393-94.
£ Catechism of the Catholich Church
(കത്തോലിക്കാസഭയുടെ വേദോപദേശം) p. 190.

അദ്ധ്യായം 14

# അനസ്താസ്യായുടെ രക്തസാക്ഷ്യത്തിലെ ദൈവശാസ്ത്രലോകം

ഫാ. പോൾ കല്ലുവീട്ടിൽ, സി.എം.ഐ.

**ആമുഖം**

182 വരികൾ മാത്രമടങ്ങുന്ന ഈ ഖണ്ഡകാവ്യം ദൈവശാസ്ത്രതലങ്ങളുടെ കലവറയാണെന്നു പറയാം. ചില പദങ്ങളും ശൈലികളും വീണ്ടുംവീണ്ടും കാവ്യത്തിൽ ആവർത്തിച്ചിരിക്കുന്നു. ഇത്തരം ആവർത്തനങ്ങൾ കവിയുടെ ചിന്താതലങ്ങൾ നമ്മുടെ മുമ്പിൽ തുറന്നുവയ്ക്കുകയാണ്. കാവ്യരചനയുടെ ഉദ്ദേശ്യത്തിലേക്ക് അവ വെളിച്ചം വീശുന്നു. അവ അനാവരണം ചെയ്യുന്ന ഒരു ദൈവശാസ്ത്രതലംമാത്രം അപഗ്രഥിക്കുവാനുള്ള ഒരു ശ്രമമാണ് ഈ പഠനം.

**1.1 നാമങ്ങളിലെ നാദം**

ആദ്യമായി കാവ്യത്തിലെ കഥാപാത്രങ്ങളുടെ നാമങ്ങളിൽ നിറഞ്ഞുനില്ക്കുന്ന ദൈവശാസ്ത്രദർശനം ചിന്താവിഷയമാക്കാം. അഞ്ചുനാമങ്ങളാണ് കൃതിയിൽ പ്രത്യക്ഷപ്പെടുക. സർഗ്ഗശക്തിയെ പ്രതിനിധാനം ചെയ്യുന്നവർ മൂന്നാണ്: അനസ്താസ്യ, സോഫിയ, ചീറിലോസ്. നന്മയുടെ നികേതനമായ ദൈവത്തിന്റെ പ്രതിരൂപങ്ങളാണിവർ. അധമശക്തിയെ പ്രതിനിധാനം ചെയ്യുന്നവർ രണ്ടുപേർ മാത്രം; വലേരിയൻ ചക്രവർത്തി, പ്രോബാ എന്ന മന്ത്രി ഇവർ തിന്മയുടെ മൂർത്തിമദ്ഭാവങ്ങളത്രെ. ഒരുതരത്തിൽ അനസ്താസ്യായുടെ രക്തസാക്ഷ്യത്തിലെ കഥ തിന്മയും നന്മയും തമ്മിലുള്ള പോരാട്ടത്തിന്റെതാണ്. നന്മയെ തിന്മ നിർമ്മാർജനം ചെയ്യുവാൻ ശ്രമിക്കുന്നു. അധികാരവും ശക്തിയും ശ്രേഷ്ഠിയും ശ്രേഷ്ഠിയും തിന്മയുടെ പക്ഷത്താണ്. അനസ്താസ്യായുടെയും ചീറിലോസിന്റെയും വധത്താൽ നാരകീയശക്തികൾ വിജയിക്കുന്നതായി ലൗകികരായ അല്പബുദ്ധികൾക്കു തോന്നാം. പക്ഷേ, അതു തെറ്റാണെന്നു ഗ്രന്ഥകർ

ത്താവു തന്റെ വാക്കുകളിലൂടെ സ്പഷ്ടമാക്കുന്നു. കാവ്യാവസാനത്തിലെ ഈരടികൾ നോക്കുക.

'പുണ്യകന്നി അനസ്താസ്യ ... സ്ഥാപകം ചെയ്തു' (173-182)

കഥാപാത്രങ്ങളുടെ സംഖ്യ നിർണ്ണയിക്കുന്നതിൽനിന്നും നന്മയ്ക്കുള്ള മുൻതൂക്കം വ്യക്തമാകുന്നുണ്ട്. നന്മയുടെ ബിംബങ്ങൾ മൂന്നുപേരുണ്ട്; തിന്മയുടെ ആകാരങ്ങളോ രണ്ടുപേർ മാത്രം. ചുരുക്കത്തിൽ കാവ്യത്തിലെ കഥ നന്മയുടെ വിജയാഘോഷത്തിന്റെ കഥയാണ്. തിന്മയെ നന്മ നിശ്ശേഷം പരാജയപ്പെടുത്തും. ഉപരിതലത്തിൽ തങ്ങൾ വിജയിച്ചുവെന്ന നാരകീയശക്തികൾ അവകാശപ്പെട്ടേക്കാം. പക്ഷേ, സ്നേഹത്തിന്റെയും ആത്മധൈര്യത്തിന്റെയും ദൈവവിശ്വാസത്തിന്റെയും നികേതനമായ അനസ്താസ്യായുടെ സന്നിധിയിൽ അവർക്ക് ലജ്ജിക്കേണ്ടിവന്നു (127).

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ഈ നന്മയുടെ കാവ്യം ബൈബിൾചരിത്രത്തിന്റെ ഒരു കൊച്ചുപതിപ്പാണെന്നു പറയാം. സൃഷ്ടി, മോചനം, രക്ഷ, വിധി എന്നീ രക്ഷാചരിത്രത്തിലെ മുഖ്യപ്രമേയങ്ങളുടെയെല്ലാം അന്തഃസത്ത തിന്മയുടെമേൽ നന്മ വിജയം വരിക്കുന്നതാണല്ലോ. അവ്യവസ്ഥ എന്ന തിന്മയുടെ ഹനിക്കലാണ് സൃഷ്ടി. ക്രമരഹിതാവസ്ഥയുടെ അരാജകത്വം സൃഷ്ടികർമ്മത്തിലൂടെ ദൈവം പരാജയപ്പെടുത്തുകയാണ്. ഉൽപത്തി ഒന്നാമദ്ധ്യായത്തിലെ സൃഷ്ടിയുടെ വിവരണം ബാബിലോൺ മിത്തിന്റെ പശ്ചാത്തലത്തിലാണല്ലോ വിരചിതമായിരിക്കുക. തിയമത്ത് ദുഷ്ടതയുടെ പര്യായമാണ്; അവ്യവസ്ഥയുടെ ആകാരമാണ്. മർദ്ദുക്ക് നന്മയുടെയും ക്രമസംവിധാനത്തിന്റെയും ദേവനും. ആ ദേവൻ തിയമത്തിനെ നിശ്ശേഷം പരാജയപ്പെടുത്തി. അതോടെയാണ് സൃഷ്ടികർമ്മം ആരംഭിക്കുക. ഈ ബാബിലോൺ മിത്തിന്റെ ചുവടു പിടിച്ച് അവതരിപ്പിച്ചിരിക്കുന്ന സൃഷ്ടിയുടെ കഥയാണ് ഉൽപത്തി ഒന്നാമദ്ധ്യായത്തിലേത്. യാഹ്വെ സൃഷ്ടികർമ്മം വഴി ക്രമസംവിധാനം ഉളവാക്കി. നന്മ പുലരിച്ചു (എല്ലാം നല്ലതാണെന്ന് അവിടുന്നു കണ്ടു എന്ന് ആ അദ്ധ്യായത്തിൽ ആവർത്തിച്ചിട്ടുണ്ടല്ലോ).

ഈജിപ്തിൽനിന്നുള്ള ഇസ്രായേൽക്കാരുടെ വിമോചനത്തിന്റെ കഥയും തിന്മയുടെമേൽ നന്മ വിജയം വരിക്കുന്നതിന്റെതന്നെ. ഈജിപ്തും ഫറവോനുമാണ് ദുഷ്ടതയുടെ മൂർത്തഭാവങ്ങൾ. ഇസ്രാ

യേൽജനം നന്മയുടെ നിദർശനങ്ങളും. അവരെ അടിച്ചമർത്താൻ തിന്മയുടെ ബിംബങ്ങൾ നിതരാം പരിശ്രമിച്ചു. പക്ഷേ, നന്മയുടെ സ്രോതസ്സായ യാഹ്‌വെ സ്വന്തംജനത്തിന്റെ സഹായത്തിനെത്തി. നീചപരിഷകളെ ചെങ്കടലിൽ ആഴ്ത്തിക്കളഞ്ഞു.

പരിത്രാണകർത്താവായ യേശുവിന്റെ കഥ ഇതേ കാഴ്ചപ്പാടിലൂടെ ആഖ്യാനിക്കാനാകുമല്ലോ. അവ്യവസ്ഥയുടെ പ്രതിരൂപങ്ങളായ പാപം, പട്ടിണി, രോഗം, മരണം, അജ്ഞത എന്നീ പ്രതിഭാസങ്ങളെ അവിടുന്നു നിശ്ശ്ലേഷം പരാജയപ്പെടുത്തി. തിന്മ നന്മയെ തോല്പിക്കുമെന്നു തോന്നിപ്പോകുന്നതായിരുന്നു യേശുവിന്റെ കുരിശുമരണം. അനസ്താസ്യായുടെ രക്തസാക്ഷിത്വത്തിലും ശത്രുക്കൾ അപ്രകാരം ചിന്തിക്കുന്നുണ്ട്. പക്ഷേ, കുരിശ് ഒരു പരാജയമല്ലായിരുന്നു. ഉയിർപ്പിന്റെ മഹത്ത്വരംഗത്തോടുകൂടിയാണു മനുഷ്യപുത്രന്റെ ജീവിതകഥ പര്യവസാനിക്കുക. മഹത്ത്വീകൃതമായ കുരിശിന്റെ കഥയാണിത്. നന്മയുടെ വിജയത്തിന്റെ വീരഗാഥ.

സൃഷ്ടിയിലും വിമോചനത്തിലും പരിത്രാണത്തിലുമെല്ലാം നിറഞ്ഞുനില്ക്കുന്ന ഒരു പ്രക്രിയയുണ്ട്. വിധിതീർപ്പിന്റേതാണിത്. ദൈവം തിന്മയെ ശിക്ഷാവിധി ചെയ്യുന്നു; നന്മയിൽനിന്നു വേർതിരിക്കുന്നു. കടലിനെ കരയിൽനിന്ന് അവിടുന്നു വേർതിരിച്ചു. പകലിനെ രാത്രിയിൽനിന്നു വേർതിരിച്ചു. പാലായനം ചെയ്യുന്ന ഇസ്രായേൽഗണത്തിൽനിന്നു ഫറവോന്റെ സൈന്യത്തെ യാഹ്‌വെ ചെങ്കടലിലെ സംഭവത്തിലൂടെ വേർതിരിച്ചു. യേശു പാപത്തെ ശിക്ഷാവിധി ചെയ്തു. അന്ത്യവിധിവേളയിൽ ദുഷ്ടരെ ശിഷ്ടരിൽനിന്ന് അവിടുന്നു വേർതിരിക്കും; തന്റെ സന്നിധിയിൽനിന്നു നിർമ്മാർജ്ജനം ചെയ്യും. ഇപ്രകാരം വേർതിരിക്കലിന്റെ, ശിക്ഷാവിധിയുടെ കഥയാണു ബൈബിളിലെ കഥ. അനസ്താസ്യായുടെ രക്തസാക്ഷ്യത്തിന്റെ കഥയും മറ്റൊന്നല്ല. തിന്മ നന്മയിൽനിന്നു വേർതിരിക്കപ്പെടുന്നു. ദുഷ്ടതയുടെ ആകാരങ്ങളായ വലേറിയൻ ചക്രവർത്തിയും പ്രോബാ മന്ത്രിയും ഒരുതരത്തിൽ ശിക്ഷാവിധി ചെയ്യപ്പെടുകയാണ്. അനസ്താസ്യായും ചീറിലോസും അന്ത്യവിധിയിലെ വലതുഭാഗത്തുള്ളവരെപോലെ നിത്യാനന്ദത്തിലേക്കു പ്രവേശിക്കുകയാണ്.

ഇനി നമുക്ക നാമങ്ങളുടെ അർത്ഥത്തിലേക്ക പ്രവേശിക്കാം. കാവ്യത്തിലെ വാക്കുകൾ തുടരെ ഉപയോഗിച്ചിരിക്കയാണ് ഈ പഠനത്തിൽ.

## 1.2. അനസ്താസ്യ

അനസ്താസ്യ എന്ന നാമത്തിന്റെ അർത്ഥം ഉയർത്തപ്പെട്ടവൾ, ഉത്ഥിതയായവൾ എന്നാണ്. ആ നാമത്തിന്റെ അർത്ഥം അനസ്താസ്യ ജീവിക്കുന്നു. അവൾ പാപത്തിന്റെയും മോഹത്തിന്റെയും അഹത്തിന്റെയും ചെളിക്കുണ്ടിലേക്ക് ഒരിക്കലും താഴ്ന്നില്ല. അവയിൽനിന്നെല്ലാം ഉയർത്തപ്പെട്ട ജീവിതമാണ് അവളുടേത്. ഉത്ഥാനം ചെയ്ത യേശുവിന്റെ സ്വർഗ്ഗോന്മുഖജീവിതം ഭൂമിയിൽ നയിക്കുന്നതായി കന്നീഗണങ്ങളുടെ (3) പുണ്യഗേഹത്തിൽ (6) സ്നേഹത്തിന്റെ (5,8) കന്യകയും (23) പൈതലും (23) മണവാട്ടിയുമായി (51) ജീവിക്കുന്നു. 'പൊന്നിനെക്കാൾ വിലയേറും സ്വർണ്ണമാണിക്യങ്ങളൊക്കെ മണ്ണുപോലെ ത്യജിച്ചുകൊണ്ട് ഭജിച്ചീടുന്നു' (21–22). അവളുടെ ജീവിതം ഒരു ഭജനമാണ് (22,25). എങ്ങനെയാണവൾ ഭജനത്തിലേർപ്പെട്ടിരിക്കുന്നത്? കന്യകാത്വം നേർന്ന പുണ്യകേതത്തിൽ സൂക്ഷ്മമുള്ള പൂട്ടകത്തിൽ (മൂറി എന്നാണ് അർത്ഥം), നേർത്തകാഴ്ച താഴ്ത്തി (കണ്ണടക്കത്തോടെ)യാണവൾ ഭജിക്കുക. അവൾ ഭജിക്കുന്നതെന്താണെന്നോ? തന്റെ മണവാളനെ (55,57) അവളുടെ 'മണത്തെ മൂടിപ്പാനായ്'(കല്യാണം നടത്തുന്നതിനു) ധരിത്രിയിൽ ഒൺമയോടെ ധരിത്രിയിൽ

ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ചു ചൂടി ശിരസ്സിനെ
അർച്ചനയായണച്ചു തൻ ജീവനും കൂടെ' (51–54)

എന്ന സുന്ദരനായ പുണ്യരാജമണവാളനെ (55).

അവിടുന്ന്

"മന്നിലുള്ള മണവൻമാരല്ല നിന്റെ (തന്റെ) സ്നേഹഭർത്താ
ഉന്നതൻ നിന്നോടുകൂടെ (തന്നോടുകൂടെ)" (57–58)

അദ്ദേഹം സുന്ദരനാണ്. അവിടത്തെ ഭജിക്കുന്ന സ്നേഹകന്നിയും സുന്ദരിതന്നെ. വിജയക്കൊടിയേന്തി മെച്ചമേറും കിരീടത്തെ ശിരസ്സിൽ വച്ചുചൂടി തന്റെ ജീവനും കൂടെ അർച്ചനയായി അണയ്ക്കുക വഴി അവിടുന്ന് സുന്ദരനായി പുണ്യവാനായി, രാജാധിരാ

ജനായി, മഹത്ത്വപൂർണ്ണനായി. ആ മണവാളൻ സ്നേഹഭർത്താവും ഉന്നതനുമാണ് (57–58). ആ സുന്ദരന്റെ ആനന്ദം സദാ ഹൃദയത്തിലാവഹിച്ച്, അതിനെ രാപ്പകൽ കണ്ടുകൊണ്ടിരിക്കലായിരുന്ന അവളുടെ ഭജനം ആ മഹത്ത്വ കാഴ്ച കാണാൻ നേത്രകാഴ്ച അവൾ താഴ്ത്തി. ഉന്നതനേ ദർശിക്കുവാൻ സൂക്ഷ്മമുള്ള പൂട്ടകത്തിൽ അടങ്ങി. പൊന്നിനെക്കാൾ വിലയേറും സ്വർണ്ണമാണിക്യങ്ങളൊക്കെ മണ്ണുപോലെ ത്യജിച്ചു. സുന്ദരന്റെ മുഖം സദാ ദർശനവിഷയമാക്കിയപ്പോൾ അനസ്താസ്യാ സുന്ദരിയായി. അവൾ പുണ്യശോഭ വീശിച്ചു' (28). ആ പുണ്യശോഭയെ ആർത്തിയുള്ള പുണ്യശോഭ എന്നാണ് കവി വിശേഷിപ്പിക്കുക. പുണ്യമണവാളനു അനുരൂപയാകുവാൻ അനസ്താസ്യ ആത്മാർത്ഥതയോടെ പുണ്യം അഭ്യസിച്ചു. അതോടെ ഉന്നതനായ സ്നേഹഭർത്താവിനെപ്പോലെ (57–58) ആ മണവാട്ടിയും ഉന്നതയായി (2 3) സുന്ദരിയായി, ശോഭിതയായി. കന്യാത്വം നേർന്നവൾ (2 4) മണവാളനോടൊത്ത് മണവറയിൽ പ്രവേശിച്ച കന്യകകളുടെ ഗണത്തിൽ ചേർന്നു (മത്താ25:10) കന്യ അനസ്താസ്യാ ദൈവതിരുമുമ്പിൽ ഒരു പൈതലായി ഭവിച്ചു. ദൈവത്തിനു പ്രിയകരരാണല്ലോ പൈതങ്ങൾ. യേശു തന്റെ മടിയിലിരുത്തി ഓമനിക്കുന്നവർ; തന്റെ കരങ്ങളിൽ വഹിക്കുന്നവർ (മർക്കോ : 36; മത്താ. 18 : 1 – 5; ലൂക്കാ 9: 47–48).

ഉയർത്തപ്പെട്ട അനസ്താസ്യായുടെ തുടർന്നുള്ള ജീവിതവും പുണ്യസോപാനത്തിലൂടെ ഉന്നതങ്ങളിലേയ്ക്കുള്ള ഗമനമായിരുന്നു. ഗമനമെന്നു പറയുന്നത് ശരിയല്ല. തന്നെ 'ദാഹമോടെ വിളിക്കുന്ന ഭാഗ്യമേറും മണവാളനെ' (47–48) എത്തിരേല്പാനുള്ള ഒരു ഓട്ടമായിരുന്ന ആ 'സ്നേഹമേറും പുണ്യകന്നി'യുടേത് (61, 72). ദാഹിക്കുന്നവനോടുള്ള ദാഹത്താൽ സുന്ദരിയും വലഞ്ഞു. 'പുണ്യപൈതൽ' (63) വേഗമോടെ പുറപ്പെടുകയായി (61). 'ക്രിസ്ത്യാനി ശോഭനാമത്തിൽ' (70) അതെ തന്റെ സ്നേഹമണവാളന്റെ നാമധാരിയായി തീർന്നതിൽ അവൾ അഭിമാനിച്ചു. ആ പുണ്യനാമം ഏറ്റു ചൊല്ലുന്നവരെ വധിക്കുവാൻ തയ്യാറെടുത്തു നിന്ന ദുഷ്ടപരിഷകളുടെ സവിധത്തിൽ അവൾ തന്റെ പ്രിയന്റെ നാമം പ്രഘോഷിച്ചു. മന്ദഹാസത്തോടും ധൈര്യത്തോടും (62) കൂടെ ആ മഹാപുണ്യപൈതൽ 'കോട്ടമില്ലാതുടൻ തന്റെ നയനം പൊക്കി' (89–90) ഉദീരണം ചെയ്യുകയായി.

'സ്നേഹമേറും മമനാഥൻ യേശുതന്റെ ഗോത്രനാമം
മാനമേറും ക്രിസ്ത്യാനിയെന്നുള്ള നാമമേ,
എന്നതിനാൽ മമബാല്യകാല്യമേ തൻ തിരുപതി
എന്ന പദം നേർന്നുകൊണ്ടു ഭേദമില്ലെട്ടം
ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമചിത്തേ
കൊലഹലമായ ശിക്ഷാ ഭീതിയുമില്ല
നിന്റെ ദാനം ത്യജിക്കുമ്പോഴം നിന്റെ ക്രൗര്യം ക്ഷമിപ്പാനും
എന്റെ നാഥൻ സർവ്വശക്തൻ തന്നിടും ശക്തി' (91–98).

അഭിഷിക്തനോടൊത്ത് അഭിഷിക്തയാകുവാൻ ആർത്തിപൂണ്ടിരിക്കുന്ന കന്നി മറുമൊഴിയേകി (99). അതോടെ 'ഉയിർത്തപ്പെട്ടവളുടെ' മഹത്ത്വത്തിന്റെ വിനാഴിക വന്നുചേർന്നു. സ്നേഹമണവാളനോടൊപ്പം 'തൻ ജീവനും കൂടെ അച്ചനയായണയ'ക്കാൻ' (53–54) 'മണത്തെ മുടിപ്പാനായുള്ള' (51), ദാഹമോടെ മാറിടത്തിലണയ്ക്കപ്പെടാനുള്ള (49–50) നാഴിക ആഗതമായി. പീഡാനുഭവത്തിന്റെ മണിക്കൂർ ആരംഭിച്ചു. ക്രിസ്ത്യാനിയെന്ന 'സ്നേഹമേറും നാഥൻ യേശു തന്റെ മാനമേറും ഗോത്രനാമം' (91–92) രക്തത്താൽ സ്ഥിരീകരിക്കാനുള്ള രക്ഷയുടെ പുലരിയുദിച്ചു. 'തൻ തിരുപതി എന്ന പദം നേർന്ന' (93–94)വൾക്ക് ഉത്ഥിതയാകാനുള്ള ഭാഗ്യമായി, 'ലോകഭാഗ്യം സമർപ്പിക്കാൻ' ചിത്തത്തിൽ ദാഹമില്ലാത്ത (95) പുണ്യകന്യയുടെ (121) സ്വർഗ്ഗഭാഗ്യം സമർപ്പിക്കാനുള്ള ദാഹം പൂവണിഞ്ഞു. ശത്രുക്കളോട് ക്ഷമിച്ച് അവർക്കായി മാപ്പിരന്ന ആത്മ മണവാളനേപ്പോലെ 'ശത്രുവിന്റെ ക്രൗര്യം ക്ഷമിപ്പാൻ' സർവ്വശക്തനായ അവളുടെ നാഥൻ ശക്തി നല്കുകയായി (97–98)

ഉത്ഥിതയായവൾ പീഡാനുഭവരംഗത്തിൽ സന്തോഷഭാവം (117) പ്രകടിപ്പിക്കുന്നു; മന്ദഹാസംപൂണ്ട (132) നില്ക്കുന്നു; 'ഉന്നതമാം ദൈവനാമം സ്തുതിച്ചീടുന്നു' (130). തന്റെ പുണ്യനാവ് വേരിനോടെ പറിപ്പാനായ്'' കല്പനയായ ഉടൻ അനസ്താസ്യാ 'നായകനെ സ്തുതിച്ചുവാൻ പാടി, നന്നായി' (142): 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും.' (യോഹ. 7:38) എന്ന് പ്രഘോഷിച്ച സ്നേഹനാഥന്റെ ഹൃത്തടത്തിൽ നിന്ന് 'രക്തവും ജലവും ഒഴുകി'യതുപോലെ (യോഹ 19:34) കന്യകയുടേയും 'ശുദ്ധവായിൽ നിന്നുമാണ കൊച്ചൊരാറെന്നതുപോലെ രക്തധാര പുറപ്പെട്ട നനച്ചു സവ്വം' (145–146).

കദനത്തിന്റെ കയ്പ്പുനീർ മട്ടോളം കുടിച്ചുകൊണ്ടിരിക്കുമ്പോഴും (മർക്കോ. 15:36; യോഹ 19:28-30) അവളിൽ 'ധൈര്യശോഭ വിളങ്ങി' നിന്നു (147). കുരിശിലെ യേശുനാഥനെപ്പോലെ 'ദിവ്യ അറിവാൽ' അനസ്താസ്യായും പൂരിതയായിരുന്നു. അവളും എനിക്ക് ദാഹിക്കുന്നുവെന്ന തിരുമൊഴികളും ഉരുവിട്ടു. ക്രിസ്ത്യാനിയായ ചീറിലോസാണ് അവൾക്ക് ദാഹജലം നൽകിയത്. നല്ല കള്ളനു പറുദീസാ വാഗ്ദാനം ചെയ്ത യേശുവിനെപ്പോലെ പുണ്യകന്യയും 'കൊടുത്ത ചീറിലോസിനും മരിപ്പാൻ ഭാഗ്യം' (15)

അന്ത്യമുഹൂർത്തം സമാഗതമായി, 'തന്റെ യാത്ര സമീപമായെന്നറിഞ്ഞു പുത്രകന്നി' (155). ദൈവപുത്രനെകുറിച്ച് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന വാക്യവുമായി ഇതിനു ബന്ധമുണ്ടല്ലോ; 'ഈ ലോകം വിട്ട് പിതാവിന്റെ അടുക്കലേയ്ക്ക് പോകാനുള്ള സമയം അടുത്തു' എന്ന് യേശു അറിഞ്ഞു. (യോഹ13:1). പുണ്യകന്നി ദൈവത്തെ സ്തുതിച്ചു (153). 'തൻ കരങ്ങളയത്തിക്കൊണ്ടണച്ചുസ്തോത്രം' (156). എല്ലാം പൂർത്തിയായിരിക്കുന്നു (യോഹ 19:30) 'പിതാവേ, അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു' (ലൂക്കാ. 23:46) എന്ന മനുഷ്യപുത്രന്റെ ഉദ്ഘോഷണവും അനസ്താസ്യായുടെ അന്ത്യവചസ്സുകളിൽ നിഴലിക്കുന്നുണ്ട്:

'പാപികൾക്കു രക്ഷ ചെയ്വാൻ നിന്നു നീ പൂജിച്ചപോലെ
പാപിയാമെൻ ജീവപൂജ പൂർത്തിയായ്; പുൽക്കേ' (167-168)

'പുണ്യകന്നി ജീവപൂജ ഇഷ്ടമോടെ നിറവേറ്റി ദൈവസന്നിധേ' (163-164)

ഉയർത്തപ്പെട്ടവളുടെ സ്നേഹമണവാളന്റെ മണിയറയിലേക്കുള്ള ആഘോഷയാത്ര കവി ഇപ്രകാരം വർണ്ണിക്കുന്നു:

'പുണ്യകന്നി അനസ്താസ്യ തന്റെ ആത്മം ക്ഷണം തന്നെ
പുണ്യശോഭ നിറഞ്ഞുള്ള വിസ്മയത്താലെ
ദേഹസുഹൃത്തുക്കളൊക്കെയീ ക്രൂരശോകം ഭവിച്ചുപോൽ
ദേഹിശോഭ കിരീടങ്ങൾ ചൂടി ആനന്ദാൽ
പുഷ്പരാഗം, പത്മരത്നം വൈരവൈഡൂര്യമാണിക്യം
പച്ചമരതകമാദി യലങ്കാരത്താൽ
സ്നേഹമേറും മണവാളൻ യേശുതന്റെ മന്ദിരത്തിൽ
ദാഹമോടെ കൂടിവച്ചു മണിയറയിൽ' (73-180)

ഇപ്രകാരം 'ഭാഗ്യമേറും മണവാളന്റെ ദാഹമോടെയുള്ളവിളി' അനസ്താസ്യ അനവർത്ഥമാക്കി. ഉത്ഥിതന്റെ ശോഭയേറിയ ശരീരം പോൽ അവളുടേതും മിന്നിത്തിളങ്ങി. 'പാദം വരെ നീണ്ടുകിടക്കുന്ന മേലങ്കിയും മാറോടടുത്ത സ്വർണ്ണപട്ടയും ധരിച്ചവനോട്" അവൾ സദൃശ്യയായിത്തീർന്നു. 'വെൺമഞ്ഞുപോലെയും വെൺകമ്പിളി പോലെയും ധവളമായ ശിരസ്സും മുടിയുമുള്ളവനോട്" തുല്യമായി. തീജ്വാലപോലെയുള്ള നയനങ്ങളോട് കൂടിയവനോട്" ഒന്നുചേർന്നു. 'ചൂളയിൽ ഉരുകിയ പിത്തളപോലെയുള്ള പാദങ്ങളുള്ളവനോടൊത്തു മണവറ പൂകി (വെളി. 1:13–15). മഹത്ത്വീകൃതനായ സ്നേഹമണവാളൻ തന്റെ മണിയറയിൽ ദാഹമോടെ ഉയർത്തപ്പെട്ടവളെ കടിവച്ചു (179–180).

ചുരുക്കത്തിൽ അനസ്താസ്യ എന്ന നാമത്തിന്റെ അർത്ഥമായ ഉയർത്തപ്പെട്ടവൾ അഥവാ ഉത്ഥിതയായവൾ എന്ന സംജ്ഞ ജീവിക്കയും മരിക്കയും നിത്യമായി ജീവിക്കയും ചെയ്തവളാണ് അനസ്താസ്യ. ആ നാമത്തിന്റെ നാദം കാവ്യത്തിൽ മുഴങ്ങി നില്ക്കുന്നു. അനസ്താസ്യ ഒരു വ്യക്തിയല്ല ഒരു ബിംബമാണ്. നിദർശനമാണ്, ക്രിസ്ത്യാനിയുടെയും അർപ്പിതാവിന്റെയും സിംബലാണ്.

### 1.2.1 സോഫിയ

വിജ്ഞാനമെന്നാണ് സോഫിയ സംജ്ഞയുടെ അർത്ഥം. ആ ഗ്രന്ഥകർത്തിയമ്മ (7 ) യുടെ ഈനാമം അനസ്താസ്യായുടെ രക്തസാക്ഷ്യത്തിൽ 'അത്ഭുതമായി വിളങ്ങുന്നുണ്ട്" (1 ). വിജ്ഞാനത്തിന്റെ മനുഷ്യാവതാരമായ യേശു ആ ശ്രേഷ്ഠ (1 )യിൽ ജീവിച്ചു. ലോകത്തിന്റേതായിരുന്നില്ല സോഫിയായുടെ വിജ്ഞാനം. പ്രത്യുത, അതു നിത്യഉണ്മയായ (182 ) ദൈവത്തിന്റേതായിരുന്നു. കാവ്യം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുക ഈ വിജ്ഞാനിയുടെ ചെയ്തികളെക്കുറിച്ചുള്ള പരാമർശനങ്ങളോടുകൂടിയാണ് (1–2; 181–182). സാക്ഷാൽ വിജ്ഞാനിയായി ഇഹത്തിലെങ്ങനെ വ്യാപരിക്കണമെന്നു സോഫിയ നമ്മെ പഠിപ്പിക്കുന്നു.

അത്ഭുതമായി വിളങ്ങുന്നവളാണു സോഫിയ. വിജ്ഞാനദീപമാകുന്ന യേശുവെപ്പോലെ ആ അമ്മയും തിളങ്ങിനിൽക്കുന്നു. യേശുവിന്റെ പ്രകാശത്താലാണ് സോഫിയ വിളങ്ങുക. സ്വയം തിളങ്ങുക മാത്രമല്ല മറ്റുള്ളവരെ തെളിയിക്കയും ചെയ്യുന്നു. പുതിക

ന്നിഗണത്തിന്റെ ശ്രേഷ്ഠയാണവൾ. സോഫിയായുടെ വിളങ്ങലിന കാരണം അവളുടെ ഭക്തിക്കലാണ് (2 ). തന്റെ സ്നേഹമണവാളനായ യേശുവിനെയാണവൾ രാപ്പകൽ ധ്യാനിക്കുക. ആ തിരുനാമം സദാ ഭജിക്കയും ജപിപ്പിക്കയും ചെയ്യുന്നു. ആ ഭജനത്തിൽനിന്നു് ഉരുത്തിരിയുന്നതാണു സോഫിയായുടെ വിജ്ഞാനം. അവളുടെ ചെയ്തികളുടെയെല്ലാം നിദാനവും ഉറവിടവും അതുതന്നെ.

സോഫിയായുടെ പദവികളും കവി വിവരിക്കുന്നുണ്ടു്. അവൾ ശ്രേഷ്ഠയാണു് (1 ). തിന്മയുടെ നിറകുടമായി അറിയപ്പെട്ടിരുന്ന 'ചൊൽപ്പെറിയ റോമ' (2 ) തന്നിലാണു് സോഫിയ ഭജിക്കുക. നികൃഷ്ടരുടെ ഇടയിൽ വസിക്കുന്ന ശ്രേഷ്ഠ, തിന്മയുടെ നടുവിൽ തെളിഞ്ഞുനിൽക്കുന്ന നന്മയാകുന്ന വിജ്ഞാനദീപം!

സോഫിയായുടെ മറെറാരു പദവി അമ്മ. 'അമ്മ സോഫിയ പ്രിയ മാതാ' (5,181); 'ഗ്രുത്തിയമ്മ' (7 ); 'കന്നിസോഫിയാമ്മ' (20 ); 'പുണ്യസോഫിയ' (45,59). ഈ സംജ്ഞകളിൽ സ്നേഹമയിയായ അമ്മയുടെ രൂപമാണു തെളിഞ്ഞുനിൽക്കുക. സോഫിയായുടെ സ്നേഹത്തിന്റെ മറെറാരു നിദാനം അവൾ 'കന്നിസോഫിയാമ്മ ആണെന്നതാണു് (20 ). യേശുവിനു പൂർണ്ണമായി പ്രതിഷ്ഠിത, അർപ്പിത. അവിടുത്തെ മണവാളനായി സ്വീകരിച്ചതിനാൽ ആ കന്യക മാറുള്ളവരുടെ അമ്മയായിത്തീരുന്നു. യേശുവിന്റെ പുണ്യത്തിൽ പങ്കാളിയായി ഭവിക്കുന്നു. പുണ്യസോഫിയ എന്ന വിശേഷണത്തിനു് അർഹയാകുന്നു. സ്നേഹംതന്നെയായ ദൈവത്തിന്റെ സ്നേഹം മറുള്ളവർക്കു് ആ അമ്മ പകർന്നു നല്കുകയാണു്. കന്നികളുടെ 'പ്രിയമാതാ' (5 ) ആണവൾ. തന്റെ മക്കളെ 'സ്നേഹത്താൽ അവർ പുലർത്തിവന്നു' (8 ). അനസ്താസ്യായെ 'സ്നേഹമോടെ മകളായി സ്വീകരിച്ചു (5 ). സ്നേഹത്തിന്റെ വിദ്യ ആ ഗ്രുത്തിയമ്മ (7 ) തന്റെ മക്കളെ അഭ്യസിപ്പിച്ചു. തന്മൂലം അനസ്താസ്യ 'സ്നേഹപുത്രിയും' (46 ) 'സ്നേഹമേറും മകളു'മായി (47 ).

റോമിലെ അധികാരസഭയുടെ മുമ്പിൽ അനസ്താസ്യ വിളിക്കപ്പെട്ടുമെന്നറിഞ്ഞപ്പോൾ ആ വിജ്ഞാനിയായ അമ്മ ചെയ്തതെന്താണെന്നോ? 'ചേർത്തു തന്റെ മാർവിടത്തിൽ സ്നേഹപുത്രിയെ' (46 ). ഒരമ്മയ്ക്കുമാത്രം സ്നേഹവാത്സല്യത്തോടെ സ്നേഹപുത്രിയെ മാറിലമർത്തിക്കൊണ്ടു് സോഫിയ പറയുകയാണു്:

''സ്നേഹമേറു മകളേ നിൻ ഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്ന വേഗമായ് പ്പോക
പൂവ്കാലേ തൻ കരത്തെ നീട്ടി നിന്നെ ദാഹമോടെ
മാറിടത്തിലണച്ചൊരു രാജനെയോർക്ക

നിൻ മണത്തെ മുടിപ്പാനായ് ഒൺമയോടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ച ചൂടി ശരസ്സിനെ
അർച്ചനായയന്ന തൻ ജീവനംകൂടെ

എന്ന നിൻറെ സുന്ദരനാം പുണ്യരാജമണവാളൻ
ഇന്ന തൻറെ മഹത്വം നീ കാട്ടുക വേഗം.
മന്നിലുള്ള മന്നവന്മാരല്ല നിൻറെ സ്നേഹഭർത്താ–
ഉന്നതൻ നന്നോടുകൂടെ എന്ന നീയോർക്ക'' (47–58).

പഴയചരിത്രം ഓക്കുവാനാണ പുണ്യസോഫിയ തൻറെ സ്നേഹമേറും മകളോട് ആവശ്യപ്പെട്ടന്നത്. പണ്ടേതന്നെ രാജാവും മണവാളനുമായ യേശുനാഥൻ സ്നേഹദാഹത്താൽ അനസ്താസ്യായെ കരംനീട്ടി മാറിടത്തിലണച്ചതാണ്. ആ സ്നേഹരാജൻറെ ആശ്ലേഷം അനുഭവിച്ചവളാണ നീ. അതിൻറെ മാധുര്യം നിൻറെ സ്മരണയിൽ ഇന്നും മായാതെ നിൽക്കുന്നുണ്ടല്ലോ. നിന്നെ കല്യാണം കഴിക്കാനായി ഒൺമയോടെ (അരുമയോടെ) അവിടുന്ന കരിശാകുന്ന മനോഹരമായ കൊടിയുമേന്തി വൻഗിരിയേറിയല്ലോ. തൻറെ ശിരസ്സിൽ ആ മണവാളൻ മെച്ചമേറും കിരീടത്തെ വച്ച ചൂടിയിരുന്നല്ലോ. നിനക്കായി തൻ ജീവനംകൂടെ അർച്ചനയായി അണച്ചുവല്ലോ. ഈ ഭൂമിയിലെ മണവാളന്മാരേക്കാൾ ഉന്നതനാണ് നിന്നോടുകൂടിയുള്ള നിൻറെ സ്നേഹകാന്തൻ. ഈ സത്യവും നീ ഓക്കുക. ആ ഭാഗ്യമേറും മണവാളൻ ഇതാ നിന്നെ ദാഹമോടെ വിളിക്കുകയാണ്. വേഗം പോകുക. സുന്ദരനും പുണ്യരാജമണവാളനുമായ യേശുവിൻറെ മഹത്വം നീയാണിന്ന കാട്ടേണ്ടത്!

ഈ വാക്കുകൾ ഉച്ചരിച്ചുകൊണ്ട് 'പുണ്യസോഫിയ സ്നേഹമകൾ കന്നിതന്നെ നന്ദിയോടെ മുത്തിവിട്ട്' (59–60). എത്രയോ വിജ്ഞാനപ്രദമായ വാക്കുകളാണിവ. ദൈവവിജ്ഞാനത്തിൻറെ ഔന്നത്യങ്ങളിൽ സ്ഥാനം പിടിച്ച ഒരമ്മയ്ക്കേ ഇത്തരം വാക്കുകൾ ചൊല്ലാനാവുകയുള്ളൂ. അഭൗമികത്തിൽ കണ്ണും നട്ടിരിക്കുന്നവർക്കേ ഇത്തരം വിജ്ഞാനം ലഭ്യമാകയുള്ളൂ-

ഈ വാക്കുകൾ പൊല്ലി പുണ്യസോഫിയ തന്റെ മകളെ 'നന്ദിയോടെ മുത്തിവിടുകയാണ്' (60 ). നന്ദിയെന്ന പദത്തിന്റെ ഉപയോഗം ശ്രദ്ധിക്കുക. ആർക്കാണവൾ നന്ദി പറയുന്നത്? തന്റെ കന്നിയായ സ്നേഹമകൾക്ക് ഇത്ര വലിയ ഭാഗ്യം ലഭിച്ചതിൽ ആ അമ്മ സ്നേഹമണവാളനോട് നന്ദി പൊല്ലുന്നു. മകളോടും ആ ഗുരുത്തിയമ്മയ്ക്ക് നന്ദിയുണ്ട്. കാരണം ഇത്ര വലിയ പദവി ഏറ്റെടുക്കാൻ സ്നേഹപുത്രി 'ധൈര്യം' കാണിക്കുന്നല്ലോ (60 ).

വിജ്ഞാനപ്രബോധനം സ്നേഹത്തിന്റെ ശൈലിയിൽ ശ്രവിച്ചതോടെ 'സ്നേഹമേറും പുണ്യകന്നി വേഗമോടെ പുറപ്പെട്ട'(61 ). വൈദികവിജ്ഞാനം ആ ഹൃദയത്തെ ഉജ്ജ്വലിപ്പിച്ചു; സ്നേഹപൂർണ്ണം അവളുടെ പാദങ്ങൾക്ക് വേഗതയേകി.

അമ്മയായ സോഫിയായെ കാവ്യത്തിന്റെ അന്ത്യഇരുപടികളിൽ വീണ്ടും കാണുന്നു. അവൾ 'തന്റെ പുത്രകന്നിദേഹം ഒൺമയാലെടുപ്പിച്ചു. സ്ഥാപകം ചെയ്തു' (181–182). രക്തസാക്ഷിണിയായിത്തീർന്ന തന്റെ ഓമനമകളുടെ മൃതദേഹം എത്ര അരുമയോടെയാണെന്നോ ആ അമ്മ എടുപ്പിക്കുക. അതിനെ ഭക്ത്യാദരവോടെ അവൾ കല്ലറയിലടക്കി. യേശുവിന്റെ പൂജ്യശരീരം അമ്മയും അരുമശിഷ്യരും കൂടി സ്നേഹബഹുമാനപൂർവ്വം എടുത്ത് അടക്കം ചെയ്യുന്ന കാര്യമാണ് ഇത്തരുണത്തിൽ ഓർമ്മ വരിക. യേശുവിനോടൊപ്പം അനസ്താസ്യായും 'ഉത്ഥിതയാകും'; കാരണം അതാണല്ലോ അവളുടെ നാമത്തിന്റെ അർത്ഥം. ആ അമ്മയ്ക്ക് അതു് അറിയാമായിരുന്നു. മക്കുബായക്കാരുടെ മാതാവിനെപ്പോലെ സോഫിയായും മർദ്ദിതരുടെ ചെയ്തികളിൽ പതറിയില്ല. തന്റെ മകൻ രക്തസാക്ഷിയാകുന്നതു സോഫിയായും അഭിമാനപൂർവ്വം നോക്കിനിന്നു. രക്തസാക്ഷിമകുടം ചൂടുന്ന മകനെ നോക്കി കുരിശിൻചുവട്ടിൽ ക്ഷോഭപൂർവ്വം നിലകൊണ്ട സഹരക്ഷകയായ അമ്മയെയും അനുസ്മരിക്കാം.

സോഫിയായും ഒരു സിംബലാണ്. ക്രിസ്തീയ, സന്യാസകുടുംബത്തിന്റെ നാഥയുടെ അഥവാ നായകന്റെ ബിംബം. ലോകത്തിന്റെ വിജ്ഞാനത്താലല്ല ശ്രേഷ്ഠന്മാരും ശ്രേഷ്ഠകളും പൂരിതരാകേണ്ടതു്, പ്രത്യുത ദൈവികവിജ്ഞാനത്താലാണ് എന്ന സത്യം ഈ അമ്മ നമ്മെ പഠിപ്പിക്കുന്നു. ഛാവറപിതാവിന്റെ ബിംബംതന്നെയാണു സോഫിയ. പിതാവും തന്റെ മക്കളെ വിജ്ഞാനത്തിന്റെ പാതയിലൂടെ വഴി നടത്തിയല്ലോ.

## 1.2.2 ചീറിലോസ്

ചീറിലോസ് അഥവാ സിറിയക് ഗ്രീക്കിൽ (കൃരിയോസ്) കർത്താവ് അഥവാ നാഥനെ അർത്ഥമാക്കുന്നു. യേശുവാണല്ലോ കൃരിയോസ്, ആ ദിവ്യനാഥന്റെ ഒരു അകന്ന ബിംബമാണ് കാവ്യത്തിലെ ചീറിലോസ്. കഥയിലെ അവസാനരംഗത്തിലാണ് അദ്ദേഹം പ്രത്യക്ഷപ്പെടുക. കവി ചീറിലോസിനെ വിശേഷിപ്പിക്കുന്നതു 'ക്രിസ്ത്യാനി' എന്നാണ് (159 ). അഭിഷിക്തനായ യേശുവിനെപ്പോലെ പരിശുദ്ധാത്മാവിയാലും സ്നേഹത്താലും അഭിഷിക്തനായവൻ. ഉടനടി രക്താഭിഷേകത്താൽ തന്റെ നാഥനായ യേശുവിനു സാക്ഷ്യം വഹിക്കയും അവിടത്തോട് അനുരൂപപ്പെടുകയും ചെയ്യാനിരിക്കുന്നവൻ.

അനസ്താസ്യായുടെ പീഡാനുഭവരംഗത്തു യേശുവിന്റെ വിശ്വസ്തശിഷ്യനായ യോഹന്നാനെപ്പോലെ ചീറിലോസും സന്നിഹിതനായിരുന്നു. പരി. കന്യകാമറിയത്തെയും യോഹന്നാനെയുംപോലെ അദ്ദേഹവും 'ചേരെ' നിൽക്കുകയായിരുന്നു (149 ). തന്റെ വത്സലസഹോദരിയുടെ ധൈര്യത്തിലും സ്നേഹത്തിലും ചീറിലോസ് പുളകിതഗാത്രനായിത്തീർന്നിരിക്കണം. സ്നേഹകന്യകയ്ക്കു യേശുനാഥൻ നൽകിയ മഹാഭാഗ്യത്തിൽ ആയുഷ്കാലത്തിനു അല്പം അസൂയ തോന്നിയിരിക്കാൻ സാധ്യതയുണ്ട്. അവർക്കു കൈവന്ന സൗഭാഗ്യം തനിക്കും നൽകാനായി തന്റെ നാഥനോടു ചീറിലോസ് പ്രാർത്ഥിച്ചുകാണുമായിരിക്കും. ഏതായാലും യേശുവിനോടൊപ്പം അദ്ദേഹത്തിനും അഭിഷിക്തനാകാൻ വരം ലഭിച്ചു. അനസ്താസ്യായുടെ മാദ്ധ്യസ്ഥ്യത്താലാണ് ആ അനുഗ്രഹം അദ്ദേഹത്തിനു സിദ്ധിച്ചതു. 'കന്യാപൈതൽ ദിവ്യഅറിവാൽ' (147 ) അദ്ദേഹത്തെ 'ചാരെയണ്ടു നയനത്താൽ വിളിച്ചു കാട്ടി, അല്പമായ ജലംതന്നെ കുടിപ്പിപ്പാൻ കാട്ടിയവൾ' (150–15). ദൈവത്തിന്റെ പ്രത്യേകനിവേശനത്താൽ ചെയ്ത പ്രവൃത്തിയാണിതു.

തനിക്കു ലഭിച്ച ക്ഷണം ഉടനടി ചീറിലോസ് സ്വീകരിച്ചു. 'സൽപുരുഷൻ ക്ഷണത്തോടെ കൊടു ധൈര്യാൽ' (152 ). യേശുവിന്റെ അനുയായികളുടെ ആത്മധൈര്യമാണതു. സ്നേഹത്തിനുവേണ്ടി, സത്യത്തിനുവേണ്ടി, നീതിക്കുവേണ്ടി എന്തുത്യാഗവും ചെയ്യുവാനുള്ള തന്റേടം, വരും വരായ്കകൾ അറിഞ്ഞുകൊണ്ടാണ് ചീറിലോസ് അപ്രകാരം പ്രവർത്തിച്ചതു. താൻ യഥാർത്ഥ ഒരു

പുരുഷനാണെന്നു് അദ്ദേഹം തെളിയിച്ചു. കവി അദ്ദേഹത്തെ 'സൽ പുരുഷൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നതു നോക്കുക.

മരിപ്പാനുള്ള ഭാഗ്യം അനസ്താസ്യ ചീറിലോസിനു കൊടുത്തു (154 ).

പുണ്യനായ ചീറിലോസു് തൻശിരസ്സു നമിച്ചുടൻ
പുണ്യഭാഗ്യമുടി നേടി വാളിനാലപ്പോഴം
തന്റെ നാമാൽ അല്പം വെള്ളം കൊടുത്തെന്നാൽ അവൻകൂടെ
തന്റെ രാജോ ഭാഗഹീനം ഭവിക്കുന്നില്ല.
എന്നു തന്റെ തിരുനാവാൽ അരുളിയ ശുഭവാക്യം
ഇന്നു പുണ്യചീറിലോസിൽ കണ്ടുബോധിച്ചു (168–172).

തന്റെ കർത്താവും നാഥനുമായ യേശുവിന്റെ വാശാനം ചീറി ലോസിൽ നിറവേറി. യേശുവിന്റെ അനുയായി എന്ന നാമത്തി ലാണു പുണ്യകന്യകയ്ക്കു് അദ്ദേഹം കുടിക്കുവാൻ വെള്ളം കൊടുത്ത തു്. അതോടെ ചീറിലോസും 'പുണ്യനായി'; 'പുണ്യഭാഗ്യമുടി നേടി'. തന്റെ നാഥനായ യേശുവിനോടൊപ്പം ചീറിലോസു് എ ന്ന 'കൊച്ചുനാഥനും' അഭിഷിക്തനായിത്തീർന്നു . ദൈവപുത്രന്റെ കിരീടത്തിന്റെ അവകാശിയായി; 'ഭാഗ്യമുടി നേടി'.

മനുഷ്യൻ എങ്ങനെ തന്റെ നാഥനായിത്തീരണമെന്നു കൃരി യോസായ ചീറിലോസു് നമ്മെ പഠിപ്പിക്കുന്നു. തിന്മയിൽ നിപ തിച്ച ആദത്തിനു നഷ്ടപ്പെട്ട വാരിയെല്ലു് പുതിയ ആദാമായ യേശു വീണ്ടെടുത്തല്ലോ. തന്നെപ്പോലെ തന്റെ അനുയായികളും 'സൽപു രുഷന്മാരും' 'നാഥന്മാരും ആയിത്തീരണമെന്നതാണു് അവിടുത്തെ അഭിലാഷം. ചീറിലോസിൽ അതു പൂവണിഞ്ഞു. 'ഇതാ ഒരു പു രുഷൻ' എന്നു ചീറിലോസിനെ ചൂണ്ടിക്കാട്ടി ഉദ്ഘോഷിച്ചു.

### 1.2.3 വലേരിയനും പോബ്ലായും

ചക്രവർത്തിയും മന്ത്രിയും കഥയിലെ പ്രധാന കഥാനായകന്മാ രാണു്. ഒരേ നകത്തിൽ അവരെ കൂട്ടിക്കെട്ടാം. യഥാ രാജാ തഥാ മ ന്ത്രി'. രണ്ടുപേരെയും ഒരേ ശീർഷകത്തിൽ പഠനവിഷയമാക്കാം.

പ്രോബായുടെ ചിത്രത്തിനാണ് കാവ്യത്തിൽ ചായം കൂടുതലുള്ളത്. രാജകല്പന അനുവർത്തിക്കുന്ന ആ കിങ്കരന്റെ നിഷ്ഠൂര പ്രവൃത്തികളുടെ സമുച്ചയമാണ് കാവ്യത്തിൽ നാം കാണുക.

വലേരിയൻ എന്ന പദത്തിന്റെ അർത്ഥം ആരോഗ്യവാൻ എന്നാണ്. പ്രോബായുടെതോ സാധുകരിക്കപ്പെട്ടവനെന്നും രണ്ടു സംജ്ഞകളും സദ്ഗ്രാഹകങ്ങളാണ്. അങ്ങനെയായിത്തീരാനായിരുന്നു വലേരിയന്റേയും പ്രോബായുടേയും ദൈവവിളി. പക്ഷേ രണ്ടുപേരും തങ്ങളുടെ നാമങ്ങളുടെ എതിർപ്രതീകങ്ങളാണ്. വലേരിയൻ ആദ്ധ്യാത്മികമായി ഒരു രോഗിയായി. ദൈവസാന്നിദ്ധ്യത്തിൽ വളരുന്നതിനു പകരം അയാൾ ദൈവത്തിനെതിരായ പ്രവൃത്തികളിൽ മുഴുകി. നന്മയുടെ ഭാവരൂപമാകുന്നതിനു പകരം തിന്മയുടെ ആകാരമായി. എല്ലാത്തിലും ന്യായീകരിക്കപ്പെട്ടവനായിത്തീരേണ്ട പ്രോബാ എല്ലാറ്റിനും അന്യായത്തിന്റേയും അസാധുകരണത്തിന്റേയും ബിംബമായിത്തീർന്നു. ശിഷ്ടനാകുന്നതിനു പകരം ദുഷ്ടനായി. അവരുടെ നികൃഷ്ടതയുടെ കഥ വിവരിക്കാം.

വലേരിയനെ കവി അവതരിപ്പിക്കുന്നതു നോക്കുക:

'ഏകനായി വാണടക്കി വലേരിയനാം' (12 ). അയാൾ ഏകനാണ്, അഹം കേന്ദ്രീകൃതനായവൻ എല്ലാം അടക്കിവാഴുന്ന സ്വപ്നാധിപതി. എല്ലാവരും തന്റെ ഇഷ്ടം മാത്രം നിവർത്തിക്കണം. താൻമാത്രം രാജാവ് അഥവാ ദൈവം. യേശുവായ രാജാധിരാജനെ അയാൾ അംഗീകരിക്കുന്നില്ല. അധികാരം ദൈവദാനമാണെന്നും ഇതരരെ സേവിക്കുകയാണ് അതിന്റെ ലക്ഷ്യമെന്നും ആ നൃഹംസകൻ മറന്നു. കവി അയാളെ ദുഷ്ടനെന്നും ക്രൂരനെന്നും കെട്ടവനെന്നും വിശേഷിപ്പിക്കുന്നു (13,15). ആരോഗ്യവാൻ കെട്ടവനായി. ശിഷ്ടനാകേണ്ടവൻ ദുഷ്ടനായി. ദയയെന്ന ആത്മീയആരോഗ്യം അയാളിൽ നശിച്ചു. പകരം ക്രൂരതയെന്ന രോഗം അയാളെ ഗ്രസിച്ചു.

മന്ത്രിയായ പ്രോബായെയും ദുഷ്ടനെന്നാണ് കവി അഭിസംബോധന ചെയ്യുക (38 ). സത്യവേദികളെ സർവ്വരെയും മുടിച്ചുടുവാൻ അയാൾ കല്പന നൽകി' (32–39). ശിഷ്യയായ അനസ്താസ്യായുടെമേൽ ദുഷ്ടപ്രോബായുടെ നയനങ്ങൾ പതിഞ്ഞു. അവളെ അ

ധികാരസഭയിൽ വിളിച്ചുവരുത്താൻ മന്ത്രി കല്പനയായി. അനസ്താസ്യായിൽ ദൃഷ്ടി പതിഞ്ഞപ്പോഴും ദുഷ്ടനായ മന്ത്രി അവളുടെ സൗന്ദര്യത്തിൽ ഭ്രമിച്ചുവശായി. കാംക്ഷ വളർന്നു (65–66). മറ്റുള്ളവരെ സാധൂകരിക്കുവാനും തിന്മയിൽനിന്നു വിമോചിപ്പിക്കുവാനും വിളിലഭിച്ചിരുന്ന മനുഷ്യന്റെ പ്രതികരണം നോക്കുക!

ഉള്ളിലുള്ള കാമം മൂടിവച്ചുകൊണ്ടു ദുഷ്ടപ്രോബാ അനസ്താസ്യായോടു മകൾക്കുള്ള സ്നേഹഭാഷ കാട്ടുകയാണു് (67–68). ആദ്യം അവളുടെ നാമം മോദമോടെ ആരായുകയായി. ക്രിസ്ത്യാനിയെന്നു മറുപടി ലഭിച്ചപ്പോഴും ഉള്ളിൽ രോഷാകുലനായെങ്കിലും 'സൂത്രസ്നേഹാൽ പുണ്യകന്യേ പാത്തവൻ ചൊല്ലി' (72 ). അവളുടെ കുലമഹിമയും സൗന്ദര്യവും ഗുണഗണങ്ങളൊക്കെ പ്രകീർത്തിച്ചശേഷം ക്രിസ്ത്യാനിയെന്ന നാമം ത്യജിക്കാൻ ആജ്ഞാപിച്ചു. 'സ്നേഹമുള്ള താതനെപ്പോൽ' തന്റെ വാക്കുകൾ അനുസരിച്ചാൽ ഒരു ക്ഷേമജീവിതം നൽകാമെന്നു വാഗ്ദാനം ചെയ്തു.

റോമായിലെ ദേവനു പൂജ ചെയ്യണമെന്നു നിർബന്ധിച്ചു. തന്റെ സ്നേഹവചനം ത്യജിച്ചാൽ ക്രൂരശിക്ഷകൾ വന്നുഭവിക്കുമെന്നു ഭീഷണിപ്പെടുത്തി.

തന്റെ സൂത്രമൊന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ പ്രോബായുടെ മട്ടു മാറി. 'ക്രൂരഭാവം നടിച്ചുവൻ ചക്ഷു രണ്ടും ചുമപ്പിച്ചു.

ക്രോധവീരാൽ സുരമേഘമായ് മൂടി
കടുത്തൊരു സിംഹയാഗ്രം കയർത്തുന്ന സമമായി'
(101–103).

തുടർന്നുള്ളതു് ആ ക്രൂരന്റെ നിഷ്ഠൂരചെയ്തികളുടെ വിവരണമാണു്, മിക്കവാറും ഓരോ വരിയിലും ക്രൂരൻ ക്രോധം എന്നീ പദങ്ങളാൽ കവി പ്രോബായെ വിശേഷിപ്പിക്കുന്നു. പീഡനങ്ങൾകൊണ്ടൊന്നും അനസ്താസ്യായുടെ ജീവൻ വേർപിരിയുന്നില്ലെന്നു കണ്ടപ്പോൾ 'സൂക്ഷമിതു ദൈവം ശക്തി' എന്നയാൾക്കു ബോധ്യമായി; മന്ത്രി ലജ്ജയിൽ മുങ്ങി. പക്ഷേ തന്റെ ദുഷ്ടതയിൽനിന്നും ക്രൂരതയിൽനിന്നു അയാൾ പിൻവലിഞ്ഞില്ല. വീണ്ടും വീണ്ടും നിർദ്ദയമാ